N12<526908840 021
LS
ubTÜBINGEN

Buchbinderei von
W. Hurm O. Hartters Nachfolger.

THE

MALAYALAM READER

A SELECTION OF ORIGINAL PAPERS

COMPILED BY

CHARLES COLLETT

MADRAS CIVIL SERVICE.

COTTAYAM:

PRINTED AT THE CHURCH MISSION PRESS.

1856.

1293

THE

MALAYALAM READER,

A SELECTION OF ORIGINAL PAPERS

COMPILED BY

CHARLES COLLETT

MADRAS CIVIL SERVICE.

COTTAYAM:

PRINTED AT THE CHURCH MISSION PRESS.

1856.

UNIV BIBL TÜBINGEN

Ci XIV 136 8°

PREFACE.

The following papers are all the productions of Natives and the only alterations I have made are in the names of persons and occasionally also of places. The work is divided into five parts and comprises miscellaneous reports and orders on Police and Revenue matters, summaries of evidence in a variety of cases with copies of two or more depositions in each, a number of decisions relative to the occupancy of land with the respective appeal petitions from each, a copy of the standard Hookumnama of the province, and lastly specimens of different deeds commonly in use in Malabar.

This book will, I trust, supply a want and aid those whose object is to acquire a knowledge of the official and every-day language of Malabar.

I had in course of preparation a small dictionary of useful words, which would have served also as a vocabulary to the present work, when I ascertained that the Rev. Mr. Laseron of Cochin had a similar work already in the press. I am permitted to state, that in the second edition of Mr. Laseron's Dictionary care will be taken to include all words to be met with in the following pages.

CHARLES COLLETT.

Malabar
Sept. 1856.

THE
MALAYALAM READER.
PART I.

മലയാം പ്രവിശ്യയിൽ അസിഷ്ടാണ്ട മജിസ്ത്രേട്ടു മഹാരാജ ശ്രീ എജമാനൻ കൊലെട്ടു സായ്പു അവൎക്കളുടെ സന്നിധാനത്തിങ്കലെക്ക.*

വള്ളുവനാട താലൂക്ക ഹെഡ പൊലീസാപ്സര നമ്പന്തൂര കൊമൻ നായര ബൊധിപ്പിക്കുന്ന ഹരജി. ആഗസ്ത ൨൩-ത്തെ സക്കലെർ ൧൦ാം നമ്പ്രായി ഉണ്ടായ കല്പന കിട്ടി.

അതിൽ പറയുന്ന പ്രകാരം ഇപ്പൊഴത്തെ ക്ഷാമത്തിന്റെ അവസ്ഥക്ക ഒരാൾക്ക ഒരു ദിവസം ൨ നെരത്തിന്ന ഒരണ നാല പയി ചിലവ വെണ്ടതായും അപ്രകാരം വരുന്ന സെപ്തെമ്പ്ര മാസം ൧൬- വരെക്ക എകദെശം വെണ്ടി വരുമെന്നും ഇനിക്ക തൊന്നിയിരിക്കകൊണ്ട വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന കൊല്ലം ൧൦൨൬ാമത കൎക്കിടക മാസം ൨൨-ക്ക ൧൮൫൧ ആമത ആഗസ്ത മാസം ൬- എഴുതിയ്ത.

അസിഷ്ടാണ്ട മജിസ്ത്രേട്ടില്ക്ക.

വള്ളുവനാട താലൂക്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി. ജൂൻ ൧൪൩-ത്തെ ൧൪൧ാം നമ്പ്ര കല്പനയിൽ പറയുന്ന മൊയ്ല്യിയന്റെ പെങ്ങൾ ബുദ്ധിക്ക സ്ഥിരക്കെടായ ദീനം ഉള്ള ഉന്മാത്തുണ്ണി ഉമ്മക്ക ചികിത്സിച്ചു വന്നതിൽ ദീനം ഭെദം വന്നിട്ടില്ലെന്നും ഇനി ഒരു മാസം കൂടി ചികിത്സിച്ചാൽ ഭെദം വരുമെന്ന വയിദ്യൻ പറഞ്ഞിരിക്കുന്ന പ്രകാരം മെപ്പടി മുയ്ല്യിൻ പറഞ്ഞിരിക്കുന്നു എന്ന കുരുവമ്പലം അംശം അധികാരിയുടെ റിപ്പൊൎട്ടു എത്തിരിക്കകൊണ്ട വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൮൫൧ ജൂലായി ൨൭-

---

അസിഷ്ടാണ്ട മജിസ്ത്രേട്ടിലെക്ക

വള്ളുവനാട താലൂക്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കു

---

* This is the usual official form retained as a specimen.

ന്ന ഹരജി. ജൂലായി മാസം ൨൨൹-ത്തെ ൧൭൦ാം നമ്പ്ര കല്പന ൨൩൹- കിട്ടി. അതിൽ പറയുന്ന പ്രകാരം മലപ്രുത്ത താമസിക്കുന്ന തടവുകാരുടെ ബന്തൊവസ്തിന്ന വെണ്ടി ൪ ഉറപ്പിക മാസ്സപ്പടി ഉള്ള കൊൽക്കാരൻ താമുമെനൊനെ ഈ ഹരജിയൊട കൂടി അയച്ചിരിക്കുന്നു. കല്പന ഇന്നലെ ൧൨ മണിക്കെ കിട്ടീട്ടുള്ളു. ഇന്നലെ വാവാകകൊണ്ട കച്ചെരി ഉണ്ടായിട്ടില്ല്യ കൊൽക്കാര പണിക്ക പൊയി ഹാജര കുറവും ആയിരുന്നു. അതിനാൽ ഇന്ന അയപ്പാൻ സംഗതി വന്നതാകകൊണ്ട ഈ വസ്തുതയും ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൨൯ കർക്കിടകം ൧൧൹-ക്ക ൧൮൫൪ ജൂലായി ൨൫൹-

---

അസിസ്താണ്ട മജിസ്ത്രെട്ടില്ലെക്ക.

വള്ളുവനാട തല്ലൂക്ക ഹെഡപൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി. ജൂൻ ൧൨൹-ത്തെ സക്കലർ ൨൪ാം നമ്പ്രായും ജൂലായി ൧൨൹-ത്തെ ൯ാം നമ്പ്രായും ഉണ്ടായ കല്പനകൾ കിട്ടി.

അതിൽ പറയുന്ന പ്രകാരം ൫൨ാമത കൊല്ലം വരെക്ക നശിപ്പിക്കെണ്ടുന്നതായ താലൂക്കിൽ തീർപ്പ ചെയ്യു കാൎയ്യങ്ങളിൽ പൊലീസ്സ മാത്രം ഉള്ള വകക്കും ഭൂമി സംബന്ധമായ വകക്കും പ്രത്യെകം പ്രത്യെകം ലീസ്ത ഉണ്ടാക്കിച്ച കെട്ടി വെപ്പിച്ചിരിക്കകൊണ്ട ആവക ലീസ്ത ബുക്ക രണ്ടും ഇതൊട കൂടി അയച്ചിരിക്കുന്നു. എന്ന ൧൦൩൦ കന്നിമാസം ൩൦൹-ക്ക ൧൮൫൪ അക്തൊമ്പ്ര ൧൪൹-

---

അസിസ്താണ്ട മജിസ്ത്രെട്ടില്ലെക്ക.

വള്ളുവനാട താലൂക്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി. സെത്തെമ്പ്ര ൨൮൹-ത്തെ ൨൧൩ാം നമ്പ്ര കല്പന കിട്ടി.

അതിൽ പറയുന്നവരിൽ ചെത്തല്ലൂര അംശം അധികാരി ചാത്തുനായരെ ഇതൊട കൂടി സന്നിധാനത്തിങ്കലെക്ക അയച്ചിരിക്കുന്നു. ചാത്തുനായരുടെ അനന്തിരവൻ കൃഷ്ണൻ നായൎക്ക ൨൦ ദിവസമായിട്ട പനി ദീനം തുടങ്ങി കിടപ്പാണെന്ന അധികാരി പറഞ്ഞത കൂടാതെ ഇവിടെനിന്ന കൊൽക്കാരനെ അയച്ച നൊക്കിച്ചതിൽ ദീനം ഉള്ളതായി അറിഞ്ഞിരിക്കകൊണ്ട ദീനം മാറി നടക്കാറായ ഉടനെ അയാളെയും വരുത്തി അയച്ച കൊള്ളാവുന്നതാകകൊണ്ട ഈ വസ്തുതയും ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൮൫൪ അക്തൊമ്പ്ര ൧൦൹-

---

അസിഷ്ടാണ്ട മജിസ്ത്രെട്ടില്ക്ക.

വള്ളുവനാട താലൂക്ക ഹെഡപൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി. ഏറ്റകുറ്റകാൎയ്യങ്ങളുടെ സംഗതിയെ കുറിച്ച മാസാന്തം കണക്കയക്കുന്നതിൽ ചില വിവരം കൂടി എഴുതി അയച്ച വരെണ്ടുന്നതിന്നും ഇതവരെ അയച്ചിട്ടുള്ള മാസാന്തങ്ങളിൽ ആ വിവരം കൂടി ചെൎത്ത എഴുതി അടയാളം വെച്ച അയപ്പാനും മറ്റും ആഗസ്ത ൧൭-ത്തെ സക്കലർ ൨൮-ാം നമ്പ്ര കല്പനയും ൫൪ ജനവരി മുതൽ ജൂലായി വരെ അയച്ച മാസാന്തങ്ങൾ മടങ്ങി അയച്ചതും കിട്ടി.

കല്പനയിലെ താല്പൎയ്യപ്രകാരം ഉള്ള വിവരങ്ങൾ കൂടി കണക്കകളിൽ എഴുതിച്ച അടയാളം വെച്ച ആ വക കണക്കകളും ആ കണക്കിൽപ്പെട്ടവക ഏറ്റ കുറ്റം തെളിയാതെ നീക്കിയ നമ്പ്രകളുടെ ദസ്താപെജകൾ അയച്ചത കഴിച്ച ഇനിഅയപ്പാനുള്ളതായി കാണുന്നഫയൽ ൪൩. ൪൫. ൬൩. ൧൪൮. ൧൫൪. ൧൫൫. ൧൮൦. ൧൮൩. ൧൬൦. ൦൦ ഒൻമ്പത നമ്പ്ര ദസ്താപെജകൾ പ്രത്യെകം പ്രത്യെകം ലീസ്തപ്രകാരം ഉള്ളതും ഇതൊടു കൂടി അയച്ച വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൩൦ കന്നി ൨൩-ക ൧൮൫൪ അക്ടൊബ്ര ൧൦൩-

---

അസിഷ്ടാണ്ട മജിസ്ത്രെട്ടില്ക്ക.

വള്ളുവനാട താലൂക്ക ഹെഡപൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി. ഇപ്പൊൾ അരിക്കും മറ്റും അധികം വിലയുള്ളതിനാൽ തടവുകാൎക്കും സാക്ഷിക്കാൎക്കും മറ്റും ദിവസം ൧ക്ക പതുപ്പത്ത പയി കണ്ട ചിലവ കൊടുക്കുന്നതകൊണ്ട മതിയാകുന്നില്ലെന്ന ആ വക ആളുകൾ പറഞ്ഞുവരുന്നു. അതുകൂടാതെ ഇവിടെനിന്ന കൊടതിക്കായി കൊഴിക്കൊട്ടെക്കും മറ്റും അയക്കെണ്ടിവരുമ്പൊൾ പതിവ പ്രകാരം ഇവിടെനിന്ന കൊടുക്കുന്ന ബത്ത കൊണ്ട ചിലവിന്ന മതിയാകുന്നില്ലെന്നും ചിലര പറകയും അത ഏതാനും ഉള്ളതെന്ന അറികയും ചെയ്യിരിക്കുന്നു.

എങ്കിലും അവര കക്ഷിക്കാരുടെ സാക്ഷിക്കാരാകയാൽ അവരും കൂടി ഏതാനും സഹായിച്ച കൊടുത്ത ഒരു പ്രകാരം കഴിഞ്ഞ പൊരുന്ന പ്രകാരം അറിഞ്ഞിരിക്കുന്നു. ക്രമിനാൽ ൨൪-ാം നമ്പ്ര കാൎയ്യത്തിൽ കല്പിത്ത സാക്ഷി താലൂക്ക കൊൽക്കാരൻ കെളപ്പൻ നായര മരിച്ചതിന പകരം തടവുകാരത്തിയുടെ കല്പിത്ത എഴുതിയ ഉമെദവാർ രാമൻ മെനൊനെ ജൂൻ ൧൬-ം ജൂലായി ൧൨൩- കൊടതിക്കയച്ചിട്ടുള്ള കാൎയ്യത്തിൽ കല്പിത്ത സാക്ഷി ചക്കിങ്ങൽ മൊയൻകുട്ടി എന്ന കൊൽക്കാരന ദീനമായി പൊയ്യിന പകരം ആ കാൎയ്യത്തിൽ തടവുകാരുടെ കല്പിത്ത എഴുതിയ ഉമെദവാർ

നെതിരി മെനൊനെ ജൂലായി ൨൦നു-ം അയക്കെണ്ടിവന്ന അയ
ച്ചപ്പൊൾ രാമൻ മെനൊൻ പെഷ്കാരെ കൂട അട്ടപാടിക്ക പൊ
യി പനി ദിനം കിട്ടി ഭെദം വന്ന സമയമാകയാലും നെതിരി
മെനൊനം ൩ം തണുപ്പ കാലം കൊണ്ടും അല്പമായ വാതത്തിന്റെ
ഉപദ്രവം ഉണ്ടാകകൊണ്ടും വെഗത്തിൽ നടന്ന പൊവാൻ പാ
ടില്ലായ്കയാലും ഇപ്പൊൾ വഴിക്കിൽ ഒരാൾക്ക ഒര ദിക്കിൽ കയ
റി ഭക്ഷണം കഴിപ്പാൻ ഒരു നെരത്തിന്ന ൨॥ പയിസ്സയിൽ കുറ
ഞ്ഞാൽ മതിയാകുന്നതല്ലായ്കകൊണ്ടും വെറെ അയക്കുന്ന സാ
ക്ഷിക്കാൎക്ക അന്ന്യായക്കാരും മറ്റും സഹായിക്കുന്ന പൊലെ ഇ
വൎക്ക ഒരാളും സഹായിപ്പാൻ ഇല്ലായ്കയാലും പതിവ പ്രകാരം ഉ
ള്ള ചിലവ കൊണ്ട പൊവാൻ പ്രയാസമെന്ന അവര പറക
കൊണ്ടും മെൽ പറഞ്ഞവരിൽ രാമൻ മെനൊന ൩ ദിവസത്തെ
ക്കും നെതിരി മെനൊന നാല ദിവസത്തെക്കും ദിവസം ൧ക്ക ഒ
രണ എട്ട പയി പ്രകാരം ചിലവ കൊടുത്തിരിക്കകൊണ്ട ൩ം
വിവരം സന്നിധാനത്തിങ്കൽ അറിവാനായി വസ്തുത ബൊധി
പ്പിച്ചിരിക്കുന്നു. എന്ന കൊല്ലം ൧൦൪൫ാമത ജൂലായി മാസം
൨൧നു-ചെരുന്തുരുത്തൽ മണ്ണാനിന്ന.

അസിസ്റ്റാണ്ട മജിസ്ത്രെട്ടിലെക്ക.

വള്ളുവനാട താലൂക്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കു
ന്ന ഹരജി. സെപ്തെമ്പ്ര ൧൪നു- ൨൦൭ാം നമ്പ്രായി ഉണ്ടായ കല്പ
ന കിട്ടി.

അതിൽ പറയുന്ന പ്രകാരം ജാമ്യം കല്പിച്ച അവധി കഴിഞ്ഞ
വിട്ട വന്ന കുഞ്ഞാലനെയും അവൻ ഇരിക്കുന്ന പെങ്ങാട ദെ
ശത്ത മുഖ്യസ്ഥൻ കുഞ്ഞാലൻ-പ്രമാണി-മമ്മുണ്ണി-പൊക്കര ഇ
വരെയും വരുത്തി അവരൊട ചൊദിക്കയും പുറമെ അന്വെ
ഷണം ചെയ്കയും ചെയ്തതിൽ മെപ്പടി കുഞ്ഞാലൻ എന്നവൻ
നാട്ടിൽ എത്തിയതിന്റെ ശെഷമായി ഇതവരെക്ക ദുൎവ്വിചാരത്തി
ന്ന മനസ്സും വിചാരവും ഉള്ളതായി അറിഞ്ഞിട്ടില്ലാ മെലാൽ ദു
ൎവ്വിചാരത്തിലും കലശലിലും ഉൾപ്പെടുന്നതല്ലെന്നും അപ്രകാരം
തങ്ങൾക്ക എൽക്കാമെന്നും മെൽ എഴുതിയ മുഖ്യസ്ഥനും പ്രമാ
ണികളും പറഞ്ഞിരിക്കുന്നതിനാൽ അവരെ എല്പിച്ച നിൎത്തിയാ
ൽ മതി എന്നാണ ഇപ്പൊഴത്തെ അന്വെഷണത്തിൽ എനിക്ക
തൊന്നിരിക്കുന്നത അതുകൊണ്ട ആ കുഞ്ഞാലന്റെ കാൎയ്യത്തി
ൽ വരുന്ന കല്പന പ്രകാരം നടക്കാമെന്ന വിചാരിച്ച മെൽ പ
റഞ്ഞ മുഖ്യസ്ഥനെയും പ്രമാണികളെയും എല്പിച്ച നിൎത്തിരിക്കു
ന്നതിനാൽ മുഖ്യസ്ഥന്മാരൊട വാങ്ങിയ കയ്യീത്ത ഇതൊട കൂടി

അയച്ച വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൩൨മത കന്നി ൨൯൹-ക്ക ൧൮൫൬മത അക്ടൊബ്ര മാസം ൧൩൹-

---

അസിഷ്ടാണ്ട മജിസ്ത്രെട്ടിന്ന.

വള്ളുവനാട താലൂക്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി. അക്ടൊബ്ര ൯൹-ത്തെ ൨൧൹ാം നമ്പ്ര കല്പന കിട്ടി.

അതിൽ പറയുന്ന കാൎയ്യത്തിന്ന അയക്കെണമെന്ന കാണുന്ന സാക്ഷികളെ ഹാജരാക്കാൻ ൨൧൹ാം നമ്പ്ര കല്പന കിട്ടിയ ഉടനെ ആളെ അയച്ചു പൊയിരിക്കുന്നു. എത്തിയാൽ മടങ്ങി നാട്ടിലെക്കയച്ചു കൊൾകയും ചെയ്യാം.

ൟ കാൎയ്യം നെടുങ്ങനാട താലൂക്കിൽനിന്ന അയച്ചു എത്തിയ സമയം ദസ്താ പെജകൾ നൊക്കിയപ്പൊൾ കല്പനയിൽ പറയുന്ന ആളുകളൊട വിസ്തരിക്കെണ്ടതാണെന്ന ആലൊചിച്ചിരിക്കുന്നു അപ്പൊൾ അവരെ ഹാജരാക്കെണ്ട സംഗതികൊണ്ട പ്രസ്താപിച്ചപ്പൊൾ വാലിയക്കാരൻ ശങ്കു എന്നവൻ ചെറുപ്പമായവനാണെന്നും രാമൻ നമ്പ്യാര കുറെ വയസ്സനും ദീനക്കാരനും ആണെന്നും അന്യായക്കാരന്റെ വക്കീൽ പറഞ്ഞതിനാലും വെറെ സാക്ഷികളെ ഹാജരാക്കിരുന്നത കൊണ്ടും മെൽ പറഞ്ഞവരെ വരുത്താതെ കമ്മിററ ചെയ്യുതാകുന്നു മെലാൽ കല്പനയിലെ താല്പൎയ്യ പ്രകാരം നടന്ന കൊൾകയും ചെയ്യാം. അതകൊണ്ട ൟ വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൩൨ കന്നി മാസം ൨൯൹-ക്ക ൧൮൫൬ അക്ടൊബ്ര ൧൩൹-

---

അസിഷ്ടാണ്ട മജിസ്ത്രെട്ടിന്ന.

വള്ളുവനാട താലൂക്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി. സെപ്തെമ്പ്ര ൨൭൹- ൨൦൯ാം നമ്പ്രായി ഉണ്ടായ കല്പനയും അതൊട ഒന്നിച്ച പാലക്കാട താലൂക്ക ഹെഡ പൊലീസാപ്സരുടെ ഹരജി അയച്ചതും കിട്ടി.

അതിൽ പറയുന്ന ശുപ്പുനായരുടെ വീട്ടിൽ മുതൽ കവൎച്ച ഉണ്ടായ കാൎയ്യത്തിൽ ൟ താലൂക്കകാര ആരെങ്കിലും കൂടീട്ടുണ്ടൊ എന്നറിവാനായി അംശക്കാൎക്ക താക്കീതി അയച്ചത കൂടാതെ പാലത്തുള്ളി ചന്തയിൽനിന്ന കാള വാങ്ങികൊണ്ട വന്ന വ്യാപാരം ഉള്ളവരായി കാണുന്ന ചില ആളുകളെ ഇവിടെ ഹാജരാക്കി വാക്കാലെ ചൊദിക്കയും ശ്രദ്ധമായി അന്വെഷിക്കയും ചെയ്യുതിൽ ആ കവൎച്ചക്കായി ൟ താലൂക്കകാര ആരും കൂടിയ പ്രകാരം ഇതവരെ ഒര അറിവും കിട്ടിട്ടില്ലായ്കകൊണ്ട ൟ വസ്തുത സന്നിധാനത്തിങ്കൽ അറിവാനായി ബൊധിപ്പിച്ചിരിക്കുന്നു. ഇനിയും അന്വെഷ

ണം ചെയ്യു വരുന്നതാകകൊണ്ട എതെങ്കിലും അറിവ കിട്ടിയാൽ ആ വിവരം അപ്പൊൾ ബൊധിപ്പിച്ചു കൊൾകയും ചെയ്യാം എന്ന ൲൩൰൨ാം കന്നി ൲൩-ക്ക ൲൮൱൫൭ ഒക്തൊമ്പ്ര ൨൬- പെരുന്തൽമണ്ണനിന്ന.

അസിഷ്ടാണ്ട മജിസ്ത്രെട്ടിൽക്ക.

വള്ളുവനാട താലൂക്ക ഹെഡപൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി. അങ്ങാടിപ്രം അംശം ദെശത്ത ഗൊവിന്ദതരകന്റെ തൃപ്പറപ്പാടത്തെ വിളയിൽ ൩൰ം കൎക്കിടകമാസം ൧൩-ക്ക ജൂലായി ൲൮൱൫൭- ബുധനാഴ്ച രാത്രി ചുകന്ന നിറത്തിൽ ഉള്ള ഒരു പശു എറങ്ങിതിന്ന സമയം പിടിച്ചു കെട്ടിയ പ്രകാരവും ഏകദെശം നാല പറ നെല്ലിന്ന നഷ്ടം വരുത്തിയിരിക്കുന്ന പ്രകാരവും പശുവിന്റെ ഉടമക്കാരെ അന്വെഷിച്ചതിൽ തുമ്പുണ്ടായിട്ടില്ലെന്നും അങ്ങാടിപ്രം അംശം അധികാരി കൎക്കിടകം ൱൩- എഴുതിയ റിപ്പൊൎട്ട ജൂലായി ൨൬- കിട്ടി പശുവിന്ന ഉടമക്കാര ഉണ്ടെങ്കിൽ ഹാജരാവാനായി ൲൫ ദിവസത്തെ അവധി വെച്ചു പരസ്യം എഴുതി മെല്പടി അധികാരി മുഖാന്തരം പ്രസിദ്ധപ്പെടുത്തിച്ചതിന്റെ ശെഷം ഉടമക്കാരആരും ഹാജരാവായ്കയാൽ ആ പശുവിനെയും അത പെററതായ ചെറുതായ ഒരു കുട്ടിയെയും കൂടി ഇന്നലെ ആഗസ്ത ൨൫- പകൽ പെരുന്തൽമണ്ണ താലൂക്ക കച്ചെരി മുമ്പാകെ വെച്ചു ലെലം വിളിച്ചാറെ ൭ ഉറുപ്പിക ൨ണ—വില കിട്ടിരിക്കുന്നതിൽ വിള നഷ്ടത്തിന്ന ൩ പണം ഗൊവിന്ദ തരകന കൊടുക്കെണ്ടുന്നത കഴിച്ചു ശെഷം മുതൽ കണക്കിൽ ചെൎത്തിരിക്കകൊണ്ട അധികാരിയുടെ റിപ്പൊൎട്ടും മെല്പടി പരസ്യവും ഇതൊട ഒന്നിച്ചു സന്നിധാനത്തിങ്കലെക്കയച്ചു വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൲൮൱൫൭ ആഗസ്ത ൨൭- പെരുന്തൽമണ്ണനിന്ന.

അസിഷ്ടാണ്ട മജിസ്ത്രെട്ടിൽക്ക.

പാലക്കാട നഗരം കൊത്തുവാൾ ബൊധിപ്പിക്കുന്ന ഹരജി. പാലക്കാട്ടകാരത്തി ലക്ഷ്മി എന്ന ഒരു സ്ത്രീ കുറെ ദിവസമായി മലപ്പുറത്ത കള്ളു കുടിച്ചു കലശൽ ചെയ്യും മററും ചീത്ത നടപ്പായി നടക്കുന്ന സംഗതിയാൽ അവളെ പാലക്കാട്ടിലെക്ക തന്നെ മടങ്ങി അയച്ചു എന്നെ എല്പിപ്പാനായി മലപ്രം കൊത്തുവാളൊട കല്പിച്ചിരിക്കുന്നു എന്നും മെൽ പറഞ്ഞ സ്ത്രീ ഇവിടെ എത്തിയാൽ വിവരം ബൊധിപ്പിക്കെണ്ടുന്ന അവസ്ഥ കൊണ്ടും മററും അല്ലൊ ജൂൻ ൨൬- ൲൩ാം നമ്പ്രായി ഉണ്ടായ കല്പന എത്തിയതിൽ ആകുന്നത. മെൽ പറഞ്ഞ സ്ത്രീയെയും വെറെ വള്ളുവനാട്ട

കാരൻ രാമൻ നായര എന്ന ഒരുത്തനെയും കൂടി മലപ്പുറത്ത കൊത്തുവാൾ ജൂൻ ൯൹ എഴുതിയ എഴുത്തൊന്നിച്ച അയച്ച എന്റെ അടുക്കെ എത്തുകയും ചെയ്യു.

ലക്ഷ്മി എന്നവളൊട ഞാൻ ചൊദിച്ചതിൽ അവൾ ൟ നാട്ടുകാരത്തിയല്ലെന്നും ബെങ്കളൂര ആകുന്നു നാട എന്നും പാലക്കാട്ടാകുന്നു എന്ന അവിടെ പറഞ്ഞത വ്യാപ്തിയാകുന്നു എന്നും ഇനി ബെങ്കളൂൎക്ക തന്നെ പൊകുന്നു എന്നും പറഞ്ഞ അവൾ കൊയമ്പുത്തൂൎക്ക പൊകുന്ന വണ്ടിക്കാരൊട കൂടി കിഴക്കൊട്ടുക്ക പൊകയും രാമൻ നായര എന്നവൻ ൟ നഗരത്തിലും മറ്റും എരന്ന നടന്ന ദിവസവൃത്തി കഴിച്ച വരുന്നതാകകൊണ്ട ൟ വസ്തുത സന്നിധാനത്തിങ്കൽ അറിവാനായി ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൨൫ മിഥുനം ൨൯൹ക്ക ൧൮൫൦ ജൂൻ ൧൨൹

അസിഷ്ടാണ്ട മജിസ്ത്രെട്ടിക്ക.

വെട്ടത്തനാട താലൂക്ക ഹെഡപൊലീസാപ്സര ബൊധിപ്പിക്കുന്നത. അന്ന്യായം വള്ളുവനാട താലൂക്കിൽ ചെറ്റ രാമൻ നായരുടെ തൊഴുത്തിൽനിന്ന കളവ പൊയ ഒരു മൂരിയെ തടവകാരൻ നാറാണൻ നായര വശം നിൎത്തിരിന്നതിനെ അയാൾ ഉണ്ണിയന പൂട്ടാനായി കൊടുത്ത അവൻ വശം ഉണ്ടെന്ന പറയുമ്പൊഴും ഉണ്ണിയന്റെ തൊഴുത്തിൽനിന്ന മൂരിയെ കണ്ട കിട്ടുമ്പൊഴും കൂടി ഉള്ള രണ്ട സാക്ഷികളൊട വിസ്തരിച്ച അവരെയും വിസ്താരവും സന്നിധാനത്തിങ്കലെക്കയപ്പാനായി വള്ളുവനാട താലൂക്കിൽനിന്ന ആഗസ്ത ൧൹ എഴുതിയ ൧൩൹ ഇവിടെ എത്തി അന്നതന്നെ മെൽ പറഞ്ഞ വിവരം അറിയുന്നവരിൽ ൨ ആളെ അയപ്പാൻ അംശഅധികാരിക്ക താക്കീതിയൊട്ട കൂടി കൊൽക്കാരനെ അയച്ചാറെ മെപ്പടി അധികാരിയുടെ ഇന്നെത്തെ തിയ്യതിക്ക എഴുതിയ മറുപടിയൊട്ട കൂടി അയച്ച എത്തിയ അംശം കൊൽക്കാരൻ ഉണ്ണ്യൻ കുട്ടി കുഞ്ഞ്യസ്ഥൻ മുസ്സിൻ ഇവരൊട വിസ്തരിച്ച വിസ്താരവും അവര ൨ ആളെയും മറുപടിയും ഇതൊട്ട കൂടി സന്നിധാനം മുമ്പാകെ അയച്ച ൟ അവസ്ഥയെ ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൨൫ കൎക്കിടകം ൨൧൹ക്ക ൧൮൫൦ ആഗസ്തമാസം ൧൨൹

ഹെഡ അസിഷ്ടാണ്ട കൽക്കട്ടൎക്ക.

ചിറക്കൽ താലൂക്ക താസീദാർ—ബൊധിപ്പിക്കുന്ന ഹരജി. കണ്ണൂക്കയി എന്ന നിലത്തിന്റെ ജമ കാണാവകാശത്തൊട്ടകൂടി നി

കുതി അടക്കുന്ന കലന്തന്റെ പെരിൽ തിരിക്കാതിരിക്കെണമെന്ന മരിച്ച ജമക്കാരൻ—പക്രു കുട്ടിയുടെ അനന്തിരവൻ—മന്മൂത്തി അപെക്ഷിച്ചിരിക്കുന്നു എങ്കിലും ആ കാൎയ്യം തമ്മിൽ ഒത്ത തീൎന്നിരിക്കകൊണ്ട വിരൊധമില്ലെങ്കിൽ ജമ ചാരകാരൻ പെരിൽ തിരിപ്പാനാക്കി റിപ്പൊൎട്ട ചെയ്യെണമെന്ന ജനവരി ൨൪൹- ശീമ ൧൮൩൦ാം നമ്പ്രായി കല്പന ഉണ്ടായിട്ടും ഉണ്ടല്ലൊ.

ൟ കാൎയ്യത്തിൽ കക്ഷിക്കാരെ വരുത്തി അവരൊടും—അംശം മെനവനൊടും വിസ്തരിച്ചു.

ൟ നിലത്തിന്റെ ജമ തൎക്കം തീൎന്ന ൧൦൨൪ൽ തന്റെ പെരിൽ തിരിഞ്ഞ പട്ടയം കിട്ടിരിക്കുന്നു എന്ന—കലന്തനും അത ശെരിയാണെന്ന എത്രു കക്ഷിക്കാരൻ—മന്മൂത്തിയും.

അതിലെക്ക യൊജിച്ചും അംശക്കാര കൊടുത്ത ചാരകണക്കപ്രകാരം കല്പനയായി പട്ടയം കൊടുത്തതാണെന്നും മറ്റും മെനവനും ബൊധിപ്പിച്ചിരിക്കുന്നു.

ചാരകണക്കും ജമ തിരിപ്പാനായി ഒ൨ ൠൻ ൧൮൩൬- ൨൭൩ാം നമ്പ്രായി അംശത്തിലെക്ക കൊടുത്ത കല്പനയും നൊക്കിയതിൽ ചാരകണക്ക പ്രകാരം ൟ ജമ തിരിപ്പാൻ കല്പന കൊടുത്തതായിട്ടും ൧൨൨൩ാം ഫസലി ജമാവന്തി ഫയസ്സൽ സമയവും ആയ്യശൊധന ചെയ്തു പട്ടയം കൊടുത്തതായിട്ടും കണ്ടിരിക്കുന്നു.

ൟ കാൎയ്യത്തിൽ മുമ്പെ ആയംശം അധികാരി ബൊധിപ്പിച്ച റിപ്പൊൎട്ടുകളിൽ ഇങ്ങിനെ കാൎയ്യം തീൎച്ചയായതിന്റെ അവസ്ഥ ഒന്നും പ്രസ്താപിക്കാതെ ഇരുന്നതിനാൽ ൟ നമ്പ്ര നിലവ വന്നതും കക്ഷിക്കാരെ ഹാജരായി കിട്ടാതെ ഇരുന്നതിനാൽ ഇത്ര താമസമായതും ആകകൊണ്ട കക്ഷിക്കാരെയും മെനവന്റെയും കയ്പീത്തുകൾ ൟ ഹരജിയൊട കൂടി അയച്ചിരിക്കുന്നു.

റിപ്പൊൎട്ടുകളിൽ മെൽ പ്രകാരം തീൎച്ചയായതു പ്രസ്താപിക്കാതെ ഇരുന്ന സംഗതിയെ കുറിച്ച സമാധാനം ബൊധിപ്പിപ്പാൻ അധികാരിക്ക കല്പനയച്ചിരിക്കകൊണ്ട റിപ്പൊൎട്ട എത്തിയ ഉടനെ ബൊധിപ്പിച്ച കൊൾകയും ചെയ്യാം. എന്ന ൧൦൨൪ ചിങ്ങം ൨൪-ക്ക ൧൮൪൮ ആഗസ്തു മാസം ൭൹-

വിശെഷിച്ച ചാരകണക്ക പ്രകാരം ജമതിരിച്ച കെട്ടാൽ കല്പനയായ വിവരം പ്രസ്താപിക്കാതെ പുതിയ കാൎയ്യം പൊലെ അധികാരി ബൊധിപ്പിച്ച റിപ്പൊൎട്ട മെനവന്റെ കയ്യക്ഷരമാണെന്ന മെനവൻ തന്നെ സമ്മതിച്ചും ചാരകണക്ക മെനവൻ ഉണ്ടാക്കി മെനവനും അധികാരിയും കൂടി ഒപ്പിട്ടയച്ചും കാണെന്നവസ്ഥക്ക ജമതിരിഞ്ഞ വിവരം ബൊധിപ്പിക്കാതെ ഇരുന്നതിൽ അധികാരിയെ പൊലെ ഒരു തെറ്റ മെനവൻ വശവും സംഭവിച്ചിട്ടുള്ളതും അതിന്ന മെനവനും മെലാൽ സൂക്ഷ്മത്തൊട കൂടി നടന്ന വരാനായിട്ട കാൽ ഉറുപ്പിക പിഴ കല്പിക്കെണ്ടതാ

യി തൊന്നുന്നതും ആകകൊണ്ടു ൟ വസ്തുതയും ബൊധിപ്പിച്ചിരിക്കുന്നു. ജനവരി ൨൮ന-ത്തെ ൲൩൰ാം നമ്പ്ര കല്പനക്ക ഹെതുവായ റിപ്പൊൎട്ടു അക്കിങ്ക താസീൽദാർ ചെയ്തിട്ടുള്ളതുമാകുന്നു. ൩ന–മെൽ

ഹെഡ അസിഷ്ടാണ്ടു കൽക്കട്ടൎക്ക.

കൊട്ടയം താലൂക്ക താസീൽദാര——ബൊധിപ്പിക്കുന്ന ഹരജി.

കൊശവൻ——അമ്പു ൲൦൩൧ ചിങ്ങം ൲൨൰ന– ബൊധിപ്പിച്ച ഹരജിക്ക താഴെ ൫൲ സത്തെമ്പ്ര ൫ന– ഉണ്ടായ കല്പന എത്തി അറികയും ചെയ്തു.

ഹരജിക്കാരന്റെ പുരാതന ജന്മമായ പുതിയ വീട്ടു പറമ്പിന്റെയും കുടിയുടെയും ചൂട്ടാലയുടെയും ജമ കയ്യെറികന്മാരൻ പെരിൽ ആക്കിരിക്കുന്നു എന്നും ൲൪ പണം നികുതികൊടുത്ത വരുന്നത ജമക്കുള്ളതൊ അല്ലയൊ എന്നറിയുന്നില്ലെന്നും മറവും ആകുന്നു ഹരജിയിൽ ബൊധിപ്പിച്ചു കാണുന്നത ൟ കാൎയ്യത്തിൽ ഹരജിക്കാരനൊടും——കന്മാരൻ മരിച്ചു പൊയിരിക്കുന്നതിനാൽ അനന്തിരവൻ നമ്പ്ര്യാടും പിണറായി അംശം അധികാരിയായും നമ്പ്ര അനന്തിരവനായും ഉള്ള കന്മാരനൊടും മെനവൻ രാമവാരിയരൊടും വിസ്തരിച്ചു.

പറമ്പ തന്റെ പുരാതന ജന്മമെന്ന ഹരജിക്കാരനും തന്റെ പുരാതന ജന്മമെന്നും ഹരജിക്കാരന കുഴിക്കാണത്തിന കൊടുത്തതാണെന്നും ഹരജിക്കാരൻ കൈവശമാണ പറമ്പ നടപ്പു എന്നും കുടിയുടെയും ചൂട്ടാലയുടെയും പറമ്പിന്റെയും ജമ മരിച്ചുപൊയ കന്മാരൻ എന്ന കാരണവര പെരിൽ എന്നും മെപ്പടി വക നികുതിയും മെൽപാട്ടവും കൂടി ൲൪ വീരപണം വാങ്ങി ശീട്ടു കൊടുക്കുമാറുണ്ടെന്നും നമ്പ്ര്യും വിസ്താരത്തിൽ ബൊധിപ്പിച്ചു കാണുന്നതല്ലാതെ ജന്മത്തിന്റെ തെളിവിലെക്ക ഇതുപൎയ്യന്തം വക്കലും രെഖകൾ ഒന്നും ഉള്ളതായി കാണുന്നില്ല.

മെനവന്റെ കയ്യീത്തും കണക്കും നൊക്കുമ്പൊൾ പുതിയ വീട്ടുപറമ്പ——കന്മാരൻ ജന്മം ജമ എന്നും പറമ്പിന്ന കാല ഉരുപ്പികയും എൻപത റെസ്സും കുടിക്കും ചൂട്ടാലക്കും കൂടി ൨ ഉരുപ്പികയും വക രണ്ടിൽ ൨1 ഉരുപ്പികയും ൮ം റെസ്സും—കന്മാരൻ പെരിൽ ജമയായിട്ടും ശെഷം ജമയൊടുകൂടി ൟ നികുതിയും കന്മാരന്റെ അനന്തിരവൻ നമ്പ്ര അടച്ചു വരുന്നതായും ഹരജിക്കാരൻ പെരിൽ ഒരു വകക്കും ജമ ഇല്ലെന്നും നികുതി അടച്ചു വരുന്നില്ലെന്നും കാണുന്നു.

ഹരജി പ്രകാരം ജമ കന്മാരൻ പെരിലായിരുന്നു എന്ന പറയുന്നത നെരാണെങ്കിൽ എതെങ്കിലും ഒരു കൊല്ലത്തെ ജമപട്ടയമൊ നികുതി ശീട്ടൊ കാട്ടുവാൻ സംഗതി ഉണ്ടായിരുന്നു. അപ്രകാരം കാട്ടാനില്ലെന്ന പറയുന്നെയും മെൽപ്രകാരം കണക്കകളാൽകാ

ണെന്നെയും അവസ്ഥക്ക ജമ മാറി കെട്ടി എന്ന പറയുന്നത നെ
രിലെക്ക ശെരിയാവുന്നില്ലാ. അതുകൊണ്ട മെപ്പടി വക എല്ലാ രെ
സ്സാപെജകളും ഇതൊടു കൂടി സന്നിധാനത്തിങ്കലെക്കയെച്ച വി
വരം ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൨൫ കക്കിടകം ൨൫൹-ക്ക
൧൮൫൦മത ജൂലായി ൭൭൹.

വിശെഷിച്ച നമ്പ്ര ഹാജരാക്കാൻ കൊൽക്കാരനെ അയക്കു
മ്പൊൾ ഒക്കയും ദീനമെന്ന പറഞ്ഞ ഹാജരാവാതെ ഇരുന്നതി
നാൽ ഇതിൻെറ തീച്ച്വ വരുത്തി ബൊധിപ്പിപ്പാൻ പാടില്ലാതെ
തെ താമസിച്ചതും ഇപ്പൊൾ വരുത്തി കണ്ടതിൻെറ ശെഷം വാ
തത്തിൻെറ ദീനക്കാരനെന്നും ദീനത്താൽ ഹാജരാവാതെ ഇരു
ന്നതെന്നും തൊന്നിരിക്കകൊണ്ട ൦രം വിവരവും ബൊധിപ്പിച്ചി
രിക്കുന്നു. ൹-മെൽ പറമ്പ അടക്കി വരുന്നതായി കാണുന്ന എര
ട്ടാം കണ്ടിപക്രന്മാരൊട വാങ്ങിയ കയ്പീത്തും ഇതൊടു കൂടി അയ
ച്ചിരിക്കുന്നു. അവൻെറ കയ്പീത്താലും പറമ്പിൻെറ ജമ മരിച്ച
പൊയ——കന്മാരൻ പെരിൽ എന്നും നികുതി കൊടുക്കുന്നത അ
നന്തിരവനായ ഇപ്പൊൾ ഉള്ള നമ്പ്ര എന്നും കാണുന്നതാകകൊ
ണ്ട ൦രം വിവരവും ബൊധിപ്പിച്ചിരിക്കുന്നു ൹-മെൽ

ഹെഡ അസിസ്റ്റാണ്ട കൽക്കട്ടെക്ക.

കൊട്ടയം തലൂക്ക താസീൽദാർ——ബൊധിപ്പിക്കുന്ന ഹരജി.
ഇരുട്ട കടവത്തെ തൊണി ചങ്ങാടം മുങ്ങിപൊയ്തിനാൽ ആ വഴി
യിൽ തപ്പാൽ ഗതാഗതം ചെയ്യെണ്ടതിന്ന കൂടി മുടക്കമായ്തിനാൽ
ആ കടവത്ത കുത്തകക്കാരെകൊണ്ട വെണ്ടുന്ന തൊണി ചങ്ങാ
ടം വെപ്പിച്ച വെണ്ടുന്ന ബന്തൊവസ്ത ചെയ്തു വിവരം ബൊ
ധിപ്പിക്കെണ്ടതിന്ന ജൂലായി ൯൹- ൨൫൦ാം നമ്പ്രായി ഉണ്ടായ
കല്പന ൻ൹- തലശ്ശെരിനിന്ന കിട്ടി.

അപ്പൊൾ തന്നെ ആ ദിക്കിൽ താമസിക്കുന്ന പെഷ്കാക്കും—
അധികാരിക്കും കല്പനപകപ്പൊടു കൂടി താക്കീതി അയച്ചതിന്ന മ
റുപടി എത്തീട്ടില്ലാ എങ്കിലും ആയധികാരിക്കും——അധികാരി
ക്കും കൂടി സന്നിധാനത്തിങ്കൽനിന്ന നെരെ അയച്ചിരിക്കുന്ന ക
ല്പനക്ക മറുപടി അവര ഇന്ന ഇവിടെ അയച്ചിരിക്കുന്നത നൊ
ക്കുമ്പൊൾ വെള്ളത്തിൽ മുങ്ങി കിടക്കുന്ന ഒരു ചങ്ങാടത്തിൻെറ
ഒരു തൊണി ഉള്ളതും ചങ്ങാടത്തിൻെറ കൂട്ടം ഉള്ളത വലിച്ച കയ
ററി ആ തൊണിയിൽ തപ്പാൽ ഗതാഗതം നടക്കെണ്ടതിന്ന ക
ടവ കടത്തി വരുന്നു എന്ന കാണുന്നത കൂടാതെ ചങ്ങാടം വെച്ച
കടത്തെണ്ടതിന്ന ൦രം തൊണി കെട്ടുള്ളതിനാലും വെറെ തൊണി
ഇല്ലാത്തതിനാലും അക്കരെയും ഇക്കരെയും വണ്ടികളും വന്ന നി
ൽക്കുന്നപ്രകാരവും കാണുന്നു അതുകൊണ്ട നല്ലതായിട്ട രണ്ട
തൊണി ഇരിക്കുറനിന്നൊ വളപട്ടണത്തനിന്നൊ വിലക്ക വാ

ങ്ങി അടിയന്തരമായി കടവത്ത എത്തിച്ച കൊടുപ്പാൻ ചിറക്കൽ താലൂക്ക താസീൽദാൎക്ക കല്പന ഉണ്ടാകവെണ്ടിയിരിക്കുന്നു.

൭൰-ത്തെ കല്പന കിട്ടിയ അന്ന തന്നെ ൟ കടവ കുത്തകക്കാരെകൊണ്ട മെൽപ്രകാരം നടത്തിപ്പാൻ ഹാജരാക്കെണ്ടതിന്ന കൊൽക്കാരെ അയച്ചാറെ കുത്തകക്കാര ൫ ആളിൽ തെയ്യബെല്ലി കുഞ്ഞിക്കുട്ടിയാലി ഇവരെ കണ്ട കിട്ടി ഇന്ന ഹാജരാക്കി ബെന്തൊവസ്തായി നിൎത്തിരിക്കുന്നു. ശെഷം ൩ ആളെ കണ്ട കിട്ടിയില്ലാ അവരെയും ഹാജരാക്കി വെണ്ടുന്ന വിസ്താരം ചെയ്തു വിവരം വഴിയെ ബൊധിപ്പിക്കാം.

സൎക്കാര വക തൊണി ചങ്ങാടം മുമ്പെ ആ കടവത്ത ഉള്ളത ഇവരുടെ സൂക്ഷ്മക്കുറവിനാൽ മുങ്ങി കെട വന്ന പൊയ്യും ൟ കുത്തകക്കാര മുമ്പെയും ൟ കടവത്ത വെച്ച പല അക്രമങ്ങളും ചെയ്തിരിക്കുന്നതായി പ്രസ്ഥാപം ഉണ്ടായി കാണുന്നതും ആകകൊണ്ട ഇപ്പൊൾ വാങ്ങുന്ന തൊണിയുടെ വില ൟ കുത്തകക്കാരെ കൊണ്ട കൊടുപ്പിപ്പാൻ സംഗതി കാണുന്നത കൂടാതെ ക്രമ തെററായി നടന്നതിന്ന ശിക്ഷയും ഉണ്ടാവാൻ സംഗതി വരുമെന്ന കിട്ടിയ മെൽ പറഞ്ഞ ൨ ആളൊട പറഞ്ഞാറെ തൊണിക്ക കൊടുക്കുന്ന വിലയിൽ അവരുടെ ഒഹരി പ്രകാരമുള്ളത കൊടുക്കാമെന്ന പറയുന്നുണ്ട.

തലശ്ശെരിനിന്ന രണ്ട തൊണി വിലക്ക വാങ്ങി വണ്ടിയിൽ കയററി അയക്കാമെന്ന വിചാരിച്ച അന്വെഷിച്ചാറെ ചങ്ങാടത്തിന്ന തക്കതായ തൊണി കിട്ടീട്ടില്ലാ.

ൟ ഹരജി പകൎപ്പൊട കൂടി രണ്ട തൊണി എങ്കിലും ഇല്ലെങ്കിൽ വലുതായ ഒരു ചീന എങ്കിലും വിലക്ക വാങ്ങി മെപ്പടി കടവത്ത ഹാജരാക്കി കൊടുപ്പിക്കെണ്ടതിന്ന ചിറക്ക താലൂക്കിലെക്ക എഴുതി അയച്ചിട്ടുണ്ടാകകൊണ്ട ൟ വസ്തുതയും ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൨൫ മിഥുനം ൨൰-ക്ക ൧൮൫൦ ജൂലായി ൧൰- പകൽ ൧൨ മണിക്ക കതിരൂരനിന്ന.

ഹെഡ അസിഷ്ടാണ്ട കൽക്കട്ടൎക്ക.

കൊട്ടയം താലൂക്ക താസീൽദാര——ബൊധിപ്പിക്കുന്ന ഹരജി—അംശത്തിൽ തയ്യിൽ താഴ നിലത്തിന്റെ ജമ ശെരി തന്നെയൊ എന്ന നൊക്കി നിശ്ചയം അറിഞ്ഞ ജമ തിരിപ്പാൻ കല്പന കൊടുത്ത വിവരം ബൊധിപ്പിക്കെണമെന്ന മെയി ൨൰- ൧൭ാം നമ്പ്രായി ഉണ്ടായ കല്പന എത്തി അറികയും ചെയ്തു.

ജമയുടെ നിശ്ചയത്തിലെക്ക കിഴക്കട നില വിവരം കണക്ക ഒന്നും അംശത്തിലും താലൂക്കിലും ഉള്ളതായി കാണുന്നില്ല. ൟ കാൎയ്യത്തിൽ മെനവനൊട വിസ്തരിച്ച കയ്പീത്ത നൊക്കുമ്പൊൾ മെപ്പടി നിലത്തിന്റെ ജെമ ഗണപതി ദെവസ്സം പെരിൽ എന്നും

൧൲൫ാമതിൽ ചിരികണ്ടൻ ജന്മം വാങ്ങി ൨൭ാമത വരെ ചിരികണ്ടനും അതിന്റെ ശെഷം മെപ്പടി നിലം രാമൻ ജന്മം വാങ്ങി ൨൬ലും ൨൮ലും ൪ ഉറുപ്പികയും ൭ം റെസ്സും രാമനും നികുതി അടച്ചു വന്നതായി കാണുന്നു—ചിരികണ്ടൻ ആദ്യം നികുതി കൊടുത്ത തുടങ്ങിയ പ്രകാരമുള്ള കണക്ക ഇല്ലെങ്കിലും ൧൲൫-൧൲൭- രണ്ട കൊല്ലത്തെ നികുതി ശീട്ട അന്നെത്തെ അധികാരി മെനവൻ ഒപ്പിട്ട ചിരികണ്ടന കൊടുത്തിട്ടുള്ളത മെനവൻ വാങ്ങി ഹാജരാക്കിയത നൊക്കുമ്പൊൾ ചിരികണ്ടൻ പെരിൽ വെറെ യാതൊരു ജമയും ഇല്ലാത്ത അവസ്ഥക്ക ൪ ഉറുപ്പികയും ൭ം റെസ്സും അവൻ കൊടുത്ത വന്നിരുന്നത ഈ നിലത്തിന്ന തന്നെ എന്നും അതിനാൽ ജമക്ക ഭെദമില്ലെന്നും വിചാരിപ്പാൻ സംഗതിയായിരിക്കകൊണ്ട അത പ്രകാരം ൧൲൨൯ാമത മുതൽക്ക രാമൻ പെരിൽ ജമതിരിച്ച കെട്ടി നികുതി വസൂലാക്കി വരുവാൻ മെപ്പടി അധികാരിക്കും മെനവനും ഇന്ന കല്പന കൊടുത്തിരിക്കകൊണ്ട വിവരം ബൊധിപ്പിപ്പിച്ചിരിക്കുന്നു എന്ന ൧൲൨൮ കൎക്കിടകം ൧൫൹-ക്ക ൧൮൫൩ ജൂലായി ൨൯൹- കതിരൂർനിന്ന.

ഹെഡ അസിസ്തണ്ട കൽക്കട്ടെക്ക.

കൊട്ടയം താലൂക്ക താസീൽദാർ—— ബൊധിപ്പിക്കുന്ന ഹരജി. പിണറായി കതിരൂർ ഈ അംശങ്ങളിൽ—കന്മാരനും പൊന്നിയത്ത മുമ്പിന്നും ചില നിലങ്ങൾ ജമക്ക ചെരാതെ അനുഭവിച്ച വരുന്നുണ്ടെന്ന രാമൻ മെനൊൻ ബൊധിപ്പിച്ച ഹരജിക്ക താഴെ ഫെബ്രുവരി ൨൭൹- ൨ാമത ൨൮൹- ബൊധിപ്പിച്ച ഹരജിക്ക താഴെ മെയി ൯൹-ം ഉണ്ടായ കല്പനകൾ എത്തി അറികയും ചെയ്തു.

ഈ സംഗതിക്കൊണ്ട അംശങ്ങളിൽ പൊയി അന്ന്വെഷിച്ചും കണക്കുകൾ നൊക്കിയും മെൽപ്രകാരം നിലങ്ങൾ ജമക്ക ചെരാനുണ്ടൊ എന്നറിഞ്ഞ സംഗതിപൊലെ കണക്കുണ്ടാക്കി അയപ്പാൻ പെഷ്കാൎക്ക കല്പന കൊടുത്തതിന്ന കൎക്കിടകം ൯൹-യായി ബൊധിപ്പിച്ച മറുപടിയും ഹരജിക്കാരനൊട വിസ്തരിച്ച കയ്പീത്തും നൊക്കുമ്പൊൾ മെൽ പറഞ്ഞവരുടെ ജമക്ക ഒടുക്ക ഉള്ള നിലം പൈമാഷി ചെയ്താൽ എതാൻ കൂടാനുണ്ടാകുമൊ എന്നുള്ള സംശയമല്ലാതെ പ്രത്യെകമായി ജമക്ക ചെരാതെ ഒരു നിലം നടന്ന വരുന്നതായി കാണുന്നില്ല. ഈ ഹരജിക്കാരൻ മുമ്പെ മെപ്പടി അംശങ്ങളിലെ ഹെംബളി മെനവൻ ആയിരുന്നു ൨൮ാമതിൽ ആണെ പണിയിൽനിന്ന പിരിച്ചതായി കാണുന്നത പണിയിൽ ഇരിക്കുമ്പൊൾ പല പ്രകാരെണയും ഓരൊരുത്തരെ പറഞ്ഞ ഭ്രമിപ്പിച്ചുലഭ്യങ്ങൾ ഉണ്ടാക്കിരുന്ന പൊലെ ഇപ്പൊഴും വല്ലതും സമ്പാദിക്കാമെന്ന വിചാരിച്ച രണ്ടമൂന്ന കൊല്ലം മുമ്പെ ഈ ദി

ക്കിൽ വന്ന ഓരൊരൊ ജന്മികളുമായി കണ്ടതിന്റെ ശെഷം അവര ഒന്നും കൊടുക്കാത്ത നീരസത്തിന്മെൽ അവരെ ദ്രൊഹിപ്പാൻ വെണ്ടി ഇങ്ങിനെ ഒര ഹരജി ബൊധിപ്പിച്ചത എന്നാണെ അന്വെഷണത്താലും അയാളുടെ കയ്യീത്താലും കാണുന്നത.

ഓരൊരൊ ജന്മികൾക്കുള്ള നിലങ്ങൾക്ക പൈമാഷി ചെയ്യാൽ ചിലൎക്ക ജാസ്തി ഉണ്ടാവാനും ചിലൎക്ക കമ്മി വരുവാനും സംഗതി ഉണ്ട. അംശം ഒടുക്ക പൈമാശി ചെയ്യുന്ന സമയമല്ലാതെ മതിയായ ലക്ഷ്യം കൂടാതെ അതിലെക്ക പ്രവെശിക്കുന്നത ശെരിയല്ലെന്ന തൊന്നി മെപ്പടി ദസ്താപെജുകൾ ഇതൊട കൂടി സന്നിധാനത്തിങ്കലെക്കയച്ച വിവരം ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൨൪ കൎക്കിടകം ൧൫ നു-ക്ക ൧൮൪൯ ജൂലായി ൨൭നു- കുത്തപറമ്പത്ത നിന്ന.

ഹെഡ്ഡ അസിഷ്ടാണ്ട കൽക്കട്ടൎക്ക.

കൊട്ടയം താലൂക്ക താസീൽദാർ—ബൊധിപ്പിക്കുന്ന ഹരജി. മഹാരാജശ്രീ——സായ്പവർകൾ ജൂൻ മാസം ൫നു- തലശ്ശെരിനിന്ന കുററിയാടിക്ക പൊവാനായി വന്ന രാത്രി ൮ മണിക്ക പെരിങ്ങളത്തൂര കടവത്ത എത്തി. ൧൨ മണി വരെയും തൊണിക്ക വിളിച്ച കിട്ടാത്തതിനാൽ അന്ന അവിടെ താമസിച്ച പിറെറ ദിവസം ൭ മണിക്കമാത്രം കടന്ന പൊയ്യായി ആ സായ്പവർകൾക്ക ത്തയച്ചിരിക്കുന്നു എന്നും ൧ാം സംഗതികൊണ്ട വിസ്തരിച്ച എന്റെ അഭിപ്രായം ബൊധിപ്പിക്കെണമെന്നും ജൂൻ ൧൧നു- ൨൦൦ാം നമ്പ്രായി ഉണ്ടായ കല്പന എത്തി അറികയും ചെയ്തു.

൧ാം സംഗതികൊണ്ട മെപ്പടി കടവ കീഴകുത്തക എററ നടന്ന വരുന്ന തുറി എന്നവനെയും അവന്റെ ആളായി കടവ മാററി വരുന്ന കൊരനെയും വരുത്തി വിസ്തരിച്ചതിൽ കല്പനയിൽ പറയുംപ്രകാരം സായ്പവർകൾ രാത്രി കടവിന്ന ഇക്കരെ താമസിച്ച പിറെറ ദിവസം മാത്രം ൭ മണിക്ക കടന്ന പൊയ്യായി കണ്ടിരിക്കുന്നു. കീഴകുത്തകക്കാരനും അവന്റെ ആൾക്കാരും രാത്രി സമയം കടവത്ത പാൎക്കാറില്ലെന്നും ലാഭം മാത്രം വിചാരിച്ച ഓരൊരുത്തൎക്ക കീഴകുത്തക കൊടുക്കുന്നതല്ലാതെ പിന്നെ അതിന്മെൽ മെൽ കുത്തകക്കാരന്റെ അന്വെഷണം ഒന്നും ഉണ്ടാകുന്നതല്ലെന്നും അതിനാൽ ഇപ്രകാരം സായ്പന്മാരവർകൾക്കും മററും കടന്ന പൊകെണ്ടതിലെക്ക താമസവും ബുദ്ധിമുട്ടും വരുന്നതായും മെൽ എഴുതിയവരുടെ കയ്യീത്തകൊണ്ടും അന്വെഷണത്താലും കണ്ടിരിക്കുന്നു.

ആലുപ്പിയാകുന്നു മെപ്പടി കടവ മെൽകുത്തകക്കാരൻ ആലുപ്പിയൊട കുഞ്ഞമ്മതും അവനൊട കയ്യീത്തകാരൻ തുറിയും കീഴകുത്തക എററതായും കാണുന്നു. കുഞ്ഞമ്മതിനെ അന്വെഷിച്ച

തിൽ തൽക്കാലം കണ്ടിട്ടില്ലാ എങ്കിലും ൟ കാൎയ്യത്തിൽ സൎക്കാരി ലെക്ക ഉത്തരവാദി മെൽകുത്തകക്കാരനാകകൊണ്ട പത്ത ഉറുപ്പിക പിഴ കല്പിക്കെണ്ടത എന്ന എന്റെ അഭിപ്രായത്തിൽ തൊന്നിരിക്കുന്നതിനാൽ മെപ്പടി കയ്ചീത്ത രണ്ടും ഇതൊട്ട കൂടി സന്നിധാനത്തിങ്കലയച്ചിരിക്കുന്നു. ആലുപ്പി തലശ്ശെരിയാകയാൽ അവനെ വരുത്തി ൟ കാൎയ്യത്തിലെക്കുള്ള സമാധാനം വാങ്ങി സന്നിധാനത്തിങ്കലെക്ക ഹാജരാക്കാൻ തലശ്ശെരി പൊലീസാമിൻ കച്ചെരിക്ക എഴുതി അയച്ചിട്ടും ഉണ്ട. എന്ന ൧൦൨൪ മിഥുനം ൩൰-ക്ക ൧൮൪൯ ജൂൻ മാസം ൧൩-.

വിശെഷിച്ച കിഴകുത്തകക്കാരനെയും അവന്റെ ആളായ തൊണ്ണി കടത്തുന്നവനെയും സന്നിധാനം മുമ്പാകെ താക്കീതി ചെയ്തു വിടെണ്ടതിന്നായി ഇതിനൊട്ട കൂടി അയച്ചിട്ടും ഉണ്ട ൩- മെൽ.

ഹെഡ അസിഷ്ടാണ്ട കൽക്കട്ടൎക്ക

കൊട്ടയം താലൂക്ക താസീൽദാര—ബൊധിപ്പിക്കുന്ന ഹരജി: ൧——ചന്തു—൨— വൈതൽ—ഇവര ബൊധിപ്പിച്ച രണ്ട ഹരജി. ൯൨ ആഗസ്ത ൧൮൪൯-ത്തെ ൨൭൯ാം നമ്പ്ര കല്പന ഒന്നിച്ച അയച്ചത എത്തി അറികയും ചെയ്തു.

സൎക്കാര പരവരി വക താൻ നടന്ന വരുന്ന പൊത്തകുണ്ട ഞാല വാലക്കതാഴ. രണ്ട നിലത്തിന്ന കൂടി ശിഷ്ടത്തൊട്ട കൂടി ൩൰111 ഉറുപ്പിക ജമ ഉള്ളതിന്ന പുറമെ ൭ ഉറുപ്പിക കൂടി ജാസ്തി കൂട്ടുണ്ടെന്ന പറഞ്ഞ അധികാരി നികുതിക്ക മുട്ടിക്കുന്നത സങ്കടമെന്നും മറ്റും ആകുന്നു. ൧ാം ഹരജിക്കാരൻ ബൊധിപ്പിച്ചിരിക്കുന്നത.

ൟ സംഗതിക്ക മണത്തണ മെനവൻ അണ്ണാത്തര പട്ടരൊട വിസ്തരിച്ച കച്ചീത്തും അധികാരിയും മെനവനും കൂടി എടവം ൨൰- ബൊധിപ്പിച്ച റപ്പൊടത്തും നൊക്കുമ്പൊൾ ൩൦ാം ഫസലി വരെ ൨ നിലത്തിന്ന കൂടി ൩൰111 ഉറുപ്പിക ൨൯11 റെസ്സാണ ജമ എന്നും അതൊട്ട കൂടി ഏതാൻ തരിശ നിലം നടപ്പാക്കിയ്തു ൩൧ാം ഫസലിയിൽ പൈമാഷി ചെയ്തു ൯111 ഉറുപ്പിക ൨൯11റെസ്സ ജാസ്തി കൂടിട്ടുണ്ടെന്നും അത പ്രകാരം ൧൨11 ഉറുപ്പിക ൯൪ റെസ്സ ആ കൊല്ലം നികുതി അടച്ചതായും വാലക്കൽ താഴ നിലം ൩൨ാം ഫസലിക്ക മുഴുവൻ നടപ്പില്ലായ്കയാൽ ൨൯111 ഉറുപ്പിക ൨൩ റെസ്സ രെമീശൻ നിൎത്തിയ്തു കഴിച്ച ൪111 ഉറുപ്പിക ൨൯ റെസ്സ ൩൨ാം ഫസലിക്ക ജമ ഉള്ളതിൽ ൭11 ഉറുപ്പിക മെടം വരെ വസൂലായിരിക്കുന്നു എന്ന കാണുന്നു.

മെൽപ്രകാരം പരവരി വക താൻ നടക്കുന്ന അതൃക്കുൽ നിലത്തിന്ന ൨11 ഉറുപ്പിക ശിഷ്ടത്തൊട കൂടി ജമ ഉള്ളതിന്ന ൨111 ഉറു

പ്പിക ജാസ്തി കൂടിട്ടുണ്ടെന്ന പറഞ്ഞ നികുതിക്ക മുട്ടിക്കുന്നു എന്നാ
കുന്നു ൨ാം ഹരജിക്കാരന്റെയും അപെക്ഷ.

ഒരം സംഗതികൊണ്ടും മെനവനൊട വിസ്തരിച്ച കയ്പീത്തും മെ
പ്പടി റിപ്പൊട്ടും നൊക്കുമ്പൊൾ ഹരജിക്കാരൻ പെരിൽ രണ്ടു നി
ലത്തിന്ന ൱൦ ൧ാം ഫസലി വരെ ൪1 ഉറുപ്പിക ൪൱ റെസ്സ നികുതി
ശിഷ്ടവും കൂടി ഉള്ളതിന്ന പുറമെ ൱൧ാം ഫസലിക്ക ഒരു ഉറുപ്പിക
യും ൻവ്വ റെസ്സും ജാസ്തി കൂടിയ്യൊട്ട കൂടി ൫II ഉറുപ്പിക ൪൪ റെസ്സ
ജെമ ഉണ്ടെന്നും ൱൨ാം ഫസലിക്ക നിലം മുഴവനും തരിശാകയാ
ൽ ആ ഉറുപ്പിക രെമീശൻ നിൎത്തികൊടുത്തപ്രകാരവും ഒരം കൊ
ല്ലം മെപ്പടി രണ്ടു ഹരജിക്കാരും നിലം നടന്നിട്ടില്ലാ എന്നും രണ്ടു
നാല നാഴിക സമീപം ഒന്നും കുടിപാട്ടും നിലങ്ങളും ഇല്ലായ്കകൊ
ണ്ടും ദുഷ്ട മൃഗങ്ങളുടെ ഉപദ്രവം ഉണ്ടാകകൊണ്ടും ആൎക്കും ആ നി
ലങ്ങൾ നടക്കാൻ മനസ്സില്ലെന്നും കാണുന്നു. മെൽപ്രകാരം അല്ലാ
തെ ഹരജിപ്രകാരം അക്രമമായി അധികാരി നികുതിക്ക ചൊ
ദിച്ചതായി കാണുന്നില്ലായ്കകൊണ്ടു മെൽ എഴുതിയവരുടെ ഹര
ജി രണ്ടും മെനവന്റെ രണ്ടു കയ്പീത്തും ഒല റിപ്പൊട്ടത്ത ഒന്നും ഇ
തൊട്ട കൂടി സന്നിധാനത്തിങ്കലെക്കയച്ച വിവരം ബൊധിപ്പി
ച്ചിരിക്കുന്നു ഒരം കൊല്ലം നിലം നടപ്പാക്കെണ്ടതിലെക്കുള്ള സ
മയം തെററിയ്കകൊണ്ടു മെലാലെക്ക ആളുണ്ടാകുമൊ എന്ന അ
ന്വെഷിച്ച എല്പിച്ച നടത്തി വിവരം ബൊധിപ്പിച്ചുകൊൾകെ
യും ചെയ്യാം എന്ന ൧൦൨൭ മിഥുനം ൫൬-ക്ക ൧൮൫൨മാമത ജൂൻ
മാസം ൧൭൯- കതിരൂരനിന്ന.

ഹെഡ്ഡ അസിഷ്ടാണ്ടു കൽക്കട്ടൎക്ക.

ചിറക്കൽ താലൂക്ക താസീൽദാർ—ബൊധിപ്പിക്കുന്ന ഹരജി.
കഴിഞ്ഞ കൎക്കിടകം കിസ്തിന്ന വസൂലായ മുതലിൽ ഒരം താലൂക്കി
ലെയും കവ്വായി താലൂക്കിലെയും മാസ്സപ്പടി വകയും ഹജൂര വകമു
തലിൽ ചിലവിന്ന നീക്കി വെച്ചതും കഴിഞ്ഞ ഇരുസാൽ പ്രകാ
രം ൪൨ ഉറുപ്പിക ൪ ണ നാളെ രാവിലെ വടക്കെ തുക്കി ഖജാന
യിൽ കൊണ്ടുപൊയി എണ്ണവും നൊട്ടവും കൊടുപ്പാനായി കൊ
ൽക്കാരൻ നെടിയത്ത ചന്തുവിനെ എല്പിച്ച ഒരു സഞ്ചിയിലാ
ക്കി കെട്ടി മുദ്ര വെച്ച ബന്തൊവസ്തായി അയച്ചിരിക്കുന്നു!

രണ്ടു തറ ആറ അംശം കള്ളു റാക്ക കുത്തക വക മുതൽ കുത്ത
കക്കാരന്റെ മകൻ കണ്ണൻ ഇന്ന മാത്രം ഖജാനക്ക അടച്ചതും
അതിനാൽ ഇരുസാൽ അയപ്പാൻ താമസം വെണ്ടി വന്നതും
ആകുന്നു. കിസ്ത മുതൽ പിറെറത്തെ മാസം ൫൬-ലകത്ത അട
ക്കെണ്ടുന്ന നിയമപ്രകാരം അടപ്പാൻ ആമീൻ കച്ചെരി മുഖാ
ന്തരം താക്കീതി ചെയ്തിട്ട ഒന്നാമത്തെ കിസ്തിന്ന തന്നെ അടക്കാ
തെ അധികം താമസിച്ചടക്കുകയും കുത്തകക്കാരൻ ഉണ്ണി ബൊ

ട്ടിലൊർ വയനാട്ടിൽ പാക്കുന്നതും ആകയാൽ മെലാൽ ഉന്ദ— ലകത്ത തന്നെ മുതൽ അടച്ച വരുവാൻ വയനാട താലൂക്ക മുഖാന്തരം കല്പന പൊകെണ്ടതിന്ന വെണ്ടി ൟ വസ്തുത ബൊധിപ്പിച്ചിരിക്കുന്നു, പതിനൊന്ന അംശം കുത്തകക്കാരനും മുതൽ അടപ്പാൻ കുറെ താമസിക്കുകയാൽ അവനെ നല്ലവണ്ണം താക്കീതി ചെയ്തു അയച്ചിട്ടും ഉണ്ട മെലാൽ അധികം താമസിച്ചാൽ സംഗതി പൊലെ ബൊധിപ്പിച്ച കൊൾകയും ചെയ്യാം. എന്ന ൧൮൨൯ മത ആഗസ്ത ൨൦ന്നു—

ഹെഡ അസിഷ്ടാണ്ട കൽക്കട്ടൎക്ക.

ചിറക്കൽ താസീൽദാര—ബൊധിപ്പിക്കുന്ന ഹരജി. കണ്ണുകയി എന്ന നിലം കാണാവകാശത്തൊട കൂടി നികുതി അടച്ച വരുന്ന——കലന്തൻ പെരിൽ തിരിക്കെണ്ടുന്നതിന്ന ചെലെരി അംശക്കാര കണക്ക കൊടുക്കുകയും സമ്മതിച്ച ജമ തിരിച്ച കെട്ടി കൊടുപ്പാൻ താലൂക്കിൽനിന്ന കല്പന കൊടുക്കുകയും ചെയ്തിരിക്കുന്നവിവരം അതിന്റെ ശെഷമായി അധികാരി അയച്ചിരിക്കുന്ന റപ്പൊടത്തകളിൽ പ്രസ്ഥാപിക്കാതെ പുതിയ ഒരു കാൎയ്യംപൊലെ റപ്പൊടത്തുകൾ ചെയ്തു സംഗതിയിൽ സമാധാനം ബൊധിപ്പിക്കാൻ അധികാരിക്ക കല്പന കൊടുത്ത വിവരത്തിന്നും മററും ആഗസ്ത ൧൭ന്നു ൨൮ാം നമ്പ്രായി ഹരജി ബൊധിപ്പിച്ചിട്ടും ഉണ്ടെല്ലൊ.

ൟ സംഗതിയിൽ ചെലെരി അംശം അധികാരിയുടെ റപ്പൊടത്ത ഇന്ന എത്തിരിക്കകൊണ്ട ആയതു ൟ ഹരജി ഒന്നിച്ച സന്നിധാനത്തിങ്കലെക്കയച്ചിരിക്കുന്നു.

ചാര ജമ തിരിച്ച കെട്ടാൻ കൊടുത്ത കണക്കിൽ മെപ്പടി നിലത്തിന്റെ ജമ കലന്തൻ പെരിൽ കെട്ടാൻ എഴുതിയ വിവരവും അത പ്രകാരം കലന്തൻ പെരിൽ തിരിച്ച കെട്ടാൻ കല്പന ഉണ്ടായ വിവരവും അതിന്റെ ശെഷമായി അയച്ച റിപ്പൊട്ടുകളിൽ പ്രസ്ഥാപിക്കാതെ ഇരുന്നത തൽക്കാലം ഓൎമ്മകെട വന്നപൊയ്തു കൊണ്ടാണെന്ന റിപ്പൊട്ടിൽ എഴുതി കാണുന്നു.

മെപ്പടി അധികാരി കാൎയ്യാദികൾ ശെരിയായും സത്യമായും നടന്ന വരുന്നതാകയാൽ ൟ കാൎയ്യം ഓൎമ്മ കുറവിനാൽ വന്ന പൊയ്തു എന്ന പറയുന്ന സമാധാനം ക്ഷമിച്ച ൟ തെററിന്ന ഇപ്പൊൾ ഒരു താക്കീതിയായി ഒരു കല്പന കൊടുത്താൽ മതിയാകുമെന്ന ഇനിക്ക അഭിപ്രായമാകകൊണ്ട ൟ വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൮൨൯ ആഗസ്ത ൨൬ന്നു—.

ഹെഡ അസിഷ്ടാണ്ട കൽക്കട്ടൎക്ക.

ചിറക്കൽ താലൂക്ക താസീൽദാർ—ബൊധിപ്പിക്കുന്ന ഹരജി. മുണ്ടയാട്ട ഒടി നിലത്തിന്റെ നികുതി ൧൦൨൧ൽ തന്നൊട അഴിക്കൊ

ട അധികാരി വാങ്ങി ഇരിക്കെ ആ കൊല്ലത്തിൽ തന്നെ ആ നികുതി——രാമനൊട വാങ്ങിയ പ്രകാരം അവൻ സീവിൽ വ്യവഹാരത്തിൽ തക്കിച്ചിരിക്കുന്നു എന്നും മററും——പക്കുറൻ ബൊധിപ്പിച്ച കാൎയ്യത്തിൽ ഹരജിക്കാരനൊടും മററും വിസ്തരിച്ച വിവരം ബൊധിപ്പിക്കെണമെന്ന കഴിഞ്ഞ എപ്രെൽ ൨൯൹ ശീമവക ൧൧ാം നമ്പ്രായി ഉണ്ടായ കല്പന എത്തി അറികയും ചെയ്തു.

൨. സംഗതിയിൽ ഹരജിക്കാരനൊടും എതൃകക്ഷിക്കാരൻ—രാമൻ ജമക്കാരൻ മരിച്ചു പൊയ യൊഗി ആനന്ദൻ ഗുരിക്കളുടെ അനന്തിരവൻ യൊഗി ഒതെനൻ ഇവരൊടും വിസ്തരിച്ചു. അധികാരി തന്നൊട നികുതി വാങ്ങിരിക്കുന്ന കാലം തന്നെ എതൃകക്ഷിക്കാരൻ രാമനൊട നികുതി വാങ്ങിയ പ്രകാരം ആ രാമൻ കൊടത്തിൽ ബൊധിപ്പിച്ചിരിക്കകൊണ്ട തനിക്ക കൊടത്തിയിൽ ബൊധിപ്പിക്കെണ്ടുന്ന സാദ്ധ്യത്തിന്മെൽ അങ്ങിനെ രാമൻ ബൊധിപ്പിച്ചത നെരൊ അല്ലയൊ എന്ന രെഖാ രൂപെണ ഒരു തീൎപ്പ വരുത്തി കിട്ടെണമെന്നാകുന്നു ഹരജിക്കാരൻ അപെക്ഷിച്ച കാണുന്നത.

൩. അപെക്ഷ അതിനു മൂലമായി കൊടത്തിയിൽ നടക്കുന്ന വ്യവഹാരത്താൽ തന്നെ സിദ്ധിക്കുന്നതാണെങ്കിലും കല്പനയിലെ താല്പൎയ്യ പ്രകാരം വിസ്താരം ചെയ്യുതിലും എതൃകക്ഷിക്കാരൻ രാമൻ സീവിൽ വ്യവഹാരത്തിൽ തക്കിച്ചു എന്ന പറയുന്നതിലെക്ക അനുരൂപമായി നികുതി അവൻ കൊടുത്ത പ്രകാരം തന്നെ ബൊധിപ്പിക്കുന്നുണ്ടെങ്കിലും അതിലെക്ക ലക്ഷ്യമായ നികുതി ശീട്ട മുതലായ്തു ഒന്നും ഹാജരാക്കാമെന്ന ബൊധിപ്പിച്ച അവധി കഴിഞ്ഞിട്ടും ഇതുവരെ അവൻ ഹാജരാക്കിട്ടില്ല.

അതിനാൽ അവൻ സമ്മതിച്ച പ്രകാരം ഇനി ആ കാൎയ്യത്തിൽ അവൻ വശം ശീട്ട ഇല്ലെന്ന വിചാരിപ്പാൻ വഴിയായിരിക്കുന്നു എന്ന മാത്രമല്ലാ നികുതി ഹരജിക്കാരനൊടാകുന്നു വാങ്ങിരിക്കുന്നത എന്ന അധികാരി ബൊധിപ്പിച്ചും കണ്ടിരിക്കുന്നു. ഇങ്ങിനെ ഉള്ള കാൎയ്യത്തിൽ സീവിൽ വ്യവഹാരം നടക്കുന്ന പ്രകാരം കാണുന്ന ആ വ്യവഹാരത്താൽ തന്നെ തീൎച്ച വരുന്ന ഹരജിക്കാരന്റെ അപെക്ഷയിന്മെൽ ഇനിയും അധികമായ ഒരു അന്വെഷണ വിസ്താരത്തിന്ന സംഗതി കാണുന്നില്ലായ്കകൊണ്ട മെൽ എഴുതിയവരൊട വിസ്തരിച്ച കയ്പീത്തുകളും കല്പനയൊട കൂടിവന്ന ദസ്താപെജുകളും ഇതൊട കൂടി അയച്ച വസ്തുത ബൊധിപ്പിച്ചിരിക്കുന്നു എന്ന ൧൦൨൭ ചിങ്ങം ൨൨൹ക്ക ൧൮൫൧മത സത്തെമ്പ്ര മാസം ൫൹—

വിശെഷിച്ച മെപ്പടി രാമൻ ഒരു തകരാറകാരനും അവന്റെ ജയജയത്തിന്റെ ഗുണദൊഷം വിചാരിച്ച തഞ്ചം നൊക്കിമാറിയും സമയം പൊലെ വെളിവിൽ പുറപ്പെട്ടും വരുന്നവനും ആകയാൽ അവനെ പലപ്പൊഴും കൊൽക്കാരെ അയച്ച അന്വെ

ഷിച്ചും അധികാരിക്ക കല്പനയയച്ചും പ്രയത്നപ്പെട്ടതിൽ ഒടുവിൽ മാത്രം കണ്ടു കിട്ടി വിസ്മരിച്ചതാകയാൽ ൟ കാൎയ്യത്തിൽ ഇത്രതാമസമായ്പ്പോകകൊണ്ടു ൟ വസ്തുതയും ബൊധിപ്പിച്ചിരിക്കുന്നു.
൧൨ സത്തെമ്പ്ര ൧൬—

അസിഷ്ടാണ്ടു കൽക്കട്ടൎക്ക.

വള്ളുവനാട തലൂക്ക താസീൽദാർ ബൊധിപ്പിക്കുന്ന ഹരജി. ൟ താലൂക്ക പുലാമന്തൊൾ അംശം കൊൽക്കാരൻ കൃഷ്ണൻ നായര പണിയുടെയും മററും ദിനത്താൽ കഴിഞ്ഞ കുംഭമാസം ഫവ്രു-ക്ക ഫവ്വ൧൪ വിപ്ര്വരി മാസം ൨൨നു മരിച്ചു പൊയിരിക്കുന്നു. ൟ പണി കൊടുക്കെണമെന്ന സന്നത അവകാശി കുഞ്ചുനായര സന്നിധാനത്തിങ്കൽ ഹരജി ബൊധിപ്പിച്ച കല്പന വരികയും വെറെ ആയംശക്കാര തന്നെ ൨ ആള ഇവിടെയും ഹരജി ബൊധിപ്പിക്കയും ചെയ്യുകൊണ്ടു അവരുടെ പ്രാപ്തിയുടെ അവസ്ഥ അധികാരി മുഖാന്തരം അന്വെഷിച്ചും ഇത വരെ ഞാൻ നൊക്കി കണ്ടും അവരുടെ യൊഗ്യതയെ കുറിച്ച എഴുതിയ പട്ടിക ഇതൊടു കൂടി അയച്ചിരിക്കുന്നു. ൟ അംശം മെനൊൻ പട്ടികയിൽ പറയുന്ന ൧ാം നമ്പ്രകാരൻെറ കാരണവര കിട്ടുനായരുടെ മകനാകുന്നു. അംശം മെനൊനും കൊൽക്കാരനും തമ്മിൽ സംബന്ധികളായാൽ ജനങ്ങൾക്ക ഉപദ്രവം ഉണ്ടാകുമെന്നും മററും ൟ അംശത്തിൽ ഉള്ള കുടിയാന്മാര കുഞ്ഞാപ്പ മുതൽ ൨൨ ആള കൂടി സന്നിധാനത്തിങ്കൽ ബൊധിപ്പിച്ച ഹരജി മെൽ ആ സംഗതി അന്വെഷിച്ച ബൊധിപ്പിപ്പാൻ എപ്രെൽ ൧൬-ത്തെ കല്പനയൊടുകൂടി വന്നിരിക്കുന്നു. ആ സംഗതി കൊണ്ടു അന്വെഷിച്ചതിൽ സംബന്ധികൾ എന്ന പറയുന്നത നിജമാണെ മെനൊന കണക്കെഴുത്ത പണി മാത്രം ആകകൊണ്ടു കൊൽക്കാരൻ സംബന്ധക്കാരനായി വന്നതിനെകൊണ്ടു കുടിയാന്മാൎക്ക ഒരു ദൊഷം ചെയ്യാൻ തക്കവണ്ണം വഴിയുള്ളതായിട്ട കാണുന്നില്ല. ഒര അംശം കൊൽക്കാരനെ നിശ്ചയിക്കുന്ന കാൎയ്യത്തിൽ പലരുടെ പെരിൽ കൂടി ഇങ്ങിനെ ഒര ഹരജി ഉണ്ടായ്യു വിചാരിക്കുമ്പൊൾ ൟ പണിക്ക ആഗ്രഹിച്ചവരിൽ ആരൊ സന്നതവകാശം പ്രമാണിച്ച ൧ാം നമ്പ്രകാരനെ പണിക്ക നിശ്ചയിച്ചു പൊയി എങ്കിലൊ എന്ന വിചാരിച്ച അതിന്ന വിഘ്നാതത്തിന്ന വെണ്ടി ഇങ്ങിനെ ഹരജി അയച്ചതായിട്ടല്ലാതെ മെലിൽ ഒരു ഉപദ്രവം വരുമെന്ന കെവലം വിചാരിച്ച ബൊധിച്ച ഹരജി എന്ന തൊന്നീട്ടില്ല പട്ടികയിൽ പറയുന്ന നാലാളെയും കണ്ടതിൽ ശരീരശെഷി എകദെശം എല്ലാവരും ഉണ്ടു. ൨-൦-൪-൦ നമ്പ്രകാൎക്ക എഴുതറിഞ്ഞുകൂട ൨ാം നമ്പ്രകാരന കുടിയാന്മാരെയും പരിജയം ഇല്ലെന്നും അയാളാൽ പണി നടത്താവുന്നതല്ലെന്നും ൧-൦-൨-൦ നമ്പ്രകാരനെ നിശ്ചയി

ച്ചാൽ പണിനടക്കമെന്നും അതിൽ ൩ാം നമ്പ്രകാരനാണ അധികം പ്രാപ്തി ഉള്ളത എന്നും അധികാരി ബൊധിപ്പിച്ചിരിക്കുന്നു.

ൟ അംശത്തിലെ കാനെഷ്കുമാതിരി പ്രകാരം ൧൮൫൩ ഹിന്തുവും ൧൭൯ മുസൽമാനും ഉണ്ട അത നൊക്കുമ്പൊൾ മൂന്നിൽ ഒന്നൊളം മുസൽമാൻ ഉള്ള പ്രകാരം കാണുന്നു. അതിനാൽ മുസൽമാൻജാതിക്കാരായിട്ട ൟ അംശത്തിൽ നിശ്ചയിക്കെണമെന്നവിചാരിക്കുന്നുണ്ടെങ്കിൽ ൪ാം നമ്പ്രകാരന എഴുത്ത അറിഞ്ഞുകൂടായ്കകൊണ്ട അംശം പണിക്ക അവൻ മതിയാവുന്നതല്ല വെറെ ആളുണ്ടാവുവൊ എന്ന അന്വെഷിക്കെണ്ടതാണ അത അല്ല ഹിന്തുജാതിയായിട്ടാണ നിശ്ചയിക്കുന്നത എങ്കിൽ സന്നതകാരന്റെ അവകാശിയായ ൧ാം നമ്പ്രകാരനെ നിശ്ചയിക്കെണ്ടതിന്നാണ അധികം സംഗതി ഉള്ളത ഇവരെ ജമാവന്തിക്കായി എജമാനൻ അവർകൾ ൟ ദിക്കിൽ വരുമ്പൊൾ ഹാജരാക്കിയാൽ മതി എങ്കിൽ അങ്ങിനെയും അതല്ലാ മലപ്പുറത്തെക്ക തന്നെ അയക്കെണമെങ്കിൽ അങ്ങിനെയും വരുന്ന കല്പനപ്രകാരം നടക്കാം ഇപ്പൊൾ നാലാം നമ്പ്രകാരനെകൊണ്ടാണ പണി നൊക്കിച്ച വരുന്നത മെൽപ്രകാരത്തെകുടിയാന്മാരും ൧-ം-൨-ം നമ്പ്രകാരും സന്നിധാനത്തിങ്കൽ ബൊധിപ്പിച്ച വന്ന ഹരജികൾ ൩-ം ഇതൊട ഒന്നിച്ച അയച്ചിരിക്കകൊണ്ട വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന കൊല്ലം ൧൦൨൯മത മെടമാസം ൨൦൹-ക്ക ൧൮൫൪മത മെയിമാസം ൧൹- പെരുന്തൽമണ്ണനിന്ന.

അസിഷ്ടാണ്ട കൽക്കട്ടെക്ക

വള്ളുവനാട താലൂക്ക താസീൽദാര ബൊധിപ്പിക്കുന്ന ഹരജി. ൟ താലൂക്കിൽ തച്ചമ്പാറ അംശം കൊൽക്കാരൻ ഇട്ടിരാരിച്ചൻ നായര പനിയുടെയും കൊരയുടെയും ദീനത്താൽ ൟ മെടമാസം ൧൹-ക്ക എപ്രെൽ മാസം ൧൨൹- ബുധനാഴ്ചയും

അര കുറിശ്ശി അംശം കൊൽക്കാരൻ ഗൊവിന്ദന മുമ്പെ ഉണ്ടായിരുന്ന ക്ഷയരൊഗത്തിന്റെ പുറമെ ഛർദ്ദിയും പൊക്കും തുടങ്ങി മെടമാസം ൧൪൹-ക്ക എപ്രെൽ ൨൫൹-ം മരിച്ച പൊയിരിക്കുന്ന പ്രകാരം മെപ്പടി അധികാരിമാരുടെ റിപ്പൊട്ടുകൾ കിട്ടിരിക്കുന്നു.

ഇതിൽ അര കുറിശ്ശി അംശം കൊൽക്കാരൻ ഗൊവിന്ദന ക്ഷയരൊഗത്തിനാൽ ൫൩ സത്തെമ്പ്ര ൨൨൹- മുതൽക്ക ചന്തുക്കുട്ടി നായരുടെ ബതലിന്മെൽ കല്പന വാങ്ങി ബതൽകാരൻ ചന്തുക്കുട്ടിനായര പണി നൊക്കി വരുമ്പൊഴാണ ഗൊവിന്ദൻ മരിച്ച പൊയിരിക്കുന്നത ബതൽകാരൻ മെപ്പടി ചന്തുകുട്ടി നായര എട്ട മാസത്തൊളമായി പണി എടുത്ത വരുന്നത കൂടാതെ ശെഷിയും പ്രാപ്തിയും ഉള്ളതിനാലും ൟ പണിക്ക ചന്തുകുട്ടി നായരെ നിശ്ചയിക്കെണമെന്നാകുന്നു അധികം അഭിപ്രായം ബൊധി

പ്പിച്ചിരിക്കുന്നത ആ ചന്തുകുട്ടി നായരെ ഞാൻ കണ്ടതിലും ആ യംശത്തിൽ പൊയ സമയം പണി എടുത്ത കണ്ടതിലും ൟ കൊൽക്കാരൻ പണിക്ക ശെഷിയും ജാഗ്രതയും ഉണ്ടെന്നും നിശ്ചയിച്ചാൽ പണി ശെരിയായി നടക്കുമെന്നും തൊന്നിരിക്കകൊണ്ട ചന്തുകുട്ടി നായരെ ആ കൊൽക്കാരൻ പണിക്ക സ്ഥിരപ്പെടുത്താൻ കല്പനയാകെണ്ടതിന്ന വെണ്ടി അധികാരിബൊധിപ്പിച്ച റിപ്പൊട്ടും ഇതൊട ഒന്നിച്ച അയച്ച വസ്തുത ബൊധിപ്പിച്ചിരിക്കുന്നു.

തച്ചമ്പാറ കൊൽക്കാരൻ പണിക്ക നിശ്ചയിപ്പാനായിട്ട ഒരുവനെ ശിപാശി ചെയ്യാൻ അധികാരിക്ക കല്പന കൊടുത്തിരിക്കകൊണ്ട ആ പണിക്ക നിശ്ചയിക്കെണ്ടുന്ന വിവരം വഴിയെ ബൊധിപ്പിച്ചുകൊൾകയും ചെയ്യാം.

വിശെഷിച്ച മെൽ പറഞ്ഞ ചന്തുകുട്ടി നായരുടെ വീട കൊഴിക്കൊട്ടാകുന്നു കുറെ കാലമായിട്ട അവൻ മണ്ണാർക്കാട്ട പാൎത്തവരുന്നത എന്നും അറിഞ്ഞിരിക്കുന്നു. എന്ന ൧൦൨൯ മെടമാസം ൨൨നു-ക്ക ൧൮൫൪ മെയി ൩നു- പെരുന്തൽമണ്ണനിന്ന.

അസിഷ്ടാണ്ട കൽക്കട്ടൎക്ക.

എറനാട താലൂക്ക താസീൽദാർ ബൊധിപ്പിക്കുന്ന ഹരജി. ജൂൻ ൨൧നു- ൧൫൧ാം നമ്പ്രായി ഉണ്ടായ കല്പന പ്രകാരം നിലമ്പൂര അധികാരി മുഖാന്തരം കള്ള ചന്ദനം പിടിപ്പാനുണ്ടായിരുന്ന ഒററകാരൻ ആൾക്കാര മുതലായവരുടെ വിവരവും വിഹിത പ്രകാരം ഇനാം സംഖ്യ എഴുതിയും ൧൮൫—൮ സലക്ക ഒരു പട്ടിക ഉണ്ടാക്കിരിക്കകൊണ്ട ആയ്യും പാണ്ടിക്കാട മുസ്സൽമാൻ പെഷ്കാര മുഖാന്തരം മെൽ പ്രകാരം ചന്ദനം പിടിപ്പാനുണ്ടായിരുന്നവരുടെ പട്ടിക അയപ്പാൻ ജൂൻ ൨൭നു- ൧൧൨ാം നമ്പ്രായി വള്ളുവനാട താസിൽദാൎക്ക ഉണ്ടായ കല്പനയുടെ പകൎപ്പ ആ ചന്ദനം ൟ താലൂക്ക മുഖാന്തരം പെഷ്കാര പിടിച്ച ഏല്പിച്ചതാകയാൽ ഇവിടെ നിന്ന പട്ടിക ഉണ്ടാക്കി അയപ്പാൻ ആ താലൂക്കിൽനിന്ന എഴുത്തൊട കൂടി അയച്ച എത്തുകയാൽ ആളുകളുടെ വിവരം പെഷ്കാൎക്ക എഴുതി അയച്ച വരുത്തി ആ വകക്കും ഇനാം സംഖ്യ ഇട്ട ൧൨൦—൪—൩ സലക്ക പട്ടിക ഉണ്ടാക്കി ആ പട്ടികയും ൟ ഹരജിയൊട കൂടി സന്നിധാനത്തിങ്കലെക്കയച്ചിരിക്കുന്നു. ജൂലായി ൯നു- പെഷ്കാര എഴുതിയ മറുപടിയിൽ ൟ ചന്ദനം പിടിപ്പാനുണ്ടായ ഒററകാരുടെ വിവരം പ്രസ്ഥാപിച്ചാൽ അവൎക്ക വിരൊധമുണ്ടാകകൊണ്ട അവരുടെ ഇനാം പെഷ്കാര മുഖാന്തരം കിട്ടിയാൽ മതി എന്ന പറഞ്ഞപ്രകാരവും ശെഷം ആളുകൾ സന്നിധാനത്തിങ്കൽ ഹാജരാവാൻ അറിയിച്ചിരിക്കുന്നു എന്നും കാണുന്നതാകകൊണ്ട കള്ളചന്ദനം മാത്രമായി പിടിച്ചതിന്ന മു

മ്പെ ഇവിടെനിന്ന ഇനാം കൊടുത്തിട്ടില്ലായ്കയാൽ ചന്ദനവും കള്ള പൂകെലയും കൂടിട്ടും കള്ളപൂകെല തന്നെയും മുമ്പെ പിടിച്ചതിന്ന കൊടുത്ത വന്നിരിക്കുന്ന ക്രമപ്രകാരം ആകെ ഉള്ള ഇനാം സംഖ്യയിൽ പകുതി ഒററക്കാരനും ശെഷം കൊണ്ടുവെറെ ഉള്ള എല്ലാവൎക്കും ഒപ്പപ്പം ശെരി ഇട്ടും പട്ടികയിൽ ഇനാം സംഖ്യഎഴുതിട്ടുള്ളതാകയാലും ൟ വസ്തുതയും ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൨൮ കൎക്കിടകം ൧൦൩-ക്ക ൧൮൫൩ ജൂലായി മാസം ൨൭൩-മഞ്ചെരിനിന്ന.

അസിസ്റ്റാണ്ട കൽക്കട്ടൎക്ക.

വള്ളുവനാട താലൂക്ക താസീൽദാർ ബൊധിപ്പിക്കുന്ന ഹരജി. ൟ താലൂക്കിൽ പലന്നൂര അംശം അരിപ്രെദെശത്ത ആങ്ങൊട്ടപറമ്പിന്റെ വടക്ക ഭാഗം ഒട്ടക്കം കുന്നിന്റെ മുകളിൽ കല്ലിൻ കൂട്ടത്തിൽ ഒരു നരി വന്ന ൟ മെടമാസം ൧൯൩-ക്ക എപ്രെൽ മാസം ൩൦- പകൽ ഉണ്ണ്യ്യന്റെ ഒര ആടിനെ പിടിക്കുകയാൽ അന്ന തന്നെ ഉണ്ണ്യന്റെ മകൻ ഉണ്ണ്യാലി എന്നവൻ ആളുകളെ കൂട്ടി ചെന്ന നൊക്കുമ്പൊൾ മെപ്പടി നരിയെ കല്ലളയിൽ നിന്ന കാണുകയും കല്ലളയിൽനിന്ന ചാടിയപ്പൊൾ മെപ്പടി ഉണ്ണ്യാലി വെടിവെച്ച വെടികൊണ്ടു വലത്തെ കാല മൊടങ്ങി വീണും അപ്പൊൾ ഉടനെഉണ്ണ്യാലിയുടെ അനുജൻഅയ്യപ്പൻ കുന്തംകൊണ്ട കുത്തിയും കൊന്നിരിക്കുന്ന പ്രകാരവും ൟ നരി പുഴക്കാട്ടിരി അംശത്തിൽ പനങ്ങാങ്ങര ദെശത്ത ചുള്ളിപാറ എന്ന പാടത്തനിന്ന ഒര പശുവിനെ പിടിച്ച അവിടെനിന്ന വന്നിട്ടാണ മെൽപ്രകാരം ആടിനെ പിടിച്ചത എന്നും അരിപ്രെദെശത്ത മുഖ്യസ്ഥന്മാരും പലന്നൂര അംശം അധികാരിയും എഴുതിയ റിപ്പൊൎട്ടുകളൊട കൂടി നരിയുടെ തൊലും നഖം ൧൮-ം പല്ല ൨-ം ഹാജരാക്കി കാട്ടുകയും ചെയ്തിരിക്കുന്നു. പുഴക്കാ പുള്ളി നരിയാകുന്നു. തൊല അളപ്പിച്ചതിൽ വാല കൂടാതെ ഒടല ൩ അടിയും വാല ൨ അടിയും കൂടി ൫ അടി നീളവും ഉയരം ൨॥ അടിയും കണ്ടിരിക്കുന്നു. പല്ല ഒന്ന കുറവുള്ളതിന്റെ സംഗതികൊണ്ടു ഉണ്ണ്യാലിയൊട ചൊദിച്ചാറെ നാല പല്ലഉള്ളതിൽ ഒന്ന പൊട്ടിപൊയി കുററി ആയിരുന്നതിനാൽ പറിച്ച എടുപ്പാൻ കിട്ടിട്ടില്ലെന്നും പറകയും ആ സംഗതിക്ക അധികാരിക്ക കല്പനയച്ച മറുപടി വരുത്തിയതിലും ഒരു പല്ല പൊടിഞ്ഞ പൊയിട്ടുള്ളത ശെരിയെന്നും കണ്ടിരിക്കുന്നു. ൟ നരിയെ കുലപ്പെടുത്തിയതായി പറയുന്നത നല്ല നാട്ടുപുറവും ജനങ്ങൾക്കും കാലികൾക്കും മററും ഉപദ്രവം ഉള്ളതും ആയസ്ഥലമാകുന്നു. വെടിവെച്ച ഉടനെ തൊല പൊളിക്കും മുമ്പെ ൟ നരിയുടെ ശവം സന്നിധാനത്തിങ്കൽ കൊണ്ടുവന്ന കാട്ടിയതായും ഉണ്ണ്യാലി മെൽ പ്രകാരം വെടി വെച്ചത നിജമെന്നും അന്വെഷണത്തി

ല്യം അറിഞ്ഞിരിക്ക കൊണ്ട ഇനാമത്തിന്ന വെണ്ടി മെപ്പടിതൊല പല്ല നഖങ്ങൾ ഉണ്ണ്യാലിയെ ഏല്പിച്ചും അധികാരി മുഖ്യസ്ഥന്മാരുടെ റിപ്പൊട്ടുകൾ മൂന്നും ഇതൊട്ട കൂടി സന്നിധാനം മുമ്പാകെ അയച്ച വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൨൯ൽമെടം ൨൧൹-ക്ക ൧൮൫൪മത മെയി മാസം ൩൹- പെരുന്തൽമണ്ണനിന്ന.

അസിഷ്ടാണ്ട കൽക്കട്ടൎക്ക.

വള്ളുവനാട താലൂക്ക താസീൽദാര ബൊധിപ്പിക്കുന്ന ഹരജി മെയി ൧൦൹-ത്തെ സക്ക്ലെർ ൨ാം നമ്പ്ര കല്പനയും അതൊട്ട കൂടി അയച്ച ഇരിമ്പ അയിരിന്റെയും മററും കാൎയ്യത്തിൽ അറിയെണ്ടുന്ന വിവരങ്ങളുടെ ചൊദ്യകടലാസ്സും ൧൨൹- കിട്ടി. ൟ സംഗതിയെ കുറിച്ച ഹജൂരിൽനിന്ന മെയി ൩൹- ൨൩ാം നമ്പ്രായി ഉണ്ടായ കല്പനയും ൧൦൹- കിട്ടിരിക്കുന്നു. കല്പനകളിൽ പറയുന്ന സംഗതികളെ കുറിച്ച അന്വെഷണങ്ങൾ ചെയ്തു മറുപടികൾ എഴുതി വരുന്നു. അയിരിന്റെയും ഇരിമ്പിന്റെയും പണിത്തരങ്ങളുടെയും മാതിരികൾ അയപ്പാൻ രണ്ട കല്പനയിലും പറയുന്നുണ്ടാകകൊണ്ട രണ്ട വകക്കും പ്രത്യെകം പ്രത്യെകമായി അയക്കെണമെങ്കിൽ ശിലവ എരട്ടിപ്പായിട്ട വരുന്നതാകയാൽ എല്ലാ മാതിരിയും ഒരുവക തയ്യാറാക്കി സന്നിധാനം മുമ്പാകെയൊ ഹജൂരക്കൊ ഒരു ദിക്കിലെക്കയച്ചാൽ മതിയാകുമൊ എങ്ങിനെയെന്നറിയുന്നില്ലായ്കകൊണ്ട ആ വിവരത്തിന്നും ഇരിമ്പ വക പണികൊപ്പുകളിൽ തൊക്കുകൾ ഉടനെ ഉണ്ടാക്കി തീരെണ്ടതിലെക്കതാമസവും ശിലവും കുറെ അധികം വെണ്ടി വരുന്നതാകയാൽ മുമ്പെ ദ്രൊഹക്കാരൻ മയ്യ്ത്തിയന്റെ കുടിയിൽനിന്ന എടുത്ത സന്നിധാനത്തിങ്കൽ അയച്ചിട്ടുള്ള തിരി വെച്ച തൊക്കും നാടൻ ചട്ടപാത്തി തൊക്കും ഇതിലെക്ക മാതിരിക്ക എടുപ്പാനാവുമൊ ഏതപ്രകാരമെന്ന കല്പന അറിവാനായി വസ്തുത ബൊധിച്ചിരിക്കുന്നു, വിശെഷിച്ച മെൽ പറഞ്ഞ തൊക്കുകൾ എടുപ്പാനാവുന്നതല്ലെങ്കിൽ മെയി ൧൯൹-ത്തെ ൧൩൨ ആം നമ്പ്ര പൊലീസ്സ റിപ്പൊട്ടൊട കൂടി സന്നിധാനത്തിങ്കലെക്കയച്ചിരിക്കുന്ന ദ്രൊഹകുററത്തിൽ പ്രവെശിക്കാൻ പൊകുന്നു എന്ന പറയുന്ന ഉണ്ണി കുഞ്ഞന്റെ തൊക്ക അതിലെ ൩ാം സാക്ഷി രായുവിന്റെ കയ്യിൽ പണയം ഉള്ളത ഇവിടെ വരുത്തി വെച്ചിട്ടുള്ളത ൫ ഉറുപ്പികക്ക വിലതീൎത്ത തരാമെന്ന അവര പറഞ്ഞിരിക്കുന്നു. വിസ്താരത്തിൽപ്പെട്ട തൊക്കാകകൊണ്ട ആയ്ത മെൽ പറഞ്ഞ വകക്കായിട്ട അവരൊട വാങ്ങുന്നതില്ലു വിരൊധം ഉണ്ടൊ എന്നറിവാനായി ൟ വസ്തുതയും ബൊധിപ്പിച്ചിരിക്കുന്നു. ഒരു തൊക്ക പുതുതായി ഉണ്ടാക്കാൻ ഏകദെശം ഒരു മാസത്തൊളം താമസം വെണ്ടി വ

ദുന്നതാകകൊണ്ട ൦രം വകക്ക ശ്രമിക്കുന്നതാണെ എന്ന ൧൦൨൯ ഇടവം ൧൩-ക്ക ൧൮൫൪ മെയി ൨൦- പെരുന്നാൾ മണ്ണന്നിന്ന.

അസിഷ്ടാണ്ട കൽക്കട്ടർക്ക.

ഏറനാട താലൂക്ക താസീൽദാർ ബൊധിപ്പിക്കുന്ന ഹരജി. കുഞ്ഞി അമ്മയുടെ വീട്ടിൽ വള്ളുവനാം അംശം വക കണക്കുകൾ സൂക്ഷിച്ചിരുന്നത ആ വീട്ടിന്ന തീ പററിയ സമയം വെന്ത പൊയ്തിന്റെ ഏതെല്ലാം പ്രതികളാകുന്നു താലൂക്ക റിക്കാട്ടിൽ ഉള്ളത എന്ന ശൊധന ചെയ്യിച്ച പെര ലീസ്സുണ്ടാക്കി അയപ്പാൻ ഏപ്രെൽ ൨൩- ൹ാം നമ്പ്രായി ഉണ്ടായ കല്പന എത്തി അറികയും ചെയ്യു.

കണക്കുകൾ വെന്ത കൂട്ടത്തിൽ അതിന്റെ പെര ലീസ്സും പൊയിരിക്കകൊണ്ട ഇന്നിന്ന കണക്കുകൾ വെന്ത പൊയി എന്ന നിശ്ചയിപ്പാൻ പാടില്ലാ എങ്കിലും ആയംശം വകയായി താലൂക്ക റിക്കാട്ടിൽ ഉള്ള എല്ലാ കണക്കുകളും വെന്ത പൊയ്യ കഴിച്ചകിട്ടി ഇപ്പൊൾ അംശത്തിൽ ഹാജരുള്ള കണക്കുകളും ശൊധനചെയ്യുതിൽ താലൂക്കിൽ കണ്ട വക തന്നെ അംശത്തിൽ ഉള്ളത കഴിച്ച അംശത്തിൽ ഇല്ലാതെ താലൂക്ക റിക്കാട്ടിൽ ഹാജരുള്ള വക കണക്കുകളുടെ വിവരം പെരിസ്സുണ്ടാക്കി ൦രം ഹരജി ഒന്നിച്ച സന്നിധാനത്തിങ്കലെക്കയച്ചിരിക്കുന്നു പെര ലിസ്സ പ്രകാരമുള്ള എല്ലാ കണക്കിന്റെ പകപ്പുകളും അംശത്തിലെക്ക കൊടുപ്പാനായി മെനൊനെ കൊണ്ട പകപ്പ എഴുതിച്ച വരുന്നതും ഉണ്ട. അംശം മെനൊൻ കെശവൻ നായക്ക കണക്കുകൾ സൂക്ഷിപ്പാൻ തട്ട ഇട്ടതായ നല്ല സ്ഥലം ഉണ്ട. അങ്ങിനെ ഉള്ള നല്ല സ്ഥലത്ത സൂക്ഷിക്കാതെ തട്ടില്ലാത്ത സ്ഥലത്ത കണക്കുകൾ സൂക്ഷിച്ചത അയാൾപക്കൽ തെററാക കൊണ്ടും ഇങ്ങിനെ മിക്കവാറും അംശം മെനൊൻമാര നടന്ന വരുന്നതായി അറിഞ്ഞിരിക്കയാലും ൦രം ആളും ശെഷം അംശം മെനൊൻമാരും മെലാൽ ശെരിയായി നടന്ന വരുവാൻ വെണ്ടി കെശവൻ നായക്ക ൦രം കുറി തക്കതായ ഒരു കല്പന ഉണ്ടാകെണ്ടതാണെന്ന തൊന്നി ൦രം വസ്തുതയും ബൊധിപ്പിച്ചിരിക്കുന്നു, എന്ന ൧൦൨൯ കക്കിടകം ൧൩-ക്ക ൧൮൫൪മത ജൂലായി മാസം ൨൭൩-.

അസിഷ്ടാണ്ട കൽക്കട്ടർ

വള്ളുവനാട താലൂക്ക താസീൽദാക്ക എഴുതിയ കല്പന ൧൨൬൨ാം ഫസലിയിൽ ൧൮൩൭ാം നമ്പ്രായി കൊടക്കാട്ട കണ്ടര മെനൊന കൌൾ കൊടുത്തിട്ടുള്ള വടക്കെ മണ്ണ പറമ്പ മുതൽ ൨ നിലം

കുഞ്ഞു നമ്പ്യാൎക്ക വിററിരിക്കുന്നു എന്നും കുഞ്ഞുനമ്പ്യാര ഇപ്പൊൾ പുഴ തിരിച്ചു മുൻമ്പെത്തെ പ്രകാരമല്ലാതെ നടപ്പാക്കാൻ വിചാരിക്കുന്നതിനാൽ വെറെ കൌൾ കൊടുക്കെണമെന്നും കണ്ടരമെനൊന്നും കുഞ്ഞുനമ്പ്യാരും ബൊധിപ്പിച്ച ൨ ഹരജികളും പട്ടയപകൎപ്പും ഇതൊട ഒന്നിച്ചയക്കുന്നു. അതിൽ പറയുന്ന സംഗതി അന്ന്വെഷിച്ചും സ്ഥലം നൊക്കിച്ചും വിഹിത പ്രകാരം പ്രവൃത്തിച്ചു ദസ്താപെജകളൊട്ട കൂടി താമസിയാതെ റിപ്പൊൎട്ടചെയ്കയും വെണം എന്ന ൧൦൨൯ മിഥുനം ൧൯-ക്ക ൧൮൫൪ാമത ജൂൻമാസം ൧൭൯- ഒറവമ്പുറത്തന്നിന്ന.

അസിഷ്ടാണ്ട കൽക്കട്ടർ.

വള്ളുവനാട താലൂക്ക താസീൽദാൎക്ക എഴുതിയ കല്പന ആനമലയിൽ സൎക്കാരവക മരപ്പണി എടുപ്പിക്കുന്ന സായ്പവൎകൾ നമുക്കയച്ച കത്ത നൊക്കുമ്പൊൾ അവിടെ പണിക്ക വെണ്ടി ൟ ജൂലായി ൫൯- മുതൽ ൫ മാസം വരെക്ക ആറാറ കണ്ടി മരം പിടിക്കുന്ന രണ്ട വലിയ ആനകളും പലകകൾ വലിപ്പാൻ തക്ക ൨-൩ ചെറിയ ആനകളും വാടകക്കായി ആവിശ്യം ഉണ്ടെന്നും വലിയ ആനകൾക്ക ഒര പണിക്ക ൩—൩ll വരെ ഉറുപ്പികപ്രകാരവും ചെറിയ ആനകൾക്ക ഒര പണിക്ക ൧ll ൨ ഉറുപ്പിക വരെയും വാടകയും ആനക്കാരുടെ മാസ്പടിയും ആനകളുടെ ചിലവും സൎക്കാരിൽനിന്ന കൊടുക്കുമെന്നും അപ്രകാരം ആനകളെ കൊടുപ്പാൻ മനസ്സുള്ളവര മെപ്പടി ൯-ക്ക മുമ്പെ ആനകളെ അവരുടെ കാൎയ്യസ്ഥന്മാരൊട്ട കൂടി അയച്ചാൽ ആനകളെ സായ്പവൎകൾ നൊക്കി ബൊധിച്ചാൽ എററ വാങ്ങുകയും കരാറ ചെയ്കയും വാടകയിൽ ന്യായപ്രകാരം അഡ്വാൻസ്സ കൊടുക്കുകയും ചെയ്യുമെന്നും കാണുന്നതാകകൊണ്ട ൟ വിവരം ആ താലൂക്കിൽ ആനകൾ ഉള്ള പ്രമാണികളെ അറിയിച്ചും ഇത സൎക്കാര പണിയാകകൊണ്ട യാതൊര തകരാറില്ലാത്തതകൊണ്ട ആയ്തു മനസ്സിലാക്കിയും മെൽപ്രകാരം ആനകളെ എത്തിപ്പാൻ ആൎക്കെങ്കിലും മനസ്സുണ്ടെങ്കിൽ അയപ്പിച്ച ആ വിവരത്തിന്നും ഇല്ലെങ്കിൽ ആ വിവരത്തിന്നും റിപ്പൊൎട്ട ചെയ്കയും വെണം. എന്ന ൧൮൫൪ ജൂൻ ൨൧൯- പെരുന്തൽമണ്ണനിന്ന.

അസിഷ്ടാണ്ട കൽക്കട്ടർ.

എറനാട താലൂക്ക ശിരസ്തെദാൎക്ക എഴുതിയ കല്പന. ചീക്കൊട അംശം കൊൽക്കാരൻ ചാച്ചുണ്ണിനായര പ്രായാധിക്യത്താൽ അപ്രാപ്തനായിരിക്കുന്നതിനാൽ പണിക്ക അനന്തിരവൻ കൊന്തൻകുട്ടി നായര മകൻ ചാത്തുക്കുട്ടി ഇവരിൽ ഒരാളെ നിശ്ചയി

ക്കെണ്ടതിന്ന ആഗസ്ത ൧൰— ൧൫൫ാം നമ്പ്രായി ബൊധിപ്പിച്ച റിപ്പൊൎട്ടും മെൽപറഞ്ഞവരും എത്തി. അനന്തിരവൻ കൊന്തൻ കുട്ടിനായൎക്കും പ്രായം അധികമായിരിക്കുന്ന പ്രകാരവും മകൻ ചാത്തുക്കുട്ടി ചെറുപ്പക്കാരനും ശെഷി ഉള്ളവനെന്നും കാണുകയും അവനെ നിശ്ചയിക്കുന്നതും സമ്മതമെന്ന ചാച്ചുണ്ണിനായര ബൊധിപ്പിക്കയും ചെയ്തിരിക്കകൊണ്ട മെപ്പടി കൊൽക്കാരൻ പണിക്ക ചാത്തുക്കുട്ടിയെ നിശ്ചയിച്ചിരിക്കുന്നു. അവനെകൊണ്ട പണി നടത്തിച്ചുകൊൾകയും പണി നൊക്കി തുടങ്ങുന്ന നു— മുതൽക്ക അവന്റെ പെര പട്ടികയിൽ ചെൎത്തുകൊൾകയും വെണം. എന്ന ൧൮൧൪ ആഗസ്ത ൨൰— മലപ്പ്രത്തനിന്ന.

അസിഷ്ടാണ്ട കൽക്കട്ടർ.

ഏറനാട താലൂക്ക താസീൽദാൎക്ക എഴുതിയ കല്പന. നിലമ്പൂര അധികാരി മുഖാന്തരവും പാണ്ടിക്കാട മുസൽമാൻ പെഷ്കാര മുഖാന്തരവും കള്ള ചന്ദനം പിടിച്ചതിന്റെ ഇനാം കൊടുപ്പാൻ ഓഹരി ചെയ്ത പട്ടികകൾ ജ്ജൂലായി ൨൪ നു-ത്തെ ൧൪൯ാം നമ്പ്ര റിപ്പൊൎട്ട ഒന്നിച്ച അയച്ചത നൊക്കിയതിൽ ഒട്ട ഇനാമത്തിൽ നെൎപകുതി ഒററകാൎക്കും ശെഷം സംഖ്യ കൊണ്ട എല്ലാവൎക്കും സമമായിം ഓഹരി ഇട്ട കണ്ടിരിക്കുന്നു. അത ശെരി അല്ലാ. ഒററകാരന്റെയും പിടിച്ചവരുടെയും അവസ്ഥപ്രകാരം ഇനാം ഓഹരിയാക്കെണ്ടതാകകൊണ്ട അപ്രകാരം നാം ഓഹരി നിശ്ചയിച്ച പട്ടികകൾ ഉണ്ടാക്കിയ്തിൽ നിലമ്പൂര അധികാരി മുഖാന്തരം പിടിച്ചതിന്റെ ഇനാം പട്ടിക ൧ രം കല്പന ഒന്നിച്ചയച്ചിരിക്കുന്നു. മെൽ പറഞ്ഞ ഇനാം ൧൨ ഉറുപ്പിക ൫ അണ. ൨ പൈ-ജ്ജൂൻ ൨൧ നു-ത്തെ ൧൫൧ാം നമ്പ്ര കല്പനപ്രകാരം ആ താലൂക്കിൽ അനാമത്തുള്ളത മെപ്പടി പട്ടികപ്രകാരം തന്റെ മുൻമ്പാകെ അതാത ആളുകൾക്ക കൊടുത്ത പട്ടികയിൽ ഒപ്പിടിയിച്ച വാങ്ങി മറുപടിഒന്നിച്ച പട്ടിക താമസിയാതെ മടങ്ങിഅയക്കുകയും വെണം. എന്ന ൧൮൧൪ാമത ആഗസ്ത മാസം ൧൰— മലപ്പ്രത്ത നിന്ന.

അസിഷ്ടാണ്ട കൽക്കട്ടർ.

വള്ളുവനാട താലൂക്ക താസീൽദാൎക്ക എഴുതിയ കല്പന. ൧രം നൂമ്പാം ഫസലി ജമാവന്തി ഫയസ്സലിന്നായി ൧രം ജ്ജൂൻ മാസം ൧൨൰— തിങ്കളാഴ്ച മുതൽക്ക പാണ്ടിക്കാട്ടിലും ൧൭൰— തിങ്കളാഴ്ച മുതൽക്ക അങ്ങാടിപ്പ്രത്തും കച്ചെരിയൊട കൂടി നാം താമസിക്കുന്നതാകകൊണ്ട ജമാവന്തി ഫയസ്സലിന്നാവിശ്യമുള്ള കണക്കുകളൊട കൂടി നെന്മിനി പാണ്ടിക്കാട തുവ്വയൂര ചെമ്പ്രശ്ശെരി മെലാററൂര-വെട്ടത്തൂര-അരക്ക പറമ്പ. ൧രം ഏഴംശം മെനൊൻമാരെ മുടിപ്പുകഴിഞ്ഞ

ഉടനെ പാണ്ടിക്കാട്ടം-കാൎയ്യാപട്ടം-തച്ചാട്ടര-ചെത്തല്ലൂര-തിരുവഴം കുന്ദ- കൊട്ടൊപാടം- അരകുറിശ്ശി- തച്ചമ്പാറ- തെങ്കര- കുമരംപുത്തൂര-൰ ഒൻപത അംശം മെനൊൻമാരെ നാം എത്തുമ്പൊഴക്ക അങ്ങാടിപ്രത്തും ഹാജരാവാൻ തക്ക പ്രകാരമാക്കികൊൾകയും ഏറകുറവുള്ള പട്ടയം തെയ്യാറാക്കിച്ച ഒത്തനൊക്കാനും മററുംവെണ്ടി താലൂക്കിൽനിന്ന ഒരു ഗുമസ്തനെയും അയച്ചകൊൾകയും അങ്ങാടിപ്രത്ത കച്ചെരിയാക്കി താമസിക്കുന്ന ദിവസങ്ങളിൽ മെലെകുന്ത-കീഴെകുന്ത- ജമാവന്തി കൂടി ഫയസ്സലാക്കുന്നതാകയാൽ അവിടെ ഉള്ള മണ്ണെഹാരന്മാരെയും ഫ. ൨ പ്രമാണി കുടിയാന്മാരെയും ഫൻനു- തിങ്കളാഴ്ചക്ക നാം അങ്ങാടിപ്രത്ത എത്തുമ്പൊഴക്ക അങ്ങാടിപ്രത്ത ഹാജരാവാൻ തക്കപ്രകാരമാക്കികൊൾകയും വെണം. എന്ന ഫംവൻ എടവം ൨൫നു-ക്ക ഫവ്വ൫൪ാമത ജ്രൂൻ മാസം ൻനു- മലപ്രത്ത നിന്ന.

അസിഷ്ടാണ്ട മജിസ്ത്രെട്ട.

ചെറനാട താലൂക്ക ഹെഡപൊലീസാപ്പക്ക എഴതിയ കല്പന. അന്ന്യായം കൃഷ്ണൻ നമ്പ്യാര പ്രതി മാന്ദൻ നമ്പ്യാര മുതൽ ൨ാൾ അടി കലശൽ ചെയ്കയും ആ കലശലിൽ അന്ന്യായക്കാരന്റെ കയ്യിന്റെ എല്ല മുറികയും ചെയ്തിട്ടുള്ള കാൎയ്യം താൻ വിസ്തരിച്ച കുമിനാൽ കമ്മിട്ട ചെയ്യു റപ്പൊടത്ത പകൎപ്പ മുതലായ്യു ഡിസമ്പ്രനു-ത്തെ ൩൨ൻാം നമ്പ്ര റിപ്പൊട്ടൊന്നിച്ചയച്ചത എത്തി നൊക്കിയ്യിൽ ൰ കുററം നടന്ന വിവരത്തിന്ന അധികാരി ആദ്യം റപ്പൊടത്ത ചെയ്യാതെയും ആ സംഗതിയെ കുറിച്ച ആയാളൊട വിസ്തരിച്ചതിന്ന ബൊധിപ്പിച്ച സമാധാനം ഒട്ടും മതിയായിട്ടില്ലാതെയും കാണുന്നു ൰ വക കാൎയ്യങ്ങളിൽ ഉടനെ വെണ്ടുന്ന അന്വെഷണം ചെയ്യു റപ്പൊടത്ത അയക്കാതെ താമസിക്കുന്നത തെററാകകൊണ്ട ആ തെററിന്ന മെപ്പടി അധികാരിക്ക ൰ പ്രാവിശ്യം ൨ ഉറുപ്പിക പിഴ കല്പിച്ചിരിക്കുന്നു ആയ്യു അയാളുടെ ൰ മാസത്തെ മാസ്സപ്പടിയിൽ കഴിച്ച എഴതികൊൾകയും വെണം എന്ന ഫവ്വ൫൪ ഡിസമ്പ്ര ഫവ്വനു- മലപ്രം.

അസിഷ്ടാണ്ട മജിസ്ത്രെട്ട.

ചെറനാട താലൂക്ക ഹെഡപൊലീസാപ്പക്ക എഴതിയ കല്പന. ഹെഡപൊലീസാപ്പരന്മാര തീൎപ്പ ചെയ്യു കാൎയ്യങ്ങളിൽ ഭൂമിസംബന്ധമായ നമ്പ്രകളുടെയും പൊലീസ്സ മാത്രം ഉള്ളതായ ശെഷം നമ്പ്രകൾ നശിപ്പിക്കെണ്ടുന്നതിന്റെയും ലീസ്തുകൾ പ്രത്യെകമായി ഉണ്ടാക്കി അയപ്പാൻ സൎക്കലരായും പ്രത്യെകം വിവരമായി നവെമ്പ്ര൨നു- ൨൬൭ാം നമ്പ്രായും തനിക്കയച്ച കല്പനകൾ പ്രകാ

രം ലീസ്റ്റുകൾ ഇതവരെ എത്തീട്ടില്ലാ ൟ സംഗതിയെ കുറിച്ച ഇപ്പൊഴം മജിസ്ത്രെട്ടിൽനിന്ന യാദാസ്ത വന്നിട്ടുള്ളതും ലീസ്റ്റുകൾ ഉടനെ കിട്ടെണ്ടതുമാകകൊണ്ട മുമ്പെ അയച്ച കല്പനയിലെ താല്പൎയ്യപ്രകാരം ഇനി ഒട്ടും താമസം വരാതെ കൂടുന്ന വെഗത്തിൽ മെൽ പറഞ്ഞ ൨ വക ലീസ്റ്റും തെയ്യാറാക്കിച്ച അയക്കുകയും വെണം എന്ന ൧൮൫൪ ഡിസെമ്പ്ര ൩൧നു- മലപ്രത്ത നിന്ന.

അസിഷ്ടാണ്ട മജിസ്ത്രെട്ട.

ചെറനാട താലൂക്ക ഹെഡ പൊലീസാമ്പ്ലക്ക എഴുതിയ കല്പന. അന്ന്യായം കുഞ്ഞാലൻ കുട്ടിയും പ്രതി കാതര മൂത്ത മുതലായവരും തമ്മിൽ തൎക്കമുള്ള നിലത്തെ വിള മദ്ധ്യസ്ഥമായി വെച്ചിട്ടുള്ളത കല്പന പ്രകാരം വിട്ട കൊടുക്കാതെ നിൎത്തിരിക്കുന്നു എന്ന മെപ്പടി കുഞ്ഞാലന്റെ ഹരജി മെൽ കഴിഞ്ഞ അക്ടൊമ്പ്ര ൧൭നു-താൻ ബൊധിപ്പിച്ച മറുപടിയിൽ കാണിച്ചിട്ടുണ്ടെല്ലൊ.

തന്റെ തീൎപ്പിന്മെൽ കുഞ്ഞാലൻ ഇവിടെ അപ്പീൽ ബൊധിപ്പിച്ചത അവധി കഴിഞ്ഞിട്ടാകയാൽ ആ അപ്പീൽ ഉപെക്ഷിച്ച നവെമ്പ്ര ൨൨നു- മറുപടി കല്പിച്ച അയച്ചിരുന്നു. എങ്കിലും അതിന്റെ ശെഷം കുഞ്ഞാലൻ ബൊധിപ്പിച്ച പലവക ഹരജിയിൽ കാണിച്ച സംഗതികളാൽ അപ്പീൽ സ്വീകരിച്ചിരിക്കകൊണ്ട മെൽ പ്രകാരം വെച്ചിട്ടുള്ള വിള ൨ാമത കല്പനവരെ വിട്ട കൊടുക്കാതെ ബന്തൊവസ്തിൽ തന്നെ നിൎത്തി കൊൾകയും വെണം എന്ന ൧൮൫൪ാമത ഡിസെമ്പ്ര മാസം ൩൧നു- മലപ്രത്ത നിന്നും.

അസിഷ്ടാണ്ട മജിസ്ത്രെട്ട.

വള്ളുവനാട താലൂക്ക ഹെഡ പൊലീസാമ്പ്ലക്ക എഴുതിയ കല്പന, മൊയ്തീൻ മുസലിയാര മുതലായവൎക്ക തന്നൊടുള്ള സിദ്ധാന്തത്താൽ താൻ രാജദ്രൊഹത്തിന്ന ശ്രമിക്കുന്നു എന്നും മറ്റും പ്രസ്താപം ഉണ്ടാക്കുകയും പാട്ട എഴുതിയ ഒര ഓല ശൊധന ചെയ്തു എടുത്ത പ്രകാരമാക്കുകയും ചെയ്തിരിക്കുന്നു എന്നും മറ്റും പാണ്ടിക്കാട അംശം ദെശത്തിരിക്കും കുഞ്ഞാന്മുട്ടി തപാൽ വഴിക്ക ബൊധിപ്പിച്ച ഒര ഹരജി ൟ കല്പന ഒന്നിച്ചയച്ചിരിക്കുന്നു ഹരജിയിൽ പ്രസ്ഥാപിച്ച കാൎയ്യം തന്റെ മുമ്പാകെ അന്ന്വെഷണം നടന്ന വരുന്നതാകകൊണ്ട അതൊട കൂടി ൟ ഹരജിയും ചെൎത്തനൊക്കി ക്രമപ്രകാരം നടന്ന റിപ്പൊൎട്ട ചെയ്കയും വെണം. ൟ കാൎയ്യം നാം ഇയ്യിടെ ഒറവപ്രത്ത വന്ന സമയം അന്ന്വെഷിച്ചതിൽ തമ്മിൽ ചില സിദ്ധാന്തങ്ങൾ ഉള്ള പ്രകാരവും അതിനാൽ ഉണ്ടാക്കിയ്യൊ എന്നും പ്രമാണിപ്പാൻ പാടില്ലാതെയും തൊന്നി

തിക്കുന്നു ഹരജിക്കാരൻ തന്റെ മുമ്പാകെ ഹാജരായിട്ടുണ്ടൊ എ
ന്നറിയുന്നില്ലാ ഹാജരായിട്ടുണ്ടെങ്കിൽ ഇങ്ങിനെ ഉള്ള കാൎയ്യത്തി
ൽ മതിയായ ഒര ഉറപ്പ കിട്ടാതെ ഹരജിക്കാരനും മററ അതിൽ
പ്പെട്ടവൎക്കും ഒരു കഷ്ടത്തിന്ന ഇടവരാത്ത പ്രകാരം നിൎത്തെണ്ട
താകുന്നു എന്ന ൫൪ ജൂൻ ൲- മലപ്പുറത്തനിന്ന

അസിസ്റ്റാണ്ട മജിസ്ത്രെട്ട.

വള്ളുവനാട താലൂക്ക ഹെഡ പൊലീസാപ്സൎക്ക എഴുതിയ കല്പ
ന കഴിഞ്ഞ മെയി മാസം ൨൭-൲൭൭ാം നമ്പ്രായി താൻ ബൊ
ധിപ്പിച്ച റിപ്പൊൎട്ടിൽ പറയുന്ന മൂത്ത കുട്ടിവക മുതലുകളുടെ സം
ഗതിയെ കുറിച്ച മജിസ്ത്രെട്ടിലെക്ക യാദാസ്തയച്ചതിന്ന വന്ന മറു
പടി നൊക്കുമ്പൊൾ മൂത്ത കുട്ടിവക വിവരം പറയുന്ന മുതലുക
ൾ പലവക മുതൽ വിററ കൂട്ടത്തിൽ മജിസ്ത്രെട്ടിൽ വിററ അതി
ന്റെ വില ൫ ഉറുപ്പിക ൨൨ണ- വസൂലായിരിക്കുന്ന പ്രകാരം
കാണുകയും ആ സംഖ്യക്ക ൲൨൭ാം നമ്പ്രായി ഉണ്ടിക വരിക
യും ചെയ്യീരിക്കകൊണ്ട ആ ഉണ്ടിക ൦രം കല്പന ഒന്നിച്ചയച്ചി
രിക്കുന്നു. ഉണ്ടിക പ്രകാരമുള്ള മുതൽ ആ താലൂക്ക ഖജാനയിൽ
നിന്ന ചിലവെഴുതി മെയി ൨൫-ത്തെ ൨൨൨ാം നമ്പ്ര കല്പന
പ്രകാരം മൂത്ത കുട്ടിയുടെ കാരണവൻ മുയ്യിൻ കുട്ടി പക്കൽ കൊ
ടുത്ത രെശീതി വാങ്ങി ആയ്യതും മെപ്പടി കല്പന പ്രകാരം തികച്ചും
നടന്ന മറുപടി ബൊധിപ്പിച്ച കാണുന്നില്ലായ്കയാൽ ആ വിവ
രത്തിന്നും മറുപടി റിപ്പൊട്ട ഒന്നിച്ച രെശീതി ഇങ്ങൊട്ടയക്കുക
യും വെണം. എന്ന ൨൭൫ാമത ജൂൻ മാസം ൨൨- ഒററപ്പ്ര
ത്തനിന്ന.

THE
MALAYALAM READER
PART II.

അസിഷ്ടാണ്ട മജിസ്ത്രെട്ടിൽക്ക.

ചെറനാട താലൂക്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കു
ന്ന ഹരജി. ൟ താലൂക്കിൽ കൊട്ടുവായ്യൂര അംശത്തിൽ കട്ടക്കാ
യി മമ്പുറത്തിരിക്കും ൟഴവൻ രാമന്റെ മകൻ തുപ്രനെന്ന കു
ട്ടി പുഴയിൽ വീണെ മരിച്ച പൊയിരിക്കുന്ന പ്രകാരം മുഖ്യസ്ഥ
ന്മാരുടെ റിഫൊട്ടൊട കൂടി രാമൻ വന്ന പറകയാൽ ആ കാൎയ്യം
അന്വെഷിപ്പാനായി പൊയിരിക്കുന്ന വിവരത്തിന്ന കൊട്ടുവാ
യ്യൂര അംശം അധികാരി ബൊധിപ്പിച്ച റിഫൊട്ട എപ്രെൽ ൨൮
൹— എത്തുകയാൽ മെപ്പടി സ്ഥലത്ത പൊയി ശവം നൊക്കി യാ
ദാസ്ത എഴുതി അന്വെഷണ വിസ്താരം ചെയ്തു ബൊധിപ്പിപ്പാ
ൻ ൟ താലൂക്ക സബാപ്സര ആലിക്ക കല്പന കൊടുത്ത ആയാൾ
പൊയി ശവം നൊക്കി യാദാസ്ത എഴുതി മറ ചെയ്വാൻ തക്കവ
ണ്ണമാക്കി ൟ തുപ്രൻ എന്ന കുട്ടിയുടെ തള്ള ചക്കി-൨ തന്ത രാമൻ
൩- ജെഷ്ഠൻ വെലു-൪ ശവം നൊക്കിയ വൈദ്യൻ പെരുമണ്ണാ
ൻ കുഞ്ഞാപ്പു-ഇവരൊട വിസ്തരിച്ച കല്പീത്ത മുതലായ്തു റിഫൊ
ട്ടൊട കൂടി അയച്ചത നൊക്കുകയും അന്വെഷിക്കുകയും ചെയ്തു
തിൽ മെടമാസം ൧൭൹—ക്ക ൩൰ാമത എപ്രെൽ മാസം ൨൭൹—
ചൊവ്വാഴ്ച പകൽ തിരിഞ്ഞെയ്യുടിയാകുമ്പൊൾ മെപ്പടി കുട്ടിയെ കു
ടിയിൽ കാണായ്കകൊണ്ട തള്ള ചക്കി എന്നവൾ തിരഞ്ഞ നൊ
ക്കുമ്പൊൾ വടക്കെ കൊഴപറമ്പിൽനിന്ന മൂന്നര പുഴയിലെക്ക
എറങ്ങുന്ന ദിക്കിൽ ഒരു കുത്തിയ പാളയും കുറെ എരുന്നും ഇരി
ക്കുന്നത കാണുകയും കുട്ടിയെ കാണാതെ ഇരിക്കയും ചെയ്കപ്പൊ
ൾ തള്ള നിലവിളിച്ചാറെ ആ നിലവിളി കെട്ട അവളുടെ മകനാ
യ ചന്തു എന്നവൻ പാഞ്ഞ ചെന്ന പുഴയിൽ വെള്ളത്തിൽ എ
റങ്ങി തിരഞ്ഞ നൊക്കിയപ്പൊൾ തുപ്രൻ എന്ന കുട്ടിയുടെ ശവം
കിട്ടിയ പ്രകാരവും പുഴയിൽ വെള്ളത്തിൽ എറങ്ങി എരുന്ത തപ്പു
മ്പൊഴൊ മറ്റൊ നിലതെറ്റി വെള്ളം കുടിച്ച മരിച്ച പ്രകാരമ
ല്ലാതെ ഒരുത്തരും ഒന്നും ചെയ്തു മരിച്ച പ്രകാരം കാണുന്നില്ലായ്ക
കൊണ്ട ൟ കാൎയ്യത്തിന്നുണ്ടായ വിസ്താരം മുതലായ ദസ്താവെ
ജുകൾ പെരീസ്ത പ്രകാരം ഇതൊട്ട കൂടി അയച്ച വസ്തുത ബൊ
ധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൨൭മത മെടം ൨൪൹—ക്ക ൧൮൭൨ മെ
യി ൪൹—

ചെറനാട താലൂക്ക കച്ചെരിയിലെക്ക,

മെപ്പടി താലൂക്ക സബൊപ്പര ആലി ബൊധിപ്പിക്കുന്നത. കൊട്ടവായ്യൂരഅംശം അധികാരി ബൊധിപ്പിച്ച റപ്പൊടത്ത അയച്ചിരിക്കുന്നു എന്നും അതിൽ പറയുന്ന ൟഴവൻ രാമന്റെ മകൻ തുപ്പ്രൻ എന്ന കുട്ടി പുഴയിൽ വീണു മരിച്ച കാൎയ്യം കൊണ്ടു അന്ന്യെഷണം ചെയ്തു ബൊധിപ്പിപ്പാൻ ഉണ്ടായ കല്പന കിട്ടിയ ഉടനെ ഞാൻ മൂന്നിയൂര ദെശത്ത ചെന്ന ശവം നൊക്കി യാദാസ്ത എഴുതുകയും തുപ്പ്രൻ എന്ന കുട്ടിയുടെ തള്ള ചക്കി-തന്ത രാമൻ-ജെഷ്ടൻ വെലു- ഇവരൊട്ടും-ശവം നൊക്കിയ നാട്ട വൈദ്യൻ പെരുമണ്ണാൻ കുഞ്ഞാപ്പുവിനൊടും വിസ്തരിക്കുകയും അന്ന്യെഷിക്കുകയും ചെയ്തതിൽ തുപ്പ്രൻ എന്ന കുട്ടി മൂന്നിയൂര പുഴയിൽ വെള്ളത്തിൽ പൊയ്യിനാൽ മരിച്ചു എന്നല്ലാതെ ആരും ഒന്നും ചെയ്തു മരിച്ച പ്രകാരം കണ്ടിട്ടില്ലായ്കകൊണ്ടു ൟ കാൎയ്യത്തിന്ന ചെയ്ത വിസ്താര കടലാസ്സ എണ്ണം ൪-ം ശവം നൊക്കിയ യാദാസ്ത എണ്ണം ൧-ം ഓല റപ്പൊടത്ത ഒന്നും ഇതൊട ഒന്നിച്ച അയച്ചിരിക്കുന്നു എന്ന ൧൦൨൭ മെടം ൨൦നു-ക്ക ൫൨ എപ്രെൽ ൩൦നു- മൂന്നിയൂരനിന്ന.

താഴെ പെര എഴുതിരിക്കുന്ന ശവം കൊല്ലം ൧൦൨൭മത മെടമാസം ൧൯നു-ക്ക ൧൮൫൨മത എപ്രെൽമാസം ൨൯നു- വ്യാഴാഴ്ച വ്യ മണിക്ക ൧൮൨൧ലെ ൪ാം റിഗുലെഷൻ ൩ാം വകുപ്പ പ്രകാരം നിശ്ചയിച്ച ചെറനാട താലൂക്ക സബൊപ്പര ആലി കൊട്ടവായ്യൂര അംശം അധികാരി മെനൊൻ മുതലായ്യരൊട്ട കൂടി നൊക്കി കണ്ട വിവരം എഴുതിയ യാദാസ്ത.

മെപ്പടി അംശം അധികാരിയുടെ റപ്പൊടത്തിൽ പറയുന്ന ൟഴവൻ രാമന്റെ മകൻ തുപ്പ്രൻ എന്ന കുട്ടിയുടെ ശവം മൂന്നിയൂര ദെശത്ത പടിഞ്ഞാറെ മമ്പറത്ത കട്ടക്കായിൽ പറമ്പിലെ കളപ്പുര കുടിയുടെ കിഴക്കെ കൊലായിന്മെൽ നിലത്ത കയ്യൊല പായയിൽ കിഴക്കൊട്ട തലയും പടിഞ്ഞാട്ട കാലുമായി മലത്തി കിടത്തി ഒരു ചാലിയ മുണ്ട കൊണ്ടു മൂടി കാണുകയാൽ ആ മൂടൽ നീക്കിച്ച ശവം വെണ്ടുംവണ്ണം നൊക്കിയാറെ കാലും കയ്യും നീട്ടിവെച്ചും നാക്കടിച്ചും കണ്ണു തുറിച്ചും ശരീരം സൎവ്വാംഗം വീൎത്തും തൊലി പൊക്കിച്ചും മൂക്കിൽനിന്നും വായെൽ കൂടിയും നീര ഒലിച്ചും കണ്ടിരിക്കുന്നു മുറി മുതലായ്തു ഒന്നും കണ്ടിട്ടില്ലാ. ശവം കണ്ടെടത്ത ഏകദെശം ൭ വയസ്സ പ്രായം പൊരുമെന്നും മരിച്ചിട്ട ഏകദെശം ൪൦ മണിക്കൂറ നെരം പൊരുമെന്നും തൊന്നുന്നു. മെപ്പടി തുപ്പ്രൻ എന്ന കുട്ടിയുടെ മരണ കാൎയ്യത്തെ കുറിച്ച വെണ്ടുന്ന അന്ന്യെഷണ വിസ്താരം ചെയ്യാൻ നിശ്ചയിച്ച ശവം മൎയ്യാദപ്രകാരം മറചെയ്യാൻ അനുവാദം കൊടുക്കുകയും ചെയ്തു.

കുട്ടിയുടെ തന്തയൊട എപ്പ്രെൽ ൨൯൹– ചെയ്ത *

ചൊദ്യം.	ഉത്തരം.
നിന്റെ മകൻ തുപ്രനെന്ന കുട്ടിയുടെമരണ സംഗതികൾ എന്തെല്ലാം പ്രകാരമാണ	ൟ മാസത്തിൽ ൹– നിശ്ചയമില്ല മിനി

യാന്ന രാവിലെ കഞ്ഞിയും കുടിച്ചു ഞാൻ കുടിയിൽനിന്ന ഉള്ളെന്നെത്താളും പൊയി. ഞാൻ പൊകുമ്പൊൾ തുപ്രൻ എന്ന കുട്ടിയും അവന്റെ ജെഷ്ഠൻ വെലുവും തള്ള ചക്കിയും കുടയിൽ ഉണ്ട അന്ന പതിററടിയൊട്ടു കൂടി മടങ്ങി പൊന്ന കുണ്ടം കടവ കടന്ന വരുമ്പൊൾ ഞാൻ പാൎക്കുന്ന കുടിയിൽനിന്ന നിലവിളി കെട്ട അങ്ങൊട്ട പാഞ്ഞ ചെന്നു അപ്പൊൾ എന്റെ മകൻ തുപ്രൻ എന്ന കുട്ടിയെ മൂന്നിയൂര പുഴയുടെ തെക്കെ കരമെൽ വടക്കെ കൊഴപറമ്പത്ത വരമ്പത്ത കിടത്തിരിക്കുന്നു. അവന്റെ ജെഷ്ഠൻ വെലുവും മററ ചിലരും അട്ടത്ത നിൽക്കുന്നുണ്ട. കുട്ടിക്ക എന്തായെ എന്ന ഞാൻ ചൊദിച്ചു. കുട്ടി പുഴയിൽ വെള്ളത്തിൽ പൊയി എന്നും അവിടെനിന്ന എട്ടത്ത കൊണ്ടപൊന്നിരിക്ക ആണെന്നും മരിച്ചിരിക്കുന്നു എന്നും പറഞ്ഞു പിന്നെ അവിടെനിന്ന കുട്ടിയെ എട്ടത്തകൊണ്ടപൊയി ഞങ്ങൾ പാൎക്കുന്ന കുടിയുടെ കിഴക്കെ കൊലായിന്മെൽ കൊണ്ട ചെന്ന കിടത്തി മരിച്ച വിവരം മുഖ്യസ്ഥന്മാരൊട ചെന്ന പറഞ്ഞു. ഇങ്ങിനെയാണ ഉണ്ടായിരിക്കുന്നത.

തുപ്രൻ എന്ന കുട്ടി പുഴയിൽ വെള്ളത്തിൽ പൊവാൻ സംഗതി എന്തെന്നറിയുമൊ.	ഞങ്ങൾ പാൎക്കുന്ന സ്ഥലത്ത കിണറും വെള്ളവും ഇല്ല പുഴയുടെ വക്കത്ത ഒര കുഴി കുത്തീ

ട്ട ഉണ്ട. ആയ്തിൽനിന്നാണ വെള്ളം കൊണ്ടുവരുന്നത ആ കുഴി വടക്കെ കൊഴപറമ്പിൽ നിന്ന പുഴയിലെക്ക എറങ്ങുന്ന സ്ഥലത്താണ ആ കുഴിയിൽനിന്ന വെള്ളം കൊണ്ടുവരുവാൻ പൊയപ്പൊഴൊ പുഴയിൽ എരുന്ത പെറക്കാനായി എറങ്ങിയപ്പൊഴൊ കാലതെററി വെള്ളത്തിൽ പൊയി മരിച്ച പ്രകാരമാകുന്നു.

ൟ കുട്ടിയെ ആരെങ്കിലും വല്ലതും ചെയ്തു മരിച്ചതൊ	ആരും ഒന്നും ചെയ്ത മരിച്ചതല്ല തന്നാലെ വെള്ളരത്തിൽ പൊയി മരിച്ചതാണ.
മരണകാൎയ്യത്തിന്ന നിനക്ക ആരെ മെൽ എങ്കിലും സംശയമൊ അന്ന്യായമൊ ഉണ്ടൊ.	ആരും ഒന്നും ചെയ്തു മരിച്ചതല്ല. അതുകൊണ്ട ഇനിക്ക ആരെ മെലും സംശയവും അന്ന്യായവും ഇല്ല.

* Every deposition has a formal heading stating the name & residence of the deponent, the authority before whom it is taken and the date. This has been omitted as unnecessary & a briefer form substituted.

തുപ്രൻ എന്ന കുട്ടി പുഴയിൽ വെള്ളത്തിൽ പൊയ്യതാരെങ്കിലും കണ്ടിട്ടുണ്ടൊ. } ആരും കണ്ട പ്രകാരം പറഞ്ഞ കെട്ടിട്ടില്ല. തുപ്രൻ എന്ന കുട്ടി ഒരു കുത്തുപാളയും എടുത്തുംകൊണ്ട പൊയി എന്നും കുറെ താമസിച്ചിട്ടും വന്ന കാണായ്കയാൽ കുട്ടിയെ തിരഞ്ഞ നൊക്കുമ്പൊൾ വടക്കെ കൊഴപറമ്പിൽനിന്ന പുഴയിലെക്ക ഇറങ്ങുന്ന ദിക്കിൽ ടി കുത്തുപാളയും കുറെ എരുന്തും ഇരിക്കുന്നത കാണുകയും കുട്ടിയെ അവിടെ എങ്ങും കാണായ്കകൊണ്ട പുഴയിൽ എറങ്ങി തിരഞ്ഞ നൊക്കുമ്പൊൾ വെള്ളത്തിൽ ആണ്ടു കിടക്കുന്നത കണ്ട എടുത്ത കരക്ക കയററി നൊക്കുമ്പൊൾ മരിച്ചിരിക്കുന്നു എന്നും എന്റെ മകൻ വെളു എന്നൊട പറഞ്ഞത വെള്ളത്തിൽ പൊകുന്നതും ഒന്നും ഞാൻ കണ്ടിട്ടില്ല.

നിന്റെ കുടിയും പുഴയും ആയി എത്ര ദൂരം ഉണ്ട } മുമ്പെ ഞാൻ പറഞ്ഞ സ്ഥലത്തകൂടി പുഴയിലെക്ക എറങ്ങുന്നവിടെക്ക എകദെശം രണ്ട നായ്യാടിപ്പാട ദൂരം ഉണ്ടെന്ന തൊന്നുന്നു പുഴയിൽ വെലിഏറെറത്തിന്ന ഒന്ന ഒന്നര ആള വെള്ളവും എറക്കത്തിന്ന ചില ദിക്കിൽ അരക്കും ചില ദിക്കിൽ മുട്ടൊളവും വെള്ളം ഉണ്ടാവും.

ടി വായിച്ച കെട്ട പ്രകാരം തന്നെയൊ നീ പറഞ്ഞത. } അതെ

ഹെഡ അസിസ്ടാണ്ട മജിസ്ത്രെട്ടില്ക്ക.

ചിറക്ക താലൂക്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി.

അന്ന്യായം സക്കാര
പ്രതി
൧ മയ്യിൻ കുട്ടി
൨ വാച്ചി
൩ വലിയ മയ്യിൻകുട്ടി
൪ അമ്മൊട്ടി

എന്തെന്നാൽ ൧൦൨൯൦ൽ ആദ്യം ൨ാം നമ്പ്ര വിധിക്ക ജപ്തി ചെയ്യാനായി ൨ാം പ്രതി വക മുന്നീട്ടതായ മെതിച്ചതും മെതിക്കാത്തതും കൂടി എകദെശം ൭൦ ഉറുപ്പികയുടെ ൨൦൦൦ ഇടങ്ങഴി നെല്ല ഒന്നാം പ്രതിയുടെ കളത്തിൽ കണ്ട ആയ്തു സാക്ഷിക്കാര ഒന്നാം പ്രതി വശം വാക്കാൽ എല്പിച്ച കളത്തിന്ന മുമ്പെത്തെ പൂട്ടിന്ന പുറമെ ഒരു പൂട്ട സാക്ഷിക്കാര പൂട്ടി ബന്തൊവസ്തിൽ നിർത്തിരുന്നത ൧൦൨൯ കന്നി ൨൪ന്ന-ക്ക ൧൮൫൩ അക്തൊബർ ൧൦ന്ന-പകൽ പ്രതിക്കാര ആളുകളൊട കൂടി ചെന്ന എണ്ണി വെച്ച കള

ത്തിൽ കയറി കല്പനക്ക വിരൊധമായും ബലമായും കൊണ്ടു പൊകയും സാക്ഷിക്കാരുടെ നെരെ കലശൽക്ക ഭാവിക്കയും ചെയ്തതായി കാണുന്ന കുററം.

൪ാം കാൎയ്യത്തിൽ സാക്ഷിക്കാരുടെ ററപ്പൊടത്ത അക്കൊബർ ൨൮നു- എത്തിയ ഉടനെ അവര ഹാജരാവാനായി കല്പനയയച്ചവരുത്തി അക്കൊബർ ൧൦നു-ം ഒന്നാം പ്രതിയൊട ൧൨നു-ം ൨ാം പ്രതി ബൊധിപ്പിച്ച സാക്ഷി ൨ മന്മികുട്ടി ൧ പക്രു ഇവരൊട ൧൧നു-ം വിസ്തരിച്ചു ൨ാം പ്രതി കുററം സമ്മതിച്ചിട്ടില്ല തന്റെ കളത്തിൽ ൧ാം പ്രതിയുടെ വക നെല്ല തന്നെ ഉണ്ടായിരുന്നില്ലെന്നും താൻ ൨-ം ൧-ം സാക്ഷിക്കാരെ കാണുകയും അവര നെല്ല തന്നെ എല്പിക്കയും ഉണ്ടായിട്ടില്ലെന്നും മററും ൨ാം പ്രതി അധികമായി ബൊധിപ്പിച്ചിരിക്കുന്നു.

൪ാം കാൎയ്യത്തിന്നുണ്ടായ ദസ്താവെജുകൾ നൊക്കുകയും അന്വെഷിക്കയും ചെയ്തതിൽ ബന്തൊവസ്സിൽ നിൎത്തിരുന്ന നെല്ല ബലമായി പ്രതിക്കാര കൊണ്ടു പൊയ്തും കലശൽക്ക ഭാവിച്ചതും നെരാണെന്ന കണ്ടിരിക്കുന്നു.

൨ാം പ്രതി തന്റെ മെൽ ചുമത്തിട്ടുള്ള കുററ നിവാരണത്തിന്നായി രണ്ടു സാക്ഷികളെ ബൊധിപ്പിച്ചവരൊട വിസ്തരിച്ചതിൽ തമ്മിൽ അന്യൊന്യം വിത്യാസമായി ബൊധിപ്പിച്ചിരിക്ക കൊണ്ടു ആ സാക്ഷി വാക്ക പ്രമാണിപ്പാൻ പാടില്ല.

ജപ്തിക്ക വെണ്ടി കന്നി ൨൮നു- സാക്ഷിക്കാര ൨ാം പ്രതിയുടെ കളത്തിൽചെന്ന കളം പൂട്ട തുറക്കുവാനായി പറഞ്ഞതത ൨ാം പ്രതി അനുസരിക്കായ്കയാലും അന്ന നെരം അകാലമായി പൊകകൊണ്ടും മുമ്പത്തെ പൂട്ടിന്ന പുറമെ വെറെ ഒരു ആമ പൂട്ടകൊണ്ടു തങ്ങൾ പൂട്ടി പൊകയും കളത്തിന്റെ മുററത്ത കണ്ടതായ നെല്ലും കററയും ൨ാം പ്രതി വശം എല്പിക്കയും ചെയ്ത പ്രകാരവും പിന്നെ ൧൯നു- വരെ ൨ാം പ്രതിയെ കണ്ടു കിട്ടായ്കയാൽ ജപ്തിക്ക സംഗതി വരാതിരുന്ന പ്രകാരവും പ്രതിക്കാര കളത്തിന്റെ വെലിക്കെട്ടു ചാരി കടന്ന നെല്ല ബലമായി കൊണ്ടുപൊയപ്രകാരവും ആകുന്നു അന്വെഷണത്താലും സാക്ഷികളാലും അറിഞ്ഞിരിക്കുന്നത.

ആദ്യമെ ൨ാം പ്രതി തകരാറ പറഞ്ഞിരിക്കുന്നതായി കാണപ്പെടുന്നവസ്ഥക്ക വെറെ മതിയായ ആളെ വശം രെഖാ മൂലം നെല്ല എല്പിക്കെണ്ടതും അതിന്ന തൽകാലം സംഗതി വരാത്ത പക്ഷം ബന്തൊവസ്സിന്ന കൊൽക്കാര മുതലായ്യരെ ആ സ്ഥലത്ത നിൎത്തെണ്ടതും ചെയ്യാതെ ഇരുന്നതും സാക്ഷിക്കാരുടെ പക്കൽ തെററാകുന്നു. അതിന്ന അവര പറയുന്ന സമാധാനം മതിയായിട്ടുള്ളതല്ല. എങ്കിലും ഒന്നാം പ്രതി ആ ദെശത്ത മുഖ്യസ്ഥന്റെ അനന്തിരവനെന്നും മൎയ്യാദസ്ഥനെന്നും കണ്ടു സാക്ഷിക്കാര മതിയായ ഉറപ്പ വാങ്ങാൻ സംഗതി വരാതെ അവന്റെ വശം മെൽ

പറഞ്ഞ പ്രകാരം എല്പിച്ച ബന്തൊവസ്ത ചെയ്യിരുന്നത ബലമായി കൊണ്ടുപൊയ്യും കലശൽക്ക ഭാവിച്ചതും പ്രതിക്കാരെ പക്കൽ തെററാകുന്നു.

൧ാം പ്രതി വക നെല്ല തന്നെ ആയ്യു എന്നവരികിലും അതിലെക്ക ക്രമപ്രകാരമുള്ള വഴിക്ക പ്രവെശിച്ച നിവൃത്തി വരുത്തെണ്ടത ചെയ്യാതെ ജപ്തികാൎയ്യത്തിൽ വിരൊധം ചെയ്യതും ഒട്ടും ശെരിയായിട്ടില്ലാ ഇപ്രകാരമായാൽ മെലാൽ ൰ം വക കാൎയ്യത്തിൽ കൊടതി കല്പന നടത്താൻ പ്രയാസമായി വരുന്നതാകുന്നു. അതുകൊണ്ട ൰ം കുററത്തിന്ന പിടി കിട്ടിയ ൧ാം പ്രതി ൧൮൧൬ലെ ൭ാം റിഗുലെഷൻ ൩൨ാം വകുപ്പു പ്രകാരം ൪ ഉറുപ്പിക പിഴ കൊടുക്കുന്നില്ലെങ്കിൽ ൫ ദിവസം തടവിൽ വെച്ചു വിടെണ്ടത എന്ന ഹെഡ പൊലീസാപ്പുക്ക അഭിപ്രായമായിരിക്കകൊണ്ട ൩൯ൽ ൩൩ാം നമ്പ്ര അക്കു പ്രകാരം അധികം ശിക്ഷക്കവെണ്ടി ദസ്താവെജകൾ ൰ം ഹരജി ഒന്നിച്ചയച്ചിരിക്കുന്നു.

൧ാം പ്രതി വിചാരിച്ചാൽ പിഴ കൊടുപ്പാൻ കഴിയുന്നവനെന്നും മുമ്പെ കുററം ചെയ്യ ശിക്ഷ അനുഭവിച്ചവനല്ലെന്നും കാണുന്ന വിവരവും ബൊധിപ്പിച്ചിരിക്കുന്നു എന്ന ൧൦൪൨ തുലാം ൨൩-ക്ക ൧൮൬൬ അക്ടൊബർ ൨൩൩-

---

അന്ന്യായം വക ൧ാം സാക്ഷി

കൊട്ടയം താലൂക്ക തലജെരി അംശം ദെശത്തിരിക്കും ഹിന്തു തിയ്യൻ കണ്ണന്റെ അനന്തിരവൻ ഏകദെശം ൨൫ വയസ്സ തലജെരി ജില്ലാ സീവിൽ കൊടതി അക്കാമി ആമീൽ ബാപ്പുട്ടിയൊട ൧൦൪൨മത തുലാമാസം ൫൩-ക്ക ൧൮൬൬ അക്ടൊബർ ൨൩൩- ചിറക്ക താലൂക്ക

ഹെഡ പൊലീസാപ്പുര മുമ്പാകെ ഉമൈദവാരൻ രാമുണ്ണി എഴുതിയ കയ്യീത്ത.

ചൊദ്യം,	ഉത്തരം.
൫ൽ ആദ്യം ൨ാം നമ്പ്രവിധിക്ക കൊടതി കല്പന പ്രകാരം പ്രതിവാച്ചിയുടെ സൊന്തം വക നെല്ല ജപ്തി ചെയ്യാനായി ബന്തൊവസ്തിൽ നിൎത്തിരുന്നത ബലമായി കൊണ്ടുപൊയ പ്രകാരവും മററും താനും പാപ്പിനിജെരി അംശംഅ	ജപ്തി ചെയ്യാനായി പാപ്പിനിജെരി അംശം അധികാരി മുഖ്യസ്ഥന്മാരൊട കൂടി പ്രതി വാച്ചിയുടെ വക നെല്ല കൊയ്യു സൂക്ഷിച്ചിട്ടുള്ള മൊയ്യിൻകുട്ടിന്റെ കളത്തിൽ ചെന്നു ഞങ്ങൾ ചെല്ലുമ്പൊൾ കളം പൂട്ടിരിക്കുന്നു ആ കളത്തിൽ എകദെശം ആയിരം

ധികാരിയും റപ്പൊടത്ത ബൊധിപ്പിച്ചിട്ടുണ്ടെല്ലൊ ആ കാൎയ്യത്തിൽ ഉണ്ടായ വിവരം ഒക്കെയും സത്യമായി കെൾക്കട്ടെ.

എടങ്ങഴി നെല്ലു മെതിച്ച കുട്ടിയും ആയിരം എടങ്ങഴി നെല്ലിന്റെ മെതിക്കാത്ത കററയും കണ്ടു അത പ്രതിക്കാരനുള്ളതാകുന്നു എന്ന വിധി ഉടമക്കാരൻ കണ്ണൻ ചെട്ട്യാൻ പറഞ്ഞു അന്ന ജപ്തിക്ക നെരം അകാലമായി പൊകകൊണ്ട ആ നെല്ല പുറത്ത പൊയി പൊകാതിരിപ്പാൻ കളം ഉടമസ്ഥനും ആ ദെശത്ത മുഖ്യസ്ഥനുമായ മെൽ പറഞ്ഞ മയ്യിൻ കുട്ടിയുടെ വശം വാക്കാൽ എല്പിച്ച മുമ്പെ ഉള്ള പൂട്ടൊടു കൂടി വെറെ ഒരു പൂട്ട ഞങ്ങൾ ആ കളത്തിന്ന പൂട്ടിച്ച പൊയി പിറെറ ദിവസം കന്നി ൨൫നു അധികാരി മുടിപ്പ അടക്കാനായി താലൂക്കിലെക്ക പൊന്നതിനാൽ അന്നും ൨൬- ൨൭- ൨൮- ൦രം നു കളിൽ മൊയ്യിൻ കുട്ടിയെ അന്ന്വെഷിച്ചതിൽ കണ്ട കിട്ടായ്കകൊണ്ട ആ ദിവസങ്ങളിലും ജപ്തി ചെയ്വാൻ സംഗതി വന്നിട്ടില്ലാ ൨൰നു എകദെശം ഉച്ചസമയം ഞാനും അധികാരിയും കൊടത്തി ശിപായിമാരും വിധി ഉടമക്കാരനും മററും കൂടി മെപ്പടി കളത്തിലെക്ക ചെല്ലുമ്പൊൾ പ്രതി ൧ മെപ്പടി മയ്യിൻ കുട്ടി ൨ വാച്ചി ൩ വലിയ മയ്യിൻ കുട്ടി ൪ അമ്മൊട്ടി ഇവരും മററ പെര അറിയാത്ത പുലയര മാപ്പിളമാര കൂടി എകദെശം മുപ്പത്തഞ്ച നാല്പത ആളുകളൊട കൂടി എണ്ണി വെച്ച കളത്തിന്റെ അകത്ത കടന്ന നെല്ല കൊരിയും കററ വാരിയും അതിന്നകത്തുള്ള കളപ്പുരയിൽ ഇടുന്നത കണ്ട ഞങ്ങൾ അടുത്ത ചെന്ന വിരൊധിച്ചാറെ മെൽ പറഞ്ഞ പ്രതിക്കാര ഞങ്ങളെ വാക്കെററം പറഞ്ഞ ൧-ം ൨-ം പ്രതികൾ പിശ്ശാംകത്തി കയ്യിൽ പിടിച്ച ഏണിയുടെ അടുക്കെ നിൽക്കുകയും ആരെങ്കിലും ഇങ്ങൊട്ട കടന്നാൽ കുത്തി ജീവനാശം വരുത്തി കളയുമെന്നും മററും പറകയും ചെയ്യുതിനാൽ തൽക്കാലം കഠിനമായ കലശൽ ഉണ്ടാകുമെന്ന കണ്ട ഞങ്ങൾ ഒഴിഞ്ഞ പൊന്നിരിക്കുന്നു. കല്പനക്ക വിരൊധമായി മെൽ പ്രകാരം പ്രതിക്കാര നെല്ല ബലമായി കൊണ്ടുപൊയ്തിനാൽ ജപ്തി ചെയ്വാൻ സംഗതി വന്നിട്ടില്ലാ.

പ്രതിക്കാര കല്പനക്ക വിരൊധമായി കൊണ്ടു പൊയ നെല്ല ഇപ്പൊൾ എവിടെ ഉണ്ടെന്ന അറിയുമൊ

ആദ്യം ഞങ്ങൾ കാണുമ്പൊൾ നെല്ല കളപ്പുരയുടെ പുറത്ത മുററത്താണ സൂക്ഷിച്ചിരുന്നത അവിടെനിന്നാകുന്നു പ്രതിക്കാര ബലമായി നെല്ല കൊരി ഒന്നാംപ്രതി കൈവശമുള്ള കളപ്പുരക്കകത്ത ഇട്ടത ഇപ്പൊൾ ആ നെല്ല കളപ്പുരക്കകത്ത തന്നെ ഉണ്ടൊ അതല്ല അവിടുന്ന വെറെ വല്ല ദിക്കിലും കടത്തി കൊണ്ടു പൊയൊ ഏത പ്രകാരമെന്ന നിശ്ചയിപ്പാൻ പാടില്ല ഒരു സമയം ഇപ്പൊൾ ആ കളപ്പുരക്കകത്ത ശൊധന ചെയ്യാൽ നെല്ല കാണുമെന്ന എനിക്ക തൊന്നുന്നു.

മെൽ പറഞ്ഞ കളം ഏത പ്രകാരമുള്ളതാണ്ണ ഏത ഭാഗത്താകുന്നു ഏണിവെച്ചപ്രതിക്കാരകയറിയ്യു കളംനാല ഭാഗം കായലിന്റെ മുള്ളു കൊണ്ട ഒരാൾ പൊക്കം എകരത്തിൽ വെലി കെട്ടിയ്യും പടിഞ്ഞാറ ഭാഗം വാതിൽ മരംകൊണ്ട ചട്ടം കൂട്ടി അഴി ഇട്ടിട്ടുള്ളതും ആകുന്നു. ംരം വെലിക്കകത്ത തെക്ക ഭാഗം വടക്ക മുഖമായിട്ടാകുന്നു കളപ്പുര പ്രതിക്കാര ഏണി വെച്ച കയറിയ്യു വാതലിന്റെ തെക്ക ഭാഗത്ത കൂടിയാകുന്നു.

ംരം വായിച്ച കെട്ടത പറഞ്ഞപ്രകാരം തന്നെയൊ കററ മെതിപ്പിച്ച മണിയാക്കീട്ടാകുന്നു പ്രതിക്കാര കളപ്പുരക്കകത്ത ബലമായി വാരി ഇട്ടത ശെഷം ഒക്കെയ്യും പറഞ്ഞ പ്രകാരം തന്നെ വിത്ത്യാസമില്ലാ.

ഉടനെ രണ്ടാമത.

പ്രതിക്കാര കല്പനക്ക വിരൊധമായി നെല്ല കൊണ്ടുപൊകുന്ന സമയം തന്റെ ഒന്നിച്ച ഉണ്ടായിരുന്നതായി പറഞ്ഞ മുഖ്യസ്ഥന്മാരുടെയ്യും ശിപായിയ്യുടെയ്യും പെര എന്ത. മുഖ്യസ്ഥന്മാരുടെ പെര എനിക്ക നിശ്ചയമില്ല ഒരു നായരും ഒരു മാപ്പിളയ്യും രണ്ട മുഖ്യസ്ഥന്മാര ഉണ്ടായിരുന്നു. കൊടത്തിബെത്തശിപായിയ്യുടെ പെര രാമൊട്ടി എന്നാകുന്നു. അത കൂടാതെ പെര അറിയില്ല രണ്ട ചാലിയരും പാപ്പിനിജെരി അധികാരിയ്യും ഉണ്ടായിരുന്നു.

ഫാം പ്രതിയൊട അക്കൊബെർ ൨ഫന–

ചൊദ്യം.

ൠൽ ആദ്യം ൨ാം നമ്പ്ര വിധിക്ക കൊടത്തി കല്പന പ്രകാരം പ്രതി വാച്ചിയ്യുടെ വക നെല്ല ജപ്തിക്ക വെണ്ടി ബന്തൊവസ്തിൽ നിൎത്തിരുന്നത കല്പനക്ക വിരൊധമായ്യും അക്രമമായ്യും നിയ്യും മററും കൂടി ബലമായി കൊണ്ട പൊയ പ്രകാരം നിന്റെ മെൽ കുററം കാണുന്നു. കല്പനക്ക വിരൊധമായ്യും ബലമായ്യും ഞാൻ നെല്ല കൊണ്ട പൊയിട്ടില്ലാ എന്റെ കളത്തിൽ പ്രതി വാച്ചി നെല്ല സൂക്ഷിക്കയ്യും ആനെ കൊടത്തി ആമീനും അധികാരിയ്യും എന്റെ പക്കൽ ഏല്പിക്കയ്യും ഒന്നും ഉണ്ടായിട്ടില്ല പ്രതിക്കാരനായ വാച്ചിക്ക ആ യംശത്തിൽ കൃഷി തന്നെ ഇല്ലാ നെല്ല എന്നെ ഏല്പിച്ചതായി പറയ്യുന്ന കന്നി ൨൪ന–യാകട്ടെ ബലമായി നെല്ല കൊണ്ടുപൊയ പ്രകാരം പറയ്യുന്ന ൨൯ന–ം ഞാൻ ആമീനെയ്യും അധികാരിയെയ്യും കാണുക തന്നെ ഉണ്ടായിട്ടില്ലാ. ംരംരണ്ട തിയ്യതികൾക്കും ഞാൻ ആ കളത്തിൽ പൊയിട്ടും ഇല്ലാ. ആ കളത്തിൽ ആ ദിവസ

ങ്ങളിൽ നെല്ലും ഉണ്ടായിരുന്നില്ലാ. ൨൪൹— അവിടുന്ന ഒന്നരന്നര നാഴിക ദൂരെ ഇനിക്കുള്ള വിള കൊയ്യിപ്പാൻ പൊയിട്ട അൎദ്ധരാത്രിയായപ്പൊൾ മാത്രമെ കുടിക്ക വന്നിട്ടുള്ളു. ൨൫൹— ഞാൻ വായുവിന്റെ ദീനത്തിൽ കിടപ്പിലായിരുന്നു ആയവസ്ഥ തെളിപ്പാൻ മന്നികുട്ടി പക്രു ഇവരും മറ്റും വളരെ ആൾ സാക്ഷി ഉണ്ട. സാക്ഷിക്കാരെ ഞാൻ തന്നെ നാളെ ഹാജരാക്കാം എന്റെ കളത്തിന്ന ഞാൻ പൂട്ടീട്ടുള്ളതിന്ന പുറമെ പാപ്പിനിജെരി അധികാരിയും ഒരു ആമീനും വന്ന ഒരു പൂട്ട പൂട്ടിരിക്കുന്ന പ്രകാരം ൨൭൹— ഞാൻ കെട്ടിരിക്കുന്നു. ഇനിക്ക ദീനമായി പൊകകൊണ്ടത്തൊയ്യു ചെന്ന നൊക്കാൻ കൂടിട്ടില്ലാ അവര പൂട്ട പൂട്ടിക്കുവാൻ എന്ത സംഗതി എന്ന ഞാൻ അറിയില്ലാ മറ്റൊന്നും ബൊധിപ്പിക്കാനില്ലാ.

ഠരം വായിച്ചു കെട്ടത പറഞ്ഞ പ്രകാരം തന്നെയൊ } അതെ

അക്കൊബർ ൨൨൹— ൨ാമത.

നീ ബൊധിപ്പിച്ച സാക്ഷിക്കാര ഹാജരുണ്ടൊ } ഞാൻ ബൊധിപ്പിച്ച സാക്ഷിക്കാര രണ്ടാളും ഹാജരുണ്ട ഠരം രണ്ട സാക്ഷി വിസ്തരിച്ചാൽ മതി ൨൪൹— രാവിലെ മുതൽ രാത്രിയാകുന്നത വരെക്കും ഞാൻ ഇനിക്കുള്ള തട്ടാരൊം പടിപ്പുറം ഠരം നിലങ്ങളിൽ വിള കൊയ്യിക്ക അല്ലാതെ ആ വയലിൽനിന്ന എവിടെയും പൊയിട്ടില്ലെന്നും ൨൫൹— ഞാൻ വായുവിന്റെ ദീനത്തിൽ കിടപ്പിലായിരുന്നു എന്നും കുടിയിൽനിന്ന ആ ദിവസം പുറത്ത പൊയിട്ടില്ലെന്നും സാക്ഷിക്കാര അറിയും ൨൪൹— രാവിലെ മുതൽ വയ്യുന്നെരം വരെക്കും സാക്ഷിക്കാര രണ്ടാളും എന്റെ കൃഷിക്ക സമീപം നെല്ല മൂച്ചുക്ക വെണ്ടി വയലിൽ വന്ന കണ്ടിരിക്കുന്നു. പിന്നെ ൨൬൹— ഇനിക്ക വായുവിന്റെ ദീനം തുടങ്ങി കിടപ്പിലാകയാൽ ൨൫൹— ഉച്ചസമയം സാക്ഷിക്കാര ൨ ആളും ദീനം കാണ്മാൻ വന്ന എന്റെ കുടിയിൽ വന്ന കണ്ടിരിക്കുന്നു. ഇനിക്ക ദീനത്തിന്റെ സൌഖ്യക്കെട കൊണ്ട സാക്ഷിക്കാര ൨ ആളും ഒരുമിച്ച വന്നുവൊ വെവ്വെറെ വന്നുവൊ ഏത പ്രകാരമെന്നും അവര പിന്നെ എപ്പൊൾ പൊയി എന്നും എനിക്ക കുററിയില്ലാ സാക്ഷിക്കാര വരുമ്പൊൾ കുടിക്കകിഴക്കെ തെണൊലിൽ ഞാൻ പത്തായത്തിന്മെൽ ആണെ കിടന്നിരുന്നത.

ഹെഡ അസിഷ്ടാണ്ട മജിസ്ത്രെട്ടില്ക്ക.

കൊട്ടയം താലൂക്ക ഹെഡ പൊലീസാപ്പര ബൊധിപ്പിക്കുന്ന ഹരജി. അന്ന്യായം കുഞ്ഞികുട്ടി മുതൽ ൭ാൾ പ്രതി കടത്തനാട്ടുകാരൻ പയ്യൽ കുറുപ്പ മുതൽ ൨ാൾ ൩ാം പ്രതിയുടെ ആനയെ കൊ

ണ്ടെ ആന പാപ്പാനായ ൨ാം പ്രതി ൪൩ ഉരുപ്പിക വ്യം റെസ്സവി ലക്കുള്ള ൨൬൧ നെന്ത്രവാഴയും ഏതാനും വെള്ളരി മുതലായ തസ്ത്യാദികളും തീററിച്ച നഷ്ടം വരുത്തിരിക്കുന്നു എന്നും ആനയെ കെട്ടി സൂക്ഷിക്കാത്തതിനാൽ ആ പ്രദെശത്ത വെറെ പലൎക്കും ഠരം വക നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും മെൽ പ്രകാരം ഉള്ള ചെത്തം താൻ തന്നെ ആ സ്ഥലത്ത പൊയി നൊക്കി അറിഞ്ഞിട്ടുണ്ടെന്നും മററും പുത്തൂര അംശം അധികാരിയുടെ റപ്പൊടത്തൊടകൂടി ഠരം കഴിഞ്ഞ മെയി ൨൭– അന്ന്യായക്കാര ഹാജരായി അന്ന്യായപ്പെട്ടു.

൧-ം ൨-ം ൪-ം അന്ന്യായക്കാരൊടും ൧ാം പ്രതിയുടെ വക്കീൽനാമം ഹരജികളൊട കൂടി ഹാജരായ ആയ്യാളുടെ അനന്തിരവൻ കണ്ണനൊടും അന്ന്യായം വക ൩ സാക്ഷികളൊടും വിസ്തരിച്ചതകൂടാതെ അധികമായ നഷ്ടം ഉണ്ടെന്നവെച്ച അധികാരിയുടെബൊന്തൊവസ്ഥിൽ നിൎത്തിരിക്കുന്ന ആനയെ താലൂക്ക കച്ചെരി മുഖാന്തരം വരുത്തി താമസിപ്പിച്ച ഠരം താലൂക്ക സബൊാസ്സ്വര അനന്തന്മെനവനെ അന്ന്യായം പ്രതികളൊട കൂടി ആ പ്രദെശത്തയച്ച ആന ചെതം നൊക്കി കണ്ട വിവരത്തിന്ന മെയി ൧൯൩– ബൊധിപ്പിച്ച റപ്പൊടത്ത നൊക്കുകയും ഇവിടെനിന്ന പുറമെ അന്ന്യെഷിക്കുകയും ചെയ്യുതിൽ അന്ന്യായക്കാൎക്ക ൫൦ക്ക കൂടി ഒട്ടുക്ക ൭൨ വാഴയുടെ ൭ ഉരുപ്പിക വ്യം റെസ്സു മാത്രം നഷ്ടം ഉള്ളതായിട്ടല്ലാതെ വെറെ നഷ്ടം ഒന്നും വന്നിട്ടില്ലെന്നും ഇപ്പൊൾ അധികാരിയുടെ മെൽ ഒന്നാം പ്രതി നടത്തുന്ന ൫൨ൽ അഫീൽ ൧൭൨ ആം നമ്പ്ര സീവിൽ വ്യവഹാരം നിമിത്തമായി ഉള്ള നീരസം കൊണ്ടെ അധികാരി നെരല്ലാതെ ഠരം കാൎയ്യത്തിൽ അധികമായ നഷ്ടം ഉണ്ടെന്നും മററും ബൊധിപ്പിച്ചതാകുന്നു എന്നും കാണുകയും മെൽ പ്രകാരം അല്പമായ നഷ്ടം ഉള്ളത സബൊാസ്സ്വര മുഖാന്തരം കൊടുപ്പിച്ച അന്ന്യായം പ്രതി തമ്മിൽ ഒത്ത രാജിയായി തീരുകയും ചെയ്യിരിക്കുന്നു.

നെരല്ലാത്ത റപ്പൊടത്ത ബൊധിപ്പിച്ച സംഗതിയിൽ വിസ്താരത്തിന്ന ഹാജരാവാൻ മെയി ൧൯൩– അധികാരിക്ക കല്പന യയച്ചാറെ ഹാജരായി കൊള്ളാമെന്ന ൨൪൩– മറുപടി ബൊധിപ്പിച്ചതല്ലാതെ ഇതുവരെ ഹാജരായിട്ടില്ലാ അതിന്റെ സംഗതിയും ബൊധിപ്പിച്ചിട്ടില്ലാ ഠരം അധികാരി ഇപ്രകാരം വ്യാപൃതിയായി വെറെ ഒരു നമ്പ്ര കാൎയ്യത്തിൽ റപ്പൊടത്ത ചെയ്യു കുററത്തിന്ന ൫൨ നവെമ്പ്ര ൨൭൩– ൨൯൦ാം നമ്പ്രായി സന്നിധാനത്തിങ്കൽ നിന്ന കല്പന ഉണ്ടാകയും ആയ്യാളൊട വിസ്തരിച്ച ബൊധിപ്പിച്ച അന്ന പ്രത്യെകം താക്കീത ചെയ്കയും ചെയ്തിട്ടുണ്ടെ യാതൊരു കാൎയ്യവും സത്യമായി ബൊധിപ്പിക്കെണ്ടുന്ന അധികാരി ഇങ്ങിനെ വ്യാപൃതികൾ ബൊധിപ്പിച്ച കാണുന്നതിനാൽ ആയ്യാളുടെ റപ്പൊടത്ത മുതലായ്യുകളിന്മെൽ വിശ്വാസം വെച്ച കൂടുന്നതല്ലാ

യ്യുകൊണ്ട മെലാൽ ഇങ്ങിനെ ചെയ്യാതിരിപ്പാൻ ഒരു ഉറുപ്പിക പിഴ കല്പിക്കെണ്ടതിന്നും അധികാരിക്ക അമച്ച്യയായ ഒരു കല്പനപ്രത്യെകം സന്നിധാനത്തിങ്കൽനിന്ന ഉണ്ടാകെണ്ടതിന്നും ദസ്താവെജകൾ ഇതൊട കൂടി അയച്ച വസ്തുത ബൊധിപ്പിച്ചിരിക്കുന്നു എന്ന ൧൦൨൭ മിഥുനം ൩൦നു-ക്ക ൧൮൫൨മ ജൂൻ ൧൨നു- കതിരുരനിന്ന.

കൊട്ടയം താലൂക്ക കച്ചെരിയില്ക്ക.

പുത്തൂര അംശം ദെശത്ത കുഞ്ഞികുട്ടിയും അമ്പുവും രാമനും ചാത്തുവും പയ്യലും കൂടി ബൊധിപ്പിക്കുന്ന സങ്കട ഹരജി. മെപ്പടി അംശത്തിൽ പറാട്ട മുയ്യാരികണ്ടിയുടെ ജന്മം തരിശായി കിടക്കുന്ന വലിയ പറമ്പ തരിശ നീക്കി തയ്യ വെച്ചുണ്ടാക്കെണ്ടതിന്ന വെണ്ടി മെപ്പടി പറമ്പ എറിയ നെല്ലും പണവും ചിലവു ചെയ്തു കിളപ്പിച്ച അതിൽ .രം കഴിഞ്ഞ ധനുമാസത്തിൽ നെന്ത്രവാഴ വെച്ച നല്ലവണ്ണം വരിക്ക ചെയ്തു മെപ്പടി വാഴ കുലപ്പാൻ സമയമായിട്ടുള്ളതിൽ മെപ്പടി പറമ്പിലെ വാഴയിൽ .രം മാസം ൨൫നു- രാത്രി കടത്തനാട താലൂക്കിൽ പയ്യൽ കുറിപ്പിന്റെ ഒരു ഒററക്കൊമ്പൻ ആന മെലെഴുതിയ പറമ്പിൽ കയറി ഞങ്ങളിൽ കുഞ്ഞികുട്ടി എന്ന എന്റെ ൨൭ വാഴയും രാമൻ എന്ന എന്റെ ൧൩ വാഴയും ചാത്തു എന്ന എന്റെ ൩൦ വാഴയും പയ്യൽ എന്ന എന്റെ ൩൨ വാഴയും കൂടി ആകെ ൨൩൧ വാഴയും മെപ്പടി വാഴകളുടെ ഇടയിൽ ഉണ്ടാക്കിട്ടുള്ള കുമ്പളം വെള്ളരി മുതലായ എറിയ അനുഭവങ്ങൾ ഉണ്ടാകുന്ന മെപ്പടി സാധനങ്ങളും മെലെഴുതിയ ആന തിന്ന നഷ്ടം വരുത്തിരിക്കകൊണ്ട മെൽ എഴുതിയ ആനയെ ഞങ്ങൾ വാഴയിൽനിന്ന പിടിച്ച ആനയൊട കൂട ഞങ്ങൾ മെപ്പടി അംശം കച്ചെരിയിൽ ബൊധിപ്പിക്കുകയും ആനയെ കച്ചെരിയിൽ ഹാജരാക്കുകയും ചെയ്തതിന്റെ ശെഷം ആനയെ ഞങ്ങൾ വക്കൽ തന്നെ എല്പിച്ച അധികാരി മുഖ്യസ്ഥന്മാരൊട്ടു കൂട മെപ്പടി പറമ്പിൽ വന്ന നൊക്കി മെൽ പ്രകാരം ഉണ്ടായ ചെതം കണ്ട വസ്തുതക്ക വിവരമായി റപ്പൊടത്ത തരികയും ചെയ്തിരിക്കുന്നു. മെൽ എഴുതിയ ആന ചെതം വരുത്തിരിക്കുന്ന വാഴയും മററും ഇനി പ്രവൃത്തിചെയ്താൽ ഒരു അനുഭവം വരുന്നതല്ലായ്കകൊണ്ടും മെൽഎഴുതിയ വാഴക്ക ഞങ്ങൾ ചെയ്തിരിക്കുന്ന അദ്ധ്വാനം വിചാരിച്ചാൽ വാഴ ൧ക്ക കാൽ ഉറുപ്പിക വില കിട്ടിയാലും ഞങ്ങൾക്ക സങ്കടം തീരുന്നതല്ലായ്കകൊണ്ടും മെൽഎഴുതിയ ആനയെ എറിയ ദിവസമായി അതിന്റെ പാപ്പാൻ തൃപ്രങ്ങൊട്ടൂര അംശത്തിൽ കടവത്തൂര ദെശത്ത ആനക്കാരൻ കുഞ്ഞി കലന്തൻ എന്നവൻ .രം ദെശത്ത കൊണ്ട വന്നരാത്രി സമയങ്ങളിലും മററും ആനയെ കെട്ടാതെ പലരുടെയും തയ്യ വാഴ

മുതലായ അനുഭവങ്ങൾ ചെതം വരുത്തിട്ടുള്ളതിന്റെ വിലകൊടുക്കുകയും ചെയ്യിട്ടും പിന്നെയും ആനയെ ബന്ധൊവസ്ത ചെയ്യാതെ ഇപ്രകാരം സങ്കടം വരുത്തിട്ടുള്ളതിന്ന ഞങ്ങൾക്ക വളരെസങ്കടമുള്ളത കൂടാതെ മെപ്പടി പറമ്പിൽ തയ്യ വെച്ചുണ്ടാക്കെണ്ടതിന്ന തയ്യ പാവി തയ്യ തെയ്യാറാക്കീട്ടുള്ളത ൦ര൦ എടവമാസത്തിൽ മെപ്പടി പറമ്പിൽ തയ്യ വെപ്പാൻ വിചാരിച്ചിട്ടുള്ളതിന്നും ഇപ്രകാരം ആന ചെതം വരുത്തിയ സംഗതിയാൽ മനസ്സില്ലാതെ വന്നിരിക്കകൊണ്ട ൦ര൦ കച്ചെരിയിലെ കൃപകടാക്ഷം ഉണ്ടായിട്ട മെപ്പടി ആനക്കാരൻ പയ്യൽ കുറുപ്പിനെയും ആന പാപ്പാൻ കുഞ്ഞിക്കലന്തനെയും ൦ര൦ കച്ചെരി മുഖാന്തരം വരുത്തി ഞങ്ങളെ വാഴ നഷ്ടം വന്നിട്ടുള്ളതിന്ന വാഴ ൧ക്ക കാൽ ഉറുപ്പിക കണ്ടും കുമ്പളം വെള്ളരിയുടെ വിലയും ആന തീൻ ചിലവ ദിവസം ൧ക്ക ൧ll പണം തരുവിച്ചും മെൽ പ്രകാരം ചെയ്യു വരുത്തുന്നത കണ്ട സാക്ഷി വിസ്താര സമയം ഹാജരാകുന്നവരൊടും വിസ്തരിച്ചും സങ്കടം തീൎത്ത തരാൻ അപെക്ഷിക്കുന്നു എന്ന ൧൦൨൭ മെടമാസം ൨൭നു—

൧ാം പ്രതി വക്കീലൊട മെയി ൧൫നു—

ചൊദ്യം.

അന്യായം കുഞ്ഞികുട്ടിമുതൽ ൬ാൾ കൂടി പ്രതി പയ്യൽ കുറുപ്പ മുതൽ ൨ ആളെ മെൽ ബൊധിപ്പിച്ച ഹരജി വായിച്ചത താൻ കെൾക്കകയും പയ്യൽ കുറുപ്പിന്റെ വക്കാലത്തൊട കൂടി താൻ ഹാജരാകയും ചെയ്യിരിക്കുന്നുവല്ലൊ ൦ര൦ കാൎയ്യത്തിൽ തനിക്ക എന്താണ ഉത്തരം ബൊധിപ്പിക്കാനുള്ളത.

ഹരജിയും ൦ര൦ കാൎയ്യത്തിൽ പത്തൂര അംശം അധികാരിബൊധിപ്പിച്ച റപ്പൊടത്തും ഞാൻ വായിച്ചു കെട്ട ഹരജിയിൽ പറയും പ്രകാരം ൧ാം പ്രതിയായ എന്റെ അമ്മാമൻ പയ്യൽ കുറുപ്പിനുള്ള ആന അന്യായക്കാരുടെ വാഴ മുതലായ്യ നഷ്ടം വരുത്തിട്ടില്ലാ ഇപ്പൊൾ രണ്ട മാസത്തൊളമായി ആനയെനൊക്കി രക്ഷിക്കെണ്ടതിന്ന വെണ്ടി ആനക്കാരൻ ൨ാം പ്രതി കുഞ്ഞി കലന്തനെ ഏല്പിച്ച അയച്ചു പൊയിലൂര ദെശത്ത കാട്ടിൽ കൊണ്ടുപൊയി കുഞ്ഞി കലന്തൻ നൊക്കി വരുന്നതാകുന്നു. അന്യായക്കാൎക്ക ഏകദെശം അമ്പതൊളം നെന്ത്രവാഴ കെട വന്നിട്ടുണ്ടെന്നും കുഞ്ഞിശങ്കരൻ നമ്പ്യാര കെളുനമ്പ്യാര മുയ്യിൻ കുട്ടി പക്രുകുട്ടി പക്കി അസ്സൻകുട്ടി ഇവൎക്കും മററും ഉള്ള ആനകൾ ഒന്നായി പൊയിലൂര ദെശത്ത ആന പാപ്പാൻമാര കൊണ്ടു പൊകുന്നതാകകൊണ്ട അതിൽ ഏതെങ്കിലും ഒരാന നഷ്ടം വരുത്തിയ്യാണെന്നും അറിഞ്ഞിരിക്കുന്നു. അധികാരിയും അമ്മാമനും തമ്മിൽ ഒരു വ്യവഹാര സംഗതിയാൽ തമ്മിൽ സിദ്ധാ

ന്തം ഉണ്ട അതുകൊണ്ട അന്ന്യായക്കാൎക്ക അനുകൂലമായി റെപ്പൊടത്ത ബൊധിപ്പിച്ചതും അധികാരിയുടെ പറമ്പിൽ ഇരിക്കുന്നവരും മററുമായ അന്ന്യായക്കാരെ കൊണ്ട ഹരജി ബൊധിപ്പിച്ചതും ആകുന്നു അമ്മാമന്റെ അനന്തൻ എന്ന പെരായ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഒററക്കൊമ്പൻ ആന അന്ന്യായക്കാരുടെ വാഴ നഷ്ടം വരുത്തിട്ടില്ലെന്ന തെളിവാൻ തൃപ്രങ്ങൊട്ടൂര അംശം മെനവൻ-മെനവന്റെ ഒരുമിച്ച കണക്കെഴുതുന്ന അമ്പു ഇരിങ്ങണ്ണൂര അംശത്തിൽ കൊമപ്പ കുറുപ്പ-ഇവര സാക്ഷി ഉണ്ട. അവരെ വരുത്തി വിസ്തരിച്ചാൽ തെളിയുന്നതാകുന്നു തൃപ്രങ്ങൊട്ടൂര അംശം അധികാരിക്ക കല്പനയച്ചാലും ഇതിന്റെ സത്യം അറിയും.

ൟ വായിച്ച കെട്ടത താൻ പറഞ്ഞ പ്രകാരം തന്നെയൊ.	അതെ.

അസിഷ്ടാണ്ട മജിസ്ത്രെട്ടിലെക്ക.

വള്ളുവനാട താലൂക്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി. ൟ താലൂക്ക അങ്ങാടിപ്രം അംശത്തിൽ മുയ്യിൻ എന്നവൻ കളവ കവൎച്ച മുതലായതിൽ ഉൾപ്പെട്ട ദുൎന്നടപ്പായി നടക്കുന്ന പ്രകാരവും മററും അങ്ങാടിപ്രം അംശം അധികാരിയും കക്കൂത്ത-മാനത്ത മങ്ങലം പെരിന്തൽ മണ്ണ നഗരം ൟ ൩ ദെശത്ത മുഖ്യസ്ഥന്മാര പ്രമാണികൾ മുതലായി വീരാൻ കുട്ടി മുതൽ ൧൪ ആള കൂടിയും ബൊധിപ്പിച്ച റെപ്പൊട്ടുകളിൽ പറയുന്ന സംഗതികൊണ്ടു മെപ്പടി മുയ്യീയനൊടും മെൽ എഴുതിയ പ്രമാണികളൊടും വിസ്തരിക്കയും മെപ്പടിയാന്റെ നടപ്പിനെ കുറിച്ച നാം നമ്പ്രകാരൻ പ്രത്യെകമായി മീനം ൨൩ന സന്നിധാനത്തിങ്കൽ ബൊധിപ്പിച്ച ഹരജിപ്രത്ത ഏപ്രെൽ ൫ന കല്പന എഴുതി അയച്ചത ൱ന എത്തിയും ൟ വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു.

അധികാരിയും മുഖ്യസ്ഥന്മാര പ്രമാണികളും ബൊധിപ്പിച്ച പ്രകാരം ദുൎന്നടപ്പായി ഒന്നും നടക്കുന്നില്ലെന്നും കുട്ടുവിന്റെ മകളെ താൻ കെട്ടീട്ടുള്ളതിനെ ഉപെക്ഷിക്കെണമെന്ന തന്റെ ദെശക്കാര പറഞ്ഞത താൻ സമ്മതിച്ചിട്ടില്ലെന്നും അതിനാൽ അവൎക്ക തന്റെ മെൽ മുഷിച്ചിൽ ഉള്ളത കൂടാതെ അടിയന്തിരങ്ങൾക്കും മററും കൂട്ടി നടത്തുന്നില്ലെന്നും ആ മുഷിച്ചിൽ നിമിത്തം തന്റെ മെൽ ഇപ്രകാരം ബൊധിപ്പിച്ചതാകുന്നു എന്ന മുയ്യീയനും—മുയ്യിൻ എന്നവൻ തങ്ങൾ റിപ്പൊൎട്ടിൽ ബൊധിപ്പിച്ചതിൽ പറയുന്ന പ്രകാരം കവൎച്ച മുതലായതിൽ ഉൾപ്പെട്ട ദുൎന്നടപ്പായി നടക്കുന്നവനാണെന്നും മുമ്പെ ഒരു കവൎച്ച കാൎയ്യത്തിൽ പിടിച്ച വിസ്തരിച്ച തെളിയാതെ വിട്ടിട്ടുള്ളതല്ലാതെ ശിക്ഷയിൽ ഉ

ൾപ്പെട്ടിട്ടില്ലെന്നും മറ്റും ൧-ം ൩-ം ൪-ം ൫-ം നമ്പ്രകാരും മുഴ്ജിൻ എ ന്നവനും വെറെ ചിലരും കൂടി രണ്ടു മൂന്ന കൊല്ലം മുമ്പെ കൊള്ളൂര ഒരു കുവച്ചയിൽ കൂടി എന്ന വെച്ച പിടിച്ച തെളിയാതെ വിട്ടിട്ടുണ്ടെന്നും അല്ലാതെ വെറെ ഒരു കാൎയ്യത്തിലും ഉൾപ്പെട്ട പിടിച്ച പ്രകാരവും ദുൎന്നടപ്പായി നടക്കുന്നപ്രകാരവും താൻ അറിയില്ലെന്നും ഒരു പെണ്ണിന്റെ നിമിത്തമായി ൭ാം മൂന്ന ദെശത്തുള്ളവരുമായി മത്സരമാണെന്നും ഇപ്പൊൾ ഒരു പരസ്യം ഉണ്ടായിട്ടുള്ളതമുഖ്യസ്ഥൻമാര പ്രമാണികൾ അറിഞ്ഞപ്രകാരം കച്ചീട്ട എഴുതി കൊടുപ്പാനെന്നു പറഞ്ഞ രായൻ എഴുതാത്ത ഒരു ഓലയിൽ തന്നെ കൊണ്ട ഒപ്പിടിയിച്ച കൊണ്ട പൊയിട്ടുണ്ടെന്നും ഉപജീവന വൃത്തിക്ക ൩൦൦ പറ നെല്ലു ഉണ്ടാവാൻ പള്ളിയാൽ കൃഷിയും മൊടൻ കൃഷിയും കരിങ്കൊറ പള്ളിയാൽ കൃഷിയും ഉണ്ടെന്നും മറ്റും ൨ാം നമ്പ്രകാരനും.

൭ാം മുഴ്ജിൻ എന്നവൻ വളരെ ദുൎന്നടപ്പായി നടക്കുന്നത കൂടാതെ കളവ കവച്ച മുതലായ്യുന്ന കൂട്ടുകയും ഓരൊരുത്തരുടെ കന്നുകാലികളെ കളവ ചെയ്യുകയും. പിന്നെ ഉറപ്പിക വാങ്ങി കാണിച്ചകൊടുക്കുന്ന നടപ്പകാരനെന്നും ഇവന ശിക്ഷ ഒന്നും ഉണ്ടായിട്ടില്ലെന്നും ഇങ്ങിനെ ഉള്ള നടപ്പിനാൽ സാധുക്കളായിട്ടുള്ള ജനങ്ങൾക്ക വളരെ സങ്കടം അനുഭവിക്കുന്നുണ്ടെന്നും ഉപജീവന വൃത്തിക്ക കൃഷികച്ചൊടം മുതലായ യാതൊര പ്രവൃത്തികളും ഇല്ലെന്നും ഇവനും ആരുമായിട്ടും ഒര എടച്ചിലും ഉള്ളപ്രകാരം അറിഞ്ഞിട്ടില്ലെന്നും മറ്റും ൬ാം നമ്പ്രകാരൻ അധികമായും ബൊധിപ്പിച്ചിരിക്കുന്നു.

൭ാം കാൎയ്യത്തിൽ വിസ്താരത്താൽ പ്രതിക്കാരൻ ദുൎന്നടപ്പകാരനാകുന്നു എന്ന ൧-ം ൩-ം ൪-ം ൫-ം ൬-ം നമ്പ്രകാര പറഞ്ഞിരിക്കുന്ന വാക്കുകൾ അവര കെട്ട പ്രകാരം അല്ലാതെ ഇന്നിന്ന കാൎയ്യങ്ങൾക്ക എന്ന ഉറപ്പായി പറഞ്ഞിട്ടില്ലെന്നല്ലാ അവര പറഞ്ഞ പ്രകാരം മുഴുവനും നെരായിട്ടുള്ളതല്ലെന്നും പ്രതിക്കാരനും ൨ാം നമ്പ്രകാരനും പറഞ്ഞ പ്രകാരം മെൽ എഴുതിയ മൂന്ന ദെശക്കാരുമായി തമ്മിൽ മത്സരമുണ്ടെന്നും ആ മത്സരം നിമിത്തം അധികാരി മുഖ്യസ്ഥന്മാര പ്രമാണികൾ ഇപ്പൊൾ ഇങ്ങിനെ ബൊധിപ്പിപ്പാൻ സംഗതിവന്നതഎന്നും കാണുന്നു. അതുകൂടാതെ ൭ാം പ്രതിക്കാരൻ കച്ചെരിക്ക സമീപം ഇരിക്കുന്നവനാകകൊണ്ട അവന്റെ നടപ്പ ഞാൻ അന്വെഷിച്ചതിൽ കന്നകാലി കളവിൽ ഉൾപ്പെടുന്ന സംശയമായ നടപ്പകാരൻ എന്ന അറിഞ്ഞിരിക്കുന്നു. മുൻമ്പെ ഒരു കുറ്റത്തിന്നും ശിക്ഷക്കുൾപ്പെട്ടിട്ടില്ലാ. ഇവന്റെ മെൽ അധികമായി ചുമത്തി പറയുന്ന ആളുകൾ ൭ാം വക നടപ്പ മുൻമ്പെ തന്നെ അവക്ക അറിവുണ്ടെന്ന പറയുന്ന അവസ്ഥക്ക. അങ്ങിനെ പറയുന്ന ആളുകൾ സിദ്ധാന്തം കൂടാതെ ഉള്ള നെരസ്ഥൻമാരാകുന്നു എങ്കിൽ ആ വക സമയങ്ങളിൽ തന്നെ ബൊധി

പ്പിക്കാൻ സംഗതി ഉള്ളതാണ. അതല്ലാതെ ഇപ്പൊൾ പരസ്യം ഉണ്ടായ്കകൊണ്ട ബൊധിപ്പിച്ചു എന്ന പറയുന്നത ശെരി അല്ല.

മറെറാരുവൻ കെട്ടിയ പെണ്ണിനെ അവന്റെ മൊഴി പറയും മുൻമ്പെ പ്രതിക്കാരൻ കെട്ടിയു മാറ്റത്തിന്ന വിരൊധവും കുറവും ഉണ്ടെന്നുവെച്ചു ആപെണ്ണിനെ ഉപെക്ഷിക്കെണ്ടതിന്നായി പ്രമാണി മുഖ്യസ്ഥൻമാര പറഞ്ഞതിന്റെശെഷം അത അനുസരിക്കാത്തതിനാൽ പ്രതിക്കാരനെ അമച്ചു വരുത്തെണ്ടതിലെക്ക ൨ാംവഴി നല്ലതെന്നതൊന്നി റപ്പൊടത്ത ബൊധിപ്പിച്ചതാകുന്നു എന്ന ഇതിന മുൻമ്പെ ബൊധിപ്പിക്കാത്തത കൊണ്ടും ഒരുവന്റെമെൽ ഇങ്ങിനെ അധികം ആളുകൾ കൂടി ബൊധിപ്പിച്ചതിനാലും റപ്പൊടത്തിൽ ഉൾപ്പെട്ടവര തന്നെ രണ്ടവിധമായി പറഞ്ഞതകൊണ്ടും ദൃഷ്ടാന്തമാകുന്നു

നെരവഴിക്കല്ലാതെ സിദ്ധാന്തം വഴിക്ക കല്പിച്ചു കൂട്ടിബൊധിപ്പിച്ചതകൊണ്ട പ്രതിക്കാരന്റെ മെൽ ദുൎന്നടപ്പു കുററം ഒറപ്പിപ്പാൻ പാടില്ലെന്നും സംശയമായ നടപ്പുകാരനാകകൊണ്ട മെലാലത്തെ നടപ്പാവസ്ഥയിന്മെൽ ദൃഷ്ടി വെച്ചു എന്തെങ്കിലും ദുൎന്നടപ്പിൽ ഉൾപ്പെടുന്ന പ്രകാരം കണ്ടാൽ അതാത സമയം തന്നെ മുഖ്യസ്ഥൻമാര പ്രമാണികൾ ബൊധിപ്പിക്കെണ്ടതും അപ്പൊൾ സംഗതിപൊലെ നടത്തെണ്ടതാണെന്നും ഇനിക്ക തൊന്നുന്നതിനാൽ വരുന്ന കല്പനപ്രകാരം നടപ്പാൻ വെണ്ടി പ്രതിക്കാരനെ ജാമ്മ്യനാൽ നിൎത്തി ൨ാം കാൎയ്യത്തിന്റെ വിസ്താരം മുതലായ്യൊട കൂടി എണ്ണം ൧൦-ാം ൨ാം ഹരജി ഒന്നിച്ച സന്നിധാനത്തിങ്കലെക്കയച്ചിരിക്കുന്നു.

പ്രതിക്കാരന പനിയുടെ ദീനമായിരുന്നതിനാൽ ആയ്യു ഭെദം വന്ന ഹാജരാവാനും പ്രമാണി മുഖ്യസ്ഥൻമാക്ക ആളെ അയച്ചതിന്റെശെഷം ഹാജരാവാൻ താമസിച്ചതകൊണ്ടും എത്രെ വിസ്താരം തീൎത്തയപ്പാൻ താമസം വന്നത.

ഇപ്പൊൾ ദുൎന്നടപ്പു കുററം ഒറപ്പിപ്പാൻ മതിയായ സംഗതി പൊരെന്ന തൊന്നുകയാൽ ൨ാം കാൎയ്യം ഫയലിൽ ചെൎത്തിട്ടില്ല എന്നു ൧൦൨൭ മെടം ൧൭൹-ക്ക ൧൮൫൨ എപ്രെൽ ൨൭൹.

മുഖ്യസ്ഥൻ മന്ത്രൂവിനൊട എപ്രെൽ ൨൭൹

ചൊദ്യം

മൊയ്യിൻ എന്നവന്റെ നടപ്പിനെകുറിച്ച മുഖ്യസ്ഥൻമാര പ്രമാണികൾ കൂടി എഴുതിയ റിപ്പൊൎട്ടിൽ നിൎയ്യം ഉൾപ്പെട്ടതായി കാണുന്നത കൂടാതെ പ്രത്യെ

മൊയ്യിൻ എന്നവൻ വളരെ ദുൎന്നടപ്പുകാരനാണ അതിന്റെ വിവരം ബൊധിപ്പിക്കാം എന്റെയും അവന്റെയും കൂടി തമ്മിൽ ഒര വിളിപ്പാട അകലമെ ഉള്ളു

കം താൻ അസിഷ്ഠാണ്ട മജി
സ്ത്രെട്ട സന്നിധാനത്തിങ്കൽ
ഹരജി ബൊധിപ്പിച്ചതായും
കാണുന്നു അവന്റെ നടപ്പ
വിവരം നീ അറിയുന്നത ഒക്കെ
യും പറാ

കൊളത്തൂര അംശത്തിൽ ഉണ്ണ്യാ
ലിയുടെ കുടിയിൽനിന്ന ൧൦൨൮
മത കൊല്ലത്തിലാണെന്ന തൊ
ന്നുന്നു ഒരു മുതൽ കവൎച്ച ഉണ്ടാ
യ്തിന്ന ഈ മെയ്തീൻ എന്ന
വനും കൂടിയ പ്രകാരം അറിഞ്ഞ

അന്ന അവനെ ഈ താലൂക്കിൽ പിടിച്ച വിസ്തരിച്ച കൊഴി
ക്കൊട്ടക്കയച്ച അതിന്റെ ശെഷം വിട്ടുവന്നു ശിക്ഷ ഉണ്ടായിട്ടി
ല്ലാ എന്നാണ കെട്ടിരിക്കുന്നത പെരുന്തൽമണ്ണ അങ്ങാടിയിലി
രിക്കും വെങ്കിടാജലത്തിന്റെ മൂരികളെ മെല്പറമ്പിൽനിന്ന തടവ
കാരൻ മൊയ്തീൻ എന്നവൻ ഈ ൧൦൨൯മത ആദ്യമാണ മാസം ന-
നിശ്ചയമില്ലാ കളവ ചെയ്തിരിക്കുന്ന പ്രകാരം അന്ന്യായം വെങ്കി
ടാജലം എന്നൊടും വെറെ മുഖ്യസ്ഥൻ മാരൊടും പറകയും താലൂക്കി
ൽ അന്ന്യായം ബൊധിപ്പിക്കയും ചെയ്തു വ്യവഹാരമായ്തി
ന്റെ ശെഷം ഉപായത്തിൽ ആ വക മൂരികളെ മൊയ്തീൻ പറമ്പിൽ
കാണിച്ചുകൊടുത്ത കിട്ടിരിക്കുന്നു വാത്താക്കര ദെശത്ത മമ്മിഎന്ന
വന്റെ മൂരികൾ കളവ പൊയ്തു കാണിച്ച കൊടുക്കാമെന്ന പറ
ഞ്ഞ നാലൊ അഞ്ചൊ ഉറുപ്പിക വാങ്ങി അതിന്റെ ശെഷം
ആ മൂരിയെ കാണിച്ചുകൊടുക്കുകയും ഉറുപ്പിക മടങ്ങി കൊടുക്ക
യും ചെയ്തിട്ടില്ലാ മമ്മി എന്നവൻ അതിനാൽ സങ്കടപ്പെട്ട നട
ക്കുന്നു അത എകദെശം നാല അഞ്ച മാസം മുമ്പെയാണ ക
ക്കുത്ത കണിശൻ കൊന്തപ്പണിക്കരുടെ ഒരു മൂരിയെ നാല മാ
സം മുമ്പെ കളവപൊയി അതിന അഞ്ച പറ നെല്ല ഈ ത
ടവകാരൻ വാങ്ങി മൂരിയെ പണിക്കരുടെ തൊഴുത്തും പടിക്കൽ
ആരും കാണാതെ കൊണ്ട ചെന്ന നിൎത്തി എന്നും പണിക്കൎക്ക കി
ട്ടി എന്നും കെട്ടിരിക്കുന്നു ചന്തപറമ്പിൽ ഇരിക്കും മൊയ്തീൻകുട്ടി
യുടെ ഒരു മൂരിയെ എകദെശം അഞ്ചാറ മാസം മുമ്പെ കളവപൊ
യതിന്റെ ശെഷം കാണിച്ച കൊടുക്കാമെന്നവെച്ച രണ്ട ഉറു
പ്പിക വാങ്ങി എന്നും മൂരി ചെമ്പ്രശ്ശെരി അംശത്തിൽ ഒരു കുടിയിൽ
നിൽക്കുന്നുണ്ടെന്ന പറഞ്ഞ കൊടുത്ത അവിടെ നിന്ന കിട്ടി എ
ന്നും കെട്ടു ഇത പൊലെ മറ്റും പലരുടെയും കന്നകാലികളെ മൊ
യ്തീൻ എന്നവൻ കളവ ചെയ്കയും ഉറുപ്പിക വാങ്ങി കാണിച്ച
കൊടുക്കയും ചെയ്തു ഇത ഒരു കച്ചൊടവും കഴിച്ചിലും ജനങ്ങൾക്ക
ബുദ്ധിമുട്ടും ആയിരിക്കുന്നു അന്ന്യായം ചെയ്തു വ്യവഹാരം നട
ത്തെണ്ടതിനുള്ള അദ്ധ്യാനവും മുഷിച്ചിലും വിചാരിച്ച ഈ വ
ക സങ്കടക്കാര ഒക്കെയും വിവരത്തിന്ന അന്ന്യായപ്പെടാത്തതാ
ണ ഇത കൂടാതെ തുരന്ന കളവ ചില്ലറ കളവ ഈ വകയും പ
ലതും ചെയ്തു വരുന്ന പ്രകാരം കെട്ടിരിക്കുന്നു ശിക്ഷ ഒന്നും അനു
ഭവിച്ച പ്രകാരം അറിഞ്ഞിട്ടില്ലാ ഈ വക ദുൎന്നടപ്പിൽ ഇവൻ അ
ധികമായി ഉൾപ്പെട്ടുനടന്നു തുടങ്ങീട്ട ഒരു കൊല്ലമായി എന്നറിഞ്ഞി

രിക്കുന്നു കൃഷി കച്ചൊടം ൟ വകയും മററ മൎയ്യാദപ്രകാരം യാതൊരു പ്രവൃത്തിയും ഒരു മുതലും ഇല്ലാ രണ്ടുപെണ്ണു കെട്ടീട്ടുണ്ടു അതിൽ മൂന്നൊ നാലൊ കുട്ടികളും ഉണ്ടു ഒക്ക കൂടി ഒരു ദിവസത്തിന്ന ആറു ഏഴു ശെറു നെല്ലു ശിലവിന വെണ്ണം അതിന ഒരു മുതലും ഒരു പ്രയത്നം ചെയ്കയും ഇല്ലാ മെൽപ്രകാരം കളവു മുതലായ ദുൎന്നടപ്പുകൾ ചെയ്തു അതിൽ കിട്ടുന്ന മുതൽകൊണ്ടു ധാരാളമായും സൌഖ്യമായും ശിലവുകഴിക്കയും ആരെയും ശങ്കകൂടാതെ ദുൎന്നടപ്പുകൾക്കായി എപ്പൊഴും മനസ്സു വെച്ചുനടക്കുകയും ചെയ്യുന്നവനാണ നല്ല നടപ്പായി നടക്കാൻ ഏറിയപ്രകാരം ഒക്ക പറഞ്ഞിരിക്കുന്നു അതു അവന ഒട്ടും മനസ്സാവുന്നില്ലാ ഇയ്യുടയിൽമാപ്പിളമാര കുല കവച്ച മുതലായ്തു ചെയ്യുന്നവൎക്ക പ്രമാണികൾസഹായമെന്നും മെലാൽ അങ്ങിനെ ആയാൽ പ്രമാണികൾക്ക ശിക്ഷ ഉണ്ടാകുമെന്നും സൎക്കാരിൽ നിന്ന കല്പിച്ച പരസ്യമാക്കിയ വിവരംഅറിഞ്ഞാറെ ഇവൻെറനടപ്പാവസ്ഥ ബൊധിപ്പിച്ചു അമൎത്ത വെക്കാഞ്ഞാൽ ഞങ്ങൾക്ക കുഴക്ക വരുമെന്ന വെച്ചു ഞങ്ങൾ പ്രമാണികൾ എല്ലാവരും കൂടി റപ്പൊൎട്ടും ഞാൻ ഹരജിയും ബൊധിപ്പിച്ചതാകുന്നു.

മററ ഒരുത്തൻ കെട്ടിയ പെണ്ണിനെ അവൻെറ മൊഴി കൂടാതെമുയ്യിൻ എന്നവൻകെട്ടുകയും അതിനാൽ ദെശക്കാര വിരൊധമായി നിങ്ങടെ ജാതിക്കാൎക്കുള്ള അടിയന്തരങ്ങൾക്ക മുയ്യിയനെകൂട്ടി നടക്കാറില്ലെന്ന ഒരു വൎത്തമാനം കെട്ടിരിക്കുന്നു അപ്രകാരം ഉണ്ടൊ ഏതപ്രകാരമാണ

മാപ്പു മൎയ്യാദപ്രകാരം അല്ലാതെ ഒരു പെണ്ണു മുയ്യിൻ കെട്ടിയ പ്രകാരവും അതിനാൽ അവനെ കൂട്ടി നടത്താതെ ഇരിക്കുന്ന പ്രകാരവും ഞാൻ കെട്ടിട്ടില്ലാ അവൻെറ കുടിയിൽ തന്നെ രണ്ടു മാസം മുമ്പെ ഒരു കാതുകുത്ത കല്യാണം അടിയന്തരം ഉണ്ടായി എന്നും അതിന്ന പലരും പൊയിരുന്നു എന്നും കെട്ടിരിക്കുന്നു ആരുമായിട്ടും കൂട്ടി നടക്കാതെ ഒരു വിരൊധം ഉള്ള പ്രകാരം അറിഞ്ഞിട്ടില്ലാ.

ൟ വായിച്ച കെട്ട പ്രകാരം തന്നെയൊ പറഞ്ഞത.

അതെ.

പ്രതിമൊയ്യിയനൊട എപ്രെൽ ൨൯ ന—

ചൊദ്യം

നീ കളവു കവച്ച മുതലായ്തിൽ ഉൾപ്പെട്ട ദുൎന്നടപ്പായി നടക്കുന്നപ്രകാരം അങ്ങാടിപ്രം അം

അധികാരിയും മുഖ്യസ്ഥൻമാര പ്രമാണികളും എൻെറ മെൽ ബൊധിപ്പിച്ചറപ്പൊൎട്ടു കെട്ടുഅ

ശം അധികാരിയും മാനത്ത മ
ങ്ങലം-കക്കൂത്ത-പെരിന്തൽ മ
ണ്ണനഗരം ൟ മൂന്ന ദെശത്ത
മുഖ്യസ്ഥന്മാര പ്രമാണികളും
ബൊധിപ്പിച്ച റപ്പൊൎട്ട വായി
ച്ച കെട്ടുവെല്ലൊ ആയ്തിന്ന എ
ന്താണ ഉത്തരം പറവാനുള്ളത.

വര ബൊധിപ്പിച്ചപ്രകാരം ക
ളവ കവൎച്ച മുതലായ്തിൽ ഒന്നും
ഞാൻ ഉൾപ്പെട്ട ദുൎന്നടപ്പായി ന
ടക്കമാറില്ലാ മൂന്നു കൊല്ലം മുൻ
മ്പെ കൊളത്തൂര ഒരു മാപ്പിളയു
ടെ കുടിയിൽ കവൎച്ചക്ക ഞാൻ
കൂടിഎന്നവെച്ച പിടിച്ചഎന്നെ
കൊഴിക്കൊട്ടക്കയച്ചു അവിടെ നിന്ന എന്നെ വിട്ടയക്കയും ചെ
യ്തു താലൂക്കിലെക്കയച്ചു താലൂക്ക മുഖാന്തരമാണ വിട്ടത അങ്ങിനെ
ഒരു കാൎയ്യത്തിൽ പിടിച്ച വിസ്തരിച്ചതല്ലാതെ മററ ഒരു കവൎച്ചക
ളിൽ ഞാൻ ഉൾപ്പെടുകയും എന്നെപിടിക്കയും വിസ്തരിക്കയും ഉണ്ടാ
യിട്ടില്ലാ ഒന്നരഒന്നര കൊല്ലമായിട്ട എന്റെ നെരെ ദെശത്തുള്ള വ
ക്ക മത്സരമാണ കുട്ടുവിന്റെ മകളെ ഞാൻ കെട്ടി അവളെ മുമ്പെ
ഒരുത്തൻ കെട്ടിയിരുന്നു അവൻ മൊഴി ചൊല്ലീട്ടില്ലെന്നവെച്ച അ
വനെകൊണ്ട എന്റെ മെൽ താലൂക്കിൽ ഹരജി ബൊധിപ്പിച്ച മ
സ്സറത്ത ചെന്ന തമ്മിൽ തീൎക്കാനായി നിശ്ചയിച്ചതിന്റെ ശെഷം
അവൻ ചാടി പൊയി പിന്നെ ആ പെണ്ണിനെ കളയെണമെന്ന
ദെശക്കാര പറയുമാറുണ്ട എന്റെ കുടിയിൽ ആരും വരില്ലാ അടി
യന്തരങ്ങൾക്ക എന്നെ കൂട്ടുകയും ഇല്ലാ ഞാൻ ജാതി മൎയ്യാദ പൊ
ലെ കെട്ടിയ്യാകകൊണ്ട ആ ഉമ്മയെ ഞാൻ ഉപെക്ഷിച്ചിട്ടില്ലാ അ
തിനാൽ എന്നെ ഏത വിധത്തിലെങ്കിലും കുടുക്കെണമെന്ന വിചാ
രിച്ച എല്ലാവരും കൂടി യൊജിച്ച ബൊധിപ്പിച്ചതാകുന്നു കുറെദി
വസം മുമ്പെയും ആ കാൎയ്യം കൊണ്ട എന്നൊട പറഞ്ഞിരുന്നു അ
ത കെൾക്കാത്തതിനാൽ സിദ്ധാന്തമായി ബൊധിപ്പിച്ചതാണ ഇ
നിക്ക രണ്ടകെട്ടിയവളും രണ്ട മൂന്ന കുട്ടികളും ഉണ്ട ൩൦൦ പറ നെല്ല
ഉണ്ടാകുന്ന പള്ളിയാൽ കൃഷി ഉണ്ട മൊടൻ കൃഷിയും ഉണ്ടാക്കും
ൟ വക പ്രയത്നം കൊണ്ടും വാളക്കാട്ട കാപ്പിപണിക്ക പൊയി
ട്ടും ദിവസവൃത്തി കഴിച്ച വരുന്നതാകുന്നു പ്രമാണികളിൽ മയ്യൂവി
ന്ന എന്റെ നെരെ അധികമായിട്ടും വിരൊധമുണ്ട മുല്ല മൊയ്തു
ട്ടിയുടെ ഒന്നിച്ച കവൎച്ചക്ക പൊകെണമെന്നും അവനൊട കുറെ
പൊന്ന പറഞ്ഞിട്ടുള്ളത വാങ്ങെണമെന്നും അവന വെണ്ടി ജാ
മ്യൻ നിന്നിട്ടുള്ളതിന്ന തരാൻ വെച്ചിട്ടുണ്ടെന്നും എന്നൊട പറ
ഞ്ഞിരിക്കുന്നു അതും ഞാൻ അനുസരിച്ചിട്ടില്ലാ അതുകൊണ്ടും വി
രൊധമാണ ഇതല്ലാതെ വെറെ ഒന്നും ഇനിക്കബൊധിപ്പിക്കാ
നില്ലാ.

ൟ വായിച്ച കെട്ട പ്രകാരമൊ
പറഞ്ഞത.

അതെ.

അസിഷ്ടാണ്ട മജിസ്ത്രെട്ടിൽക്ക

വള്ളുവനാട താലൂക്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കു
ന്ന ഹരജി ൧൦൦ താലൂക്ക അങ്ങാടിപ്പുറം അംശത്തിൽ കുഞ്ഞാപ്പയു
ടെ മകൾ ഉമ്മാത്ത എന്ന കുട്ടി കിണററിൽ വെള്ളത്തിൽ വീണ
മരിച്ചപ്രകാരം പരിയാരം ദെശത്ത മുഖ്യസ്ഥന്മാരുടെ റിപ്പൊൎട്ടൊ
ടു കൂടി അങ്ങാടിപ്പുറം അംശം അധികാരി കൎക്കിടകം ൧൩നു എഴുതി
യ റിപ്പൊൎട്ട ജൂലായി ൨൭നു പകൽ ൪ മണിക്ക ഇനിക്ക കിട്ടുക
കൊണ്ട അപ്പൊൾ തന്നെ ഞാൻ പുറപ്പെട്ടു പൊയി ശവം നൊക്കി
കണ്ട യാദാസ്ത എഴുതി മറ ചെയ്യാൻ അനുവാദം കൊടുത്ത മെല്പടി
മരണ സംഗതികൊണ്ട ൧ മരിച്ചവളുടെ തള്ള ഉമ്മാത്തുമ്മ-൨ ശവം
കിണററിൽ നിന്നമുങ്ങി എടുത്ത അസ്സൂന്മാൻകുട്ടി-൩ കൊയ-൪ ശ
വം നൊക്കിയ നാട്ടുവയിദ്യൻ കുഞ്ഞുണ്ണ്യാൻ മുല്ല-ഇവരൊട വി
സ്താരിക്കയും വീണ മരിച്ചതായി കാണുന്ന കിണറ നൊക്കി കാ
ണുകയും വെണ്ടുന്ന അന്വെഷണം ചെയ്കയും ചെയ്തു.

മരിച്ച ഉമ്മാത്ത എന്ന കുട്ടിക്ക ഏകദെശം ൧൦ വയസ്സ പ്രായമായ
പ്രകാരവും അവളെ ൨൭നു രാവിലെ ഏകദെശം ൨ നാഴിക പുലരു
മ്പൊൾ കുടിക്കകത്തകാണായ്കകൊണ്ടശെഷം കുട്ടികളൊട ചൊദി
ച്ചാറെ പുറത്ത ജല ബാധക്ക പൊയപ്രകാരം പറക കൊണ്ട കുറെ
നെരം താമസിച്ചിട്ടും വന്ന കാണായ്കയാൽ ൧ാം നമ്പ്രകാരത്തിയാ
യ പെററ തള്ള കിണററിങ്കൽ ചെന്ന നൊക്കിയാറെ വെള്ളത്തി
ൽ വീണ പ്രകാരം സംശയം തൊന്നി നിലവിളിച്ചാറെ ൨-൩-൩
നമ്പ്രകാര പാഞ്ഞ വന്ന കിണററിൽ തപ്പിയപ്പൊൾ കണ്ട കിട്ടി
എടുത്ത നൊക്കുമ്പൊൾ മരിച്ച പ്രകാരം കണ്ടിരിക്കുന്നു എന്ന
കാണുന്നു.

മെല്പടി കിണററിൽ കരക്ക നിന്നാൽ വെള്ളം കൈ കൊണ്ട മു
ക്കാൻ മാത്രംനിറഞ്ഞ നിൽക്കുന്നത കൂടാതെ കിണററിന്റെ തെക്ക
ഭാഗം ഉരുണ്ടതായി ഒരു മരം കൊണ്ട പാലം വെച്ചിട്ടും കാണുന്നു
ണ്ട മരിച്ചവൾക്ക ബുദ്ധിക്ക തന്റെടം വെക്കാതെയും നീന്തല
അറിഞ്ഞ കൂടാതെയും ഉള്ളവളാകകൊണ്ട വെള്ളം കൈ കൊണ്ട മു
ക്കുമ്പൊഴൊ പാലത്തിന്മെൽ കയറിയപ്പൊഴൊ കാല തെററിട്ടൊ
മറിഞ്ഞ കിണററിൽ വീണ വെള്ളം കുടിച്ച മരിച്ച പ്രകാരം എത്രെ
കണ്ടിരിക്കുന്നത വെറെയാതൊര സംശയവും ഇല്ലാത്തതിനാൽ
അധിക വിസ്താരം ചെയ്യാൻ ആവശ്യമില്ലായ്കകൊണ്ട ൧൦൦ കാ
ൎയ്യത്തിന്നുണ്ടായ വിസ്താര കടലാസ്സുകൾ നാലും ശവം നൊക്കി
എഴുതിയ യാദാസ്തും ഓല റിപ്പൊൎട്ട രണ്ടും ൧൦൦ ഹരജി ഒന്നിച്ചയ
ച്ചിരിക്കുന്നു.

സക്ക്ലെർ കല്പനയിൽ താല്പൎയ്യം പ്രകാരം മെല്പടി കിണററിന്ന
ആൾമറ കെട്ടിച്ചിട്ടില്ലാ കിണറ കല്ലു പടുത്തിട്ടുള്ളതല്ലാ ഇപ്പൊൾ
രണ്ടാൾപുറം വെള്ളം ഉണ്ട കല്ലു പടുത്ത ആൾ മറകെട്ടാനായി വി

ചാരിച്ചിരുന്നു എന്നും മാപ്പിള ജെലിൽ ആകയാൽ വെറെ പ്രാപ്തിയായി ആരും ഇല്ലാത്തതിനാൽ അതിന്ന സംഗതി വന്നില്ലാ എന്നും കുടിക്കാര പറഞ്ഞിരിക്കുന്നു മെലാൽ ഇങ്ങിനെ വരാതെ ഇരിപ്പാൻ ആൾ മറ കെട്ടുകയൊ വെലി കെട്ടുകയൊ ചെയ്യണമെന്ന താക്കീതി ചെയ്തിരിക്കുന്നു എന്ന ൧൦൨൩ കൎക്കിടകം ൧൯ നു-ക്ക ൧൮൪൮ ആമത ജൂലായി മാസം ൨൮ നു- അങ്ങാടിപ്രത്തുനിന്ന.

വള്ളുവനാട താലൂക്ക അങ്ങാടിപ്രം അംശത്തിൽ മാപ്പിള കുഞ്ഞാപ്പയുടെ മകൾ ഉമ്മാത്ത എന്ന കുട്ടിയുടെ ശവം കൊല്ലം ൧൦൨൩ മത കൎക്കിടകമാസം ൧൩ നു-ക്ക ൧൮൪൮ മത ജൂലായി മാസം ൨൭ നു- ഞായറാഴ്ച പകൽ ൯ മണിക്ക മെല്പടി താലൂക്ക ഹെഡപൊലീസാപ്സര താഴെ പെര എഴുതി കയ്യൊപ്പിടുന്നവരൊടുകൂടി നൊക്കികണ്ട വിവരം എഴുതിയ യാദാസ്തു.

ശവം പുത്തംവീട്ടിൽ എന്ന കുടിയിൽ കിഴക്കിനിയിൽ ഒരു തെങ്ങൊലപായിൽ കാല രണ്ടും തെക്കൊട്ട നീട്ടിയും തല വടക്കൊട്ട വെച്ചും ഒരു കിഴക്കൻ പുതപ്പ ഇട്ട മൂടി മലൎന്ന കിടക്കുന്നത കണ്ട പുതപ്പ എടുപ്പിച്ച നല്ലവണ്ണം നൊക്കി കണ്ടതിൽ കൈ രണ്ടും വയിററത്ത വെച്ചും കണ്ണ രണ്ടും ചിമ്മിയും വയറ കുറെ വീൎത്തും തലമുടി കെട്ട കഴിഞ്ഞും രണ്ട മൂക്കിൽനിന്നും വെളുത്ത നിറമായ നൊര വന്നും മരിച്ച കിടക്കുന്നു വരിക്ക മുറി മുതലായ്തു ഒന്നും കാണ്മാനില്ലാ മരിച്ചവൾക്ക ഏകദെശം ൧൦ വയസ്സ പ്രായമായ പ്രകാരവും മരിച്ചിട്ട ഏകദെശം ൧൦ മണി കൂറ നെരം മുമ്പെ മരിച്ച പ്രകാരവും തൊന്നുന്നു ആ ശരീരത്തിന്മെൽ കാതിൽ പൊന്നകൊണ്ട പൈര കാതില എന്ന ആഭരണവും വെള്ളി ചിററുകളും ഇട്ട കണ്ടിരിക്കുന്നു—വെറെ മുതൽ ഒന്നും കണ്ടിട്ടും ഇല്ലാ. മരണകാൎയ്യത്തിൽ ഒര സംശയവും കാണ്മാനില്ലാ. ശവം മൎയ്യാദപ്രകാരം മറ ചെയ്യാനായി ശെഷക്കാൎക്ക അനുവാദം കൊടുക്കയും ചെയ്തു.

കുട്ടിയുടെ തള്ളയൊട ജൂലായി ൨൭ നു-.

നിന്റെ മകൾ ഉമ്മാത്ത എന്ന കുട്ടിയുടെ മരണം ഏതപ്രകാരമാകുന്നു വിവരം പറ.

ഇന്ന നെരംപുലൎന്ന ഏകദെശം ഒന്നര രണ്ടനാഴിക പുലരുമ്പൊൾ കുപ്പായം തുന്നാൻവെണ്ടി ശീല എടുപ്പാൻ പടിഞ്ഞാറെ മാളികയുടെ മുകളിൽ പെട്ടി തുറക്കാൻ പൊയപ്പൊൾ മരിച്ച എന്റെ മകൾ ഉമ്മാത്തയും മകൻ സെയ്താലി എന്ന കുട്ടിയും കെഴക്കിനിയിൽ നിന്നിരുന്നു ഞാൻ ശീല എടുത്ത താഴത്ത വന്നാറെ സെയ്താലി കുട്ടി തെക്കിനിയിൽ നിൽക്കുന്നു ഉമ്മാത്തയെ കണ്ടില്ലാ. ഉമ്മാത്ത എവിടെ എന്ന സെ

യ്യാലി കുട്ടിയൊട ചൊദിച്ചപ്പൊൾ തുറാൻ പൊയി എന്ന സെയ്യാലികുട്ടി പറഞ്ഞു കുറെ നെരത്തിന്ന കാണാതെ ഞാൻ വിളിച്ചു മിണ്ടായ്കകൊണ്ട പുറത്ത എറങ്ങി കിണറ്റിങ്ങൽ വന്ന നൊക്കിയപ്പൊൾ കിണറ്റിലെ വെള്ളം എളകീട്ടും പൊളു വരുന്നതും കണ്ട കിണറ്റിൽ വീണെവൊ എന്ന സംശയിച്ചു. എന്റെ കുടിയിൽ വെറെ ആരും ഇല്ലായ്കകൊണ്ട അവിടെ നിന്ന ഒറക്കെ നിലവിളിച്ചു. ആനിലവിളി കെട്ട സമീപം കുടിക്കാരൻ കൊയ വന്ന അവൻ കിണറ്റിൽ ചാടി മുങ്ങി അവൻ അടിയിൽ എത്തിലാ. അപ്പൊഴക്ക അയ്യൂന്മാൻ കുട്ടി വന്ന അവൻ മുങ്ങി അടിയിൽ എത്തി ഉന്മാത്തയെ കണ്ട എടുത്ത പൊങ്ങിച്ച കരക്ക കൊണ്ടുവന്ന നൊക്കുമ്പൊൾ വയറ വീൎത്തിരിക്കുന്നു വെഗം കുപ്പായം ശരീരത്തിന്മെൽ നിന്ന കഴിച്ച ഒരലിന്മെൽ കവുത്തി കിടത്തി കുറെ വെള്ളം ഒലിച്ച പൊയി നൊക്കിയാറെ ജീവൻ പൊയിരിക്കുന്നു എന്നാറെ ശവം അകായിൽ കൊണ്ട കിടത്തി മുഖ്യസ്ഥന്മാരെയും മറ്റും അറിയിച്ചു കിണറ്റിൽ ഇപ്പൊൾ മഴ പെയ്തു വെള്ളം നിറഞ്ഞിരിക്കുന്നു കൈ കൊണ്ട വെള്ളം മുക്കി എടുക്കാം അപ്രകാരം വെള്ളം മുക്കുമ്പൊൾ അബദ്ധമായി വെള്ളത്തിൽ മറിഞ്ഞ വീണു പൊയി നീന്തം അറിഞ്ഞു കൂടായ്കകൊണ്ട വെള്ളം കുടിച്ച മരിച്ച പൊയതാണ മറ്റ ഒരു പ്രകാരം മരിച്ചതാണെന്ന യാതൊരു സംശയവും ഇനിക്കില്ല. എന്നെ കെട്ടിയ മാപ്പിള ഇപ്പൊൾ ജെലിൽ ആക കൊണ്ട ൟ കുടിയിൽ ഞാനും മരിച്ച ഉമ്മാത്തയും സെയ്യാലി അയ്യൂന്മാൻ കുട്ടി ഉണ്ണ്യൻ കുട്ടി രായൻ കുട്ടി ഇങ്ങിനെ നാല കുട്ടികളും മാത്രമെ പാൎത്ത വരുന്നുള്ളു.

ൟ വായിച്ച കെട്ട പ്രകാരം തന്നെയൊ പറഞ്ഞത.	അതെ

അയ്യൂന്മാൻ കുട്ടി എന്നവനൊട ജ്ജൂലായി ൨൨ന്നു.

വാതാരി കുഞ്ഞാപ്പയുടെ മകൾ ഉന്മാത്ത എന്ന കുട്ടി മരിച്ചുത ഏത പ്രകാരമെന്നറിയുമൊ.	ഇന്നലെ ഏകദെശം നാല നാഴികയൊളം പുലൎന്ന സമയത്ത ഞാൻ പെരുന്തൽ മണ്ണ

ചന്തക്ക പൊവാനായി പുറപ്പെട്ട മരിച്ച ഉന്മാത്ത എന്ന കുട്ടിയും അവളുടെ തള്ള ഉന്മാത്ത എന്നവളും മറ്റും പാൎക്കുന്ന കുടിയുടെ തെക്കു പുറം എത്തിയാറെ ആ കുടിയിൽ നിന്ന ഒര നിലവിളി കെട്ട അത എന്തെന്നറിവാൻ വെണ്ടി ആ കുടിയിൽ കടന്ന ചെന്നപ്പൊൾ മരിച്ചവളുടെ തള്ള ഉന്മാത്തയും കൊയയും വെറെ ചില ഉമ്മമാരും മറ്റും കിണറ്റിന്റെ വക്കത്ത നിൽക്കുന്നു. എന്തെന്ന ചൊദിച്ചാറെ ഉന്മാത്ത എന്ന കുട്ടിയെ കാണ്മാനില്ലാ. കിണറ്റിൽ വീണു എന്ന തൊന്നുന്നു. കൊയ മുങ്ങി നൊക്കിയിട്ട

അടിയിലെക്ക എത്തീട്ടില്ലാ. എന്ന ഉന്മാത്തയും കൊയയും മററും പറഞ്ഞു. എന്നാറെ ഞാൻ എറങ്ങി മുങ്ങി അടിക്ക എത്തി തപ്പിയാറെ തല തെക്കൊട്ടും കാല വടക്കൊട്ടും ആയിക്കിടക്കുന്നത കണ്ട എടുത്ത കരക്ക പൊങ്ങിച്ച നൊക്കുമ്പൊൾ മരിച്ച പൊലെ തൊന്നിരിക്കുന്നു. വയറ കുറെ വീൎത്തിട്ടുണ്ട. വെള്ളം വയററിൽ നിന്ന പൊയാൽ അറിയാം ഉരലിന്മെൽ കിടത്തുക എന്ന എല്ലാവരും കൂടി പറഞ്ഞ കുപ്പായം കഴിച്ച ഉരലിന്മെൽ കവുത്തി കിടത്തി വെള്ളം കുറെ വാൎന്നപൊയി പിന്നെ നൊക്കുമ്പൊൾ മരിച്ചു എന്ന നിശ്ചയിച്ചു. എന്നാറെ ശവം അകായെൽ കൊണ്ടെ കിടത്തി മുഖ്യസ്ഥന്മാക്കറിയിച്ചു മരിച്ച ഉന്മാത്തക്ക ഏകദെശം ൫൦ വയസ്സു പ്രായമായിരിക്കുന്നു. കിണററിൽ വെള്ളം ഇപ്പൊൾ നിറച്ചുണ്ട കരക്ക നിന്ന വെള്ളം മുക്കുമ്പൊൾ മറിഞ്ഞ വീണ പൊയു എന്നാണ തൊന്നുന്നത. അവൾക്ക നിന്തല അറിഞ്ഞ കൂടായ്കകൊണ്ട വെള്ളത്തിൽ താണ വെള്ളം കുടിച്ച മരിച്ചപൊയി ഇങ്ങിനെ അറിയും.

൧ം വായിച്ചു കെട്ടത പറഞ്ഞ പ്രകാരം തന്നെയൊ.	അതെ.

അസിസ്തണ്ട മജിസ്ത്രെട്ടിലെക്ക.

വള്ളുവനാട താലൂക്ക അക്കിങ്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി. അങ്ങാടിപ്പുറം അംശം പെരുന്തൽമണ്ണ അങ്ങാടിയിൽ ഇരിക്കും ഉണ്ണിക്കൊയ കുരിക്കളുടെ കുടിയിൽ നിന്ന ൧൦൨൭മത മെടമാസം ൨൯നു-ക്ക ൧൮൫൨ാമത മെയി മാസം ൯നു— ഞായറാഴ്ച രാത്രി കുടിയുടെ വാതിൽ കുത്തി തുറന്ന അകത്ത കടന്ന സൊന്തം വകയും പണയം വകയും കൂടി ൧൫൦ ഉറുപ്പിക. ൨ണ. ൧൧ പയി വിലക്കുള്ള മുതൽ കളവ ചെയ്തു പൊയ പ്രകാരം അധികാരിയുടെ റപ്പൊടത്ത എത്തുകയാൽ ഞാൻ തന്നെ ആ സ്ഥലത്ത ചെന്ന മുതൽ വെച്ച സ്ഥലത്തിന്റെ വീതികൾ നൊക്കുകയും സമീപസ്ഥന്മാരെയും മററും വരുത്തി അന്ന്യെഷിക്കുകയും അന്ന്യായക്കാരനൊടും കളവുണ്ടായി എന്ന പറയുന്ന ദിവസം രാത്രി കുടിയിൽ ഉണ്ടായിരുന്ന ചെക്ക മുതൽ ഉണ്ടായിരുന്നു എന്ന പറഞ്ഞ അകത്തിന്റെ വാതുക്ക നെരെ കിടന്നിരുന്നതിൽ വീരാൻ കുഞ്ഞാലൻ ഇവരൊട വിസ്തരിക്കയും മുതൽ വിവരം പട്ടിക വാങ്ങുകയും ചെയ്തിരിക്ക കൊണ്ട അന്ന്യായ കല്പിത്ത പട്ടിക ഇതകൂടെ പകപ്പും ശെഷം വിസ്താരങ്ങളും ൧ം ഹരജിയൊട കൂടി അയച്ചിരിക്കുന്നു. കളവ ചെയ്തത ഇന്നവരാകുന്നു എന്ന അന്ന്യായക്കാരന യാതൊരു സംശയവും ഇല്ലാ. അന്ന്യെഷണത്തിൽ തുമ്പുണ്ടായിട്ടും ഇല്ലാ. മുതൽ വെച്ചിരുന്ന പെട്ടി കുടിയുടെ സമീപം അങ്ങാടിയിൽ ഒഴിവുള്ള ഒരു പുരക്കക

ത്ത നിന്ന കിട്ടിയ പ്രകാരം പറഞ്ഞിരിക്കുന്നു. ആ പെട്ടിക്കകത്ത ഉമ്മമാര കഴുത്തിൽ കെട്ടുന്ന കല്ലുമാലകൾ ഉണ്ടായിരുന്നതകൊണ്ടു പൊയിട്ടില്ലെന്നും പെട്ടി ആദ്യം കണ്ട എടുത്ത കൊണ്ടുവന്നത അന്ന്യായക്കാരന്റെ കെട്ടിയവൾ തന്നെ എന്നും കാണുന്നതകൂടാതെ അന്ന്യായക്കാരനും ചന്തക്ക വന്നവരായ വെട്ടത്തനാട താലൂക്കകാര നാലാളും പുറത്ത ഉമ്മറത്ത വാതിൽക്കൽ തന്നെ കിടന്നിരുന്നു എന്നും ചന്തക്ക വിററത കഴിച്ച ഏതാനും തുണിചരക്കുകൾ ഉണ്ടായിരുന്നത അവരുടെ അടുക്കെ വെച്ചിരുന്നു എന്നും ആ മുതൽ പൊയിട്ടില്ലെന്നല്ല അവരും അന്ന്യായക്കാരനും വെളുക്കുമ്പൊൾ പള്ളിക്ക നിസ്കാരത്തിന്ന പൊകുന്ന സമയം വാതിൽ തുറന്ന കണ്ടിട്ടില്ലെന്നും പിന്നെ ഒരു നാഴിക പുലൎന്ന മടങ്ങി വന്നപ്പൊൾ ഉമ്മ പറഞ്ഞതാണെന്നും വിസ്താരങ്ങളാലും അന്ന്വെഷണത്തിലും കാണുന്നതും കളവ പൊയ മുതൽ ഉമ്മയുടെ വക പണ്ടങ്ങളും ആയ്യു പണയം വെപ്പാനായി അന്ന്യായക്കാരൻ കളവ പൊയ്യിന്റെ തലെ ദിവസം ശ്രമിച്ചപ്രകാരം കാണുന്നതും വിചാരിക്കുമ്പൊൾ പണ്ടങ്ങൾ പണയം വെപ്പാൻ ഉമ്മക്ക സമ്മതമില്ലായ്കകൊണ്ട മുതൽ എടുത്ത മറച്ച കളവ പൊയി എന്ന ആക്കി തീൎത്തു എന്ന വിചാരിപ്പാനാകുന്നു സംഗതി കാണുന്നത എങ്കിലും സൂക്ഷ്മ സ്ഥിതി അറിവാൻ അന്ന്വെഷിക്കുന്നതിൽ നെരായി അറിയുന്ന വിവരത്തിന്ന വഴിയെ ബൊധിപ്പിച്ചകൊൾകയും ചെയ്യാം എന്ന ൧൦൨൭ എടവം ൭൩-ക്ക ൧൮൩൨ മെയി മാസം ൧൮൩-.

അന്ന്യായക്കാരനൊട. മെയി ൧൧൩-

൦രം മെടമാസം നാട്ട കണക്ക ൨൮൩-ക്ക സക്കാര കണക്ക ൨ൻ൩-ക്ക ൫൨ാമത മെയി ൯൩- ഞായറാഴ്ചരാത്രിയിൽ മെൽപറഞ്ഞ അങ്ങാടിയിൽ ഞാൻ പാൎക്കുന്ന പടിഞ്ഞാറെ കച്ചേറായിൽ ഉള്ള കുടിയിൽ കള്ളന്മാര വന്ന പടിഞ്ഞാററ മുറിയുടെ കിഴക്കെ വാതലിന്റെ ചീപ്പ പുറത്ത നിന്ന കുത്തി തുറന്ന അകത്ത കടന്ന അതിന്റെ അകത്ത ഇരിമ്പകൊണ്ട കെട്ടിയ്യായ ആശാരി കൊൽക്ക ഏകദെശം ൧൦ വിരൽ ദീൎഘ വിസ്താരമുള്ള ഒര മരപ്പെട്ടിയിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്ന ഇതൊട ഒന്നിച്ച ബൊധിപ്പിക്കുന്ന പട്ടികയിൽ വിവരവും വിലയും എഴുതിയ്യായ പൊന്ന വെള്ളി ആഭരണങ്ങൾ മുതലായി നൂററമ്പത ഉറുപ്പിക രണ്ടണ- പതിനൊന്ന പയി-വിലക്കുള്ള മുതലകൾ കളവ ചെയ്യുകൊണ്ട പൊയിരിക്കകൊണ്ട ആയ്യിന ഞാൻ അന്ന്യായം ബൊധിപ്പിക്കുന്നു. കള്ളൻമാര ഏതപ്രകാരം വന്നു എന്നും. ഇന്നവരാണെന്നും അറിവില്ലാ മെൽപറഞ്ഞ മുതലകളിൽ ഏതാനും മുതലുകൾ മെൽ പറഞ്ഞ ഞായറാഴ്ച പകൽ ഒരു ദിക്കിൽ പണയം വെച്ച ഏതാനും മുതൽ വാങ്ങുവാനായി ഞാൻ കൊണ്ടുപൊയിട്ടുണ്ടായിരുന്നു ആ

ദിക്കിൽ പണം ഒരുക്കം ഇല്ലായ്കകൊണ്ട മടങ്ങികൊണ്ടവന്ന മെപ്പടി പെട്ടിയിൽ വെച്ച കുടിയുടെ അകത്ത സൂക്ഷിച്ചതാകുന്നു കള്ളന്മാര വന്ന മുതൽ കളവ ചെയ്തുകൊണ്ടപൊയ്ത തിങ്കളാഴ്ച പുലൎന്നതിന്റെ ശെഷം വാതില തുറന്നിട്ടത കണ്ട നൊക്കിയപ്പൊൾ മാത്രമെ അറിഞ്ഞിട്ടുള്ളു. മെൽ പറഞ്ഞ ആഭരണങ്ങൾ വെച്ച പെട്ടി കൂടാതെ അതിന്റെ അടുക്കെ ഓട്ട പാത്രങ്ങൾ ഉണ്ടായിരുന്നത ഒന്നും കൊണ്ടപൊയിട്ടില്ലാ മെൽപ്രകാരം കളവ പൊയിരിക്കുന്നു എന്ന അറിഞ്ഞ ഉടനെ തന്നെ എന്റെ കുടിയുടെ നെരെ കിഴക്കെ കച്ചറായിൽ ഉള്ള ആള പാപ്പില്ലാത്ത മഹന്മത മൂസ്സപ്പയുടെ പീടികയുടെ കൊലായിന്മെൽ മെല്പറഞ്ഞ പെട്ടി പാതിയാക്കി ഇട്ടിരിക്കുന്നപ്രകാരം അതിന്റെ സമീപം കുടിയിൽ ഉള്ള വീരിയ എന്ന സ്ത്രീ കണ്ട പറകകൊണ്ട ആയ്ത എടുത്തിരിക്കുന്നു.

കളവപൊയ ദിവസം രാത്രിയിൽ ൟ കുടിയിൽ ആരൊക്ക ഉണ്ടായിരുന്നു.

ഞാനും പടിഞ്ഞാറകര കച്ചൊടക്കാരായ ചന്തക്ക വന്നിട്ടുള്ളതിൽ വെട്ടത്തനാട താലൂക്കിൽ തെന്നല ദെശക്കാരായ വീട്ട പെരറിയാത്ത വീരാനും കുഞ്ഞാലനും വലിയ കുഞ്ഞാലനും മുസ്ലിയനും കുടിയുടെ ഉമ്മറത്ത തന്നെ ഒറങ്ങിട്ടുണ്ടായിരുന്നു എന്റെ കെട്ടിയ സ്ത്രീയും കുട്ടികളും തെക്കെ അകത്തും കിടന്ന ഉറങ്ങിരുന്നു വെറെ ആരും ഉണ്ടായിരുന്നില്ലാ.

കളവ പൊയി എന്ന അറിഞ്ഞ സമയം മെൽ പറഞ്ഞ നാലാളും എവിടെ ഉണ്ടായിരുന്നു.

നാലാളും ഇവിടെ തന്നെ ഉണ്ടായിരുന്നു അതകൂടാതെ കുടിയുടെ മാളികയിന്മെൽ എന്റെ മകൻ അഹ്മ്മുവും മുസ്ലിയന്റെ മകൻ ചെക്കും ആലിയുടെ മകൻ മുസ്ലിയനും ഉണ്ടായിരുന്നു. ഇവര എല്ലാ ദിവസവും ഇവിടെ തന്നെ ഉറങ്ങുന്നവരാണ.

താൻ മുഖ്യസ്ഥന്മാരെ അടുക്കെ കളവപൊയ വിവരം പറഞ്ഞപ്പൊൾ മെൽ പറഞ്ഞ കച്ചൊടക്കാര ഇവിടെ ഉണ്ടായിരുന്നുവൊ ഉണ്ടായിരുന്നു എങ്കിൽ അവരെ മുഖ്യസ്ഥന്മാരെ ഏല്പിക്കാതെ ഇരിപ്പാൻ എന്തകാരണമാകുന്നു.

അവരെ മെൽ എനിക്ക സംശയമില്ലാ അവര ഇവിടെനിന്ന പൊകുമ്പൊൾ അവരെ ഞാൻ ശൊധന ചെയ്തിരിക്കുന്നു. അവര പൊയ്തിന്റെ ശെഷം അവര കാണാതെ പിന്നാലെ ഞാനും പൊയി ചാപ്പനങ്ങാടിയിൽ വെച്ച ൨ാമതും ശൊധന ചെയ്തിരിക്കുന്നു. അതുകൊണ്ട മുഖ്യസ്ഥന്മാരെ പക്കൽ ഏല്പിക്കാതെ ഇരുന്നതാണ.

മെല്പറഞ്ഞവര കൂടാതെ ഉണ്ടായിരുന്ന ആളെ മെൽ വല്ല സംശയമുണ്ടൊ.

അവരെ മെലും എനിക്ക സംശയം ഇല്ലാ.

ൟ കളവ കാൎയ്യത്തിൽ വെറെ ആരുടെ മെലെങ്കിലും സംശയമുണ്ടൊ.	ഇപ്പൊൾ ആരുടെ മെലും സംശയം ഇല്ലാ. മെല്പറഞ്ഞ കളവ കാൎയ്യം തുമ്പുണ്ടാക്കുവാനായി അന്വെഷിച്ച വരുന്നു. തുമ്പുണ്ടായാൽ വിവരം അപ്പൊൾ ബൊധിപ്പിക്കാം.
മെൽ പ്രകാരം കളവപൊയ പണ്ടങ്ങൾക്ക വല്ല അടയാളങ്ങൾ ഉണ്ടൊ.	വിശെഷാൽ അടയാളങ്ങൾ ഒന്നുമില്ലാ കണ്ടാൽ അറിയാം.
പുറത്ത നിന്ന ചീപ്പ കുത്തി തുറന്ന അകത്ത കടപ്പാൻ പ്രയാസം ഇല്ലാത്തതായും വാതിലിന്ന പൂട്ടില്ലാത്തതായും ഉള്ള അകത്ത ൟ പണ്ടങ്ങൾ സൂക്ഷിക്കുവാൻ എന്ത കാരണമാകുന്നു.	മുമ്പെ ആ അറക്ക പൂട്ടുണ്ടായിരുന്നു താക്കൊല പൊയിട്ട കുറെ ദിവസമായിട്ടെ ഉള്ളു അതിന മുമ്പായി ൟ പണ്ടങ്ങൾ ആസ്ഥലത്ത തന്നെയാണ സൂക്ഷിച്ച വരുന്നത.
വാതലിന്ന താക്കൊൽ ഇല്ലാതെയും പുറത്ത നിന്ന ചീപ്പ കുത്തി തുറക്കാവുന്നെയും വിവരം അറിഞ്ഞിട്ടുള്ളതായും ൟ പണ്ടങ്ങൾ അതിന്റെ അകത്ത സൂക്ഷിക്കുന്നത കണ്ടിട്ടുള്ളതായും ഉള്ളവര ആരെങ്കിലും ഉണ്ടൊ.	ആയ്യും ഞാൻ അന്വെഷിക്കുന്നു അറിഞ്ഞാൽവിവരം ബൊധിപ്പിക്കാം.
ൟ വായിച്ച കെട്ടപ്രകാരം തന്നെയൊ പറഞ്ഞത.	അതെ.

ചെക്ക എന്നവനൊട മൊഴി ചൊദ്യം-.

പെരുന്തൽ മണ്ണ അങ്ങാടിയിലിരിക്കും ഉണ്ണികൊയ കുരിക്കളെ അറിയൊ.	അറിയും
ആ കുരിക്കളെ കുടിയിൽ നിന്ന മുതൽ കളവ പൊക ഉണ്ടൊ യിട്ടുണ്ടൊ ഉണ്ടെങ്കിൽ അതിന്റെ വിവരം കെൾക്കട്ടെ.	എന്നെ കളി പഠിപ്പിച്ച കുരുക്കളാക കൊണ്ടെ ഞാൻ അവിടെയാണ ദിവസെന കിടക്കുന്നത. നു— ഇനിക്ക നിശ്ചയമില്ലാ; കഴിഞ്ഞ ഞാറാഴ്ച ദിവസം രാത്രി ഞാനും കുരിക്കളെ മകൻ അയ്യൂവും മയ്യിയനും കൂടി അകത്ത മുകളിലും കുരിക്കളുടെ വീടര താഴത്ത തെക്കെ അറയിലും കുരിക്കളും ചന്തക്ക വന്ന പടിഞ്ഞാറകാര മൂന്നനാലാളുകളും പുറത്ത കൊലാമലും കിടന്നിരുന്നു. നെരം വെളുത്താറെ ഞങ്ങൾ മുകളിൽനിന്ന എണീട്ട പുറത്തെക്ക പൊ

ന്നു. അന്നെരം കൊലാമൽ കുരിക്കളും ചന്തക്ക വന്നവരും ഇരിക്കുന്നു. ഞാൻ എണീട്ട പൊരുമ്പൊൾ ഉമ്മ എണീട്ട കുട്ടിനെ എടുത്തും കൊണ്ടെ ഇരിക്കുന്നുണ്ടെ. ഞാൻ പൊന്ന മൂത്താന്മതിന്റെ മിററത്ത വന്ന നിന്നു. അപ്പൊഴക്ക ഉമ്മ എണീട്ട വന്ന ആളില്ലാത്ത പുരയിൽനിന്ന ഒരു പെട്ടി എടുത്തും കൊണ്ടെ വന്ന മുതൽ ഒക്കകൊണ്ടെ പൊയല്ലൊ എന്ന ഉമ്മ എന്നൊട പറഞ്ഞു. ഞാൻ ആ വഴിക്ക തന്നെ കന്ന പൂട്ടാനും പൊയി. ഉമ്മ എടുത്ത കണ്ട പെട്ടിയുടെ പൂട്ട തുറന്നിരിക്കുന്നു. അതിന്റെ അകത്ത വല്ലതും ഉണ്ടൊ എന്ന ഞാൻ നൊക്കീട്ടില്ലാ. കുരിക്കൾക്ക മുതൽ എന്തെല്ലാം ഉണ്ടെന്ന ഞാൻ അറിയില്ലാ. പൊന്നും മററും പൊയി എന്ന പറഞ്ഞു. എന്തെല്ലാമെന്ന ഞാൻ അറിഞ്ഞിട്ടില്ലാ. കുരിക്കളും മററും പിന്നെ എപ്പൊൾ പൊയി എന്നറിയില്ലാ മുതൽ പൊയി എന്ന ഉമ്മ പറഞ്ഞ അറിഞ്ഞതല്ലാതെ ഇനിക്ക ഒന്നും കുററിയില്ലാ ഞാൻ എണിക്കും മുൻമ്പെ കുരിക്കളെ മകനും മൊയ്യ്ലിയനും എണീട്ട പൊന്നിരിക്കുന്നു ഇതല്ലാതെ ഞാൻ ഒന്നും അറിയില്ലാ.

ഠരം വായിച്ച കെട്ട പ്രകാരം തന്നെയൊ പറഞ്ഞത.	അതെ

വീരാൻ എന്നവനൊട മെയി ഫ്രന്നു—.

പെരുന്തൽ മണ്ണ അങ്ങാടിയിലിരിക്കും ഉണ്ണിക്കൊയ കുരിക്കളെ അറിയൊ.	അറിയും
കുരിക്കളെ കുടിയിൽ നിന്ന മുതൽ കളവ പൊയ പ്രകാരം ബൊധിപ്പിച്ചിരിക്കുന്നു. ആ സംഗതി കൊണ്ടെ എന്താണെ അറിയുന്നത.	ന— ഇനിക്ക അറിഞ്ഞ കൂടാ കഴിഞ്ഞ ചന്ത ദിവസം രാത്രി ഞാനും കുഞ്ഞാലനും വലിയ കുഞ്ഞാലനും മുയ്യ്ലിയനും കൂടി കുരിക്കളുടെ കുടിയിൽ പൊയി

ആ കുടിയുടെ കിഴക്കെ കൊലാമൽ കിടന്നിരുന്നു. ചന്ത തൊറും ഞങ്ങൾ വന്നാൽ അവിടെയാണെ ചെന്ന കിടക്കാറ അപ്രകാരം അന്നും ചെന്ന ഞങ്ങൾ നാലാളും കുരിക്കളും കൊലാമൽ കിടന്നുറങ്ങി നെരം വെളുക്കുന്ന സമയം ഞങ്ങൾ എണീട്ട എല്ലാവരും കൂടി നിസ്കാരത്തിന്ന പള്ളിക്ക പൊയി. കുടിക്കകത്ത കുരിക്കളുടെ പെണ്ണുങ്ങളും രണ്ടെ കുട്ടികളും കിടന്നിരുന്നു. ഞങ്ങൾ പൊകുന്ന സമയം അവര എണീട്ട പുറത്ത വന്നിട്ടില്ലാ. നിസ്കാരം കഴിഞ്ഞ മടങ്ങി ഒരു നാഴിക പുലന്നപ്പൊൾ അവിടെ വന്നാറെ കിഴക്കെ വരി അങ്ങാടിയിൽ ആളു പാപ്പില്ലാത്ത ഒരു പുരയിൽ നിന്ന ഞാൻ അറിയില്ലാ ഒരു പെട്ടി ഉണ്ടെന്ന പറഞ്ഞ ആ പെട്ടി കുരിക്കളെ മകൻ എടുത്ത കൊണ്ടെവന്നു. നൊക്കിയപ്പൊൾ പെട്ടി തുറന്നിരിക്കുന്നു ഉമ്മമാര കഴുത്തിൽ കെട്ടുന്ന കറുത്ത കല്ലമാല

രണ്ടൊ മൂന്നൊ കൂട്ടവും കറുത്ത കാക്കിയുടെ ഒരു കണ്ടവും ആ പെട്ടിക്കകത്ത കണ്ടിരിക്കുന്നു. പെട്ടി കണ്ടസമയം കുരിക്കൾ അവിടെ ഇല്ലാ. പൊന്ന ഒക്ക പൊയല്ലൊ എന്ന കുരിക്കളുടെ വീടര പറഞ്ഞു. എന്തെല്ലാമാണ പൊയ്യ എന്ന ഞാൻ അറിയില്ലാ അവര പറഞ്ഞിട്ടും ഇല്ലാ കുരിക്കൾക്ക എന്തെല്ലാം മുതൽ ഉണ്ടെന്നും അറിയില്ലാ ഇങ്ങിനെ പറഞ്ഞ നില്ക്കുമ്പൊഴെക്ക നെരം നാലഞ്ച നാഴിക പുലന്നിരിക്കുന്നു അപ്പൊഴക്ക കുരിക്കളും എത്തി കുരിക്കളൊട വീടരും മക്കളും ൟ വസ്തുത പറഞ്ഞു. ഞങ്ങൾ ഉന്മറത്ത കിടക്കുന്നവരെ ഒക്ക ശൊധന നൊക്കി അതിന്റെ ശെഷം ഞങ്ങൾ പൊകയും ചെയ്യു ഇത്രെ ഞാൻ അറിയു.

പെട്ടിക്കകത്ത വെച്ച കണ്ട കല്ലു മാല ആരുടെതാണെന്ന അറിഞ്ഞിട്ടുണ്ടൊ.	കുരിക്കളുടെ പെണ്ണുങ്ങളുടെതാണെന്ന പറഞ്ഞിരിക്കുന്നു.
കള്ളന്മാര അകത്ത കടന്നത എത പ്രകാരം എന്നറിയൊ.	വാതിൽ കുത്തി തുറന്ന കടന്നു എന്നാണ പറഞ്ഞുകെട്ടത.
തുറന്നു എന്ന പറയുന്ന വാതിലിന്റെ എത്ര അടുത്താണ നിങ്ങൾ കിടന്നിരുന്നത.	തുറന്നു എന്ന പറയുന്ന വാതിലിന്റെ അടുക്കെ ഒരു പായക്ക സ്ഥലം വിട്ട വാതിലിന്ന നെരെ ആയിട്ടാണ കിടന്നിരുന്നത രണ്ട പായ ഇട്ട എല്ലാവരും ഒരുമിച്ചാണ കിടന്നിരുന്നത.
കുരിക്കൾ പുറത്ത കിടക്കാൻസംഗതി എന്ത.	ഉഷ്ണം കൊണ്ട പുറത്ത ഞങ്ങടെ ഒരുമിച്ച കിടന്നതാണ.
നിങ്ങൾ എണീച്ച സമയം വാതിൽ തുറന്നിട്ടുണ്ടായിരുന്നുവൊ.	വാതിൽ തുറന്നിട്ടുണ്ടൊ ഇല്ലയൊ എന്ന ഞാൻ നൊക്കീട്ടില്ലാ.
നിങ്ങടെ വക്കൽ ഏതെങ്കിലും സാമാനങ്ങൾ ഉണ്ടായിരുന്നുവൊ ഉണ്ടെങ്കിൽ എവിടെ സൂക്ഷിച്ചിരുന്നു.	കാട്ടിലങ്ങാടി തൊത്ത മുണ്ട വില്ക്കാനായിട്ട വന്നവരാണ വിററത കഴിച്ച ബാള വക്കൽ തുണിത്തരം ഉണ്ടായിരുന്നു. ആയ്യ ഞങ്ങൾ കിടക്കുന്നതിന്റെ അടുക്കെ വെച്ചിരുന്നു. എന്റെ വക രണ്ട മുറി കച്ചയുണ്ട. ശെഷം ഉള്ളവരെ വക്കൽ എത്രുള്ളയാണെന്ന ഇനിക്ക വിവരം ഇല്ലാ. ഞങ്ങടെ വക ഒന്നും പൊയിട്ടില്ലാ.
കളവ പൊയ പ്രകാരം പറയുന്നത ഉള്ളത തന്നെയൊ എങ്ങിനെ തൊന്നിരിക്കുന്നു.	ഇനിക്ക അതിന്റെ നിശ്ചയം പറവാൻ പാടില്ലാ.
ൟ വായിച്ച കെട്ട പ്രകാരം തന്നെയൊ പറഞ്ഞത.	അതെ

വള്ളുവനാട താലൂക്ക അങ്ങാടിപ്പ്രം അംശം കക്കൂത്ത ദെശം പെരുന്തൽമണ്ണ ഭജാരിൽ ഇരിക്കും ഉണ്ണിക്കൊയ കുരിക്കളായ ഞാൻ പാൎക്കുന്ന അങ്ങാടി കുടിയിൽനിന്ന ൧൦൨൭ മെടം ൨൯൹–ക്ക ൫൨ മെയി ൯൹– രാത്രി കിഴക്കൊട്ടുള്ള വാതലിന്റെ ചീപ്പ് കുത്തി തുറന്ന കള്ളന്മാര അകത്ത കടന്ന കൊണ്ടുപൊയ മുതലിന്റെ വിവരം പട്ടിക.

നമ്പ്ര	മുതൽ വിവരം	എണ്ണം	വിലഉറുപ്പി		
			ക	ണ	സ്സ
൧	ഏകദെശം ൧൬ം പണത്തൂക്കത്തിൽ പൊന്നുകൊണ്ട പരത്തൽ എണ്ണം ൧൧ം അതിന്റെ മണി ൧൨-ം കൂടി	൧	൮ം	,,	,,
൨	ഏകദെശം ൩൫ ഉറുപ്പിക തൂക്കത്തിൽ വെള്ളി തുടരും അതിന്മെലുള്ള നാല ഏലസ്സും കൂടി	൧	൩൫	,,	,,
൩	ഏകദെശം ൨൪ പണത്തൂക്കത്തിൽ പൊന്നകൊണ്ട അന്നത്തൊടികാതില	൨	൧൦	൪	൭
൪	വെള്ളി എരയാല	൨	൪	൪	
൫	ഏകദെശം ഒരു ഉറുപ്പിക തൂക്കത്തിൽ വെള്ളികൊണ്ട തകിടപൊതിഞ്ഞ ചെണ്ടുമുറിയൻ ഏലസ്സ	൧	൧	,,	,,
൬	ഏകദെശം ആറാറ പണത്തൂക്കത്തിൽ പൊൻ മണി	൧൫	൨	൧൩	൯
൭	൧ll ഉറുപ്പികത്തൂക്കത്തിൽ വെള്ളി തുടരിന്റെ കഷ്ണം	൧	൧	൮	,,
൮	lll ഉറുപ്പിക തൂക്കത്തിൽ തുടരിന്മെൽഉള്ള വെള്ളി പടി	൧	,,	൧൨	,,
൯	൨ ഉറുപ്പിക തൂക്കത്തിൽ വെള്ളിഉരുക്കിയ കട്ടി	൩	൨	,,	,,
൧൦	[illegible] ഉറുപ്പിക തൂക്കത്തിൽ വെള്ളി ചെറിയ കഷ്ണമായും പൊടിയായുമുള്ളതിന്ന	,,	,,	൪	,,
൧൧	പവിഴംകൊണ്ട കഴുത്തിൽ കെട്ടുന്ന കൊമ്പ	൧	൨	൧൩	൯
	ആകെ——	൨൬	൧൪൪	൮	൧൦
	പണയംവക മുതലിന്ന വിവരം				
൧൨	൪ പണത്തൂക്കത്തിൽ തിയ്യൻ ചെറിയ്യ പണയം വെച്ച പൊന്നകൊണ്ടുള്ള കുമ്പളതാലി	൧	൧	൨	൩
൧൩	lll ഉറുപ്പിക തൂക്കത്തിൽ മുയ്യിൻകുട്ടി പണയംവെച്ച വെള്ളികാൽതള	൨	,,	൧൨	,,
൧൪	ഒര പണത്തൂക്കത്തിൽ മെപ്പടിയാൻ പണയം വെച്ച പൊന്നകൊണ്ട കഴുത്തിൽ കെട്ടുന്ന ഏലസ്സ	൧	,,	൪	൧൭
൧൫	൧ ഉറുപ്പിക തൂക്കത്തിൽ പട്ടാണിമസ്സാൻ പണയം വെച്ച വെള്ളി തൊരപ്പനെലസ്സ	൧	൧	,,	,,
൧൬	ഒര ഉറുപ്പിക തൂക്കത്തിൽ മെപ്പടിയാൻ പണയം വെച്ച കുട്ടികൾ കയ്യിന്മെൽ ഇടുന്നതായ വെള്ളിതള ...	൨	൧	,,	,,
൧൭	ഏകദെശം ഒന്നര ഉറുപ്പിക തൂക്കത്തിൽ മെപ്പടിയാൻ പണയം വെച്ച വെള്ളി ഉരുക്കിയ കട്ടി	൩	൧	൮	,,
	ആകെ——	൧൦	൫	൧൦	൧൦
	വക ൨ൽ——	൩൬	൧൫൦	൨	൧൧

എന്ന ൧൦൨൭ മെടം ൩൧൹-ക്ക. ൧൮൫൨ മെയി ൧൧൹—.

അസിഷ്ടാണ്ട മജിസ്ത്രെട്ടില്ല.

ചെറനാട താലൂക്ക ഹെഡ പൊലീസാപ്പര ബൊധിപ്പിക്കുന്ന ഹരജി.

അന്ന്യായം മന്മത കുട്ടി.

പ്രതി

മരക്കാര.

൧൦൨൭ മെടം ൨൨നു-ക്ക. ൫൨ മെയി ൩- പകൽ അന്ന്യായക്കാരനെ പ്രതിക്കാരൻ മുള വടികൊണ്ട നെഞ്ഞത്ത കുത്തിയ്യിനാൽ വെലക്കത്തിൻെറയും പനിയുടെയും ദീനമായിരിക്കുന്നു എന്ന ൦രം കാൎയ്യത്തിൽ അന്ന്വെഷണ വിവരം റിപ്പൊൎട്ടൊട കൂടി പ്രതിക്കാരനെയും അന്ന്യായക്കാരൻെറ ബാപ്പ കുഞ്ഞാപ്പയെയും കൊട്ടവായ്യൂര അംശം അധികാരി അയച്ചമെയി ൧൦൩- എത്തുകയാൽ ദീനത്തിൻെറ സ്ഥിതികൊണ്ട വാപ്പയായ കുഞ്ഞാപ്പയൊട മുകതാവിൽ ചൊദിച്ചതിൽ ദീനം അധികം ഉള്ളപ്രകാരം ബൊധിപ്പിക്കയാൽ ആ സ്ഥലത്ത പൊയി ക്രമപ്രകാരം നടന്ന ബൊധിപ്പിപ്പാൻ സബൊൎഡ്ഡിനെറ്റ രാമൻമെനൊന കല്പന കൊടുത്ത രാമൻമെനൊൻ ആ സ്ഥലത്തപൊയി അന്ന്യായക്കാരനൊടും സാക്ഷികളൊടും വിസ്തരിച്ച ദസ്താവെജകൾ റിപ്പൊൎട്ടൊട്ട കൂടിഅയച്ച എത്തിയ്യ നൊക്കുകയും പ്രതിക്കാരനൊട വിസ്തരിക്കുകയും ചെയ്യതിൽ വെറെയും ചില അന്ന്വെഷണങ്ങൾ ചെയ്യെണ്ടത ആവിശ്യമായി കണ്ട ഞാൻ തന്നെ ആ സ്ഥലത്തപൊയി അന്ന്യായക്കാരനായ കുട്ടിയെ നൊക്കുകയും ആ കുട്ടിയുടെ ശെഷക്കാരും സംബന്ധക്കാരും അന്ന്യായക്കാരൻ കിടക്കുന്ന കുടിയിൽ ഇപ്പൊൾ പനി ദീനത്തൊട്ട കൂടി കിടക്കുന്നവരും ആയ ൩-ം ൪-ം സാക്ഷികളൊടും ശെഷക്കാരായ ൫-ം ൬-ം സാക്ഷികളൊടും സമീപക്കാരായ ൭-ം ൮-ം ൯-ം ൧൦-ം സാക്ഷികളൊടും അന്ന്യായക്കാരൻെറ ദീനം ൧൧-ാം സാക്ഷിയായ വയിദ്യനെ കാണിച്ച ആ സംഗതിയിൽ അവനൊടും വിസ്തരിക്കുകയും അന്ന്വെഷിക്കുകയും ചെയ്യു.

വിസ്താരത്തിൽ പ്രതിക്കാരൻ കുററം സമ്മതിച്ചിട്ടില്ല. ഒര മുള വടികൊണ്ട അന്ന്യായക്കാരൻെറ നെഞ്ഞത്ത പ്രതിക്കാരൻ ഒന്ന കുത്തുന്നത കണ്ടപ്രകാരം ൧ാം സാക്ഷിയും പനിയുടെ ദീനമല്ലാതെ വെറെ അന്ന്യായക്കാരന ഒരദീനവും ഇല്ലെന്നും താനാണ ദീനം തുടങ്ങിയ മുതല്ക്ക ചികിത്സ ചെയ്യു വരുന്നത എന്ന ൨-ാം സാക്ഷിയും പനി ദീനമാകുന്നു എന്നും പ്രതിക്കാരൻ മെല്പ്രകാരം ഒന്ന കുത്തി എന്ന അന്ന്യായക്കാരൻ പറഞ്ഞ കെട്ടിട്ടുണ്ട എന്നും അതിനാൽ ഒരു ദീനവും പരുക്കും അന്ന്യായക്കാരന ഉണ്ടായിരുന്നില്ലെന്നും അതിൻെറശെഷം അ

ന്ന്യായക്കാരൻ വരപ്പനങ്ങാടി ചക്ക കൊണ്ട പൊയി പിററിട്ടു ണ്ട എന്നും മററും വിവരങ്ങൾ മൂന്ന മുതൽ ൧൦ം വരെ സാക്ഷി കളും

ഞാൻ നാടി പിടിച്ച നൊക്കിയ്തിനാൽ വായു ഉഷ്ണിച്ചതിനാൽ ഉണ്ടായ ദീനമാണ എന്ന തൊന്നുന്നു എന്നും അല്ലാതെ ഒരു പ രുക്കും ഏററ പ്രകാരം കാണുന്നില്ലെന്നും മററും ൧൧ാം സാക്ഷി യായ വയിദ്യനും ബൊധിപ്പിച്ചിരിക്കുന്നു.

ദസ്താപെജകളാലും അന്വെഷണത്താലും അന്ന്യായക്കാരനും ൧ാം സാക്ഷിയും കൂടി ഓത്ത കഴിഞ്ഞ ഏകദെശം അകത്തയ്യടി സമയം മടങ്ങി പൊരുമ്പൊൾ പ്രതിക്കാരന്റെ വെലിമെൽ ഒ ര ഓന്തിനെ കണ്ട അതിനെ ഒരു മുള വടികൊണ്ട അന്ന്യായ ക്കാരൻ തച്ചാറെ പ്രതിക്കാരൻ ചെന്ന വെലി തച്ച കെട വരു ത്തെണ്ടാ എന്ന പറഞ്ഞ ആ വടി വാങ്ങി അതകൊണ്ട അ ന്ന്യായക്കാരന്റെ നെഞ്ഞത്ത രണ്ട കുത്തിയപ്രകാരം കാണു ന്നുണ്ട എങ്കിലും പ്രതിക്കാരൻ മെല്പ്രകാരം ചെയ്യുന്നത അഞ്ച വയസ്സ പ്രായമുള്ള ൧ാം സാക്ഷി മാത്രം കണ്ടു എന്ന പറയു ന്നതല്ലാതെ വെറെ ഒരുത്തരും കണ്ടപ്രകാരം പറയുന്നില്ലായ്ക കൊണ്ടും കുത്തി എന്ന പറയുന്ന വടി നന്നെ ചെറിയ്യാക കൊ ണ്ടും പ്രതിക്കാരൻ മെല്പ്രകാരം ചെയ്തതിന്റെ ശെഷം പിറെറ ന്ന വരപ്പനങ്ങാടിക്ക ചക്ക വില്ക്കാനും മററും അന്ന്യായക്കാരൻ പൊയപ്രകാരവും പിന്നെ രണ്ട ദിവസം കഴിഞ്ഞിട്ടാണ മെല്പ്ര കാരം പനി ദീനം തുടങ്ങി കിടപ്പായ്തഎന്നും കാണുന്നതാകയാലും ൨-ം ൧൧-ം സാക്ഷികളായ വയിദ്യന്മാരുടെ വാക്കിൽ പനി ദീന മല്ലാതെ വെറെ ഒരു ദീനവും ഉള്ളതായി കാണുന്നില്ലായ്കകൊണ്ടും ഇപ്പൊൾ ൟ അന്ന്യായക്കാരന ഉള്ളപ്രകാരം പറയുന്ന പനി ദീ നം ആകുടിയിൽ വെറെയും അധികം ആളുകൾക്ക ഉള്ളതായി കാ ണുന്നതാക കൊണ്ടും അന്ന്യായക്കാരന പനി ദീനം തന്നെ എ ന്നല്ലാതെ പ്രതിക്കാരൻ മെല്പ്രകാരം ചെയ്തതിനാൽ ൟ ദീനം ആരംഭിച്ചത എന്ന കാണുന്നില്ലാത്തതിനാൽ അന്ന്യായം മെയി ൨൪-നു നീക്കി പ്രതിയെ വിട്ടിരിക്ക കൊണ്ട ൟ കാൎയ്യത്തിന്റെ ദസ്താപെജകൾ പെരിസ്തപ്രകാരം ഉള്ളത ഇതൊട കൂടി അയ ച്ച വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൨൭ എടവമാ സം ൨൨നു-ക്ക ൧൮൫൨ ജൂൻ ൨നു- തിരൂരങ്ങാടി നിന്നു.

൧ാം സാക്ഷി കുട്ടവിനൊട മെയി ൧൮നു-

കുഞ്ഞാപ്പയുടെ മകൻ മമ്മ ത കുട്ടി എന്നവനെ എപ്പൊ ഴെങ്കിലും ആരെങ്കിലും വല്ലതും ചെയ്യുന്നത നീ കണ്ടിട്ടുണ്ടൊ } മാസം നു- ആഴ്ചയും എത്ര ദിവ സമായി എന്നും ഇനിക്ക പിടി ഇല്ലാ ഒരു ദിവസം നെരം വെളു ക്കുമ്പൊൾ മമ്മത കുട്ടി ഞാനും

എൻറബാപ്പയുംപാക്കുന്ന പീടികയിൽ ഓതാൻ വന്ന കുറെനെരം കഴിഞ്ഞെപ്പൊൾ ഞാനും മന്മത കുട്ടിയും കൂടി മന്മതകുട്ടിയുടെ കുടിയിലെക്ക കഞ്ഞി കുടിപ്പാൻപൊയി മരക്കാര കാക്കയുടെ കുടിയുടെ തെക്കെ വെലി അരുവിൽ കൂടിപൊരുമ്പൊൾ വെലിയുന്മെൽ ഞാൻ ഒര ഓന്തിനെ കണ്ടു മന്മത കുട്ടിയൊട പറഞ്ഞെപ്പൊൾ ഓന്തിനെ തല്ലാനായി മന്മത കുട്ടി അവിടെ അടുക്കെ ഒരു കുടിയുടെ മിററത്ത നിന്ന ഒരു മുളവടി എടുത്ത കൊണ്ടുവന്ന ഓന്തിനെ തച്ചപ്പൊൾ മരക്കാര കാക്ക അവരുടെ കുടിയിൽ നിന്ന പാഞ്ഞ വന്ന നായൻെറ മകനെ വെലി തച്ച പൊളിക്കുന്നത എന്തിനാണെന്ന ചൊദിക്കുകയും ചെയ്തു മന്മത കുട്ടിയുടെ കയ്യിൽ നിന്ന വടി പിടിച്ച പറിച്ച അതുകൊണ്ടു മന്മതകുട്ടിയുടെ നെഞ്ഞത്ത രണ്ടു കുത്തി അന്നെരം ഞാൻ പെടിച്ച വടിഎടുത്ത കൊണ്ടു വന്ന കുടിയുടെ കൊലായിന്മെൽ പൊയി നിന്നു അവിടുന്ന പിന്നെ എൻെറ കുടിയിലെക്കും പൊയി മന്മതകുട്ടി അവൻെറ കുടിയിലെക്കും പൊയി വടിയുടെ തലകൊണ്ടു രണ്ടു കുത്തിയല്ലാതെ മററ ഒന്നും ചെയ്തീട്ടില്ലാ അന്നെരം ഞാൻ കൂടാതെ അവിടെ വെറെ ആരും ഇല്ലാ ഞാൻ പൊയി നിന്ന കുടിയിലും ആരും ഉണ്ടായിരുന്നില്ലാ ഇത ഞാൻ അറിയും

ഃരം വായിച്ച കെട്ടപ്രകാരം തന്നെയൊ പറഞ്ഞെത	അതെ.

അന്ന്യായം മന്മത കുട്ടിയൊട മെയി൨൦ന്നു—

നിണക്ക ഇപ്പൊൾ എന്താകുന്ന ദീനം ആ വിവരം കെൾക്കട്ടെ	മാസം ൩— ആഴ്ച നിശ്ചയം ഇല്ലാ ഇന്നെക്ക ഏകദെശം ൨൦-൨൧ - ദിവസമായി എന്ന തൊ

ന്നു ഒരു ദിവസം നെരം വെളുക്കുമ്പൊൾ ഞാൻ ഃരം കുടിയിൽ നിന്ന മുല്ലആലി എന്നവരുടെ കുടിയിലെക്ക ഓത്ത പടിപ്പാനായി പൊയി അവിടെ ചെന്ന ഓത്ത ചെല്ലി അന്ന പകൽ അകത്ത മുപ്പടിയാകുമ്പൊൾ ഞാനും മുല്ലയുടെ മകൻ കുട്ടു എന്നവനും കൂടി കഞ്ഞി കുടിപ്പാനായി അവിടെ നിന്ന എൻെറ കുടിയിലെക്ക പൊന്നു മരക്കാര കാക്കാൻെറ കുടിയിരുപ്പ പറമ്പിൻെറ തെക്കെ വെലി അരുവിൽ കൂടി കിഴക്കൊട്ടു പൊരുമ്പൊൾ എൻെറ ഒരുമിച്ചുണ്ടായിരുന്ന കുട്ടു എന്നവൻ എന്നൊട വെയിലിന്മേൽ ഒര ഓന്ത അതാ എന്ന പറഞ്ഞൊറെ ഞാൻ അതിൻെറ പടിഞ്ഞാററ വടക്ക ഭാഗത്ത മുയ്യിൻ കാക്ക പാക്കുന്ന കുടിയുടെ കിഴക്കെ മിററത്തനിന്ന കയ്യിൻെറ തള്ളവിരലൊളം വണ്ണത്തിൽ ഒരു മാറ നീളത്തിൽ ഒരു മുളവടി എടുത്ത കൊണ്ടുവന്ന ഓന്തിനെ തല്ലാനായി ഭാവിച്ചപ്പൊൾ മരക്കാരകാക്ക അവരുടെ കുടിയിൽ

നിന്ന പറഞ്ഞുംകൊണ്ട എന്റെ അടുക്കെ വന്ന എന്നൊട നിന്റെ ബാപ്പ ജന്മം കൊണ്ടിട്ടുള്ള വെലി ആകുന്നു എന്ന ചൊദിക്കയും ചെയ്തു എന്റെ കയ്യിൽനിന്ന വടി പിടിച്ചുപറിച്ചു അതുകൊണ്ട മരക്കാരകാക്ക എന്റെ നെഞ്ഞത്ത എടത്ത ഭാഗത്ത രണ്ട കുത്തി അപ്പൊൾ എന്റെ ഒപ്പം ഉണ്ടായിരുന്ന കുട്ടു എന്ന കുട്ടി പെടിച്ചു പിന്നാക്കം മണ്ടി കുടിയിൽ കടന്ന വാതില അടച്ചു ഞാൻ എന്റെ ഠരം കുടിയിലെക്കും പാഞ്ഞുപൊന്നു അവിടുന്ന കുട്ടു എന്റെ ഒരുമിച്ചു പൊന്നില്ലാ പിന്നെ എപ്പൊഴാണ അവൻ ആ കുടിയിൽനിന്ന അവന്റെ അവിടെക്ക പൊയ്തു എന്ന ഞാൻ അറിയില്ലാ അന്ന പകൽ ഉച്ചയാകുമ്പൊൾ ഞാൻകഞ്ഞിയും കുടിച്ചു പിന്നെയും ആലിമുല്ലയുടെ അവിടെക്ക ഓതാൻ പൊയി വയിന്നെരം മടങ്ങി ഞാൻ ഠരം കുടിയിൽ തന്നെ വന്നു അന്നുരാത്രി നെഞ്ഞത്ത ഒരു വരുത്തവും പനിയും തുടങ്ങി കിടപ്പിൽ ആയി അന്നുമുതൽ ഇതവരെയും പിന്നെ ഓതാൻ പൊയിട്ടില്ലാ മിനിഞ്ഞാന്നവരെയും നെഞ്ഞത്ത വരുത്തം ഉണ്ടായിരുന്നു പനിയും കുറെശ്ശ ഉണ്ടായിരുന്നു ഇന്നലെ മുതൽക്ക നെഞ്ഞത്ത വരുത്തം മാറി പനി നല്ലവണ്ണം മാറിട്ടില്ല മരക്കാരകാക്ക മുളുവടികൊണ്ട നെഞ്ഞത്ത രണ്ട കുത്തിയുള്ളാതെ വെറെ ഒന്നും ചെയ്തിട്ടില്ലാ മരക്കാരകാക്ക പിന്നെ ആ വടി എവിടെ ഇട്ടു എന്നും ഇനിക്ക വിവരം ഇല്ലാ ദീനത്തിന എന്റെ ബാപ്പ മണ്ണാൻ തുമ്പനെ കൊണ്ടവന്ന കാണിച്ചു അവൻ ഓരൊന്ന ഒക്കെയും ചെയ്തു അതിന്റെ ശെഷം കുറെ ഭെദം ഉണ്ട ഇപ്രകാരം ആണ ഉണ്ടായിട്ടുള്ള നെര.

മരക്കാര മുളുവടികൊണ്ട കുത്തുമ്പൊൾ നിന്റെ ഒരുമിച്ചു കുട്ടു എന്ന കുട്ടി കൂടാതെ വെറെ ആരെങ്കിലും ഉണ്ടായിരുന്നുവൊ }

അന്നെരം കുട്ടു എന്ന കുട്ടി കൂടാതെ വെറെ ആരും എന്റെ ഒരുമിച്ചു ഉണ്ടായിരുന്നില്ലാ അപ്പൊൾ അവിടെ അടുക്കെയും ആരും ഉണ്ടായിരുന്നില്ലാ അതിനാൽ കുത്തുന്നതകുട്ടു കൂടാതെ വെറെ ആരും കണ്ടിട്ടില്ലാ.

മരക്കാര വടികൊണ്ട നെഞ്ഞത്ത കുത്തിയ വസ്തുത അന്ന നീ കുടിയിൽ വന്നതിന്റെ ശെഷം ബാപ്പ ഉമ്മ മുതലായുള്ളര ആരൊടെങ്കിലും പറക ഉണ്ടായിട്ടുണ്ടൊ }

അന്ന പകൽ ഞാൻ ആരൊടും പറഞ്ഞിട്ടില്ല രാത്രി നെഞ്ഞത്ത വരുത്തംകൊണ്ട കഞ്ഞിയും ചൊറും കഴിപ്പാൻ ഞെരുക്കം ഉണ്ടായി അന്നെരം എന്റെ ബാപ്പയൊട പറഞ്ഞിട്ടുണ്ട വെറെ ആരൊടും പറഞ്ഞിട്ടില്ലാ.

ഇപ്പൊൾനിനക്ക എന്തെല്ലാമാണ ദീനം ഉള്ളത. }

ഇപ്പൊൾ ഇനിക്ക നെഞ്ഞത്ത വരുത്തവും പനിയും ഇ

ല്ലാ ഇത്ര നാളത്തെ പനികൊണ്ട ശരീരത്തിന്ന ക്ഷീണം ഉണ്ട. അത കൂടാതെ ഒന്നും ഇല്ലാ.

മരക്കാര നിന്നെ വടികൊണ്ട നെഞ്ഞത്ത കുത്തീട്ടുണ്ടെങ്കിൽ ആ ഉടനെ ബൊധിപ്പിക്കാതെ ഇതുവരെ താമസിച്ചത എന്ത കൊണ്ടാകുന്നു.	ഞാൻ ദീനത്തിൽ കിടപ്പായിരുന്നതിനാൽബൊധിപ്പിക്കാതെ ഇരുന്നതാകുന്നു.
നിണക്ക ൟ കാൎയ്യത്തിന്നഅന്ന്യായവും സങ്കടവും ഉണ്ടൊ.	ഉണ്ട.
ൟ വായിച്ചു കെട്ട പ്രകാരം തന്നെയൊ പറഞ്ഞത.	അതെ.

യാദാസ്സ—ൟ കയ്ശീത്തകാരന്റെ ശരീരം നൊക്കിയ്യതിൽ ആരും ഒന്നും ചെയ്യിട്ടുള്ളതായ യാതൊരു പതുക്കകളും കണ്ടിട്ടില്ലാ കയ്യും കാലും മററും മെലിഞ്ഞ കുറെ ദിവസമായിട്ട പനി പിടിച്ചു ദീനത്തിൽ കിടക്കുന്നവനായിട്ടാകുന്നു കണ്ടിരിക്കുന്നത എങ്കിലും വിശെഷം പറയുന്നതിലെക്ക ഒര തരക്കെടും കണ്ടീട്ടും ഇല്ലാ.

പ്രതിമരക്കാരൊട മെയി ഫൻനു—

കുഞ്ഞാപ്പയ്യുടെ മകൻ മന്മത കുട്ടിയൊട വിസ്തരിച്ചിട്ടുള്ള കയ്ശീത്ത നീ വായിച്ചു കെട്ടുവല്ലൊ ആയ്യതിന്ന എന്താണ നീ ഉത്തരം ബൊധിപ്പിക്കുന്നത	മന്മത കുട്ടിയൊട വിസ്തരിച്ചിട്ടുള്ള കയ്ശീത്ത വായിച്ചതു ഞാൻ കെട്ട അതിൽ പറയുന്നപ്രകാരം മന്മത കുട്ടി എന്റെവെലിന്മെൽ നിന്ന ഓന്തിനെ കണ്ട തച്ചപ്രകാരം ഞാൻ അറിഞ്ഞിട്ടും ഞാൻ ചെന്ന മന്മത കുട്ടിയ്യുടെ കയ്യൂൽ നിന്ന വടി പിടിച്ചുപറിച്ചു അതുകൊണ്ട അവന്റെ നെഞ്ഞത്ത കുത്തീട്ടും ഇല്ലാ മന്മതകുട്ടിക്ക എകദെശം മുപ്പത ദിവസത്തൊളം ആയി എന്ന തൊന്നുന്നു പനിയ്യുടെ ദീനം കിട്ടി കെടപ്പിൽ ആകുന്നു കുഞ്ഞനുവിന എന്നൊട ഒരൊരൊ സംഗതിയാൽ മുഷിച്ചിൽ ഉണ്ടാകകൊണ്ട അവൻ മന്മത കുട്ടിയൊടും മററും പറഞ്ഞകൊടുത്ത ഞാൻ വടി കൊണ്ട കുത്തിയപ്രകാരം പറയിപ്പിക്കുന്നതാകുന്നു എന്നാണ ഇനിക്ക തൊന്നുന്നത ഇപ്രകാരം ആണ എന്റെ നെര.
ൟ വായിച്ചു കെട്ടപ്രകാരം തന്നെയൊ പറഞ്ഞത.	അതെ.

വയിദ്യൻ തുമ്പനൊട മെയി ഫവ്വനു—

കുഞ്ഞാപ്പയ്യുടെ മകൻ മന്മത കുട്ടി എന്നവന്റെ ദീനം നി	കഴിഞ്ഞ മെടമാസത്തിൽ നു— ആഴിച്ച നിശ്ചയം ഇല്ലാ ഇ

പൊയി നൊക്കി വല്ല ചികിത്സകളും ചെയ്തു ഉണ്ടായിട്ടുണ്ടൊ ഉണ്ടെങ്കിൽ ആ വിവരം കെൾക്കട്ടെ.

നെക്ക ഏകദെശം പതിനാല പതിനഞ്ച ദിവസമായി എന്ന തൊന്നുന്നു ഒരു ദിവസം രാവിലെ മൂയ്യാൻ എന്റെ കുടിയിൽ വന്ന എന്നൊട പറഞ്ഞാറെ മന്മത കുട്ടി എന്ന കുട്ടിക്ക അസാരം പനിയുടെ ദിനമാണ അത വന്ന നൊക്കിവല്ലതും ചെയ്യെണമെന്ന പറഞ്ഞു. അന്നെരം ഞാൻ ആ മാപ്പിളയൊട കൂടെ തന്നെ പൊയി ആ കുട്ടിയുടെ ദീനം നൊക്കി അന്നെരം പനി നന്നെ ഉണ്ട സന്നിയുടെ വാസനപൊലെയും ഉണ്ടായിരുന്നു. അതിന അകത്തെക്ക ഗുളികയും കഷായവും കൊടുക്കുകയും സന്നിക്ക മെൽ തളൊടാനായിട്ടൊരു തയിലവും ഉണ്ടാക്കികൊടുത്തു. അതിന്റെ ശെഷം ഞാൻ മന്മതകുട്ടിയൊട എന്തല്ലാമാണ ദീനങ്ങൾ എന്ന ചൊദിച്ചാറെ അതിന്റെ ൭- ൮- ദിവസം മുമ്പെ ഒരു ദിവസം ആലിമല്ല മാപ്പിളയുടെ കുടിയിൽനിന്ന ഓതി കുടിയിലെക്ക പൊരുമ്പൊൾ മരക്കാര മാപ്പിളയുടെ കുടിയിരിപ്പ പറമ്പിന്റെ വെലിയുമ്മെൽ ഒര ഓന്തിനെ കണ്ടതിനെ ഒരു വടി കൊണ്ട തല്ലാൻ തുടങ്ങിയപ്പൊൾ മരക്കാര മാപ്പിള വന്ന വെലി തച്ച പൊളിക്കുന്നത എന്തിനാണെന്ന ചൊദിച്ച വടി പിടിച്ചുപറിച്ച അതുകൊണ്ട നെഞ്ഞത്ത കുത്തി എന്നും അതിനാൽ നെഞ്ഞത്ത കുറെ വെദന ഉണ്ടെന്നും കഞ്ഞിയും ചൊറും കഴിപ്പാൻ പാടില്ലെന്നും പറഞ്ഞു. അങ്ങിനെ ചെയ്തിട്ടുള്ള പരുക്കുകൾ ഏതെങ്കിലും ഉണ്ടൊ എന്ന ഞാൻ നൊക്കിയാറെ ശരീരത്തിന്മെൽ ആരും ഒന്നും ചെയ്തിട്ടുള്ളതായ പരുക്കുകൾ ഒന്നും കണ്ടിട്ടില്ല. അങ്ങിനെ ചെയ്തിട്ട അകത്ത പരുക്കെറ്റുള്ളതായ ലക്ഷണങ്ങളും ഒന്നും കണ്ടിട്ടില്ല കയ്യും കാലും മെലിഞ്ഞ നെഞ്ഞ കുറിച്ച ഒരു ദീനക്കാരനെ പൊലെയാണ കണ്ടിരിക്കുന്നത. അതുകൊണ്ട ഞാൻ ആ ചെയ്തിട്ടുള്ളതല്ലാതെവെറെ ഒന്നും ചെയ്തിട്ടില്ല ഇപ്രകാരമാണ വസ്തുത.

ആ കുട്ടിയുടെ ദീനം കണ്ടെടത്ത അപായം വന്ന പൊകുമൊ എങ്ങിനെയാണ നിണക്ക തൊന്നിരിക്കുന്നത.

ഞാൻ ഓരൊന്ന ചെയ്തു തുടങ്ങിയതിന്റെ ശെഷം പനിയുടെ ദീനം കുറെ ആശ്വാസമായിട്ടാണ കാണുന്നത അതുകൊണ്ട ആ ദീനം സംഗതിയാൽ മരിച്ചുപൊകുമെന്നതൊന്നുന്നില്ല ദീനം നല്ലവണ്ണം മാറി നടക്കാറാവെണ്ടതിന്ന ൨൦ ദിവസം വെണ്ടി വരുമെന്ന തൊന്നുന്നു.

നീ നൊക്കി കണ്ടെടത്ത പനിയുടെ ദീനമല്ലാതെ ആരെങ്കിലും വല്ലതുംചെയ്തിട്ട ഉണ്ടായ ദീനമെന്ന സംശയിപ്പാൻ തക്ക ലക്ഷണങ്ങൾ ഏതെങ്കിലും കണ്ടിട്ടുണ്ടൊ.

പനിയുടെ ദീനമല്ലാതെ ആരും ഒന്നും ചെയ്തിട്ട ഉണ്ടായ ദീനം പൊലെ ഒന്നും ഞാൻ കണ്ടിട്ടില്ല.

ഠരം വായിച്ച കെട്ട പ്രകാരം തന്നെയൊ. പറഞ്ഞത } അതെ.

അസിഷ്ടാണ്ട മജിസ്ത്രേട്ടിലെക്ക.

ഏറനാട താലൂക്ക ഹെഡ പൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി. ഠരം താലൂക്കിൽ ചെങ്ങരെ അംശം പുലിപ്പറെറ ദെശത്ത പുലിപ്പറെറ ക്ഷെത്രത്തിൽ കഴിഞ്ഞ ചിങ്ങമാസം ൧൨നു-ക്ക ൧൪ സത്തെമ്പ്ര ൧നു- വെള്ളിയാഴ്ച രാത്രി കള്ളൻമാര ശ്രീകൊവിലിൻെറ വാതിലിനുള്ള പൂട്ട പറിച്ച കടന്ന ശ്രീകൊവിലിൻെറ അകത്തുണ്ടായിരുന്ന ക്ഷെത്രത്തിലെ വക ൨ ഉറപ്പിക ൧൦ ണ വിലക്കും ശാന്തിക്കാരൻ എമ്പ്രാന്തിരി വക ൧ ഉറപ്പിക ൭ ണ വിലക്കും ഉള്ള മുതലുകൾ കളവ ചെയ്തു കൊണ്ടുപൊയ പ്രകാരം ഠരം സംഗതിക്കും മെപ്പടി ക്ഷെത്രത്തിലെ കഴകക്കാരൻ വാരിയരുടെ ഭവനത്തിൽ ആ രാത്രിയിൽ തന്നെ കള്ളൻ കടന്ന ചില മുതൽ കൊണ്ടുപൊയിരിക്കുന്നു എന്നും അധികാരി മുഖ്യസ്ഥൻമാര എഴുതിയ റിപ്പൊൎട്ടുകൾ സത്തെമ്പ്ര മാസം ൭നു- എത്തി ആ കാൎയ്യം അന്ന്വെഷിച്ച തുൻമ്പുണ്ടാക്കി ബൊധിപ്പിപ്പാനും മററും താലൂക്ക സബാപ്സര വെങ്കിട്ട രാമയ്യനെ അയച്ചു സബാപ്സര ആ സ്ഥലത്ത ചെന്ന ക്ഷെത്രത്തിലെ കാൎയ്യസ്ഥനാണെന്ന അധികാരിയുടെ റപ്പൊൎട്ടിൽ പറയുന്ന നീലകണ്ഠൻ നമ്പൂതിരിയൊടും ശാന്തിക്കാരൻ കെശവൻ എമ്പ്രാന്തിരിയൊടും ചെറൊട്ടി എന്ന വാരസ്യാര കുട്ടിയൊടും സമീപസ്ഥനായ പ്രമാണി ശങ്കുപണിക്കരൊടും സംശയം പറയുന്നവരിൽ പെരിങ്കൊല്ലൻ ചെന്നുവിനൊടും വിസ്തരിക്കുകയും മെപ്പടി നീലകണ്ഠൻ നമ്പൂതിരിയൊടും മുതൽ വിവരം പട്ടിക വാങ്ങി ചെൎക്കുകയും ചെയ്തു ദസ്താപെജകളും സംശയം പറയുന്നവരിൽ പപ്പടചെട്ടി തെയ്യുണ്ണി മകൻ അപ്പു ഇവരെയും മററും സബാപ്സര സത്തെമ്പ്ര ൧൫നു-ത്തെ റപ്പൊൎടത്തൊട കൂടി അയച്ച ൧൭നു- എത്തി. തെയ്യുണ്ണി മുതൽ പാളൊട വാക്കാൽ ചൊദിക്കുകയും അവരുടെ നടപ്പിനെ കുറിച്ച കണാരൻ നായരൊടും ശങ്കുപണിക്കരൊടും എൻെറ മുമ്പാകെ വിസ്തരിക്കുകയും അധികാരി മുഖ്യസ്ഥൻമാരുടെ റപ്പൊൎത്തടകൾ വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു. ൧ പപ്പടചെട്ടി തെയ്യുണ്ണി- ൨ അപ്പു- ൩ കൊല്ലൻ ചെന്നു- ൪ അവൻെറ അനുജൻ ഉണ്ണിക്കുട്ടി- ൫ കുഞ്ഞൻ നായര- ൬ അയ്യപ്പൻ- ൭ അത്തൻകുട്ടി- ൮ കുഞ്ഞി മയ്യു- ഠരം ൮ാളുടെ മെൽ ഠരം കളവ കാൎയ്യത്തിൽ സംശയം ഉണ്ടെന്നും ഠരം കളവുണ്ടാവുന്നതിൻെറ നാല ദിവസം മുമ്പെ ൧ാം നമ്പ്രകാരൻ വാരിയത്ത ചെന്ന വാതിലിനുള്ള ചങ്ങലയുടെ വിവരവും എമ്പ്രാന്തിരി എവിടെയാണ കിടക്കുന്നത എന്നും ശ്രീകൊവിലിൻെറ അ

കത്ത മുതൽ വെക്കാറുണ്ടൊ എന്നും മററും ചൊദിച്ചിരിക്കകൊ
ണ്ടും മെൽ എഴുതിയവര ഒക്കെയും ചില്ലറ കളവ ചെയ്തു ന
ടക്കുന്നവരാകകൊണ്ടും അവരുടെ മെൽ സംശയം ഉണ്ടെന്നും
തെളിവ കൊടുപ്പാൻ സാക്ഷിയും അന്ന്യായവും ഇല്ലെന്നും മ
ററും നമ്പൂതിരി പറയുന്നു. ആയ്തു ഒന്നും പിടി കിട്ടിയ ൧-ം-൨-ം-
൩-ം- നമ്പ്രകാര സമ്മതിച്ചിട്ടും അവരുടെയും ശെഷം ഉള്ള അ
ഞ്ചാളുടെയും കുടി ശൊധനകളിൽ മുതൽ കിട്ടിട്ടും ഇല്ലാ. ൨ാം ന
മ്പ്രകാരൻ മെൽ പ്രകാരം വാരിയത്ത വന്ന തന്നൊട ചൊദി
ക്ക ഉണ്ടായി എന്ന ചെറൊട്ടി എന്ന വാരസ്ത്യാര കുട്ടി പറയുന്നു
ണ്ട. അപ്രകാരം ൨ാം നമ്പ്രകാരൻ ചൊദിച്ചിട്ടുണ്ടെങ്കിൽ ആ
വിവരം ആദ്യം ഒരുത്തരൊടും അവൾ പറഞ്ഞതായി കാണു
ന്നില്ലാ അവൾ ൧൦- ൧൩- വയസ്സ പ്രായമായ കുട്ടിയാണ ൨ാം
നമ്പ്രകാരന ൧൫ വയസ്സിലകമെ പ്രായമുള്ളു. ൧ാം നമ്പ്രകാര
നെ മുൻമ്പെ ഒരു കുത്ത മുറി കാര്യത്തിൽ കൊടത്തിക്ക അയച്ചിട്ടു
ണ്ടെന്നതല്ലാതെ അവനും ശെഷം ഉള്ള മെപ്പടി വ്യ നമ്പ്രവരെ
ആളുകളും ഇതിന മുമ്പെ കളവ കാര്യങ്ങളിലും മററും ഉൾപ്പെട്ട
തായി റിക്കാട്ട ഒന്നും കാണുന്നില്ലാ. ൧-ം ൨-ം ൩-ം നമ്പ്രകാര ദു
ന്നടപ്പകാര എന്ന അധികാരി മുഖ്യസ്ഥന്മാര ൦രം നമ്പ്രിൽ റ
പ്പൊടത്തകൾ കൊടുക്കുകയും കണൊരൻനായരും ശങ്കുപണിക്ക
രും കയ്പീത്തിൽ പറകയും ചെയ്യുന്നതിലെക്ക കിഴക്കട ഒരു ലക്ഷ്യ
വും ഇല്ലായ്കകൊണ്ട അവരുടെ നടപ്പിനെ കുറിച്ച ഇപ്പൊൾ പ
റയുന്നത പ്രമാണിക്കാൻ ഒട്ടും പൊരാ അതുകൊണ്ട അവര ൩ാ
ളെയും വിട്ട അയച്ചിരിക്കുന്നു. ൦രം ക്ഷെത്രം മഞ്ഞപ്പറ സ്വാമി
യാര തനിക്ക ഉള്ളതാണെന്നും മൊണ്ടമ്പലത്ത മൂസ്സത ചെറു ക
ഴിഞ്ഞ മണ്ണുമൂസ്സത ഇവര തങ്ങൾക്കുള്ളതാണെന്നും വാദിച്ചു മൂ
സ്സതമാരുടെ ഭാഗക്കാരനായിരുന്ന മെപ്പടി നമ്പൂതിരിയും സ്വാ
മിയാരുടെ കാര്യസ്ഥനായ ആററപ്പുറത്ത നമ്പൂതിരിയും മുൻമ്പെ
൦രം താലൂക്കിൽ മുൻമ്പെ ചില പൊലീസ്സ വ്യവഹാരങ്ങൾ നടത്തു
കയും ഇപ്പൊൾ കൊടത്തിയിൽ അദാലത്ത വ്യവഹാരം നടത്തി
വരികയും ചെയ്യുന്നു. ഇത എത്രയും അടച്ച ഒറപ്പില്ലാത്ത ക്ഷെ
ത്രമാണ കാവൽ മുതലായ്തും ഇല്ലെന്നു പറയുന്നു അങ്ങിനെ ഉ
ള്ള ക്ഷെത്രത്തിൽ രാത്രിയിൽ വില പിടിച്ച മുതലുകൾ സൂക്ഷി
ച്ചു എന്ന പറയുന്ന വാക്കും കളവുണ്ടായി എന്ന പറയുന്നതും
ഒട്ടും വിശ്വസിക്കാൻ പാടില്ലാ. ക്ഷെത്രകാര്യത്തിൽ തമ്മിൽ വാദ
മായി സിവിൽ വ്യവഹാരം നടന്ന വരുന്നതകൊണ്ട തമ്മിൽ
തക്കിച്ച കളവുണ്ടായി എന്നാക്കിതീക്കാൻ ഉണ്ടാക്കിയ്യൊ എന്നും
സംശയിക്കതക്കതായി സബൊസ്സര ബൊധിപ്പിക്കയും ചെയ്യുന്നു.

കളവുണ്ടായി എന്ന പറയുന്നത നെരായിരുന്നാൽ സംശയം പറയുന്ന ആളുകളുടെ മെൽ അന്ന്യായപ്പെടാനും മറ്റും സംഗതി ഉണ്ട അതൊന്നും കൂടാതെ പറയുന്ന മെപ്പടി സംശയം ഒരുകൌശലമായിട്ട വിചാരിക്കണ്ടിരിക്കുന്നു, ക്ഷെത്രത്തിൽ കളവുണ്ടായിട്ടില്ലെന്നും കാൎയ്യസ്ഥൻ താനാണെന്ന ഉറപ്പിക്കെണ്ടുന്നതിലെക്കുള്ള വഴിക്ക മെപ്പടി നീലകണ്ഠൻ നമ്പൂതിരി ഉണ്ടാക്കി തീൎത്ത ബൊധിപ്പിക്കുന്നതാണെന്നുള്ള താല്പൎയ്യമായും ആ ക്ഷെത്രത്തിൽ ഒരിക്കലും മുതൽ സൂക്ഷിക്കാറില്ലെന്നും ൧൦൨൭ മത മുതൽ സ്വാമിയാര തന്നെ ക്ഷെത്രത്തിൽ കാൎയ്യസ്ഥനാക്കി നടന്ന വരുന്നതാണെന്നും മറ്റും സുബ്രഹ്മണ്യൻ നമ്പൂതിരിസത്തെമ്പ്ര ൧൪൭൹ വക്കീൽമുഖാന്തരം താലൂക്കിൽഹരജി ബൊധിപ്പിക്കകൊണ്ട ആ ഹരജിയും ൟ നമ്പ്രിൽ ചെൎത്തിരിക്കുന്നു ഇതവരെ ഞാൻ പുറമെ അന്ന്യെഷിച്ചതിലും ൟ കളവ കാൎയ്യം വിശ്വസിക്കതക്കതായി കാണുന്നില്ലായ്കകൊണ്ട ൟ വസ്തുത ബൊധിപ്പിച്ച ഇതിൽ ചെൎന്ന വിസ്താരം മുതലായ്ക ലീസ്ത പ്രകാരം ൟ ഹരജിയൊട കൂടി സന്നിധാനത്തിങ്കലെക്ക അയച്ചിരിക്കുന്നു. എന്ന ൧൦൩൦ കന്നി ൧൩൹-ക്ക ൫൪ സത്തെമ്പ്ര ൩൦൹.

നീലകണ്ഠൻ നമ്പൂതിരിയൊട സത്തെമ്പ്ര ൹

പുലിപ്പറ്റ ക്ഷെത്രത്തിൽ നിന്ന വല്ല മുതലും കളവ പൊയിട്ടുണ്ടൊ

ൟ ചിങ്ങമാസം ൧൮൹ വെള്ളിയാഴ്ച രാത്രി പുലിപ്പറ്റ അമ്പലത്തിൽ ശ്രീ കൊവിലിന്റെ കിഴക്കെ വാതില താഴ കുത്തിപറിച്ച കടന്ന ശ്രീകൊവിലിന്റെ അകത്തുണ്ടായിരുന്ന ഞാൻ ഇപ്പൊൾ ഒപ്പിട്ട ബൊധിപ്പിക്കുന്ന പട്ടികപ്രകാരം ഉള്ള വ ഉറപ്പിക ൧൦൦ വിലക്കുള്ള മുതലും ശാന്തിക്കാരന്റെ വക ശ്രീകൊവിലിന്റെ അകത്തുണ്ടായിരുന്ന മുണ്ട മുതലായ സാമാനങ്ങളും കള്ളന്മാര കൊണ്ടുപൊയിരിക്കുന്നു ൟ അമ്പലത്തിലെ കാൎയ്യാദികൾ ൧൦൨൫ മുതൽക്ക ഞാൻ നൊക്കി വരുന്ന കാൎയ്യസ്ഥനാകുന്നു അമ്പലത്തിലെ ഊരാളൻമാര ചെറുകഴിഞ്ഞ മണ്ണു മൂസ്സതും തലയൂര മൂസ്സതും ആകുന്നു ൟ കളവുണ്ടായ വിവരം പിറ്റെന്ന രാവിലെയാണ അറിഞ്ഞത പട്ടിക പ്രകാരമുള്ള മുതൽ കൂടാതെ ശ്രീകൊവിലിന്റെ അകത്ത വെറെ ഒരു മുതലും ഇല്ലാ കല്ലുകൊണ്ട ഭിത്തിയും പുല്ലു പുരയുമായിട്ടുള്ളതാണ ശ്രീകൊവില നാലമ്പലം മുതലായ്ക ഇല്ലാ വടക്കെപുറത്ത ഒരു തടപ്പള്ളി മാത്രം ഉണ്ട രാത്രി അമ്പലത്തിൽ കാവലും മറ്റും ഒന്നും ഇല്ലാ ശ്രീകൊവിലിന്റെ വാതില അല്ലാതെ പുറമെ വാതിലും അടച്ചൊറപ്പും ഇല്ലാ ൟ അമ്പലത്തിന്റെ വടക്കുപുറം ൨ വാരിയം ഉണ്ട. അമ്പലത്തിന്റെ ൩പുറം പാടവും ഒരു പുറം പള്ളിയാലും ആകുന്നു പള്ളിയാലിന്റെയും പാടത്തിന്റെയും അക്കരയിന്മെൽ നാലുപു

റവും കുടികൾ ഉണ്ട ആ വക കുടികളിലെക്ക അമ്പലത്തിൽ നിന്ന ഏകദെശം വിളിപ്പാടൊളം ദൂരം ഉണ്ടാവും കളവ പൊയ മുതലുകൾക്ക പറയാൻ തക്ക അടയാളങ്ങൾ ഒന്നുമില്ലാ കണ്ടാൽ അറിയാം ഇങ്ങിനെയാകുന്നു കളവ പൊയിരിക്കുന്നത.

ൟ കാൎയ്യത്തിൽ ആരുടെ മെൽ എങ്കിലും സംശയം ഉണ്ടൊ, } പുലിപ്പറയിരുക്കും പപ്പട ചെട്ടി തെയ്യുണ്ണി ൧ അവന്റെ മകൻ അപ്പു- ൨ പെരിങ്കൊല്ലൻ ചെന്നു- ൩ അവന്റെ അനുജൻ ഉണ്ണിക്കുട്ടി-൪ കുഞ്ഞൻ-൫ അയ്യപ്പൻ-൬ അത്തൻകുട്ടി-൭ മൊയ്യു ഇവരുടെ മെൽ സംശയം ഉണ്ട.

അവരുടെ മെൽ സംശയത്തിന്ന കാരണമെന്ത } ഞാൻ പെരു പറഞ്ഞ ആളുകൾ ചില്ലറ കളവുകൾ ചെയ്തു നടക്കുന്നവരാണെന്ന ഓരൊരുത്തര പറഞ്ഞ കെൾക്കുന്നു. അത കൂടതെ പപ്പട ചെട്ടി തെയ്യുണ്ണിയുടെ മകൻ അപ്പു എന്നവൻ ൟ കളവിന്റെ തലെ ദിവസമൊ-൨-ദിവസം മുൻപെയൊ- ഒരു ദിവസം പടിഞ്ഞാറ വാരിയത്ത ചെന്ന അവിടത്തെ വാരശ്യാരൊട അമ്പലത്തിൽ എമ്പ്രാന്തിരി കിടക്കാറുണ്ടൊ എന്നും ശ്രീകൊവിലിന്റെ അകത്ത മുതലുകൾ വെക്കാറുണ്ടൊ എന്നും വാരിയത്തെ വാതിലിന്റെ കുററിയും ചങ്ങലയും വാതലിന്റെ ഏതപുറത്താണെന്നും ചെറൊട്ടി വാരശ്യാരൊട ചൊദിച്ചപ്രകാരം അവൾ എന്നൊടപറഞ്ഞിരിക്കകൊണ്ടും-മെൽ എഴുതിയവരുടെ മെൽ സംശയമാണ ഇതിൽകുഞ്ഞന്റെ കുടിയിൽഒഴികെ ശെഷംഉള്ള കുടികളിൽ ഒക്കയും അധികാരിശൊധന ചെയ്തു, മുതലുകൾഒന്നും കിട്ടിട്ടില്ലാ ഇതിൽ പപ്പട ചെട്ടിയുടെയും കുഞ്ഞന്റെയും പെരിങ്കൊല്ലൻ ചെന്നുവിന്റെയും കുടികൾ അമ്പലത്തിന്റെ സമീപമാകുന്നു ൟ വക ആളുകളുടെമെൽ ഇങ്ങിനെയുള്ള സംശയം അല്ലാതെ തെളിവ കൊടുപ്പാൻ ലക്ഷ്യക്രൂപെണ്ണ ഇതുവരെയും ഒരു വഴിയും കിട്ടിട്ടില്ലാ അതുകൊണ്ട ഇപ്പൊൾ അന്ന്യായം ഇല്ലാ അന്ന്വെഷിച്ച തുൽമ്പ കിട്ടിയാൽ അപ്പൊൾബൊധിപ്പിക്കുകയും ചെയ്യാം.

ൟ അമ്പലത്തിലെക്ക വെറെ വല്ല മുതൽ സാമാനങ്ങൾ ഉണ്ടൊ } പൂജാ പാത്രങ്ങളും വെളക്കും മററുംപലതും ഉണ്ട. ആ വക ഒക്കയും ദിവസെനാൽ പൂജ കഴിഞ്ഞാൽ കഴകക്കാര കൊണ്ടുപൊയി സൂക്ഷിക്കും കളവപൊയ മുതലുകൾ എപ്പൊഴും ശ്രീകൊവിലിന്റെ അകത്ത സൂക്ഷിച്ചു വരുമാറാണ- അതകൊണ്ട ആ മുതൽകഴകക്കാര കൊണ്ടുപൊവാറില്ലാ കഴകക്കാരിൽ പടിഞ്ഞാറ വാരിയത്ത ൟ കളവുണ്ടായ ദിവസം രാത്രി ഏതാനും മുതലുകൾ കളവ പൊയിരിക്കുന്നു- അത അവരുടെ സൊന്തം മുതലാണ.

മുതലുകളും മററും സൂക്ഷിക്കുന്ന അമ്പലത്തിൽ കാവൽ ഇല്ലാതെ ഇരിപ്പാൻ സംഗതി എന്ത } പണ്ട കാവൽ ഇല്ലാ ഇത അല്ല മുതലാകകൊണ്ട ഇതിന്ന കാവൽ വെക്കെണ്ടതില്ലല്ലൊ എന്നു-രാവിലെ പുലൎന്നപ്പൊഴെക്ക ശാന്തിക്കാരൻ എമ്പ്രാൻ കുളി

ച്ച ശാന്തിക്കായിട്ട അമ്പലത്തിൽ ചെന്നപ്പൊൾ പൂട്ടപൊളിച്ചിട്ടും മറ്റുംകണ്ട എന്നെ അറിയിച്ചു ഞാൻ അറിഞ്ഞതാണെ- എമ്പ്രാന്തിരി ചെല്ലുന്നതിന മുമ്പെ ൟ കളവുണ്ടായ്യ ആരും അറിഞ്ഞിട്ടില്ലാ ൰൯നു- രാത്രി ആ എമ്പ്രാൻ ഇല്ലത്താണെ കിടന്നിരുന്നത രാവിലെ എണീട്ട പൊയ്യാണെ ൟ അമ്പലത്തിന്റെ താക്കൊല എമ്പ്രാന്തിരിയുടെ വക്കലാകുന്നു.

വായിച്ചുകെട്ടത പറഞ്ഞപ്രകാരം തന്നെയൊ	അതെ-

ഉടനെ രണ്ടാമത.

കുഞ്ഞുമയ്യുവിന്റെയും അയ്യപ്പന്റെയുംമെൽ ആദ്യം അധികാരി മെനൊന്മാരൊട സംശയം പറഞ്ഞതായി കാണുന്നില്ലാ ആ സംഗതി എങ്ങിനെ വാരശ്യാരൊട ചെട്ടി അപ്പു ചൊദിച്ച പ്രകാരം ഉള്ള സംഗതിയും അധികാരി മുഖ്യസ്ഥന്മാരൊട പറഞ്ഞതായി കാണുന്നില്ലാ അതിന സംഗതി എന്ത.	അധികാരി മുഖ്യസ്ഥന്മാരുടെ അന്വെഷണം കഴിഞ്ഞതിന്റെ ശെഷമാണെ അയ്യപ്പൻ മുതൽ ആളു ദുൎന്നടപ്പുകാരാണെന്ന കെട്ടിരിക്കുന്നത. അതുകൊണ്ട ആ വിവരം പറയാത്തതാണെ- വാരശ്യാര കുട്ടി പറഞ്ഞ വിവരം അധികാരിയൊടും മുഖ്യസ്ഥനൊടും ഞാൻ പറഞ്ഞു. അത അവര ബൊധിപ്പിച്ചിട്ടുണ്ടൊ

ഇല്ലയൊ എന്ന ഞാൻ അറിയില്ലാ ഞാൻ അധികാരിമുഖ്യസ്ഥന്മാരൊട പറഞ്ഞതിന്റെ ശെഷം വാരശ്യാരൊടും ചെട്ടിഅപ്പുവിനൊടും അധികാരി മുഖ്യസ്ഥന്മാര ചൊദിച്ചിട്ടുണ്ട-അതിലെക്ക അവര എന്ത ഉത്തരം പറഞ്ഞിരിക്കുന്നു എന്ന ഇനിക്ക നിശ്ചയമില്ലാ

സെത്തമ്പ്ര ൰൨നു-

വാരശ്യാര കുട്ടി പറഞ്ഞ വിവരം അധികാരി മുഖ്യസ്ഥന്മാരൊട എന്നാണെ പറഞ്ഞത	അധികാരിയൊട ഞാൻ പറഞ്ഞത ൨൰നു-യാണെ. എന്നൊട വാരശ്യാര കുട്ടി ൟ

വിവരം പറഞ്ഞത ൨൰നു- വയ്യുന്നെരമാകുന്നു- വാരശ്യാര കുട്ടിയൊട ചെട്ടി അപ്പു മെൽ പ്രകാരം ചൊദിച്ചിരിക്കുന്നു എന്ന ശാന്തിക്കാരൻ എമ്പ്രാന്തിരി ൨൰നു-രാവിലെ എന്നൊട പറകകൊണ്ട വയിന്നെരം ഞാൻ അമ്പലത്തിൽ തൊഴാൻ ചെന്നപ്പൊൾ വാരശ്യാര കുട്ടിയെ കണ്ട ചൊദിച്ചപ്പൊൾ അവളും പറഞ്ഞതാണെ ൨൰നു-ക്ക മുമ്പെ എന്നൊട ഒരുത്തരും പറഞ്ഞിട്ടില്ലാ.

ൟ ക്ഷെത്രത്തിന്റെ കായ്യത്തിന്ന തന്നെയൊ മൂസ്സതമാരും മഞ്ഞപ്പുറ്റ സ്വാമിയാരും വാദിക്കുന്നത.	അതിന്റെ വിവരം ഇനിക്ക നിശ്ചയമില്ലാ

ശാന്തിക്കാരൻ എമ്പ്രാന്തിരി എത്ര കൊല്ലമായിട്ട ശാന്തികഴിച്ച വരുന്നു. അയാളുടെ കിടപ്പും മററും വെറ ദിക്കിലായിരിക്കുമ്പൊൾ അയാളുടെ സാമാനം അമ്പലത്തിൽ ശ്രീ കൊവിലിൻെറ അകത്ത വെക്കാൻ കാരണമെന്ത.

ശാന്തിക്കാരനും കാൎയ്യസ്ഥനും ഞാനാണ ഞാൻ ആക്കീട്ടുള്ളതാണ ശങ്കരൻ എമ്പ്രാന്തിരിയെ അത ൩൭ കൊല്ലമായി. ൨൫ൽ എന്നെ കാൎയ്യസ്ഥനായി നിശ്ചയിക്കുന്നതിന മുമ്പെ ശാന്തി എനിക്കാണ. അതുകൊണ്ട ഞാൻ ആക്കീട്ടുള്ള എമ്പ്രാന്തിരിയാകുന്നു എമ്പ്രാന്തിരി ദിവസെന ഉടുക്കുന്ന മുണ്ടും ശാപ്പാടിന്ന ഉള്ള സാമാനങ്ങളും തന്നെ അതിൽ വെച്ചിട്ടുണ്ടായിരുന്നുള്ളു അയാളുടെ വക വല്ല മുതലുകളും ക്ഷെത്രത്തിലെ വക വല്ല മുതലുകളും അധികം ഉണ്ടായിരിക്കുമെന്ന വിചാരിച്ച ആരെങ്കിലും ഇങ്ങനെ ചെയ്യുതായിരിക്കാം.

ൟ ക്ഷെത്ര സംബന്ധമായി വല്ല കാൎയ്യത്തിലും നിങ്ങളും വെറെ വല്ലവരുമായിട്ട താലൂക്കിൽ വല്ല പൊലീസ്സ വിവഹാരങ്ങളും നടത്തീട്ടുണ്ടൊ.

പുലിപ്പററ ക്ഷെത്രം സംബന്ധമായ ചില ആധാരങ്ങളുടെ സംഗതിയെ കുറിച്ച ആററപുറം എൻെറയും മററും മെൽ ചില അന്യായങ്ങൾ ചെയിച്ചിട്ടുണ്ട-

വായിച്ച കെട്ടത പറഞ്ഞ പ്രകാരം തന്നെയൊ

അതെ.

നാരായണൻ എന്ന എമ്പ്രാന്തിരിയുടെ മകൻ കെശവ എമ്പ്രാന്തിരിയൊട സത്യപ്രശ്നം—

പുലിപ്പററ അമ്പലത്തിൽ നിന്നകളവപൊയ സംഗതിയിൽ നിങ്ങൾ എന്തെല്ലാം അറിയും

ചിങ്ങമാസം ൨൮നു വെള്ളിയാഴ്ച രാത്രി പുലിപ്പററ അമ്പലത്തിൽ ശ്രീ കൊവിലിൻെറ അകത്ത വാതിലിൻെറ പൂട്ട പറിച്ച തുറന്ന കള്ളൻമാര അകത്ത കടന്ന അമ്പലത്തിലെ വക ഒരു തൂക്ക വിളക്കും ഒരു ഭരണിയൊട കൂടി കുറെ നല്ലെണ്ണയും ബിമ്പത്തിന്ന ചാൎത്തിരുന്ന വെള്ളികൊണ്ടുള്ള ഒരു പാമ്പിൻെറ പടവും ഒരു ചെമ്പ കിണ്ണവും വെളക്കും തണ്ടിൻെറ ചിററ ഒട്ടുകൊണ്ടുള്ളത ഒന്നും പൊയിട്ടുള്ളത കൂടാതെ എൻെറ വക മുക്കാൽ ഉറുപ്പിക വിലക്കുള്ള ൪ തെക്കൻ പഴയ മുണ്ടും ൩ ണ വിലക്കുള്ള ൨ ചാലിയ തൊൎത്ത മുണ്ടും ൪ ണ വിലക്കുള്ള ചെമ്പ ശംഖ വലിച്ചിട്ടുള്ള ഒരു രുദ്രാക്ഷ മാലയും അര പണം വിലക്കുള്ള രണ്ട ഇടങ്ങഴി ഒണങ്ങലരിയും ശ്രീകൊവിലിൻെറ അകത്ത വെച്ചിരുന്നു. ആയ്ത ഒക്കയും കളവ പൊയിരിക്കുന്നു ൨൯നു- രാവിലെ ഉദിക്കും മുൻമ്പെ ഞാൻ കുളിച്ച അമ്പലത്തിലെക്ക പൊയപ്പൊൾ ശ്രീ കൊവിലിൻെറ വാതില തുറന്നിട്ടും പൂട്ട പറിച്ചിട്ടും കണ്ടു- അതിൻെറ ശെഷം അകത്ത കടന്ന നൊക്കിയാ

റെ മുതലുകൾ ഒന്നും കണ്ടിട്ടില്ലാ ൟ വിവരം ഞാൻ ഉടനെ നീലകണ്ഠൻ നമ്പൂതിരിയിനെയും മറ്റും അറിയിച്ചു. ഇങ്ങനെ ഞാൻ അറിയും കളവചെയ്യത ഇന്നവരാണെന്ന നിശ്ചയമില്ലാ എനിക്ക ആരുടെ മെലും സംശയവും ഇല്ലാ ഇപ്പൊൾ അന്ന്യായവും ഇല്ലാ പപ്പട ചെട്ടി അപ്പു എന്നവൻ ൟ കളവുണ്ടാവുന്നതിന്റെ ൨ ദിവസം മുൻമ്പെ പടിഞ്ഞാറെവാരിയത്ത ചെന്ന എമ്പ്രാന്തിരി എവിടെയാണ കിടക്കാറ എന്നും വാരിയത്തെ വാതലിന്ന ചങ്ങല ഉണ്ടൊ എന്നും ചൊദിച്ച പ്രകാരം ൟ കളവുണ്ടായ്യിന്റെ പിറെറ ദിവസം ആ വാരിയത്തെ ചെറൊട്ടി എന്ന വാരശ്യാരും അതിന്റെ മുത്തശ്ശിയും പറഞ്ഞ കെട്ടു- വെറെ ഒന്നും ഇനിക്ക നിശ്ചയമില്ലാ ആ വക ആളുകൾ അറിയാതെ ൟ കളവുണ്ടായിട്ടുള്ളതാണെന്ന എനിക്ക തൊന്നുന്നില്ലാ സൎക്കാരിൽ നിന്ന അന്ന്വെഷിച്ച വല്ലതും തുൻമ്പുണ്ടായാൽ ആ വക ആളുകളുടെ മെൽ എനിക്ക അന്ന്യായം ഉണ്ട. പടിഞ്ഞാറെ വാരിയത്തും ആ ദിവസം രാത്രി കളവ പൊയിരിക്കുന്നു.

വായിച്ചു കെട്ടത പറഞ്ഞ പ്രകാരം തന്നെയൊ	അതെ.

അന്ന തന്നെ ൨ാമത

ക്ഷെത്രത്തിൽ രാത്രി ആരെങ്കിലും കാവൽ ഉണ്ടൊ	കാവൽ ഇല്ലാ പതിവായിട്ട ഒരിക്കലും ൟ ക്ഷെത്രത്തിൽ കാവൽ

കിടക്കാറില്ല എന്റെ കിടപ്പു ഇല്ലത്താണ-

കാവൽ മുതലായ്യ ഇല്ലാത്ത ക്ഷെത്രത്തിൽ മുതൽ വെച്ചെക്കാൻ സംഗതി എന്ത-	തൃക്കവിളക്കിൽ രാത്രി മുഴവനും വെളുക്ക കത്താൻ വെണ്ടി ആയ്യും വെള്ളികൊണ്ടുള്ള നാഗപ

ടം എപ്പൊഴും ബിംബത്തിന്ന ചാൎത്തിരുന്നതും ശെഷം സാമാനങ്ങൾ പതിവായിട്ട അവിടെ വെച്ച വരുന്നതും എന്റെ മുതലുകൾ ഞാൻ ശാന്തി തുടങ്ങിയ മുതൽക്ക തന്നെ അവിടെ വെച്ചവരാറുമാണ. എന്റെ വെപ്പും ഊണും അമ്പലത്തിലെ തടപ്പള്ളിയിലാണ എന്റെ സാമാനങ്ങളും മറ്റും അമ്പലത്തിലാണ വെച്ച വരുന്നത എന്ന പലരും അറിയും അത ഇന്നിന്നവരാണെന്ന പ്രത്ത്യെകം പറയാൻ മാത്രം നിശ്ചയമില്ലാ അടുക്കെയുള്ള ആളുകൾ ഒക്കെയും അറിയും- ഞാൻ വല്ല മുതലും അമ്പലത്തിൽ സൂക്ഷിച്ചിരിക്കുമെന്ന വിചാരിച്ച വല്ലവരും കടന്നതായിരിക്കും അല്ലാതെ അമ്പലത്തിൽ അധികം ഒരു മുതൽ ഉണ്ടാകുമെന്ന വിചാരിച്ച ആരും കടന്നതാണെന്ന എനിക്കതൊന്നുന്നില്ലാ.

അങ്ങിനെ അറിവ ഉള്ള ആളുകൾ ഏകദെശം ആരായിരിക്കും	അതിന്റെ വിവരം എനിക്ക നിശ്ചയം പറവാൻ അറിഞ്ഞുകൂടാ. പ്രത്ത്യെകം ഒരാളെമെലും

ആവക സംശയം തൊന്നുന്നില്ലായ്കകൊണ്ട നിശ്ചയമില്ലെന്ന പറയുന്നതാണ.

നിങ്ങളായിട്ട ആരെങ്കിലും പണം കൊണ്ടൊ നെല്ലുകൊണ്ടൊ വല്ല്യ എടവാടുകൾ ഉണ്ടൊ.	അങ്ങിനെ ഒര എടവാട ഇല്ല്യാ.
വായിച്ചുകെട്ടത പറഞ്ഞപ്രകാരം തന്നെയൊ.	അതെ.

ചെറൊട്ടി എന്ന കുട്ടിയൊട സത്യപ്ര ഫ൦ ന—

പുലിപ്പുറ അമ്പലത്തിൽ കള്ളൻ കടന്നത ഇത്രാം ന-യാന്ന ഇനിക്ക നിശ്ചയം ഇല്ല്യാ ഓണത്തിന്റെ നാല ദിവസം മുൻമ്പെ മൂലത്തന്നാള രാത്രിയാണ അത ഇന്നെക്ക പത്ത ദിവസമായി രാത്രി അമ്പലത്തിൽ കള്ളൻ കടന്നിരിക്കുന്നു. വാതിൽ ഒക്കെയും തുറന്നിട്ടിരിക്കുന്നു. ശുദ്ധംമാറി എന്ന ശാന്തിക്കാരൻ എമ്പ്രാന്തിരി പറഞ്ഞ ഞാൻ കെട്ടിരിക്കുന്നു. അമ്പലത്തിൽ ചെന്ന നൊക്കിയപ്പൊൾ വാതലിന്റെ പൂട്ടും മറ്റും പറിച്ചു കണ്ടു. അത ആര ചെയ്യുതാണെന്നും മറ്റും ഇനിക്ക നിശ്ചയമില്ല്യാ അമ്പലത്തിൽ കള്ളൻ കടന്ന ദിവസം തന്നെ ഞങ്ങളുടെ അവിടെയും കള്ളൻ കടന്നിരിക്കുന്നു. അന്ന രാത്രി ഞങ്ങടെ വാരിയത്ത ഞാനും എന്റെ മുത്തശ്ശിയും തന്നെ ഉണ്ടായിരുന്നുള്ളു. വടക്കെ വാതലിന്റെ ചങ്ങല കുത്തിപറിച്ചിട്ടാണ ഞങ്ങടെ അവിടെ കടന്നത. കുറെ നെല്ലുംഅരിയും ഒരു വെട്ടകത്തിയും ഒരു മഴുവും വനാളികെരവും ഒരു പഴയ കച്ചത്തുണിയും കൊണ്ടുപൊയിരിക്കുന്നു. അതിന്റെ വിവരങ്ങൾ ഒക്കെയും മുത്തശ്ശിയൊട ചൊദിച്ചാലെ അറിഞ്ഞുകൂടു. കള്ളൻ കടന്ന വിവരം രാത്രി അറിഞ്ഞിട്ടില്ല്യാ. പിറ്റെ ദിവസം രാവിലെയാണ ഞാനും മുത്തശ്ശിയും അറിഞ്ഞത ആര കളവുചെയ്യുതാണെന്ന അറിയില്ല്യാ ഇത്രെ ഇനിക്ക നിശ്ചയമുള്ളു.

പപ്പടചെട്ടി തെയ്യുണ്ണി അപ്പു ഇവരെ നീ അറിയൊ അവര ആരെങ്കിലും ൦രം കളവുണ്ടാകുന്നതിന്ന മുമ്പെ വാരയത്തൊ മറ്റൊ വന്ന കണ്ടിട്ട ഉണ്ടൊ.	പപ്പടചെട്ടി തെയ്യുണ്ണിയെയും അപ്പുവിനെയും ഞാൻ അറിയും അതിൽ അപ്പു എന്നവൻ ൦രം കളവുണ്ടാവുന്നതിന്റെ ന-ര- ദിവസം മുമ്പെ ഒരു ദിവസം രാവിലെ അപ്പു എന്നവൻ വാ

രിയത്ത വന്നു കുറെ നെരം വടക്കപുറത്ത മിറ്റത്ത നിന്നിരുന്നു. എന്തായി വന്നത എന്ന ഞാൻ ചൊദിച്ചാറെ ഒന്നും ഇല്ല്യാ രാത്രി ശാന്തിക്കാരൻ എമ്പ്രാന്തിരി എവിടെയാണ കിടക്കുന്നത

എന്നും നിങ്ങടെ വാതലിന്ന എത്ര ചങ്ങല ഉണ്ടെന്നും എന്റെ അമ്മാമൻ രാവുണ്ണി വാരിയര വളമങ്ങലത്ത നിന്ന കഴകം കഴിഞ്ഞ ദിവസെന്നാൽ രാത്രി വാരിയത്ത കിടക്കാൻ വരുവൊ എന്നും ചൊദിച്ചു. ഞങ്ങടെ വാതലിന്ന ൧ ചങ്ങലയാണെന്നും എമ്പ്രാന്തിരി ഇല്ലത്താണെ കിടക്കുന്നത എന്നും അമ്മാമൻ ചില ദിവസം വാരിയത്തെക്ക വരും ചിലദിവസം വരില്ലാ എന്നും ഞാൻ അവനൊട പറഞ്ഞു. പിന്നെയും അവൻ അല്പം നെരം താമസിച്ചു പിന്നെ പൊയി. അങ്ങിനെ അവൻ ചൊദിച്ച സമയം വാരിയത്ത ഞാനല്ലാതെ മററാരും ഇല്ല അവന്റെ കൂടിയും മററാരും ഉണ്ടായിരുന്നില്ലാ എന്റെ മുത്തശ്ശി കുളിക്കാൻ പൊയിരുന്നു. അവര കുളിച്ചുവരുമ്പൊഴക്ക അപ്പു പൊയിരിക്കുന്നു. മുത്തശ്ശി കുളിച്ചു വന്നാറെ അപ്പു വന്ന വിവരവും ചൊദിച്ച വിവരവും ഞാൻ മുത്തശ്ശിയൊട പറഞ്ഞു. അവൻ എന്തിനായിട്ടാണെ അങ്ങിനെ ഒക്കയും ചൊദിച്ചത എന്ന എനിക്ക നിശ്ചയമില്ലാ ൦രം കളവു കഴിഞ്ഞതിന്റെ ശെഷം ഇവിടെ ആരെങ്കിലും വന്നിട്ടുണ്ടായിരുന്നുവൊ എന്നും മററും അധികാരി മുതലായവര ചൊദിച്ചു. അവരൊട ഞാൻ പറഞ്ഞിരിക്കുന്നു. അപ്പു വരുന്നതിന്റെ മുമ്പെ ഒരു ദിവസവും തെയ്യുണ്ണിയും അപ്പുവും കൂടി പുല്ല അരിയാൻ വന്ന സമയം വാരിയത്തും വന്നിരുന്നു. അന്ന അവര ചൊദിക്കുകയും മററും ഉണ്ടായിട്ടില്ലാ ഇത ഞാൻ അറിയും.

വായിച്ചുകെട്ടത നീ പറഞ്ഞ പ്രകാരം തന്നെയൊ	അതെ.

ഏറനാട താലൂക്ക കച്ചെരിയില്ക്ക

ചെങ്ങരെ അംശം പുലിപ്പററ ദെശത്ത തൃശ്ശിവപെരൂര നടവിലെ മഠപുറം പുലിപ്പററ ക്ഷെത്രത്തിലെ കാൎയ്യസ്ഥൻ സുബ്രഹ്മണ്യൻ നമ്പൂതിരി ബൊധിപ്പിക്കുന്ന ഹരജി. മെൽപറഞ്ഞ ക്ഷെത്രത്തിൽ ൦രം മാസത്തിൽ ഒര കവച്ച ഉണ്ടായി എന്നും ആ ക്ഷെത്രത്തിലെ കാൎയ്യസ്ഥൻ താനാണെന്നുംവെച്ചു മെപ്പടി ദെശത്തെ നീലകണ്ഠൻ നമ്പൂതിരിയും മെപ്പടി ക്ഷെത്രത്തിലെ ശാന്തിക്കാരൻ താനാണെന്നും മററും ചെറുകഴിഞ്ഞ മണ്ണു മൂസ്സതിന്റെ ഇല്ലത്ത പാൎക്കുന്ന എമ്പ്രാന്തിരിയും ൦രം താലൂക്കിൽ അന്ന്യായം ബൊധിപ്പിച്ച വിസ്താരം നടക്കുന്നപ്രകാരം ഞാൻ കെട്ടിരിക്കുന്നു. ൲൨൫ വൃശ്ചികം മുതൽക്ക മെൽപറഞ്ഞ മഠപ്പുറത്ത നിന്ന എന്നെ കാൎയ്യസ്ഥനായി നിശ്ചയിച്ച എന്റെ സംരക്ഷണയിൽ ഇരിക്കുന്ന പുൽപ്പററ ക്ഷെത്രത്തിൽ കുറെ കാലമായി യാതൊര കവച്ചയും ഉണ്ടായിട്ടില്ലെന്ന മാത്രവും അല്ലാ ആ ക്ഷെത്രത്തിൽ ഒരിക്കലും വിലപിടിക്കുന്ന യാതൊരു മുതലും സൂ

ക്ഷിച്ചവരുമാറും ഇല്ലാ. ഈ ക്ഷെത്രത്തിന്ന ഉടയതായ നട്ടുവിലെ മഠത്തിൽ മഞ്ഞപ്പുററ തിരുമുമ്പിൽനിന്ന ചെമ്പകൊട്ട കെശവൻ മൂസ്സതിന്റെ മെൽ ൫൩ൽ ൩൩ൻ ആം നമ്പ്രായി ഈ ദെവസ്സംവക നിലം ഒഴിപ്പിപ്പാൻ ഏറനാട മുനിസിപ്പിൽ ബൊധിപ്പിച്ചു; അന്ന്യായകാൎയ്യത്തിലെക്ക ആ മൂസ്സതിന്റെ ജെഷ്ഠനായ ചെറുകഴിഞ്ഞമണ്ണ മൂസ്സതും മെൽപറഞ്ഞ തിരുമുമ്പിലെ പ്രതിയായ നീലകണ്ഠൻ നമ്പൂതിരിയും കൂടി ഈ ക്ഷെത്രം അവരുടെ കൈവശമെന്ന വരുത്തുവാൻ വെണ്ടി കവച്ച്വക്ക ഉള്ള സംഗതി അവര തന്നെ ഉണ്ടാക്കി അവരുടെ സ്വാധീനക്കാരനായ എമ്പ്രാന്തിരിയെകൊണ്ടും മററും അന്ന്യായപ്പെട്ടതാണെന്ന ൧൦൨൯കന്നി ൧൨൰ മെപ്പടി നമ്പൂതിരിയും മെൽപറഞ്ഞ ചെറുകഴിഞ്ഞമണ്ണ മൂസ്സതും കൂടി മററപ്പുറം വക ആധാരങ്ങൾ പിടിച്ചുപറിച്ചതിന്ന ഈ താലൂക്കിൽ നടന്ന വിസ്താരവും അംശം അധികാരി ബൊധിപ്പിച്ച റപ്പൊൎട്ടുകളും മററും റിക്കാട്ടിൽ ഉള്ളത നൊക്കിയാൽ ദൃഷ്ടാന്തം വരുന്നതാകുന്നു. ഈ അന്ന്യായക്കാരനായ നീലകണ്ഠൻ നമ്പൂതിരിക്കും മററും മെൽപറഞ്ഞ ക്ഷെത്രത്തിലെക്ക യാതൊര അവകാശവും ഇല്ലാ. മെപ്പടി ക്ഷെത്രത്തിൽ ഞാൻ ശാന്തിക്ക ആക്കിയിരിക്കുന്ന മാടമന സുബ്ബൻ എമ്പ്രാന്തിരി ഈ ചിങ്ങം ൨൫൰ അയാളുടെ നാടായ കൊടകരാജ്യത്തെക്ക പൊയപ്പൊൾ രണ്ട മാസത്തിന്ന മുട്ടശാന്തിക്ക ആക്കിയ എമ്പ്രാന്തിരിയാകുന്നു ഈ ഹരജിക്കാരൻ മെൽപറഞ്ഞ നമ്പൂതിരിയുടെയും മൂസ്സതിന്റെയും ആവശ്യത്തിന്ന വെണ്ടി ൧൦൨൯ തുലാമാസത്തിൽ എന്റെ അനുജൻ കെശവൻ നമ്പൂതിരിയുടെ മെൽ അഞ്ചആമാടയും മററും പിടിച്ചുപറിച്ചു എന്നവെച്ച അന്ന്യായപ്പെട്ടആളും ആകകൊണ്ട ആ റിക്കാട്ട നൊക്കിയാൽ മെൽപറഞ്ഞവരുടെ ആവശ്യത്തിന്ന ഈ എമ്പ്രാന്തിരി എന്തെങ്കിലും ചെയ്യാൻ മടിക്കുന്നതല്ലെന്ന ദൃഷ്ടാന്തം വരുന്നതാകകൊണ്ട താലൂക്കിലെ കൃപാകടാക്ഷം ഉണ്ടായിട്ട മുൻപറഞ്ഞ എല്ലാസംഗതികളും ആ വക റിക്കാട്ടുകളും റപ്പൊൎട്ടുകളും പരിശൊധിച്ച മെൽപറഞ്ഞവര ചെയ്യു വ്യാപ്തിക്ക തക്കതായി ഒര കല്പന ഉണ്ടായി രക്ഷിപ്പാൻ അപെക്ഷിക്കുന്നു എന്ന ൧൦൨൯ ചിങ്ങം ൩൧൰.

അസിഷ്ടാണ്ട മജിസ്ത്രെട്ടിക്ക.

ഏറനാട താലൂക്ക ഹെഡപൊലീസാമ്പ്ര ബൊധിപ്പിക്കുന്ന ഹരജി. ഈ താലൂക്കിൽ ചെങ്ങരെ അംശം പുലിപ്പുററ ദെശത്ത പുലിപ്പുററ ക്ഷെത്രത്തിലെ കഴകക്കാരൻ രാമവാരിയരുടെ ഭവനത്തിൽ കഴിഞ്ഞ ചിങ്ങമാസം ൧൮൰ക്ക ൫൪ സത്തെമ്പ്ര ൧൰ വെള്ളിയാഴ്ച രാത്രി കള്ളന്മാര വടക്കെ വാതലിന്റെ ചങ്ങല നീ

ക്കിയും പറിച്ചും അകത്ത കടന്ന ൧ ഉറപ്പിക- ൩൬-ൗ പയ്യസ്സയുടെ മുതൽ കളവചെയ്തു കൊണ്ടപൊയി എന്ന.

൦രം കാൎയ്യത്തിന്നും പുലിപ്പറമ്പ ക്ഷെത്രത്തിൽ കളവുണ്ടായ പ്രകാരവും മെപ്പടി അംശം അധികാരി മുഖ്യസ്ഥൻമാര ഒന്നായി ബൊധിപ്പിച്ച റെപ്പൊൎട്ട സെപ്തെമ്പ്ര മാസം ൭൹ എത്തി അന്ന്യെഷണെ വിസ്താരത്തിന്ന സബൊഡ്ഡിനെറ്റ വെങ്കിട്ട രാമയ്യനെ അയച്ച സബൊഡ്ഡിനെറ്റചെന്ന അന്ന്യെഷിക്കുകയും രാമ വാരിയരൊട കച്ചീട്ടും മുതൽ വിവരം പട്ടികയും വാങ്ങുകയും ചെയ്തു ദസ്താവെജകൾ സെപ്തെമ്പ്ര ൧൨൹ത്തെ റെപ്പൊൎട്ടത്തൊട്ട കൂടി അയച്ച ൧൪൹ എത്തി നൊക്കിയെടത്ത എത്രെയും ഉറപ്പ കുറവുള്ളതായും അലക വാതിലും ആയ പുരയും വാതലിന്ന രണ്ട ചങ്ങല ഉള്ളതിൽ ഒന്ന മുറിച്ചും ഒന്ന പറിച്ചും കടന്ന കളവചെയ്തു കൊണ്ട പൊയ്താണെന്നും കളവ പൊയ്തു നെല്ല അരി മുതലായ ചില്ലറ സാമാനമെന്നും തുൽമ്പുണ്ടായിട്ടില്ലന്നും കാണുന്നത കൂടാതെ ക്ഷെത്രത്തിലെ കളവ കാൎയ്യത്തിന്ന ഇന്ന ബൊധിപ്പിച്ചിരിക്കുന്ന ൧൯൪൦ നമ്പ്രഹരജിയിൽ പറയുന്ന പപ്പടചെട്ടി തെയ്യുണ്ണി-മകൻ അപ്പു-ഇവരുടെ മെൽ സംശയം ഉണ്ടെന്നും അപ്പു എന്നവൻ ൦രംകളവുണ്ടായ്തിന്ന നാല ദിവസം മുൻപെ ൦രം വാരിയത്തെ ഭവനത്തിൽ ചെന്ന ചെറൊട്ടി എന്ന കുട്ടിയൊട വാതിലിന്റെ ചങ്ങലയുടെ വിവരവും മറ്റും ചൊദിച്ചിട്ടുണ്ടെന്നും രാമവാരിയര പറയുന്നു. അപ്പു ചെന്ന ചൊദിച്ചു എന്ന പറയുന്ന വാക്ക ഒട്ടും വിശ്വസിക്കതക്കതല്ലാ ആ സംഗതികൾ ക്ഷെത്രത്തിലെ കളവ കാൎയ്യത്തിന്ന ബൊധിപ്പിച്ചിരിക്കുന്ന മെപ്പടി ഹരജിയിൽ വിവരമായി എഴുതീട്ടുണ്ട ക്ഷെത്രത്തിൽ ഉണ്ടായി എന്ന പറയുന്ന കളവകാൎയ്യം നെരാണെന്ന ഉറപ്പിക്കാൻ വെണ്ടി ഇങ്ങനെ ഒര കളവ കൂടി ഉണ്ടാക്കി ബൊധിപ്പിക്കുന്നതാണെന്നല്ലാതെ ൦രം കാൎയ്യം വിശ്വസിക്കതക്കതായി കാണുന്നില്ലാ- എങ്കിലും ഇതിന്റെ നെര അറിവാൻ ഇനിയും അന്ന്യെഷിച്ചവരുന്നതിന്നാൽ ഏതെങ്കിലും വിവരം കിട്ടിയാൽ വഴിയെ ബൊധിപ്പിച്ച കൊൾകയും ചെയ്യാം അതുകൊണ്ട ൦രം വസ്തുത ബൊധിപ്പിച്ച മെപ്പടി കച്ചീട്ടും മുതൽ വിവരം പട്ടികയും സബൊഡ്ഡിനെറ്റരുടെ റെപ്പൊൎട്ടത്തും ൦രം ഹരജിയൊട്ടുകൂടി അയച്ചിരിക്കുന്നു എന്ന ൧൦൨൦ കന്നി ൧൬൹ക്ക ൧൮൪൪ സെപ്തെമ്പ്ര ൩൦൹

ഏറനാട താലൂക്ക കച്ചെരിക്ക

സബൊഡ്ഡിനെറ്റ വെങ്കിട്ട രാമയ്യൻ ബൊധിപ്പിക്കുന്നത. ചെങ്ങര അംശം പുലിപ്പറമ്പ ദെശത്ത പുലിപ്പറമ്പക്ഷെത്രത്തിൽ കളവുണ്ടായ സംഗതിക്കുള്ള വിസ്താരം മുതലായ്തു ഇന്നത്തെ൹ക്ക വെറെ റെപ്പൊൎട്ടത്തൊട്ട കൂടി അയച്ചിട്ടും ഉണ്ടെല്ലൊ ചിങ്ങമാസം ൨൭൹

ക്ക ൯൮൬സത്തെത്ര്ര ൧൩– വെള്ളിയാഴ്ച രാത്രിയിൽ മെപ്പടി ക്ഷെത്രത്തിലെ കഴകക്കാരനായ രാമവാരിയരുടെ ഭവനത്തിൽ നിന്ന ഉണ്ടായ കളവകാൎയ്യത്തിൽ ആ രാമ വാരിയരൊട വിസ്തരിക്കുകയും ൧ ഉറുപ്പിക-൯ണെ-ന്യ- പയിസയുടെ മുതൽ കളവ പൊയ വിവരത്തിന്ന അയാൾ പറഞ്ഞ എഴുതിച്ച മുതൽ വിവരം പട്ടിക വാങ്ങി വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു കല്പീത്തും മുതൽ വിവരം പട്ടികയും ഇതൊട്ട കൂടി അയച്ചിരിക്കുന്നു.

ക്ഷെത്രത്തിലെ കളവകാൎയ്യത്തിന്നും ഠരം കളവകാൎയ്യത്തിന്നും അധികാരി മുഖ്യസ്ഥന്മാര ഒന്നായി ചെയ്തിരിക്കുന്ന റിപ്പൊൎട്ട ക്ഷെത്രത്തിലെ കളവകാൎയ്യത്തിന്റെ വിസ്താരത്തിൽ ചെൎത്തിരിക്കുന്നതിൽ പറയുന്ന പപ്പടചെട്ടി തെയ്യുണ്ണി മകൻ അപ്പു ഇവരുടെ മെൽ സംശയം ഉണ്ടെന്നും ഠരം കളവിന്ന നാല ദിവസം മുമ്പെ അപ്പു എന്നവൻ തന്റെ ഭവനത്തിൽ വന്ന തന്റെ മരുമകളായ ചെറൊട്ടി വാരശ്യാരൊട വാതലിന്ന ചങ്ങല എത്രയാണെന്നും മറ്റും ചൊദിച്ച പൊയ്തിനാൽ ഉള്ള സംശയമല്ലാതെ സാക്ഷിമുതലായ്തു ഇല്ലെന്നും മറ്റും രാമവാരിയരും ചെറൊട്ടി എന്ന വാരശ്യാര കുട്ടിയൊട ക്ഷെത്രത്തിലെ കളവകാൎയ്യത്തിൽ യാദാസ്ഥായി വിസ്തരിച്ചിരിക്കുന്ന കല്പീത്തിൽ മെൽപ്രകാരം ആ കുട്ടിയും പറയുന്നവാക്ക ആദ്യം തന്നെ അധികാരി മുഖ്യസ്ഥന്മാരൊട പറഞ്ഞിട്ടില്ലെന്ന കാണുന്നതിനാലും അപ്പു എന്നവനും പ്രായം കുറഞ്ഞ കുട്ടിയാകകൊണ്ടും സാക്ഷിമുതലായ്തും അന്ന്യായവും ഇല്ലായ്കകൊണ്ടും വിശ്വസിപ്പാൻ പാടില്ലാ തെയ്യുണ്ണി മുതൽ ൨-ാളെ അമ്പലത്തിലെ കളവകാൎയ്യത്തിന്റെ വിസ്താരങ്ങളൊട്ടകൂടി താലൂക്കിലെക്ക അയച്ചിട്ടും ഉണ്ട. മെൽ എഴുതിയവരുടെ കുടിശൊധനയിൽ മുതൽ കിട്ടീട്ടും ഇതവരെയും ഏറിയ അന്ന്വെഷണം ചെയ്തീട്ടും കളവ തുൽമ്പുണ്ടായിട്ടില്ലാ. അല്പമായ മുതലാണെ ഠരം കളവുണ്ടായ ഭവനം പടിഞ്ഞാററയും വടക്കിനിയും ആയിട്ടുള്ള എത്രയും ഉറപ്പു കുറവുള്ള പുരയാണെ. തട്ടും മച്ചും ഒന്നും ഇല്ലാ വടക്കിനിയുടെ വടക്കഭാഗം ഉള്ള അലകവാതലിന്റെ ചങ്ങല നീക്കിയും ഒരു ചങ്ങല മുറിച്ചും അകത്ത കടന്ന മുതൽ കട്ട കൊണ്ടപൊയ്താണെന്നും അന്ന രാത്രി ആ ഭവനത്തിൽ ചെറൊട്ടി എന്ന വാരശ്യാര കുട്ടിയും അവളുടെ മുത്തശ്ശിയായ ൭൦-൭൫ വയസ്സു പ്രായംചെന്നിട്ടുള്ള ഒരു തള്ളയും മാത്രമെ ഉണ്ടായിരുന്നുള്ളു എന്ന കാണുകയും വാതലിന്റെ ചങ്ങല മുറിഞ്ഞിഞ്ഞിട്ടും പറിട്ടും കാണുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട ഠരം കളവ തുൽമ്പുണ്ടാകെണ്ടതിന്ന ഇനിയും അന്ന്വെഷണം ചെയ്തു വരുവാൻ അധികാരി മുഖ്യസ്ഥന്മാരൊട താക്കീതി ചെയ്തിരിക്കകൊണ്ട വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൨൯൮ സത്തെ ൧൩ന–

അന്ന്യായം രാമവാരിയരൊട സത്യപ്രമാണം ൧൦൩—

താൻെറ ഭവനത്തിൽ നിന്നവ ല്ല മുതലും കളവപൊയിട്ടുണ്ടൊ } കളവപൊയിട്ടുണ്ട. ൟ ചിങ്ങമാസം ൧൨൩— വെള്ളിയാഴ്ച ദിവസം രാത്രി എൻെറ ഭവനത്തിൽ കള്ളന്മാര കടന്ന ഞാൻ ബൊധിപ്പിക്കുന്ന പട്ടികപ്രകാരമുള്ള ഒരു ഉറുപ്പിക അഞ്ചണ ആറ പയി വിലക്കുള്ള മുതലുകൾ കള്ളന്മാര കൊണ്ടപൊയിരിക്കുന്നത എൻെറ ഭവനം വടക്കിനിയും പടിഞ്ഞാറ്റയും ൨ പുരയാണെ തട്ടും മാളികയും ഒന്നുമില്ലാ, അകായിലെക്ക കടക്കാൻ വെറെ വഴി ഇല്ലാ. പടിഞ്ഞാറ്റയുടെ കിഴക്കപുറവും വടക്കിനിയുടെ വടക്കപുറവും ഓരൊ വാതിൽ ഉണ്ട അത കൂടാതെ വെറെ വഴി ഇല്ലാ അതിൽ വടക്കഭാഗം ഉള്ളത ഒറ്റയായിട്ടുള്ള അലകവാതിലാണെ ആ വാതലിൻെറ അകത്ത രണ്ട ചങ്ങല ഉണ്ട. ആ വാതില അടച്ച ആ രണ്ട ചങ്ങലയും ഇട്ടെക്കും ആ ചങ്ങലകൾ പുറത്ത നിന്ന വല്ല പാറയൊ മരത്തിൻെറ കണ്ടമൊ കടത്തി കുത്തി ഒരു ചങ്ങല പറിച്ചിട്ടും ഒരു ചങ്ങല പൊട്ടിച്ചിട്ടും വാതിൽ തുറന്ന അകത്ത കടന്നതാണെ. പട്ടികയിൽ പറയുന്ന മുതലുകൾ വടക്കിനിയിലും വടക്കെ അകത്തും വെച്ചിരുന്നതകൊണ്ട പൊയിരിക്കുന്നു, കള്ളന്മാര കൊണ്ടപൊയ്യ കൂടാതെ വെറെ ഒരു മുതലും ഇല്ലാ, എനിക്ക വളമങ്ങലത്ത ക്ഷെത്രത്തിൽ കഴകമാകകൊണ്ട കളവപൊയ ദിവസം ഞാൻ വളമങ്ങലത്തായിരുന്നു ഇവിടെ ൭൦ വയസ്സായിട്ടുള്ള എൻെറ പെററ അമ്മയും ൧൦-൧൫-വയസ്സായിട്ടുള്ള എൻെറ മരുമകളും മാത്രമെ ഭവനത്തിൽ ഉണ്ടായിരുന്നുള്ളു. അവര ൨-ാളും പടിഞ്ഞാററ നടുമുറിയിൽ കിടന്നിരുന്നു. ആയകത്ത കള്ളൻ കടന്നിട്ടില്ലാ കള്ളൻ കടന്ന വിവരം രാത്രി അറിഞ്ഞിട്ടും ഇല്ലാ. പിറെറന്ന രാവിലെയാണെ അറിഞ്ഞത. ഉടനെ ഇനിക്ക ആളെ അയച്ച ഞാൻ ഇവിടെ വന്നു പിന്നെ അറിഞ്ഞതാണെ അന്ന രാത്രിയിൽ തന്നെ പുലിപ്പററ അമ്പലത്തിൽ ശ്രീകൊവിലിൻെറ ഉള്ളിൽ കള്ളൻ കടന്ന അമ്പലത്തിൽ ഉണ്ടായിരുന്ന ദെവസ്സംവക തൂക്കുവിളക്കും മററും ചില മുതലും എമ്പ്രാന്തിരിയുടെ വക ചില മുതലും കള്ളൻ കൊണ്ടുപൊയി എന്ന കെട്ടിരിക്കുന്നു. ഇങ്ങിനെയാണെ ഉണ്ടായിട്ടുള്ളത.

ൟ കാൎയ്യത്തിൽ തനിക്ക ആരുടെ മെൽ എങ്കിലും സംശയമൊ അന്ന്യായമൊ ഉണ്ടൊ. } പപ്പടചെട്ടി തെയ്യുണ്ണിയുടെ മകൻ അപ്പു എന്നവൻ ൟ കളവുണ്ടാവുന്നതിൻെറ നാല ദിവസം മുമ്പെ എൻെറ ഭവനത്തിൽ ചെന്ന എൻെറ മരുമകൾചെറൊട്ടിയൊട വാതലിന്ന ചങ്ങല എത്രയാണെന്നും ഞാൻ കിടക്കാൻ വരാറുണ്ടൊ എന്നും എമ്പ്രാന്തിരിയുടെ കിടപ്പ എവിടെയാണെന്നും ചൊദിച്ചപ്രകാരം ൟ കളവുണ്ടായ പിന്നെ എൻെറ മരുമകളും അമ്മയും എന്നൊട പറിഞ്ഞരിക്കുന്നു. അത വിചാരി

ക്കുമ്പൊൾ അവൻ അറിയാതെ ൟ കളവു ഉണ്ടാവാൻ സംഗ
തിയില്ലായ്കകൊണ്ടു അവൻറ മെൽ ൟ കാൎയ്യത്തിൽ എനിക്ക
സംശയം ഉണ്ടു. സൎക്കാരിൽനിന്ന അന്വെഷിച്ച തുൽമ്പ കിട്ടിയാ
ൽ അപ്പൊൾ അന്ന്യായവും ഉണ്ടു അല്ലാതെ ഇപ്പൊൾ അന്ന്യാ
യവും തെളിയിക്കാൻ സാക്ഷി മുതലായ്തും ഇല്ലാ ഞാനും അന്വെ
ഷിച്ച തുൽമ്പുണ്ടായാൽ അപ്പൊൾ ബൊധിപ്പിക്കുകയും ചെ
യ്യാം എനിക്ക സംശയം ഉള്ള തെയ്യുണ്ണിയും അപ്പുവും പാൎക്കുന്ന
കുടിയിലും മററും ശൊധനചെയ്തു കളവുവക മുതൽ ഒന്നും കിട്ടി
ട്ടും ഇല്ലാ.

വായിച്ചു കെട്ടപ്രകാരം ത
ന്നെയൊ പറഞ്ഞത. } അതെ.

ജായണ്ടു മജിസ്ത്രെട്ടിലെക്ക.

കടത്തനാട താലൂക്ക ഹെഡ പൊല്ലീസ്സാപ്സര ബൊധിപ്പിക്കു
ന്ന ഹരജി.

അന്ന്യായം ചന്തുനായര വക്കീൽ അനുജൻ കുഞ്ഞികൂട്ടി

പ്രതി

൧ കൊമപ്പൻ
൨ മെപ്പടിയാൻറ ജെഷ്ഠൻ വൈതൽ
൩ രാമൻ

ൟ താലൂക്കിൽ പാലയാട അംശം ദെശത്തെ അന്ന്യായക്കാര
ൻറ വീട്ടിലെ പത്തായത്തിൽ വെച്ചിരുന്ന ഒരു പെട്ടിയും അ
തിനകത്ത ഉണ്ടായിരുന്ന നാണ്യങ്ങളും പൊന്ന വെള്ളി മുതലാ
യ ആഭരണങ്ങളും ൧൦൨൭ ആമത മിഥുനമാസം ൧൨നു പത്തായം
തുറന്ന നൊക്കുമ്പൊൾ കളവുപൊയപ്രകാരം അറിഞ്ഞിരിക്കുന്നു
എന്നും മിഥുനം ൧൨നു കഴിഞ്ഞതിൻറ ശെഷം ഒരു ദിവസം കള
വുപൊയി എന്നല്ലാതെ തിയ്യതിയും സമയവും നിശ്ചയമില്ലാ എ
ന്നും തൻറ അനുജൻറ മക്കളായ ൧-ം ൨-ം തടവുകാരുടെ
മെൽ സംശയം ഉണ്ടെന്നും അന്ന്യായക്കാരൻറ വക്കീൽ മുഖാ
ന്തരം ജ്രൂലായി ൩നു ഹരജിയും മുതൽ വിവരം പട്ടികയും
ബൊധിപ്പിക്കയാൽ വക്കീലൊട വിസ്തരിച്ച കളവുകാൎയ്യം തുൽമ്പു
ണ്ടാക്കുവാൻ അധികാരിക്ക താക്കീതയും കോൽക്കാരെയും അയ
ച്ച അധികാരി അന്വെഷിച്ച ൧-ം ൨-ം തടവുകാരെ പിടിച്ച
ശൊധനചെയ്തു വരുമ്പൊൾ ൧-ാം തടവുകാരൻ കുററം സമ്മതിച്ച
അവൻറ പടിഞ്ഞാറെ വളപ്പിൽ കുഴിച്ചിട്ടിരുന്ന കളവുവക
പെട്ടിയും മുതലും എടുത്ത കൊടുത്ത ആയ്തും അതിൻറ വിവരം
പട്ടികയും ൧-ം ൨-ം തടവുകാരെയും പാലയാട അധികാരി മിഥു
നം ൨൩നു-ത്തെ റപ്പൊൎട്ടൊടു കൂടി അയച്ച ജ്രൂലായി ൯നു എ
ത്തുകയും വക്കീൽ മുമ്പെ കൊടുത്ത പട്ടികയിൽ ചിലത ചെക്കാ

തെയ്യും ചിലത അധികം ചെത്തതായും അന്ന്യായക്കാരൻ പറഞ്ഞതായി അധികാരിയുടെ റപ്പൊടത്തിൽ കാണുകയും ൧-ാം തടവുകാരൻ ൩-ാം തടവുകാരൻ പെട്ടി എടുത്തിട്ട താൻ കൊണ്ടെ കുഴിച്ചിട്ടപ്രകാരം പറകയും ചെയ്കയാൽ ൩-ാം തടവുകാരനെയും അന്ന്യായക്കാരനെയും വരുത്തി അന്ന്യായക്കാരനൊട ജ്ജൂലായി ൧൦൩--ം ൧-ം ൨--ം തടവുകാരോട ജ്ജൂലായി ൯൩--ം ൩-ാം തടവുകാരനൊട ൧൦൩- -ം സാക്ഷി കൊറുമ്പനൊട ൯൩--ം കുഞ്ഞുക്കുട്ടി നമ്പ്യാരൊട്ടും കണാരൻ നമ്പ്യാരൊട്ടും ൧൦൩- ം വിസ്തരിക്കുകയും പൊയ മുതലിന്ന അന്ന്യായക്കാരനൊട വിവരമായ പട്ടിക വാങ്ങുകയും ചെയ്തു.

൩-ാം തടവുകാരൻ തന്റെ വക്കൽ പെട്ടിയും മുതലും എടുത്ത കൊടുത്തു എന്നും ആയതു താൻ ആരും അറിയാതെ വളപ്പിൽ കൊണ്ടെ കുഴിച്ചിട്ട എന്നും അത അധികാരി മുഖാന്തരം എടുത്ത കൊടുത്തു എന്നും ൧-ാം തടവുകാരൻ സാക്ഷി മുഖാന്തരം കുറ്റം സമ്മതിച്ചു ൨ -ം ൩ -ം തടവുകാര സമ്മതിച്ചതുമില്ല.

൧-ാം സാക്ഷി കൊറുമ്പൻ പറഞ്ഞതിൽ ൧-ാം തടവുകാരൻ പിടിഞ്ഞാറെ വളപ്പിൽ പെട്ടിയും മുതലും കുഴിച്ചിട്ടിട്ടുണ്ടെന്ന പറഞ്ഞ ആ സ്ഥലം കാണിച്ചുകൊടുക്കുകയും താൻ അവിടെ കിളച്ചു പെട്ടിയും മുതലും അധികാരി മുഖ്യസ്ഥന്മാര മുതലായുള്ളവര മുഖാന്തരം എടുക്കുകയും ചെയ്തിരിക്കുന്നു എന്നും.

൨-ാം സാക്ഷി കുഞ്ഞിക്കുട്ടി നമ്പ്യാര പറഞ്ഞതിൽ മെൽപ്രകാരം ൧-ാം തടവുകാരൻ സമ്മതിച്ചു പറഞ്ഞ മുതൽ എടുത്ത കൊടുക്കുമ്പൊൾ ഹാജരുണ്ടായിരുന്നു എന്നും കിട്ടിയതിൽ ൫-ാം നമ്പ്ര മുതൽ താൻ അന്ന്യായക്കാരൻ വക്കൽ പണയം വെച്ചതും ൮-ാം നമ്പ്ര മുതൽ വയ്യൽ അന്ന്യായക്കാരൻ വക്കൽ പണയം വെച്ചതും ആണെന്നും.

൩-ാം സാക്ഷി കണാരൻ നമ്പ്യാര പറഞ്ഞതിൽ മെൽപ്രകാരം ൧-ാം തടവുകാരൻ സമ്മതിച്ചു മുതൽ എടുത്ത കൊടുക്കുമ്പൊൾ താൻ ഹാജരുണ്ടെന്നും കിട്ടിയതിൽ ൧- ൮- ൯- നമ്പ്ര മുതൽ കുഞ്ഞയും വയ്യലും അന്ന്യായക്കാരൻ വക്കൽ പണയം വെച്ചതും ആണെന്നും ആകുന്നു.

വിസ്താരം റപ്പൊടത്തുകൾ മുതലായതു നൊക്കിയതിൽ ൧-ാം തടവുകാരൻ കുറ്റം സമ്മതിച്ചു മുതൽ എടുത്ത കൊടുക്കയും ആയതിൽ ഏതാൻ മുതൽ അന്ന്യായക്കാരനുള്ളത എന്ന സാക്ഷികളാൽ വെടിപ്പായി തെളികയും ചെയ്തിരിക്കുന്നു.

൨-ം ൩-ം തടവുകാരുടെ സംബന്ധവും അവരുടെ മെൽ സാക്ഷികളാൽ അല്പം പൊലും തെളിവും ൩-ാം തടവുകാരന്റെ മെൽ അന്ന്യായവും ഇല്ലാ, അന്ന്യായക്കാരന ൧൫൫ ഉറുപ്പിക ൫ ണ വപൈ വിലക്കുള്ള മുതൽ കളവപൊയതായും തെളിവുണ്ടെ ൦രം സംഗതികളാൽ തെളിവുള്ള ൧-ാം തടവുകാരനെ തലശ്ശെരി പ്രൊംസി

പ്പാൽ സദരമിൻ കൊടതിക്ക കമ്മിട്ട ചെയ്യുകയും ൨-ാം ൩-ം തടവുകാരെ വിട്ടയക്കയും ചെയ്യിരിക്കകൊണ്ട റപ്പൊടത്തിന്റെയും അതിൽ ഉൾപ്പെട്ട സാധനങ്ങളുടെയും പകൎപ്പുകൾ ൦രം ഹരജി ഒന്നിച്ച അയച്ചിരിക്കുന്നു ൧-ാം തടവുകാരന്റെ നടപ്പ കൊടതി റപ്പൊൎട്ട പകൎപ്പിൽ എഴുതീട്ടുണ്ട ൨-ാം ൩-ം തടവുകാരും മുമ്പെ ശിക്ഷയിൽ ഉൾപ്പെട്ട ദുൎന്നടപ്പുകാര എന്ന കാണുന്നില്ലാ എന്ന ൧൦൨൭ മിഥുനം ൩൧നു- ക്ക ൧൨ ജൂലായി ൧൮൫൨നു- വടകര നിന്ന.

കടത്തനാട താലൂക്ക കച്ചെരിയ്ക്ക

പാലയാട അംശത്തിൽ ചന്തുനായര ബൊധിപ്പിക്കുന്ന ഹരജി. ഞാനും എന്റെ അനുജന്മാരും സമ്പാദിച്ചതായും പണയം വാങ്ങിയ്തായും ഉള്ള പൊൻ പണ്ടങ്ങളും വെള്ളി പണ്ടങ്ങളും നാണ്യങ്ങളും കൂടി ഏകദെശം ൧൫൦൦ ഉറുപ്പികയുടെ മുതലുകൾ മെപ്പടി ഭവനത്തിന്റെ വടക്കഭാഗം കൊണിന്റെ അകത്തുള്ള പത്തായത്തിൽ അകത്ത ഒരു മരപെട്ടിയിലായി പൂട്ടി സൂക്ഷിച്ചിട്ടുള്ളത ൦രം മാസം ൭നു- മെൽ എഴുതിയ പെട്ടി എടുത്ത തുറന്ന മുതലുകൾ നൊക്കുകയും അന്ന ൧൬ ഉറുപ്പിക തൂക്കത്തിൽ ഒരു വെള്ളിതുടര പണയം വാങ്ങി ആയ്തും ആ പെട്ടിയിൽ തന്നെ വെച്ച പൂട്ടി പത്തായത്തിൽ വെച്ച സൂക്ഷിച്ചു എന്നതിന്റെ ശെഷം ൦രം മാസം ൧൭ നു- മെൽഎഴുതിയ പെട്ടി സൂക്ഷിച്ചിരുന്ന പത്തായം തുറന്ന അതിലുള്ള മുതലുകളും നൊക്കുമ്പൊൾ കാണുന്നില്ലാ മെപ്പടി ഭവനത്തിൽ പാൎത്തിരുന്ന എന്റെ അനുജന്റെ മകൻ കൊമപ്പൻ അറിയാതെ മുതലുകൾ പൊവാൻ സംഗതിയുള്ളതല്ലാ അവന്റെ മെൽ ഇനിക്ക സംശയമുണ്ടാകകൊണ്ട അവനെ താലൂക്ക മുഖാന്തരം വരുത്തിയും മറ്റും വെണ്ടുന്ന വിസ്താരങ്ങൾ ചെയ്തും ഇനിക്ക സംശയം ഉള്ള ദിക്കിൽ ശൊധന ചെയ്തും സങ്കടം തീൎത്ത രക്ഷിക്കെണ്ടതിന്ന അപെക്ഷിക്കുന്നു എന്ന ൧൦൨൭ മിഥുനം ൨൧നു- എഴുതിയ്ത.

അന്ന്യായവക്കിലൊട ൧൨ ജൂലായി ൯നു- ചെയ്യുത.

തന്റെ വീട്ടിൽ നിന്ന കളവ പൊയ്തു എത്രാം നു- ഏതസമയത്താണ. } കഴിഞ്ഞ മിഥുനമാസം ൧൭നു- അഞ്ചാറ നാഴിക പുലൎന്ന സമയം കുഞ്ഞിക്കുട്ടി നമ്പ്യാൎക്ക കുറെ ഉറുപ്പിക എടുത്ത കൊടുപ്പാൻ ഞാൻ പത്തായം ചെന്ന തുറന്ന നൊക്കി എന്നാറെ അതിൽ വെച്ചിരുന്ന പെട്ടിയും മുതലും കണ്ടില്ല അതിന മുമ്പെ ൭നു- ഞാൻ പെട്ടിനൊക്കുമ്പൊൾ മുതൽ അതിൽ ഉണ്ടായിരുന്നു പിന്നെ ൧൭നു- മാത്രമെ നൊക്കീട്ടുള്ളു ൭നു-ക്ക ഇപ്രം ൧൭നു- ലകത്ത ഒരു ദിവസമാണ കളവചെയ്തു

കൊണ്ടുപൊയിരിക്കുന്നത അത ഇന്ന നാ-ക്ക ഇന്ന സമയത്താണെന്ന നിശ്ചയമില്ലാ.

ഏതുപ്രകാരമാണ അകത്ത കടന്ന കൊണ്ടു പൊയിരിക്കുന്നത

ചുമരതുരന്നിട്ടും പൂട്ട പറിച്ചിട്ടും ഒന്നുമില്ലാ ഫനം— പടിഞ്ഞാറെ ഭാഗത്തെ വാതിലിന്ന മുട്ട ഇട്ടിരുന്നതും വാതിലിന്റെ തഴുതും ഊരി കണ്ടിരിക്കുന്നു അത മാത്രം ഒന്ന കണ്ടിട്ടുണ്ട ഇന്നപ്രകാരം കടന്ന കളവ ചെയ്തു എന്ന നിശ്ചയമില്ലാ.

ഈ പത്തായത്തിൽ വെച്ചിരിക്കുന്ന മുതൽ ഏതുപ്രകാരം കൊണ്ടുപൊയി.

പത്തായത്തിന്റെ പൂട്ട ഒന്നും കെടവന്നീട്ടില്ലാ ഈ പത്തായത്തിന്റെ താക്കൊൽ വെറെ പൂട്ടില്ലാത്ത പത്തായത്തിൽ ആണ വെച്ചാറം ആ താക്കൊൽ തന്നെ എടുത്ത തുറന്നുവൊ അല്ലാ മറുതാക്കൊൽകൊണ്ട തുറന്ന എടുത്തുവൊ എന്നും അറിവാൻ പാടില്ലാ.

ഈ മുതൽ സൂക്ഷിച്ചിട്ടുള്ളത ആരങ്കിലും അറിഞ്ഞിട്ടുണ്ടൊ.

എന്റെ അനുജന്റെ മകൻ കൊമപ്പൻ അറിഞ്ഞീട്ടുണ്ട അവൻ ചില സമയം ഈ പത്തായം തുറക്കയും ആധാരം എഴുതുകയും മറ്റും ചെയ്യാറുണ്ട താക്കൊൽ സൂക്ഷിക്കുന്നതും അവൻ കണ്ടിട്ടുണ്ട ഫവ്വനം— വരെക്കും കൊമപ്പൻ അവിടെ തന്നെ പാത്തിരുന്നു. ഫവ്വനം—ക്ക ശെഷമായി കൊമപ്പൻ അവന്റെ ജെഷ്ഠൻ വൈതലിന്റെ വീട്ടിൽ ആണ പാക്കുന്നത.

ഈ മുതൽ സൂക്ഷിച്ചിരുന്ന പെട്ടി ഏതുപ്രകാരം ഉള്ളതാണ

ചതുരത്തിൽ ചെമ്പ കൊണ്ട കെട്ടീട്ടുള്ള പുലാവമരം കൊണ്ടുള്ളപെട്ടിയാണ ഏകദെശം മുക്കാൽകൊൽനീളം അരക്കൊൽ അകലം വിസ്താരം ഉള്ള പെട്ടിയാണ. പൂട്ട അകത്താണ പെട്ടിയൊടുകൂടിയാണ കളവചെയ്തു കൊണ്ടുപൊയിരിക്കുന്നത.

ഈ കളവപൊയ മുതൽ ഒക്കെയും അന്ന്യായക്കാരന പ്രത്യെകം ഉള്ളത തന്നെയൊ,

അന്ന്യായക്കാരനും ഇനിക്കും കൂടി ഉള്ളതാണ അതിൽ ചിലത പണയം വക ഉണ്ട ആ വക വിവരം ഒക്കെയും ഞാൻ ബൊധിപ്പിക്കുന്ന മുതൽവിവരം പട്ടികയിൽ എഴുതിട്ടും ഉണ്ട.

ഈ കാൎയ്യത്തിന്ന ആരുടെ മെൽഎങ്കിലും സംശയം ഉണ്ടൊ

എന്റെ അനുജന്റെ മകൻ കൊമപ്പന്റെയും. അവന്റെ ജെഷ്ഠൻ വയ്യലിന്റെയും മെൽ ആണ ഇനിക്ക ഇപ്പൊൾ സംശയമുള്ളത- അവരുടെ വീട്ടിൽ ശൊധന ചെയ്യണം- വെറെ വല്ലദിക്കിലും സംശയമുണ്ടായാൽ അപ്പൊൾ ഞാൻബൊധിപ്പിക്കാം.

കൊമപ്പന്റെയും അവന്റെ ജെഷ്ഠന്റെയും മെൽ എന്താണ സംശയമുള്ളത

അവരുടെ രണ്ടാളുടെയും അമ്മ മരിച്ചുപൊയീ- വെറെ ഒരു സ്ത്രീയിനെ എന്റെ അനുജൻ കൊണ്ടുവന്നിട്ടുണ്ട അതു കൊണ്ട അവൎക്ക മുഷിച്ചിലുണ്ട- അതി

നാൽ അവര ഞങ്ങളെ നശിപ്പിക്കെണമെന്ന വെച്ച അവര മുതൽ കൊണ്ടുപൊയിരിക്കുമെന്നാണ ഇനിക്ക സംശയമുള്ളത.

ഫവ്വന്തു- പെട്ടിയും മുതലും കാണാതെ ഇരിക്കുമ്പൊൾ അന്ന്യായം ചെയ്യാൻ എന്തിനായിട്ട താമസിച്ചു.

ഇനിക്ക ഒരു വായുവിന്റെ ദീനം ഉണ്ടായിരുന്നു. അതുകൊണ്ട താമസം വന്ന പൊയതാണ.

കൊമപ്പൻ മുതൽ രണ്ടാളെമെൽ സംശയമുള്ള വിവരം ഉടനെ അധികാരിയൊട പറകയൊ എന്തെങ്കിലും ഉണ്ടായിട്ടുണ്ടൊ

ഇനിക്ക വായുവിന്റെ ദീനമായിരുന്നു. എന്റെ ജെഷ്ഠൻ ചിണ്ടൻ നായര ചെന്ന പാലയൊട അധികാരിയൊട പറഞ്ഞിരിക്കുന്നു. കൊമപ്പനെയും അവന്റെ ജെഷ്ഠനെയും വിളിച്ച ചൊദിക്കാമെന്ന പറഞ്ഞു- പിന്നെ അധികാരി വന്ന അന്ന്യെഷിച്ച താലൂക്കിൽ ബൊധിപ്പിക്കാം എന്ന പറഞ്ഞു- ശൊധന ഒന്നും ചെയ്തിട്ടില്ലാ ശൊധന ചെയ്യെണമെന്ന അപ്പൊൾ ഞങ്ങൾ അധികാരിയൊട പറഞ്ഞിട്ടില്ലാ.

ൟ കളവ പൊയ വീട്ടിൽ ആരെല്ലാം പാക്കുന്നു

അന്ന്യായക്കാരനും എന്റെ അനന്തിരവൻ വയ്യലും എന്റെ മകൻ രാമനും ചിണ്ടൻ ജെഷ്ഠന്റെ മകൻ കണ്ണനും എന്റെ അമ്മയും പെങ്ങളും പാൎത്ത വരുന്നു.

ൟ പത്തായം തുറക്കുന്ന തും പെട്ടി തുറക്കുന്നതും മററും ആരെല്ലാമാണ.

ഞാൻ ഉള്ളപ്പൊൾ ഞാൻ വല്ലതും ആവിശ്യം ഉള്ളത എടുക്കും.

അന്ന്യായക്കാരനും പെട്ടിതുറക്കലും എടുക്കാറും ഉണ്ട. മററ ആരും ൟ പെട്ടി തുറക്കാറില്ലാ.

ൟ വായിച്ച കെട്ട പ്രകാരം തന്നെയൊ പറഞ്ഞത.

അതെ.

ൟ അന്ന്യായം വക്കീലനൊട ജൂലായി ഫംന്തു-ചെയ്യുന്നത.

താൻ കൊടുത്ത പട്ടികയിൽ പറയുന്നതായ മുതൽ മുഴുവനും പൊയിട്ടില്ലാത്തപ്രകാരം തന്റെ ജെഷ്ഠനായ അന്ന്യായക്കാരൻ ചന്തുനായര പറഞ്ഞതായി അധികാരിയുടെ റിപ്പൊട്ടിൽ കാണുന്നതിന്റെ സംഗതി എങ്ങിനെ

വെറെയും പെട്ടികളിൽ മുതൽ ഉള്ളതൊക്കയും എടുക്കയും വെക്കയും ചെയ്യുന്നത ജെഷ്ഠനാണ ൟ മുതലിന്റെ നിശ്ചയം ഇനിക്ക നല്ലവണ്ണമില്ലാ. അതുകൊണ്ട ചില മുതൽ അധികമായിപറഞ്ഞ പൊയതാണ. കൃത്യമായിട്ടുള്ള പട്ടിക എന്റെജെഷ്ഠൻ ചന്തുനായര കൊടുക്കും. ജെഷ്ഠൻ ഇന്നിവിടെ ഹാജരായിട്ടുണ്ട. ദീനക്കാരനാണ- അതുകൊണ്ട കൊടതിക്കും മററും നടന്ന പൊവാൻ പാടില്ലാ.

കളവു വക മുതൽ എവിടെ നിന്നാണ ശൊധനയിൽ കിട്ടിയത	൦൮൦ മിഥുന മാസം ൨൩നു– തടവുകാര കൊമപ്പൻ ജെഷ്ഠൻ വയ്യൽ ഇവരുടെ വീട്ടിന്റെ പ

ടിഞ്ഞാറ ഭാഗം വളപ്പിൽ തയ്യിന്റെ അടുക്കെ കുഴിച്ചിട്ട ദിക്കിൽ നിന്ന ൧ാം തടവുകാരൻ കൊമപ്പൻ കാണിച്ചു കൊടുത്ത പാലയാട അംശം അധികാരിയുടെയും മറ്റും മുഖാന്തരം ശൊധനയിൽ കിട്ടിയ്യാണ.

ഇതിന സാക്ഷി ആരാണ——എന്റെ വകയാണ കിട്ടിയ മുതൽ എന്ന അറിവാൻ കുഞ്ഞിക്കുട്ടി നമ്പ്യാര- കണാരൻ നമ്പ്യാര ഇവര സാക്ഷി ഉണ്ട. ശൊധന സമയം ഇവരും കൊറുമ്പനും മറ്റ പലരും ഉണ്ടായിരുന്നു.

യാദാസ്ത പാലയാട അംശം അധികാരി റപ്പൊടത്തൊന്നിച്ച അയച്ച ൧ാം നമ്പ്ര മുതൽ ൧൨ാം നമ്പ്ര വരെ ഉള്ള മുതലുകളും കാണിച്ചു.

൦൮൦ മുതൽ ഏതാണ——ഇതിൽ ൧ാം നമ്പ്ര മുതൽ ൧൭ാം നമ്പ്ര വരെ ഉള്ള മുതലുകളും ൧൨ാം നമ്പ്ര പെട്ടിയും എനിക്ക കളവു പൊയ്യാണ. എനിക്കും ജെഷ്ഠനും സ്വന്തമുള്ള മുതലുകളും പണയം വക മുതലുകളും ഉണ്ട.

പെട്ടി അവിടെ കുഴിച്ചിട്ടത എപ്പൊഴാണെന്ന അറിയുമൊ.	ആ സ്ഥലത്തിന്റെ അവസ്ഥ നൊക്കുമ്പൊൾ ഒരു പത്ത ദിവ

സത്തിലകത്ത കുഴിച്ചിട്ട പൊലെ തൊന്നുന്നു. ഞാനാണ ഇവിടെ കൊണ്ട കുഴിച്ചിട്ടത എന്ന ൧-ാം തടവുകാരൻ കൊമപ്പൻ സമ്മതിച്ച പറഞ്ഞിരിക്കുന്നു ൨-ാം തടവുകാരൻ വൈതൽ സമ്മതിച്ച പറഞ്ഞിട്ടുമില്ലാ.

൨-ാം തടവുകാരൻ വയ്യലിന്റെ മെൽ തെളിയിപ്പാൻ കഴിയുമൊ.	ഇപ്പൊൾ സാക്ഷി കിട്ടി കഴിഞ്ഞിട്ടില്ലാ.
വായിച്ച കെട്ട പ്രകാരം തന്നെയൊ പറഞ്ഞത.	അതെ.

൧-ാം തടവുകാരൻ കൊമപ്പനൊട ൫൨ ജ്ജൂലായി ൩നു– ചൊദ്യം

അന്യായം ചന്തുനായര വക്കീൽ മുഖാന്തരം ബൊധിപ്പിച്ച അന്യായവും കയ്യീത്തും വായിച്ച കെട്ടുവല്ലൊ അതിന്ന എന്ത ഉത്തരം ബൊധിപ്പിക്കുന്നു.	അന്യായം വായിച്ചത കെട്ടു- എനിക്ക നിശ്ചയമില്ല ഇന്നക്ക പത്ത ദിവസമായി ഒരു ദിവസം അസ്തമിപ്പാൻ അര നാഴിക പകലെ എന്റെ മൂത്ത

അച്ഛൻ കുഞ്ഞിക്കുട്ടി നായരുടെ മകൻ രാമനെന്നവൻ ഞാൻ നിന്റെ കയ്യിൽ ഒന്ന തരും അത നീ സൂക്ഷിക്കണം എന്ന പറഞ്ഞു- ഞാൻ അന്ന്യായക്കാരന്റെ വീട്ടിന്റെ തെക്കെ ഇടവഴിയിൽ പൊയിനിന്നു. അപ്പൊൾ രാമൻ എന്റെ കയ്യിൽ ഒരു മരപ്പെട്ടി ഇടവഴിയിൽ കൊണ്ടെ തന്നു അത ഞാൻ ആരും കാണാതെ എന്റെ ജെഷ്ഠൻ വയ്യൽ പാക്കുന്ന വീട്ടിൽ കൊണ്ടുപൊയി പുരയുടെ പടിഞ്ഞാറഭാഗം വളപ്പിൽ തയ്യിന്റെ മൊരട്ടകൊള്ളികണ്ടംകൊണ്ട കുഴികുഴിച്ചു അതിൽ പെട്ടിവെച്ചു മൂടി ഞാൻ എടുക്കാതെ അവിടെ തന്നെ വെച്ചുംകൊണ്ട ഇരുന്നു. ഇന്നലെ രാവിലെ അധികാരിയും മറ്റും വന്ന നീ പെട്ടി എവിടെ വെച്ചിട്ടുണ്ടെന്ന ചൊദിച്ചു ഞാൻ തയ്യിന്റെ മുരട കുഴിച്ചിട്ടുണ്ടെന്ന പറഞ്ഞു. ഞാൻ കാണിച്ചു കൊടുത്ത കൊറമ്പൻ കയ്യക്കൊട്ടുകൊണ്ട കിളച്ചു പെട്ടി എടുത്തു അധികാരിയും മറ്റും തുറന്ന നൊക്കുമ്പൊൾ പഴവ- ചരട- വള- തുടര- ഇങ്ങിനെ ഉള്ള സാമാനങ്ങളും മറ്റും ഉണ്ടായിരുന്നു. ആ പെട്ടിയും മുതലും എന്നെയും അധികാരി ഇങ്ങൊട്ടു കൂട്ടിഅയച്ചിരിക്കുന്നു. എന്റെ പക്കൽ പെട്ടി രാമൻ തരുമ്പൊൾ തന്നെ പൂട്ട പറിച്ചിരിക്കുന്നു. ഇതിൽനിന്ന ഞാൻ മുതൽ എടുത്തിട്ടില്ലാ ൟ പെട്ടിയും മുതലും അന്ന്യായക്കാരന്റെ വീട്ടിൽ ഉള്ളത തന്നെയാണ എടുക്കയും വെക്കയും ചെയ്യുന്നത ഞാൻ കാണുമാറുണ്ടെ ആരും കാണാതെ കുഴിച്ചിടണം എന്ന രാമൻ പറഞ്ഞു. അതുകൊണ്ട കുഴിച്ചിട്ടതാണ ഇപ്രകാരമാണ ഉണ്ടായിരിക്കുന്നത.

യാദാസ്ത പാലയാട അംശം അധികാരി റപ്പൊടത്തൊട്ട കൂടി അയച്ച ൧-ാം നമ്പ്ര മുതൽ൧൮-ാം നമ്പ്ര വരെ ഉള്ളമുതൽ കാണിച്ചു

ൟ മുതൽ ഏതാണ നൊക്ക——ഞാൻ കുഴിച്ചിട്ട ദിക്കിൽനിന്ന എടുത്ത പെട്ടി ഇത തന്നെ ആണ, ഇത അന്ന്യായക്കാരനുള്ളതും ആണ. ൟ പെട്ടിയിൽ ഉള്ള ൧ മുതൽ ൧൭ വരെ നമ്പ്രിട്ട മുതലുകൾ അന്ന്യായക്കാരനുള്ളതാണ.

ൟ വായിച്ചുകെട്ട പ്രകാരം തന്നെയൊ പറഞ്ഞത.	അതെ.

യാദാസ്ത ൟ തടവുകാരനൊട വിസ്താരം തുടങ്ങിയ മുതൽ തീരുന്ന വരെ സാക്ഷി ൧ കൊൽക്കാരൻ കെളപ്പൻ നമ്പ്യാരും ൨ കട്ടങ്ങൊനും ആയ ഞങ്ങളെ അടുക്കെ തടവുകാരനെ ഹാജരാക്കി നിൎത്തി തടവുകാരൻ പറഞ്ഞത എഴുതി വായിച്ചു കെൾപ്പിച്ചു ഒപ്പിടിച്ചിരിക്കുന്നു.

൧-ാം സാക്ഷി കൊറമ്പനൊട ജ്ജൂലായി ൯൹—

ചൊദ്യം

അന്ന്യായം ചന്തുനായരെ അറിയുമൊ അന്ന്യായക്കാരനെ

യും ൧൦ം തടവുകാരനെയും അറിയുമൊ

യും തടവുകാര ൧ കൊമപ്പൻ കുറുപ്പാളും- ൨ അവരെ ജെഷ്ഠൻ വയ്യൂൽ കുറുപ്പാളും ആകുന്നു.

അന്ന്യായക്കാരൻ കളവ കാൎയ്യത്തിന്ന ബൊധിപ്പിച്ച അന്ന്യായ സംഗതി കൊണ്ട എന്ത അറിയും.

കളവ ചെയ്യു കൊണ്ടുപൊകുന്നതും മററും ഞാൻ കണ്ടിട്ടില്ല ൭ ഇന്നലെ മിഥുന മാസം ൨൩നു- ഉച്ച തിരിഞ്ഞ സമയം താലൂക്ക കൊൽക്കാരൻ കുഞ്ഞുണ്ണി കന്മൾ വിളിച്ചീട്ട ഞാൻ ൧൦ം തടവുകാരുടെ വീട്ടിൽ ചെന്നു. അപ്പൊൾ അധികാരി മെനൊൻ കൊൽക്കാര മുഖ്യസ്ഥന്മാരും മററും അവിടത്തെ പടിഞ്ഞാറെ വളപ്പിലുണ്ട ഒരു കയ്ക്കൊട്ട വാങ്ങികൊണ്ടുവാ എന്ന അധികാരി പറഞ്ഞു ആ കുടിയിൽനിന്ന തന്നെ ഞാൻ കയ്ക്കൊട്ട വാങ്ങി കൊണ്ടുവന്നു. എവിടെ ആണ മുതൽ സൂക്ഷിച്ചത കാണിച്ചുകൊടുക്ക എന്ന ൧-ാം തടവുകാരൻ കൊമപ്പനൊട അധികാരി പറഞ്ഞു. തയ്യിന്റെ തെക്കെ ഭാഗം കുഴിച്ചിട്ടിട്ടുണ്ടന്ന കൊമപ്പൻ പറഞ്ഞാറെ അധികാരി പറകയാൽ അവിടെ കൊത്തി അരക്കൊൽ ആഴംവരെ കുഴിച്ചുകണ്ടില്ല പിന്നെ അച്ചുകൊൽകൊണ്ട ഞാൻ കുത്തിയാറെ പെട്ടിയിന്റെ മുകളിൽ കൊണ്ടു എന്നാറെ ഞാൻ പെട്ടി കുഴിയിൽനിന്ന എടുത്ത കരക്ക വെച്ചു ആരൊ എന്ന അറിയില്ലാ പെട്ടി എടുത്ത അധികാരിയുടെ അടുക്കെ വെച്ചു നൊക്കുമ്പൊൾ മൂട്ടപലകയും പൂട്ടും പറിച്ചിരിക്കുന്നു പലക എടുത്തവെച്ചു അതിലുള്ള മുതൽ ഒരു മുണ്ടിൽ ചൊരിഞ്ഞു. പിന്നെ എല്ലാവരും കൂടി നൊക്കി പൊൻവള-പഴവചരട-തുടര-മൊതിരം ൧൦ം വക ഒക്കെയും ഉണ്ട ൧൦ംവക മുതൽ ഒക്കെയും എണ്ണം നൊക്കി പട്ടിക ഉണ്ടാക്കി അവിടെ ഹാജരുള്ള ഞങ്ങളെകൊണ്ട അധികാരി ഒപ്പിടീച്ചു പിന്നെ തടവുകാരെയും മുതലും താലൂക്കിൽ അയച്ചിരിക്കുന്നു ഇത അറിയും.

ആ പെട്ടി അവിടെ കുഴിച്ചിട്ടത ആരാണെന്ന അറിയുമൊ.

ഞാനാണ ഇവിടെ കുഴിച്ചിട്ടത എന്ന ൧-ാം തടവുകാരൻ പറഞ്ഞു. ആസമയം ൨-ാം തടവുകാരൻ ഉണ്ട അവര ഒന്നും പറഞ്ഞീട്ടില്ലാ.

ആ മുതൽ അവിടെ എത്ര ദിവസം മുമ്പെ കുഴിച്ചിട്ട പ്രകാരം തൊന്നുന്നു.

അഞ്ചു പത്ത ദിവസം മുമ്പെ കുഴിച്ചിട്ട പ്രകാരം തൊന്നുന്നു.

അന്ന്യായക്കാരന മുതൽ കളവ പൊയ്യു എന്നാണ എന്തില്ലാം മുതൽ പൊയീട്ടുണ്ട എന്ന അറിയുമൊ

അതിന്റെ വിവരം അറിയില്ലാ

യാമാസ്ക പാലയാട അംശം അധികാരി അയച്ച ൧-ാം നമ്പ്ര മുതൽ ൧൨ ആം നമ്പ്രവരെ മുതൽ കാണിച്ചു.

൦രം മുതൽ നൊക്ക ഏതാണ	ഇത തന്നെ ആണ തടവുകാരുടെ വളപ്പിൽനിന്ന ഇന്നലെ കുഴിച്ച എടുത്തത.
൦രം മുതൽ ഒക്കെയും ആർക്കുള്ളതാണ	അന്ന്യായക്കാരനുള്ളതാണെന്ന അവിടുന്ന പലരും പറഞ്ഞ കെട്ടു ഇനിക്ക നിശ്ചയമില്ല.
൦രം വായിച്ചുകെട്ട പ്രകാരമൊ പറഞ്ഞത.	അതെ.

൨-ാം സാക്ഷി കുഞ്ഞുക്കുട്ടി നമ്പ്യാരൊട ൭൨ ജൂലായി ൧൦ നു ചെയ്യുത.

൦രം അന്ന്യായക്കാരനെയും തടവുകാരെയും അറിയുമൊ.	അറിയും അന്ന്യായം [ചന്തുനായര തടവുകാര ൧ കൊമപ്പൻ

൨ ജെഷ്ടൻ വയ്യൽ ഇവരാകുന്നു.

അന്ന്യായക്കാരൻ കളവ കാര്യത്തിന്ന ബൊധിപ്പിച്ച അന്ന്യായ സംഗതി കൊണ്ട എന്ത അറിയും.	൦രം തടവുകാര മുതൽ കളവ ചെയ്യുന്നതും മററും കണ്ടിട്ടില്ലാ മിനിഞ്ഞാന്ന മിഥുനം ൨൭ നു ഉച്ചതിരിഞ്ഞാറെ പാലയാട

അംശം അധികാരിയും മററും കൂടി അന്ന്യായക്കാരൻെറ കളവ കാര്യത്തിന്ന തടവുകാരുടെ വീട്ടിൽ ശൊധനക്ക പൊയീട്ടുണ്ടെന്ന കെട്ട ഞാൻ ചെന്നു അപ്പൊൾ ആ വീട്ടിൻെറ പടിഞ്ഞാറെ ഭാഗം വളപ്പിൽ തിയ്യൻ കൊറുമ്പൻ കുഴിക്കുന്നു. കുഴിച്ചാറെ ഒരു മരപ്പെട്ടി കിട്ടി. അതിലുള്ള മുതലുകൾ ഒക്കെയും അധികാരി മുഖാന്തരം ചൊരിഞ്ഞ പട്ടിക ഉണ്ടാക്കി ആ പട്ടികയിൽ ഞാനും ഒപ്പിട്ടിരിക്കുന്നു. പിന്നെ തടവുകാരെയും മുതലും അധികാരി താലൂക്കിലെക്ക അയച്ചിരിക്കുന്നു-

തടവുകാരുടെ വളപ്പിൽ മുതൽ ഉണ്ടെന്ന ആര പറഞ്ഞ അറിഞ്ഞു.	അപ്പൊൾ ൦രം തടവുകാര അവിടെ ഉണ്ട. ൧ാം പ്രതി കളവ ചെയ്യു കൊണ്ടു പൊയി കുഴിച്ചിട്ടതാ

ണെന്നും- അവൻ കാണിച്ച കൊടുത്തിട്ടാണ കുഴിച്ച എടുത്തത എന്നും പലരും പറഞ്ഞത കൂടാതെ ൦രം മുതൽ ഞാനു കുഴിച്ചിട്ടത തന്നെയാണെന്ന ൧ാം തടവുകാരൻ എൻെറ മുമ്പാകെയും സമ്മതിച്ച പറഞ്ഞിരിക്കുന്നു. ൨ാം തടവുകാരനൊട ചൊദിച്ചാറെ ഞാൻ ൦രം വിവരം അറിക ഇല്ലെന്ന പറഞ്ഞിരിക്കുന്നു.

എന്തെല്ലാം മുതലാണ അന്ന്യായക്കാരന കളവ പൊയ്തു എന്ന അറിയുമൊ — കളവ പൊയ്തു എന്നാണെന്ന അറിയില്ലാ. വളു- പഴവചരട. മുതലായ്തു കളവ ചെയ്തു കൊണ്ടു പൊയി എന്ന കെട്ടിരിക്കുന്നു.

കളവമുതൽ കണ്ടാലറിയാമൊ——ചിലത കണ്ടാൽ അറിയാം. ഒരു തുടര ഞാൻ പണെയം വെച്ചിട്ടുണ്ട. ഒരു പച്ച ചരട മാക്കം കെട്ടി കൊണ്ട നടക്കുന്നത ഞാൻ കണ്ടിരിക്കുന്നു. അത അന്ന്യായക്കാരൻ പണെയം വാങ്ങിയ്താണ.

യാദാസ്ത. പാലയാട അംശം അധികാരി റപ്പൊടത്തൊന്നിച്ച അയച്ച ൧ മുതൽ ൧൮ വരെ നമ്പ്രിട്ട മുതൽ കാണിച്ചു.

൧ാം മുതലുകൾ ഏതാണ———൧ാം മുതലുകൾ നൊക്കി ഇതിൽ ൮ ആം നമ്പ്ര മുതൽ ഞാൻ അന്ന്യായക്കാരൻ വക്കൽ പണെയം വെച്ചതും ൪-ാം നമ്പ്ര പവിഴ ചരട പൂല്ലരിക്കണ്ടി വയ്തൽ അന്ന്യായക്കാരൻ വക്കൽ പണെയം വെച്ചതും ആണ- ഇത ൨-ം ഇനിക്ക അറിയാം ശെഷം മുതൽ അന്ന്യായക്കാരനുള്ളത എന്നാണ പലരും പറയുന്നത.

൧ാം തടവുകാരുടെ നടപ്പ അറിയുമൊ — മുമ്പ ദുൎന്നടപ്പായി നടന്ന പ്രകാരം കണ്ടീട്ടില്ലാ-

൧ാം വായിച്ച കെട്ട പ്രകാരമൊ പറഞ്ഞത — അതെ.

ജായണ്ട മജിസ്ത്രെട്ടിലെക്ക

കടത്തനാട താലൂക്ക ഹെഡ പൊലീസാപ്സര രാമപട്ടര ബൊധിപ്പിക്കുന്ന ഹരജി.

അന്ന്യായം തയ്യുള്ളതിൽ പാക്കും കീഴടി
പൊക്കൊട്ടി മുതൽ ൭-ാൾ

പ്രതി

പാടാച്ചെരി കണ്ണൻ മുതൽ ൧൦-ാളു

൧ാം താലൂക്കിൽ കുന്നുമ്മൽ അംശം നരിപ്പററ ദെശത്ത ൪ാം സാക്ഷിയായ കൊരന്റെ കുടിയിൽ ൲൨൭ ആമത കുംഭ മാസം ൫൩—ക്ക ൧൮൫൨ ആമത വിപ്രവരി മാസം ൧൫ ൹— ഞായറാഴ്ച പെണ്ണവാഴ്ച അടിയന്തരത്തിങ്കൽനിന്ന സന്ധ്യ സമയം തടവുകാൎക്ക ചൊറ വിളമ്പിരുന്ന അന്ന്യായക്കാര മത്സ്യവും- റാക്കും കൊടുത്തത പൊരാ എന്ന പറഞ്ഞ ൧ാം തടവുകാര അന്ന്യായക്കാരെ ൪ാം സാക്ഷിയുടെ കുടിയുടെ മുററത്തും- വളപ്പിലും വെച്ച വടികൾ കൊണ്ടും കൈകൾ കൊണ്ടും കഠിനമായി അടിച്ച ൧ാം അന്ന്യായക്കാരന്റെ തലയിൽ ഒരു മുറിയും. ൨ാം അന്ന്യായക്കാരന്റെ തലയിൽ ൩ മുറിയും ൩- ൪- ൫- ൬- അന്ന്യായക്കാരുടെ തലയിൽ ഓ

രൊ മുറിയും- ൯-ാം അന്ന്യായക്കാരന്റെ തലയിൽ ൩ മുറിയും പരിക്കുകളും ഏല്പിച്ചിരിക്കുന്ന പ്രകാരവും. അതിൽ ൨ മുതൽ ൯ വരെ അന്ന്യായക്കാരെ അയച്ചിരിക്കുന്നു എന്നും പ്രതിക്കാരെ അന്വെഷിച്ച കിട്ടീട്ടില്ലന്നും കുന്നുമ്മൽ അംശം അധികാരി കുംഭം ൬ന്- എഴുതിയ റപ്പൊട്ട പിപ്രവരി മാസം ൧൮ന്- വയ്യുന്നെരം ൬॥ മണിക്ക എത്തി- ൨-ം ൩-ം ൪-ം ൫-ം അന്ന്യായക്കാര എത്തി- ൬-ം ൯-ം അന്ന്യായക്കാര എത്താത്ത സംഗതി ചൊതിച്ചതിൽ ദീനം അധികമായിട്ട കിടക്കുന്നു എന്ന ബൊധിപ്പിക്കയാൽ വിസ്തരിപ്പാൻ സബൊഡിനെറ്റ കുഞ്ഞുണ്ണി പെരുമ്പ്രനായരെ അയക്കയും ൨-ം ൩-ം ൪-ം ൫-ം അന്ന്യായക്കാരൊട പിപ്രവരി ൨൦-ന്- എന്റെ മുമ്പാകെയും വിസ്തരിക്കയും ൬-ം ൯-ം അന്ന്യായക്കാരൊടും ൧ാം അന്ന്യായക്കാരന്റെ തലക്ക കൂടി ഒരു മുറി ഏററ പ്രകാരം സബൊഡിനെറ്റ അറികയാൽ അവനൊടും. അവരുടെ മുറികാണിച്ച വൈദ്യൻ ചന്തമ്മനൊടും ൨൧ന്- സബൊഡിനെറ്റ മുൻമ്പാകെയും വിസ്തരിച്ച ഹാജരാക്കയും- പ്രതിക്കാര സാക്ഷിക്കാരെ ഹാജരാക്കാൻ അധികാരിക്കെഴുതാക്കീട്ടും. കൊൽക്കാരെയും സബൊഡിനെറ്റ അയച്ച പ്രതിക്കാര സാക്ഷിക്കാരെ ഹാജരാക്കി ൧ മുതൽ ൧൪ വരെ പ്രതിക്കാരൊട ൨൯ന്- സാക്ഷി ൧ ചെക്കൊനൊട ൨൯ന്--ം ൨ കൊരൻ ൩ ചാത്തൻ ൪ കൊരൻ ഇവരൊട ൨൪ന്--ം വൈദ്യൻ വണ്ണാൻ കുഞ്ഞിക്കുട്ടിയൊട. ൨൦-ന്-ം എന്റെ മുമ്പാകെയും വിസ്തരിക്കയും ചെയ്തു.

പ്രതിക്കാര സംബന്ധിച്ചിട്ടില്ലാ- ൪-ാം സാക്ഷിയുടെ കുടിയിൽ വെച്ച കലശലുണ്ടായ പ്രകാരം ൧-ം ൨-ം പ്രതികൾ ഒഴികെ ശെഷം പ്രതികൾ പറഞ്ഞിരിക്കുന്നു.

൧-ം ൨-ം സാക്ഷികൾ പറഞ്ഞതിൽ കുംഭം ൫ന്- സന്ധ്യ സമയം ൪ാം സാക്ഷിയുടെ കുടിയിൽ മുററത്തും- വളപ്പിലും വെച്ച അന്ന്യായക്കാരെ ൧ മുതൽ ൧൪ വരെ പ്രതിക്കാരും. വെറെ പെര അറിയാത്ത ചിലരും വടികൾ കൊണ്ടും കൈകൾ കൊണ്ടും അടിച്ച പരുക്കുകളും മുറികളും ഏല്പിക്കുന്നത കണ്ടിരിക്കുന്നു എന്നും.

൩-ം ൪-ം സാക്ഷികൾ പറഞ്ഞതിൽ സന്ധ്യ സമയം ൧-ം ൨-ം ൩-ം ൪-ം ൫-ം ൬-ം ൭-ം ൮-ം ൧൧-ം ൧൨-ം ൧൩-ം ൧൪-ം പ്രതികളും. വെറെ പെര അറിയാത്ത ചിലരും കൂടി അന്ന്യായക്കാരെ വടികൾ കൊണ്ടും കൈകൾ കൊണ്ടും അടി കലശൽ ചെയ്തു മുറിയും പരിക്കും ഏല്പിച്ചിരിക്കുന്നു എന്നും ൯-ം ൧൦-ം പ്രതികൾ പിടിച്ച വെച്ചതല്ലാതെ അടിക്കുന്നത കണ്ടിട്ടില്ലന്നും.

വൈദ്യന്മാര പറഞ്ഞതിൽ മുറികൾ കണ്ടെടത്ത വടികൾ കൊണ്ട അടിച്ച മുറി ഏററ പ്രകാരമാണ തൊന്നിരിക്കുന്നത എന്നും ആകുന്നു.

വിസ്താരം മുതലായ്തു നൊക്കുകയും അന്വെഷിക്കുകയും ചെയ്തതിൽ പ്രതിക്കാരുടെ സംബന്ധം മുഴവനും ഇല്ലങ്കിലും ൪ാം സാ

ക്ഷിയുടെ കുടിയിൽനിന്ന അധികം ആള കൂടി കലശൽ ഉണ്ടായ പ്രകാരം ൯ മുതൽ ൧൪ വരെ പ്രതികൾ പറകയും. അധികം ആള കൂടി വടികൊണ്ടും കൈ കൊണ്ടും കഠിനമായി അന്ന്യായക്കാരെ അടിച്ച പരുക്കുകളും മുറികളും ഏല്പിച്ച പ്രകാരം സാക്ഷികളാൽ തെളികയും അടിയെന്തിര സ്ഥലത്ത വെച്ച തകരാറ ചെയ്ത പ്രകാരം അധികാരിയുടെ റപ്പൊട്ടത്തിനാൽ കാണുകയും ചെയ്കകൊണ്ടും- ൟ വക കഠിനമായ കലശൽ ചെയ്യുന്നവൎക്ക നല്ല ശിക്ഷ കൊടുക്കാതെ പൊയാൽ മെലാലും ൟ വക നടപ്പ വൎദ്ധനയാവാൻ സംഗതിയാകകൊണ്ടും. പിടി കിട്ടിയ ൧ മുതൽ ൧൪ വരെ തടവുകാരെ റപ്പൊട്ടത്തൊന്നിച്ച തലശ്ശെരി പ്രൊവിഷ്യാൽ സദിരമിൻ കൊടത്തി മുമ്പാകെ അയച്ചിരിക്കകൊണ്ട റപ്പൊട്ടത്തിന്റെയും അതിൽ അകപ്പെട്ട മഹസ്സൂപെജകളുടെയും പകൎപ്പ ൟ ഹരജി ഒന്നിച്ച അയച്ചിരിക്കുന്നു.

ശെഷം പ്രതികളെ പിടി കിട്ടീട്ടില്ലാ അവരെ പിടിച്ച അയ്പാൻ വെള്ളിയൊട അംശം അധികാരിക്ക താക്കിത അയച്ചിരിക്കുന്നു കിട്ടിയാൽ വിസ്തരിച്ച ക്രമ പ്രകാരം നടന്ന കൊൾകയും ചെയ്യാം.

കുന്നുമ്മൽ അംശം അധികാരി ആദ്യം എഴുതിയ റപ്പൊട്ടത്തിൽ കലശലിൽ അധികമായി മുറി ഏററ കിടക്കുന്ന ൧-ാം അന്ന്യായക്കാരന്റെ സംഗതി ഒന്നും എഴുതീട്ടില്ലാ. ശെഷം അന്ന്യായക്കാരെ അധികാരി കൊൽക്കാരനെ ഏല്പിച്ച അയക്കാതെ അയച്ചതിനാൽ ഉടനെ ഹാജരാവാതെ റപ്പൊട്ടത്തിൽ പറയുന്നതിൽ ചിലര താമസിച്ച ഹാജരാകയും. ചിലര ഹാജരാവാതെ ഇരിക്കുകയും ചെയ്തിരിക്കുന്നു. ഏററകുററമായ ൟ വകകാൎയ്യത്തിൽ അധികാരിമാര ആദ്യം തന്നെ സൂക്ഷ്മത്തൊളം അന്വെഷിച്ചും റപ്പൊട്ടത്ത ചെയ്യാതെ ഇരുന്നാൽ കാൎയ്യത്തിന്റെ നെര അറിവാൻ പ്രയാസമുള്ളതാകുന്നു. ആ കലശൽ സ്ഥലത്ത ചെന്നു എന്ന വരുത്താൻ വെണ്ടി അധികാരി ചെന്നു എന്നല്ലാതെ ക്രമപ്രകാരം എത്രാൾക്ക മുറി ഏററു എന്ന അറികയും, കൊൽക്കാരെ ഏല്പിച്ച അയക്കുകയും ചെയ്തീട്ടില്ലാ. അതുകൊണ്ട മെലാൽ ഇപ്രകാരം വരാതെ ഇരിപ്പാൻ കുന്നുമ്മൽ അംശം അധികാരിക്ക താക്കീതി ചെയ്തിരിക്കകൊണ്ട വിവരം ബൊധിപ്പിച്ചിരിക്കുന്നു. എന്ന ൧൦൦൮ മാൎച്ചി ൩൩- വടകരനിന്ന-

---

൧ാം അന്ന്യായം വെക്കൊട്ടിയൊട പിപ്രവരി ൨൦൩-.

നെററിക്ക മെലെ എടത്തഭാഗം നിന്റെ തലയിൽ ഒരു മുറിഏററ കാണുന്നു അത ഏത പ്രകാരം അനുഭവിച്ചതാകുന്നു	കുംഭമാസം ൫൩- കൊരന്റെ കുടിയിൽനിന്ന നൊട്ടിയുടെ മരുമകൻ കുട്ടി എന്നവൻ ഒരു പെണ്ണിനെ കൊണ്ടുപൊയിരു

ന്നു ആയടിയന്തിരത്തിന്ന കൊരന്റെ കുടിയിൽ ഞാനും പൊയിരുന്നു അന്ന വയ്യുന്നെരം വെളുക്കവെക്കാറായ സമയത്ത മുററത്തും കൊലാന്മല്യ, ആയി അടിയന്തിരത്തിന്ന വന്നവര എല്ലാവരും ഉമ്മാൻ ഇരുന്നിരുന്നു ഞാൻ വടക്കഭാഗത്ത പുലാവിന്റെ കീഴിൽ കൊള്ളുന്മെൽ നിന്നിരുന്നു അന്നെരം പൊക്കിണ്ണൻ മുതൽ ൩-ാളെ കണ്ണൻ മുതൽ ൧൭-ാളും പെര അറിയാത്ത ഏറിയ തിയ്യര കൂടി അടികലശൽ ചെയ്തു മുറി ഏല്പിച്ചു ആ സമയം പൊക്കിണ്ണനും പെര അറിയാത്ത നാല തിയ്യരും കൂടി എന്റെ നെരെ പാഞ്ഞവന്ന നീ എന്തിന തലമുറിയ ഇവിടെ നില്ക്കുന്നു എന്ന ചൊദിച്ചു പൊക്കിണ്ണൻ ഒര എരുക്കൊൽ വടികൊണ്ട എന്റെ തലക്ക ഒന്ന അടിച്ചു ആ അടികൊണ്ട എന്റെ തലക്ക മുറി ഏററ ബൊധംകെട്ട ഞാൻ അവിടെ വീണു പിന്നെ ആരാനും എന്നെ അടിച്ചിട്ടുണ്ടൊ എന്നറിക ഇല്ലാ നാലഞ്ചു നാഴിക കഴിഞ്ഞാറെ ഇനിക്ക ബൊധമുണ്ടായി നൊക്കുമ്പൊൾ കുടിയിൽ ആരെയും കാണ്മാനില്ലാ ഒരു വടിയുടെ കണ്ടം അവിടെ കിടന്നിരുന്നു അതും ഊന്നി ഞാൻ എന്റെ കുടിക്ക പൊയി കിടന്നു ഇങ്ങിനെ കലശൽ ചെയ്തു എന്നെ അടിച്ചു മുറി ഏല്പിച്ചിരിക്കുന്നതാകുന്നു ഇതിന എനിക്ക അന്ന്യായമുണ്ട.

ആ കുടിയിൽ വെച്ചു കലശൽ ഉണ്ടാവാൻ കാരണമെന്ത കുടിന്റെ ഏത ഭാഗത്ത വെച്ചാണ കലശൽ ഉണ്ടായ്തു. } വടക്ക പടിഞ്ഞാറ ഭാഗത്തെ കൊള്ളുന്മെൽ പിലാവിന്റെ കീഴിൽനിന്നാണ എന്നെ അടിച്ചുത ശെഷം കിഴക്ക തെക്ക ഭാഗം മൂലക്ക മിററത്തവെച്ചു അടിച്ചു റാക്കും മീനും പൊരാ ഇനിയും കൊണ്ടവരണം എന്ന പറഞ്ഞാറെ പത്താളെ വരാൻ പറഞ്ഞിട്ടുള്ളു ആറാള വന്നു ഉള്ളതകൊണ്ട എല്ലാവൎക്കും കൊടുക്കണം ഇനി ഇല്ലാ എന്ന വിളമ്പുന്ന കൊരൻ പറഞ്ഞു അത സങ്ങതിയായിട്ടാണ കലശൽ ഉണ്ടായ്തു വെറെ സങ്ങതി ഉള്ളപ്രകാരം അറിയില്ലാ.

അന്ന ആകെ എത്ര ആൾക്ക മുറി ഏററിട്ടുണ്ട. } എനിക്ക മുറി ഏററത കൂടാതെ കട്ടങ്ങൊൻ മുതൽ ൩-ാൾക്ക മുറി ഏററിരിക്കുന്നു അവൎക്ക ഒക്കെയും അടി കൊണ്ടിട്ടാണ മുറിഞ്ഞത.

അവരെ ആരെല്ലാമാണ അടിച്ചു മുറി ഏല്പിച്ചത. } മുമ്പെ ഞാൻ പറഞ്ഞ തിയ്യര എല്ലാവരും കൂടി വടികൊണ്ട അടിച്ചിരിക്കുന്നു ആരുടെ അടികൊണ്ടിട്ടാണ അവൎക്ക മുറിഞ്ഞത എന്നും അറിയില്ലാ കട്ടങ്ങൊന്റെ തലക്ക മൂന്ന മുറിയും ചങ്ങരന്റെ തലക്ക ഒരു മുറിയും കുഞ്ഞിയക്കൊന്റെ തലക്ക മൂന്ന മുറിയും പൊക്കിണ്ണന്റെ തലക്ക ഒരു മുറിയും കണ്ടിരിക്കുന്നു.

കലശൽ ആ സമയം വിരൊധിച്ചുവൊ.	തഷ്കൂപ്പാ എന്ന പറയുന്നത കെട്ടിരിക്കുന്നു- അത ആരായെ പറഞ്ഞത എന്നറിയില്ലാ

നിണക്ക സാക്ഷി ഉണ്ടൊ—നരിപ്പുറ ദെശത്ത കൊരനും ചാത്തനും എന്നെ അടിക്കുന്നത കണ്ടെ സാക്ഷി ഉണ്ടെ. പിന്നെ ആരെല്ലാം ഉണ്ടെന്ന ഓൎമ്മയില്ലാ.

നിന്നെ അടിച്ച വടി എത്ര പൊരും അത എവിടെ ഉണ്ടെന്ന റിയുമൊ	ഒരു തെങ്ങും കയ്യും പൊരുന്ന എരക്കൊൽ വടിയാണ. അത അടിച്ച പൊക്കിണൻ തന്നെ കൊണ്ടു പൊയി.
നിണക്ക മുറി സംഗതിയാൽ ഇപ്പൊൾ എന്തെല്ലാമാണ ദീനമുള്ളത	തല പൊന്തിച്ച കൂടാ പനിയും വായുവിന്റെ ദീനവും ഉണ്ടെ. കണ്ണും മുഖവും വീങ്ങിരിക്കുന്നു നടന്ന കൂടാ.
ദീനത്തിന്ന തലശ്ശെരിഹാസ്പത്രിയിൽ പൊയി മരുന്ന വെപ്പാൻ മനസ്സ ഉണ്ടൊ	നടന്ന പൊവാൻ വയ്യ. എടുപ്പിച്ച അയച്ചാൽ പൊവാം.
നിണക്ക മുറി ഏററ കാൎയ്യം അംശത്തിൽ പറഞ്ഞിട്ടുണ്ടൊ	ഇനിക്ക നടപ്പാൻ വയ്യ കുടിയിൽ തിയ്യത്തി അല്ലാതെ മററ

ആരുമില്ലാ അതുകൊണ്ടെ പറഞ്ഞിട്ടില്ലാ

൧൦ം വായിച്ച കെട്ടപ്രകാരം തന്നെയൊ പറഞ്ഞത	അതെ.

യാദാസ്ത. ഇവന്റെ നെററിക്ക മെലെ എടത്ത ഭാഗം തലയിൽ വടികൊണ്ടെ അടിച്ച പൊട്ടിയ്യായി ആശാരി കൊൽക്ക ഒന്നര വിരൽ നീളം ഒന്നര നെന്മിണി അകലം ഒന്നര നെന്മണി ആഴത്തിൽ ഒരു മുറി ഏററ പഴത്ത ചലം വന്നിട്ടും മുഖവും രണ്ടെ കണ്ണിന്റെ തടവും വളരെ വീങ്ങിയും കണ്ടിരിക്കുന്നു.

൨ാം അന്ന്യായം കട്ടങ്ങൊനൊട വിപ്രവതി ൨൦ന്നു—

കലശൽ ചെയ്യാൻസംഗതി എന്താണ.	കൊരന്റെ കുടിയിൽ ഒരു പെമ്പാള അടിയന്തരം ഉള്ളതിന്ന

ഞാനും- പൊക്കിണനും- കൊരനും- വലിയപൊക്കിണനും- കുഞ്ഞിയക്കൊനും- ചങ്ങരനും മററും ആളുകൾ ചെന്നിട്ടുണ്ടായിരുന്നു. അടിയന്തരത്തിന്ന റാക്ക കൊണ്ടുവന്നിട്ടില്ലെ എന്ന ഞങ്ങളൊട പ്രതിക്കാര ചൊദിച്ചാറെ. കൊണ്ടുവന്നിട്ടില്ലെന്ന പറഞ്ഞാറെ കൊണ്ടുവരാതെ ഇരിപ്പാൻ സംഗതി എന്താണെന്നും മററും പ്രതിക്കാര വളരെ വായി പറഞ്ഞ പ്രതിക്കാരെ ചിലരെ കയ്യിൽ എരക്കൊൽ വടി ഉണ്ടായിരുന്നത കൊണ്ടെ അടിച്ചാറെ കണ്ണന്റെ

യും. ചൊഴിയുടെയും അടി കൊണ്ടാണ എന്റെ തലയിൽ മുറി ഏറ്റത-

ൟരം കാൎയ്യത്തിന്ന സാക്ഷി ഉണ്ടൊ- | കൊരൻ- ചാത്തൻ- കണിയാൻ വയ്യല- ചെക്കൊൻ- നാളൻ ചെക്കൊൻ- വലിയ കൊരൻ ഇവര സാക്ഷി ഉണ്ട- കലശൽ വളരെ ആള കണ്ടിട്ടുണ്ട. അവരെ പെര ഇനിക്ക നിശ്ചയമില്ലാ.

അധികാരി അയച്ചിട്ടുള്ള റപ്പൊടത്തിൽ നിങ്ങൾ നാ-ാളെ അയച്ച പ്രകാരം കാണുന്നു. നിങ്ങൾ നാലാൾ മാത്രമെ ഹാജരായിട്ടുള്ളൂ- ആ സംഗതി ഏതു പ്രകാരം | അധികാരി അടിയത്തങ്ങൾ നാളെ അയച്ച പ്രകാരം എഴുതിയ്യിൽ കുഞ്ഞിയക്കൊൻ ചങ്ങരൻ ഇവര പൊന്നിട്ടില്ലാ അവൎക്ക കലശലിൽ ഏറ്റിട്ടുള്ള മുറികൊണ്ട നടക്കാൻ വയ്യാഞ്ഞിട്ടാണ പൊരാതെ ഇരുന്നത.

നിന്റെ മുറിക്ക ഹാസ്ത്രിയിൽ പൊയി മരുന്ന വെപ്പിക്കാൻ മനസ്സുണ്ടൊ. | ഹാസ്ത്രിയിൽ പൊവാൻ മനസ്സില്ലാ നാട്ടു വയിദ്യനെ കൊണ്ട മരുന്ന വെപ്പിപ്പാനാണ ഇനിക്ക മനസ്സുള്ളത.

ൟരം വായിച്ച കെട്ടത പറഞ്ഞ പ്രകാരം തന്നെയൊ | അതെ.

പ്രതി കണ്ണനൊട വിപ്രവരി ൨൭ന്നു-

അന്ന്യായക്കാര ബൊധിപ്പിച്ച അന്ന്യായം വായിച്ചത കെട്ടുവെല്ലൊ അതിന എന്ത ഉത്തരം ബൊധിപ്പിക്കുന്നു. | അന്ന്യായം വായിച്ചത കെട്ടു കുംഭം ൫ന്നു- ഞാൻ കൊരന്റെ കുടിയിൽ കൊപ്പിന്ന പൊയിട്ടില്ലാ ഞാൻ അന്ന്യായക്കാരെ അടി കലശൽ ചെയ്യിട്ടില്ലാ അന്ന്യായക്കാൎക്ക പരിക്കും മുറിയും എങ്ങിനെ ഏറ്റു എന്നറിയില്ലാ കുംഭം ൫ന്നു- കാണായിപള്ളി മാപ്പിളക്ക മുളക പറിച്ചിരുന്നു. എന്റെ മെൽ അന്ന്യായം ചെയ്വാൻ സങ്ങതി എന്താണെന്ന അറിയില്ലാ വെറെ ൟരം കാൎയ്യത്തിൽ ഇനിക്ക ഒന്നും ബൊധിപ്പിപ്പാനില്ലാ.

ൟരം വായിച്ച കെട്ടത നീ പറഞ്ഞ പ്രകാരം തന്നെയൊ | അതെ.

അന്ന്യായ സാക്ഷി ചെക്കൊനൊട വിപ്രവരി ൨൭ന്നു-

ൟരം അന്ന്യായം പ്രതികളെ അറിയുമൊ | അറിയും.

ൟ അന്ന്യായക്കാര ബൊധിപ്പിച്ച അന്ന്യായ സംഗതി എന്തറിയും

കൊരന്റെ കുടിയിൽ കുംഭമാസം ൨൩— ചൊവ്വാഴ്ച അടിയന്തിരം ഉണ്ടായിരുന്നു. അതിന്ന ഞാനും അന്ന്യായക്കാരും ഇവിടെ ഹാജരുള്ള പ്രതിക്കാരും വെറെയും ചിലരും ചെന്നിട്ടുണ്ടായിരുന്നു. എല്ലാവരും കൂടി സന്ധ്യയൊട്ട കൂടി ചൊറ വയിക്കാൻ ഇരുന്നു. അന്ന്യായക്കാരും മററും കൂടി ചൊറും കൂട്ടാനും വിളമ്പിരുന്നു. പെൻമ്പാഴിച്ച കഴിക്കുന്നവന്റെ ഒന്നിച്ച വന്നവരാണ പ്രതിക്കാര. അവക്ക വിളമ്പുമ്പൊൾ മീൻ പൊരാ എന്ന പ്രതിക്കാര തിയ്യര പറഞ്ഞു. മീൻ ഉള്ളതിനെ കൊണ്ട വിളമ്പിയെല്ലൊ എന്ന അന്ന്യായക്കാര പറഞ്ഞു- അങ്ങിനെ പറഞ്ഞത എന്താണ മീൻ ഇല്ലാത്തത നായിന്റെ മക്കളെ എന്ന പറഞ്ഞ പ്രതിക്കാര എല്ലാവരും കൂടി എണീട്ട ഇവരും വെറെ നാലഞ്ചു തിയ്യരും കൂടി അന്ന്യായക്കാരെ അടിച്ചു- അപ്പൊൾ അന്ന്യായക്കാര വളപ്പിലും നാല പുറവും പാഞ്ഞു- വഴിയെ തന്നെ പാഞ്ഞു പൊയി പ്രതിക്കാര വളരെ അടിച്ചു. അന്ന്യായക്കാര അടികൊണ്ട ചിലര വീണ ൟ കലശൽ കണ്ടാറെ ഞാൻ പാഞ്ഞകളഞ്ഞിരിക്കുന്നു ഇത അറിയും.

ൟ കലശൽക്ക കാരണം എന്താണ

മീൻ വിളമ്പിയ്തു പൊരായ്കകൊണ്ടാണ അടി ഉണ്ടായ്തു

എന്തകൊണ്ടാണ അടിച്ചത

എരക്കൊൽ വടികൊണ്ടും ചൂരൽ വടികൊണ്ടും പ്രതിക്കാര അന്ന്യായക്കാര ൨-ാളെയും അടിച്ചിരിക്കുന്നു. പ്രതിക്കാര വരുമ്പൊൾ അവരുടെ കയ്യിൽ ഓരൊ വടി ഉണ്ട ആ വടി അവര ചൊറ വയിക്കാൻ ഇരുന്ന സ്ഥലത്ത വെച്ചിരുന്നു. അവിടുന്ന എടുത്തിട്ടാണ അടിച്ചത. അടിച്ചതിന്റെ ശെഷം വടി പ്രതിക്കാര തന്നെ കൊണ്ടുപൊയിരിക്കുന്നു.

അന്ന്യായക്കാര ആക്കെങ്കിലും മുറി ഉണ്ടൊ

ഏഴാൾക്കും മുറി ഏററിട്ടുണ്ട. അന്ന്യായക്കാരുടെ തലയിൽ ആണ മുറി. ഓരൊരുത്തരുടെ തലയിൽ എത്രശ്ശ മുറി ഉണ്ടെന്നും എത്ര ആഴം നീളം ഉണ്ടെന്നും നൊക്കീട്ടില്ല. അടിച്ച പൊട്ടിച്ച ചൊര ഒലിക്കുന്നത കണ്ടിരിക്കുന്നു.

ആരെ അടിക്കാണ അന്ന്യായക്കാൎക്ക മുറിഞ്ഞത

അന്ന്യായക്കാരെ വളഞ്ഞിട്ട ഇവിടെ നിൽക്കുന്ന പ്രതിക്കാരും മററും കൂടി വളരെ അടിച്ചിരിക്കുന്നു- ഓരൊരുത്തരെ ഇന്നിന്നവരാണ അടിച്ചത എന്നും ഇന്നാളെ അടിക്കാണ മുറിഞ്ഞത എന്നും ഇനിക്ക നിശ്ചയമില്ല

ചൂരൽ വടി ആരെ കയ്യിൽ ആയിരുന്നു

പ്രതിക്കാര എല്ലാവരുടെ പക്കലും വടികൾ ഉണ്ട. ചൂരൽ വടി ആരെ പക്കലാണെന്നും എരക്കൊൽ വടി ആരെ വക്കലാ

ണെന്നും നിശ്ചയമില്ലാ ചിലര വക്കൽ ചൂരൽ വടിയും ചിലര വക്കൽ എരക്കൊൽ വടിയും ഉണ്ട.

പെര അറിഞ്ഞ കൂടാ എന്ന പറഞ്ഞ പ്രതിക്കാരെ കണ്ടാൽ അറിയുമൊ. } കണ്ടാൽ അറിയാം.

യാദാസ്തു- തിയ്യൻ ചൊഴി മുതൽ ൫൦-ാളു പ്രതിക്കാരെ കാണിച്ചു.

ൟ പ്രതിക്കാര കലശൽക്ക ഉണ്ടൊ } ഞാൻ പെര പറഞ്ഞ നാല പ്രതിക്കാരും ൟ പത്ത പ്രതിക്കാരും അന്ന്യായക്കാരെ അടിക്കുന്നത. ഞാൻ കണ്ടിരിക്കുന്നു

ൟ വായിച്ച കെട്ടത നീ പറഞ്ഞ പ്രകാരം തന്നെയൊ. } അതെ.

൨-ാം അന്ന്യായ സാക്ഷി- കൊരനൊട വിപ്രവതി ൨൪൩—

അന്ന്യായം പൊക്കൊട്ടി മുതൽ ൭-ാൾ പ്രതിക്കാരെ മെൽ ബൊധിപ്പിച്ച അന്ന്യായ സംഗതി കൊണ്ട എന്തറിയും. } ൟ കുംഭ മാസം ൯൩— കൊരന്റെ കുടിയിൽ പെമ്പാഴ്ച അടിയന്തിരം. ഉണ്ടായിരുന്നു- അതിന വെണ്ടി കുടിക്കാരൻ കൊരൻ പറഞ്ഞിട്ട ഞാൻ ചെന്നിരുന്നു. അന്ന്യായക്കാരും കൊപ്പിന വന്നു. പെണ്ണു കെട്ടുന്ന തിയ്യന്റെ ഒന്നിച്ച പ്രതി കണ്ണൻ മുതൽ ൩-ാളും വെറെ ഏകദെശം പെര അറിയാത്ത ൫൦- ആളും കൂടി കൊരന്റെ കുടിയിൽ വന്നു. സന്ധ്യ സമയത്ത പെമ്പാഴിച്ചക്ക വന്ന പ്രതിക്കാര ഇരുന്നു- ഞാനും അന്ന്യായക്കാരും മറ്റും കൂടി അപ്പവും പഴവും വിളമ്പി. പഴം വെണ്ടാ എന്ന പറഞ്ഞവന്ന കൂട്ടത്തിൽ മൂപ്പനായ കണ്ണൻ വലിച്ച ചാടി ചൊറും കൊണ്ട പൊ എന്ന പറഞ്ഞു- അവര കിഴക്ക പുറത്ത കൊലാന്മലും മുറ്റത്തും അകത്തും ഇരുന്നു. ഓല ചീന്തിലും പായയിലും ആയിട്ടാണ ഇരുന്നത. അന്നെരം അന്ന്യായക്കാര മീൻ വിളമ്പി അപ്പൊൾ പ്രതിക്കാര പൊരാ എന്ന പറഞ്ഞു. ഇരിപത്തഞ്ച ആൾ വരാൻ നിശ്ചയിച്ചിട്ട പത്ത അറുവതാൾ വന്നുവെല്ലൊ. എന്നിട്ടും ഞങ്ങള ഉള്ളതിനെ കൊണ്ട ഒപ്പിച്ചുവെല്ലൊ. ഇനി ഇല്ലെന്ന ഞങ്ങൾ പറഞ്ഞു. അപ്പൊൾ പ്രതിക്കാര വായി പറഞ്ഞു ഞാൻ പെര പറഞ്ഞ ആ പ്രതിക്കാരും വെറെയും പത്ത പന്ത്രണ്ട തിയ്യരും കൂടി അന്ന്യായക്കാരെ ഏഴാളെയും വടി കൊണ്ട വളരെ അടിച്ചു. അടി കൊണ്ട സഹിച്ച കൂടായ്കയാൽ അന്ന്യായക്കാര വളപ്പിലും മറ്റും പാഞ്ഞു. പ്രതിക്കാര എല്ലാവരും പാഞ്ഞു ചെന്ന വളപ്പിൽ വെച്ച അന്ന്യായക്കാരെ അടിച്ചു. കലശൽ വെണ്ടാ എന്ന ഏറിയൊന്ന ഞങ്ങൾ വിരൊധിച്ചു. എന്നീട്ടും അവര കെട്ടീ

ലാ. പിന്നെ അന്ന്യായക്കാര പെടിച്ചു പാഞ്ഞാറെ. ആണ അടി മാറിയ്യു അടിയന്തിരത്തിന്ന കൂട്ടിയ സാമാനങ്ങൾ ഒക്ക പ്രതിക്കാര നാനാവിധമാക്കി. അവര കലവും മററും തച്ചു പൊളിച്ചു കിഴിഞ്ഞു പൊയി. ഇത അറിയും.

എന്ത വടി കൊണ്ടാണ അടിച്ചത.

പ്രതിക്കാര വരുമ്പൊൾ എല്ലാവരുടെ വക്കലും വടികൾ ഉണ്ട. ചിലരുടെ വക്കൽ എരക്കൊൽ വടിയും ചിലരുടെ വക്കൽ ചൂരൽ വടിയും ആണ വടികൾ തൊളൊളം നീളം ഉണ്ട. എരക്കൊൽ വടി കൈ തണ്ടയൊളം വണ്ണം ഉണ്ട. പ്രതിക്കാര വടികൾ അവര ഇരുന്നതിന്റെ ചുമട്ടിൽ വെച്ചിരുന്നു. അവിടുന്ന എടുത്തിട്ടാണ അടിച്ചത. വടി പ്രതിക്കാര തന്നെ കൊണ്ടു പൊയിരിക്കുന്നു.

ഈ കലശലിൽ ആൾക്ക എങ്കിലും മുറി എറ്റിട്ടുണ്ടൊ

അന്ന്യായക്കാര ൭-ാൾക്കും മുറി എറ്റിരിക്കുന്നു. എത്രൊള്ള ആഴം നീളം ഉണ്ടെന്ന നിശ്ചയമില്ലാ ചിലരുടെ തലയിൽ ഓരൊ മുറിയും ചിലരെ തലയിൽ ഈരണ്ട മുറികളും കണ്ടിരിക്കുന്നു. മെൽ പരുക്കും ഉണ്ട. അന്ന്യായക്കാരിൽ കട്ടങ്ങൊനെ പ്രതി കണ്ണനും ചൊഴിയും എരക്കൊൽ വടി കൊണ്ടാണ അടിച്ചു തലയിൽ മൂന്നിടിക്കിൽ മുറി എറ്റിട്ടുണ്ട. അപ്പുഴക്ക ഞാൻ അടുക്കെനിന്ന കണ്ടിരിക്കുന്നു. ശെഷം ആ കൂട്ടത്തിൽ ആൾകകൊണ്ട പ്രതിക്കാരിൽ ആരാരുടെ അടിക്കാണ. അന്ന്യായക്കാൎക്ക മുറി എററത എന്ന ഇനിക്ക ഓൎമ്മ തൊന്നുന്നില്ലാ പ്രതി കണ്ണൻ അന്ന്യായം കട്ടങ്ങൊനെ ഒന്നാമത തച്ചു. എന്നാറെ ആണ പിന്നെ എല്ലാവരും കൂടി അടിച്ചത.

പ്രതിക്കാരിൽ ചൂരൽ വടി ആരെ കയ്യിൽ ആണ

ഇന്നിന്നവരുടെ കയ്യിൽ ആണ ചൂരൽ വടി എന്നും ഇന്നിന്നവരുടെ കയ്യിൽ ആണ എരക്കൊൽ വടി എന്നും അധികമായി ആള ഉണ്ടാകകൊണ്ട എനിക്ക നിശ്ചയമില്ലാ

പ്രതിക്കാര കലശൽ ചെയ്യാൻ ഉള്ള കാരണം എന്ത

മീൻ ഇല്ലാ എന്ന പറഞ്ഞ ഹെതു പിടിച്ചു കയറി കലമ്പൽ ഉണ്ടാക്കിയ്യാണ.

ആറാള കൂടാതെ പത്ത പന്ത്രണ്ട തിയ്യര കൂടി അടിക്കാൻ ഉണ്ടെന്ന പറഞ്ഞുവെല്ലൊ അവരുടെ പെര അറിയുമൊ

അവരുടെ പെര ഇനിക്ക അറിഞ്ഞു കൂടാ. അവര എല്ലാവരെയും കണ്ടാൽ എനിക്ക നല്ലവണ്ണം അറിയാം

ഈ വായിച്ചു കെട്ട പ്രകാരം തന്നെയൊ പറഞ്ഞത.

അതെ.

യാദാസ്തു പ്രതി. കണ്ണൻ മുതൽ ൧൫-ാളെ കാണിച്ചു.

ഇവര ഏതാണ്ട നൊക്ക ൧൦ം പ്രതിക്കാര പതിനഞ്ചു ആളും അടിക്കുന്നത ഞാൻ കണ്ടിരിക്കുന്നു അന്ന്യായക്കാരെ എഴാളെയ്യും ൧൦ം പ്രതിക്കാരും ഇനി വരാനുള്ള ചിലരും കൂടി അടിക്കുമ്പൊൾ ഞാൻ അടുക്കെ നിന്ന കണ്ടിരിക്കുന്നു.

ജായണ്ട മജിസ്ത്രെട്ടിലെക്കു

കവ്വായി താലൂക്ക. ഹെഡ പൊലീസാപ്സര ബൊധിപ്പിക്കുന്ന ഹരജി.

അന്ന്യായം പുലിക്കൊനത്ത വീട്ടിൽ നമ്പി

പ്രതി

കല്ല്യാടൻ കൊരൻ മുതൽ ൧൬ാൾ.

എന്തെന്നാൽ. ൧൦൨൨ തുലാമാസം ൨൯൹-ക്ക ൧൮൪൭ നവെമ്പ്ര മാസം ൧൨൹- വെള്ളിയാഴ്ച രാത്രി ഏകദെശം നാല നാഴിക രാവ ചെന്ന സമയം അന്ന്യായക്കാരന്റെ ജെഷ്ഠൻ രയിരു എന്നവനെ കവ്വായി താലൂക്ക കൊയ്യം അംശം വരിപ്പായി ദെശത്ത വലിയ വീട്ട പള്ളപ്പറമ്പത്ത വഴിയിൽ വെച്ചു വെടി വെക്കുകയ്യും കുത്തി മുറികൾ എല്പിക്കുകയ്യും ചെയ്യുതിനാൽ രയിരു അന്ന രാത്രി മരിച്ചു പൊയ്യായി കുല കുററം ൧൦ം സങ്ങതിക്ക ആദ്യം അധികാരിയുടെ റിപ്പൊട്ട എത്തിയ ഉടനെ ൧൦ം താലൂക്ക സബാപ്സര കുക്കനെ അയക്കുകയ്യും രണ്ടാമത്തെ റപ്പൊടത്ത എത്തുകകൊണ്ട ഞാൻ ആ സ്ഥലത്ത പൊകുന്നു എന്നും നവമ്പ്ര ൧൩൹- ഹരജിയൊട്ട കൂടി അധികാരി അയച്ചു റപ്പൊടത്തിന്റെയ്യും പകൎപ്പുകളും സന്നിധാനത്തിങ്കൽ അയച്ചിട്ടും ഉണ്ടല്ലൊ- ൧൪൹- ര വിലെ സബാപ്സര കുക്കനും പൊലീസ്സു ഗുമസ്തനും പുലിക്കൊനത്ത വീട്ടിൽ എത്തി. ശവം നൊക്കി യാദാസ്തു എഴുതി ഒപ്പിടിയിക്കുകയ്യും അപ്പൊഴക്ക ഹെഡ പൊലീസാപ്സരും ആ സ്ഥലത്ത എത്തി. ശവം നൊക്കി യാദാസ്തിന്ന താഴെ വിവരം എഴുതി ഒപ്പിട്ടുകയ്യും ശവത്തിന്മെൽ കുത്തി മുറികൾ എല്പിച്ചതായിട്ടും വെടി ഏററ മുറിഞ്ഞ പൊലെയ്യും ഉള്ള മുറികൾ കാണുകയാൽ മുറികളുടെ സംശയ നിവൃത്തിക്കായി ശവം കണ്ണൂര ഹാസ്പത്രിയിൽ അയച്ചു സൎട്ടിഫികെട്ട വരുത്തുകയ്യും കുററ സ്ഥലം നൊക്കി കണ്ട പ്ലാൻ ഉണ്ടാക്കുകയ്യും ൧൦ം കാൎയ്യത്തിൽ അന്ന്യായക്കാരനൊട അന്ന്യായം വാങ്ങി അന്ന്യായക്കാരനൊട്ടും പിടികിട്ടിയ ൧ മുതൽ ൮- വരെ പ്രതികളൊട്ടും ൧ മുതൽ ൧൪ വരെ സാക്ഷികളൊട്ടും വെറെ ൧൭ സമീപസ്ഥന്മാരൊട്ടും വിസ്തരിച്ചു. അന്ന്യായക്കാരൻ പറഞ്ഞത വെടിയ്യും വൈരവും കെട്ട താനും ൪-ം ൯-ം സാക്ഷികളും പാഞ്ഞു

ചെന്നു എന്നും അപ്പൊൾ ൧-ാം തടവകാരൻ തൊക്കുമായി നിൽക്കുന്നതും ൨-ാം തടവകാരൻ വാളുകൊണ്ടും ൩-ാം തടവകാരൻ കത്തി വാൾ കൊണ്ടും കൊത്തി രയിരുവിനെ മുറികൾ എല്പിക്കുന്നതും ശെഷം പ്രതികൾ അടുക്കെ നിൽക്കുന്നതും കണ്ടു. ൧-ം ൨-ം ൩-ം പ്രതികൾ മാത്രമെ കുററം ചെയ്തിട്ടുള്ളു. പിന്നെ പ്രതികൾ തന്നെയും ൪-ാം സാക്ഷിയെയും പിടിച്ചു ൧-ാം പ്രതിയുടെ വീട്ടിൽ കൊണ്ടു പൊയി എന്നും അപ്പൊഴക്കു ൧൦-ം ൧൧-ം സാക്ഷികൾ എത്തി കലശൽ സമാധാനം ചെയ്യുവിടുന്ന പൊകുമ്പൊൾ താനും ൫-ാം സാക്ഷിയും കൂടി രയിരുവിനെ എടുത്ത വീട്ടിൽ കൊണ്ടു പൊയി എന്നും മററും.

൧-ാം തടവകാരൻ പറഞ്ഞത, കലശൽ ഉണ്ടായ ദിവസം രാത്രി ൪ നാഴിക രാവു ചെല്ലുമ്പൊൾ താൻ ചൊറുണ്ടു അന്ന്യായക്കാരന്റെ വീട്ടിൽ അച്ഛന്റെ അടുക്കെ ചെറിയ ഒരു ചൂട്ടു കത്തിച്ചു വരുമ്പൊൾ വഴിക്കു മരിച്ച രയിരുവും അന്ന്യായക്കാരനും ൪-ാം സാക്ഷിയും അമ്പുവും മററും ആളുകൾ പതിയിരുന്ന കാണുകയും രയിരു തന്നെ കടന്നപിടിച്ചു മറിച്ചു ഇട്ടു കഴുത്തിൽ പിടിച്ചാറെ വയിരം കൊടുത്തു എന്നും ആ സമയം അന്ന്യായക്കാരൻ ചെന്ന പിശ്ശാംകത്തികൊണ്ടു തന്നെ കുത്തി എന്നും ആ കുത്തുകൾ രയിരുവിന ഏററതും പിന്നെ എണീട്ടു രയിരുവും താനും മുമ്പിലും വഴിയുമായി പായുമ്പൊൾ അഞ്ചു വെടി വെച്ചു എന്നും ആ വെടി രയിരുവിന കൊണ്ടതാണെന്നും മററും ശെഷം പ്രതികൾ കുററം സമ്മതിച്ചിട്ടില്ലാ ൧-ം ൨-ം സാക്ഷികൾ പറഞ്ഞതിൽ രയിരുവും തങ്ങളും കൂടി കുളിച്ചു വരുമ്പൊൾ വഴിക്കു മുമ്പിൽനിന്ന ഒര വെടി കെട്ടു എന്നും ഉടനെ രയിരു വീഴുന്നതും തൊക്കുമായി ൧-ാം തടവകാരൻ അടുക്കെ നിൽക്കുന്നതും ൨-ം ൩-ം തടവകാര പാഞ്ഞു വന്ന വാളു കത്തിവാളു ഇതുകളെ കൊണ്ടു കൊത്തി മുറികൾ എല്പിക്കുന്നതും കണ്ടു പ്രകാരവും മററും ൩-ാം സാക്ഷി പറഞ്ഞത ൧-ാം തടവകാരന്റെ വീട്ടിൽ നിന്ന പുലിക്കാനത്തെക്കു പൊകുമ്പൊൾ മുമ്പിൽനിന്ന ഒരു വെടി കെട്ടു എന്നും നൊക്കുമ്പൊൾ മെൽപ്രകാരം ഒക്കെ കണ്ടു എന്നും മററും ൪-ം ൫-ം സാക്ഷികൾ പറഞ്ഞത. അന്ന്യായക്കാരനൊട കൂടി പാഞ്ഞു ചെല്ലുമ്പൊൾ തടവകാര മെൽ പ്രകാരം ഒക്കെ ചെയ്യുന്നത കണ്ടു പ്രകാരവും ൬-ം ൭-ം സാക്ഷികൾ പറഞ്ഞതിൽ കലശൽ ഉണ്ടായ ദിവസം രാത്രി ൧-൨-നാഴിക രാവു ചെല്ലുമ്പൊൾ തടവകാരും മററും തൊക്കു വാളു ആയുധങ്ങളൊടു കൂടി കലശൽ ഉണ്ടായ വലിയ വീട്ടു വളപ്പിൽ നില്ക്കുന്നത കണ്ടു എന്ന ൮-ാം സാക്ഷി പറഞ്ഞത വലിയ വീട്ടു പറമ്പിൽനിന്ന വെടിയും കാളലും കെട്ടു പാഞ്ഞു ചെന്നു അപ്പൊൾ ഒന്നു മുതൽ നാല വരെ തടവകാര നിൽക്കുന്നു. കൊരൻ വക്കൽ തൊക്കും കുഞ്ഞമ്മൻ വക്കൽ വാളും നമ്പി വക്കൽ കത്തി

വാളും രാമറ വക്കൽ പിശ്ശാംകത്തിയും കണ്ടു എത്രൊട്ടു വരുന്നു.
എന്ന ചൊതിച്ച കുഞ്ഞന്മൻ അടിച്ചാറെ മടങ്ങി പൊന്നു എന്നും
മററും ൯-ം ൰-ം ൰൧-ം ൰൨-ം ൰൩-ം ൰൪-ം ൟ സാക്ഷികൾ ക
ലശൽ കണ്ടിട്ടില്ലാ കെട്ടറിഞ്ഞവരാകുന്നു. ൟ കാൎയ്യത്തിന്ന ചെ
യ്യുടത്തൊളം വിസ്താരങ്ങളാലും അന്വെഷണത്തിലും ൧-ാം തട
വുകാരനുമായി കലശൽ ഉണ്ടായ പ്രകാരം ൧-ാം തടവുകാരൻ സ
മ്മതിക്കുന്നത കൂടാതെ സാക്ഷികളാലും തെളിവ കണ്ടിരിക്കുന്നു.
കലശൽ സമയം ഉടുത്തിരുന്ന മുണ്ടുകൾ അലക്കാൻ കൊടുത്തടി
ക്കിൽനിന്ന വരുത്തി നൊക്കിയ്യിൽ'അധികമായ ചൊര കറ കാണു
കയും ചെയ്യിരിക്കുന്നു- അതുകൊണ്ട അന്ന്യായം പ്രതി സാക്ഷി
കളെ വിവരം റപ്പൊടത്തൊടു കൂടി കൊടത്തിക്ക കമ്മിററ ചെയ്യി
രിക്കുന്നു. ൟ കലശലും കുലയും ഉണ്ടാവാനുള്ള കാരണം പ്രത്യ
ക്ഷമായി വെളിവിൽ കിട്ടായ്കകൊണ്ടും സാക്ഷികളെ പെര അ
ന്ന്യായക്കാരൻ പറയാതെയും ഹാജരാക്കി തരാതെയും ഇരിക്കയാ
ലും ൩- ദിവസത്തൊളം ഹെഡ പൊലീസാപ്സര ആ ദിക്കിൽ ക
ച്ചെരി ചെയ്യു. അധികമായ വിസ്താരങ്ങളും വെണ്ടി വന്നിരിക്കു
ന്നു കുററം ഉണ്ടായ ദിവസം രാത്രിയിൽ ൧-ാം തടവുകാരൻ ഉണ്ട
അവന്റെ അച്ഛന്റെ അടുക്കെക്കായി അന്ന്യായക്കാരന്റെ
വീട്ടിലെക്ക വരുന്ന സമയം വഴിക്ക മരിച്ച പൊയ രയിരുവും
അന്ന്യായക്കാരനും മററുംകൂടി കലശൽക്കായി പതി ഇരുന്നു. ൧-ാം
തടവുകാരനെ കണ്ട ഉടനെ രയിരു കടന്ന പിടിച്ച മറിച്ചിടുകയും
അവന്റെ നിലവിളി കെട്ട ൨-ം ൩-ം തടവുകാര പാഞ്ഞ എത്തി
രയിരുവിനെ മുറികൾ ഏല്പിക്കുകയും അത സങ്ങതിയായി രയി
രു രാത്രി തന്നെ മരിച്ച പൊയ്യായിട്ടും ആകുന്നു കാണുന്നത. അ
ന്ന്യായക്കാരന്റെ കുത്തിനാലും അമ്പുവിന്റെ വെടി കൊണ്ടും
രയിരു മരിച്ചത എന്ന തടവുകാരൻ പറയുന്ന വാക്ക നെരായ
അവസ്ത എന്ന കണ്ടിട്ടില്ലാ. ഹെഡ പൊലീസാപ്സര ആ സ്ഥ
ലത്ത എത്തി. ശവം നൊക്കിയ മുതൽക്കെ അന്ന്യായത്തിന്നും
സാക്ഷികളെ കാൎയ്യത്തിലും അന്ന്യായക്കാരനൊട പറഞ്ഞതിൽ
ഒരു ദിവസം താമസിച്ച അന്ന്യായം തരികയും സാക്ഷികളെ
പെര പറയാതെയും ഹാജരാക്കാതെയും അഞ്ചു ദിവസത്തൊളം
താമസിച്ച സാക്ഷികളെയും ഹാജരാക്കി വിസ്തരിച്ചതാകുന്നു.
ഇതിൽ ൩- വരെ സാക്ഷികളുടെ വാക്ക അന്ന്യായത്തിന്ന ശെ
രിയായും ശെഷം ചില സാക്ഷി വാക്കുകളിലും അന്ന്യായക്കാര
ൻ പറയുന്നതുമായി അല്പമായ വിത്ത്യാസങ്ങളും യൊജിപ്പില്ലാ
തെയും കാണുന്നുണ്ട. അന്ന്യായക്കാരനും രയിരുവും-ആദ്യം ക
ലശൽക്ക കൎത്താക്കന്മാര എന്നുള്ള അവസ്ഥ ശൊധിക്കാതെ കഴി
വാൻ അന്ന്യായക്കാരന്റെയും സ്വാധീനക്കാരെയും വിചാരത്തി
ന്മെൽ ൟ വിത്ത്യാസത്തിന്ന എടവന്നത എന്നും വിചാരിക്കാം

എങ്കിലും കുററം ചെയ്യീട്ടുള്ള നെരായ അവസ്ഥയിന്മെലും ൟ വിത്ത്യാസം പ്രമാണിക്കെണ്ടതില്ലെന്ന അറിഞ്ഞിരിക്കുന്നു. അന്ന്യായക്കാരന്റെ കാരണവനായും ൩- വരെ തടവകാരുടെ അച്ഛനായും ഉള്ള കുഞ്ഞനമ്മന്റെ മുതൽനിമിത്തം മക്കളും മരുമക്കളും തമ്മിൽ വളരെ സ്പൎദ്ധതയായി നടന്ന വരികയും പൊലീസ്സായി അന്ന്യായം വന്ന മുതൽകാൎയ്യാദികൾ കുഞ്ഞനമ്മൻ നടപ്പാനായി കല്പനകൊടുക്കയും രയിരുൟ അന്ന്യായക്കാരൻ അനന്തിരവൻചാത്തു ഇവരൊട ജാമ്യൻ വാങ്ങെണ്ടതിന്ന സന്നിധാനത്തിങ്കൽ അയപ്പാൻ കല്പന വന്നിട്ടുള്ളതിന്ന ആ വക ആളുകളെയും സാക്ഷികളെയും ഹാജരാക്കാൻ ൧൧ാം സാക്ഷി കണ്ണനെ അയക്കയും അവൻ രയിരു മുതലായ്വരെ കണ്ട പറകയും ചെയ്തിരിക്കുന്ന ദിവസമാകുന്നു ൟ കുററം ഉണ്ടായിരിക്കുന്നത. ഇതിന്റെ രണ്ട ദിവസം മുമ്പെ പുലിക്കാനത്ത വീട്ടിലെ മുളക അന്ന്യായക്കാരന്റെ കാരണവൻ വിൽപ്പാനായി നിശ്ചയിച്ച വൎത്തമാനം അന്ന്യായക്കാരൻ മുതലായ്വര അറികയും ആ വക മുതൽ മക്കൾക്കും ഭാൎയ്യക്കും കൊടുക്കുമെന്ന വിചാരിച്ച അനന്തിരവന്മാര തടസ്ഥം ചെയ്കയും ഉണ്ടായിരിക്കുന്നു അങ്ങിനെ തടസ്ഥം ചെയ്യുന്നവരെ ഒക്കെയും ജാമ്യത്തിന്റെ സംഗതിക്ക താലൂക്കിൽ കൊണ്ടപൊയാൽ ആ സമയം നൊക്കി മുളക വിൽക്കാമെന്ന ഒരു മനൊരാജ്യം കൂടി എടക്ക ഉണ്ടായിട്ടുണ്ടെന്നും അന്ന്വെഷണത്തിൽ കെൾക്കുന്നുണ്ട- അതിലെക്ക ഒക്കെയും സാധാരണയും പ്രയത്നവും ൧ാം തടവകാരന്റെതാകുന്നു എന്ന ഇതിനാൽ ൧ാം തടവകാരനും ൟ അന്ന്യായക്കാരന്റെ പാൎശ്വത്തിലും നല്ല പ്രമാണികളായിട്ടുള്ളവര ഉള്ളിൽ സഹായി നിന്ന ആളുകളെ ശെഖരിക്കയും പ്രയത്നപ്പെടുകയും ചെയ്യുന്നുണ്ട. ആ വക ആളുകൾ കുഞ്ഞനമ്മൻ സൂക്ഷിച്ചിട്ടുള്ള മുതൽ അപഹരിപ്പാൻ വെണ്ടിയും അവിടെ നിന്ന കൊണ്ടുപൊയ മുതൽ ഏതാൻ വാങ്ങിയും കൂടുന്നതാകുന്നു. കുഞ്ഞനമ്മൻ അനന്തിരവന്മാരുമായിട്ട മത്സരം തുടങ്ങിയ മുതൽക്കെ ഭാൎയ്യക്കും മക്കൾക്കും മാത്രം കൊടുക്കെണമെന്ന താല്പൎയ്യപ്പെട്ടും കൊടുത്തും വരികയും ൟ ൧ാം തടവകാരന്റെ മെൽ വളരെ പ്രതിപത്ത്യയൊട കൂടി ഇരിക്കയും ആകുന്നു. ൟ വകയാകുന്നു ഹെതുക്കൾ- മുതൽ കൊണ്ടപൊയ പ്രകാരം ൧ാം തടവകാരന്റെയും മററും മെൽ ചാത്തുവും കുഞ്ഞു കുട്ടികളും ബൊധിപ്പിക്കുന്ന കാൎയ്യംകൊണ്ടും ഇപ്പൊൾ പൊയ സമയം അന്ന്വെഷിച്ചതിൽ കെൾക്കുന്ന വിവരവും ആ വീട്ടിൽ ഉണ്ടായിരുന്ന ൯-ാം സാക്ഷി കണ്ണനൊട ചൊതിച്ചപ്പൊൾ അവൻ പറഞ്ഞത ശെരിയാകുന്നു എന്നാണ കെൾക്കുന്നത. അവൻ പറഞ്ഞ വിവരത്തിന്ന വാങ്ങിയ കയ്യീത്തിന്റെ ഒരു പകൎപ്പും സന്നിധാനത്തിങ്കൽ കാണ്മാനായിട്ട അയക്കുന്നു. ൟ കുല കാൎയ്യം

വിസ്താരത്തിന്റെ മദ്ധ്യെ ൟ വിസ്താരം നടത്തെണ്ടുന്ന ആവിശ്യമില്ലെന്ന തൊന്നി സങ്കടം ഉണ്ടെങ്കിൽ ഹരജി ബൊധിപ്പിച്ച തെളിവ കൊടുക്കെണമെന്ന കല്പിച്ചതല്ലാതെ വിസ്താരം നടത്തീട്ടുമില്ലാ വസ്തു മുതൽ കുഞ്ഞന്മൻ കൈവശം നടപ്പാനായി കല്പന കൊടുത്തതിന്റെ ശെഷവും സ്ഥാപിച്ച വെച്ച ഏതാൻ മുതൽ അന്ന്യായക്കാരൻ മുതലായ്വര എടുത്ത കൊടുത്ത കൊണ്ടു പൊയി എന്ന കുഞ്ഞനും ൩-വരെ തടവുകാര എടുത്ത കൊണ്ടു പൊയി എന്ന അനന്തിരവൻ ചാത്തുവും വാക്കാലെ ബൊധിപ്പിക്ക ഉണ്ടായി സങ്കടമുള്ളവര ഹരജി കൊടുക്കെണമെന്ന അപ്പൊഴും കല്പിച്ചു.

പിടിച്ച വിസ്തരിച്ചതിൽ ൭-ം ൬-ം തടവുകാരുടെ മെൽ തെളിവില്ലായ്കകൊണ്ടു കൊടതിക്കയച്ചിട്ടില്ലാ ഇതിൽ ൭-ാം പ്രതി അന്ന്യായക്കാരന്റെ കാരണവനാകുന്നു ആസ്ഥലത്ത ചെന്നിട്ടില്ലെന്നും കുററം ചെയ്തിട്ടില്ലന്നും അന്ന്യായക്കാരൻ തന്നെ പറയുന്നു എങ്കിലും സഹായമുണ്ടെന്നു തെളിവിന സാക്ഷികളെ ഹാജരാക്കാം പെര പറവാൻ പാടില്ലെന്നും വിസ്താരത്തിൽ പറഞ്ഞിരിക്കുന്നു കൊടത്തിക്ക അയക്കുന്നവരെ ഹാജരാക്കീട്ടില്ല ചൊതിച്ചപ്പൊൾ സാക്ഷി ഇല്ലെന്നാണ പറഞ്ഞത ആയ്യ കാരണവൻ സ്വാധീനമാവാനായീട്ടൊ സ്വാധീനമായീട്ടില്ലെങ്കിൽ കുററം തെളിയിപ്പാനായീട്ടൊ കൌശലം പൊലെ വിചാരിച്ച പറയുന്നതായിട്ട വിചാരിക്കെണ്ടി വന്നിരിക്കുന്നു.

ൟ വക സങ്ങതികളാലും കൊടത്തിക്ക അയക്കാതെ ഇരുന്നതാണ ൟ കാൎയ്യത്തിൽ ഉൾപ്പെട്ടപ്രകാരം കാണുന്ന രാമൻ മുതൽ ൩-ാളെ കിട്ടീട്ടില്ലാ- പിടിച്ച അയപ്പാൻ ചൊഴലി അധികാരിക്ക കല്പനയും കൊടുത്ത കൊൽക്കാരനെ അയച്ചിരിക്കുന്നു, അതുകൊണ്ടു ൟ കാൎയ്യം കമ്മിററ ചെയ്ത വിസ്താരം റപ്പൊട്ട മുതലായ്തിന്റെയും മററും പകൎപ്പുകൾ ഇതൊടു കൂടി സന്നിധാനത്തിങ്കൽ അയച്ചിരിക്കുന്നു എന്ന ൧൦൨൬ വൃശ്ചികം ൧൰൩-ക്ക ൧൮൫൦ നവെമ്പ്ര ൨൮൹- തളിപറമ്പത്ത നിന്ന- വിശെഷിച്ച ൟ അന്ന്യായ ഹരജി ബൊധിപ്പിക്കുന്നതിന്ന മുമ്പെ കുഞ്ഞന്മനൊട വാങ്ങിയ കയ്പീത്തും ഇതൊടു കൂടി അയച്ചിട്ടും ഉണ്ടു.

കവ്വായി താലൂക്ക കച്ചെരിയിലെക്ക.

കൊയ്യം അംശത്തിൽ നമ്പി ബൊധിപ്പിക്കുന്ന സങ്കടം ഹരജി എന്റെ ജെഷ്ഠൻ രയിരു എന്നവരെ കുല ചെയ്യകളഞ്ഞ സങ്കടം ബൊധിപ്പിക്കുന്നു: ൟ കഴിഞ്ഞ തുലാം ൨൯൹— സന്ധ്യസമയം ഞാനും എന്റെ അനന്തിരവൻ ചിണ്ടനും വീട്ടിൽ കിഴക്കെ എറയത്ത ഇരിക്കുമ്പൊൾ വടക്കെ ഭാഗത്തനിന്ന

ഒരു വെടിയും നിലവിളിയും കെട്ടു അപ്പൊൾ ഞങ്ങൾ ഓടി ചെല്ലുമ്പൊൾ ഞങ്ങളെ വലിയ വീട്ട വളപ്പിൽ പറമ്പിൽ വഴിക്ക ഏട്ടൻ വെടി കൊണ്ട വീണിരിക്കുന്നു- ഈ ദിക്കിൽ താലിലെ വീട്ടിൽ ഇരുന്ന വരുന്ന കുഞ്ഞമ്മനും- അനുജൻ നമ്പിയും രാമറ എന്നവനും വാളു കൊണ്ടും പിശ്ശാംകത്തികൊണ്ടും കൊത്തുകയും കുത്തുകയും കൊരൻ തൊക്കും കയ്യിൽ പിടിച്ച നിന്നിരിക്കുന്നു അപ്പൊൾ ഞാനും ചിണ്ടനും അമ്പുവും വീണ നിലയിൽ പാഞ്ഞ അടുക്കുമ്പൊൾ എന്നെയും അമ്പുവിനെയും മെപ്പടി കുഞ്ഞമ്മൻ വാളുകൊണ്ട കൊത്തുകയും ചെയ്തു ഞങ്ങൾ ൨-ാളെയും പിടിച്ച വലിച്ച താലിലെ വീട്ടിൽ മെൽപറഞ്ഞവരും മററും കൂടി കൊണ്ടുപൊകുമ്പൊൾ ഞങ്ങൾ നിലവിളിക്കുന്നത കെട്ട ഞങ്ങൾ താലിലെ വിട്ടിൽ എത്തുമ്പൊൾ കവ്വായി തുക്കി മുനിസീഫ കൊടത്തി ശിവായി കൃഷ്ണൻ നായരും മററും പാഞ്ഞ എത്തി. തട്ടത്ത നിൎത്തിയപ്പൊൾ ഞാൻ അവിടെ നിന്ന പാഞ്ഞ വരുമ്പൊൾ എന്റെ അനന്തിരവ്ൻ ചിണ്ടനെ വഴിക്ക കണ്ടു. ഞങ്ങൾ രണ്ടാളും കൂടി ജെഷ്ഠൻ വിണ ദിക്കിൽ പൊയി ജെഷ്ഠനെ എടുത്ത വീട്ടിൽ കൊണ്ടവന്നു അപ്പൊൾ മരിച്ചിട്ടില്ലാ നിങ്ങളെ ആരാകുന്നു വെടി വെച്ചത എന്ന ചൊദിച്ചപ്പൊൾ കൊരൻ ആകുന്നു എന്നെ വെടി വെച്ചത എന്നും മാറും ജെഷ്ഠൻ പറയുന്നത ഇവിടെയുള്ള കുഞ്ഞുകുട്ടികളും ഞാനും പലരും കെട്ടിട്ടുണ്ട. മെൽപറഞ്ഞ പ്രതിക്കാരെ കൂടാതെ ചൊഴലി അംശത്തിൽ രാമനും ചെറിയ രാമനും- ചന്തുവും- രയരപ്പനും- ചിണ്ടനെന്നവനും- കാഞ്ഞിലെരി അംശത്തിൽ കുഞ്ഞാനും- ഈ വെടി വെക്കുന്നതിന്റെ മുമ്പെ താലിലെ വീട്ടിൽ പാൎപ്പിക്കുകയും മെൽപ്രകാരം ജെഷ്ഠൻ വീണ ദിക്കിൽ ഞങ്ങൾ പാഞ്ഞ ചെല്ലുമ്പൊൾ വഴിക്ക രണ്ട ഭാഗമായി പത്ത പതിനഞ്ച ആള നിന്നീട്ട കണ്ടതിൽ മെപ്പടി രാമൻ മുതൽ ൫-ാളെ എനിക്ക തിരിഞ്ഞിരിക്കുന്നു. ശെഷം ആളുകളെ എനിക്ക തിരിഞ്ഞീട്ടില്ലാ മെൽ പറഞ്ഞ ൧ മുതൽ ൯ വരെ പ്രതിക്കാര കൂടാതെ ഇതിൽ പെര പറഞ്ഞീട്ടുള്ള ആളുകൾ ഈ കാൎയ്യത്തിലെക്ക സഹായക്കാര എന്ന ബൊധിപ്പിച്ചിരിക്കുന്നു. കണ്ടിരിക്കുന്ന സാക്ഷിക്കാരെ പെര ഇപ്പൊൾ പറഞ്ഞാൽ എന്റെ കുഞ്ഞമ്മൻ എന്ന കാരണവര യാതൊരു പ്രകാരെണ എങ്കിലും തെററിച്ച കളയുന്നതാകകൊണ്ട സാക്ഷിക്കാരെ പെര ഇപ്പൊൾ പറവാൻ എനിക്ക മനസ്സില്ലാ ഈ ൨൯നു- അസ്തമിപ്പാൻ രണ്ട നാഴിക പകലെ രണ്ട തൊക്കും രണ്ട വാളും കുഞ്ഞമ്മൻ കാരണവര കല്ല്യാടൻ കുഞ്ഞമ്മന്റെ കയ്യിൽ കൊടുത്ത അയച്ചിരിക്കുന്നു ഈ കാരണവരും മക്കളും ഇതിന മുമ്പെ എന്റെ ജെഷ്ഠൻ രയിരു എന്നവരെ കുല ചെയ്യാനും മററും ഭാവിച്ച സംഗതിക്കും മററും രയിരു എന്നവര തന്നെ തുക്കി സന്നിധാനത്തിങ്കൽ ബൊ

ധിപ്പിച്ച ഹരജി താലൂക്കിൽ വന്നിട്ടുള്ളതിലെ വിവരവും ഇപ്പൊൾ കുല ചെയ്തു കളഞ്ഞ അവസ്ഥയും നൊക്കുമ്പൊൾ മുമ്പെ തന്നെ ജെഷ്ഠനെ കുല ചെയ്വാൻ നിശ്ചയിച്ചതാകുന്നു എന്ന ഇതിലെക്ക ദൃഷ്ടാന്തമാകുന്നു. അതുകൊണ്ട മെൽപറഞ്ഞ പ്രതിക്കാരെയും വിസ്താര സമയം ബൊധിപ്പിക്കുന്ന സാക്ഷിക്കാരെയും വരുത്തി വിസ്തരിച്ച സങ്കടം തീൎത്ത രക്ഷിക്കെണ്ടതിന്ന അപെക്ഷിക്കുന്നു. എന്ന കൊല്ലം ൧൦൨൨ ആമത വൃശ്ചികമാസം ൨൩–

മെപ്പടി ൩–ക്ക ഹരജിക്കാരനൊട ചെയ്തു.

നിന്റെ ജെഷ്ഠൻ രയിരുവിനെ ആരെല്ലാം കൂടി ഏത പ്രകാരമാകുന്നു കുലപ്പെടുത്തിയ്തു വിവരം പറാ.	ഞാൻ ഹരജിയിൽ ബൊധിപ്പിച്ച പ്രകാരം വെടി കെട്ട പാഞ്ഞ ചെല്ലുമ്പൊൾ പ്രതി കൊരൻ ഒരു തൊക്കുമായിട്ടും

കുഞ്ഞന്മൻ ഒരു വാളു എടുത്തും നമ്പി ഒര കത്തിയാളു കയ്യിൽ പിടിച്ചും രയിരു ജെഷ്ഠൻ വീണ കിടക്കുന്ന ദിക്കിൽനിന്ന കണ്ടിരിക്കുന്നു. കുഞ്ഞന്മൻ നമ്പി ഇവര വാളു കൊണ്ടും കത്തിയാളു കൊണ്ടും കൊരൻ അവന്റെ അരയിൽ ഉണ്ടായിരുന്ന ഒരു വെള്ളി പിടി പിശ്ശാംകത്തി കൊണ്ടും കുത്തുന്നത കണ്ടിരിക്കുന്നു ഞങ്ങൾ അടുത്ത ചെന്നാറെ കുഞ്ഞന്മൻ വാളു കൊണ്ട എന്നെയും അമ്പുവിനെയും കൊത്തിയിരിക്കുന്നു അതിന്റെ ശെഷം എന്നെയും അമ്പുവിനെയും താലിലെ വീട്ടിലെക്ക പിടിച്ച കൊണ്ടപൊയി ആ സമയം ഞങ്ങൾ നിലവിളിച്ചു. നിലവിളി കെട്ട താലൂക്ക കൊൽക്കാരനും കൊടതി ബത്ത ശിവായിയും പാഞ്ഞ വന്ന തടുത്ത നിൎത്തി. അപ്പൊൾ ഞാൻ പാഞ്ഞ പൊയി. പൊകുന്ന വഴിക്ക രയിരു ജെഷ്ഠൻ വീണതിന്റെ കുറെ തെക്ക ഭാഗം എത്തിയാറെ അനന്തിരവൻ ചിണ്ടനെ കണ്ടു- പിന്നെ ഞാനും ചിണ്ടനും കൂടി രയിരു ജെഷ്ഠനെ എടുത്ത വീട്ടിൽ തെക്കിന പുരയുടെ എറയത്ത കിടത്തി. വെളുക്ക കത്തിച്ച കൊണ്ടവന്ന നൊക്കിയാറെ പുറത്ത കുത്തി മുറികൾ ഏല്പിച്ചും വെടി വെച്ചും മുറികൾ കണ്ടു ഉടനെ ഞാൻ കണ്ണനെയും കൂട്ടി തവദൂൽ അധികാരിയുടെ അടുക്കെ ചെന്ന വസ്തുത പറഞ്ഞു പുലരുംമ്പൊഴക്ക അധികാരി എത്തി അപ്പൊഴക്ക ജെഷ്ഠൻ മരിച്ച പൊയിരിക്കുന്നു. മെൽഎഴുതിയ ൩-ാൾ അല്ലാതെ വെറെ ആരും രയിരു ജെഷ്ഠനെ ചെയ്തിട്ടില്ലാ കൊരൻ വെടി വെക്കുന്നത ഞാൻ കണ്ടീട്ടില്ലാ തൊക്കൊട കൂടി നിൽക്കുന്നതും ഞാൻ ചെന്നതിന്റെ ശെഷം തൊക്ക നിറക്കുന്നതും കണ്ടിട്ടുണ്ട മുതൽസംബന്ധമായും മറ്റും ഞങ്ങളും പ്രതിക്കാരും തമ്മിൽ മത്സര മുണ്ട അത കൂടാതെ കഴിഞ്ഞ തുലാമാസം ൨൦൩– പ്രതിക്കാര അമ്മാമനുമായി യൊജിച്ച പടിയിൽ കുഴിച്ചിട്ടിരിന്ന മുതലുകൾ എടുത്ത കൊണ്ടപൊയ സ

അതിയാലും മത്സരമുണ്ടെ മുമ്പെ കൊണ്ടുപൊയ മുതൽസങ്ങതിക്ക അധികാരിയെ ബൊധിപ്പിച്ചിട്ടുണ്ടെ.

മരിച്ച രയിരു സ്ഥിരമായി പാൎത്തു വന്നിരുന്നത എവിടെ കലശൽ ഉണ്ടായ സ്ഥലത്ത രയിരു എന്തിനായിട്ട പൊയി ആ സമയം രയിരുവിന്റെ ഒന്നിച്ച വെറെ ആരെങ്കിലും ഉണ്ടായിരുന്നുവൊ.

രയിരു ജെഷ്ഠൻ മുമ്പെ പെരുങ്കുന്നിൽ ഭാൎയ്യ വീട്ടിൽ ആയിരുന്നു- മരിക്കുന്നതിന നാലഞ്ചു ദിവസം മുമ്പെ വീട്ടിൽ വന്ന വീട്ടിൽ തന്നെ പാൎപ്പായിരുന്നു. കലശൽ ഉണ്ടായ ദിവസം വയ്യുന്നെരം കണ്ണൊത്ത കരിയിലെ തൊട്ടിൽ കുളിപ്പാൻ പൊയി കുളിച്ചു വരുന്ന സമയം പ്രതിക്കാര വഴിക്ക വെച്ചു മെൽപ്രകാരം ഒക്ക ചെയ്തു എന്ന രയിരു ജെഷ്ഠൻ പറഞ്ഞ അറിയും അല്ലാതെ അറിയില്ലാ.

കലശൽസമയം രയിരുവിന്റെ ഒന്നിച്ച വെറെ ആരെങ്കിലും ഉണ്ടായിരിന്നുവൊ എന്ന ചൊദിക്കയൊ രയിരു പറകയൊ ഉണ്ടായിട്ടുണ്ടൊ

ചാത്തുവും- രാമൻ നമ്പ്യാരും ഉണ്ടായിരുന്നു എന്നും രയിരു ജെഷ്ഠൻ പറഞ്ഞിട്ടുണ്ടെ.

ംരം വായിച്ചു കെട്ട പ്രകാരം തന്നെയൊ പറഞ്ഞത

അതെ.

നവെമ്പ്ര ഫൻനു- ചെയ്തു.

പ്രതിക്കാരിൽ കുഞ്ഞമ്മൻ- നമ്പി- കൊരൻ- ഇവര കഴിച്ച ശെഷം ആളുകൾ എന്തൊക്കെ ചെയ്തിരിക്കുന്നു

കുഞ്ഞമ്മൻ- നമ്പി- കൊരൻ ഇവര മാത്രമെ ചെയ്തിട്ടുള്ളു. ശെഷം ആളുകൾ ഒന്നും ചെയ്തിട്ടില്ലാ ഞാൻ ബൊധിപ്പിച്ചതിൽ ചിണ്ടൻ നമ്പ്യാര കലശൽക്ക നാലഞ്ചു ദിവസം മുമ്പെ താലിലെ വീട്ടിൽ വന്നിരുന്നു വീട്ടിൽനിന്ന മുളക എടുത്ത വിൽക്കെണ്ടെ സംഗതിക്ക ആലൊചിച്ചു എന്ന കെൾക്കകൊണ്ടെ ചിണ്ടൻനമ്പ്യാരെയും കണ്ണൻ പ്രതി കൊരൻ മുതലായ്വരൊടു കൂടി സഹായമായി നടക്കുന്നവനാകയാൽ അവന്റെ പെരും അധികാരിയെ ബൊധിപ്പിച്ചതും ആകുന്നു രാമറ മുതൽ ന്ന-ാൾ കലശൽ സ്ഥലത്ത വന്നവരാകുന്നു.

കണ്ണൻ ഒന്നും ചെയ്തിട്ടില്ലെന്നെ പറഞ്ഞുവെല്ലൊ അവൻ രയിരുവിനെ തൊക്ക കൊണ്ടെ അടിച്ച പ്രകാരം അധികാരിയൊട പറഞ്ഞതായി അധികാരിയുടെ റിപ്പൊൎട്ടിൽ കാണുന്നു ആ സംഗതി ഏതപ്രകാരം.

രയിരു ജെഷ്ഠൻ മുറി ഏററ കിടക്കുന്ന വെദനകൊണ്ടും വ്യസനംകൊണ്ടും പറഞ്ഞ സമയം കൊരന്റെ പെര പറയെണ്ടത കണ്ണൻ എന്ന പറഞ്ഞ പൊയ്യാകുന്നു.

അധികാരിയൊട ചൊദിച്ച തിൽ താൻ ആദ്യം ചെന്ന പറഞ്ഞ സമയം രയിരു വിശെഷം പറയുന്നില്ലാ ശ്വാസം മാത്രമെ ഉള്ളൂ. എന്ന പറഞ്ഞിരിക്കുന്നു അത എന്തപ്രകാരം.

അധികാരി ഉടനെ ആ സ്ഥലത്ത വരുവാൻ വെണ്ടി അധികാരിയൊട അങ്ങിനെ പറഞ്ഞതാകുന്നു.

സാക്ഷി ചാത്തു മുതലായവര നിന്നെ കണ്ടിട്ടില്ലെന്നും പടിവയലിൽനിന്ന വിളിച്ച പറഞ്ഞതെ ഉള്ളൂ എന്നും പറയുന്നു അത എന്തപ്രകാരം.

ഇരുട്ട സമയമാകകൊണ്ട അവര എന്നെ കണ്ടിട്ടില്ലാ വയലിൽനിന്ന വിളിച്ച പറയുമ്പൊൾ ഞാൻ പടിക്കൽ ഉണ്ടായിരുന്നു കെട്ടിരിക്കുന്നു കണ്ടു എന്ന പറഞ്ഞത ഓൎമ്മ കെടാകുന്നു.

തന്റെ കാരണവര ൟ കാൎയ്യത്തിൽ എന്തെങ്കിലും ചെയ്തിട്ടുണ്ടൊ.

ഒന്നും ചെയ്തിട്ടില്ലാ ആ സ്ഥലത്ത വന്നിട്ടും ഇല്ലാ മക്കൾക്ക അനുകൂലമാകുന്നു. ൟ കാൎയ്യത്തിൽ അമ്മാമൻ അനുകൂലമുണ്ട. ൟ കാരണവരുടെ കാൎയ്യത്തിൽ തെളിയിക്കെണ്ടതിലെക്ക സാക്ഷി ഉണ്ടൊ എന്ന ഇനിയും അന്വെഷിച്ചുണ്ടെങ്കിൽ നാളെ ബൊധിപ്പിക്കാം.

തന്റെ വീട്ടിൽ എത്ര തൊക്ക വാള ഉണ്ട താലിലെ വീട്ടിൽ എത്ര ഉണ്ട അറിയൊ.

പുലിക്കാനത്ത വീട്ടിൽ ൨- കുറ്റി തൊക്കും രണ്ട വാളും താലിലെ വീട്ടിൽ രണ്ട തൊക്കും ഉണ്ട താലിലെ വീട്ടിലെക്ക അമ്മാമൻ കൊടുത്തതാകുന്നു തൊക്ക അങ്ങൊട്ട കൊണ്ടപൊകാറും ഇങ്ങൊട്ട കൊണ്ടവരാറും ഉണ്ട കുഞ്ഞനും കണ്ണനും നായാട്ടുകാരാകുന്നു അവൎക്ക എപ്പൊഴും ഇത തന്നെ ആകുന്നു പ്രവൃത്തി അത കാരണവരൊട ചൊതിച്ചും ചൊതിക്കാതെയും ഞങ്ങൾ അറിഞ്ഞും അറിയാതെയും കൊണ്ട പൊകാറാകുന്നു ശൊധനയിൽ കിട്ടിയ രണ്ട തൊക്കും നാല കത്തിവാളും എടുക്കുമ്പൊൾ ഞാൻ ഉണ്ടായിരുന്നു അതിൽ മുക്കാൽകുറ്റി തൊക്ക താലിലെ വീട്ടിലെതാകുന്നു മെക്കുഴൽ തൊക്ക വീട്ടിലെതാകുന്നു ആയ്തു ഒരു മാസം മുമ്പെ താലിലെ വീട്ടിൽ കൊണ്ടപൊയ്താകുന്നു അതല്ലാ ആ ദിവസം കൊണ്ടുപൊയൊ എന്നും അറിയില്ലാ കത്തി വാളുകളും താലിലെ വീട്ടിലെതാണ.

നവെമ്പ്ര ഫദിനു ചെയ്യുത.

നിന്റെ ജെഷ്ഠനെ കുല ചെയ്യു കാൎയ്യം തെളിവിലെക്ക കണ്ടതായ സാക്ഷി ഉണ്ടെന്നും അവരെ പെര ഇപ്പൊൾ പറക ഇല്ലെന്നും ബൊധിപ്പിച്ചസമയം

ഇപ്പൊൾ സാക്ഷിക്കാരെ പെര പറക ഇല്ലാ ഇവിടെ ഹാ

അവരെ ഹാജരാക്കുവാനായി കല്പിച്ചിട്ടുണ്ടല്ലൊ ഇന്നലെ രാത്രി വരെയും ഇന്ന പത്തു മണിക്കും ഹാജരാക്കീട്ടില്ലാ എന്തിനായിട്ടു ഇത്ര താമസം എന്നി എങ്കിലും ഹാജരാക്കാമൊ അല്ലെങ്കിൽ സമനയച്ചു ഇവിടെനിന്ന വരുത്താം. അതിന എന്ത പറയുന്നു.

ജരാക്കുവാനും പാടില്ലാ ശത്രുക്കളുണ്ടാകകൊണ്ടു സാക്ഷികളെ അവര സ്വാധീനമാക്കി കളയും.

നിണക്കു ബൊദ്ധ്യമുള്ള കൊൽക്കാരെ മററരുത്തരൊടും വിശെഷം പറവാൻ എട കൊടുക്കാതെ കൊണ്ടുവരാൻ താക്കീതി ചെയ്തു നിന്റെറ ഒന്നിച്ചു തന്നെ അയക്കാം എന്നാൽ ഹാജരാക്കാമൊ.

എന്നാലും ൟ ദെശത്തു ഹാജരാക്കുവാൻ കഴിയുന്നതല്ലാ.

സാക്ഷികൾ എത്രാളുണ്ടു എന്തു ജാതി ഏതു ദെശത്തിരിക്കുന്നവര.

സാക്ഷികൾ ൩-ാൾ ഉണ്ടു രണ്ടു നായരും ഒരു വാണിയനും ആകുന്നു മലവട്ടം അംശത്തിൽ ഉള്ള ഒരാളും കാഞ്ഞിലെരി അംശത്തിൽ ഉള്ള ഒരാളും ൟ അംശത്തിൽ ഉള്ള ഒരാളും ആകുന്നു സാക്ഷികൾ.

ഇവര സാക്ഷിക്കാര എന്ന എപ്പൊൾ ഏതപ്രകാരം അറിഞ്ഞു.

ൟ സാക്ഷിക്കാര ൩-ാളും നിലവിളി കെട്ടു ഞാൻ ഓടി ചെല്ലുമ്പൊൾ ൟ താഴത്തെ വയലൂടി താഴെ തെക്കൊട്ടു പാഞ്ഞു പൊകുന്നു എന്നെ കണ്ടാറെ നിന്റെറ ജെഷ്ഠനെ വെടി വെച്ചു കുത്തി കൊല്ലുന്നു അത്താ എന്ന എന്നൊട വിളിച്ചു പറഞ്ഞു അതുകൊണ്ടാകുന്നു മെൽഎഴുതിയ ൩-ാൾ സാക്ഷി എന്ന അറിഞ്ഞതു.

ഇപ്പൊൾ നിന്നൊടു കൂടി കൊൽക്കാരനെ അയക്കുന്നു ഒന്നിച്ചു പൊയി കാണിച്ചു കൊടുക്കണം കഴിയുമൊ.

ഇപ്പൊൾ കണിച്ചുകൊടുപ്പാൻ മനസ്സില്ലാ.

നവെമ്പ്ര മാസം ൧൯നു–

സാക്ഷികളെ താൻ ഇന്നലെ ഹാജരാക്കാമെന്ന ബൊധിപ്പിച്ച പ്രകാരം ഹാജാരാക്കീട്ടില്ലാ ശെഷം അന്ന്യെഷണ വിസ്താരം മിക്കവാറും തീൎന്നു

സാക്ഷിക്കാര ദൂരംദിക്കിൽഇരിക്കുന്നവരാണ. അവരെ വരുത്താൻ വഴിക്കു വഴിയെ ആളെ അയച്ചിട്ടുണ്ടു. ഇതവരെ എത്തിട്ടില്ലാ ഇന്നും രണ്ടു മൂന്നാ

എന്താകുന്നു സാക്ഷികളെ ഹാജരാക്കാത്തത.

ളെ അയച്ചിട്ടുണ്ട. ഇപ്പൊൾ എത്തും ഇല്ലെങ്കിൽ നാളെ പത്തമണിക്ക എങ്ങിനെ എങ്കിലും ഹാജരാക്കാം പക്ഷെ ഞാൻ തന്നെ പൊവാൻ വിചാരിക്കുന്നു.

നവെമ്പ്ര ൧൯നു- ചെയ്തു.

സാക്ഷികൾ ഹാജരുണ്ടൊ ഉണ്ടെങ്കിൽ ആരെല്ലാമാകുന്നു.

സാക്ഷികൾ ഹാജരുണ്ട കാഞ്ഞിരെരി അംശത്തിൽ കെളപ്പനും- ചാത്തുവും- കൊയ്യം അംശത്തിൽ രാമൻ നമ്പ്യാരും ആകുന്നു സാക്ഷി.

൨ാം സാക്ഷിക്കാര എന്ത അറിയുന്നവരാണ.

എന്റെ ഹരജിയിൽ എഴുതിയ പ്രതിക്കാരിൽ- കുഞ്ഞനമ്പൻ- കൊരൻ- നമ്പി- രാമറ ഇവര മരിച്ചുപൊയ രയിരു ജെഷ്ഠനെ വെടി വെച്ചും കുത്തി മുറികൾ ഏല്പിച്ചും കുല ചെയ്ത വിവരം അറിയുന്നവരാകുന്നു.

൩ാം പ്രതി കൊരനൊട നവെമ്പ്ര ൨൦നു-

അന്യായം നമ്പി തന്റെയും- മറവും മെൽ ബൊധിപ്പിച്ച അന്യായ ഹരജി വായിച്ച കെട്ടുവെല്ലൊ അതിന എന്ത ഉത്തരം ബൊധിപ്പിക്കുന്നു.

അന്യായ ഹരജി ഞാൻ വായിച്ച കെട്ടു അതിൽ പറയുന്നപ്രകാരം ഞാൻ അന്യായക്കാരന്റെ ജെഷ്ഠൻ രയിരുവിനെ കുത്തി മുറികൾ ഏല്പിക്ക എങ്കിലും വെടി വെക്കുക എങ്കിലും ഒന്നും തന്നെ ഉണ്ടായിട്ടില്ലാ ഉണ്ടായ വിവരം സത്യം പൊലെ ബൊധിപ്പിക്കാം. കഴിഞ്ഞ തുലാമാസം ൨൮നു- രാത്രി അത്താഴം ഉണ്ട ഏകദെശം നാലഞ്ച നാഴിക രാവ ചെന്നിരിക്കുന്നു. എന്റെ വീട്ടിൽനിന്ന പുലിക്കാനത്ത വീട്ടിൽ അച്ചന്റെ അടുക്കെക്ക ഒരു ചെറിയ ചൂട്ടയും കത്തിച്ച പൊയി. വീട്ടിന്റെ തെക്ക ഭാഗം ചില്ലിത്തൊട കടന്ന വലിയ വീട വളപ്പിൽ ഏതാൻ വെട്ടുകല്ല കൊത്തി കൂട്ടിരിക്കുന്ന കാട്ട ദിക്കിൽ എത്തുമ്പൊൾ എന്റെ മുമ്പിലായി വലത്ത ഭാഗം വഴി വിട്ട മരിച്ച പൊയ രയിരുവും അവിടെ തന്നെ വഴിക്ക എടത്ത ഭാഗം അന്യായം നമ്പിയും അനന്തിരവൻ രാമനും- അമ്പുവും- ചൊഴിയും- പൊക്കിണനും വെറെ ആളുകളെ വിവരം കിട്ടീട്ടില്ലാ നാലഞ്ച ആളുകളും കൂടി പതി ഇരുന്ന കണ്ടു ആശാരി കൊൽക്ക ഒന്ന രണ്ട കൊൽ അടുത്തു. ഉടനെ മരിച്ച പൊയ രയിരു ഇരുന്ന ദിക്കിൽനിന്ന എണീട്ട നിന്നു. ആര അത രയിരുവൊ എന്ന ഞാൻ ചൊതിച്ചു. ആ എന്ന രയിരു പറഞ്ഞ എന്റെ മുമ്പിൽ കൂടി എടത്തൊട്ട തെറ്റി പിൻപുറെ വന്ന എന്നെ

പിടിച്ചു മറിച്ചിട്ടു നെഞ്ഞിൽ ഇരുന്ന എന്റെ കൊറളെ പിടിച്ചു
അപ്പൊൾ അയ്യൊ എന്നെ കൊല്ലുന്നുവൊ എന്ന വിളിച്ചു ഞാൻ
വൈരം കൊടുത്ത ഞാൻ രയിരുവിന്റെ കഴുത്തും താത്തി അമ
ത്ത പിടിച്ചു എന്നാറെ വാ നമ്പി എന്ന രയിരു പറഞ്ഞു. നമ്പി
അപ്പൊൾ പാഞ്ഞ വന്ന പിശ്ശാംകത്തി കൊണ്ട കുത്തി അയ്യൊ
നമ്പി എന്നെയൊ കുത്തുന്നത എന്ന രയിരു ചൊതിച്ചു എന്നെ
പിടി എളുക്കി. അപ്പൊൾ ഞാൻ എണീട്ടു പടക്കൊട്ടു എന്റെ വീ
ട കൊള്ളെ പാഞ്ഞു. വഴിയെ രയിരുവും പാഞ്ഞു ആ സമയം
അമ്പു അവന്റെ കൈയ്യിൽ ഉണ്ടായിരുന്ന തൊക്ക കൊണ്ട വെ
ടി വെച്ചു- ആ വെടി രയിരുവിന കൊണ്ട ഊയി എന്ന പറ
ഞ്ഞ- അവിടെ വീണു- പിന്നെ ഞാൻ ഭയപ്പെട്ടു എന്റെ വീട്ടി
ലെക്ക പാഞ്ഞ പൊയി. ക്ഷീണം കൊണ്ട എറയത്ത കിടക്കുമ്പൊ
ഴക്ക അന്ന്യായം നമ്പിയും- അമ്പുവും- രാമനും കൂടി പാഞ്ഞ വ
ന്ന ൨-ാമതും എന്റെ നെരെ കലശൽക്ക ഭാവിക്കുമ്പൊഴക്ക താ
ലൂക്ക കൊൽക്കാരൻ കണ്ണനും കൊടത്തിലെ ശിവായി കൃഷ്ണൻ
എന്ന ഒരുത്തനും കൂടി വന്ന കലശൽ അരുതെന്ന സമാധാനം
ചെയ്തു- നമ്പി മുതൽ ൩-ാൾ വീട്ടിൽനിന്ന കിഴിഞ്ഞ പൊകയും
ചെയ്തു-ഞാൻ ആദ്യം അച്ഛന്റെ അടുക്കെക്ക പൊകുമ്പൊഴും എ
ന്നെ കലശൽ ചെയ്തു മടങ്ങി ഞാൻ വീട്ടിൽ വരുമ്പൊഴും എ
ന്റെ ജെഷ്ടൻ നമ്പി എന്നവരും- കുഞ്ഞാൻ എന്നവരും- കൊ
ശവൻ രാമനും- ചന്തുവും- വീട്ടിൽ ഉണ്ടായിരുന്നു- പുലിക്കാനത്ത
വീട്ടിൽ അച്ഛൻ സൂക്ഷിച്ചിരുന്ന മുതലകൾ മരിച്ച രയിരു അ
ന്ന്യായം നമ്പി- അനന്തിരവൻ ചാത്തു-ഇവരും അമ്പു എന്നവ
രും മറവും കൂടി എടുത്തകൊണ്ട പൊകയും വെറെ ഉള്ള മുതലകളും
എടപ്പാനും അച്ഛന്റെ നെരെ കലശൽക്ക ഭാവിക്കയും ചെയ്യുന്ന
സങ്ങതികളും സഹായത്തിന്ന ഒരു അംശം കൊൽക്കാരനെ ആ
ക്കിരുന്നവനെ അധികാരി വിളിച്ചു എന്നും ഒരു കൊൽക്കാരനെ
സഹായത്തിന്ന ആക്കി തരെണമെന്നും ബൊധിപ്പിച്ചതിന്റെ
ശെഷം കൊൽക്കാര ഇല്ലെന്നും ആളുകളെ വരുത്തി പാപ്പിച്ചു
കൊള്ളെണമെന്നും കല്പിക്കുകകൊണ്ട ദിവസെന ഒന്നും രണ്ടും
ആളുകളെ ചൊറ കൊടുത്ത പാപ്പിച്ചു വരുമാറുണ്ട- അതുകൊണ്ടാ
കുന്നു രാമറ മുതലായ്വര അന്ന അവിടെ ഉണ്ടാവാൻ സംഗതി
വന്നത. അച്ഛനും അനന്തിരവനായ അന്ന്യായക്കാരൻ മുതലാ
യ്വരും തമ്മിൽ മുതൽ സംബന്ധം മത്സരം ഉള്ളതുകൊണ്ടും അച്ഛ
ന്റെ ചൊൽപ്പടിക്ക ഞാനും മറവും താലൂക്കിൽ പൊയി അന്ന്യായം
പറകയും അവരെ നടപ്പ വിസ്താരത്തിന്ന സാക്ഷികളെയും
മറവും ഹാജരാക്കാൻ താലൂക്കിൽനിന്ന കൊൽക്കാരൻ വരികയും
ഇതിന ഒക്കെയും ഞാൻ ഉത്സാഹിക്കുന്നു എന്ന വിചാരിച്ചും കലശ
ൽക്ക തലെ ദിവസം അന്ന്യായക്കാരൻ എന്നെ കണ്ട സമയം

ഇത്ര വെണ്ടാ നീ പടിച്ചുപൊകുമെന്ന എന്നൊട പറഞ്ഞിട്ടുള്ളതകൊണ്ടും അന്ന്യായക്കാരനും മററും കൂടി മെൽ പ്രകാരം ചെയ്തു എന്നെയും എന്റെ ജെഷ്ഠന്മാരെയും കുടുക്കാനായി ഇങ്ങിനെ ബൊധിപ്പിച്ചതാകുന്നു. വെറെ ഒന്നും ബൊധിപ്പിക്കാനില്ലാ.

യാദാസ്തു- കുററസ്ഥലത്തനിന്ന കിട്ടിയ രണ്ടു ചൂട്ടയും ഠരം തടവകാരൻ അലക്കാൻ കൊടുത്തതായി മണ്ണാത്തി ചെന്മരത്തി ഹാജരാക്കിയ രണ്ടു മുണ്ടും ഠരം തടവകാരനെ കാണിച്ചു.

നൊക്ക ഠരം കാണിക്കുന്ന മുണ്ടുകളും ചൂട്ടകളും ഏത.	മുണ്ടു രണ്ടും ചൂട്ട രണ്ടും കണ്ടു, മുണ്ടു രണ്ടും എന്റെതാകുന്നു.

ചൂട്ടയിൽ ഠരം ചെറിയ ചൂട്ട ഞാൻ വീട്ടിൽനിന്ന പൊകുമ്പൊൾ കത്തിച്ചുകൊണ്ടുപൊയ്താകുന്നു മുണ്ടിൽ ഒന്ന ചുററിരുന്നു. ഒന്ന പുതച്ചിരുന്നു. അങ്ങിനെ ആകുന്നു പൊയ്തു- ഞാനും രയിരുവും തന്മിൽ പിടിച്ചു മറിഞ്ഞ വീണ സമയം അന്ന്യായക്കാരൻ കുത്തി മുറിച്ചു ചൊര പൊയപ്പൊൾ എന്റെ മുണ്ടിലും ചൊരയായ്താകുന്നു. ആ മുണ്ടുകൾ രണ്ടും ഞാൻ അലക്കാൻ കൊടുത്തിട്ടില്ലാ സ്ത്രീകൾ ആണ കൊടുത്തത.

ഠരം വായിച്ചു കെട്ടത പറഞ്ഞ പ്രകാരമൊ.	പറഞ്ഞ പ്രകാരം തന്നെ.

യാദാസ്തു- ഠരം തടവകാരന്റെ ശരീരം നൊക്കി കണ്ടതിൽ എടത്തെ കയ്യിന്റെ മടക്കിന കൈവിരൽക്ക രണ്ടു വിരൽക്ക മിതെ തുമര പരിപ്പു വട്ടത്തിൽ ഒരു ദിക്കിലും മടക്കിന്ന താഴെ അകം തണ്ടക്ക ഒരു വെള്ളി പണത്തൊളം വട്ടത്തിൽ ഒരു ദിക്കിലും തീ പൊള്ളിയും എടത്തെ കയ്യിന്റെ കയ്യിലക്ക താഴെ മുള്ളുകൊണ്ടു പാറിയ പൊലെയും വലത്തെ വാരിക്ക അല്പം ഉരഞ്ഞ പൊട്ടിയും കഴുത്തിൽ നഖം തട്ടി അല്പം മുറിഞ്ഞതായും വലത്തെ കാലിന്റെ തുടക്കും മുട്ടിന താഴെയും മൂന്ന ദിക്കിൽ തൊല തരണ്ടി പൊട്ടിയും കണ്ടു. ഇതകൾ എങ്ങിനെ ഉണ്ടായി എന്ന തടവകാരനൊട ചൊതിച്ചതിൽ മരിച്ചു രയിരുവും താനും തന്മിൽ പിടിച്ചു മറിഞ്ഞ വീണ സമയം നഖം തട്ടിയും കല്ലു മുള്ളു മുതലായ്തു തട്ടിയും ചൂട്ടയിലെ തീപൊരി തട്ടിയും ഉണ്ടായ്തു എന്ന പറഞ്ഞിരിക്കുന്നു.

THE
MALAYALAM READER
PART III.

ചിറക്കൽ താലൂക്ക കച്ചെരിയിൽനിന്ന ൧൮൪൬മത ജൂലായി ൩൧നു കല്പിച്ച തീൎപ്പ.

അന്ന്യായം പൂശാരി പെരുമാൾ മുതൽ ൩-ാൾ

പ്രതി കണ്ണിശൻ കുഞ്ഞമ്പു മുതൽ ൪-ാൾ.

ചിറക്കൽ കൊവിലകം വക കൊറൊളി ദെശത്ത കരപറമ്പ ൧൦൧൩മതിൽ ഒന്നാം അന്ന്യായക്കാരന്റെ ജെഷ്ഠൻ പയ്യാവൂരി കുഴിക്കാണത്തിന്ന വാങ്ങി നാല ഭാഗവും മതിൽ കിളകഴിച്ച എടുത്താൻ തയ്യ വെക്കുകയും പിന്നെ അവൻ മരിച്ച പൊകകൊണ്ട തങ്ങൾ പിടിപ്പത അനുഭവങ്ങൾ വെച്ചുണ്ടാക്കി നടന്നവരികയും ചെയ്യുന്നതിൽ ൧൦൨൨ കൎക്കിടകം ൪൩-ക്ക ൧൮൩൭മത ജൂലായി ൧൩൩- പകൽ പ്രതിക്കാര ബലമായി രണ്ട തൈ വെക്കുകയും വാക്കെറം പറകയും ചെയ്തു പ്രകാരം അന്ന്യായം.

ഈ കാൎയ്യത്തിൽ അന്ന്യായ വക്കീലൊടും ൧-ം ൩-ം പ്രതികളൊടും സാക്ഷികളൊടും വിസ്തരിക്കുകയും ൧൦൧൩മത കൎക്കിടകം ൨൭൩-- ൧ാം അന്ന്യായക്കാരന്റെ ജെഷ്ഠൻ പയ്യാവൂരിക്ക കൊവിലകം കാൎയ്യസ്ഥൻ എഴുതിയ്യായ ഒരു ശീട്ടും ൧൦൧൩മതിൽ മൊടൻ ഉണ്ടാക്കിയ്യുന്ന മെപ്പടി പയ്യാവൂരി പെരിൽ നടപ്പായി പൈമാശി ചെയ്യുതിന്ന ആ കൊല്ലം കന്നിമാസം ൨൩൩- എഴുതി കൊടുത്ത ഒരു ശീട്ടും അന്ന്യായ വക്കീൽ ഹാജരാക്കി കാണിച്ചത പകൎത്ത വാങ്ങി വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു. ഈ കാൎയ്യത്തിന്നുണ്ടായ വിസ്താരം മുതലായ്തു നൊക്കുകയും അന്വെഷിക്കുകയും ചെയ്യുതിൽ അന്ന്യായത്തിൽ പറയുന്ന പറമ്പ കൊവിലകത്തനിന്ന സമ്മതിച്ച വാങ്ങി ൧൦൦൭-ാമത മുതൽക്ക മരിച്ചു പൊയ പയ്യാവൂരി കൈവശമായി നടന്നവരികയും ൧൦൧൩ൽ കുഴിക്കാണത്തിന്ന എഴുതി വാങ്ങി കിളച്ച അനുഭവങ്ങൾ വെച്ചത രക്ഷ ചെയ്യാതെ നഷ്ടപ്പെട്ടു പൊകയും പയ്യാവൂരി മരിച്ചു പൊകയും ചെയ്കയാൽ ഇപ്പൊൾ അന്ന്യായക്കാര തൈ വച്ചുണ്ടാക്കി നടന്ന അനുഭവിച്ച വരുന്നതാണെന്നും ഈ പറമ്പ തന്റെ പറമ്പിന സമീപമാകയാൽ വിലക്ക തരെണമെന്ന ഒന്നാം പ്രതി പലപ്പൊഴും പറഞ്ഞത അന്ന്യായക്കാര അനുസരിക്കായ്കകൊണ്ടത കരാറചെയ്യുന്നതാണെന്നും മററും അന്ന്യായ വക്കീലും.

ൟ പറമ്പ ജന്മിയായ നീലിയത്ത അകത്തൂട്ട നമ്പിയൊട ൧൦൨൭ മിഥുന മാസത്തിൽ താൻ ജന്മം വാങ്ങി ആ മാസത്തിൽ തന്നെ തൈ പുലാവ മുതലായ്ത വെച്ചതിൽ മൂന്ന തൈ ഒഴികെ ശെഷം ഒക്കെയും നഷ്ടം വന്ന പൊകകൊണ്ട ൟ കൊല്ലം മിഥുന മാസത്തിൽ ൨൭ തയ്യും നാല പുലാവും വെച്ച നടന്ന വരുന്നതാണെന്നും തനിക്ക ജന്മം തരുന്നതിന മുമ്പ പറമ്പ മൂന്ന ഭാഗം കിളച്ചിരിക്കുന്നു എന്നും മറ്റും ഒന്നാം പ്രതിയും വാദിക്കുകയും.

തനിക്ക പറമ്പിന്മെൽ അവകാശവും തൎക്കവും ഇല്ലെന്നും ഒന്നാം അന്ന്യായക്കാരന്റെ ജ്യെഷ്ഠൻ പയ്യാവൂരി ൧൦-൪ കൊല്ലം മുമ്പെ മരിക്കുന്നവരെക്കും പറമ്പ അവൻ നടന്നവരുന്നത കണ്ടിരിക്കുന്നു എന്നും മറ്റും ൧൦-ാം പ്രതി ബൊധിപ്പിക്കുകയും ചെയ്തിരിക്കുന്നു. അന്ന്യായഭാഗം വാദത്തിലെക്ക ഗുണമായി ആ ഭാഗം വിസ്തരിച്ച സാക്ഷികളാലും അന്ന്യായ വക്കീൽ ഫയലാക്കിയ രെഖകളാലും ൧൦-ാം പ്രതിയുടെ വാക്കിനാലും അന്വെഷണത്താലും പറമ്പ അന്ന്യായക്കാരുടെ കൈവശമാണെന്ന വെടിപ്പായി തെളിഞ്ഞിരിക്കുന്നു. ഒന്നാം പ്രതി ഉണ്ടെന്ന പറയുന്ന ആധാരം കാണിച്ചിട്ടില്ലെന്ന മാത്രമല്ലാ അവൻ ബൊധിപ്പിച്ച രണ്ട സാക്ഷികളിൽ ഒന്നാം സാക്ഷി അന്ന്യായ ഭാഗം വാദത്തിലെക്ക ഗുണമായും ൨-ാം സാക്ഷി ഒന്നും അറിയില്ലെന്നും ആകുന്നു ബൊധിപ്പിച്ചിരിക്കുന്നത. വെറെ യാതൊരു തെളിവും കൊടുപ്പാൻ ൧ാം പ്രതിയാൽ കഴിഞ്ഞിട്ടുമില്ലാ ൟ സംഗതികളാലും അന്ന്യായപ്പെട്ട പറമ്പ അന്ന്യായക്കാര കീഴക്കട പ്രകാരം നടക്കുന്നതിൽ ആരും യാതൊരു തകരാറും ചെയ്യുപൊകരുതെന്നും ൧ാം പ്രതി വിചാരിക്കുന്നവകാശം സിവിൽ വ്യവഹാരത്താൽ നിവൃത്തി വരുത്തെണ്ടത എന്നും പൊലീസ്സ ഒന്നും ഉണ്ടായിട്ടില്ലെന്ന കാണുന്നതിനാൽ പിടിച്ച പ്രതികളെ വിട്ടയപ്പാനും കല്പിച്ചു.

ഹെഡ അസിസ്താണ്ട മജിസ്ത്രെട്ടിലെക്ക.

ചിറക്കതാലൂക്ക പൊഴാതി അംശം എടച്ചെരി ദെശത്തിരിക്കും കണിശൻ കുഞ്ഞമ്പു ബൊധിപ്പിക്കുന്ന ആവലാതി ഹരജി- കൊറൊളി കരപറമ്പ എന്ന പെര വിളിച്ച എന്റെ പുതിയ വീട പറമ്പിന്ന അന്ന്യായം പൂശാരി പെരുമാൾ മുതൽ ൧൦-ാൾ നടപ്പാൻ ചിറക്കതാലൂക്ക കച്ചെരിയിൽ നിന്ന ൫൨ ജൂലായി ൧൦൧൫- കല്പിച്ച തീൎപ്പ വിസ്താരം മുതലായ്ത എന്റെ അപെക്ഷയിന്മെൽ സന്നിധാനം മുമ്പാകെ വരുത്തിപരിശൊധിച്ച വരുന്നതുമുണ്ടല്ലൊ. തീൎപ്പ നടപ്പിന്നും സത്ത്യത്തിന്നും കെവലം വിരൊധവും ന്ന്യായ രഹിതവുമായിട്ടുള്ളതാകുന്നു എന്ന സന്നിധാനത്തിങ്കൽ പ്രത്ത്യക്ഷമായി ബൊധിക്കതക്ക നെരായ ചില സംഗതിക

ൾ ചുരുക്കമായി ഇതിന്ന താഴെ എഴുതുന്നത ഒക്കയും നെരൊ അല്ലയൊ എന്ന സത്യം അറിഞ്ഞ താലൂക്ക തീൎപ്പ മാററി സങ്കടം തീൎത്ത രക്ഷിക്കെണ്ടതിന്ന എത്രയും സങ്കടത്തൊടു കൂടി അപെക്ഷിക്കുന്നു. ൧- തീൎപ്പിൽ പറയുന്ന പറമ്പ ജന്മിയായ നീലിയത്ത നമ്പികയ്യെല്ക്കാററൊട ഞാൻ പിടിപ്പത ദ്രവ്യം കൊടുത്ത ജന്മം വാങ്ങി ൧൦൨൭ മിഥുനമാസത്തിൽ ഏതാനും തൈ പിലാവ മുതലായ്തു വെച്ചതിൽ മൂന്ന തൈ ഒഴികെ ശെഷം ഒക്കെയും നഷ്ടം വന്ന പൊകകൊണ്ട ൟ കഴിഞ്ഞ മിഥുനമാസത്തിൽ ൨-ാമത ൨൭- തയ്യും നാല പിലാവും വെച്ച ഞാൻ നടന്ന വരുന്നതാകുന്നു. അത അന്ന്യായക്കാൎക്കാകട്ടെ അവൎക്ക കുഴിക്കാണത്തിന്ന കൊടുത്ത പ്രകാരം പറയുന്ന ചിറക്ക കൊവിലകത്തെക്കാകട്ടെ ൟ പറമ്പിന്ന യാതൊരു അവകാശവും നടപ്പും ഉള്ളതല്ല. ൨- അന്ന്യായ ഭാഗം നടപ്പാൻ താലൂക്കിൽനിന്ന കല്പിച്ച കാണുന്ന മുഖ്യമായി തീൎപ്പിൽ പറയുന്നത ൧ കൊവിലകം കാൎയ്യസ്ഥൻ ൧൦൧൯ൽ ൧ാം അന്ന്യായക്കാരന്റെ ജെഷ്ഠൻ പയ്യാവൂരി പെരിൽ എഴുതിയ്യായ ഒരു ശീട്ട ൨- ആ കൊല്ലത്തെ മൊടൻ പൈമാശി ശീട്ട ൟ രെഖകളാകുന്നു. ൟ പറമ്പ ഞാൻ ജന്മം വാങ്ങി നടപ്പ തുടങ്ങിയ്തുകൊണ്ടുള്ള അസൂയ്യയിന്മെൽ എന്നൊട ഏത വിധെന എങ്കിലും പിടിച്ച പറിച്ച എടുപ്പാൻ നെരം നൊക്കി നിൽക്കുന്ന കൊവിലകം കാൎയ്യസ്ഥൻ മരിച്ചപൊയ പയ്യാവൂരി പെരിൽ പൈമാശി ഉള്ള വെറെ പറമ്പിന്റെ പെര ചെൎത്ത ൧ാം നമ്പ്ര രെഖ പിന്നെ നിൎമ്മിച്ചുണ്ടാക്കി അന്ന്യായക്കാൎക്ക കൊടുത്ത ആ ക്രിത്രിമ രെഖ സ്ഥിരപ്പെടുത്തെണ്ടതിലെക്ക ചില കാൎയ്യസ്ഥന്മാരെ സ്വാധീനത്തിൽ വെച്ച അന്ന്യായക്കാരെ കൊണ്ട ഇപ്രകാരം ഒരു അന്ന്യായം തുടങ്ങിച്ച ഇഷ്ടപ്രകരം സാക്ഷികളെകൊണ്ട പറയിച്ചതും ആയ്തു പ്രമാണിച്ച ആ ഭാഗം തീൎപ്പ കൊടുത്തതും ആകുന്നു ആ രെഖ ഒരുനാളും പ്രമാണിക്കതക്കതല്ല.

൩- ൨-ാം നമ്പ്ര പൈമാശി ശീട്ട ൟ അന്ന്യായപ്പെട്ട പറമ്പിന്നുള്ളതല്ല. ൟ കരപറമ്പ എന്ന പെരായിട്ട തന്നെ ഇതിന്റെ നെരെ വടക്ക ഒരു പറമ്പ ഉണ്ട. അതിൽ ൧൦൧൯ാമതിൽ ഉണ്ടാക്കിയ മൊടൻ പയ്യാവൂരി പെരിൽ പൈമാശി ചെയ്തിരിക്കുന്നു. ആയ്തു സമീപസ്ഥന്മാര മുതലായ്വരൊട വിസ്തരിച്ചാൽ തന്നെ വെടിപ്പായി തെളിയുന്നതാകുന്നു. ൪- ഞാൻ ബൊധിപ്പിച്ച രണ്ട സാക്ഷിക്കാരിൽ ഒരു സാക്ഷി അന്ന്യായഭാഗവും ഒരു സാക്ഷി ഒന്നും അറിയില്ലെന്നും പറഞ്ഞിരിക്കുന്ന പ്രകാരം തീൎപ്പിൽ പറയുന്നു. ഞാൻ ഹെഡപൊലിസാപ്പര അവൎകളൊട നാലദിവസത്തെ അനുവാദം വാങ്ങി ഒരാൾ മരിച്ച പൊയ നിമിത്തം കൊട്ടയത്ത പൊയിരുന്നപ്പൊൾ ആകുന്നു സാക്ഷി വിസ്തരിച്ചത. എന്റെ സാക്ഷി ആധാരങ്ങൾ ആ പുലകുളി അടിയന്തിരം കഴിഞ്ഞ മ

ടങ്ങി എത്തിയ ഉടനെ ഞാൻ തന്നെ ഹാജരാക്കാമെന്ന അപെക്ഷിച്ചത സമ്മതിച്ച പൊഴുത പിന്നെ സാക്ഷിക്കാരെ വരുത്തി ഇഷ്ടപ്രകാരം പറയിച്ചതാകുന്നു എന്ന മാത്രമല്ല. ൨-ാം സാക്ഷി ഞാൻ വിസ്താരത്തിൽ ബൊധിപ്പിച്ചതുമല്ല. ൩-ാം പ്രതി അന്യായഭാഗം ഗുണമായി പറഞ്ഞിരിക്കുന്നു എന്ന തീൎപ്പിൽ പറയുന്നു എന്റെ കൈവശമായി നടന്ന വരുന്ന മെപ്പടി പറമ്പ കൊവിലകം ജന്മമാക്കി കൈവശലാക്കാമെന്ന ദുൎമ്മൊഹം വിചാരിച്ച വരുന്ന അന്യായക്കാരുടെയും മറ്റും ഇഷ്ടം സാധിക്കെണ്ടതിലെക്ക പ്രതി ഭാഗം സന്മതം കൂടി ഉണ്ടെന്ന വരുത്താൻ യാതൊരു അവകാശമില്ലാത്ത കൊവിലകം കാൎയ്യസ്ഥന്റെ സ്വാധീനത്തിലിരിക്കുന്ന ചിലരെ കൂടി അന്യായത്തിൽ പ്രതിയാക്കി ചെൎത്ത അതിൽ ൩-ാം പ്രതിയെ കൊണ്ട മെൽ പ്രകാരം പറയിച്ചതാകുന്നു. ഈ കാൎയ്യത്തിൽ എനിക്ക സത്യം ചെയ്യാനും കെൾപ്പാനും മനസ്സുണ്ട. അതുകൊണ്ട ഈ എല്ലാ സംഗതികളും ദയയൊട കൂടി നൊക്കിയും ഞാൻ ഹാജരാക്കുന്ന സാക്ഷികളൊടും പറമ്പിന്റെ സമീപസ്ഥന്മാരൊടും ജന്മിയൊടും മറ്റും വെണ്ടുന്ന വിസ്താരം ചെയ്തും സത്യം അറിഞ്ഞ ന്യായരഹിതമായും പക്ഷമായും കല്പിച്ചിട്ടുള്ള താലൂക്ക തീൎപ്പ മാറ്റി ഞാൻ കീഴക്കടപ്രകാരം നടപ്പാൻ കല്പന ഉണ്ടായി സങ്കടം തീൎത്ത രക്ഷിക്കെണ്ടതിന്ന എത്രയും സങ്കടത്തൊട കൂടി അപെക്ഷിക്കുന്നു. എന്ന കൊല്ലം ൧൦൨൫മത തുലാമ സം ൩൩-.

൧൮൫൬മത ജൂൻമാസം ൧൮൩- കണ്ണൂര
പൊലീസാമിൻ കച്ചെരിയിൽനിന്ന കല്പിച്ച വിധി.
അന്യായം ചാമൻ.
പ്രതി
൧ കുറുവൻ മുതൽ ൬-ാൾ.

ഒതയമങ്ങലം കൊവിലകം വക കാവുന്താഴ എന്നെയും ചെറിയ നെല്ലിക്ക എന്നെയും നെല്ലിക്കാമൂല എന്നെയും പെരകളായ മൂന്ന നിലങ്ങളിൽ നാട്ടി പണിക്കായി കാലിപ്പൂട്ടുമ്പോൾ ൧൦൨൮മത എടവമാസം ൨൩-ക്ക ൧൮൫൭മത മെമാസം ൧൬൩- പകൽ പ്രതികൾ വന്ന എറകാലികൊത്തി അറുക്കയും പിടിച്ച തള്ളിഅടിക്കയും പണിവിരൊധിക്കയും ചെയ്തു എന്ന ജൂൻ ൬൩- അന്യായം.

അന്യായക്കാരൻ എടവം ൬൩- ഹെഡ അസിഷ്ടാണ്ട മജിസ്ത്രെട്ട സന്നിധാനത്തിങ്കൽ ബൊധിപ്പിച്ച ഹരജി പ്രത്ത വിസ്താരത്തിന്നായി കല്പനയൊട കൂടി എത്തി ഹരജിക്കാരൻ കണ്ണൊടി പറമ്പ അംശത്തിലിരിക്കുന്നവനാകയാൽ അവനെ വരു

ത്തി അയപ്പാനായി ഹരജി എത്തിയ അന്ന തന്നെ ചിറക്കതാലൂക്കിലെക്ക എഴുതി അയച്ച ജൂൻ ൩൰- കണ്ണാടി പറമ്പ അംശം അധികാരിയുടെ റിപ്പൊൎട്ടൊടുകൂടി എത്തിഅന്ന്യായം വാങ്ങിയ്യാകുന്നു. കലശൽ കുററവും അന്ന്യായക്കാരൻ നിലങ്ങൾ നടക്കുന്നതിലെക്കും തെളിവിലെക്ക കണ്ണാടിപറമ്പ അംശത്തിലിരിക്കുന്നവരായ ൨ സാക്ഷികളെ അന്ന്യായക്കാരൻ ബൊധിപ്പിച്ചു.

അവരൊട വിസ്താരിച്ചതിൽ നിലം നടപ്പിനെ കുറിച്ചു യാതൊന്നും അറിയില്ലുന്ന ബൊധിപ്പിച്ചു. കലശൽ കാൎയ്യത്തിൽ അവര അന്ന്യായക്കാരന ഗുണമായി പറയുന്നുണ്ടെങ്കിലും ആ വാക്ക പ്രതികളെ ശിക്ഷയിൽ ഉൾപ്പെടുത്താൻ മതിയായിട്ടുള്ളതും അല്ലാ.

അന്ന്യായക്കാരന്റെ മുഖ്യമായ വാദം കിഴക്കട കാരണവന്മാര നടന്നിരിക്കുന്ന അന്ന്യായപ്പെട്ട നിലങ്ങൾ ഇന്ന കാരണസ്ഥാനം തനിക്കാകകൊണ്ടും നിലത്തിന്റെ ജന്മിയായ ഒതയമങ്ങലം കൊവിലകം രാജാവ അവൎകളുടെ തിരുവെഴുത്തുംപ്പടിക്ക ഈ കൊല്ലം നിലങ്ങൾ തന്റെ കൈവശം വന്നിരിക്കകൊണ്ടും നിലത്തിൽ ഈ കൊല്ലം വിത്ത എറക്കിയത താനാകുന്നു എന്നും ആകുന്നു- കഴിഞ്ഞ കൊല്ലംവരെ അന്ന്യായപ്പെട്ട നിലങ്ങൾ കൈവശമുണ്ടായിരുന്ന കാരണവൻ അമ്പുട്ടി മരിച്ചതിന്റെ ശെഷം തനിക്ക വെറെ പ്രവൃത്തി ഉണ്ടായ നിമിത്തം അനന്തിരവനായ ൧-ാം പ്രതിയെകൊണ്ട നിലം നടത്തിച്ചു വന്നു എന്നും ഇതിൽ ഏതാൻ നിലം വെറെ കുടിയാന്മാര നടക്കുന്നവരിൽ ൧- ചാമൻ- ൨ കൊട്ടൻ- ൩ അമ്പു ഇവരെ കൊണ്ട ഒഴിപ്പിച്ചു വാങ്ങിരിക്കുന്നു എന്നും മററും അന്ന്യായക്കാരൻ അധികമായിം ബൊധിപ്പിച്ചിരിക്കുന്നു-

ഈ അവസ്ഥയാൽ കിഴക്കടയിൽ നിലം അന്ന്യായക്കാരൻ കൈവശം ഉണ്ടായിരുന്നില്ലെന്ന വ്യവസ്ഥവന്നു. അന്ന്യായക്കാരൻ ബൊധിപ്പിച്ച അസ്സൽ ആധാരങ്ങളുടെ പകൎപ്പുകൾ എടുത്ത ൧- മുതൽ ൫ വരെ നമ്പ്ര ഇട്ട വിസ്താരത്തിൽ ചെൎത്തു. ൧-ാം നമ്പ്ര ൧൦൨൭ മീനം ൧൩൩- അന്ന്യായപ്പെട്ട നിലങ്ങൾക്ക ൧൫൦ പണം കൊഴക്കാണം വാങ്ങി അന്ന്യായക്കാരന നടപ്പിന്നായി ജന്മി രാജാവവൎകൾ എഴുതികൊടുത്ത ആധാരവും ൨-ാം നമ്പ്ര അന്ന്യായക്കാരന്റെ കാരണവൻ കുഞ്ഞിക്കൻ മെപ്പടി നിലങ്ങൾ നടന്ന വന്നതിൽ ബാക്കിയുള്ള വാരം വകയിൽ ൨൫൦ എടങ്ങഴി നെല്ല അന്ന്യായക്കാരൻ കൊടുത്തതിന്ന കൊവിലകം കാൎയ്യസ്ഥൻ കണ്ണൊത്ത നമ്പി മെപ്പടി കൊല്ലം മാസം ൩൰- എഴുതി കൊടുത്ത പുക്ക ശീട്ടും ൩-ാം നമ്പ്ര അന്ന്യായപ്പെട്ട നെല്ലിക്കമൂല നിലത്തിൽനിന്ന ൫൦- നെല്ല വാരത്തിന്റെ നിലം അന്ന്യായക്കാരന്റെ കാരണവൻ അമ്പുട്ടി മത്തിക്ക നടപ്പിന കൊടുത്ത വ

ക ൨൭ലെ വാരം നെല്ല ഇന്ന അളവ തന്നിരിക്കുന്നു എന്നും നി
ലം ഒഴിഞ്ഞ തന്നെക്കാമെന്നും ൧൦൨൭ ചിങ്ങം ൨൩- എഴുതി കൊ
ടുത്ത ആധാരവും ൪ാം നമ്പ്ര ൩-ാം നമ്പ്രാധാരത്തിൽ പറയുന്ന
നിലത്തിൽനിന്ന ൩൦ നെല്ല വാരത്തിന്റെ നിലം നടന്ന വക
വാരം തുലാമാസം ഉള്ളന്നെ തന്നെക്കാമെന്നും നിലം നടക്കുന്ന
തിന്ന വിരൊധമില്ലെന്നും മെപ്പടി കൊല്ലം മാസം ൩-ൽ കൊട്ടൻ
അന്ന്യായക്കാരന എഴുതി കൊടുത്ത ആധാരവും- ൫-ാം നമ്പ്ര അ
ന്ന്യായപ്പെട്ട കാവുന്താഴ നിലത്തിൽ ൧൨൦ നെല്ല വാരത്തിന്റെ
നിലം നടന്നവക വാരം തുലാമാസം ഉള്ളന്നെ തന്നകൊള്ളാമെ
ന്നും നിലം നടക്കുന്നതിന്ന വിരൊധമില്ലെന്നും മെപ്പടി കൊല്ലം
മാസം ൩-ൽ അമ്പു അന്ന്യായക്കാരന എഴുതി കൊടുത്ത ആധാര
വും ആകുന്നു.

൧ാം നമ്പ്ര ആധാരത്താൽ അന്ന്യായപ്പെട്ട നിലങ്ങളിന്മെൽ
അന്ന്യായക്കാരൻ പുതിയ നടപ്പിന്ന പ്രവെശിച്ചത എന്ന വെ
ളിവായിരിക്കകൊണ്ട ആ ആധാരവും അതിനെ പററിയുള്ള ൨-ാം
നമ്പ്ര ആധാരവും ൩ മുതൽ ൫- വരെ നമ്പ്ര ആധാരങ്ങളും എഴു
തി കൊടുത്തവരായ മെൽ പെര കാണിച്ചവര ആ ആധാരങ്ങളാ
കട്ടെ അന്ന്യായക്കാരന്റെ അവകാശത്തെയാകട്ടെ അശെഷ
വും സമ്മതിച്ചിട്ടില്ലായ്കയാൽ അതകളും അന്ന്യായക്കാരന്റെ വാ
ദത്തിലെക്ക യാതൊരു ബലവും കൊടുക്കുന്നില്ലെന്ന തന്നെയ
ല്ലാ ൩- മുതൽ ൫- വരെ നമ്പ്ര ആധാരങ്ങൾ അന്ന്യായക്കാരൻ
ഫയലാക്കിയുംകൊണ്ട അതകളിൽ എഴുതി കാണുന്ന നിലങ്ങൾ
ആവക കുടിയാന്മാരക്ക നടപ്പുണ്ടെന്ന മുഖ്യമായി വിചാരിക്കെണ്ട
തും ആകകൊണ്ട ൧൦ം അവസ്ഥ അന്ന്യായക്കാരന്റെ വാദത്തി
ന്ന ദൊഷമായും വന്നിരിക്കുന്നു. ആദ്യം അന്ന്യായക്കാരൻ ഹെ
ഡ അസിഷ്ടാണ്ട മജിസ്ത്രെട്ടിൽ കൊടുത്ത ഹരജിയിൽ മുണ്ടെരി
അംശം അധികാരി പ്രതികൾക്ക പക്ഷമെന്ന പ്രസ്താപിച്ചത
കൊണ്ട ആയധികാരിയെ ഇതിൽ നിന്ന ഉപെക്ഷിച്ച അയൽ
അംശമായ എളയാപൂര അംശം അധികാരി ആ സ്ഥലത്ത പൊ
യി അന്ന്വെഷിച്ച റപ്പൊട്ട ചെയ്യാനും നിലത്തിന്റെ സമീപ
സ്ഥന്മാരെയും പ്രതിക്കാരെയും അയപ്പാനും അയച്ച കല്പനക്ക അ
ത പ്രകാരം നടന്ന അയാൾ ബൊധിപ്പിച്ച റപ്പൊട്ടും വിസ്താര
ത്തിൽ ചെൎത്തു. ആ റിപ്പൊട്ടിൽ അന്ന്യായപ്പെട്ട നിലങ്ങൾ ഒ
ന്നാം പ്രതിയുടെ കാരണവന്മാരും അവര മരിച്ചതിന്റെ ശെഷം
൧ാം പ്രതിയും കൊട്ടൻ മുതൽ ൪ാളും നടന്ന വരുന്നു എന്നും മ
റവും ആകുന്നു. ഇവരൊടും അധികാരി അയച്ച സമീപസ്ഥന്മാ
രൊടും ൧ാം പ്രതി കുറവനൊടും വിസ്തരിച്ചു. ൧ാം പ്രതി അന്ന്യാ
യക്കാരന്റെ വാദം ഒന്നും സമ്മതിച്ചിട്ടില്ലാ. കാരണവന്മാര മര
ക്കുന്നവരെ അവരും മരിച്ചതിൽ പിന്നെ താനും നടന്ന കൊവ

ചകം കാൎയ്യസ്ഥൻ നമ്പി വക്കൽ പാരം കൊടുത്ത വരുന്നു എന്നും കൊവിലകത്തനിന്ന നിലം നടപ്പിന കാരണവന കിട്ടിയ ആധാരം പുരവെന്ത പൊയ കൂട്ടത്തിൽ വെന്തപൊയി എന്നും പാരം കൊടുത്തതിന്ന കിട്ടിയ ശീട്ടുകൾ ഉണ്ടെന്നും- തന്റെ വാദം തെളിയിണ്ടതിലെക്ക അധികാരി അയച്ചവര തന്നെ സാക്ഷിയാണെന്നും ബൊധിപ്പിച്ചു. ഇതിൽ അമ്പുവും- തൊലനും അന്ന്യായത്തിലെ ൨-ം ൩-ാ പ്രതികളാകുന്നു അന്ന്യായപ്പെട്ടതിൽ കാവുന്താഴ നിലത്തിൽ ൧൨൫- നെല്ല പാരത്തിന്റെ നിലം ൧ാം പ്രതിയുടെ കാരണവൻ അമ്പുവൊട പാട്ടത്തിന്ന വാങ്ങി നടന്ന വരുന്നു എന്ന അമ്പുവും- ൧ാം പ്രതിയുടെ കാരണവൻ കുഞ്ഞിക്കന്നൊട നെല്ലിക്കാമൂല ൪൦ നെല്ല പാരത്തിന്റെ നിലം പാട്ടത്തിന്ന വാങ്ങി നടന്ന വരുന്നു എന്ന തൊലനും ചെറിയ നെല്ലിക്കാമൂല നിലത്തിൽ ൩൦ നെല്ലിന്റെ പാരം നിലം കുഞ്ഞിക്കന്നൊട പാട്ടത്തിന്ന വാങ്ങി നടന്നവരുന്നു എന്ന കൊട്ടനും നെല്ലിക്കാമൂല നിലത്തിൽ ൫൦ നെല്ല പാരത്തിന്റെ നിലം കുഞ്ഞിക്കന്നൊട വാങ്ങി നടന്ന വരുന്നു എന്ന മത്തിയും ബൊധിപ്പിക്കുന്നു- അയൽ കൃഷിക്കാരായ സാക്ഷികളുടെ വാക്ക ൧ാം പ്രതിയുടെയും ശെഷം ൭രം പെര കാണിച്ച നാല ആളുകളെയും വാദത്തിന്ന തെളിവായിട്ടും ആകുന്നു. ൧ാം പ്രതി ൮- ആധാരങ്ങൾ കാണിച്ചതിന്റെ പകൎപ്പുകൾ എടുത്ത വഴിക്ക വഴിനമ്പ്രിട്ട ൭രം വിസ്താരത്തിൽ ചെയ്തു അതിൽ ൧ാം നമ്പ്ര അന്ന്യായപ്പെട്ട നിലങ്ങളുടെ ശീലകാശ കൊടുത്ത വകയിൽ ൮ll ഉറപ്പികബൊക്കിയുള്ളതിന്ന ഒരു തുലാം പഞ്ചസാര കൊണ്ടെ തന്ന തിരിയെ വാങ്ങികൊള്ളാമെന്ന ഉമ്പ്രയിൽ ൧൦൧൭ കന്നി ൧൮ന- എഴുതികൊടുത്ത കച്ചീട്ട തിരിയെ വാങ്ങീട്ടുള്ളതും ശെഷം ൨- മുതൽ ൮- വരെ നമ്പ്ര ആധാരങ്ങൾ പാരം കൊടുത്തതിന്ന കിട്ടിയ പുക്ക ശീട്ടുകളും ആകുന്നു ഇതിൽ ൧ാം പ്രതി പ്രത്യെകമായി പാരം പുക്കിച്ചതിന്ന ഒരു ശീട്ടകാണുന്നില്ലാ. കഴിഞ്ഞ കൊല്ലം നിലം നടന്നിട്ടുള്ളത ഒന്നാം പ്രതിയാണെന്ന അന്ന്യായക്കാരൻ താൻ തന്നെ സമ്മതിക്കുന്നതിനാൽ ൧ാം പ്രതിയുടെ വാദത്തിന്ന മെൽ കാണിച്ച തെളിവുകളുടെ പുറമെ അധികമായ ബലം സിദ്ധിച്ചതകൊണ്ടെ പ്രത്യെകമായി ഒരു ശീട്ട കാണിക്കാത്തതിനെ കുറിച്ച അവന്റെ അവകാശത്തിന്ന ഒരു ന്യൂനത കല്പിക്കാൻ പാടുള്ളപൊലെ തൊന്നുന്നില്ലാ- ഒന്നാം പ്രതിയുടെ കാരണവന്മാര മരിച്ചതിന്റെ ശെഷം അന്ന്യായപ്പെട്ട നിലങ്ങളും മററും നടന്ന അനുഭവിച്ച വരുന്നതും ൭രം കൊല്ലം സകല പ്രവൃത്തിയും എടുത്ത നിലങ്ങളിൽ വിള എറക്കിട്ടുള്ളതും ഒന്നാം പ്രതിയും മെൽ പെരകാണിച്ച തൊലൻ മുതൽ ൪ാളും ആകുന്നു എന്നും അന്ന്യായക്കാരൻ ഒരിക്കലും നിലം നടന്ന വന്നീട്ടില്ലെന്നും അന്ന്യായക്കാരൻ ഭാഗം ഇതിൽ

ലെശമാത്രവും സത്ത്യമില്ലെന്നും പൊലീസ്സാമീൻ പലമുഖെനയും ചെയ്തു അന്ന്വെഷണെത്താലും അറിഞ്ഞിരിക്കുന്നു. മെൽ പ്രകാരം നെരില്ലാത്ത കാൎയ്യത്തിൽ മുണ്ടെരി അധികാരിയുടെ മെൽ അന്ന്യായക്കാരൻ ആദ്യത്തെ ഹരജിയിൽ പ്രസ്ഥാപിച്ചിട്ടുള്ള വാക്ക നെരല്ലെന്നും ആയധികാരി ന്ന്യായരഹിതമായി ഇതിൽ യാതൊന്നും നടത്തിയ പ്രകാരം കണ്ടിട്ടില്ലായ്കകൊണ്ടു ആയവസ്ഥയും ഇവിടെ പ്രസ്ഥാപിക്കെണ്ടത ആവിശ്യമായിരിക്കുന്നു. കൊവിലകം കാൎയ്യസ്ഥനൊട വിസ്തരിച്ച ൟ കാൎയ്യം തീൎച്ചയാക്കാമെന്ന വിചാരിച്ച ആ കാൎയ്യസ്ഥനെ ഹാജരാക്കി തരാനായി ആദ്യത്തെ ഹരജി കല്പന ഒന്നിച്ച വന്ന മുതൽക്കെ ൟ കച്ചെരിയിൽ നിന്ന താലൂക്ക മുഖാന്തരം ചെയ്തു പ്രയത്നം ഇതവരെ സഫലമായിട്ടില്ലാ. ഒന്നാം പ്രതിയുടെ വാദത്തിന്ന സംശയമില്ലായ്കകൊണ്ടു ആ കാൎയ്യസ്ഥൻ അന്ന്യായക്കാരന ഗുണം പറഞ്ഞാലും ആയ്തു സ്വീകരിക്കാൻ ൟ കച്ചെരിക്ക അഭിപ്രായമില്ലായ്കകൊണ്ടു അതിന വെണ്ടി ഇനിയും നമ്പ്ര നിൎത്തി വെക്കുന്നത അനാവിശ്യമെന്ന തൊന്നിരിക്കുന്നു. ആ കാൎയ്യസ്ഥന്റെ സങ്ങതിയെ കുറിച്ചും കണ്ണാടി പറമ്പ അഴീക്കൊട അധികാരികളുടെ മെൽ കണ്ടു തെറ്റുകൾക്ക ചെയ്തു ആക്ഷെപത്തിന്ന വരുത്തിയ സമാധാന റിക്കാൎട്ടുകൾ ഇതിൽ ചെൎത്ത വെച്ചിരിക്കുന്നു, ആ വക അധികാരികൾ പറഞ്ഞടത്തൊളമുള്ള സമാധാനം വിശ്വസിക്കെണ്ടതല്ലെന്നും അവൎക്ക അല്പമായ പിഴ കല്പിച്ച ഉപെക്ഷയെ നിൎത്തൽ ചെയ്യെണ്ടത ആവിശ്യമെന്ന ൟ കച്ചെരിക്കുണ്ടായ അഭിപ്രായം ൟ കടലാസ്സുകൾ മെലധികാരത്തിൽ കാണുമ്പൊൾ തീൎച്ച വരുമെന്നും അവര ൟ കച്ചെരിക്ക ചെൎന്ന അധികാരത്തിൽ ഉൾപ്പെട്ടവരല്ലാത്തത വിചാരിച്ചും പ്രത്യെകമായി റപ്പൊൎട്ട ചെയ്യാനാവിശ്യമില്ലെന്നും കണ്ടിരിക്കുന്നു. ൟ സങ്ങതികളാൽ അന്ന്യായം നീക്കി പിടിച്ച പ്രതികളെ വിട്ടയപ്പാനും അന്ന്യായപ്പെട്ട നിലങ്ങൾ ൨ാം പ്രതിയും അവന്റെ കയ്ക്കു മെൽ വിവരം കാണിച്ചകൊട്ടുൻ മുതൽ നാലാൾ നടന്ന വരുന്നതിൽ അന്ന്യായക്കാരൻ യാതൊരു തകരാറിന്നും പൊകരുതെന്നും പൊയാൽ ശിക്ഷക്കുൾപ്പെടുത്തുമെന്നും കല്പിച്ചു.

ഹെഡ അസിഷ്ടാണ്ടു മജിസ്ത്രെട്ടിലെക്ക

ചിറക്കതാലൂക്ക കണ്ണാടിപറമ്പ അംശത്തിൽ ചാമൻ ബൊധിപ്പിക്കുന്ന അപ്പീൽ ഹരജി. പ്രതി ൧ കുറുവൻ മുതൽ ൯ാളെ മെൽ പ്രതിക്കാര എന്റെ നടപ്പായ കാവുന്താഴ മുതൽ ൩ നിലങ്ങളിൽ ബലമായി കയ്യെറി തകരാറും കലശലും ചെയ്തു സങ്ങതിക്ക ൧൮൫൩ ജൂൻ ൯൩- ഞാൻ ബൊധിപ്പിച്ച അന്ന്യായം കണ്ണൂര

പൊലീസ്സാമീൻ വിസ്തരിച്ച പൊലീസ്സ കാൎയ്യം തെളിവില്ലെന്ന
വെച്ച നീക്കിയും നിലങ്ങൾ ഒന്നാം പ്രതിയും അവന്റെ കയ്യാ
കൊട്ടൻ മുതൽ നാലാളും നടപ്പാനായി ൨൰ ജൂൻ ൧൮൫൩- കല്പിച്ച
തീൎപ്പ തെളിവിന്നും സത്യത്തിന്നും കെവലംവിരൊധമാകകൊണ്ട
ആയത മാററാനുള്ള സങ്ങതികളെ ബൊധിപ്പിക്കുന്നു. ൧ ആദ്യം
എന്റെ ഭാഗം വിസ്തരിച്ച ൨ സാക്ഷികളാൽ കലശൽ കുററം പൂ
ൎണ്ണമായ തെളിവുണ്ട. ആയത തീൎപ്പിൽ തന്നെ സമ്മതിച്ചിരിക്കു
മ്പൊൾ കലശൽ കാൎയ്യത്തിൽ പ്രതികളെ ശിക്ഷയിൽ ഉൾപ്പെടു
ത്താതെ ഇരുന്നത ഒട്ടും ന്യായമായീട്ടില്ല. ൨ മെപ്പടി സാക്ഷികൾ
നിലം നടപ്പ കാൎയ്യം അറിയുന്നവരല്ലാ. ആ ഭാഗം തെളിവിലെക്കു
ള്ള എന്റെ സാക്ഷികളെ ഞാൻ ഹാജരാക്കീട്ട വിസ്തരിക്കാതെ നി
ലംനടപ്പ സങ്ങതിയാതൊന്നും അറിയാത്തെ എന്റെ സാക്ഷിക
ളൊട ആ ഭാഗം ന്യായത്തെ കുറിച്ച ചൊദ്യം ചെയ്തീട്ടുണ്ടെങ്കിൽ
ആയത ശെരിഅല്ലാ- ആ സാക്ഷികൾ നിലം നടപ്പകാൎയ്യം അ
റിയുമെന്ന ഞാൻ സമ്മതിച്ചീട്ടും ഇല്ലാ. ൩ വാദിക്കുന്ന നിലങ്ങൾ
എന്റെ കാരണവര അമ്പുട്ടി എന്നവര ൧൦൨൭ കുംഭത്തിൽ മരി
ക്കുന്നവരെ അവരും മരിച്ചതിന്റെ ശെഷം കാരണവരെകയ്യാ
ൽ ൟ നിലങ്ങൾ നടന്ന വന്നിരുന്ന കുടിയാൻമാരെ കൊണ്ട ഒ
ഴിപ്പിച്ച മൎയ്യാദപ്രകാരം ഒഴിമുറി വാങ്ങി നിലങ്ങളുടെ ജന്മിയായ
ഉദയമങ്ങലം കൊവിലകം തമ്പുരാൻ എഴനെള്ളിയെടത്തുക്കു കാ
രണവര കൊടുപ്പാനുള്ള കീഴക്കട ബാക്കിയും ൧൨ll ഉറുപ്പിക ശീ
ലകാശ്ശും ൧൫൦- പണം കൊഴക്കാണവും കൊടുത്ത തിരുവെഴുത്ത
വാങ്ങി അന്ന മുതൽ അന്ന്യായംവരെ യാതൊരു വാദവും കൂടാ
തെ ഞാൻ നടന്ന ൟ കൊല്ലത്തിൽ സകല പ്രവൃത്തികളും ഞാ
ൻചെയ്യ വിത്ത എറക്കിരിക്കുന്നു. ൪-വാദിക്കുന്ന നിലങ്ങളിന്മെൽ
൧ാം പ്രതിക്കാകട്ടെ അവന്റെ കയ്യാ തീൎപ്പിൽ പറയുന്ന കൊട്ടൻ
മുതൽ ൪ാൾക്കാകട്ടെ-ഇതവരെ യാതൊരു അവകാശവും കീഴക്കട
നടപ്പും ഇല്ലാ. അവക്ക ഗുണമായി എളയാപ്പൂര അംശം അധികാ
രി വല്ല റപ്പൊൎട്ടും അയച്ചീട്ടുണ്ടെങ്കിൽ ആയതും വിശ്വാസയൊ
ഗ്യമല്ലാ ആയത ജന്മിയായ തമ്പുരാൻ എഴനെള്ളിയെടത്തൊട അ
ന്ന്വെഷിച്ചാൽ വ്യക്തമായി തെളിയുമെന്ന ഞാൻ ബൊധിപ്പി
ച്ച അപെക്ഷയെ ആമീൻ സ്വീകരിക്കാതെ ഇരുന്നതും ശെരിയാ
യീട്ടില്ലാ. ൫- ൧ാം പ്രതിയുടെ കയ്യാ നിലം തങ്ങളെ കൊണ്ട നടത്തി
ച്ച കൊടുക്കെണമെന്ന മെപ്പടി കൊട്ടൻ മുതൽ ൪ാളുടെ അപെക്ഷ
യില്ലാത്തെ ൟ കാൎയ്യത്തിൽ അവര നടപ്പാനായി വിധികല്പിച്ചതും
അക്രമമാണെന്ന പറയെണ്ടി വന്നിരിക്കുന്നു. ൬- കഴിഞ്ഞകൊ
ല്ലം നിലം ൧ാംപ്രതി നടന്ന വന്നു എന്ന ഞാൻ സമ്മതിച്ചപ്രകാ
രം തീൎപ്പിൽ പറയുന്നത ശുദ്ധമെ നെരകെടും ആയത ൧ാം പ്ര
തിക്ക ഗുണമായി ഒരു വിധി കൊടുപ്പാനും എന്നെ സങ്കടപ്പെടു

ത്താനും വെണ്ടി പറയുന്നതും ആകുന്നു. അങ്ങിനെ ഞാൻ ഒരു
കാലത്തും സമ്മതിക്കുന്നതും അല്ലാ. ൭-മുണ്ടെരി അംശം അധികാ
രി പ്രതിക്കാരുടെ പക്ഷമാകയാൽ അയാളെ സഹായബലത്താ
ൽ സമീപസ്ഥന്മാരെ വശത്താക്കി എന്റെ ഭാഗം ദൊഷമായി
പല്ലതും പറയിച്ചിട്ടുണ്ടെങ്കിൽ ആയതും പ്രമാണിക്കെണ്ടതല്ലെ
ന്ന എന്റെ ഭാഗമുള്ള മുഖ്യമായ രെഖകളാലും മറ്റും ബൊദ്ധ്യം
വരുന്നതാകുന്നു. അധികാരി ൟ കാൎയ്യത്തിൽ പക്ഷമായി യാ
തൊന്നും നടത്തീട്ടില്ലെന്നും അന്വെഷണത്തിൽ എന്റെ വാദം
നെരല്ലെന്ന വ്യക്തമായിരിക്കുന്നു എന്നും തീൎപ്പിൽ പറയുന്നത
അശെഷം നെരല്ലെന്ന തന്നെ അല്ലാ. ആയതും ഒന്നാം പ്രതിക്ക
ഗുണമായി തീൎപ്പ കൊടുപ്പാൻ വെണ്ടി പറയുന്ന അഭിപ്രായമാ
കകൊണ്ട ഇത ഒക്കെയും സന്നിധാനത്തിങ്കലെ ആലൊചന
യാൽ തള്ളിപൊകുന്നതും ആകുന്നു. ൨- നിലം നടപ്പ കാൎയ്യത്തി
ൽ എന്റെ വാദപ്രകാരം ഇനിക്ക സത്യം ചെയ്വാനും അല്ലെ
ങ്കിൽ ൨ാം പ്രതിയുടെ വാദപ്രകാരം അവൻ സത്യം ചെയ്താൽ
കെട്ട എന്റെ വാദം ഉപെക്ഷിപ്പാനും രണ്ടിനും ഇപ്പൊഴും ഇ
നിക്ക സമ്മതവും അതിനാൽ കക്ഷിക്കാൎക്കും കച്ചെരിക്കും അ
ദ്ധ്വാനം കൂടാതെ കാൎയ്യം അവസാനിപ്പാൻ കഴിയുന്നതും ആകു
ന്നു. മെൽ സങ്ങതികളാൽ ൟ കാൎയ്യത്തിൽ ഉണ്ടായ കീഴക്കട ദ
സ്താവെജുകളും തമ്പുരാൻ എഴുന്നെള്ളിയെടത്തെക്ക കത്തയച്ച മറു
പടി വരുത്തിയും ൟ സങ്ങതികളും നൊക്കി അപെക്ഷ പ്രകാ
രം സത്യത്തിന്മെൽ കാൎയ്യം അവസാനിപ്പിച്ചീട്ടൊ- ആവിശ്യമു
ണ്ടെങ്കിൽ നിലം നടപ്പ കാൎയ്യത്തിൽ എന്റെ ഭാഗം ഇനിയും ഉ
ള്ള തെളിവ വാങ്ങിട്ടൊ വിസ്തരിച്ച വിധിമാറ്റി നിലങ്ങൾ കീഴക്ക
ട പ്രകാരം ഞാൻ തന്നെ നടപ്പാനും പൊലീസ്സ കാൎയ്യത്തിൽ
തെളിവ പ്രകാരം പ്രതികളെ തക്കതായ ശിക്ഷയിൽ ഉൾപ്പെടു
ത്താനും കല്പന ഉണ്ടാവാൻ അപെക്ഷിക്കുന്നു. എന്ന ൧൦൨൪
മിഥുനം ൩൦ന്നു

വള്ളുവനാട താലൂക്ക ഹെഡപൊലീസാപ്സര കൊല്ലം———
൧൦൨൯ മത മെയി മാസം ൨൭ന്നു- കല്പിച്ച യാദാസ്ത.

അന്യായം ദാമൊദരൻ നമ്പൂതിരി.

പ്രതി ഇട്ടിരാരിച്ചൻ നായര.

അന്യായക്കാരന്റെ ജന്മം മെലാറ്റൂര അംശം എടയാറ്റൂരദെ
ശത്ത പൊയിലിൽതൊടിക കുടിയിരുപ്പ പറമ്പത്തനിന്ന കൊ
ല്ലം ൧൦൨൮മത മെടമാസം ൨൨ന്നു-ക്ക ൧൮൨൯ാമത മെയിമാസം
൩ന്നു- ബുധനാഴിച്ച രാവിലെ മെപ്പടി പറമ്പിൽ ഉള്ള തെക്കും

കൂട്ടത്തിൽനിന്ന ഒരു ഉറുപ്പിക വിലക്കുള്ള ഒരു തെക്കമരം പ്രതി
ക്കാരൻ ബലമായി മുറിപ്പിക്കയും വിരൊധിച്ചപ്പൊൾ വാക്കെ
റം പറകയും ചെയ്തപ്രകാരം അന്ന്യായം. ൟ കാൎയ്യത്തിന്ന അ
ന്ന്യായക്കാരൻ മെയി ൯ന്നു- ഹാജരായി ഹരജി ബൊധിപ്പിക്ക
യാൽ സംഗതി അന്വെഷിച്ച ബൊധിപ്പിപ്പാനും അന്ന്യായം
പ്രതിസാക്ഷികളെ അയപ്പാനും മരം കൊണ്ടപൊകാതെ, ഇരി
പ്പാൻ ബന്തൊവസ്ത ചെയ്യെണ്ടതിന്നും ഹരജിപ്രത്ത അന്ന ത
ന്നെ മെലാറൂര അംശം അധികാരിക്ക താക്കീത അയച്ചു. അധി
കാരി അന്വെഷിച്ച വിവരം മറുപടി ഒന്നിച്ച അന്ന്യായം പ്രതി
കളെയും ൧-ം ൨-ം സാക്ഷികളെയും സ്ഥലത്തിന്റെ സ്ഥിതിവിവ
രം ചിത്രകടലാസ്സും അയച്ച മെയി ൧൫ന്നു- എത്തി അവരൊട
മെയി ൨൧ന്നു- വിസ്തരിക്കയും വാദിക്കുന്ന പറമ്പിൽ മെയി
൨൪ന്നു- ഞാൻ ചെന്ന നൊക്കുകയും അന്വെഷിക്കയും ൩- മുതൽ
൧൦വരെ സാക്ഷികളെ താലൂക്കിൽ ഹാജരാക്കാനായി കല്പിക്കയും
ചെയ്തു മടങ്ങി പൊരികയും ആ സാക്ഷികളെ മെയി ൨൭ന്നു- ഹാ
ജരാക്കി അവരൊടും വിസ്തരിക്കയും അന്ന്യായക്കാരൻ കാണി
ച്ച ആധാരങ്ങളുടെ പകൎപ്പ വാങ്ങി വിസ്താരത്തിൽ ചെൎക്കയും
ചെയ്തു. വിസ്താരത്തിൽ അന്ന്യായത്തിൽ പറയുന്ന പറമ്പ ൧-ാം
സാക്ഷിയൊട താൻ ൧൦൨൬ൽ ജന്മം വാങ്ങി തന്റെ കൈവശം
വരികയും ൩-ാം സാക്ഷിക്ക ൨൨ പണത്തിന്ന ചാൎത്തികൊടുത്ത
അയാൾ അതിൽ ഒര പുരകയററി പാൎക്കുന്നുണ്ടെന്നും അന്ന്യാ
യക്കാരനും അന്ന്യായത്തിൽ പറയുന്ന പറമ്പിൽ തെക്കുംകാട ഉ
ള്ള സ്ഥലം തന്റെ പുരാതന ജന്മമാണെന്നും ഒരു തെക്കുമരം മുറി
പ്പിച്ചിട്ടുണ്ടെന്നും പറമ്പിന്ന ആധാരം ഒന്നും ഇല്ലെന്നും മറവും
പ്രതിക്കാരനും- അന്ന്യായത്തിൽ പറയുന്ന പറമ്പത്ത നിന്ന പ്ര
തിക്കാരൻ ഒരു തെക്കമരം മുറിപ്പിക്കുന്നത കാണുകയും അന്ന്യാ
യക്കാരനെ വാക്കെററം പറയുന്നത കെൾക്കയും ചെയ്തിരിക്കുന്നു
എന്നും പറമ്പ അന്ന്യായക്കാരൻ കൈവശമാണെന്നും അന്ന്യാ
യം വക ൧-ം ൨-ം സാക്ഷികളും- പൊയിലിൽ പറമ്പിൽ തെക്കും
കാട നിൽക്കുന്ന സ്ഥലം പ്രതിക്കാരന്റെ പുരാതന ജന്മമെന്ന
കെട്ടിരിക്കുന്ന പ്രകാരവും അതിന്റെ തെക്ക ഭാഗം ഇരിങ്ങാല
പള്ളി നമ്പൂതിരി ജന്മം മെലെ പൊയിലിൽ തൊടിക ൯ം പ
ണം കാണമായി ചാൎത്തി വാങ്ങി പുരകയററി പാൎത്തുവരുന്ന പ്ര
കാരവും അന്ന്യായക്കാരനൊട ചാൎത്തിവാങ്ങിട്ടില്ലെന്നും ൩-ാം
സാക്ഷിയും- അന്ന്യായത്തിൽ പറയുന്ന പൊയിലിൽ തൊടിക
കുടിയിരിപ്പ പറമ്പ പ്രതിക്കാരന്റെ ജന്മമാണെന്നും ൧൦൧൪ൽ
കയ്യുള്ളി സത്രം സമൂഹക്കാര രണ്ട കുററി തെക്കമരം വാങ്ങിട്ടിരു
ന്നത ൧൦൧൯ാമതിൽ താൻ ഊരിച്ച കൊണ്ട പൊന്നിട്ടുണ്ടെന്നും
തെക്ക കൂടാതെ വല്ല അനുഭവങ്ങളും ഉണ്ടൊ എന്നും അത ആര

എടുത്തുവരുന്നു എന്നും അതിര വിവരവും അറിയീല്ലെന്നും പ്രതിവക ൪ാം സാക്ഷിയും- പൊയിലിൽ തൊടിക എന്നും തെക്കുംകാട എന്നും പറയുന്ന പറമ്പ കൊണ്ടാണ വാദിക്കുന്നത എന്നും ആയത പ്രതിക്കാരന്റെ ജന്മമെന്ന കെൾക്കയും ൧൦൨൫ൽ രണ്ടു കുററി തെക്കമരം പ്രതിക്കാരന വിലകൊടുത്ത വാങ്ങുകയും ചെയ്തിട്ടുണ്ടെന്നും പറമ്പിന്റെ വടക്കും പടിഞ്ഞാറും അതിര മാത്രമെ അറിവുള്ളു എന്നും തെക്ക കൂടാതെ പിലാവും മററും ഉണ്ടെന്നും അതിലെ അനുഭവങ്ങൾ പ്രതിക്കാരൻ എടുത്ത വരുന്നു എന്നും ൫ാം സാക്ഷിയും- പറമ്പ പ്രതിക്കാരന്റെ ജന്മവും അയാൾ കൈവശവും ആകുന്നു എന്നും കൊല്ലം നിശ്ചയമില്ലാ ൩ കുററി തെക്ക തനിക്ക തന്നിട്ടുണ്ടെന്നും തെക്ക നിൽക്കുന്ന പറമ്പിൽ വെറെ വൃക്ഷങ്ങൾ ഒന്നും ഉള്ളപ്രകാരം തൊന്നുന്നില്ലെന്നും ൬ാം സാക്ഷിയും- പറമ്പ പ്രതിക്കാരന്റെ പുരാതന ജന്മമാണെന്നും പ്രതിക്കാരന്റെ കാരണവര തെയ്യുണ്ണിനായരൊട തന്റെ കാരണവര കാണവകാശമായി ൧൦൧൩ൽ എഴുതി വാങ്ങി നടന്നിരുന്നു എന്നും ൨൩ലൊ- ൨൪ലൊ- പണം തന്ന ഒഴിമുറികൊടുത്തിരിക്കുന്നു എന്നും രണ്ടു കുററിമരം തനിക്ക പ്രതിക്കാരൻ തന്നിട്ടുണ്ടെന്നും പറമ്പിന്റെ അതിര അറിയുമെന്നും പെരറിയില്ലെന്നും ൭ാം സാക്ഷിയും- അന്ന്യായത്തിൽ പറയുന്ന പറമ്പ ൧൦ാം സാക്ഷിയൊട അന്ന്യായക്കാരൻ ജന്മം വാങ്ങി അന്ന്യായക്കാരൻ കൈവശമാണെന്നും മററും ൮-ം ൯-ം സാക്ഷികളും- പറമ്പ തന്റെ ജന്മമായിരുന്നു എന്നും ൧൦൨൬ വൃശ്ചികമാസത്തിൽ താൻ അന്ന്യായക്കാരന ജന്മം കൊടുത്തിരിക്കുന്നു എന്നും പ്രതിക്കാരന അതിന്മെൽ യാതൊരവകാശമില്ലെന്നും മററും ൧൦ാം സാക്ഷിയും പറഞ്ഞിരിക്കുന്നു. ൟ കാൎയ്യത്തിന്റെ വിസ്താരത്താൽ അന്ന്യായത്തിൽ പറയുന്ന പറമ്പ ൧൦ആം സാക്ഷിയൊട അന്ന്യായക്കാരൻ ജന്മം വാങ്ങി അന്ന്യായക്കാരന്റെ കൈവശം വന്ന ൩-ാം സാക്ഷിക്ക ചാൎത്തികൊടുത്ത ആ സാക്ഷി അതിൽ പുരകയററി പാൎത്തുവരുന്നപ്രകാരം അന്ന്യായക്കാരനും ൧-ം ൨-ം ൮-ം ൯-ം സാക്ഷികളും പറഞ്ഞും അന്ന്യായക്കാരൻ കാണിച്ച ലക്ഷ്യങ്ങളാലും കണ്ടിരിക്കുന്നു. അന്ന്യായത്തിൽ പറയുന്ന പറമ്പിന്റെ വടക്കെ തല ഏതാനും സ്ഥലം മാത്രം പ്രതിക്കാരനുള്ളതാണെന്നും അതിന്ന ചില ലക്ഷ്യം ഉണ്ടെന്നും പറഞ്ഞ കാരണന്നതിന്ന ലക്ഷ്യങ്ങൾ ഹാജരാക്കാൻ പറഞ്ഞതിന്റെ ശെഷം ഹാജരാക്കീട്ടില്ലാ അന്ന്യായക്കാരന ജന്മം കൊടുത്ത ൧൦ാം സാക്ഷിക്ക അവിടെ ഏതാനും സ്ഥലം ഉണ്ടെന്നും അത ഒഴിഞ്ഞ കൊടുത്തു എന്നും പ്രതിക്കാരൻ അധികാരിയൊട പറഞ്ഞ പ്രകാരം അധികാരിയുടെ റപ്പൊൎട്ടിൽ കാണുന്നു. അങ്ങിനെ പ്രതി ഭാഗം സാക്ഷിക്കാര പറയുന്നില്ലാത്തത കൂടാതെ പ്രതിസാക്ഷിക

ം ദൂരസ്ഥന്മാരായും അവര പറഞ്ഞ വാക്കുകൾ അന്ന്യോന്ന്യവി
ത്ത്യാസങ്ങളായും കാണുന്നതിനാൽ ആ സാക്ഷി വാക്ക നെരാ
യിട്ടുള്ളത എന്നും പ്രമാണിക്കെണ്ടതാണെന്നും കണ്ടിട്ടില്ലാ. അ
ന്ന്യായം വക ൩-ാം സാക്ഷിക്ക പാൎത്തികൊടുത്ത നടന്നവരു
ന്നതാണെന്ന അന്ന്യായക്കാരൻ പറയുന്നത ആ സാക്ഷി സ
മ്മതിക്കാതെ തെക്കുംകാട ഉള്ള സ്ഥലം പ്രതി കൈവശംമന്നും
ശെഷം വെറെ ആളൊട താൻ വാങ്ങിയ്യാണെന്നും പറയുന്ന
ത നെരല്ലെന്നും ആ സാക്ഷി പ്രതിക്കാരന്റെ മകനാകകൊണ്ട
പ്രതി ഭാഗം നിന്ന വ്യാപ്തിയായി പറഞ്ഞതാണെന്നും കണ്ടി
രിക്കുന്നു വെറെ ആളൊട വാങ്ങിയ്യാണെന്ന ആ സാക്ഷി പ
റഞ്ഞിട്ടുള്ളതിന്ന ആധാരം കാണിച്ചിട്ടില്ലാ ആ സാക്ഷി അന്ന്യാ
യക്കാരന എഴുതികൊടുത്തിട്ടുള്ള മിച്ചാര കച്ചീട്ട അന്ന്യായക്കാര
ൻ കാണിക്കയും ചെയ്യിരിക്കുന്നു. ആ സ്ഥലത്ത ചെന്ന അ
ന്ന്യെഷണം ചെയ്യതിൽ അന്ന്യായത്തിൽ പറയുന്ന പറമ്പ
അന്ന്യായക്കാരൻ പറയുന്ന പ്രകാരം ഒന്നായിട്ടുള്ളതും അത മു
മ്പെ ൧൦ാം സാക്ഷിയുടെ കാരണവനൊട പ്രതിക്കാരന്റെ കാ
രണവൻ വെറുമ്പാട്ട അവകാശമായി വാങ്ങി നടന്ന വന്നിരു
ന്നു എന്നും ആ എടവാട പ്രതിക്കാരനുമായി ൧൦൨൩ൽ തീൎത്ത
വാങ്ങി ൧൦൨൭ൽ അന്ന്യായക്കാരന ജന്മം കൊടുത്ത അന്ന്യായ
ക്കാരൻ കൈവശം നടന്ന വരുന്നതാണെന്നും ജന്മിയായ ൧൦ാം
സാക്ഷി ൟ സ്ഥലത്തനിന്ന കുറെ ദൂരമായ ചെമ്പ്രെരി അംശ
ത്തിൽ ഭാൎയ്യവീട്ടിൽ കുറെ കാലമായി പാൎത്ത ൟ സ്ഥലത്ത അ
ന്ന്യെഷണം ഇല്ലാതെ ഇരുന്ന കാലം അതിലെ തെക്കമരങ്ങൾ
ആ പറമ്പിൽ പാൎത്തിരുന്ന പ്രതിക്കാരൻ തന്റെ മനസ്സ പ്രകാ
രം ഒരൊരുത്തൎക്ക കൊടുത്ത വന്നിരുന്നു എന്നും അത പ്രമാണി
ച്ച പ്രതിക്കാരന്റെ ജന്മമെന്ന സാക്ഷിക്കാര പറവാനും സമീ
പസ്ഥനായിരിക്കുന്ന അന്ന്യായക്കാരൻ ജന്മം വാങ്ങിയ്യിന്റെ
ശെഷം ൟ പറമ്പിന്മെൽ പ്രതിക്കാരന പ്രവെശിപ്പാൻ പാടി
ല്ലാതെ വന്നതിനാൽ പ്രതിക്കാരനും ആ ഭാഗം സാക്ഷിക്കാരാ
യവരും തമ്മിൽ ഒത്ത മരങ്ങൾ മുറിച്ച എടുക്കെണ്ടുന്ന താല്പൎയ്യ
ത്തിൽ തെക്കുള്ള സ്ഥലത്തിന്ന തെക്കുംകാട എന്നനൂതനമായി ഒ
ര പെര ഉണ്ടാക്കി തന്റെ കൈവശമാക്കികൊള്ളാൻ വെണ്ടി ത
ന്റെ ജന്മമെന്നും ജന്മികൾ മരം കൊടുത്തവരുന്ന ക്രമമാകയാ
ൽ മരം കൊടുത്തതായി ചില ലക്ഷ്യങ്ങളും ഉണ്ടാക്കി അന്ന്യായ
ത്തിൽ പറയുംപ്രകാരം ഒരു മരം വെട്ടിയ്യും അപ്പൊൾ അന്ന്യാ
യക്കാരൻ ചെന്ന വിരൊധിച്ചാറെ അക്രമമായി വാക്കുകൾ പറ
ഞ്ഞാതാണെന്നും അറിഞ്ഞിരിക്കുന്നു. ജന്മിയുടെ അന്ന്യെഷണം
ഇല്ലാതെയും പ്രതി കൈവശമായി ഇരുന്നിരിന്നെയും കാലത്തി
ൽ അവന്റെ മനസ്സ പ്രകാരം പ്രവൃത്തിച്ചിരിക്കുന്നത പ്രമാണി

ച്ച അവനെൻറതാണെന്ന പറവാൻ പാടില്ലാ- അതുകൊണ്ട അ
ന്യായക്കാരൻ കൈവശമുള്ള പറമ്പത്തിന്നിന്ന പ്രതിക്കാരൻ ബ
ലമായി മരം മുറിപ്പിക്കയും അക്രമമായി പറകയും ചെയ്ത കുററ
ത്തിന്ന ൧൮൨൨ാമതിലുണ്ടായ ൧൭ാം റിഗ്ഗുലെഷൻ ൩൩-ാം വകു
പ്പ പ്രകാരം പ്രതിക്കാരൻ ഒരു ഉറുപ്പിക പിഴകൊടുപ്പാനും ആ
യ്യ കൊടുക്കുന്നില്ലെങ്കിൽ ൧൮൧൭ലെ ൧൩-ാം റിഗ്ഗുലെഷൻ ൫ാം വ
കുപ്പ ൨ാം ഖണ്ഡം പ്രകാരം ൨- ദിവസം തടവിൽ വെച്ച വിട്ട
യപ്പാനും പ്രതിക്കാരന വല്ലതും അവകാശം ഉണ്ടെന്ന വിചാരി
ക്കുന്നുണ്ടെങ്കിൽ ആയ്യ സിവിൽ ബൊധിപ്പിച്ച നിവൃത്തിച്ച
കൊള്ളെണ്ടതല്ലാതെ പറമ്പിൽ കയ്യെററത്തിന്ന ചെന്ന പൊകു
ന്നതെന്നും കല്പിച്ചു.

അസിഷ്ടാണ്ട മജിസ്ത്രെട്ടിലെക്ക.

വള്ളുവനാട താലൂക്ക മെലാററൂര അംശത്തിൽ ഇട്ടിരാരിച്ചൻ നായര ബൊധിപ്പിക്കുന്ന ആഫീൽ സങ്കടം ഹരജി- എന്തന്നാൽ- അന്യായം ദാമൊദരൻ നമ്പൂതിരി- തന്റെ ജന്മമായ പൊയിലിൽ തൊടികകുടിയിരുപ്പ പറമ്പിൽനിന്ന ൧൦൨൯ മെടം ൨൨നു- ഞാൻ ബലമായി ഒരു തെക്കമരം മുറിച്ചു എന്നും അത അന്യായക്കാരൻ വിരൊധിച്ചപ്പൊൾ ഞാൻ വാക്കെററം പറഞ്ഞു എന്നും മററും മെപ്പടി താലൂക്കിൽ ൫൪ൽ ൧൩൭-ാം നമ്പ്രായി ബൊധിപ്പിച്ച അന്യായ കാൎയ്യത്തിലെക്ക ഞാൻ കാണിച്ച രെഖകൾ വാങ്ങി ചെക്കാതെയും എന്റെ സാക്ഷികൾ വാക്ക വിശ്വസിക്കാതെയും നെരിന്നും ന്യായത്തിന്നും വിരൊധമായി നിസ്സാരമായി ചില സംഗതികൾ കാണിച്ച അന്യായപ്പെട്ട മരത്തിന്നും മുറിച്ച സ്ഥലത്തിന്നും ഇനിക്ക തെളിക്ക സംഗതി ഇല്ലെന്നും മെൽ പ്രകാരം മരം മുറിച്ചതിന്നും വാക്കെററം പറഞ്ഞു എന്ന തെളിവ കണ്ടതിന്നും കൂടി ഞാൻ ഒരു ഉറുപ്പിക പിഴ കൊടുക്കണമെന്ന ൫൪ മെയി ൨൫നു- മെപ്പടി താലൂക്ക ഹെഡ പൊലീസാമ്പ്പര തീൎപ്പ കല്പിച്ച പിഴ വാങ്ങിരിക്കുന്നത ഇനിക്ക സങ്കടമാകകൊണ്ട ഞാൻ ആഫീൽ ബൊധിപ്പിക്കുന്ന വിവരം താഴെ എഴുതുന്നു- ൧ാമത- അന്യായപ്പെട്ട മരം മുറിച്ച സ്ഥലത്തിന്ന മുമ്പെ മരം മുറിച്ച കൊടുത്ത കൈവശം വന്നിരിക്കുന്നത എന്ന മാത്രമെ ഠരം കാൎയ്യത്തിൽ വിചാരിക്കെണ്ടത എന്നുള്ളു. ൨-ആമത- വാദിക്കുന്ന സ്ഥലം ഇനിക്ക പുരാതന ജന്മവും കൈവശവും ആയി മരം മുറിച്ചും കൊടുത്തും പുരകയററി ഇരുന്നും ഇനിക്ക കൈവശമുള്ളതാണെ- എന്റെ കാരണവന്മാരും ഞാനും ആ സ്ഥലത്ത നിന്ന മരം മുറിക്കയും കൊടുക്കയും ചെയ്യുരിക്കുന്നു എന്നും ജന്മികളാണെ മെൽ പ്രകാരം ചെയ്യെണ്ടത എന്നും അന്യാ

യക്കാരനാലും സാക്ഷികളാലും സ്ഥാപിച്ചിരിക്കുന്നത കൂടാതെ ആ സ്ഥലത്തനിന്ന ഞാൻ മരം മുറിച്ചും കൊട്ടത്തും വന്നിരുന്നു എന്നും തീൎപ്പിനാലും സമ്മതിച്ചിരിക്കുന്നു. ൨-ാമത- ആ സ്ഥലം ആരുടെ കൈവശം എന്ന അന്വെഷിച്ച അന്ന്യായക്കാരൻ കൈവശം എന്ന കണ്ടാൽ മാത്രം അന്ന്യായപ്പെട്ട മരം വിരൊധിക്കെണ്ടത എന്നാകുന്നു ഹരജിപ്രകാരം അധികാരിക്ക കല്പന ഉണ്ടായ്തു. അന്ന്യായക്കാരൻ മെപ്പടി സ്ഥലത്തനിന്ന മരം മുറിച്ച എട്ടത്തും ഇന്നിന്ന അനുഭവം എട്ടത്തും സ്ഥലം കൈവശമായിട്ടുണ്ടെന്ന യാതൊരു തെളിവിനാലും തീൎപ്പിലും കാണ്മാനില്ലാ. അധികാരി അന്വെഷിച്ച ചിത്രകടലാസ്സൊട കൂടി ബോധിപ്പിച്ചതിലും ൨-ാം സാക്ഷി വാക്കിലും ചിത്രകടലാസ്സിൽ ൧-ാം നമ്പ്രിട്ട സ്ഥലത്തിന്റെ തെക്കെപുറം ഒര അതിര ഉണ്ടെന്നും അതിനാലും മറ്റും ആ സ്ഥലം അന്ന്യായക്കാരന്റെ ജന്മവും കൈവശവും എന്ന നിശ്ചയിച്ച കൂടാ എന്നും ൭-ം ൨-ം നമ്പ്രിട്ട സ്ഥലം ചുഴലിപ്രത്ത എന്നും ഇരിങ്ങാരപ്പള്ളി എന്നും ഇല്ലപ്പെര പറയുന്ന നമ്പൂതിരിയുടെ ജന്മമാണെന്നും സ്ഥാപിച്ചിരിക്കുന്നു. ആ ചിത്രകടലാസ്സ ശെരി അല്ലെന്നും ഹെഡപൊലീസാപ്സര ആ സ്ഥലം നൊക്കി കണ്ടതിലും ഇടക്ക അതിര ഉണ്ടെന്നും തീൎപ്പിൽ കല്പിച്ചിട്ടില്ലാ. എജമാനൻ അവൎകൾ ചെന്ന നൊക്കിയാലും അതിരിന്റെ വിവരം കാണാം. ൩-ാമത- ൧൦൨൩ൽ അന്ന്യായക്കാരൻ ൧-ാം സാക്ഷിയൊട ജന്മം വാങ്ങിയ്തിന്റെ ശെഷം ൨-ാം സാക്ഷി അന്ന്യായക്കാരനൊട പറമ്പ വാങ്ങി അതിൽ ഒര പുരകയററി ഇരിക്കുന്നതാണെന്നും ആ സാക്ഷി എന്റെ മകനാകയാൽ അന്ന്യായക്കാരന വിരൊധം പറഞ്ഞതാണെന്നും ആ സാക്ഷി വെറെ ആളൊട ചാൎത്തി വാങ്ങിയ ആധാരം കാണിച്ചിട്ടില്ലെന്നും അന്ന്യായക്കാരൻ ആ സാക്ഷിയൊട വാങ്ങിയ കച്ചീട്ട കാണിച്ചിരിക്കുന്നു എന്നും ആ സാക്ഷിക്ക ഒര ദൃഷ്ട്യം തീൎപ്പിൽ കാണിച്ചിരിക്കുന്നു. ആ സാക്ഷി എന്റെ മകനല്ലാ- ൧൦൨൩ൽ മാത്രം അന്ന്യായക്കാരനൊട ആധാരം ആ സാക്ഷി പൊയിലതൊടിക പറമ്പ വാങ്ങി പുരകയററി ഇരുന്ന തുടങ്ങിയ്താണെങ്കിൽ അതിന്ന മുമ്പെ ആ സാക്ഷിയുടെ പൂൎവ്വന്മാരപെരിൽ മരഫലത്തിന്നും പുരക്കും നികുതി ഉണ്ടാവാൻ സംഗതി ഇല്ലല്ലൊ. ആയ്ത കല്പനയയച്ച അന്വെഷിച്ചാൽ അറിയാവുന്നതും പ്രബലനായ അന്ന്യായക്കാരന്റെ ദുൎവ്വിവ്യവഹാരപ്രകാരം ഹെഡ പൊലീസാപ്സ്ക്ക ഉണ്ടായ ദുൎബ്ബൊധനയാൽ മെൽപ്രകാരം തീൎപ്പ കല്പിച്ചതാണെന്നും ൨-ാം സാക്ഷി എന്റെ മകനല്ലെന്നും ആ സാക്ഷി നെര പറഞ്ഞതാണെന്നും ആധാരം വെറെ ഒരാള വക്കൽ പണയം വച്ചാൽ തൽക്കാലം കാണിക്കെണ്ടതിന്ന കിട്ടാൻ പ്രയാസമെന്നും ആധാരങ്ങളും ജന്മവാദങ്ങളും സ്ഥിതി വരുത്തെ

ണ്ടത സീവിൽ വ്യവഹാരത്താൽ വെണ്ടതെന്നും ആദ്യം തീൎപ്പ
മാററിപിഴ തിരിച്ച തരിയിക്കെണ്ടതാണെന്നും ബൊധിക്കും. ൫-പു
രാതനജന്മമാകുന്ന ചില വഹകൾക്ക ജന്മാധാരം ഉണ്ടാകില്ലാ- രെ
ഖാ സാക്ഷി അനുഭവങ്ങളും കൈവശവും മാത്രമെ ഉണ്ടായി കാ
ണുമാറുള്ളു. മെൽപ്രകാരം ഉള്ള അവസ്ഥക്ക ചിത്രകടലാസ്സിൽ
൰ാം നമ്പ്ര ഇട്ട സ്ഥലത്തിന്ന ഞാൻ ജന്മാധാരം ഇല്ലെന്ന പ
റഞ്ഞതിനാൽ എന്റെ അവകാശം ദുൎബ്ബലമെന്നും അന്ന്യായ
ക്കാരന ജന്മം കൊടുത്ത ൰ാം സാക്ഷിക്ക ജന്മം ഉള്ളത എ
ന്ന പറയുന്നതിന്ന ആധാരം ഇല്ലെങ്കിലും അന്ന്യായപ്പെട്ട
സ്ഥലം അന്ന്യായക്കാരന്റെ ജന്മവും കൈവശവും എന്ന തീ
ൎപ്പിൽ പറയുന്ന അവസ്ഥ ഏററവും വ്യത്ഥമാകുന്നു. ൯- ൰ാം
സാക്ഷി ദൂരസ്ഥനായി പൊയ്യിനാൽ ൰ാം നമ്പ്രിട്ട സ്ഥലത്ത
ന്നിന്ന ഞാൻ മരങ്ങൾ മുറിച്ച കൊടുത്തിരുന്നതാണെന്നും അതു
കൊണ്ട കൈവശം വിചാരിക്കെണ്ടതല്ലെന്ന തീൎപ്പിൽ കാണുന്ന
ത നെരല്ലാ. ഉഭയം പറമ്പ മുതലായ ഭൂമികൾ അതകളിൽനിന്ന
അനുഭവങ്ങൾ എടുക്കുന്നവരുടെ കൈവശം എന്ന ഏററവും പ്ര
സിദ്ധമായി ഠരം കെരള ഭൂമിയിൽ നടന്നവരുന്ന മൎയ്യാദയാകുന്നു.
ആ സാക്ഷി പാൎക്കുന്ന ഭാൎയ്യവീട്ടിലെക്ക ഠരം തൎക്കിക്കുന്ന സ്ഥല
ത്തന്നിന്ന ൮ll നാഴിക വഴിയെ ഉള്ളു. മുമ്പെ ഠരം വാദിക്കുന്ന സ്ഥല
ത്തന്നിന്ന അടുക്കെ ആയിരുന്നു പാൎപ്പ-അന്നും ഠരം പറമ്പിൽനിന്ന
എന്റെ കാരണവന്മാര പലക്കും മരം മുറിച്ച കൊടുത്ത വന്നിരി
ക്കുന്നു എന്നും ഇപ്പൊൾ എന്റെ കൈവശം ആ സ്ഥലത്ത ഞാ
ൻ അനുഭവം എടുത്ത വരുമ്പൊൾ പൊലീസ്സ അധികാരത്തിൽ
നിന്ന കൈവശം വിടുത്ത കൂടാത്തതും സീവിൽ നിന്ന നിവൃത്തി
വരുത്തെണ്ടതാണെല്ലൊ. ൭- ൰ാം സാക്ഷിക്ക ഞാൻ ഒഴി മുറി
കൊടുത്തത കൂടാതെ ചിത്രകടലാസ്സിൽ ൨-ം ൩-ം നമ്പ്രിട്ട സ്ഥല
ത്തിന്ന മാത്രമെ ഉള്ളു.- ആ സാക്ഷി ഇപ്പൊൾ കാണിച്ച ഒഴിമുറി
നൂതനമായി ഉണ്ടാക്കി അയച്ചതും ആകുന്നു- വാദിക്കുന്ന സ്ഥലം
എന്റെ വശത്തിൽനിന്ന ഏതപ്രകാരം അന്ന്യായക്കാരന്റെ വ
ശമായി എന്ന തെളിവ വാങ്ങാതെയും എന്റെ കൈവശം ഞാ
ൻ അനുഭവം എടുത്ത വരികയും അതിന്ന തെളിവാനുള്ള ലക്ഷ്യ
ങ്ങൾ ഞാൻ കാണിച്ചത വാങ്ങി നൊക്കി ചെയ്യാതെയും മുസ
ൽമാൻ പെഷ്കാര അധികാരി ബൊധിപ്പിച്ച സത്ത്യാവസ്ഥയും
അധികാരിയുടെ റിപ്പൊൎട്ടിൽ പറയുന്ന മന്മതിനെ അന്ന്യെഷണ
സാക്ഷിയായി വിസ്തരിക്കാതെയും ചിത്രകടലാസ്സിൽ ൰ാം ന
മ്പ്ര ഇട്ടതായും വാദിക്കുന്ന സ്ഥലം ഇനിക്ക മെൽ പ്രകാരമുള്ള അ
വകാശവും നടപ്പും നിഷെധിച്ച പ്രബലനായ അന്ന്യായക്കാ
രന്റെ സഹിതമായി ഹെഡപൊലീസ്സാപ്സര മെൽപ്രകാരം തീ
ൎപ്പുകല്പിച്ചവസ്ഥ ശെരിയല്ലെന്ന മെൽപറഞ്ഞ സങ്ങതികളാൽസ

ന്നിധാനത്തിങ്കൽ തന്നെ ബൊധിക്കും. ൮-എന്റെ വക സാക്ഷികൾ ദൂരസ്ഥന്മാരാകുന്നു എന്നും അതിനാലും വിത്ത്യാസ വാക്കുകളാലും ആ സാക്ഷികൾ വിശ്വസിച്ചുകൂടാ എന്നും തീൎപ്പിൽ കാണുന്നു-എന്റെ വക ൩-ാം സാക്ഷി വാദിക്കുന്ന സ്ഥലത്തിന്റെ എത്രയും അടുത്ത അധികം കാലമായി വീടും പാൎപ്പും പഴക്കവും ഉള്ള ആളും ൪-ം ൫-ം ൭-ം സാക്ഷി വാദിക്കുന്ന സ്ഥലത്തനിന്ന ൧ll നാഴികയൊളം വഴി ദൂരവും മാത്രം ഉള്ളവരും- ൟ സ്ഥലത്തനിന്ന മരം വാങ്ങിയും മററും വിവരങ്ങളും അറിയുന്ന ആളുകളും ആകുന്നു. അവരുടെ വാക്ക വിശ്വസിച്ചുകൂടാ എന്നും വിസ്താരത്തിൽ അന്യൊന്യ വിരൊധമായി പറഞ്ഞിരിക്കുന്നു എന്നു തീൎപ്പിൽ ആ വക വാക്ക എഴുതികാണുന്നത ഏററവും അന്യായ ഭാഗമായി എഴുതികാണുന്നതാകുന്നു. ൯- അന്യായം വക ൧ാം സാക്ഷി കൂററനാട താലൂക്കകാരനും- അന്യായക്കാരന്റെ പലിശ പാട്ടം പിരിച്ച അന്യായക്കാരന്റെ ശിലവ മാസ്സുടിയാൽ ഇരിക്കുന്ന ആളും ൨-ം ൮-ം ൯-ം സാക്ഷികൾ അന്യായക്കാരന്റെ വഹകൾ നടന്ന കുഡുംബസഹിതം ഉപജീവനം കഴിച്ചു വരുന്ന ആളും ആകുന്നു- ൯ാം സാക്ഷി പ്രത്ത്യെകം അന്യായക്കാരന്റെ അടിയാനും ൧൦ാം സാക്ഷി അന്യായക്കാരന ജന്മം കൊടുത്ത ആളും ആകുന്നു. അതുകൊണ്ടു സന്നിധാനത്തിങ്കലെ ദയ ഉണ്ടായിട്ട ൟ കാൎയ്യത്തിന്റെ സകല ദസ്താവെജുകളും സന്നിധാനത്തിങ്കൽ വരുത്തിനൊക്കിയും എന്റെ വക്കലുള്ളആധാരങ്ങളും മററും വാങ്ങി നൊക്കിയും ഇനി വിസ്തരിപ്പാനുള്ള സാക്ഷിക്കാരൊട വിസ്തരിച്ചും ഹെഡപൊലീസ്സാപ്പര അന്യായ ഭാഗമായി കല്പിച്ച തീൎപ്പിനെ നിഷെധിച്ച അനാവിശ്യമായി കല്പിച്ച് എന്നൊട വാങ്ങിയ പിഴ ഉറുപ്പിക ഒന്നും ഇനിക്ക തിരിയെ തരിയിച്ച സങ്കടം തീൎത്ത രക്ഷിക്കെണ്ടതിന്ന പെക്ഷിക്കുന്നു- എന്ന കൊല്ലം ൧൦൨൯ാമത മിഥുനമാസം ൯൰-.

൧൮൫൪ാമത എപ്രെൽ മാസം ൫൰- ചിറക്കതാലൂക്ക ഹെഡപൊലീസാപ്പര കല്പിച്ച വിധി.

അന്യായം ചാത്തുക്കുട്ടി.

പ്രതി കൊരൻ മുതൽ ൧൩-ാൾ.

അന്യായക്കാരനുള്ള കാമെത്ത ദൈയ്യത്തിൽ കൊട്ടും വക ആലതറ എന്ന കുനിപറമ്പിൽ പ്രതിക്കാര ചെന്ന ബലമായി തൈവെക്കാൻ ഭാവിക്കയും ആ സങ്ങതി ചൊദിച്ചാറെ ൧൦൨൮ മീനം ൧൰-ക്ക ൫൩- മാൎച്ചി ൧൩൰- പകൽ പ്രതിക്കാര വാക്കെററം പറഞ്ഞ കലശൽക്ക ഭാവിക്കയും ചെയ്തു എന്ന മാൎച്ചി ൨൨൰-- അന്യായം ബൊധിപ്പിച്ചു. ൟ കാൎയ്യത്തിൽ അന്യായക്കാരനൊടും പിടികിട്ടിയ ൧- ൨- ൩- ൫- പ്രതികളൊടും സമീപസ്ഥന്മാരൊ

ട്ടം പറമ്പ നടപ്പുകാരനെന്ന അന്ന്യായക്കാരൻെറ വിസ്താരത്തിൽ പെരപ്പുറപ്പെട്ട ഒണൊക്കനൊട്ടം വിസ്തരിക്കുകയും ൨ാം സങ്ങതിയിൽ സാക്ഷ്യവർകൾ മാച്ച് ൧൭൬–ാം എപ്രെൽ ൧൬–ാം അയച്ച കത്തുകളും മുഖ്യസ്ഥന്മാരെ റപ്പൊടത്തുകളും ചിറക്കകം നിലത്തിന്ന ൧ാം പ്രതി അന്ന്യായക്കാരന എഴുതി കൊടുത്ത പാട്ടൊലയുടെയും വാദിക്കുന്ന കുന്നി ഒണൊക്കന അന്ന്യായക്കാരൻ കുഴിക്കാണത്തിന്ന എഴുതികൊടുത്തതിന്ന അവൻ അന്ന്യായക്കാരന എഴുതികൊടുത്ത മറുകുഴിക്കാണത്തൊലയുടെയും പകപ്പുകൾ അന്ന്യായക്കാരൻ പകർത്ത ഹാജരാക്കിയും ൨ാം വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു. വിസ്തരിച്ച പ്രതിക്കാര കുററം സമ്മതിച്ചിട്ടില്ലാ ൨ാം കാൎയ്യത്തിന്നുണ്ടായ വിസ്താരം റപ്പൊടത്ത മുതലായ്ത നൊക്കുകയും അന്ന്യെഷിക്കുകയും ചെയ്തതിൽ പൊലീസ്സുകാൎയ്യത്തിൽ പ്രതിക്കാരെ ശിക്ഷിപ്പാനായിട്ട തെളിവും സങ്ങതിയും കാണായ്കകൊണ്ട പൊലീസ്സ നീക്കി. അന്ന്യായപ്പെട്ട കുന്നി പറമ്പ തൻെറ കാമെത്ത ദൈവ്വത്തിൽ കൊട്ടം വകയാണെന്നും ഏറകാലമായി ഒണൊക്കന കൊടുത്ത അവൻ ആലകെട്ടുകയും വാഴവെച്ച അനുഭവിച്ചും വരുന്നത കൂടാതെ ൨ാം കൊല്ലം കുംഭമാസത്തിൽ കുഴിക്കാണത്തിന്നും കൊടുത്ത അവൻ നടക്കുന്നു എന്ന അന്ന്യായക്കാരനും മെപ്പടി ദെവസ്സംവക താൻ നടക്കുന്ന ചിറക്കകം നിലത്തിൽ ചെൎന്ന കുന്നിയാണെന്നും അതിന്ന അന്ന്യായക്കാരന അവകാശവും നടപ്പുംഇല്ലെന്നും അതിൽ മൂന്ന തയ്യും വാഴയും താൻ വെച്ചിട്ടുള്ളതാണെന്നും ൬൧൨ ഉറുപ്പിക പാട്ടം നിശ്ചയിച്ച ൪- കൊല്ലത്തെക്ക അഞ്ചാം പ്രതിക്ക കൊടുത്തിരിക്കുന്നുഎന്നും മററം ൧ാം പ്രതിയും അതിലെക്ക അനുസരിച്ച ശെഷം പ്രതിക്കാരും പറഞ്ഞത കൂടാതെ വാഴപാട്ടം താൻ നടന്ന വരുന്നു എന്ന ൩ാം പ്രതിയും ആ കുന്നി ഏറെക്കാലമായി താൻ നടന്ന വരുന്നു എന്നും ആലകെട്ടിയും അഞ്ച കുണ്ട വാഴ വെച്ചതും താനാണെന്നും ശെഷം വാഴകൾ ൧ാം പ്രതിക്കാരൻ തൻെറ സമ്മതപ്രകാരം വെച്ചതാണെന്നും ൧ാം പ്രതിയുടെ സമ്മതപ്രകാരം ൩ാംപ്രതി പാട്ടം അടക്കിവരുന്നതാണെന്നും മററം ഒണൊക്കനും പറഞ്ഞിരിക്കുന്നു. ഇരുകക്ഷിക്കാരും അവര അവരുടെ വാദപ്രകാരം സാക്ഷികളാലും തെളിയിച്ചിട്ടുണ്ട. സമീപസ്ഥന്മാരായ ൨-ാളൊട വിസ്തരിച്ചതിൽ ഒരുത്തൻ അന്ന്യായഭാഗവും ഒരുത്തൻ പ്രതിഭാഗവും അനുസരണമായി പറഞ്ഞിരിക്കുന്നു. ൨ാം എല്ലാവസ്തുകളും നൊക്കി ആലൊചിച്ചതിൽ വാദിക്കുന്ന കുന്നി കാമെത്ത ദെവസ്സം വകയാണെന്നുള്ളതിലെക്ക സംശയമില്ലാ. ൭ാം പ്രതി നടക്കുന്ന ചിറക്കകത്ത നിലത്തിൽ ഉൾപ്പെട്ടതാകുന്നു എന്ന അവൻ പറയുന്നതിന്ന ആധാരലക്ഷ്യം കാണിച്ചിട്ടില്ലെങ്കിലും ആ നിലംതന്നെ മെപ്പടി ദെവസ്സം വക

ു. അന്ന്യായക്കാരനൊട പാട്ടത്തിന്ന വാങ്ങി നടന്നവരുന്ന താണെന്നും ആ ദെവസ്സം കാൎയ്യം മരിച്ചപൊയ രാരപ്പനും അ വൻ മരിച്ചതിന്റെ ശെഷം അവന്റെ അനന്തിരവനായ ൧ാം അന്ന്യായക്കാരനും ആകുന്നു അന്ന്യെഷിച്ച നടത്തിച്ചവരുന്ന ത എന്നും കാണുന്നത കൂടാതെ വാദിക്കുന്ന കുനി എത്രയും ചുരു ങ്ങിയ ഒരു സ്ഥലവും അന്ന്യായക്കാരനും ൧ാം പ്രതിയുമായിട്ടുള്ള വെറെ മത്സരത്താൽ ൟ കാൎയ്യത്തിന്ന ഇത്ര വ്യവഹാരം ഉണ്ടാ യ്യാണെന്നും ആയ്യ അവര തമ്മിൽ ഉള്ള ദ്വെഷത്താൽ അവസാ നിക്കുന്ന വഴി കാണുന്നില്ലായ്കകൊണ്ടും മെലാൽ ഇത നിമിത്ത മായി പൊലീസ്സും തകരാറും ഉണ്ടാവ്വാതെ ഇരിപ്പാനുള്ള മാൎഗ്ഗം മാത്രം പൊലീസ്സിൽ നിന്ന വിചാരിച്ച ഒരു കല്പന കൊടുക്കെ ണ്ടത എന്നും അതിലെക്ക മെൽ പറഞ്ഞ എല്ലാ സങ്ങതികളാലും സാക്ഷി അവർകളുടെ എപ്രെൽ ൧൬-ത്തെ കത്തകൊണ്ടും മുഖ്യസ്ഥ ന്മാരെ റപ്പൊടത്ത കൊണ്ടും ആ കുനിയിൽ അഞ്ച കുണ്ടവാഴ ഒ ണെക്കൻ മുൻമ്പെ വെച്ചിട്ടുള്ളത അവൻ അടക്കി അനുഭവിച്ചവ രുന്നത കൂടാതെ ഏറിയ കാലമായി ആലയും കെട്ടി ആ ഒണെക്ക ന്റെ കാലികളെ കൂട്ടി കൈവശമായിരിക്കുന്നു എന്നും അതിൽ ശെഷം വാഴയും ഇപ്പൊഴുള്ള കിളിയൊല പാറിയ്യായി മൂന്ന ത യ്യും ൧ാം പ്രതിന്റെ അനുജൻ മരിച്ചപൊയ ചന്തു വെപ്പിച്ച ൧ാം പ്രതി ൨ാം പ്രതിക്ക പാട്ടത്തിന്ന കൊടുത്ത അടക്കി വരുന്ന പ്രകാരവും കാണുന്നതിനാൽ ആയ്യ കീഴക്കട പ്രകാരം അഞ്ച കു ണ്ടവാഴയും ആലയും ഒണെക്കനും ശെഷം വാഴയും മൂന്ന തയ്യും ൨ാം പ്രതിയും അടക്കി അനുഭവിച്ചവരെണ്ടത എന്നും കുനിയി ൽ സമീപസ്ഥൻ രാമൻ ഒരു വാഴ വെച്ചതായി പറയുന്നത വി ശ്വസിക്കെണ്ടതല്ലെന്നും കണ്ടിരിക്കുന്നു. ൟ കുനി അല്പമായ സ്ഥലമാണെങ്കിലും ആ ദെവസ്സ കാൎയ്യം അന്ന്യെഷിച്ച വരുന്ന അന്ന്യായക്കാരന്റെ സമ്മതപ്രകാരം മെൽ പറഞ്ഞ ഒണെക്കൻ കുഴിക്കാണം വെക്കുന്നതിലെക്ക വിരൊധം ചെയ്യരുതെന്നും അ തിനാൽ യാതൊരു ആളുടെ അവകാശത്തിലെക്കും ദുൎബ്ബല പ്ര ബലത വരുന്നതല്ലെന്നും അവകാശം വിചാരിക്കുന്നവര സീ വിൽ വ്യവഹരിച്ച നിവൃത്തി വരുത്തെണ്ടതാണെന്നും കല്പിച്ച- വിവരം കക്ഷികളെ അറിയിച്ചു.

ഹെഡ അസിഷ്ടാണ്ട മജിസ്ത്രെട്ടില്ക്ക.

ചിറക്കതാലൂക്ക മാണിയൂര അംശത്തിൽ കൊരൻ ബൊധിപ്പി ക്കുന്ന ആഫിൽ ഹരജി. ചാത്തുക്കുട്ടി പ്രതി ൧ എന്നൊട കൂടെ ൧൩-ാളെ മെൽ ബൊധിപ്പിച്ച അന്ന്യായം വിസ്തരിച്ച വാദിക്കു ന്ന കുനി നിലത്തിൽ ൫- കുണ്ടവാഴയും ആലയും അന്ന്യായം

പ്രതി അല്ലാത്തത ഒന്നാക്കനും ശെഷം വാഴയും മൂന്ന തയ്യും ൫ാം പ്രതി രയ രപ്പനും നടപ്പാനും സ്ഥലത്ത ഒന്നാക്കൻ കുഴിക്കാണം ഉണ്ടാക്കാനും ൰ം എപ്പ്രെൽ ൭ നു ചിംക്ക തഹശ്ശീൽദാര കല്പിച്ച തീൎപ്പിൽ ഒന്നാക്കൻ കുഴിക്കാണം ഉണ്ടാക്കാൻ കല്പിച്ചത മാററാൻ ബൊധിപ്പിക്കുന്നു ൧-മെപ്പടിദെവസ്സം ഊരാളന്മ രിൽ ഒരുവനാ യ ഞാൻ ദെവസ്സം വക ചിറക്കകം നിലം ഇതവരെ ഏകദെ ശം ൭൦ കൊല്ലത്തൊളമായിട്ട നടന്ന വരുന്നതിൽ ഒരു കണ്ടമാ യ വാദിക്കുന്ന സ്ഥലം ൨൭ കൊല്ലമായിട്ട കുന്നിയാക്കി അതിൽ കൃഷിരക്ഷക്കായി ആലയും ഞാൻ കെട്ടി വാഴയും തയ്യും വെച്ചും നടന്ന അനുഭവിച്ച വരുന്ന എന്റെ കൈവശം നടപ്പായ വാ ദിക്കുന്ന കുന്നി സ്ഥലത്തിന്മെൽ അന്ന്യായക്കാരന കീഴക്കട നട പ്പില്ലെന്ന അവന്റെ ഭാഗം വിസ്താരത്താൽ തന്നെ തെളിവായി രിക്കുമ്പൊൾ കീഴക്കട ഒരിക്കലും നടപ്പുകാരനല്ലാത്ത അന്ന്യായ ക്കാരൻ ൧൦൨൮ കുംഭമാസത്തിൽ ഒന്നാക്കന ൰ം സ്ഥലം കുഴിക്കാ ണത്തിന്ന എഴുതികൊടുത്താൽ ആയ്ത പ്രമാണിപ്പാനും ഒന്നാക്ക ന്റെ അന്ന്യായവും അപെക്ഷയും ഇല്ലാത്ത കാൎയ്യത്തിൽ അ ന്ന്യായക്കാരന്റെ കയ്യാൽ ൰ം സ്ഥലത്ത മെലാൽ ഒന്നാക്കൻ കുഴി ക്കാണം ഉണ്ടാക്കെണമെന്ന ൰ം തീൎപ്പ കല്പിപ്പാനും സംഗതിയും കാനൂൽ കല്പനകളാൽ വഴിയും ഉള്ളതല്ല. അന്ന്യായക്കാരൻ മെൽ പറഞ്ഞ സ്ഥലം ഒന്നാക്കന കുഴിക്കാണത്തിന്ന എഴുതികൊടുത്താ ൽ ആയവകാശം ഉറപ്പിപ്പാൻ ഒന്നാക്കൻ അന്ന്യായപ്പെടുക അ ല്ലാതെ അന്ന്യായക്കാരൻ ൰ം അന്ന്യായപ്പെടാൻ തന്നെ സംഗ തി ഇല്ല- അത വിചാരിക്കാതെ ക്രമവിരൊധമായി ൰ം തീൎപ്പ ചെ യ്തിരിക്കുന്നു ൨- വാദിക്കുന്ന സ്ഥലത്ത നടപ്പുകാരനായ എന്റെ കയ്യാൽ എന്റെ വാഴ അഞ്ചു കൊല്ലം ൭ാം പ്രതി പാട്ടത്തിന്ന എ ററതല്ലാതെ അവന ഞാൻ കുഴിക്കാണത്തിന്ന കൊടുത്തീട്ടില്ലാ സ്ഥലം എന്റെ കൈവശമെന്ന വാദിക്കുന്ന സ്ഥലത്തുള്ള ന- കിളിയൊല തയ്യുകൾ ഞാൻ ഉണ്ടാക്കിയ്തായിന്ന തെളിവും സ മ്മതവും ഉള്ളത നൊക്കിയാൽ ബൊധിക്കും അപ്രകാരം ഞാ ൻ ഉണ്ടാക്കിയ ഉഭയങ്ങൾ സ്ഥലത്ത ഇരിക്കുമ്പൊൾ ആ സ്ഥ ലം ഒന്നാക്കൻ കുഴിക്കാണം നടപ്പാൻ കല്പിക്കെണ്ടതിന്ന ഒരു സ ങ്ങതി ഇല്ലാ- മെൽ പറഞ്ഞ എന്റെ ആലയിൽ എന്റെ കയ്യാൽ കെളൻ പശുക്കളെ കെട്ടിവരുന്ന നടപ്പിൽ അവന്റെ കയ്യാൽ ഒ ന്നാക്കൻ ആലയിൽ പശുക്കളെ കെട്ടുന്നുണ്ടെന്നും ആലയുടെ സമീപം ഒന്നാക്കൻ ൭ കുണ്ടവാഴ വെച്ചിട്ടുണ്ടെന്നും ഞാൻ സ മ്മതിച്ചിട്ടും അതിലെക്ക ഒന്നാക്കന്റെ അന്ന്യായവും തെളിവും ഉ ണ്ടായിട്ടും ഇല്ലാ- ഒന്നാക്കൻ ൰ം സ്ഥലത്ത കുഴിക്കാണ ഉഭയങ്ങ ൾ ഒന്നും ഉണ്ടാക്കീട്ടും അവന കീഴക്കട നടപ്പും ഇല്ലാ- അതുകൊ ണ്ട ൰ം സങ്ങതികളും ദസ്താവെജകൾ വരുത്തിയും നൊക്കി തീ

ഷ്ട ഭേദം വരുത്തി ഒന്നെക്കൻ ൟ സ്ഥലത്ത കുഴിക്കാണം വെ ച്ചുണ്ടാക്കാൻ കല്പിച്ചത മാററി കീഴക്കടെപ്രകാരം മെലാലും സ്ഥലവും ഉഭയങ്ങളും ഞാൻ തന്നെ നടപ്പാൻ കല്പന ഉണ്ടാവാനപെക്ഷിക്കുന്നു എന്ന ൧൦൨൮ മെടം ൮൹.

൧൮൩൯-ാമത മൈയിമാസം ൧൦൹ കണ്ണൂര പൊലീസ്സാമീൻ കച്ചെരിയിൽ നിന്ന കല്പിച്ച വിധി.

അന്യായം കൊരൻ.

പ്രതി.

വാസുദെവൻ തങ്ങൾ മുതൽ ൩-ാൾ-

എന്തന്നാൽ- അറക്കലെ ജന്മം അന്യായക്കാരൻ കുഴിക്കാണ വകാശമായി അടക്കി അനുഭവിച്ച വരുന്ന എടപ്പാട്ട പറമ്പിൽ നിന്നും വാളാഞ്ചെരി എന്ന പറമ്പിൽനിന്നും കൂടി ഏകദെശം ആറ പണം വിലക്കുള്ള തെങ്ങ എളനീര ൧൦൨൮ കുംഭം ൨൪൹ ക്ക- ൧൮൩൯ മാച്ചി ൯൹ പകൽ ബെലമായി പറിക്കയും വിരൊധിച്ചാറെ പിടിച്ച തള്ളി എന്നും മാച്ചി ൧൧൹ അന്യായം. ൟ കാൎയ്യം വിസ്താര മദ്ധ്യെയിൽ അന്യായ വക്കീൽ ആയിരുന്ന കണ്ണനും- പ്രതികളും കൂടി മാച്ചി ൧൮൹ രാജി ബൊധിപ്പിച്ചു- ആ രാജി തന്റെ സമ്മതം കൂടാതെ ഉണ്ടായ്താണെന്നും മററും അന്യായക്കാരൻ ഹെഡഅസിഷ്ടാണ്ട മജിസ്ത്രെട്ടിൽ ചെയ്ത അൎഹിൽ നിമിത്തം വരുത്തിയ വിസ്താരം നൊക്കിയ്തിൽ- മെപ്പടി രാജിയിന്മെൽ സംശയം ഭവിച്ചിരിക്കകൊണ്ട അധിക അന്വെഷണം ചെയ്ത രാജി ശെരയല്ലെന്ന കണ്ടാൽ എററിയും വെണ്ടുന്ന അന്വെഷണം ചെയ്ത രാജി ദുൎബ്ബലമാക്കി ഒരു വിധി കൊടുപ്പാനായും അൎഹിൽകാരന്റെ വാദം ശരി അല്ലെന്ന കണ്ടാൽ റപ്പൊടത്ത ഒന്നിച്ച വിസ്താരം മടക്കി അയപ്പാനും എപ്രെൽ മാസം ൨൯൹ ൭൪ാം നമ്പ്രായി ഉണ്ടായ കല്പനയൊട കൂടി ആദ്യ വിസ്താരവും രാജിയും മടങ്ങി എത്തി. ആയ്ത ഒക്കെയും വായിക്കയും ൨-ാമത അന്യായ വക്കീലായിരുന്ന കണ്ണനൊടും ഒന്നാം പ്രതിയൊടും അന്യായക്കാരനൊടും തെങ്ങ പറിച്ചതായ പറമ്പകളുടെ സമീപസ്ഥന്മാര ൩-ാളെ എളയാപുര അംശം അധികാരി റപ്പൊടത്ത ഒന്നിച്ചയച്ചവരൊടും വിസ്തരിക്കുകയും അധികാരിയുടെ റപ്പൊടത്ത വിസ്താരത്തിൽ ചെക്കയും ചെയ്തു. ആദ്യത്തിൽ അന്യായക്കാരൻ അന്യായ പ്രകാരം സാക്ഷികളാൽ തെളിയിച്ചിരിക്കുന്നു. ഒന്നാം പ്രതി അന്യായ പ്രകാരം കുററം സമ്മതിക്കുന്നില്ലെങ്കിലും കീഴമൎയ്യാദപ്രകാരം ശിവരാത്രി ദിവസം ഉള്ള കളിയാട്ട അടിയന്തരത്തിന്ന എല്ലാ കുടിയാന്മാരൊടും എല്ലാ പറമ്പ

കളിൽനിന്നും തെങ്ങ വാങ്ങി വരുന്ന പ്രകാരം അന്ന്യായക്കാരന്റെ പറമ്പിൽനിന്നും തന്റെ ആൾക്കാര പൊയി തെങ്ങ വാങ്ങിട്ടുണ്ടെന്നും ബൊധിപ്പിച്ചിരിക്കുന്നു.

കലശൽ ഉണ്ടായി എന്ന പറയുന്ന ദിവസം ഒന്നാം പ്രതി ഒരു സ്ഥലത്തും പൊയിട്ടില്ലെന്ന ൩- സാക്ഷികളാൽ തെളിയിച്ചിരിക്കുന്നു- വിസ്തരിച്ച മൂന്ന സമീപസ്ഥന്മാരെ വാക്കും പ്രതിയുടെ വാദത്തിന്ന അനുസരിച്ചിരിക്കുന്നു. അന്ന്യായക്കാരന്റെ ദുർബ്ബലതയുടെയും സ്വാധുത്വത്തിന്റെയും- ഒന്നാം പ്രതിയുടെ പ്രബലതയുടെയും അതിനാലുള്ള ജനസ്വാധീനത്തിന്റെയും അവസ്ഥക്ക അന്ന്യായക്കാരനാൽ പ്രതിയുടെമെൽ മെൽപ്രകാരം തെളിവ കൊടുപ്പാൻ കഴിഞ്ഞതും വിചാരിച്ചാൽ അവൻ പക്കൽ ൟ കാര്യത്തിലുള്ള സത്ത്യം അവനെ രക്ഷിച്ച എന്ന മാത്രം കല്പിക്കെണ്ടതും പ്രതി മെൽപ്രകാരം തെളിവ കൊടുത്തത ഒരു ആശ്ചര്യമല്ലാത്തതും ആകുന്നു. ൟ കാര്യത്തിന്റെ എല്ലാ വിസ്താരങ്ങളും നൊക്കി വിചാരിച്ചതിൽ താഴെ കാണിക്കുന്ന ന്യായങ്ങളാൽ അക്ലിക്ക പൊലീസ്സാമീൻ മുമ്പാകെ കൊടുത്ത രാജി അന്ന്യായക്കാരന്റെ സമ്മതത്തൊടു കൂടി ഉണ്ടായതല്ലെന്ന പൂർണ്ണ അഭിപ്രായമാകകൊണ്ട ആ രാജി ദുർബ്ബലമാക്കി ൟ കാര്യത്തിൽ ഒരു വിധി കൊടുപ്പാൻ സംഗതി വന്നിരിക്കുന്നു. ൧- ൟ കാര്യത്തിൽ കൊടുത്ത രാജിയിൽ വ്യവഹാരം മദ്ധ്യസ്ഥന്മാര മുഖാന്തരം ഒത്ത തീൎന്ന എന്നല്ലാതെ ഇന്നപ്രകാരം തീൎന്ന എന്ന മുഖ്യമായി കാണിക്കെണ്ടത ചെയ്യിട്ടില്ലാ. ൨- ൟ വ്യവഹാരം തന്നെ അന്ന്യായക്കാരന്റെ പറമ്പിൽനിന്ന തെങ്ങ പറിച്ചത ബലമായിട്ടെന്നും അവകാശത്തൊടു കൂടി എന്നും ആയിരിക്കുമ്പൊൾ ആ തൎക്കം മെലാൽ ഉണ്ടാവാതെ ഇരിപ്പാനായി ഒരു നിജം ചെയ്യെണ്ടത മുഖ്യാവിശ്യമുള്ളത ചെയ്യാത്തതിനാൽ തന്നെ വക്കീലും- ൩ാം പ്രതിയും കൂടി യൊജിച്ച അന്ന്യായക്കാരനെ ചതിച്ചതാണെന്ന ഇവിടെ പ്രസ്താവിക്കെണ്ടതിലെക്ക ഒരു സംശയവും ഇല്ലാ. ൩- മെൽ രണ്ടാം വകുപ്പിൽ കാണിച്ച ന്യായങ്ങൾക്ക സാക്ഷിയായിട്ട അന്ന്യായവക്കീലിനൊടും ൩ാം പ്രതിയൊടും ഇപ്പൊൾ പൊലീസ്സാമീൻ മുമ്പാകെ വാങ്ങിയ കയ്യിത്തുകൾ തന്നെ മതിയായി വരുന്നതാകുന്നു. ൪- ന്യായപ്രകാരം പന്ത്രണ്ട തെങ്ങ മാത്രമെ അന്ന്യായക്കാരന്റെ അനുജ്ഞനൊട വാങ്ങീട്ടുള്ളു എന്നും അദാലത്ത വ്യവഹാരത്താൽ ഉള്ള മത്സരം കൊണ്ട ഇപ്രകാരം വ്യവഹാരം ഉണ്ടാക്കി തീൎത്തതാണെന്നും ഒന്നാംപ്രതി തൎക്കിക്കുന്നു- ഒന്നാം പ്രതി അമ്പത തെങ്ങയുടെ വില മൂന്നപണം കൊടുത്തപ്രകാരം ഇപ്പൊൾ സമ്മതിക്കുന്നത കൊണ്ട തന്നെ അയാൾ സമ്മതിക്കുന്നതായ ചുരിങ്ങിയ സംഖ്യമാത്രമല്ല ഒന്നാമത പറിച്ചിട്ടുള്ളത എന്ന

വെളിവായിരിക്കുന്നത കൂടാതെ മെൽപ്രകാരം അധികം തെങ്ങ പറിച്ചത ഒന്നാംപ്രതി പറയുംപ്രകാരമുള്ള ന്യായങ്ങൾക്ക ഒത്ത വരുന്നതല്ലെന്നും വിരൊധിയായ അന്ന്യായക്കാരനാകട്ടെ- അവന്റെ അനുജനാകട്ടെ സമ്മതത്തൊടുകൂടി തെങ്ങ കൊടുക്കുന്നതല്ലെന്നും നിശ്ചയമാകുന്നു. ൩- മെൽ നാലാം വകുപ്പിൽ പറഞ്ഞ പ്രകാരം ഉള്ള മത്സരനിമിത്തത്താൽ ൧ാം പ്രതിയെ ചതിയിൽപ്പെടുത്താനായി രാജ്ഞിയാൽ തെങ്ങ കൊടുത്തപിന്നെ വ്യവഹാരത്തിന്ന പുറപ്പെട്ടതാണെന്ന വിചാരിപ്പാനും വഴി ഇല്ലെ എന്ന ൧ാം പ്രതി പറയുന്നതാണെങ്കിൽ അന്ന്യായക്കാരന്റെ ബുദ്ധിയുടെ അവസ്ഥയെ കുറിച്ച ചെയ്യുടത്തൊളമുള്ള വിചാരണയിൽ അത്ര ദീൎഘവിചാരണക്ക അവൻ ശക്തനല്ലെന്നും വിചാരിപ്പാനും കല്പിക്കാനും കഴിയുന്നതാകുന്നു. ൪- ഇതപ്രകാരം വെറെ കുടിയാന്മാരെ പറമ്പുകളിൽനിന്നും അവകാശം വാങ്ങി വരുന്നുണ്ടെന്ന വിസ്താരത്തിൽ പുറപ്പെട്ടിരിക്കുന്നു- അതുകളെ കുറിച്ച വ്യവഹാരം വന്നിട്ടില്ലെങ്കിലും സാധുക്കളായ കുടിയാന്മാൎക്ക അതിന്റെ അറിവ ഇല്ലാത്തതിനാലൊ- അല്ലെങ്കിൽ വ്യവഹരിച്ച സഫലം വരുത്തെണ്ടതിന്ന ശക്തി ഇല്ലാത്തതിനാലൊ- രണ്ടിൽ ഒരു സംഗതിയാൽ ആയിരിക്കുമെന്നും ഇതപ്രകാരം സാമാന്ന്യേന എല്ലാ അംശങ്ങളിലും ഉള്ള പ്രമാണികൾ രാജാക്കന്മാര മുതലായവര ൟ അക്രമം നടത്തി വരുന്നുണ്ടെന്നും അന്ന്യെഷണത്തിൽ അറിഞ്ഞിരിക്കകൊണ്ടെ ആ അക്രമങ്ങളും ഇതിനാൽ നിൎത്തെണ്ടത ആവിശ്യം തന്നെ എന്നും കണ്ടിരിക്കുന്നു. ൫- ഒന്നാം പ്രതി ൟ കാൎയ്യത്തിൽ നടത്തിയ അക്രമത്തിന്ന ഒരു ശിക്ഷ കൊടുക്കെണ്ടത എത്രയും മുഖ്യാവിശ്യമാകുന്നു- എങ്കിലും നഷ്ടം വക ൰- പണം ൧ാം പ്രതി കൊടുക്കയും ആയ്തു അന്ന്യായ വക്കീൽ വാങ്ങി പറവകയും ചെയ്തിരിക്കുന്നപ്രകാരം അവരുടെ കല്പിത്താൽ സ്പഷ്ടമായി കാണുന്നത കൂടാതെ ആയ്തു നെര എന്ന ൟ കച്ചെരി ഗുമാസ്തൻ ശങ്കരമെനവനാലും പൊലീസ്സാമീൻ അറിഞ്ഞിരിക്കകൊണ്ടും ൟ കാൎയ്യം പൊലീസ്സ കച്ചെരി മുമ്പാകെ നടന്നതാകകൊണ്ടും ൨-ാമതും ഒരു ശിക്ഷ കല്പിക്കുമ്പൊൾ ആയ്തു ന്യായരഹിതമായ പ്രവൃത്തിയിൽ ഉൾപ്പെട്ട പൊകുമൊ എന്ന സംശയം വന്നിരിക്കുന്നതിനാൽ ഇപ്പൊൾ ൧ാംപ്രതിയെ ശിക്ഷയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന അഭിപ്രായമായിരിക്കുന്നു. ൬- ഒന്നാം പ്രതിയൊട വക്കീൽ നഷ്ടം വകക്ക വാങ്ങിയ പണം അന്ന്യായക്കാരന കൊടുത്തതിന്റെ ശെഷം താൻ ചെയ്തു അദ്ധ്വാനത്തിന്റെ കൂലി വഹക്ക തന്നു എന്ന അന്ന്യായ വക്കീലും ആ പണം തന്റെ വക്കൽ തന്നിട്ടില്ലെന്ന അന്ന്യായക്കാരനും പറയുന്നതിന്റെ നെരിനെ ഇതിൽ വെളിവാക്കാൻ കഴിഞ്ഞിട്ടില്ലാ- എങ്കിലും അന്ന്യായ വക്കീലന പ്രതിക്കാരനാൽ ഒരു ദ്രവ്യലാഭമുണ്ടായ പ്രകാരം

വിസ്താരങ്ങളാൽ പുറപ്പെട്ടു കാണുന്നില്ലെന്ന തന്നെ അല്ലാ- അന്വെഷണത്തിലും അപ്രകാരം കണ്ടീട്ടില്ലാ- ഒന്നാം പ്രതിയുടെ സമൎത്ഥതയിന്മെൽ വക്കീലനെ സ്വാധീനമാക്കി മെൽ പ്രകാരം രാജി കൊടുപ്പിക്കയും അതിനെ പററി ഇപ്പൊൾ ഉണ്ടായ ആക്ഷെപത്തിന്ന വക്കീലന്റെ അപെക്ഷക്ക രാജി കൊടുത്തതാണെന്ന ൩ാം പ്രതി പറയുന്നതാകുന്നു എന്നും എത്രെ തൊന്നുന്നത- എങ്കിലും വക്കീലന്റെ തെററിനാൽ ൨-ാമത ൟ വക ആക്ഷെപത്തിന്ന ഇടവന്നതാണെന്നു ൟ കാൎയ്യത്തിന്റെ എല്ലാ സ്വഭാവികത്താലും നിശ്ചയിപ്പാൻ ഇടയായിരിക്കുന്നു- ൟ തെററിന്ന വക്കീലന്റെ മെൽ ഒരു കഠിന താക്കീതി ചെയ്യാൻ മാത്രമല്ലാതെ വെറെ വിധമായ ഒരു കല്പന കല്പിക്കാൻ സങ്ങതി ഇല്ലെന്നതൊന്നുകയാൽ ഇപ്പൊൾ അപ്രകാരം കല്പിക്കുന്നില്ലാ. ൯- ൟ സങ്ങതികളാൽ അന്ന്യായം നീക്കി മെലാൽ ഒന്നാം പ്രതി ഉണ്ടെന്ന വിചാരിക്കുന്ന സ്ഥാനത്തിന്റെ ശക്തിയെ മെൽപ്രകാരം യാതൊരു കുടിയാന്റെമെലും നടത്തിപൊകരുതെന്നും ഇതിന്ന വിരൊധമായി എന്തെങ്കിലും നടത്തിയ പ്രകാരം തെളിവകണ്ടാൽ കഠിന ശിക്ഷക്ക ഉൾപ്പെടുത്തുമെന്നും ൩ാം പ്രതിയൊടും മെലാൽ ൟ വക അക്രമത്തിൽ ഉൾപ്പെട്ടാൽ ൟ സങ്ങതി കൂടി വിചാരിച്ച കഠിനമായ ദൊഷം അനുഭവിപ്പാനുള്ള കല്പന ഉണ്ടാകുമെന്ന വക്കീലനും താക്കീതി ചെയ്യാനും ൟ ൩ാം പ്രതിയും ഇതപ്രകാരമുള്ള വെറെ പ്രബലന്മാരും നടത്തുന്ന പ്രകാരം മെൽകാണിച്ച അക്രമങ്ങളെ തീൎച്ചയായി നിൎത്തൽ ചെയ്യാൻ വെണ്ടി പരസ്യം കല്പനകൾ എല്ലാപൊലീസ്സ അധികാരസ്ഥലങ്ങളിലും ഉണ്ടാവാൻവെണ്ടി വിസ്താരവും വിധിയും ഹെഡ അസിഷ്ടാണ്ട മജിസ്ത്രെട്ടിൽ അയപ്പാനും- പിടിച്ച ൩ാംപ്രതിയെ. വിട്ടയപ്പാനും ശെഷം പ്രതികളെ പിടിപ്പാൻ ആവിശ്യമില്ലെന്നും കല്പിച്ചു.

ഹെഡ അസിഷ്ടാണ്ട മജിസ്ത്രെട്ടിലെക്ക.

ചിറക്കതാലൂക്ക എളയാവൂര അംശത്തിൽ കൊരൻ ബൊധിപ്പിക്കുന്ന ആവലാതി സങ്കടം ഹരജി- മെപ്പടിദെശത്ത വാസുദെവൻ തങ്ങൾ തമ്പുരാൻ അവരെ ആൾ മെപ്പട ദെശത്ത ഒണക്കൻ മുതൽ ൬-ാളുകളെ കൊണ്ടും മററും അറക്കലെ ജന്മം മെപ്പടി ദെശത്ത എനിക്ക പാട്ടം കുഴിക്കാണവകാശമായി ഞാൻ അനുഭവിച്ചവരുന്ന എടപ്പാട്ട എന്ന പറമ്പിൽനിന്നും വളാഞ്ചെരി എന്ന പറമ്പിൽനിന്നും കൂടി ൟ കഴിഞ്ഞ കുംഭമാസം ൨൪നു- ഏകദെശം ൩൦൦ തെങ്ങ- എളന്നീര മുതലായു പറിപ്പിക്കുന്ന സങ്ങതി ഞാൻ അറിഞ്ഞ ഓടിചെന്ന വിരൊധം ചെയ്യാറെ മെപ്പടി തമ്പുരാനും ശെഷം പ്രതികളും കൂടി എന്റെ കഴുത്ത പിടിച്ച തള്ളി.

കയും പിന്നെ എന്നെ പിടിച്ച കെട്ടാൻ ഭാവിക്കയും ചെയ്യതിനാൽ ഞാൻ ഭയപ്പെട്ടു നിൽക്കുമ്പൊൾ മെപ്പടി തെങ്ങ എളുന്നീര പ്രതികൾ തന്നെ എടുത്തകൊണ്ടുപൊകയും മററും ചെയ്യുവിവരം ഞാൻ കണ്ണൂര പൊലീസ്സാമീൻ കച്ചെരിയിൽ അന്ന്യായം ബൊധിപ്പിക്കുകയും പിന്നെ ആയന്ന്യായ പ്രകാരം തെളിവ കൊടുക്കെണ്ടുന്നതിലെക്ക ഒരു പനിയുടെ രൊഗം ഹെതുവാൽ കച്ചെരിക്ക ഹാജരാവാൻ പാടില്ലാത്തതിനാൽ മെപ്പടി താലൂക്ക പള്ളികുന്നദെശത്ത കണ്ണൻ കയിക്കൊറെ എന്റെ അന്ന്യായ പ്രകാരം തെളിവ കൊടുക്കുവാൻ വെണ്ടി ഞാൻ വക്കീലാക്കി അന്ന്യായ പ്രകാരം വെണ്ടുന്ന തെളിവുകൾ എന്റെ വക്കീലൊടും സാക്ഷികളൊടും ആ കച്ചെരിയിൽ വാങ്ങിയും മെപ്പടി പ്രതികൾ കുററം സമ്മതിക്കയും ചെയ്യു കാൎയ്യത്തിന്ന പ്രതികൾക്ക യാതൊരു ശിക്ഷയും കല്പിക്കാത്ത വിവരം ഞാൻ അറിഞ്ഞ എന്റെ രൊഗത്തൊടു കൂടി ഞാൻ ആ കച്ചെരിക്ക കൂട കൂട പലസമയം ചെന്ന ആമീൻ തമ്പുരാനെ ബൊധിപ്പിച്ചതിന്ന എന്നൊട യാതൊന്നും ആ കച്ചെരിയിൽനിന്ന കല്പിക്കാതെയും പിന്നെയും ഞാൻ കൂട കൂട ചെന്ന ബൊധിപ്പിച്ചാറെ മെപ്പടി തങ്ങൾ തമ്പുരാന്റെ ധനിക പ്രബലതയാൽ എന്നെ എററവും കഠിനമായും അത്ത്യാക്ഷെപമായ അസഭ്യവാക്കുകളും പറഞ്ഞതിനാൽ പിന്നെ ഞാൻ ആ കച്ചെരിയിൽനിന്ന തീൎപ്പ കല്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകൎപ്പ പകൎത്ത തരാൻ കല്പന ഉണ്ടാകെണമെന്ന ഞാൻ ബൊധിപ്പിച്ചാറെ പകൎപ്പ തരിക ഇല്ലെന്നും ൫൦ തെങ്ങക്ക വില നിന്റെ വക്കീൽ വക്കൽ കൊടുത്ത തീൎന്നിരിക്കുന്നു എന്നും മററും കല്പിച്ചതിനാൽ മെപ്പടി വക്കീലൊടും ഞാൻ ചൊദിച്ചാറെ മെൽ പറഞ്ഞ ൫൦- തെങ്ങയുടെ വില വാങ്ങി അന്ന്യായം തീൎപ്പാക്കി ഇരിക്കുന്നു എന്ന വക്കീലും പറയുന്നു. ആയ്തു അന്ന്യായക്കാരനായ എന്നെ അറിയിക്കാതെ മെപ്പടി വക്കീലും എന്റെ പൂൎവ്വവിരൊധിയും അതി ധനികനും ആയ മെപ്പടി തങ്ങൾ തമ്പുരാനും ആമീൻ തമ്പുരാനും കൂടി യൊജിച്ച എന്നെ തൊൽപ്പിച്ച നഷ്ടം ചെയ്യിച്ചതാകകൊണ്ടു ൟ സന്നിധാനത്തിങ്കലെ ദയാകടാക്ഷമുണ്ടായിട്ടു മെപ്പടി അന്ന്യായ സങ്ങതിയെ കുറിച്ചുണ്ടായ സകല ദസ്താവെജുകളും ൟ സന്നിധാനം മുമ്പാകെ വരുത്തി നൊക്കി എന്റെ തെങ്ങ എളുന്നീര മുതലായ്തിന്ന ക്രമപ്രകാരം വില തരീപ്പാനും മെപ്പടി ധനിക പ്രബലതയുടെ വിവരം എന്നാൽ തെളിവ കൊടുപ്പാൻ കഴിയായ്കകൊണ്ടു മെപ്പടി വക്കീലും ആമീൻ തമ്പുരാനും തങ്ങൾ തമ്പുരാനും കൂടി യൊജിച്ചതിനാൽ സമ്മതിച്ചിരിക്കുന്ന കുററത്തിന്ന പ്രതികളെ ശിക്ഷിക്കാത്തതിന്നും മെലാൽ പ്രതികളാൽ യാതൊരു ഉപദ്രവം കൂടാതെ ആക്കി തരീപ്പാനും തക്കതായ ഒരു കല്പന ഉണ്ടായി സങ്കടം തീൎത്ത രക്ഷിക്കെണ്ടുന്നതി

ന്ന ഞാൻ വളരെ സ്കടത്തോട കൂടി ഏററവും അപെക്ഷിക്കു ന്നു. എന്ന ൲൮൨൭ മെടം ൨൬൹

൲൮൩൧ാമത വിപ്രവരിമാസം ൨൭൹ കണ്ണൂര പൊലീസ്സാമിൻ കച്ചെരിയിൽനിന്ന കല്പിച്ച വിധി.

അന്ന്യായം കുഞ്ഞിപ്പെണ്ണു എന്നാ സ്ത്രീ മുതൽ ൨-ാംപ്രതി ഇമ്പിച്ചി കണ്ടൻ മുതൽ ൩-ാം.

എന്തന്നാൽ- സക്കാര ജന്മം തരിശായി കിടക്കുന്ന ആറാട്ടവയൽ എന്നപറമ്പിൽ വെച്ചിരുന്ന തയ്യുകൾ -൲൮൨൭ കുംഭം ൲൲൩-ക്കു-൭൩- വിപ്രവരിമാസം ൨൲൩- പകൽ പ്രതികൾ പൊരിച്ച ചാട്ടുകയും ആയ്തു വിരൊധിച്ചാറെ ൧-ാം പ്രതി പറകകൊണ്ട ൩-ാംപ്രതി ൲ാം അന്ന്യായക്കാരിത്തിയെ പിടിച്ച തള്ളുകയും പ്രതികൾ എല്ലാവരും വാക്കെററം പറകയും ചെയ്തു എന്ന വിപ്രവരി ൨൨൩- അന്ന്യായംബൊധിപ്പിച്ചു- ൟ കാൎയ്യത്തിൽ അന്ന്യായക്കാരനൊട്ടും സാക്ഷികളൊട്ടും വിസ്തരിക്കുകയും സ്ഥലം നൊക്കിയും അന്ന്യായം പ്രതികൾ വക്കൽ ഉള്ള ആധാരങ്ങൾ വാങ്ങിയും ആവശ്യമുള്ള പ്രതികളൊട വിസ്തരിക്കുകയും ചെയ്യെണ്ടതിന്ന ദസ്താപെജകൾ ൟ കച്ചെരി സബൊാൎക്ക യാദാസ്ത്യൊട കൂടി അയച്ച ൲ാംപ്രതിയൊട സബൊാൎര മുമ്പാകെയും പ്രതി വക സാക്ഷികളൊട എന്റെമുമ്പാകെയും വിസ്തരിക്കുകയും സ്ഥലം നൊക്കി അളന്ന വിവരത്തിന്നും മററും സബൊാൎരബൊധിപ്പിച്ച റപ്പൊട്ടും അന്ന്യായം പ്രതികളൊട വാങ്ങിഅയച്ച ആധാരപകൎപ്പകളും വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു- ൲ാംപ്രതി കുററം സമ്മതിച്ചീട്ടില്ലാ- അന്ന്യായക്കാരൻ പറയുന്ന പറമ്പ മുമ്പെ ശിവസുബ്രഹ്മണ്ണ്യൻ പിള്ളയൊട എട്ട കൊല്ലം മുമ്പെ വിലകൊടുത്ത വാങ്ങി അതമുതൽ ഇതവരെക്കും പറമ്പ തന്റെ കൈവശമെന്നും പറമ്പ കിളപ്പിക്കയും തയ്യ വാഴ മുതലായ്തു വെച്ചത പൊയിപ്പൊയിരിക്കുന്നു എന്നും മററും ഒന്നാം പ്രതിയും ബൊധിപ്പിച്ചിരിക്കുന്നു അന്ന്യായക്കാരുടെ വാദപ്രകാരം അവരും- പ്രതിയുടെ വാദപ്രകാരം ഒന്നാം പ്രതിയും- സാക്ഷികളെകൊണ്ട തെളിയിച്ചിരിക്കുന്നു- അന്ന്യായക്കാരത്തി കാണിച്ചതായ കുഴിക്കാണാധാരത്തിന്റെ പകൎപ്പും ൨൬൹- ജനവരിന്നു- ൲൬ാം നമ്പ്രായികൊടുത്ത പട്ടയത്തിന്റെ പകൎപ്പും അസ്സലും വരുത്തിനൊക്കിയതിൽ ൟ വാദിക്കുന്ന സ്ഥലം കുഴിക്കാണാധാരത്തിലെ അതിര സംഖ്യ നൊക്കുമ്പൊൾ അതിൽ ഉൾപ്പെട്ടീട്ടുണ്ടെങ്കിലും പട്ടയത്തിലെ അളവിൽ ഉൾപ്പെട്ടതായി കാണുന്നില്ലാ- അതിന്ന മുമ്പായ ൲൦൦൮ാമതിൽ മത്തിക്കുട്ടിയൊട ൨-ാം അന്ന്യായക്കാരൻ കാണിക്കുന്ന കുഴിക്കാണാധാരപ്രകാരം ൟ സ്ഥലം നടന്നവരുന്നത ശരിയാകുന്നു എങ്കിൽ ൟ സ്ഥലത്തിന്ന തൊട്ട അന്ന്യായ

ക്കാര പട്ടയം വാങ്ങിയ സ്ഥലത്തിൽ ഉൾപ്പെടുത്തി ൟ സ്ഥലത്തി
ന്നും പട്ടയം വാങ്ങാൻ സംഗതി ഉണ്ടായിരുന്നു- അത അന്ന്യായ
ക്കാര ചെയ്യിട്ടില്ലാത്ത അവസ്ഥ നൊക്കുമ്പൊൾ ആ കുഴിക്കാണൊ
ധാരം അത്ര വിശ്വസിച്ച പറമ്പ അന്ന്യായക്കാരുടെ വശത്തി
ൽ ആണെന്ന വിചാരിപ്പാനും സംഗതി കാണുന്നില്ലാ- ൧ാം പ്ര
തി മുമ്പെ ശിവസുബ്രഹ്മണ്ണ്യൻ പിള്ളയുടെ ഒരു എഴുത്ത കാണി
ക്കുന്നതിന്റെ തരിജമയിൽ ഇന്നസ്ഥലമെന്നും ആ സ്ഥലം
ഇന്ന അവകാശമായി കൊടുത്തു എന്നും കാണുന്നില്ലാ- അതിനാ
ൽ ൟ സ്ഥലം തന്നെയൊ പ്രതിയുടെ കൈവശമെന്നും അറി
വാൻ സംഗതി വന്നിട്ടില്ലാ എന്നതന്നെയും അല്ലാ- ആ സ്ഥല
ത്തിന്ന പിള്ളയാർ കൊവിൽ ക്ഷെത്രകാൎയ്യം നടത്തുന്നവരു
ടെ തൎക്കത്തിന്മെൽ കൊടുത്ത എഴുത്താണെന്നും കാണുന്നു. ആ
ക്ഷെത്രകാൎയ്യം നടത്തുന്നവര ആരും ഇവിടെ ൟ കാൎയ്യത്തെ
കുറിച്ച ഒന്നും ബൊധിപ്പിച്ചീട്ടില്ലാ എങ്കിലും അങ്ങിനെ ഒരു
തൎക്കം ഇതിൽ ഉണ്ടെന്ന വിചാരിക്കാം- ൟ വാദിക്കുന്ന
സ്ഥലം അളപ്പിച്ച നൊക്കിയ്യിൽ കിഴക്കപടിഞ്ഞാറ ൧൯ കൊ
ലും തെക്കവടക്ക അഞ്ചുകൊലും അതിന്ന ൯൫ കൊൽ പെരുക്കം
ഉണ്ടെന്നും കണ്ടിരിക്കുന്നു- ൟ സ്ഥലത്തിന്ന ൟ വിപ്രവരിമാ
സത്തിൽ ഒന്നാം പ്രതി ൟ അന്ന്യായക്കാരുടെ സംബന്ധിയാ
യ ബാപ്പുട്ടിയുടെമെൽ ബൊധിപ്പിച്ച അന്ന്യായംനിമിത്തം അ
ക്ടിങ്ക പൊലീസ്സാമിൻ തന്നെ ൟ സ്ഥലം ചെന്ന നൊക്കികണ്ട
തിൽ അത നിരത്തിന്ന എത്രയും സമീപിച്ച അല്പമായ സ്ഥലവും
അതിൽ യാതൊരു അനുഭവവും ഒരുത്തരും ഉണ്ടാക്കീട്ടില്ലെന്നും ക
ണ്ടിരിക്കുന്നു- എങ്കിലും ആ കാൎയ്യം അന്ന്യായം പ്രതികൾ തമ്മിൽ
ഒത്ത രാജിയായി തീൎന്ന പൊയിരിക്കുന്നതും ആ ബാപ്പുട്ടിയുടെ
അവകാശികളായ അന്ന്യായക്കാര വെറെ ഒരു പ്രകാരമായി ഇ
പ്പൊൾ രണ്ടാമത ഇങ്ങനെ ഒരു വ്യവഹാരം ഉണ്ടാക്കിയ്യൂം ആ
കുന്നു. ൟ കാൎയ്യത്തിന്റെ വിസ്താരവും സബൊസ്സരുടെ റിപ്പൊ
ട്ടും നൊക്കുകയും അന്ന്യെഷിക്കുകയും ചെയ്യതിൽ ൟ വാദിക്കു
ന്ന സ്ഥലം സൎക്കാര ജന്മമാണെന്നും അതിൽ കാണുന്ന മതി
ലും വെലിയും കുറെകാലം മുമ്പെ തന്നെ ഉള്ളതും ആയ്യു ൟ വാ
ദി പ്രതിവാദികളുടെ മുഖാന്തരം ഉണ്ടായീട്ടുള്ളതല്ലാ- ശിവസുബ്ര
ഹ്മണ്ണ്യൻപിള്ളയുടെ എഴുത്തിൽ കാണുന്നപ്രകാരം പൂന്തൊട്ടം ഉ
ണ്ടായിരുന്ന ആ കാലത്ത അയാൾ ചെയ്യിച്ചതായീട്ടും വിചാരി
പ്പാനാകുന്നു സംഗതി കാണുന്നത അന്ന്യായക്കാര കാണിക്കു
ന്ന ൨-ാമത്തെ ആധാരം പ്രകാരം ൟ സ്ഥലം തങ്ങൾക്ക കൈവ
ശമായി വന്നതാണെങ്കിൽ ഇരിപത കൊല്ലമായി യാതൊരു അ
നുഭവവും വെച്ചുണ്ടാക്കെണ്ടതും ഇതുവരെ ചെയ്യീട്ടില്ലെന്ന കാ
ണുന്ന അവസ്ഥക്ക എന്നി ൟ സ്ഥലത്തിന്റെ നടപ്പാവകാശ

ത്തെ കുറിച്ച ൟ കക്ഷിക്കാരുടെ വാദം പ്രമാണിക്കാനും ഇതിലധികമായ ഒരു വിസ്താരം നടത്താനും ആവിശ്യമില്ലെന്നും ൟ വാദമുള്ള സ്ഥലം വെറെ ആളെവശം ഏല്പിക്കെണ്ടത എന്നും- അതിന്ന സങ്കടം വിചാരിക്കുന്നവര ൟ തീൎപ്പിലെ ൩—മുതൽ ൩൦-ദിവസത്തിലകത്ത മെൽ സ്ഥലങ്ങളിൽ അപ്പീലായി ബൊധിപ്പിച്ച നിവൃത്തി വരുത്തുകയൊ അദാലത്ത അന്ന്യായം ബൊധിപ്പിക്കയൊ. ചെയ്യെണ്ടതാണെന്നും- അതവരെ ൟ വാദിക്കുന്ന സ്ഥലത്ത ഇരുകക്ഷിക്കാരും യാതൊരു പ്രവൃത്തിയും ചെയ്വാൻ സംഗതി ഇല്ലെന്നും ൟ അവധിയിലകത്ത മെൽ കല്പിച്ചത പ്രകാരം കക്ഷിക്കാര മെൽസ്ഥലത്ത ബൊധിപ്പിച്ച ലക്ഷ്യം ഇവിടെ കാണിച്ചിട്ടില്ലെങ്കിൽ ൟ സ്ഥലം മനസ്സുള്ള വെറെ ആളെ ഏല്പിച്ച നടത്തിപ്പാൻ തക്കവണ്ണം ഇവിടെനിന്ന മെലധികാരത്തിൽ സിഫാൎസി ചെയ്വാൻ സംഗതി വരുമെന്നും ഇതിനാൽ കക്ഷിക്കാരെ അറിയിപ്പാനും കല്പിച്ച അന്ന്യായം നീക്കി പ്രതിയെ വിട്ടു.

ഹെഡ അസിഷ്ടാണ്ട മജിസ്ത്രെട്ടില്ക്കു.

ചിറക്കതാലൂക്ക കണ്ണൂരിൽ ഇരിക്കും ൧- ഇമ്പിച്ചികണ്ടനും ൨- അനന്തിരവൻ ചെറിയ ഇമ്പിച്ചികണ്ടനും കൂടി ബൊധിപ്പിക്കുന്ന ഹരജി- സൎക്കാര ജന്മം ൧ാം ഹരജിക്കാരനായ ഇനിക്കുള്ള ആറാട്ടു വയലെന്ന പറമ്പിൽ തങ്ങൾ വെച്ചിരുന്ന തയ്യുകൾ പൊരിച്ച ചാട്ടുകയും ൧ാം അന്ന്യായക്കാരത്തിയായ തന്നെ പിടിച്ച തള്ളുകയും ചെയ്തുപ്രകാരം അന്ന്യായം കുഞ്ഞിപ്പെണ്ണു മുതൽ ൨-ാൾ ഞങ്ങളുടെയും ബൊപ്പുവിന്റെയും മെൽ കണ്ണൂര പൊലീസ്സാമീൻ കച്ചെരിയിൽ അന്ന്യായപ്പെട്ട കാൎയ്യത്തിൽ അന്ന്യായഭാഗം ഇണ്ണം പൊലെ കഴിഞ്ഞ വിപ്രവരിമാസം ൨൮൩— കണ്ണൂര പൊലീസ്സാമീൻ അവൎകൾ കല്പിച്ച തീൎപ്പ മാററി അന്ന്യായക്കാൎക്ക കള്ളന്ന്യായത്തിന്ന ശിക്ഷയും പറമ്പ ഉടമക്കാരനായ ൧ാം ഹരജിക്കാരനായ എന്റെ സമ്മതം പ്രകാരം തീൎപ്പിലെ ൩-ാം പ്രതിയായ മെപ്പടി ബൊപ്പു തന്നെ നടപ്പാൻ കല്പനയും ഉണ്ടാകെണ്ടതിന്നുള്ള മതിയായ സംഗതികൾ താഴെ എഴുതുന്നു- ൧ അന്ന്യായത്തിൽ പറയുന്നത ഒന്നും നെരല്ലാ കലശൽ നടന്നതായി പറയുന്ന ദിവസം ഞങ്ങൾ അന്ന്യായക്കാരെ കണ്ടിട്ടു തന്നെ ഇല്ലാ- നിൎദ്ദൊഷികളായ ഞങ്ങളെ ദൊഷപ്പെടുത്താനായിട്ട മനഃപൂൎവ്വമായി വിചാരിച്ചുറച്ച ദുഷ്ടമനസ്സൊടുകൂടി കലശൽ ചെയ്തുപ്രകാരവും ഞങ്ങളുടെ മെൽ കുററം ചുമത്തി ബൊധിപ്പിച്ചതാകുന്നു. അതിലെക്കും തങ്ങളുടെ ഹിതംപ്രകാരം സാക്ഷിപറയിപ്പാനായിട്ടഅന്ന്യായക്കാര വളരെ താല്പൎയ്യപ്പെട്ടിരുന്നു എങ്കിലും ആ കള്ളകാൎയ്യത്തിൽ അവരുടെ

മനസ്സിൽ ഉറച്ചപ്രകാരം തന്നെ പറവാനായിട്ട കഴിയാതെ സാ
ക്ഷി വായ്മൊഴികൾ പരസ്പരവിത്യാസങ്ങളും യുക്തിഭംഗവും ഉണ്ട
കലശൽ കുററത്തെ കുറിച്ച വെണ്ടുന്ന യാതൊരു വിസ്താരവും ന
ടത്തീട്ടില്ലാ- ആ കാൎയ്യം ഏതപ്രകാരം അവസാനിച്ചു എന്ന തീൎപ്പ
കൊണ്ടു അറിയുന്നില്ലാ. ൪- ഗ്രഹസ്ഥമാനമൎയ്യാദപ്രകാരം നടന്നു
ൟ വക പൊലീസ്സ മുതലായ്തിൽ ഉൾപ്പെടാത രുന്നും വരുന്ന ഞ
ങ്ങളുടെ മെൽ കളവായി കുററം ചുമത്തി ബൊധിപ്പിച്ചത ഞങ്ങ
ൾക്ക മാനകുറവും സങ്കടവും ഞങ്ങളെ ദൊഷപ്പെടുത്തെണ്ടതിലെ
ക്ക മാത്രമായി വ്യഥാ ബൊധിപ്പിച്ചതാകുന്നു എന്നും കള്ളന്ന്യായ
കുററത്തിൽ അന്ന്യായക്കാരെ ശിക്ഷിക്കെണ്ടതാണെന്നും ആ വ
ക ദസ്താവെജുകൾ നൊക്കി ആലൊചിക്കുമ്പൊൾ തന്നെ ബൊ
ധിക്കും. ൫- അന്ന്യായപ്പെട്ട പറമ്പിന്ന അന്ന്യായക്കാൎക്ക യതൊ
രു അവകാശവും നടപ്പും ഇല്ലാ- അവര ഒരു പ്രവൃത്തി നടത്തീ
ട്ടും തൈവെച്ചിട്ടും ഇല്ലാ- തൈ വെച്ചത തന്നെ മുമ്പെ ൧ാം ഹര
ജിക്കാരനായ ഞാനാകുന്നു അതിന്റെ സങ്ങതി ൯ാം വകുപ്പിൽ
പ്രസ്ഥാപിക്കാം. ൬- ൟ അന്ന്യായക്കാര ആദ്യം ബൊധിപ്പിച്ച
ഹരജിയിൽ അന്ന്യായപ്പെട്ട പറമ്പ തങ്ങൾ തരിശ നീക്കിനടപ്പാ
ക്കി ജമക്ക ചെൎന്നതാണെന്നും അതിനെ അനുസരിച്ച ആമീൻ
കച്ചെരിയിൽ ആ പറമ്പ അന്ന്യായഭാഗത്തിലെക്ക മരിച്ചുപൊയ
മത്തികുട്ടിയാൽ കുഴിക്കാണവകാശമായികിട്ടിയ്യാണെന്നും ബൊ
ധിപ്പിക്കയും അതിലെക്ക അനുസരണമായ ആ മത്തികുട്ടിയാൽ
കിട്ടിയ്യായി ഒരു കുഴിക്കാണാധാരവും കാണിക്കയുംചെയ്തിരിക്കു
ന്നു- ആയ്യാധാരം വിശ്വസിപ്പാൻ പാടില്ലാ എന്ന തീൎപ്പിനാ
ൽ തന്നെ സമ്മതിച്ചിരിക്കുന്നു- അതിനാൽ അതിന്റെ ദുൎബ്ബല
ത്തെ കുറിച്ച അധികമായി ആക്ഷെപിക്കുന്നതും ആക്ഷെപി
ക്കെണ്ടതും ഇല്ലങ്കിലും ചുരുക്കമായിട്ട പറയാം. ൭- ൟ കുഴി
ക്കാണാധാരം ശുദ്ധമെ കളവാകുന്നു. ഏറെ കാലം മുമ്പെ മ
രിച്ചപൊയിരിക്കുന്ന മത്തികുട്ടിയുടെ പെരിൽ ഇപ്പൊൾ ഒരാധാ
രം കെവലം നൂതനമായിട്ടൊ- അതല്ല മുമ്പെ ആധാരം ഉണ്ടാ
യിരുന്നാൽ തന്നെ ഇപ്പൊൾ അത ഭെദപ്പെടുത്തി തങ്ങടെ ആ
വിശ്യം പ്രകാരവും കൂടി കൂട്ടി ഇങ്ങിനെ ഒരാധാരം നിൎമ്മിപ്പാനൊ
അന്ന്യായക്കാരാൽ കഴിയുന്നതും അവര അത ചെയ്യുന്നതും കൂ
ടാതെ ആധാരത്തിന്റെ പുതുക്കംകൊണ്ടും നൂതനമായി ഉണ്ടാക്കി
യപ്രകാരം വെളിവായിരിക്കുന്നു- അത്രയുമല്ലാ അന്ന്യായക്കാര ഇ
പ്പൊൾ തൎക്കിക്കുന്നപ്രകാരം ൟ വാദിക്കുന്ന പറമ്പ അവര ഇ
രിക്കുന്ന പറമ്പിൽ ചെൎന്നതാകുന്നു എങ്കിൽ ആ കുടിയിരിക്കുന്ന
ജമക്ക ചെൎന്ന പറമ്പിന്ന മുമ്പെ അന്ന്യായഭാഗത്തെക്ക കിട്ടി
യ കൌളിനാൽ പക്ഷെ ൟ സ്ഥലവും അതിൽ ഉൾപ്പെട്ടിരി
ക്കെണ്ടതിന്ന ഏററവും സംഗതിയും ന്യായവും ഉള്ളതാകുന്നു-

സമ്പ്രാപ്പര മുഖാന്തരം അളന്നതിൽ ൟ സ്ഥലം കൊഴ്ച്ചിൽ ചെ
ന്നതല്ലാ എന്ന കാണുന്ന മതിയായ ലക്ഷ്യത്തിന്മെൽ തന്നെ വാ
ദിക്കുന്ന പറമ്പ അന്ന്യായക്കാൎക്ക ഉള്ളതല്ലാ എന്നും അവരുടെ വാ
ദം നെരായിട്ടുള്ളതല്ലെന്നും നിസ്സംശയമായിരിക്കുന്നു. ൩- അ
ത കൂടാതെ അന്ന്യായക്കാരുടെ സമ്മതത്തിനാൽ തന്നെ ൟ പറ
മ്പ പ്രതി ഭാഗം തിൎപ്പ ചെയ്യെണ്ടതില്ലാ യാതൊരു സംശയമില്ലാ
ത്തതാകുന്നു എങ്കിലും ഒരു ദൃഷ്ടാന്തവും താഴെ പറയുന്നു. ൪- അ
ന്ന്യായക്കാര തന്നെ സമ്മതിക്കുന്നു വാദിക്കുന്ന സ്ഥലം തങ്ങൾ
എതാനും കാലം മുമ്പെ ശിവസുബ്രഹ്മണ്യൻ പിള്ളക്ക സമ്മതി
ച്ച കൊടുത്തിരിക്കുന്നു എന്ന ആ പിള്ള ൨ാം ഹരജിക്കാരനായ
ഇനിക്ക ൟ സ്ഥലം സമ്മതിച്ച തന്നിരിക്കുന്നു എന്ന ൰൩- ജ
നവരി ൧൫൩- ഇനിക്ക തന്നിരിക്കുന്ന ശീട്ടിനാലും എന്റെ ഭാ
ഗം സാക്ഷികളാലും ഞാൻ തെളിയിച്ചിരിക്കുന്നു ആ ശീട്ടിനെ ദു
ൎബ്ബലം ചെയ്യാനായിട്ട തിൎപ്പിൽ പറഞ്ഞിട്ടുള്ള അഭിപ്രായം സ്ഥല
ത്തിന്റെ പെരും ആയു ഇന്ന അവകാശമായി തന്നു എന്നും ശീ
ട്ടിൽ ഇല്ലെന്ന കാണുന്നതിനാൽ അത ൟ സ്ഥലമാണെന്ന വി
ചാരിപ്പാൻ സംഗതി ഇല്ലാത്തത എന്നാകുന്നു. ആ ശീട്ടിൽ പൂ
ന്തൊട്ടം ഉണ്ടാക്കുവാനായി താൻ വാങ്ങിനിൎത്തിരുന്ന സ്ഥലം എ
നിക്ക തന്റെ അവകാശത്തൊളം സമ്മതിച്ച തന്നിരിക്കുന്നു എ
ന്നായിരുന്നു- പൂന്തൊട്ടം ഉണ്ടാക്കുവാനായിട്ട ൟ ഭൂമിതന്നെ ആ
പിള്ളക്ക തങ്ങൾ കൊടുത്തിട്ടുണ്ടായിരുന്നു എന്ന അന്ന്യായക്കാര
തന്നെ സമ്മതിക്കുന്ന അവസ്ഥക്ക ൟ സ്ഥലം അത തന്നെ ആ
കുന്നു എന്നുള്ളതിലെക്ക യാതൊന്നും സംശയിപ്പാൻ വഴി ഇല്ലാ
ത്തതായിരുന്നു കൈവശമല്ലാതെ അവകാശത്തിന്റെ മൂലമാ
യ സംഗതിയെ കുറിച്ച പൊലീസ്സിൽനിന്ന അത്ര പരിശൊധി
പ്പാനും സംഗതി ഇല്ലാത്തതായിരുന്നു എങ്കിലും ൟ സ്ഥലം ഒ
ന്നാം ഹരജിക്കാരനായ എനിക്ക ദ്രവ്യവകാശത്തിന്മെൽ സി
ദ്ധിച്ചതാകുന്നു എന്നുള്ളതിലെക്ക ഞാനും ആ പിള്ളയുമായി ന
ടന്നിട്ടുള്ള രെഖകൾ തന്നെ ദൃഷ്ടാന്തമാകുന്നു. ൫- ൟ സ്ഥലത്തി
ന്ന പിള്ളയവർ കൊവിലെ പരിചാരകന്മാര ഇപ്പൊൾ ആക്ഷെ
പിച്ചിട്ടില്ലെങ്കിലും വാദമുള്ളപ്രകാരം തൎക്കം കൊണ്ട വരാത്ത ആ
ളുകളെ പററി അങ്ങിനെ ഒരു തൎക്കം കൂടി ഉണ്ടെന്ന- വ്യൎത്ഥ തിൎപ്പി
ൽ പ്രസ്താപിച്ചിരിക്കുന്നു. അത അന്ന്യായക്കാരുടെ നെരകെടാ
യ തൎക്കം ഒരുസമയം വ്യൎത്ഥമായാൽ അപ്പൊൾ ഇങ്ങിനെ ഒരു
തൎക്കം കൂടി പുറപ്പെടുക്കാമെന്ന ഞങ്ങളുടെ നെരെ ൟ അന്ന്യായ
ക്കാൎക്കുള്ള ശത്രുതയിന്മെൽ അവര ആഗ്രഹിക്കുന്നതിന്ന അ
നുകൂലമായിട്ടാണെന്ന വിചാരിപ്പാൻ സംഗതിയായിരിക്കുന്നു-
അങ്ങിനെ അവൎക്ക ഒരു തൎക്കം ഉണ്ടായിരുന്നു എങ്കിൽ പരിചാ
രകനായ എന്റെ ഭാഗം ൨ാം സാക്ഷി അതിനെകുറിച്ച ആക്ഷെ

പിക്കുന്നതായിരുന്നു. ൯- ഠരം അന്ന്യായത്തിന്ന ഏകദെശം ഒരു
മാസം മുമ്പായി അന്ന്യായക്കാരത്തിയുടെ ജെഷ്ടത്തിയുടെ മകനാ
യ ബാപ്പുട്ടിഎന്നവൻ ഠരം പറമ്പിൽ തകരാറ ചെയ്യതിന്ന ൧ാം
ഹരജിക്കാരനായ ഞാൻ ബൊധിപ്പിച്ച അന്ന്യായത്തിൽ തനി
ക്ക യാതൊരു അവകാശമില്ലെന്നും ആ പറമ്പ ൧ാം ഹരജിക്കാര
നായ ഇനിക്കുള്ളതാണെന്നും സമ്മതിച്ച കയ്യിത്ത കൊടുത്തത
കൂടാതെ അതപ്രകാരം ഞങ്ങൾ രണ്ടാളും രാജി ബൊധിപ്പിച്ച
ആ രാജിപ്രകാരം എന്റെ സമ്മതത്തിന്മെൽ ഇതിൽ ൩-ാം പ്ര
തിയായ ബാപ്പു- കയ്യായി നടക്കുകയും ചെയ്യു വരുന്നതാകുന്നു.
അതിന്റെ മദ്ധ്യെ ഠരം സ്ഥലം തങ്ങൾക്ക വിലക്ക കിട്ടെണമെ
ന്നു വെച്ച ആ ബാപ്പുട്ടിയും ഠരം അന്ന്യായക്കാരും എടക്കാട അം
ശം അധികാരി മുഖാന്തരം എന്നൊട സംസാരിച്ചത ഞാൻ സ
മ്മതിക്കാത്തതിനാൽ മുമ്പെ ഉള്ള രാജിക്ക ന്ന്യൂനത വിചാരിക്കാൻ
വെണ്ടി ആ ബാപ്പുട്ടിയെ പ്രതിയാക്കി കൌശലമായി ഠരം അ
ന്ന്യായംകൊണ്ട വന്നതും അതിലെക്ക അധികാരി തന്നെ മുമ്പാ
യി പുറപ്പെട്ടതും ആയധികാരി ഇതിൽ നെരിനെ പറയുന്നത
ല്ലെങ്കിലും സക്കാര ഉദ്ദ്യൊഗസ്ഥനായ അധികാരി അനാവിശ്യമാ
യി ഇങ്ങനെ തുനിയുന്നത അപിഹിതമാകുന്നു. ആ ബാപ്പുട്ടി
ക്കുള്ള മുതലിന്ന അന്ന്യായക്കാരത്തിക്കും അന്ന്യായക്കാരത്തിക്കു
ള്ള മുതലിന്ന ബാപ്പുട്ടിക്കും അവകാശവും ഒന്നായിപാത്ത അ
യികമത്ത്യമായി ഇരുന്ന വരുന്നതും ആയിരിക്കെ അന്ന്യായക്കാ
രത്തിയുടെ വാദപ്രകാരം ഇതിന്ന അവൾക്ക വല്ല അവകാശം
ഉണ്ടായിരുന്ന എങ്കിൽ ആ ബാപ്പുട്ടിഒരു കാലത്തും മെൽപ്രകാരം
സമ്മതിക്കാൻസംഗതി വരുന്നതല്ലെന്ന നിശ്ചയമാകുന്നു. ഇത
കൂടാതെ മെൽ പ്രകാരം രാജിയായി തീൎന്നിരിക്കെ ഇതിന്റെ സ്വ
രൂപം തന്നെ വെറെ പ്രകാരമാക്കി ഠരം അന്ന്യായം കൊണ്ട വ
ന്നതാണെന്ന തീൎപ്പിനാൽ തന്നെ സമ്മതിക്കെണ്ടി വന്നിരിക്കു
ന്നു. ൧൦- ഒരു കച്ചെരിയിൽ ബൊധിപ്പിച്ച സ്ഥിരപ്പെട്ടിരിക്കുന്ന
രാജിക്ക വിരൊധമായി വരുന്ന അന്ന്യായം മെലധികാരത്തി
ലെ കല്പന കൂടാതെ അംഗീകരിക്കുന്ന നടപ്പ ഇതവരെ കണ്ടി
ട്ടില്ലാ അങ്ങിനെ ഉള്ള ഠരം അന്ന്യായം അങ്ങീകരിച്ചത ആശ്ചൎയ്യമാ
യിരിക്കുന്നു. ആ രാജിക്ക ഹെതുവായ അന്ന്യായ കാലത്ത ആമീ
ൻ അവർകൾ ഠരം സ്ഥലം വന്ന നൊക്കി അന്ന്യെഷിച്ച പൊയ്യി
ന്റെ ശെഷമാകുന്നു രാജിവാങ്ങീട്ടുള്ളത- എന്നാൽ അതിന്ന മുമ്പാ
യുള്ള അന്ന്യെഷണത്തിൽ ഏതെങ്കിലും ഒരു സംശയം കണ്ടിരുന്നു
എങ്കിൽ ആ രാജി സമ്മതിക്കാൻ ഇടവരുമൊ- ഇപ്രകാരം ഇരി
ക്കെ തീൎന്നപൊയ കാൎയ്യം ൨-ാമതും എടുത്ത ഇങ്ങിനെ ഒരു തീൎപ്പ
കല്പിച്ചത ഞങ്ങൾക്ക സങ്കടമെന്നെ പറയുന്നുള്ളു. ൧൧- ഠരം വ
ക സങ്ങതികളാൽ നിൎവ്വാദമായിരിക്കുന്ന ഠരം ഭൂമി മതിയായ വാ

ദം ഉണ്ടെന്ന സങ്കല്പിച്ച അന്ന്യനെ കൊണ്ട നടത്തിപ്പാൻ ശി പാൎശി ചെയ്യുമെന്ന കാണുന്നത ഞങ്ങളുടെ അവകാശം വ്യൎത്ഥ മാക്കാനായിട്ടല്ലാതെ അത ശെരിയായിട്ടുള്ളതല്ലായ്കയാൽ പ്ര മാണിക്കെണ്ടതല്ലെന്ന സായ്പവൎകൾ ആലൊചിക്കുമ്പൊൾ ത ന്നെ ബൊധിക്കും. ൧൨- ഈ സ്ഥലത്തിന്ന സുബ്രഹ്മണ്ണ്യൻപി ള്ളയാൽ എനിക്ക കിട്ടീട്ടുള്ള ആധാരം ഞാൻ ഹയലാക്കിയതിൽ സ്ഥ ലത്തിന്റെ പെരും ഇന്ന അവകാശം പ്രകാരം കൊടുത്തു എന്നു ള്ളതും ഇല്ലാത്തതിനാൽ ഈ സ്ഥലം തന്നെയൊ എന്ന തീൎപ്പിനാ ൽ സംശയിച്ചിരിക്കുന്നു- എങ്കിലും ആ തീൎപ്പിലെ എതാനും ഭാഗം പറയുന്ന ന്ന്യായം മാത്രമെങ്കിലും വിചാരണ ചെയ്യുമ്പൊൾ ആ സംശയത്തിന്ന ഒരു സംഗതി ഇല്ലാത്തതാണെന്ന ബൊധിക്കു ന്നതായിരുന്നു- അത എന്തുകൊണ്ടെന്നാൽ വാദിക്കുന്ന സ്ഥല ത്തുള്ള മതിലും വെലിയും കുറെ കൊല്ലം മുമ്പെ ഉണ്ടാക്കീട്ടുള്ളതാ ണെന്ന കാണുന്നതിനാൽ കക്ഷിക്കാരുടെ മുഖാന്തരം ഉണ്ടാക്കീ ട്ടുള്ളതല്ലെന്നും സുബ്രഹ്മണ്ണ്യൻ പിള്ളയുടെ എഴുത്തിൽ കാണുന്ന പ്രകാരം പൂന്തൊട്ടം ഉണ്ടാക്കിരുന്നപ്പൊൾ അയാൾ ഉണ്ടാക്കിച്ച താണെന്നും തീൎപ്പിൽ വെടിപ്പായി സമ്മതിച്ചിരിക്കെ എന്നാൽ അയാളുടെ നടപ്പും അവകാശവും മുഴുവനും എനിക്ക ആധീന മായിരിക്കുമ്പൊൾ അതിനെ ദുൎബ്ബലപ്പെടുത്തുന്നത എതപ്രകാര മെന്ന അറിയുന്നില്ലാ- അത്രയുമല്ലാ ഇപ്പൊഴുള്ള കിളു ഒന്നാം ഹ രജിക്കാരനായ ഞാൻ മുതൽ ചിലവ ചെയ്തു ഉണ്ടാക്കിയതും തയി കുണ്ട മുതലായതു കുഴിപ്പിക്കയും മററും പ്രവൃത്തികൾ നടത്തുകയും ചെയ്തിട്ടുള്ളതുമാകുന്നു- ശിവസുബ്രഹ്മണ്ണ്യൻ പിള്ള ഈ ദിക്കവി ട്ട പൊയിട്ട ഇപ്പൊൾ എകദെശം എട്ട കൊല്ലത്തൊളമായിരിക്കു ന്നു- ഈ കാലത്തിന്നിടയിൽ ഉണ്ടാക്കിയ കിളുയാകുന്നു എന്ന ആ കിളു മുതലായതു ഇപ്പൊൾ നൊക്കുമ്പൊൾ ബൊധിക്കുന്ന താകുന്നു- അതുകൊണ്ട ഈ കാൎയ്യത്തിന്നുണ്ടായ സകല വിസ്താ രങ്ങളും അന്ന്യായക്കാരത്തിയുടെ അവകാശിയായ ബാപ്പുട്ടിയു ടെ മെൽ ഒന്നാം ഹരജിക്കാരനായ ഞാൻ ബൊധിപ്പിച്ച അ ന്ന്യായത്തിന്നുണ്ടായ വിസ്താരം ഹരജികളും വരുത്തി നൊക്കി ആദ്യ വിധി മാററി പറമ്പ ൨ാം ഹരജിക്കാരനായ എന്റെ ആ ധാര പൂൎവ്വം നടന്ന വരുന്ന ൩ാം പ്രതിയായ ബാപ്പു ത ന്നെ നടക്കുന്നതിലെക്ക ആരും തകരാറ ചെയ്യാതെ ഇരിപ്പാനും കള്ളന്ന്യായം ചെയ്തതിന്ന അന്ന്യായക്കാൎക്ക ശിക്ഷയും. അവൎക്ക സങ്ങതി കൂടാതെ സഹായിച്ചതിന്ന എടക്കാട അധികാരിക്ക ത ക്കതായ കല്പനയും ഉണ്ടാവാൻ അപെക്ഷിക്കുന്നു- എന്ന ൧൦൨൮ മീനം ൧൭൹-ക്ക ൧൮൫൦ ആമത മാൎച്ചി മാസം ൨൮൹-

൧൮൫൨. എപ്രെൽ ൨൨൹ കൊട്ടയം താലൂക്ക ഹെഡപൊലീസാ സ്സര കല്പിച്ച തീൎപ്പ.

അന്ന്യായം സൂപ്പി മുതൽ ൨-ാൾ

പ്രതി കലന്തൻ മുതൽ ൪-ാൾ

൧൦൨൭ മീനം ൧൬൹-ക്ക ൧൮൫൨ മാൎച്ചി ൨൭൹ പകൽ ൯ മണി സമയത്ത പ്രതിക്കാര അന്ന്യായക്കാരന്റെ കൊറൊത്തപറമ്പിൽ തകരാറ ചെയ്തു ബലമായി ചരക്കുകൾ പറിക്കുകയും അടികലശൽ ചെയ്കയും ചെയ്തിരിക്കുന്ന പ്രകാരം എപ്രെൽ ൧൬-ാം അന്ന്യായക്കാരനും ഇന്ന ൨൨൹ ൨-ാം അന്ന്യായക്കാരനും ഹരജികൾ ബൊധിപ്പിച്ച ഈ കാൎയ്യത്തിൽ അന്ന്യായക്കാരൊടും ൧-ം ൨-ം പ്രതികളൊടും മെൽ എഴുതിയ സാക്ഷികളൊടും വിസ്തരിക്കുകയും- ൧൦൨൪- ൨൫- ൨൬- ൨൭- ഈ നാല കൊല്ലങ്ങളിൽ മെപ്പടി പറമ്പിന്ന നികുതി കൊടുത്തതിന്ന വാങ്ങിയ ശീട്ടുകളും തീരമുറി ആധാരവും ൨-ാം അന്ന്യായക്കാരൻ കാണിച്ച പകൎത്ത ബൊധിപ്പിച്ചത വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു. പ്രതിക്കാര കുററം സമ്മതിച്ചിട്ടില്ലാ ൨൭ കന്നിമാസം മുതൽക്ക മെപ്പടി കൊറൊത്ത പറമ്പും അടക്കി അനുഭവിച്ച കൊറൊത്ത പറമ്പിൽ കുടി ഇരുന്ന വരുന്നത രണ്ടാം പ്രതിയും നികുതി കൊടുത്ത വരുന്നത രണ്ടാം അന്ന്യായക്കാരനും ആകുന്നു എന്ന ൧-ം ൨-ം പ്രതികളും മെപ്പടി പറമ്പുകൾ രണ്ടും അടക്കി അനുഭവിച്ച വരുന്നതും കൊറൊത്ത പറമ്പിലെ കുടിയിൽ പാൎത്ത വരുന്നതും ൨-ാം അന്ന്യായക്കാരന്റെ സമ്മത പ്രകാരം ഒന്നാം അന്ന്യായക്കാരനാകുന്നു എന്നും പ്രതികൾ കൊറൊത്തപറമ്പിൽ തകരാറ ചെയ്തിരിക്കുന്നു എന്നും മററും അന്ന്യായ പ്രകാരം സാക്ഷികളും ബൊധിപ്പിച്ചിരിക്കുന്നു വിസ്താരം മുതലായ്തു നൊക്കുകയും അന്ന്വെഷിക്കുകയും ചെയ്തതിൽ പറമ്പിന്റെ സംഗതിയാൽ ഉണ്ടായ അന്ന്യായമെന്നല്ലാതെ പൊലീസ്സായി ഒന്നും ഉണ്ടായ പ്രകാരം കണ്ടീട്ടില്ലാ ൨-ാം അന്ന്യായക്കാരന്റെ അനന്തരവനായ ഒന്നാം അന്ന്യായക്കാരനും ൨-ാം പ്രതി മുതലായ ശെഷം പ്രതിക്കാരും തമ്മിൽ മെപ്പടി പറമ്പിന്റെ കാൎയ്യത്തിൽ തൎക്കമായി ഇനിക്കിനിക്ക കൈവശം വരുത്തെണമെന്നുള്ള താല്പൎയ്യത്തിൽ ഈ അന്ന്യായം ബൊധിപ്പിച്ച തൎക്കിക്കുന്നതായി കണ്ടിരിക്കുന്നു. ൨-ാം പ്രതി അവന്റെ വാദ പ്രകാരം തെളിയിപ്പാൻ ബൊധിപ്പിച്ച സാക്ഷികളെ ഹാജരാക്കാനായി ഇവിടെ നിന്ന കൊൽക്കാരനെ അയച്ച അന്ന്വെഷിച്ച വരുമ്പൊൾ ൨-ാം അന്ന്യായക്കാരൻ ഹാജരായി ഹരജി ബൊധിപ്പിക്കുകയും മെൽ പറഞ്ഞ പ്രകാരമുള്ള ലക്ഷ്യങ്ങൾ കാണിക്കുകയും ചെയ്തതാകുന്നു ആ സമയം തന്നെ ൨-ാം പ്രതിയൊട വിസ്തരിച്ചതിൽ മെപ്പടി പറമ്പുകൾ കാരണവനാ

യ ൨-ാം അന്ന്യായക്കാരനുള്ളതാണെന്നും നികുതി കൊടുത്ത വരുന്നതും അവനാണെന്നും സമ്മതിക്കയാൽ ൨-ാം പ്രതി ഭാഗമുള്ള സാക്ഷി വിസ്തരിക്കാതെ ഈ കാൎയ്യം അവസാനിപ്പിച്ചിരിക്കുന്നു പറമ്പിന്റെ ഉടമക്കാരനായ ൨-ാം അന്ന്യായക്കാരൻ ജീവനൊടു കൂടി ഇരിക്കുമ്പൊൾ അവനൊ അവന്റെ സമ്മതത്തൊടും കൂടി ശെഷമുള്ള അനന്തരവന്മാരൊ പറമ്പ നടന്ന അനുഭവിച്ച വരുന്നതല്ലാതെ മെൽ പ്രകാരം ഒന്നാം അന്ന്യായക്കാരനും ൨-ാം പ്രതിയും തമ്മിൽ മത്സരിച്ച തൎക്കിക്കുന്നത ശെരിയായിട്ടുള്ളതല്ലായ്കകൊണ്ട ൨-ാം അന്ന്യായക്കാരൻ പ്രത്ത്യെകമൊ അവന്റെ സമ്മതത്തൊട കൂടി അനന്തിരവന്മാരായ ശെഷമുള്ളവരൊ മെപ്പടി പറമ്പകൾ നടന്നവരെണ്ടതാണെന്ന കല്പിച്ച അന്ന്യായം നീക്കി പിടിച്ച പ്രതികളെ വിട്ടു.

ഹെഡഅസിഷ്ടാണ്ട മജിസ്ത്രെട്ടില്ക്ക.

കൊട്ടയം താലൂക്ക വാനൂര അംശത്തിൽ അവ്വുള്ള ബൊധിപ്പിക്കുന്ന അഹീൽ ഹരജി- എന്റെ തറവാട്ടവകയും എനിക്ക നടപ്പും ആയ ൧- കൊറൊത്തും ൨- മാരയാൽ വീടും എന്ന പറമ്പകൾ ൨-ാം പ്രതിയായ എന്റെയും മറ്റും മെൽ ചെയ്യു അന്ന്യായക്കാരിൽ ൨-ാം അന്ന്യായക്കാരനായ കുഞ്ഞന്മായനൊ അവന്റെ സന്മത പ്രകാരം അനന്തിരവൻമാരൊ നടപ്പാൻ കൊട്ടയം താലൂക്ക ഹെഡപൊലീസാപ്സര ൫൩ എപ്രെൽ ൨൨൩- തീൎപ്പ കല്പിച്ച പ്രകാരം ഈ കൎക്കിടകം ൯൩- മാത്രം എന്നെ തീൎപ്പ അറിയിച്ചും ഞാൻ പകൎത്ത എടുത്തും അറിഞ്ഞിരിക്കുന്നു. ആ താലൂക്കിലെ ചില ഗുമസ്തന്മാര ൨-ാം അന്ന്യായക്കാരന സഹായമായിനിന്നതിനാൽ ഞാൻ ചൊദിക്കുമ്പൊഴൊക്കെയും തീൎപ്പ കല്പിച്ചിട്ടില്ലെന്ന പറഞ്ഞ അവധി കഴിച്ച എന്നെ തൊല്പിച്ചതാണെന്നും എന്നെ കൎക്കിടകം ൯൩- മാത്രമെ തീൎപ്പ അറിയിച്ചിട്ടുള്ളു എന്നും കണ്ടറിഞ്ഞ സാക്ഷികൾ എനിക്കുണ്ടാകകൊണ്ട ആ സാക്ഷികളൊട വിസ്തരിച്ചിട്ടെങ്കിലും ഈ അഹീൽ അങ്ങീകരിക്കെണ്ടതിന്ന അപെക്ഷിക്കുന്നു. തീൎപ്പ മാററാനുള്ള സംഗതികൾ താഴെ എഴുതുന്നു. ൧- ഈ രണ്ടപറമ്പും അത കൂടാതെ ഉള്ള മണ്ടം ഉള്ളതിൽ എന്ന പറമ്പും എന്റെയും രണ്ടാം അന്ന്യായക്കാരന്റെയും ൧-ാം ൩-ാം ൪-ാം പ്രതികളുടെയും തറവാട്ടിലെക്ക പുരാതന കാരണവന്മാര കുടിമജന്മമായി സമ്പാദിച്ചതും എന്റെയും ൨-ാം അന്ന്യായക്കാരന്റെയും ൧-ാം ൩-ാം ൪-ാം പ്രതികളുടെയും അഞ്ച ഉന്മമാരുടെ ആങ്ങളയായ ചെറിയ കലന്തൻ എന്ന കാരണവരുടെ കൈവശം നടന്ന വന്ന അവര ൧൦൦൭ൽ മരിച്ചാറെ അവരെ ൫ പെങ്ങന്മാരിൽ ഒരു ഉന്മമകനായ ഈ രണ്ടാം അന്ന്യായക്കാരൻ നടന്നവ

തുമ്പോൾ അവൻ തന്റെ ബാപ്പയുടെ അനന്തരവകാശത്തിൽ കിട്ടിയ വസ്തുവിന്മെൽ പാൎപ്പാൻ പൊയി അതിന്മെൽ അവൻ നിന്ന വരുന്നതിനാൽ അവനും അവനെ പൊലെ സമാവകാശമായ ൩- പെങ്ങന്മാരെ മക്കളിൽ പ്രാപ്തിഉള്ള ൧-ം ൩-ം ൪-ം പ്രതിക്കാരും കൂടി ഒരു പെങ്ങളെ മകനായ ഞാൻ തറവാട്ടവക വസ്തുക്കളിൽ ൟരം മൂന്ന പറമ്പുകളും നൊക്കി നടന്ന നികുതി കൊടുത്തും ചിലവ കഴിച്ചും അവരെ കണക്ക ബൊധിപ്പിപ്പാനായിട്ട ൧൦൨൩ൽ എനിക്ക കരാറ എഴുതി തരികയും ഞാൻ ആ നാലാൾക്കും അങ്ങൊട്ടും കരാറ എഴുതികൊടുക്കുകയും ചെയ്തു പ്രകാരം ൧൦൨൭കന്നി മുതൽ ഇതുവരെക്കും എടവിടാതെ നടന്നും നികുതി ജമ മരിച്ചു കലന്ത രാജി എന്ന കാരണവരെ പെരിൽനിന്ന ൨-ാം അന്ന്യായക്കാരന്റെ പെരിൽ തിരിച്ചു കെട്ടിയ്യിനാൽ നികുതി മുതൽ അവന്റെ വക്കൽ കൊടുത്തും അനുഭവിച്ചു വരുന്നതാകുന്നു ൟരം തെളിവിന്ന മെപ്പടി കരാറും നികുതി മുതൽ എന്നൊട ൨-ാം അന്ന്യായക്കാരൻ വാങ്ങി പുക്കതിന്ന തന്ന ശീട്ടും എന്നൊട പൊലീസ്സിൽ വാങ്ങി നൊക്കുവാൻ ഞാൻ താലൂക്കിൽ ബൊധിപ്പിച്ചാറെ ആയ്ത എന്റെ സാക്ഷി വിസ്താരസമയം വാങ്ങുമെന്ന കല്പിച്ചതല്ലാതെ വാങ്ങീട്ടില്ലാ എന്റെ സാക്ഷി വിസ്തരിപ്പാൻ താലൂക്കിൽനിന്ന കൊൽക്കാരനെ അയച്ചു അന്ന്വെഷിച്ചു വരുമ്പൊൾ പറമ്പുകൾ ൨-ാം അന്ന്യായക്കാരനുള്ളതാണെന്ന ഞാൻ സമ്മതിക്കയാൽ എന്റെ സാക്ഷി വിസ്തരിക്കാഞ്ഞതെന്ന തീൎപ്പിൽ പറഞ്ഞിരിക്കുന്നു. പറമ്പുകൾ തറവാട്ട വകയായിരിക്കുമ്പൊഴും തറവാട്ടവക എന്നല്ലാതെ ൨-ാം അന്ന്യായക്കാരന്റെ സ്വന്തമെന്ന അവൻ പറയാതിരിക്കുമ്പൊഴും അവന്റെതാണെന്ന ഞാൻ പറയാൻ സംഗതി വരുന്നതല്ല പറഞ്ഞീട്ടുമില്ലാ ഉണ്ടെങ്കിൽ കല്ഷിത്തിൽ ചതിയായി എഴുതിയ്യായിരിക്കും. അവന്റെതാണെന്ന ഞാൻ പറഞ്ഞാലും ൧൦൨൭ മുതൽക്ക ഞാൻ നടന്ന വരുന്നു എന്നുള്ള തൎക്കത്തിന്റെ തെളിവിന്ന എന്റെ സാക്ഷി വിസ്തരിപ്പാൻ മുഖ്യമായ ന്ന്യായവും ക്രമവും ഉണ്ടെല്ലൊ പറമ്പുകൾ രണ്ടാം അന്ന്യായക്കാരന്റെതാണെന്ന ഞാൻ പറഞ്ഞാൽ തന്നെ നടപ്പ എനിക്കുണ്ടെന്ന പറഞ്ഞ തെളിവിന്ന എന്റെ സാക്ഷി വിസ്തരിക്കുന്നതിന്ന എന്തൊരു വിരൊധമാണ ഉള്ളത ഇപ്പൊൾ നടപ്പില്ലാത്ത ൨-ാം അന്ന്യായക്കാരൻ നടപ്പാനും അവന്റെ സമ്മത പ്രകാരം അനന്തിരവന്മാര നടപ്പാനും തിൎപ്പിൽ പറഞ്ഞത സ്ഥിരപ്പെട്ടാൽ ൨-ാം അന്ന്യായക്കാരൻ അവന്റെ താവഴിയിലെ അടുത്ത അനന്തിരവനായ ൧ാം അന്ന്യായക്കാരനെകൊണ്ടൊ മറ്റും അവന്റെ അടുത്ത അനന്തിരവന്മാരെകൊണ്ടൊ നടത്തിച്ചും ശെഷം താവഴി സമാവകാശികളായ ഞാനും ൧-ം ൩-ം ൪-ം പ്രതികളും ഞങ്ങളെ താവഴിക്കാരും ഒരിക്കലും ൟരം വസ്തുക്കൾ നട

പ്പാനെട വരുത്താതെ തൊല്പിച്ചും സങ്കടപ്പെടുത്തികളവാൻ സങ്ങതി വരുന്നതാകുന്നു. ൩- ൨-ാം അന്യായക്കാരൻ ഫയലാക്കിയ നികുതി ശീട്ട തീരമറികൾ അവന്ന തന്നെ നടപ്പുണ്ടന്ന പ്രമാണിപ്പാൻ ബലമുള്ളതല്ലാ നികുതി ഒരാൾ കൊടുത്താലും വസ്തു മറ്റ ഒരാൾ കൊടുക്കുന്ന നടപ്പ സാധാരണമായിട്ടുള്ളതാകയാൽ നികുതി ൨-ാം അന്യായക്കാരൻ കൊടുത്തതകൊണ്ട വസ്തുക്കൾ നടന്ന വരുന്നതും അവൻ തന്നെ എന്ന വിചാരിക്കെണ്ടതല്ലെല്ലാ അവന്റെ സാക്ഷിക്കാരെ തലശ്ശെരിയിലും മയ്യഴിയിലും പാൎക്കുന്ന അന്ന്യരാജ്യക്കാരും ആഭാസന്മാരുമാകയാൽ ആ സാക്ഷി വാക്കും പ്രമാണിക്കെണ്ടതല്ലാ. ൪- രണ്ടാം അന്യായക്കാരൻ എനിക്ക ജെഷ്ഠാനുജത്തിമക്കളിൽ ജെഷ്ഠനായി വരും- കാരണവനല്ലാ അവൻ തറവാട്ടിൽ കാരണവനുമല്ലാത്തപ്പൊൾ അവൻ കാരണവനെന്ന തീൎപ്പിൽ പറഞ്ഞപ്രകാരം ഞാൻ പറയാൻസംഗതി വരുന്നതുമല്ലാ മെല്പടി ൧-ം ൩-ം ൪-ം പ്രതികളൊട മുഴവനും വിസ്തരിച്ചിട്ടില്ലാ- ആ ഒന്നാം പ്രതിയൊട വിസ്തരിച്ചതിൽ ആ പ്രതി എന്റെ വാദപ്രകാരം സമ്മതിച്ചിരിക്കുന്നു- ൩-ം ൪-ം പ്രതികളൊടും വിസ്തരിച്ചാൽ അവരും എന്റെ വാദപ്രകാരം സമ്മതിക്കും എന്നാൽ എന്റെ ഭാഗം അധിക തെളിവും അവകാശ നടപ്പിന്റെ ഉറപ്പും വരുന്നതാണ. ൫- മെൽ ഒന്നാം വകുപ്പിൽ പറയും പ്രകാരം എന്റെ ഭാഗമുള്ള രെഖാ തെളിവ വാങ്ങാഞ്ഞാലും എന്റെ സാക്ഷി വിസ്തരിക്കാഞ്ഞാലും എന്റെ വാദപ്രകാരം എങ്ങിനെ തെളിയും ൨-ാം അന്യായക്കാരന്റെ ഭാഗം ഉറപ്പില്ലാത്ത തെളിവ പ്രമാണിച്ച എന്റെ കീഴക്കട നടപ്പ തള്ളി തീൎപ്പ കല്പിച്ചതും അതിന്റെ അപ്പീൽ അവധി കഴിച്ചതും അക്രമവും എനിക്ക വളരെ സങ്കടവും ആകകൊണ്ട മെല്പടി വിസ്താരവും തീൎപ്പും വരുത്തി എന്റെ രെഖാ തെളിവ വാങ്ങിയും സാക്ഷി വിസ്തരിച്ചും തീൎപ്പ മാറ്റി പറമ്പകൾ ഞാൻ തന്നെ നടപ്പാൻ കല്പന ഉണ്ടാവാനപെക്ഷിക്കുന്നു- എന്ന കൊല്ലം ൧൦൨൮ാമത കൎക്കിടക മാസം ൨൦ നു-

---

ചിറക്കൽ താലൂക്ക കച്ചെരിയിൽനിന്ന ൧൮൫൩-ാമത സപ്തെമ്പ്ര മാസം ൧൮ നു- കല്പിച്ച തീൎപ്പ.

അന്ന്യായം കുഞ്ഞിപൊക്കര വക്കീൽ കണിശൻ കുഞ്ഞമ്പു.
പ്രതി അടിയാൻ മുതൽ ൯-ാൾ.

ചന്തുവിന്റെ ജന്മം ചെലെരി അംശം പാട്ടയം ദെശത്ത തരൊന്റെ കണ്ടി എന്ന പറമ്പ അന്ന്യായക്കാരൻ കുഴിക്കാണത്തിന്ന വാങ്ങി പ്രവൃത്തിചെയ്യുവരുമ്പൊൾ ൧൦൨൮ ചിങ്ങം ൧൩ നു-ക്ക

൧൦൨൭ ആഗസ്തു ൨൭നു പകൽ പ്രതിക്കാര തകരാറ ചെയ്തു പ്രവൃത്തി മുടക്കുകയും കിളകൊത്തി ഇടിക്കയും വാക്കെററം പറകയും ചെയ്തുഎന്ന അന്ന്യായം- ൟ കാൎയ്യത്തിൽ അന്ന്യായക്കാരനൊടും ൧-ം ൨-ം ൩-ം പ്രതികളൊടും അന്ന്യായക്കാരനും ൨-ാം പ്രതിയും ഹാജരാക്കിയ സാക്ഷികളൊടും വിസ്തരിക്കുകയും അന്ന്യായത്തിൽ പറയുന്ന പറമ്പ ൧൦൨൨ ചിങ്ങം ൨൩ നു ചന്തു എഴുതികൊടുത്തതായ ഒരു കുഴിക്കാണാധാരം അന്ന്യായക്കാരനും ൧൦൧൩ൽ ജന്മം വാങ്ങിയ്യായ ഒരു ജന്മാധാരം രണ്ടാം പ്രതിയും കാണിച്ചു പകൎത്തബൊധിപ്പിച്ചതും മെനവന്റെ റപ്പൊട്ടും ൟ വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു- ദസ്താവെജകൾ നൊക്കുകയും അന്ന്വെഷിക്കുകയും ചെയ്തതിൽ പൊലീസ്സായി ഒന്നും ഉണ്ടായിട്ടില്ലെന്ന കാണുകയാൽ അന്ന്യായം നീക്കി പ്രതികളെവിട്ടു അന്ന്യായത്തിൽ പറയുന്ന പറമ്പ കുഴിക്കാണത്തിന്ന വാങ്ങി ചിങ്ങമാസത്തിൽ തന്നെ ൧൭ തൈയ്യ വെച്ചിരിക്കുന്നു എന്നും പടിഞ്ഞാറഭാഗം തന്റെ ആൾക്കാര കിളക്കുമ്പൊൾ പ്രതിക്കാര തകരാറ ചെയ്തു എന്നും പ്രതിക്കാൎക്ക പറമ്പിന്ന അവകാശമില്ലന്നും മററും അന്ന്യായക്കാരനും പറമ്പിന്ന അന്ന്യായത്തിൽ പറയുന്ന പ്രകാരമല്ല പെരഎന്നും ആന്നൂര വളപ്പു പറമ്പാണെന്നും ആയ്തു തന്റെ തറവാട്ടജന്മവും ൟ പറമ്പിൽ ഒരു പുലാവും ഒരു തെങ്ങും ജമക്ക ചെരാതെ അനുഭവമുള്ളത താൻ അടക്കിയും കാലത്താൽ പുര പുല്ല പറിച്ചു എടുത്തും നടന്നവരുന്നതാണെന്നും ഇപ്പൊൾ കിളച്ചു തൈവെച്ചതും താനാണെന്നും അന്ന്യായക്കാരന്ന അവകാശമില്ലെന്നും മററും ൨-ാം പ്രതിയും വാദിക്കുകയും അന്ന്യായക്കാരൻ അവന്റെ വാദപ്രകാരം സാക്ഷികളാൽ തെളിവ കൊടുക്കുകയും ചെയ്തിരിക്കുന്നു- ൨-ാം പ്രതിഭാഗം വിസ്തരിച്ചു രണ്ടു സാക്ഷികൾ അവന്റെ വാദത്തിലെക്ക അനുസരിച്ചു പറഞ്ഞിരിക്കുന്നു എങ്കിലും ആ സാക്ഷിവാക്ക വിശ്വാസയൊഗ്യമായി തൊന്നിട്ടില്ലാ പറമ്പ തന്റെ ജന്മമെന്ന ൨-ാം പ്രതിയും ചന്തുവിന്റെ ജന്മമെന്ന അന്ന്യായക്കാരനും വാദിക്കുന്നതിൽ ജന്മത്തിന്റെ കാൎയ്യത്തെ കുറിച്ചു പൊലീസ്സിൽനിന്ന ഒന്നും കല്പിക്കുന്നില്ലാ തരിശായി കിടന്നിരുന്ന ൟ പറമ്പിൽ മുമ്പെ ചില കൊല്ലങ്ങളിൽ കുടിയാന്മാര ചന്തുവിന്റെ കയ്യായി വെററില കൊടി ഇട്ടു നടന്ന വന്നിരുന്നു എന്നും മുമ്പെ ഉള്ളതായ ഒരു പുലാവും ഒരു തെങ്ങും തയ്യും കാണുന്നത ആ വക കുടിയാന്മാരൊ മററൊ വെച്ചതാണെന്നും അതിലെ അനുഭവം എടുത്ത നടന്നവരുന്നത മെൽ പറഞ്ഞ ചന്തുവാണെന്നും ഇപ്പൊൾ പറമ്പ കിളച്ചു തൈവെച്ചത അന്ന്യായക്കാരനാണെന്നും മെനവന്റെ റപ്പൊട്ടാൽ കാണുന്നത കൂടാതെ അന്ന്യായ ഭാഗം വിസ്തരിച്ചു സാക്ഷി ആധാരങ്ങളാലും അന്ന്വെഷണത്താലും പറമ്പ നടപ്പ അന്ന്യായക്കാരനാണെന്ന വെടിപ്പായി തെ

ളിഞ്ഞിരിക്കുന്നു. ൟ സങ്ങതികളാൽ അന്ന്യായത്തിൽ പറയുന്ന
പറമ്പ കീഴക്കടപ്രകാരം അന്ന്യായക്കാരൻ നടന്നവരെണ്ടത എ
ന്നും ൨-ാം പ്രതി വിചാരിക്കുന്ന അവകാശം സിവിൽ വ്യവഹാ
രത്താൽ നിവൃത്തിവരുത്തെണ്ടത എന്നും കല്പിച്ചു.

ഹെഡ അസിഷ്ടാണ്ട മജിസ്ത്രെട്ടില്ക്ക.

ചിറക്കതാലൂക്ക ചെലെരി അംശത്തിൽ കലന്തര ബൊധിപ്പിക്കു
ന്ന ആപ്ഫീൽ ഹരജി- എന്റെ ജന്മം നടപ്പായ ആന്തൂര വളപ്പ
പറമ്പിന്ന തരൊന്റെ കണ്ടി എന്ന പെരവെച്ച കുഞ്ഞിപൊക്ക
ര തക്കമായി ഞാൻ മുതൽ ൯-ാളെ മെൽ ചിറക്കതാലൂക്ക കച്ചെരിയി
ൽ ബൊധിപ്പിച്ച പൊലിസ്സ അന്ന്യായം വിസ്തരിച്ചന്ന്യായര
ഹിതമായും പക്ഷമായും പറമ്പ അന്ന്യായക്കാരൻ നടപ്പാൻ
൫൩- സത്തെമ്പ്ര ൨൮വൃന്ദ- കല്പിച്ച തീപ്പ മാററി കീഴക്കടപ്രകാരം
പറമ്പ ഞാൻ നടന്നവരാൻ കല്പന ഉണ്ടാകെണ്ടതിന്ന മതിയാ
യ സങ്ങതികൾ ഇതിന്ന താഴെ ബൊധിപ്പിക്കുന്നത ദയയൊടു
കൂടി നൊക്കി നിവൃത്തി വരുത്തി തരാൻ ഒന്നാമതായി അപെ
ക്ഷിക്കുന്നു- ൧- അന്ന്യായത്തിൽ പറയുന്ന പറമ്പിന്ന ആന്തൂര
വളപ്പ എന്നാകുന്നു പെര ൟ പറമ്പ എന്റെ തറവാട്ടുവക ജന്മ
വും ഇതിൽ ജമക്ക ചെരാത്ത ഒരു തെങ്ങും ഒരു പുലാവും മാത്രം
അനുഭവമുള്ളത ഏറിയ കാലമായി ഞാൻ എടുത്തും കാലത്താൽ
പുരപുല്ല മുതലായു ഞാൻ പറിച്ച എടുത്തും- ൟ കഴിഞ്ഞ ചിങ്ങ
മാസത്തിൽ പറമ്പ മതിൽ കിളച്ച തയി കുണ്ടു മുതലായു കുഴിച്ച
ഞാൻ തയിവെച്ച നടന്ന വരുന്നതാകുന്നു- ൨- അന്ന്യായക്കാര
ൻ കഴിഞ്ഞമാസത്തിൽ ചന്തുവിനൊട കുഴിക്കാണത്തിന്ന വാ
ങ്ങി എന്ന പറഞ്ഞാകുന്നു തകരാറ ചെയ്യുന്നത- ആ ചന്തുവിനാ
കട്ടെ- അന്ന്യായക്കാരനാകട്ടെ പറമ്പിന്ന യാതൊരു അവകാശ
വും നടപ്പും ഇല്ലാ- ൩- എന്റെ വാദപ്രകാരം ഞാൻ സാക്ഷിക
ളാലും ജന്മാധാരത്താലും ഞാൻ വെടിപ്പായി തെളിവ കൊടുത്തി
രിക്കുമ്പൊൾ സാധുവായും- അപ്രാപ്തനായും ഇരിക്കുന്ന എന്റെ
തറവാട്ട ജന്മമായ പറമ്പ അന്ന്യായമായി പിടിച്ചുപറിച്ച എ
ന്നെ സങ്കടത്തിലാക്കി നശിപ്പിക്കെണ്ടതിന്ന വെണ്ടി ൟ ദി
ക്കിൽ പ്രമാണിയായും- ജനസ്വാധീനം ഉള്ള ആളും ആയ ചന്തു
വും- അന്ന്യായക്കാരനും കൂടി യൊജിച്ച പറമ്പ പെരമാററമായി
അന്ന്യായക്കാരന കുഴിക്കാണത്തിന്ന കൊടുത്തപ്രകാരം ഒരു ആ
ധാരം നിൎമ്മിച്ചുണ്ടാക്കി ൟ അന്ന്യായത്തിന്ന പുറപ്പെട്ടതും അതി
ന്ന പ്രമാണിയായ ചന്തുവിന്റെ ഇഷ്ടത്തിന്ന വെണ്ടി ആയാ
ളെ താല്പൎയ്യം നൊക്കി നടക്കുന്ന ആ അംശം അധികാരി മെനൊൻ
മാര സത്യത്തിന്ന വിരൊധമായി ആ ഭാഗം ഒരു റപ്പൊടത്ത കൊ

ട്ടത്തു ആകുന്നു- ൨ാം വ്യാപ്തിയായ തെളിവ മാത്രം നൊക്കി ഒരു വിചാരണ കൂടാതെ ഹെഡ്ഡ പൊലീസാപ്സര അവർകൾ എന്റെ ഭാഗമുള്ള മതിയായ ന്ന്യായവും തെളിവും നൊക്കാതെ പറമ്പ അന്ന്യായക്കാരൻ നടപ്പാൻ കല്പിച്ചത കൊണ്ട അവരുടെ ദുൎവ്വിചാരം സാദ്ധ്യമായിരിക്കുന്നു. ൪- ഏതുപ്രകാരമായാലും പറമ്പ ചിങ്ങമാസത്തിൽ മാത്രമാകുന്നു താൻ കുഴിക്കാണത്തിന വാങ്ങിയ്തു എന്ന അന്ന്യായക്കാരൻ തന്നെ സമ്മതിക്കുന്ന അവസ്ഥക്ക കീഴക്കട നടപ്പ അന്ന്യായക്കാരനില്ലെന്ന വ്യക്തമാകുന്നു- ചിങ്ങമാസം ആദ്യം മുതൽക്ക തന്നെ തക്കമായി അന്ന്യായവും ചെയ്തിരിക്കുമ്പൊൾ അന്ന്യായക്കാരന പറമ്പിന്മെൽ എന്തൊരു നടപ്പാകുന്നു ഉണ്ടാവുന്നത- അതിലും വിശെഷിച്ച പറമ്പിൽ അന്ന്യായക്കാരൻ എന്തെങ്കിലും പ്രവൃത്തിക്ക ആരംഭിക്കുമ്പൊൾ തന്നെ സമീപം ഇരിക്കുന്ന ഞാൻ അറിവാൻ സംഗതി ഉള്ളതും അപ്പൊൾ എന്റെ ജന്മം നടപ്പായ പറമ്പിൽ മറ്റൊരാൾക്ക യാതൊരു പ്രവൃത്തിയും ചെയ്യിപ്പാനായി ഒരു കാലത്തും സമ്മതിപ്പാനും ഞാൻ സ്വസ്ഥമായിരിപ്പാനും സംഗതി വരുന്നതല്ലാത്തതും വിചാരിച്ചാൽ തന്നെ അന്ന്യായക്കാരന പറമ്പ നടപ്പില്ലെന്നുള്ളത ദൃഷ്ടാന്തമായി ബൊധിക്കുന്നതാകുന്നു. ൫- ദസ്തവെജുകളാൽ എന്റെ ഭാഗം മതിയായ തെളിവുള്ളത സന്നിധാനത്തിങ്കൽനിന്ന നൊക്കിയാൽ തന്നെ വെണ്ടുവണ്ണം ബൊദ്ധ്യം വരുന്നതാകുന്നു- എങ്കിലും പ്രമാണിയും ദുഷ്ടനും ആയ അന്ന്യായക്കാരനൊട വ്യവഹരിച്ച അവരുടെ ചതിപ്രവൃത്തിയെ വെളിവിലാക്കെണ്ടതിലെക്ക എന്നാൽ ശക്തി ഇല്ലാത്തതും സത്യത്തെ അറിവാനായിട്ട ഹെഡ്ഡ പൊലീസാപ്സര അവർകളാൽ കഴിയാത്തതും വിചാരിച്ച പറമ്പ നടപ്പ തക്കം ഒരു പരമാൎത്ഥത്തിന്മെൽ അവസാനിപ്പിക്കുവാനായിട്ടും എനിക്ക അന്നും ഇന്നും സമ്മതമാകുന്നു- അന്ന്യായപ്പെട്ട പറമ്പ എന്റെ തറവാട്ട ജന്മമായി ഞാൻ അനുഭവിച്ച നടന്ന വരുന്നതാണെന്നും ൨ാം കഴിഞ്ഞ ചിങ്ങമാസത്തിൽ ഞാൻ തയ്യ വെച്ചതാണെന്നും അന്ന്യായക്കാരന യാതൊരു അവകാശവും നടപ്പും ഇല്ലെന്നും അന്ന്യായക്കാരന ബൊധിച്ച സ്ഥാനത്തനിന്ന സത്യം ചെയ്യ എടുപ്പാനും അതല്ലെങ്കിൽ തന്റെ കുഴിക്കാണ കൎത്താവായ ചന്തുവിന്റെ ജന്മമാണെന്നും എന്റെ തറവാട്ട ജന്മമല്ലെന്നും എനിക്ക ആ പറമ്പിന്മെൽ യാതൊരു അവകാശവും നടപ്പും ഇല്ലെന്നും ഞാൻ ആ പറമ്പിൽ നിന്ന ഒരു അനുഭവങ്ങളും എടുക്കുക ഉണ്ടായിട്ടില്ലെന്നും അന്ന്യായക്കാരൻ പുറത്തയിൽ പള്ളിയിൽ നിന്ന സത്യം ചെയ്താൽ എന്റെ വാദം ഉപെക്ഷിപ്പാനും ഞാൻ ഹാജരാകുന്നു. ൬- ൨ാം വക യാതൊരു ന്ന്യായങ്ങളും നൊക്കാതെ പറമ്പ അന്ന്യായക്കാരൻ നടപ്പാൻ താലൂക്കിൽ നിന്ന കല്പിച്ചത അയൊഗ്യമെന്ന സ

ന്നിധാനത്തിങ്കൽ ബൊധിക്കുന്നതാകുന്നു- സത്യം അറിഞ്ഞ നീതി ന്യായം നടത്തുന്ന ൦രം സന്നിധാനത്തിങ്കൽനിന്ന എല്ലാ അവസ്ഥകളും നൊക്കി ന്യായ രഹിതമായി കല്പിച്ച താലൂക്ക തീൎപ്പ മാററി പറമ്പ കിഴക്കടപ്രകാരം ഞാൻ നടപ്പാൻ കല്പന ഉണ്ടാകെണ്ടതിന്ന വളരെ സങ്കടത്തൊടു കൂടി അപെക്ഷിക്കുന്നു. എന്ന കൊല്ലം- ൧൦൨൫ാമത കന്നിമാസം ൨൩൹-

---

വള്ളുവനാട താലൂക്ക ഹെഡ പൊലീസാമ്പ്യർ ൭൩ മാൎച്ചി ൧൩൹- കല്പിച്ച യാദാസ്ത.

അന്യായം സെയ്തുകുട്ടി-വക്കീൽ കുഞ്ഞിമൂസ്സിയൻ മുതൽ രണ്ടാൾ-
പ്രതി അഹമ്മത.

മലപ്പ്രം ചെരിക്കൽ ജന്മം കിഴക്കെടത്ത കിഴക്കെ കുടിയിരുപ്പും അതൊട ചെൎന്ന കിഴക്കെ കുളം നടുവൊളവും ഒന്നാം അന്യായക്കാരൻ കാണവകാശമായി നടന്ന വരുന്നതിൽ കൊളത്തിൽ ചെൎന്നസ്ഥലത്തുള്ള ഇല്ലിക്കൂട്ടത്തിൽനിന്ന ൧൦൨൭ാമത കുംഭ മാസം നാട്ടകണക്ക ൪൩-ക്ക ൭൩- വിപ്രവരി ൧൪൹- തിങ്കളാഴ്ച പകൽ ഒരു പണം വിലക്കുള്ള ഇല്ലിക്കൊലും ൨-ാം അന്യായക്കാരൻ വക കുടിയിരുപ്പിൽ ചെൎന്ന മെപ്പടി കുളത്തിൽനിന്ന ഒരു പണം വിലക്കുള്ള ഇല്ലിക്കൊലും പ്രതിക്കാരൻ ചെറു മക്കളെ അയച്ച ബലമായി വെട്ടിച്ചകൊണ്ട പൊകയും ഒന്നാം അന്യായക്കാരൻ വക ജന്മ കുടിയിരിപ്പിലെക്കും മലപ്പ്രം ചെരിക്കൽ ജന്മം കാണവകാശമായ കുടിയിരിപ്പിലെക്കും ചെൎന്ന സ്ഥലത്തെ ഇല്ലിക്കൊലും വെട്ടിച്ചകൊണ്ട പൊകെണമെന്ന പ്രതിക്കാരൻ പറഞ്ഞപ്രകാരവും അന്യായം- ൦രം സങ്ങതിയെ കുറിച്ച ൧ാം അന്യായക്കാരൻ അസിഷ്ടാണ്ട മജിസ്ത്രെട്ട സന്നിധാനത്തിങ്കൽ ബൊധിപ്പിച്ച ഹരജിപ്രത്ത ഇല്ലിക്കൂട്ടം നിൽക്കുന്ന സ്ഥലത്തിന്റെ അധീന സ്ഥിതിയെ അന്വെഷിച്ച വിസ്തരിച്ച തീൎപ്പ വരുത്തി റപ്പൊൎട്ടത്ത ചെയ്യെണ്ടതിന്ന വിപ്രവരി ൨൩൹- ഉണ്ടായ കല്പന ൨൭൹- എത്തി മാൎച്ചി ൧൹- ൧ാം അന്യായക്കാരന്റെ വക്കീൽ കുഞ്ഞിമൂസ്സിൻ കുട്ടി ഹാജരായി അവനൊടും ൨-ാം അന്യായക്കാരനും അസിഷ്ടാണ്ട മജിസ്ത്രെട്ടിൽ സങ്കടം ബൊധിപ്പിച്ചിട്ടുണ്ടെന്നും തന്റെ സങ്കടവും വിസ്തരിക്കെണമെന്നും ഹാജരായി വാക്കാൽ ബൊധിപ്പിക്കകൊണ്ട അവനൊടും പ്രതിക്കാരനൊടും അന്യായം പ്രതി ൨- ഭാഗം സാക്ഷികളൊടും വിസ്തരിക്കയും അന്യായം പ്രതികൾ കാണിച്ച ആധാരത്തിന്റെ പകൎപ്പ വാങ്ങിയും വാദിക്കുന്ന സ്ഥലങ്ങളുടെ വിവരം അറിവാൻ

കാട്ടര അധികാരി മുഖാന്തരം ചിത്രം വരപ്പിച്ച വരുത്തിയ്യും
അധികാരി ബൊധിപ്പിച്ച റപ്പൊടത്തകളും ൟ വിസ്താരത്തിൽ
ചെൎത്തത കൂടാതെ പ്രതിക്കാരൻ മാൎച്ചി ൯ നു- പല വക ൫ൻാം ന
മ്പ്രിൽ ബൊധിപ്പിച്ച ഹരജിയ്യും ഇതിൽ ചെൎക്കുകയ്യും ചെയ്തു-
വാദിക്കുന്ന കിഴക്കെ കുളവും പടിഞ്ഞാറെ കുളവും കൊടലിൽ പ
ണിക്കരെ ജന്മവും തനിക്ക കാണവകാശവും- താൻ ഇല്ലി വെട്ടി
ച്ച വരുന്നതും ആകുന്നു എന്ന പ്രതിക്കാരനും അന്ന്യായക്കാര
വാദിക്കുന്ന സ്ഥലത്തുള്ള ഇല്ലിയ്യും മുളയ്യും അവര വെട്ടി എടുത്ത
വരുന്നതും ആകുന്നു എന്നും അന്ന്യായം വക സാക്ഷികളും പ്ര
തിക്കാരന്റെ വാദ പ്രകാരം രണ്ടു കുളത്തിലും ഉള്ള ഇല്ലിക്കൂട്ടത്തിൽ
നിന്ന ഇല്ലി വെട്ടിച്ച വരുന്നത പ്രതിക്കാരനാകുന്നു എന്നും പ്ര
തി സാക്ഷികളും ബൊധിപ്പിച്ചിരിക്കുന്നു ൟ കാൎയ്യത്തിന്റെ വി
സ്താരത്താൽ വാദിക്കുന്ന സ്ഥലത്തെ കുളം- ൨-ാം പ്രതി കൈവ
ശമെന്ന പ്രതിക്കാരനും ആ ഭാഗം സാക്ഷികളും അന്ന്യായക്കാ
രുടെ കുടിയിരിപ്പിലെ കുളത്തിൽനിന്ന ഏതാനും സ്ഥലങ്ങൾ
ചെൎന്നതാണെന്നും അന്ന്യായക്കാരും ആ ഭാഗം സാക്ഷികളും
ബൊധിപ്പിക്കയ്യും ഇരുപക്ഷയ്യും ആധാരങ്ങൾ കാണിക്കയ്യും ചെ
യ്തിരിക്കുന്നു- ൟ കാൎയ്യത്തിന്ന അധികാരി ബൊധിപ്പിച്ച റപ്പൊ
ടത്തും- ചിത്രവും നൊക്കുമ്പൊൾ വാദിക്കുന്ന രണ്ടു കുളത്തിന്റെ
യ്യും നാല ഭാഗം ഇരിക്കുന്നവരുടെ കുടിയിരുപ്പുകൾക്ക നെരെഉ
ള്ള സ്ഥലങ്ങൾ അവരവര കൈവശമാണെന്നും അന്ന്യായക്കാ
ര വാദിക്കുന്ന സ്ഥലത്തെ ഇല്ലിക്കൊൽ പ്രതിക്കാരൻ എടുത്ത വ
രാറും അവന്ന യാതൊരു അവകാശവും ഇല്ലെന്നും കിഴക്കെ കുള
ത്തിൽ പ്രതിക്കാരന രണ്ടു പറമ്പുള്ളത വെറെ ആൾ കൈവശം
നടപ്പും- അതിലെക്ക മെൽ പ്രകാരം ഇല്ലിക്കൊൽ ഉള്ളത അവ
ര എടുത്തും വരുന്നു എന്നും ആകുന്നു കാണുന്നത- അതിലും വി
ശെഷിച്ച പ്രതിക്കാരന ചാൎത്തി കൊടുത്തു എന്നും ജന്മിയാണെ
ന്നും പറയുന്ന കൊടലിൽ പണിക്കൎക്ക രണ്ടു കുളത്തിന്റെയ്യും നാ
ല ഭാഗത്ത ആ ജന്മിക്ക സ്ഥലം ഉള്ളതായി കാണുന്നില്ലായ്ക
കൊണ്ടു കുളം മാത്രം ജന്മമെന്ന പറയുന്നതകൊണ്ടു തന്നെ ആ
ജന്മം ശെരിഎന്ന വിചാരിപ്പാൻ വഴി കാണുന്നില്ലാ- കുളമെ
ന്ന പറയുന്ന സ്ഥലം കുറെ താണപ്രദെശമായി മുളംകൂട്ടവും കാ
ടും ഉള്ളതും വെനൽക്ക വെള്ളമില്ലാത്തതും ആകുന്നു എന്നും വൎഷ
സമയം ആ സ്ഥലത്ത വെള്ളം നിൽക്കുന്നതിനാൽ കുളമെന്ന പ
റയുന്നതാണെന്നും- വൎഷത്തിൽ വെള്ളം വരുന്നതകൊണ്ടു കുടി
യിരിപ്പുകളിലെക്ക ആ സ്ഥലം ചെൎത്ത വെയിലികെട്ടാതെ ഒ
ഴിച്ചിട്ടിരിക്കുന്നത എന്നും. അവരവരുടെ കുടി ഇരിപ്പിന്റെ നെ
രെ ഉള്ള സ്ഥലങ്ങൾ ആ സ്ഥലത്തിന്റെ നടുവൊളം അവരവര
നടന്നവരുന്നതാണെന്നും- വിചാരിപ്പാൻ വഴിഉള്ളത കൂടാതെ

അന്ന്യായക്കാര കാണിച്ച ആധാരങ്ങളിൽ കുളത്തിന്റെ നടു
വൊളം അതിരവെച്ചും കണ്ടിരിക്കുന്നു- കിഴക്കെ കുളത്തിൽ ൮ാം
അന്ന്യായക്കാരന്റെ കുടിയിരിപ്പിലെക്ക ചെന്നതായ സ്ഥലത്ത
വു- വലിയ മുളംകൂട്ടവും ൨൮- ചെറിയ കൂട്ടവും- പടിഞ്ഞാറെ കുള
ത്തിൽ ചെന്നതായ സ്വന്തം ജന്മസ്ഥലത്ത ൨൦ വലിയ കൂട്ടവും
൮൦ ചെറിയ കൂട്ടവും- മലപ്ര ജന്മമായ സ്ഥലത്ത വലിയ കൂട്ടം
൨൮-൩ൻ ചെറിയ കൂട്ടവും കിഴക്കെ കുളത്തിൽ ൨-ാം അന്ന്യായക്കാ
രന്റെ കുടിയിരിപ്പിലെക്ക ചെന്നതായ സ്ഥലത്ത ൮൦ വലിയ കൂട്ട
വും ൩ ചെറിയ കൂട്ടവും ഉണ്ടെന്നും കാണുന്നു- ഇരുഭാഗവും വാദി
ച്ച തെളിവ കൊടുക്കുന്നുണ്ടെങ്കിലും അന്ന്യായ ഭാഗത്തെക്ക ആ
ഭാഗം സാക്ഷി കൂടാതെ അധികാരിയുടെ റെപ്പോട്ടിനാൽ അധികം
തെളിവുള്ളതിന്നും പുറമെ സത്ത്യത്തിന്മെൽ തീൎപ്പാനും സമ്മതിച്ചി
രിക്കുന്നു- പ്രതിക്കാരൻ സത്ത്യം ചെയ്യാനും കെൾപ്പാനും മനസ്സി
ല്ലെന്ന ൮ാമത കല്പിത്തിൽ ബൊധിപ്പിക്കയും നെര അറിവാനായി
സൎക്കാരിലെക്ക ആവിശ്യമുണ്ടെങ്കിൽ സത്ത്യം ചെയ്യാമെന്ന ൨-ാമ
ത- ബൊധിപ്പിച്ച ഹരജിയിൽ കാണുന്ന സങ്ങതിക്ക ചൊദ്യം ചെ
യ്യപ്പൊൾ- അന്ന്യായക്കാരുടെ സത്ത്യം കെൾപ്പാനും അപെക്ഷ
ബൊധിച്ച സ്ഥലത്ത സത്ത്യം ചെയ്യാനും- മനസ്സില്ലെന്നും സൎക്കാ
രിലെക്ക സത്ത്യം ചെയ്യെണ്ടതില്ല ആവിശ്യം ഉണ്ടെങ്കിൽ ചെയ്യാ
മെന്ന ബൊധിപ്പിച്ചതല്ലാതെ പ്രതിക്കാരൻ സത്ത്യത്തിന്ന വഴി
പ്പെട്ടിട്ടില്ലാ- സത്ത്യത്തിന്ന വഴിപ്പെടാത്ത അവസ്ഥകൊണ്ട പ്രതി
വാദം നെരില്ലെന്ന പ്രത്യെകം വിചാരിക്കാവുന്നതും ആകുന്നു-
പ്രതിക്കാരന്റെ ഹരജിയിൽ അധികാരി വിരൊധമെന്നും- ഇനി
യും സാക്ഷികളൊട വിസ്തരിക്കണമെന്നും- അപെക്ഷിച്ചിരിക്കു
ന്നു- പ്രതിക്കാരന്റെയും ൮ാം അന്ന്യായക്കാരന്റെയും സംബ
ന്ധിയാകുന്നു അധികാരി- അധികം സംബന്ധം പ്രതിക്കാരനായി
ട്ട എന്നും അറിയുന്നു- അങ്ങിനെ ഉള്ള അവസ്ഥക്ക അധികാരി നെ
രഭാഗം പറഞ്ഞു എന്നല്ലാതെ പക്ഷമായി വിചാരിച്ച പ്രകാരം
ഇനിക്ക തൊന്നീട്ടില്ലാ- പ്രതിക്കാരൻ വ്യവഹാരിയും ജനസ്വാധീ
നം അധികമുള്ളവനും ആകകൊണ്ട സാക്ഷികളാൽ ഇനിയും തെ
ളിവ കൊടുപ്പാൻ കഴിയുന്നതാകുന്നു- അതിനാൽ അധികം സാക്ഷി
കളൊട വിസ്തരിപ്പാൻ ആവിശ്യമില്ലെന്നും സാക്ഷിവാക്ക മാത്രം
പ്രമാണിച്ച ഒരു കാൎയ്യത്തിൽ തീൎപ്പ കല്പിച്ചു കൂടാ എന്നും ഇരുപ
ക്ഷയും വാദിച്ച അവസ്ഥക്ക സത്ത്യത്തിന്മെൽ തീൎക്കെണ്ടതാകുന്നു എ
ന്നും എത്രെ ഇനിക്ക അഭിപ്രായമുള്ളത- ആ നെരായ വഴിക്ക പ്ര
തിക്കാരൻ വഴിപ്പെടാത്തതിനാൽ അന്ന്യായ ഭാഗത്തെ തെളിവ
പ്രകാരം അന്ന്യായക്കാര വാദിക്കുന്ന സ്ഥലങ്ങൾ അവര നട
ന്ന വരുന്നതിലെക്കും ഇല്ലിമുള വെട്ടി എടുത്ത വരുന്നതിലെക്കും
പ്രതിക്കാരൻ യാതൊരു വിരൊധവും ചെയ്യു പൊകരുതെന്നും

പ്രതിക്കാരന്റെ വാദം സീവിൽ ബൊധിപ്പിച്ച നിവൃത്തി വരുത്തേണമെന്നും അന്യായക്കാരുടെ വക ഏതാനും ഇല്ലികൊണ്ടുപൊയിട്ടുള്ളതിനെക്കുറിച്ച നഷ്ടം വിചാരിക്കുന്നുണ്ടെങ്കിൽ പ്രതിക്കാരന്റെമെൽ സീവിൽ വ്യവഹാരപ്പെടെണ്ടതാണെന്നും കല്പിച്ചു.

അസിഷ്ടാണ്ട മജിസ്ത്രെട്ടിലു-

വള്ളുവനാട താലൂക്ക കൊടൂര അംശത്തിൽ അഹമ്മത ബൊധിപ്പിക്കുന്ന അൎജിൽ ഹരജി- മെപ്പടി അംശം മങ്ങാട്ടുപലം ദെശത്ത കിഴക്കെ കുളം പകുതിയൊളം സ്ഥലം സെക്യൂട്ടിയും- മൂത്തുവും നടന്നുവരുന്നതെന്നും ആയ്തിൽ നിന്ന ഞാൻ അര ഉറപ്പികക്ക പൊരുന്ന ഇല്ലിയും ബലമായി വെട്ടി എടുത്തപ്രകാരം മെലെഴുതിയവര എന്റെ മെൽ അസിഷ്ടാണ്ട മജിസ്ത്രെട്ടിൽ ബൊധിപ്പിച്ച അന്യായം വള്ളുവനാട താലൂക്കിൽ നിന്ന വിസ്തരിച്ച സ്ഥലം ൧-൨-൦ അന്യായക്കാര നടപ്പാനും- ഞാൻ സീവിൽ വ്യവഹാരം ചെയ്യെണമെന്നും ൯ന-മാച്ചി ൧ന- കല്പിച്ച തീൎപ്പ ഇനിക്ക സമ്മതമല്ലായ്ക്കകൊണ്ട ആ തീൎപ്പ മാററി തരുവാൻ തീൎപ്പിന്റെ പകൎപ്പൊടുകൂട മതിയായ സംഗതികളെ കാണിച്ച അൎജിൽ ബൊധിപ്പിക്കുന്നു- ൧ാമത ൦രം തീൎപ്പ നെരിന്നും- ക്രമത്തിന്നും ശെരിയല്ലാ- അന്യായക്കാര വാദിക്കാത്ത പടിഞ്ഞാറെ കാക്കകുളത്തിന്ന കൂടി തീൎപ്പ കല്പിച്ച കാണുന്നു- അത ക്രമമല്ലാ അന്യായക്കാരൻ മൂത്തു വാക്കാൽ അന്യായപ്പെട്ടതിനെ പ്രമാണിച്ച തീൎപ്പ കല്പിച്ച കാണുന്നു ആയ്തവ്യവസ്ഥയും ക്രമമല്ലാ. ൨-ാമത വാദിക്കുന്ന കിഴക്കെ കുളം- പകുതിയൊളം സ്ഥലം അന്യായക്കാരുടെ തൊട്ടത്തിന്റെ നെരെ ഉള്ളത അവൎക്കുള്ളതെന്ന അവരുടെ ആധാരത്തിൽ കാണുകയും അധികാരി ബൊധിപ്പിച്ച റിപ്പൊട്ടിലും ചിത്രം വരച്ചത നൊക്കിയ്തിലും കാണുന്നതിനാൽ അന്യായഭാഗം അധികമായ തെളിവുണ്ടെന്നും തീൎപ്പിൽ കാണുന്നതിന്ന അധികാരി എന്റെ പ്രതിഭാഗമാണെന്നും അധികാരി നൊക്കിയാൽ ഇനിക്ക ഗുണമായി ഒന്നും ബൊധിപ്പിക്കുന്നതല്ലെന്നും ഞാൻ ൦രം സന്നിധാനത്തിങ്കലും താലൂക്കിലും ഹരജി ബൊധിപ്പിച്ചിരിക്കുമ്പൊൾ അത പ്രമാണിക്കാതെ അധികാരിയും- ഞാനുമായി അധികം സംബന്ധം ഉണ്ടാകകൊണ്ട അധികാരി നെരല്ലാതെ പറയുന്നതല്ലെന്നും മററും തീൎപ്പിൽ കാണിച്ചത ശെരിയല്ലാ- അധികാരിയും ഞാനുമായി രണ്ട കൊല്ലമായി തമ്മിൽ വളരെ തെററാണ അധികാരിയുടെ എളെബാപ്പ കുഞ്ഞൊലൻ എന്നവരും ഞാനും തമ്മിൽ മുനിസീപ്പ കൊടതിയിൽ വ്യവഹാരമുണ്ട- അധികാരിയും ഞാനും സംബന്ധികൾ എങ്കിലും മെൽപ്രകാരം വ്യവഹാരം നടന്നുവരുമ്പൊൾ തമ്മിൽ യൊജി

ച്ചുവരുന്നതല്ലല്ലൊ ആവക എടച്ചിൽ ഉണ്ടാകകൊണ്ട അധികാ
രി എന്റെ മെൽ ദൊഷം പറയുന്നതാണ- ആ വക സംഗതിക
ൾ അന്വെഷിക്കാതെ അധികാരി പറഞ്ഞത ശെരിഎന്ന തീൎപ്പി
ൽ കാണിച്ചത മതിയല്ലാ. ൩- വാദിക്കുന്ന സ്ഥലത്തിന്റെ നാ
ല ഭാഗവും പകുതിയൊളം അന്യായക്കാൎക്ക ഉള്ളതെന്ന അവരു
ടെ ആധാരത്തിൽ കാണുന്നത ശെരിയല്ലെന്നുള്ളതിന്ന ഒരു ദൃഷ്ടാ
ന്തം ഞാൻ കാണിക്കാം- വാദിക്കുന്ന ഭൂമിയുടെ നാല ഭാഗവും
ഉള്ള തൊട്ടക്കാൎക്ക ആ കുളത്തിൽ പാതിയൊളം സ്ഥലം എല്ലാവ
ൎക്കും എടുപ്പാൻ സ്ഥലമില്ലാത്തതാണ- അതപ്രകാരമിരിക്കുമ്പൊ
ൾ ആ ആധാരങ്ങൾ ഈ വാദത്തിലെക്ക വെണ്ടി ഉണ്ടാക്കി കാ
ണിച്ചതെന്നും ദൃഷ്ടാന്തമല്ലെ- ആ സംഗതി നൊക്കാതെ അധികാ
രിയുടെ വാക്കിനെ പ്രമാണിച്ച കല്പിച്ച തീൎപ്പ മാററെണ്ടതാണെ
ന്നും അന്യായക്കാരുടെ ആധാരംകൊണ്ടും അധികാരിയുടെ റി
പ്പൊൎട്ടകൊണ്ടും അന്യ ലക്ഷ്യം കൂടാതെ ബൊധിക്കും ദൃഷ്ടാ
ന്തത്തിന്ന വിരൊധമായി പറയുന്നവാക്ക വ്യവഹാരത്തിൽ പ്ര
മാണിക്കുന്ന നടപ്പില്ലാ ആ സംഗതികൊണ്ട ഏതെങ്കിലും താലൂ
ക്കിൽനിന്ന ദൃഷ്ടി വെച്ച വിചാരിച്ച എങ്കിൽ ഈ തീൎപ്പ കല്പിപ്പാ
ൻ എടവരുന്നതല്ലാ. ൪ാമത മെൽപ്രകാരം ദൃഷ്ടാന്തത്തിന്ന വി
രൊധമായി അഫീൽ പ്രതികൾ വാദിക്കയും അതിനെ അധികാ
രി സമ്മതിക്കയും ചെയ്യുതിനാൽ ആകുന്നു സ്ഥലം നൊക്കിയാൽ
നെരറിയാമെന്ന താലൂക്കിൽ ഹരജി ബൊധിപ്പിച്ചത- ആ സംഗ
തി ഒന്നും താലൂക്കിൽനിന്ന നൊക്കീട്ടില്ലാ സത്യത്തിന്മെൽ തീൎപ്പ
ചെയ്യാൻ വെണ്ടി നൊക്കിയാറെ ഇനിക്ക മനസ്സില്ലെന്ന ബൊ
ധിപ്പിച്ചതിനാൽ കഴിഞ്ഞീട്ടില്ലെന്ന കാണുന്നു മെൽപ്രകാരം അ
ന്യായക്കാരുടെ വാദം ദുൎബ്ബലമെന്ന ദൃഷ്ടാന്തമിരിക്കുമ്പൊൾ നെ
രഅറിവാൻ സത്യം വെണമെന്നില്ലാ ദൃഷ്ടാന്തമില്ലാത്ത സംഗതി
കൾക്കെ സത്യം ചെയ്യുന്ന നടപ്പുള്ളു- അതിനാൽ സത്യം ചെയ്യാ
ൻ മനസ്സില്ലെന്ന ബൊധിപ്പിച്ചതാണ. വാദിക്കുന്ന ഭൂമി എ
ന്റെ കൈവശം നടപ്പുള്ളത നെരാകകൊണ്ട അന്യായക്കാൎക്ക
ബൊധിച്ച സ്ഥലത്ത ഇനിക്ക സത്യം ചെയ്യാം അന്യായ സാ
ക്ഷികൾ അവരുടെ ജെഷ്ഠാനുജന്മാരും എന്റെ സാക്ഷികൾ മു
ഖ്യസ്ഥന്മാര പ്രമാണികളും ആകുന്നു- ആ സാക്ഷി വാക്കിനെ
അധികാരിയുടെ വാക്കിനാൽ ദുൎബ്ബലം ചെയ്യുന്നതും മതിയായന്യായ
മല്ലാ സത്യം ചെയ്യുതീരുന്നതില്ല പ്രയാസമില്ലാത്ത വഴിയാണ
സ്ഥലം നൊക്കിയാൽ അറിയാമെന്ന ഞാൻ ബൊധിപ്പിച്ചത
ആ വഴിക്ക തക്ക തീൎന്ന എങ്കിലൊ എന്ന വിചാരിച്ചാണ സത്യ
ത്തിന്ന ഞാൻ മനസ്സില്ലെന്ന ആദ്യത്തിൽ ബൊധിപ്പിച്ചിരിക്കു
ന്നത- അതുകൊണ്ട സന്നിധാനത്തിങ്കലെ ദയ ഉണ്ടായി ഈ കാ
ൎയ്യത്തിന്ന താലൂക്കിൽ കഴിഞ്ഞ വിസ്താരം മുതലായു വരുത്തി നൊ

ക്കിയും വാദിക്കുന്ന സ്ഥലം ൧൨൦ കുറ്റിക്ക ഏററവും സമീപമാക
കൊണ്ടു സ്ഥലം നൊക്കി എങ്കിലും സത്യം ചെയ്യിച്ചു എങ്കിലും ആ
ദൃവിസ്താരം ചെയ്യു എങ്കിലും നെര അറിഞ്ഞ ആദൃതീപ്പു മാററി
സ്ഥലം ഞാൻ നടന്ന വരുംപ്രകാരം മെലാലും ഞാൻ നടപ്പാൻ
തീപ്പുണ്ടായി രക്ഷിപ്പാൻ അപെക്ഷിക്കുന്നു- എന്ന ൧൦൨൭മത
മീനമാസം ൨൩നു-

൧൮൫൨- എപ്രെൽമാസം ൨൨നു- കണ്ണൂര പൊലീസ്സാമിൻ ക
ച്ചെരിയിൽനിന്ന കല്പിച്ച വിധി.

അന്ന്യായം കൊരൻ-
പ്രതി അപ്പുമുതൽ ൪-ാൾ-

എന്തന്നാൽ- തൃക്കപാൽ ദെവസ്സം ജന്മം ചാലിൽ അരുഎന്ന
൪൦൦ നെല്ലുവാരത്തിന്റെ നിലം പാട്ടാവകാശമായി നടക്കുന്ന
തിൽ പ്രതികൾ- ൧൦൨൭ മെടം ന്നു-ക്ക- ൫൮ എപ്രെൽ ൧൭നു-
പകൽ വാക്കെററം പറഞ്ഞ പ്രവൃത്തി മുടക്കി എന്ന എപ്രെൽ
൨൦നു- അന്ന്യായപ്പെട്ടു- മെൽപ്രകാരം പ്രതികൾ തെച്ചുക്ക വന്ന
ത മാവിലായി അംശം അധികാരിയുടെ സഹായത്താൽ എന്നും
ആദ്യം നിലം പാട്ടത്തിന്ന വാങ്ങിയു കാരണവരിയായ ചാത്തുവി
നൊട എന്നും ആ ചാത്തു മരിക്കയാൽ ആ കാരണം ചാത്തുവി
ന്റെ അവകാശികളായ കുമ്പൊട്ടി- ചിരുതയി- ൧൨൦ പെരുകളായ
സ്ത്രീകൾ ദെവസ്സത്തിൽനിന്ന വാങ്ങി നിലം ഒഴിഞ്ഞ എണെക്ക
അയക്കയും- ആ എണെക്ക പിടിച്ച ൧൦൨൭ൽ ദെവസ്സത്തിൽനി
ന്നും പാട്ടത്തിന്ന വാങ്ങിരിക്കുന്നു എന്നും മററും അന്ന്യായത്തി
ൽ വിവരം കാണിച്ചിരിക്കുന്നു- ഇതിന്റെ തെളിവിന്ന ൧൦൨൭
കുംഭം ൧൨നു- മെപ്പടി ദെവസ്സം ഊരാളൻ നാരായണ പൊതു
വാൾ എഴുതികൊടുത്ത പാട്ടൊലയും മെപ്പടി നിലം ദെവസ്സത്തി
ൽ ഒഴിഞ്ഞ കൊടുപ്പാനായി കുമ്പൊട്ടി- ചിരുതയി- ഇവര ൧൦൨൭
കുംഭം ൧൨നു- എഴുതിയ എണെക്കും അന്ന്യായക്കാരൻ കാണി
ച്ചതിന്റെ പകപ്പുകൾ വാങ്ങി വിസ്താരത്തിൽ ചെത്തു- സമൻ
പ്രകാരം ൨- മുതൽ ൪ വരെ പ്രതികൾ ഹാജരായി- ൧ാം പ്രതി
ദീനമെന്ന പറഞ്ഞ ഹാജരായിട്ടില്ലാ- ദീനം ഉള്ളതാകുന്നു എന്ന
അധികാരി റപ്പൊട്ട ചെയ്യിരിക്കുന്നു- അന്ന്യായക്കാരന്റെ വാ
ദപ്രകാരമുള്ള നടപ്പിൽ ൨൮- വരെ ഉള്ളത വിസ്തരിച്ച ൨-ാം പ്ര
തി സമ്മതിക്കയും അതിന്റെ ശെഷം നിലം തനിക്ക വാക്കാൽ
ഒഴിഞ്ഞ തന്നതിനാൽ താൻ നടക്കുന്നതാണെന്ന തക്കിക്കയും
ചെയ്യിരിക്കുന്നത കൂടാതെ അന്ന്യായപ്പെട്ട നിലം തറവാട്ടു ജന്മ
മെന്നും കുമ്പൊട്ടി മുതലായ്വര തന്റെ ശെഷക്കാരഎന്നും ശെഷം

പ്രതികൾക്ക നിലത്തിന്മെൽ നടപ്പില്ലെന്നും അധികമായി ബൊധിപ്പിച്ചിരിക്കുന്നു അതിനാൽ ശെഷം പ്രതികളൊട വിസ്തരിക്കുന്നത അനാവിശ്യമെന്ന തൊന്നി വിസ്തരിച്ചിട്ടില്ലാ- ആധാര ക്രമപ്പെണ്ണ നടക്കുന്ന ഒരു പാട്ടക്കാരനെ കൊണ്ട വാക്കാൽ ഒഴിപ്പിച്ചു എന്നും പാട്ടാധാരം തിരിയെ വാങ്ങീട്ടില്ലെന്നും സമ്മതിക്കുന്നവസ്തുക്ക പ്രതിക്കാരൻ കയ്ച്ചീത്തിൽ പറയും പ്രകാരം സാക്ഷികളാൽ തെളിയിക്കാൻ പ്രയാസമില്ലാത്തതാണെങ്കിലും ലക്ഷ്യക്രമപ്പെണ്ണ അല്ലാത്ത ആ വക സാക്ഷി വാക്കുകൾ പ്രതിഭാഗമുള്ള തെളിവിലെക്ക ബലമില്ലാത്തതും- വിശ്വസിച്ചുകൂടുന്നതല്ലാത്തതും ആകകൊണ്ട ആ തെളിവ എടുപ്പാൻ പൊലീസ്സാമിന അഭിപ്രായമില്ലാ- അന്ന്യായം ൨ ക. ൩- സാക്ഷികളൊടും- ഊരാളൻ നാരായണപൊതുവാളൊടും സമീപം കൃഷിക്കാരായ അപ്പു- ചന്തു- ഇവരൊടും വിസ്തരിക്കയും- മാവിലായി അംശം മെനവന്റെ- റിപ്പൊട്ട കൂടി വിസ്താരത്തിൽ ചെൎത്ത വെക്കയും ചെയ്തു- നടത്തിയെടത്തൊളമുള്ള എല്ലാ വിസ്താരങ്ങളാലും അന്ന്യായക്കാരന്റെ വാദം പൂൎണ്ണമായി തെളിഞ്ഞിരിക്കുന്നു- സൎക്കാര കാൎയ്യസ്ഥനായ മെനവന്റെ റിപ്പൊട്ടും അന്ന്യായത്തിന്ന അനുകൂലമാകുന്നു- ആ മെനവന്റെ റിപ്പൊട്ടിൽ ഒരു കണ്ടത്തിൽ പ്രതിക്കാരൻ വിത്തിട്ടിരിക്കുന്ന പ്രകാരം കാണുന്നത ന്യായമാൎഗ്ഗത്തിൽ ചെന്നതല്ലെന്ന മെൽ കാണിച്ച സാക്ഷിവാക്കുകളാൽ വ്യക്തമായി കാണുന്നതകൊണ്ട ആ പ്രവൃത്തി തന്നാലെ ദുൎബ്ബലപ്പെട്ടുപൊകുന്നതും ആകുന്നു- ൨ം വ്യവഹാരമുണ്ടാവാനുള്ള കാരണം എന്തെന്ന വിചാരിച്ചതിൽ മെപ്പടി സ്ത്രീകൾ ദായാതിക്കാരായ പ്രതികളെ ഉപെക്ഷിച്ച ദെവസ്സത്തിൽനിന്ന നെരിട്ട കാണം വാങ്ങി പറ്റിയ്യിനാൽ തങ്ങൾക്ക സംഭവിച്ച നഷ്ടത്തിന്റെ നിവൃത്തിക്കായി ഉപായെന നിലം കൈവശമാക്കിയാൽ കാണംവക ഏതാൻ പണം- കിട്ടുമെന്നുള്ള ദുൎമ്മൊഹത്തിന്മെൽ പ്രതികൾ മെൽപ്രകാരം പുറപ്പെട്ടതാണെന്ന കണ്ടിരിക്കുന്നു- പ്രതികൾ മരിച്ച ചാത്തുവിന്റെ അവകാശികൾ ആണെങ്കിലും കാണംവക പണത്തിന്ന അവകാശമുണ്ടെങ്കിലു, അതുകളുടെ സാദ്ധ്യം വരാൻ വെണ്ടി നെരമാൎഗ്ഗമായ വഴിക്ക സീവിൽ അധികാര സ്ഥലത്ത പൊയി പ്രക്ഷിക്കെണ്ടതല്ലാതെ പൊലീസ്സിന്ന ആരംഭിച്ചത പ്രതികളെ മെൽ തെറ്റാകുന്നു- എങ്കിലും ആ തെറ്റിന്ന ഒരു ശിക്ഷക്കുൾപ്പെടുത്താൻ മാത്രം ഇതിൽ തെളിവ മതിയായിട്ടില്ലാ- ൩ം സങ്ങതികളാൽ പ്രതികളെ മെൽനിന്ന പൊലീസ്സ കുറ്റം നീക്കി വാദിക്കുന്ന നിലം കീഴക്കട പ്രകാരം അന്ന്യായക്കാരൻ നടക്കുന്നതിൽ യാതൊരു തകരാറും ചെയ്തു പൊകരുതെന്നും ൪ം വിധിയാൽ സങ്കടം വിചാരിക്കുന്നുണ്ടെങ്കിൽ ക്രമമായ അപ്പീലിനാൽ നിവൃത്തിവരുത്തുക അല്ലാതെ വിധിക്ക വിരൊധമായി ഏതെങ്കിലും തകരാറ ചെയ്യാ

ൽ തക്കതായ ശിക്ഷയിൽ ഉൾപ്പെടുത്തുമെന്നും പ്രതികൾക്ക താക്കീതി ചെയ്യു വിട്ടയപ്പാൻ കല്പിച്ചു.

ഹെഡ്ഡ അസിഷ്ടാണ്ട മജിസ്ത്രെട്ടില്ക്ക.

ചിറക്കതാലൂക്ക മാവിലായി അംശത്തിൽ അപ്പു മുതൽ ൩-ാൾ ബൊധിപ്പിക്കുന്ന അർഫീൽ ഹരജി- ഞങ്ങളെ തറവാട്ടു വക പുരാതന ജന്മം മാവിലായിദെശത്ത ചാലിൽ അരു എന്നപെരും- ൪൦൦ നെല്ലു വാരവും ൟ കഴിഞ്ഞ കന്നിമാസത്തിൽ മരിച്ചുപൊയ ചാത്തു എന്ന കാരണവരെ പെരിൽ ജമയും ആയി ഞങ്ങൾ അനുഭവിച്ചു വരുന്ന നിലം കിഴക്കട കൊഴ നടപ്പുകാരനായ കണ്ണൻ വാരം തരായ്കയാലും മറുപാട്ടത്തിലെ നിശ്ചയപ്രകാരവും കഴിഞ്ഞമകരം ൧൦൩- പ്രമാണികളായ മദ്ധ്യസ്ഥന്മാരിൽ അനന്തൻ മുതൽ ൩-ാൾ മുഖാന്തരം സമ്മതിച്ചു തന്ന പ്രകാരവും നിലത്ത വെണ്ടുന്ന പ്രവൃത്തികൾ ഒക്കയും ഞങ്ങൾ കഴിച്ചു വിത്ത എറക്കി മുളച്ചു എകദെശം അരമൊളം ആയ്ത്തിന്റശെഷം മെപ്പടി കണ്ണനും- അനുജൻ കൊരനും- അമ്പു പൊതുവാളും മററും യൊജിച്ചു ക്രിത്രിമമായി ൟ എപ്രെൽ ൨൩- ഒരു അന്ന്യായം കൊടുക്കുകയും- അതിന്ന ഹാജരായ ഞങ്ങളൊട മുഴുവൻ വിസ്തരിക്കാതെയും- സത്യന്ന്യായമറിവാൻ ഞങ്ങൾക്കുള്ള രെഖാസാക്ഷികൾ എടുത്ത വിസ്തരിക്കാതെയും മെപ്പടി നിലം അന്ന്യനായ പൊതുവാൾ ൧൦൨൨ കുംഭം ൧൨൩- കൊടുത്തു എന്ന പറയുന്ന പാട്ടൊലപ്രകാരം നിലം കൊരൻ നടക്കെണ്ടതാണെന്നും ഞങ്ങളെ നടപ്പു തന്നാലെ ദുർബ്ബലപ്പെട്ടു പൊകുന്നതാണെന്നും ൟ എപ്രെൽ ൨൩- തീൎപ്പുകല്പിക്കയും അതിനാൽ ൟ മെടം ൧൩- പകൽ ൩-൪- നാഴിക പുലരുമ്പൊൾ കണ്ണൻ മുതൽ ൩-ാൾ കൂടി ഞങ്ങളെ വിള ഉഴുത കളഞ്ഞതും- എത്രയും സങ്കടവും വിളനഷ്ടവും ആയിരിക്കകൊണ്ട കണ്ണൂര പൊലീസ്സാമീൻ കല്പിച്ച മെപ്പടി തീൎപ്പുമാററി തരാനുള്ള സംഗതി താഴെ എഴുതുന്നു. ൧ാമത- ൟ നിലം പാട്ടം നടപ്പിന്ന ൧൦൧൯ മെടം ൧൩- കെടുത്ത എഴുതി തന്ന മറുപാട്ടത്തിൽ തന്നെ എതുകൊല്ലമെങ്കിലും വാരത്തിന്നൊ മറെറാ താമസം വരുത്തുകയൊ മറെറാ ചെയ്യാൽ ൟ നിലം ജന്മിയായ ഞങ്ങൾക്ക ബൊധിച്ചുപ്രകാരം നീക്കികൊടുത്ത നടത്തിച്ചുകൊൾപ്പാൻ ആ മറുപാട്ടത്തിൽ തന്നെ നിശ്ചയിച്ചിരിക്കുന്നു- ൟ നിശ്ചയത്താൽ തന്നെ ഒഴി മുറി വാങ്ങാൻ ആവിശ്യമില്ലെന്നും മദ്ധ്യസ്ഥന്മാര മുഖാന്തരം സമ്മതിച്ചു ഞങ്ങൾ നടന്നവരുന്നതന്ന്യായമാൎഗ്ഗമായീട്ടുള്ളതാണെന്നും ആ നടപ്പു തന്നാലെ പൊകുന്നതല്ലെന്നും ബൊധിക്കും- എകദെശം നൂറകൊല്ലത്തിൽ അധികം മുമ്പായി നിലം കൈവശമില്ലാത്ത പൊതുവാൾ മെപ്പ

ടി പാട്ടക്കാരന്റെ അനുജൻ കോരൻ ൟ കഴിഞ്ഞ കുംഭം ൧൨൩-
പുതുതായി നടപ്പിന്ന കൊടുത്തു എന്ന പറയുന്ന പാട്ടോലപ്രകാ
രം- അവൻ നടക്കെണ്ടതാണെന്ന തീൎപ്പിൽ കാണിച്ചത എത്ര
യും ന്യായവിരൊധവും ഞങ്ങൾക്ക വലുതായ സങ്കടവും ആ
ണെന്ന ബൊധിക്കും. ൨- തറവാട്ട ജന്മമായ ൟ നിലം കൈ
കാൎയ്യകൎത്തൃത്വവും കാൎയ്യബൊധവും ഇല്ലാതെയും- രൊഗത്തിൽ കി
ടന്നും വലഞ്ഞിരിക്കുന്ന സ്ത്രീകളെ കൊണ്ടും പൊതുവാൾ കാണ
മെന്ന വെച്ച പുക്കവാറ വാങ്ങി എന്ന പറയുന്നത ന്യായവി
ചാരണ ചെയ്യുന്ന ദിക്കിൽനിന്ന പ്രബലപ്പെടുത്തുന്നതല്ലായ്ക
കൊണ്ട അതിനെ കുറിച്ച അധികം ആക്ഷെപിക്കെണ്ടതില്ലല്ലൊ
കാരണവര ചാത്തു എന്നവര മരിച്ചതിന്റെ ശെഷം- ശെഷ
ക്രിയാദികളും അടിയന്തിരാദികളും ഞങ്ങൾ കഴിക്കയും ൧൦പ്ര
തി ദീക്ഷിക്കയും- ചെയ്തിരിക്കുന്നു. ഒന്നാംപ്രതിയായ ഞാനാകു
ന്നു തറവാട്ടുകാൎയ്യങ്ങൾ ഒക്കയും നടന്നും നടത്തിച്ചും വരുന്നത-
അങ്ങിനെ ഇരിക്കുന്ന എന്നൊട യാതൊരു അന്വെഷണവും
ചെയ്യാതെ ഇനിക്കും- ൩-ം ൪-ം പ്രതികൾക്കും ഉള്ള വാദം ഏത
പ്രകാരമെന്ന അറിയാതെയും- അന്യായം വന്നതിന്റെ ൩-ാം
ദിവസം തീൎപ്പുകൊടുത്തതും- വിചാരിച്ചാൽ എന്തസങ്ങതികൊ
ണ്ട എന്ന ഞങ്ങൾ അറിയുന്നില്ലാ- മെപ്പടി ദെവസ്സത്തിൽ കാ
രാളനായ പൊതുവാളെ ഊരാളൻ എന്ന എഴുതി കാണുന്നത എ
ന്ത ലക്ഷ്യത്താൽ എന്നറിയുന്നില്ലാ- ൟ കാൎയ്യത്തിലെ സാക്ഷി
കോരൻ- കാരണവര ചാത്തു എന്നവൎക്ക അന്യായക്കാരന്റെ
ജെഷ്ഠൻ കണ്ണൻ എഴുതി കൊടുത്ത മറുപാട്ടത്തിൽ കയ്യെഴുത്തുകാര
നാകുന്നു- അതിൽ കാരണവരെ ജന്മമെന്നും- കണ്ണന്റെ സമ്മ
തപ്രകാരം മെൽ ഒന്നാം വകുപ്പിൽ കാണിച്ച സംഗതിയും എഴുതു
കയും ചെയ്തിരിക്കുന്നു- അതിന്ന വിരൊധമായി ഇപ്പൊൾ ദ്രവ്യാ
കാംക്ഷകൊണ്ട സാക്ഷിക്കാര പറഞ്ഞ വാക്ക വിശ്വസിക്കതക്കത
ല്ലെന്നും ആ ലക്ഷ്യത്താൽ ബൊധിക്കും. ൩- ൟ ൧൦൨൫ാമത മ
കരമാസം ൧൦൩- മുതൽക്ക കണ്ണന്റെ സമ്മതപ്രകാരം നിലത്തി
ൽ വെണ്ടുന്ന പ്രവൃത്തി ഞങ്ങൾ കഴിച്ച വിത്ത എറക്കീട്ടില്ലെന്നും
മൊളച്ച വന്ന നെല്ല ൟ മെടം ൧൩൩- ഉഴതകളഞ്ഞിട്ടില്ലെ
ന്നും അന്യായക്കാരനും ജെഷ്ഠൻ കണ്ണനും- സത്യം തന്നാൽ കെ
ട്ട നിലത്തിന്റെ നടപ്പ ഒഴിവാനും അതപ്രകാരം സത്യം ചെ
യ്തു നിലം നടന്നവരുവാനും ഞങ്ങൾക്ക മനസ്സുണ്ട- അതുകൊ
ണ്ട ൟ സങ്ങതികളും സത്യസ്ഥിതിയും വിചാരിച്ചും ആദ്യവി
സ്താരങ്ങളും തീൎപ്പും വരുത്തിനൊക്കിയും ഞങ്ങടെ തെളിവ കൂടി
വാങ്ങിയും ൟ സന്നിധാനത്തിങ്കൽ നിന്ന തന്നെ വിസ്തരിച്ച
മെപ്പടി തീൎപ്പമാററി ഞങ്ങടെ നടപ്പും അവകാശവും സ്ഥിരം ചെ
യ്തു തന്ന ഞങ്ങളെയും ഞങ്ങടെ കുഞ്ഞുകുട്ടികളെയും രക്ഷിക്കെ

ണ്ടതിന്നും മെൽപ്രകാരം ഞങ്ങൾ ഉണ്ടാക്കിയ വിളഉഴ്ത നഷ്ടം വരുത്തിയ പ്രതികളെയും കണ്ടെറിഞ്ഞിരിക്കുന്ന സാക്ഷിക്കാരിൽ മാവിലായി അംശം ദെശത്ത അമ്പു മുതൽ ൪ാളെ വരുത്തി വിസ്തരിച്ച അതിന്ന തക്കതായ കല്പനയും ഉണ്ടായി സങ്കടം തീൎത്ത രക്ഷിക്കെണ്ടതിന്ന അപെക്ഷിക്കുന്നു- എന്ന ൧൦൨൮ മെടം ൧൪൹

ചെറനാട താലൂക്ക ഹെഡ- പൊലീസാപ്പര ൧൮൫൪ാമത. ഏപ്രീൽ മാസം- ൧൩൹ കല്പിച്ച യാദാസ്ത-

അന്ന്യായം ആലി അമ്മ.

പ്രതി അത്തൻകുട്ടി മുതൽ ൩-ാൾ.

കൊട്ടക്കൽ അംശം കുററിപ്രം ദെശത്ത ൩-ാം സാക്ഷിയായ കൃഷ്ണവാരിയരൊട ൧൫൫- പണത്തിന്ന തലൊട്ടിൽ കണ്ടം ൨-ം അതൊടചെൎന്ന കുളവും കൂടിചാൎത്തി വാങ്ങി വിളഎറക്കി അതിലെക്ക മെപ്പടി കുളത്തിൽനിന്ന വെള്ളം തെവി വരുമ്പൊൾ- ൧൦൨൯- കുംഭം ൨൦൹-ക്ക ൫൪ മാൎച്ചി ൨൹- പകൽ പ്രതിക്കാര ചെന്ന തെവുന്നത വിരൊധിച്ച പിടിച്ച തള്ളി ഏത്തം വലിച്ച കളകയും മററും ചെയ്യു എന്ന അന്ന്യായം- ഈ കാൎയ്യത്തിന്ന അന്ന്യായക്കാരനൊടും- ൧-ാം പ്രതിയൊടും ൧-ം ൨-ം ൪-ം സാക്ഷികളൊടും എന്റെ മുമ്പാകെയും- ൪-ം ൫-ം സാക്ഷികളൊട സബൊഡ്പര പക്കീർ മഹമ്മതും വിസ്തരിച്ചും സ്ഥലംനൊക്കി പ്ലാൻ വരച്ചും റിപ്പൊട്ട ഒന്നിച്ചയക്കയാൽ ആയ്തും കുററിപ്രം ദെശത്ത മുഖ്യസ്ഥൻമാര അത്തൽകുട്ടി മുതൽ ൨-ാൾ ബൊധിപ്പിച്ച റിപ്പൊട്ടും ൧-ാം പ്രതി ബൊധിപ്പിച്ച ഹരജിയും അന്ന്യായക്കാരൻ ഹാജരാക്കിയ കാണാധാരം വാങ്ങിനൊക്കി പകൎപ്പ എടുത്ത ആയ്തും ഇതിൽ ചെൎക്കുകയും അന്ന്യെഷിക്കുകയും ചെയ്യു- രണ്ടും മൂന്നും പ്രതികളെ ഹാജരാക്കി വിസ്തരിപ്പാൻ അത്ര ആവശ്യം കണ്ടീട്ടുമില്ലാ- വിസ്താരത്തിൽ കുററം സമ്മതിക്കാതെ അന്ന്യായത്തിൽ പറയുന്ന കുളം തനിക്കവകാശമായിട്ടുള്ളതെന്നും അതിന്ന ലക്ഷ്യം ഒന്നും ഇല്ലെന്നും ൧-ാം പ്രതിയും അന്ന്യായത്തിൽ പറയുന്ന കുളത്തിൽനിന്ന അന്ന്യായക്കാരൻ വെള്ളം തെവുമ്പൊൾ ൧-ാം പ്രതി ഏത്തം തള്ളുകയും ൨-ം ൩-ം പ്രതികൾ മെതിയും മുക്കാലികാലും വലിക്കയും ചെയ്യു എന്നും വെറെ ഒന്നും തനിക്കറിവില്ലെന്നും ൧-ാം സാക്ഷിയും മെൽപ്രകാരം വെള്ളം തെവുമ്പൊൾ ൧-ാം പ്രതി വെച്ചിരുന്ന മുക്കാലിക്കാൽ പറിച്ചിടുകയും ചവട്ടി ചളിയിൽ പൂത്തുമെന്ന അന്ന്യായക്കാരനൊട പറകയും ചെയ്യുതല്ലാതെ വെറെ ഒന്നും ഉണ്ടായിട്ടില്ലെന്നും പരസ്പര വിരൊധമായി ൨-ാം സാക്ഷിയും മെപ്പടി കുളവും കണ്ടങ്ങളും തന്റെ ജന്മവും ഇപ്പൊ

ൾ ആയ്ത അന്ന്യായക്കാരന താൻ ചാൎത്തികൊടുത്ത നടക്കുന്നതും
കുളം മെപ്പടി നിലത്തെക്ക ഉപകാരമായിട്ടുള്ളതും ആണെന്ന ൩-ാം
സാക്ഷിയും അതിലെക്ക ഏകദെശം അനുരൂപമായിട്ട തന്നെ
൪-ാം സാക്ഷിയും, മെപ്പടി കണ്ടം കുഞ്ഞിമുയ്തിൻ കുട്ടിയൊട താൻ
വാങ്ങുകയും പിന്നെ അന്ന്യായക്കാരന ഒഴിമുറി കൊടുക്കയും ചെ
യ്യുതിൽ കുളം ഉൾപ്പെട്ടിട്ടില്ലെന്നും കുളം മെപ്പടി ,നിലത്തെക്ക ഉ
പകാരമായിട്ടുള്ളതും താൻ ആ നിലത്തെക്ക കുളത്തിൽനിന്ന വെ
ള്ളം തെവി വന്നിരുന്നതും ആണെന്ന ൫-ാം സാക്ഷിയും ബൊ
ധിപ്പിച്ചിരിക്കുന്നു- കുളം പ്രതിക്കാരുടെ പൂൎവ്വന്മാര ഉണ്ടാക്കിച്ചതാ
ണെന്ന തൊന്നുന്നപൊലെയും ഉഭയത്തിലെ വിളക്ക കുളത്തിലെ
വെള്ളം ഉപയൊഗപ്പെട്ടതും പ്രതിക്കാരുടെ പറമ്പിലെക്ക കുളം
സംബന്ധം ഇല്ലാത്തതും ആണെന്ന സബൊൎഡ്ഡരുടെ റിപ്പൊൎട്ടിലും
കണ്ടിരിക്കുന്നു- അന്ന്യെഷിച്ചതിൽ കുളം പുരാതനമെ ഉള്ളതാക
യാൽ ഇന്നവര ഉണ്ടാക്കിച്ചതാണെന്ന നിജം കിട്ടിട്ടില്ലാ, മെപ്പടി
നിലത്തെ വിളക്ക ഉണക്കംതട്ടുമ്പൊൾ കുളത്തിൽനിന്ന വെള്ളം തെ
വി വരാറുണ്ടെന്നും കുളം നിലത്തെക്ക ഉൾപ്പെട്ട നടന്നവരുന്ന
താണെന്നും കാണുകയും ചെയ്തിരിക്കുന്നു- കുളത്തിൽനിന്ന വെ
ള്ളം എടുക്കുന്നതിന്ന പ്രതിക്കാര ഏതാനും തടസ്ഥം പറഞ്ഞതി
നാലുള്ള മുഷിച്ചിലിന്മെലും തടസ്ഥനിവാരണത്തിന്ന വെണ്ടി
യും പിടിച്ച തള്ളി എന്നും മറവും കൂടി അന്ന്യായത്തിൽ കാണിച്ച
തല്ലാതെ അങ്ങിനെ പൊലീസ്സായി ഒന്നും ചെയ്തപ്രകാരം വി
സ്താര അന്ന്യെഷണങ്ങളാൽ തെളിവ കിട്ടിട്ടില്ലാ- കുളം പ്രതിക്കാ
രുടെ പൂൎവ്വന്മാര ഉണ്ടാക്കിച്ചതാണെന്ന ഒര ഊഹംപൊലെ സ
ബൊൎഡ്ഡര പറയുന്നുണ്ടെങ്കിലും അത ഒര തെളിവിന്മെൽ പറഞ്ഞ
തായി കാണുന്നതും ൨ാം പ്രതിയുടെ വാദത്തിന്ന അനുരൂപമാ
യ വഴിക്ക ഒര ലക്ഷ്യവും കാണിപ്പാൻ അവനാൽ കൂടിട്ടുമില്ലാ-
ല്ലാൻ നൊക്കുമ്പൊഴും അന്ന്യായപ്പെട്ട കുളം മെപ്പടി നിലത്തെ
ക്ക ചെൎന്നതും പ്രതിക്കാരുടെ പറമ്പിലെക്ക സംബന്ധമില്ലാത്ത
തും ദൃഷ്ടാന്തമാകുന്നത കൂടാതെ ഉഭയത്തിലെ വിളക്ക കുളത്തി
ലെ വെള്ളം എടുക്കെണ്ടതും മുഖ്യാവിശ്യവും പറമ്പ കുളത്തിങ്കൽനി
ന്ന ക്രമെണ എകച്ച് ആയിട്ടാകയാൽ കുളത്തിലെ വെള്ളം പറ
മ്പിലെക്ക എടുപ്പാൻ പാടില്ലാത്തതും പ്രതിക്കാൎക്ക ഉപകാരമില്ലാ
ത്തതും ആണെന്ന വിചാരിപ്പാൻ നല്ല വഴി ഉള്ളതും ആകുന്നു-
മെൽപറഞ്ഞ എല്ലാ അവസ്ഥകളാലും അന്ന്യായപ്പെട്ട കുളത്തി
ലെ വെള്ളം മെൽപറഞ്ഞ നിലത്തെക്ക എടുക്കുന്നതന്ന്യായമാ
ണെന്ന കാണുകയാൽ അപ്രകാരം അന്ന്യായക്കാരൻ മെപ്പടി
നിലത്തെ വിളക്കാവിശ്യമായി അന്ന്യായപ്പെട്ട കുളത്തിലെ വെ
ള്ളം തെവുന്നതിന്ന പ്രതിക്കാര യാതൊരു വിരൊധവും ചെയ്യാ
ൻ സംഗതി ഇല്ലെന്നും അവകാശ കാൎയ്യം സീവിൽ വ്യവഹരി

ച്ച തീൎച്ചവരുത്തികൊള്ളെണ്ടതാണെന്നും ഇരുഭാഗക്കാരൊട്ടും കല്പിച്ച അന്ന്യായം നീക്കി.

അസിസ്തണ്ട മജിസ്ട്രെട്ടില്ക്ക.

ചെറനാട താലൂക്ക കൊട്ടക്കൽ അംശത്തിൽ അത്തൻ കുട്ടി ബൊധിപ്പിക്കുന്ന സങ്കടം ഹരജി എന്തെന്നാൽ എന്റെ കാരണവന്മാര പുരാതനമായി എന്റെ പറമ്പിലെക്കും കാലികൾക്കും വെള്ളം കുടിപ്പാനും ആവിശ്യമായി കുഴിപ്പിച്ചിട്ടുള്ള കൊളം ഞാൻ തിരിച്ച തീര കൊടുത്ത ഉഭയത്തിലെക്ക ചെൎന്നതാണെന്ന വെച്ച ഇയ്യടെ ഞാനുമായുള്ള സിദ്ധാന്തം നിമിത്തം മെപ്പടി ദെശത്തിരിക്കും ആലിമമ്മു മെപ്പടി താലൂക്കിൽ ഒര ഹരജി ബൊധിപ്പിക്കകയും പ്രതിക്കാരനായ ഞാനും ആ വിവരം ബൊധിപ്പിക്കകയും ചെയ്യതിൽ ൨൭ എപ്രെൽ മാസം ൧൮൫൩- അന്ന്യായഭാഗം കല്പിച്ച തീൎപ്പ ഞായത്തിന്നും നെരിന്നും കെവലം വിരൊധമാകുന്നു- അതിന്റെ വിവരം ബൊധിപ്പിക്കാം. ൧-ാമത- അന്ന്യായത്തിൽ പറയുന്ന ഉഭയത്തിൽ വിരുപ്പ മുണ്ടകം ൟ രണ്ട വിളക്ക മെപ്പടി കുളത്തിൽനിന്ന വെള്ളം ഒഴുകി പൊകുന്നതും ആയ്യിന്ന ഇനിക്ക ഒരു വിരൊധവുമില്ലാതെ ഇരിക്കുന്നതും ആകുന്നു- ആ സ്ഥലത്ത കീഴിൽ ഒരിക്കലും നടന്നിട്ടില്ലാതെ ഉള്ള പുഞ്ചവിള ഇപ്പൊൾ നടന്ന വെള്ളത്തിന്റെ അവസ്ഥ കൊണ്ട തൎക്കിക്കുന്നത ഒര ഉപായമായ ദുൎവ്വിചാരത്താൽ ആകുന്നു- അത എന്തകൊണ്ടെന്നാൽ ആ വെള്ളം തെവാനായി തീൎപ്പ കിട്ടിയാൽ കൊളത്തൂൎത്ത ഉഭയത്തിൽ ചെൎത്ത വിള ഉണ്ടാക്കി എടുത്ത അപഹരിക്കാമെന്നുള്ള ദുൎമ്മൊഹത്താൽ ആകുന്നു- പ്രത്യെകം വെള്ളത്തിന്ന ആവിശ്യമായി തൎക്കിക്കുന്നതും അല്ല. ൨-ാമത- ആ കുളത്തിലെ വെള്ളത്താൽ ആ സ്ഥലത്തെ പുഞ്ച വിള ശരിയായി കൂടുന്നതാണെങ്കിൽ ആ വിളക്കും കൂടി വിഹിതപ്രകാരം നികുതി എടുപ്പാനും മതിയായ സംഗതി ഉള്ളതാണെന്ന സന്നിധാനത്തിങ്കൽ തന്നെ അറിയാമല്ലൊ. ൩-ാമത- ഞാൻ മുമ്പെ തിരിച്ച കൊടുത്തിരിക്കുന്ന എണെക്ക തീര അതുകളിൽ ചെരാതെ എന്റെ വശം നിൽക്കുന്ന കൊളം തൽക്കാലമായി ആരിലും അന്ന്യെഷിച്ചും ആലി മമ്മു വാങ്ങുകയും ആവക കീഴാധാരങ്ങൾ ഒന്നിച്ചും ആ കുളം നിൽക്കുന്ന സ്ഥലം കാണിക്കാതെയും ൟ ജന്മി വാരിയര ദുൎവ്വ്യവഹാരത്തിന്ന വെണ്ടി പുതുതായി ചാൎത്തി കൊടുത്തത എന്നെ വലപ്പിക്കാൻ ആയിട്ടാണെന്നും ആ ജന്മിക്ക എന്നൊടുള്ള ശത്രുതയും സ്പഷ്ടമായി സന്നിധാനത്തിങ്കൽ ബൊധിക്കുകയും ചെയ്യും. ൪-ാമത വ്യവഹരിച്ച വരുന്ന കുളത്തിൽ മത്സ്യം പിടിപ്പാനായി മുമ്പെ ൫-ാം സാക്ഷിയായ മുസ്സ്യൻ

അത്തൻ കുട്ടിയും അവന്റെ അനുജനായ മുഖ്യസ്ഥൻ കുഞ്ഞോ
ലനും അന്ന്യായം ആലിമന്മുവും കൂടി വന്നതിൽ അതിന്ന ഞാ
നും എന്റെ അനുജന്മാരും കൂടി അനുസരിക്കാതെ തടസ്ഥം ചെ
യ്ത സംഗതിയാൽ അവരുടെ ദുരാലൊചനയാലും സബാപ്സര
വർക്കളുടെ മെൽ മുമ്പെ താലൂക്കിലും ൟ സന്നിധാനത്തിങ്കലും
ക്രമിനാൽ കമ്മിട്ട ചെയ്യുതിൽ അവിടെയും ഞാൻ സാക്ഷി പറ
ഞ്ഞ ഹെതുവാൽ അദ്ദെഹത്തിന്നും എന്നൊട അധികം മുഷിച്ചി
ൽ സംഭവിക്കുകയാലും ആകുന്നു മെൽപ്രകാരം റപ്പൊടത്ത കൊ
ടുപ്പാനും സാക്ഷി പറവാനും സങ്ങതി വന്നത. ൭ാമത ആ നി
ലത്ത ഇപ്പൊൾ എറക്കിരിക്കുന്ന പുഞ്ചവിള കൂടാതെ ഒരു സമയ
വും പുഞ്ചവിള എറക്കിവന്നിരുന്ന പ്രകാരം ഇപ്പൊൾ ജീവനൊ
ടുകൂടി ഇരിക്കുന്ന ഒരുത്തൎക്കും നിശ്ചയമില്ലാതെ ഇരിക്കുന്നതിലും
വിശെഷിച്ച ഇനിക്ക ഓൎമ്മവെച്ചതിന്റെശെഷം ആ നിലത്ത
പുഞ്ചവിള എറക്കുകയും ൟ കുളത്തിൽനിന്ന ആ കണ്ടങ്ങളിലെക്ക
തെവുകയും ഉണ്ടായിട്ടില്ലെന്നും ആയ്തു എന്റെ കാരണവന്മാര കു
ഴിപ്പിച്ചിട്ടുള്ളതാണെന്നും അന്ന്യായക്കാരന ബൊധിച്ച സ്ഥലത്ത
സത്ത്യം ചെയ്തു കൊടുക്കുന്നതാകകൊണ്ടും സന്നിധാനത്തിങ്കലെ
ദയ ഉണ്ടായിട്ട ൟ അംശം അധികാരിക്ക കല്പനയയച്ച അന്ന്യാ
യക്കാരനെയും സാക്ഷിക്കാരെയും വരുത്തി വിസ്തരിച്ച താലൂക്ക
തീൎപ്പ അസ്ഥിരം ചെയ്തു നെര അറിഞ്ഞ എന്റെ കാരണവന്മാ
രായി ഉണ്ടാക്കിച്ച ഇനിക്കുള്ള കൊളത്തിൽനിന്ന ഞാൻ മത്സ്യം
പിടിപ്പിക്കുന്നതിന്നും, സമയം പൊലെ എന്റെ പറമ്പിലെക്ക
വെള്ളം എടുക്കുന്നതിന്നും മറ്റും യാതൊരു വിരൊധവും ഇല്ലാ
തെ ഇരിക്കെണ്ടതിന്ന തക്കതായ ഒരു കല്പന ഉണ്ടാകെണ്ടതിന്ന
എറ്റവും സങ്കടമായി തീൎപ്പിന്റെ പകൎപ്പൊടു കൂടി അപെക്ഷി
ച്ചിരിക്കുന്നു- എന്ന കൊല്ലം ൧൦൨൯ ആമത എടവമാസം ൩൹

൧൮൫൪ ആമത മാൎച്ചി മാസം ൯൹ ചെറനാട താലൂക്ക ഹെ
ഡ പൊലിസ്സാപ്സര കല്പിച്ച തീൎപ്പ.

അന്ന്യായം തട്ടാൻ ഇമ്പിച്ചുണ്ണി മുതൽ ൫-ാൾ.

പ്രതി തെയ്യുണ്ണി നായര മുതൽ ൩-ാൾ.

൧൦൨൯ മകരമാസം ൧൫൹-ക്ക ൧൮൫൪ ജനവരി ൨൭൹ പകൽ
ഉച്ചസമയം വള്ളികുന്ദ അംശം ഉള്ളണം ദെശത്ത ഇട്ടിരാരിച്ചൻ
നായരുടെ വീട്ടിൽ പെങ്കുട്ട കല്ല്യാണം അടിയന്തരത്തിന്ന താലി
വെക്കെണ്ടതിന്ന അന്ന്യായക്കാരെ സമ്മതിക്കാതെ തട്ടാൻ ത്രിപ്ര
നെകൊണ്ട വെപ്പിക്കയും ൧ാം പ്രതി അടിച്ച പുറത്താക്കിയ പ്ര
കാരവും മറ്റും അന്ന്യായം- ൟ സങ്ങതിക്ക അന്ന്യായക്കാര അ

സിസ്ടാണ്ട മജിസ്ത്രേട്ട സന്നിധാനം മുമ്പാകെ വിപ്രവരി ൧൮൩- ബൊധിപ്പിച്ച ഹരജിപ്രത്ത വിസ്തരിച്ച ക്രമപ്രകാരം നടന്ന വിവരം ബൊധിപ്പിപ്പാൻ ഉണ്ടായ കല്പനയൊടു കൂടി ൧൮൩- എത്തി- അന്ന്യായക്കാരനൊട ചൊദ്യം ചെയ്തു ൧-ം ൨-ം പ്രതികളെയും സാക്ഷിക്കാരെയും ഹാജരാക്കി വിസ്തരിക്കകയും ചെയ്തു. പ്രതിക്കാര കുററം സമ്മതിച്ചിട്ടില്ലാ- അടികലശൽ ചെയ്തു എന്ന അന്ന്യായത്തിൽ ബൊധിപ്പിക്കുന്നത വിസ്തരിച്ച സാക്ഷികളാൽ തെളിവില്ലാത്തത കൂടാതെ അന്ന്യായക്കാരൻ ഒരു തിയ്യനും ഒരു മാപ്പിളയും കൂടി രണ്ട സാക്ഷി എന്ന ഒന്നാമത പറകയും പിന്നെ രണ്ട മാപ്പിളമാരെ സാക്ഷിയായി ഹാജരാക്കി കണ്ടതിനെകുറിച്ച ചൊദ്യപ്പെട്ടതിൽ ൩- സാക്ഷി ഉണ്ടെന്നും കൂടി ബൊധിപ്പിച്ചു എങ്കിലും അവരിൽ രണ്ടാളുടെ പെര പറവാനും അന്ന്യായക്കാരന തൽക്കാലം കഴിഞ്ഞീട്ടില്ലാത്തതിനാൽ വിസ്തരിച്ച സാക്ഷികൾ സംശയത്തിൽനിന്ന വെർപട്ടവരല്ലാ എന്ന മാത്രമല്ലാ ഒന്നാം പ്രതി ഉച്ചസമയത്ത ഒന്ന മാത്രം തല്ലി എന്നും അത അഞ്ചാറകൊൽ സമീപത്ത നിന്ന സാക്ഷിക്കാര കണ്ടു എന്ന അന്ന്യായക്കാരനും അഞ്ചാറ നാഴിക പുലൎന്നപ്പൊൾ പത്തകൊൽ ദൂരെ വെച്ച രണ്ട തല്ലുന്നത കണ്ടു എന്നും മററും സാക്ഷികളും പരസ്പരം വിത്യാസമായി പറഞ്ഞിരിക്കകൊണ്ട അടികലശൽ നെരല്ലെന്ന ദൃഷ്ടാന്തപെട്ടിരിക്കുന്നു. അന്ന്യായക്കാര കീഴക്കട വെച്ചവരുന്ന താലി അവകാശം തട്ടാൻ തുപ്രൻ എന്നവനാകുന്നു വെച്ചതെന്ന ഉഭയവാദികളും സമ്മതിക്കുന്നു എന്നല്ലാ- തുപ്രന്റെ മെൽ അന്ന്യായപ്പെട്ടിട്ടും ഇല്ലാ- തുപ്രനും അന്ന്യായക്കാര പൊലെ ആവക അടിയന്തിരത്തിന്ന അവകാശിയായി നടന്ന വരുമാറുണ്ടെന്ന ൧ാം പ്രതിയും താലിവെക്കുന്നവകാശം കൊണ്ട ൧ാം പ്രതിക്ക ഒര ആദായവും നഷ്ടവും ഇല്ലെന്ന അന്ന്യായക്കാരനും ബൊധിപ്പിച്ചത കൂടാതെ കലശലിന്ന ഹെതുവായ താലി വെച്ച കല്ല്യാണം കുടിഉടമക്കാരൻ പ്രതിക്കാര അല്ലെന്നും കാണുന്നു- അന്ന്യായക്കാരൻ ദെശാചാര പ്രകാരം കിട്ടെണ്ടുന്ന വല്ല അനുഭവ മുടക്കവും പ്രതികളാൽ സംഭവിക്കുന്നതിനാൽ ൨ാം അന്ന്യായം കൊണ്ടവന്നതല്ലാതെ കലശൽ ഉണ്ടായ പ്രകാരം തെളിവില്ലാത്തതിനാൽ പൊലീസ്സ കാൎയ്യം നീക്കി വിട്ടയപ്പാനും ചെറു ജന്മവകാശത്തെ കുറിച്ച കിട്ടാനുണ്ടെന്ന അന്ന്യായക്കാര വിചാരിക്കുന്ന അവകാശത്തിൽ ഇവിടെനിന്ന പ്രവെശിച്ച ഒര കല്പന കൊടുപ്പാൻ പാടില്ലെന്നും കല്പിച്ചു.

അസിസ്ടാണ്ട മജിസ്ത്രേട്ടിൽ,

ചെറനാട താലൂക്ക വള്ളികുന്ന അംശത്തിൽ തട്ടാൻ ഇമ്പുച്ചു

ണ്ണി ബൊധിപ്പിക്കുന്ന അൎജി സങ്കടം ഹരജി. മെപ്പടി അംശം ഉള്ളണം ദെശത്ത ഇട്ടിരാരിച്ചൻ നായരുടെ വീട്ടിൽ എഴ കുട്ടികളുടെയും ചക്കകാരൻ കിട്ടകന്മളുടെ വീട്ടിൽ ൩ കുട്ടികളുടെയും- വെലൻ തെയ്യുണ്ണിയുടെ കുടിയിൽ ഒരു കുട്ടിയുടെയും- ഉണ്ണീരി കുട്ടി തമ്പുരാന്റെ വീട്ടിൽ രണ്ട കുട്ടികളുടെയും പെങ്കുട്ട കല്യാണത്തിന്ന ചെറുജന്മവകാശമായ കെട്ടുതാലി ഉണ്ടാക്കി വെക്കെണ്ടത ഞാനും എന്റെ അനുജൻ ഉണ്ണിരാരിച്ചനും ആയിരിക്കുമ്പൊൾ ആയ്യു ഞങ്ങൾ ഉണ്ടാക്കി വെപ്പാൻ സമ്മതിക്കാതെ പ്രതി ൧ തെയ്യുണ്ണി തമ്പുരാൻ മുതലായ്വര തട്ടാൻ തുപ്രൻ- നമ്പി- ഇവരെ കൊണ്ട കിഴമൎയ്യാദക്ക വിരൊധമായും ബലമായും കെട്ടുതാലിവെപ്പിക്കയും താലി ൧ന്ന ഓരൊ പണവും ഓരൊ എടങ്ങഴി നെല്ലും നാഴിശ്ശ അരിയും ഞങ്ങൾക്ക തരെണ്ടത തരാതെയും ൧ാം പ്രതി മുതലായ്വര ഞങ്ങളെ അടിച്ചു തള്ളി പുറത്താക്കുകയും ചെയ്യു കാൎയ്യത്തിന്ന മെൽ എഴുതിയ എല്ലാ പ്രതികളെയും മെൽ ഞാനും മെപ്പടി ഉണ്ണിരാരിച്ചനും കൂടി ൧൦൨൯ കുംഭം ൩൰- ൹ം സന്നിധാനത്തിങ്കൽ ബൊധിപ്പിച്ചു അന്ന്യായത്തിന്ന ൧-ം ൨-ം പ്രതികളെ മാത്രം ചെറനാട താലൂക്ക ഹെഡ പൊലീസാപ്സര വിസ്തരിച്ചു തെളിവില്ലെന്ന വെച്ചു ൧൮൪ മാൎച്ചി ൯൰- അന്ന്യായം നീക്കി കല്പിച്ചു തീൎപ്പിന്റെ പകൎപ്പ ഇനിക്ക കിട്ടായ്കയാൽ ആയ്തിന്ന ൹ം മിനം ൧൰- ഞാൻ മജിസ്ത്രെട്ടിൽ ബൊധിപ്പിച്ചു ഹരജി പ്രകാരം മെപ്പടി തീൎപ്പിന്റെ പകൎപ്പ ഇനിക്ക കിട്ടിയ്തു എററവും മുതൽ നഷ്ടവും സങ്കടവുമാകയാൽ ആ തീൎപ്പ മാററി തരുവാൻ താഴെ സംഗതികൾ പറയുന്നു. ൧ാമത- മെൽ പറഞ്ഞ കൊടക്കാട- ഉള്ളണം- ചെറമങ്ങലം- നെയിതല്ലൂര- ൹ം നാല തറകളിലെ ശ്രുദ്ര തമ്പുരാക്കന്മാരുടെയും മററും കുടികളിൽ ചെറുജന്മവകാശം നടക്കെണ്ടതും നടന്നവരുന്നതും പുരാണമെ എന്റെ തന്ത മുത്തന്തമാരും അവര മരിച്ചതിൽ പിന്നെ ഞാനും ആകുന്നു- ആയ്തു സ്ഥിരംചെയ്യും- ഞാൻ ഉൾപ്പെട്ടിട്ടും നീങ്ങിപൊയ പണ്ഡിതര സദരമീൻ കൊടതിയിൽനിന്ന ൧൮൭൨൫ൽ ൩൪൩ ആം നമ്പ്രായി വിധി ഉണ്ടാകയും ചെയ്യിരിക്കുന്നു. അങ്ങിനെ ഇരിക്കുമ്പൊൾ മെൽപറഞ്ഞ തറകളിൽ ചെറുജന്മവകാശം കീഴിൽ നടന്ന അതിനുണ്ടാവുന്ന അവകാശം ആരാകുന്നു വാങ്ങിവരുന്നവൊ എന്നുള്ള ക്രമമായ അവസ്ഥയെ കുറിച്ചു വെണ്ടുന്ന വിസ്താരം അന്ന്യെഷണം പൊലീസാപ്സര ചെയ്യിട്ടുണ്ടായിരുന്നു എങ്കിൽ എത്രയും തെളിവായിരിക്കുന്ന എന്റെ അന്ന്യായം തെളിവില്ലെന്ന വെച്ചു സാധുവായ ഇനിക്കും എന്റെ കുഞ്ഞുകുട്ടികൾക്കും ഏററവും വിരൊധമായി എന്റെ അന്ന്യായം നീക്കി തീൎപ്പ കല്പിപ്പാൻ സംഗതിവരുന്നതല്ലായിരുന്നു. ൨-ാമത രണ്ട മാപ്പിളയും ഒരു ചെകവനും ഉണ്ടെന്നും അവരുടെ വീട്ടപെരും പെരും പറഞ്ഞാ

ൽ ആയ്യരെ വളരെ പ്രബലന്മാരായ പ്രതികൾ സ്വാധീനമാക്കി നെരിനെ പറയാതെ ആക്കുമെന്നും അവരെ ഞാൻ ഹാജരാക്കാമെന്നും ഞാൻ കയ്യീത്തിൽ പറഞ്ഞിട്ടുള്ളതല്ലാതെ ഒന്നാമത ഒരു മാപ്പിളയും ഒര ചെകവനും മാത്രമെ ഇനിക്ക ൟ മെൽ പറഞ്ഞ കാൎയ്യത്തിന്ന സാക്ഷികൾ ഉള്ളു എന്ന ഞാൻ കയ്യീത്തിൽ പറഞ്ഞിട്ടില്ലാ- എന്റെ വിസ്തരിച്ച സാക്ഷികളെ രണ്ടാമത വരുത്തി അവരൊടും എന്നൊടും ൟ സന്നിധാനത്തിങ്കൽനിന്ന വിസ്തരിച്ചറിയുമ്പൊൾ തന്നെ ആ സാക്ഷികളെ പെര എന്നൊട വാങ്ങിയ കയ്യീത്തിൽ ഞാൻ പറയാത്തതിനാൽ ആ സാക്ഷികൾ സംശയത്തിൽനിന്ന വെർപെട്ടവരെല്ലുന്ന തീൎപ്പിൽ പറയുന്നതുംന്ന്യായമല്ലെന്ന ൟ സന്നിധാനത്തിങ്കൽ ദൃഷ്ടാന്തം വരുന്നതാകുന്നു. ൩ാമത- എന്നെയും അനുജൻ ഉണ്ണിരാരിച്ചനെയും പ്രതികൾ അധികമായി അടികലശൽ ചെയ്തു ഉന്തിതള്ളി പുറത്താക്കീട്ടുണ്ടെന്നും അത ഉച്ചസമയത്താണെന്നും എന്റെ കയ്യീത്തിൽ ഞാൻ പറഞ്ഞതിന്ന യൊജിപ്പായും എന്റെ വിസ്തരിച്ച സാക്ഷികൾ പറഞ്ഞിരിക്കുന്നു- അതല്ലാതെ ഞാൻ പറഞ്ഞ കയ്യീത്തിന്ന വിപരീതമായി അവര സാക്ഷിപറഞ്ഞിട്ടില്ലാ- പ്രതികൾ വളരെ ദ്രവ്യസ്ഥന്മാരും ജനസഹായ ബലമുള്ളവരും ഇനിക്ക സൎക്കാരാശ്രയമല്ലാതെ വെറെ ഒരാശ്രയമില്ലാത്ത സാധുവും ആകുന്നു- അങ്ങിനെ ഉള്ള എന്റെ നെരായ ൟ അന്ന്യായം തെളിവില്ലെന്നവെച്ച നീക്കെണമെന്നുണ്ടായ ദൃഷ്ടിചാരത്താൽ കയ്യീത്ത വാങ്ങിയ ഗുമസ്തൻ പ്രതികൾക്ക അനുകൂലമായി മെൽപ്രകാരമുള്ള വിത്ത്യാസങ്ങൾ ഒക്കെയും എന്റെയും സാക്ഷികളെയും കയ്യീത്തിൽ ഉണ്ടാക്കിതീൎത്തതും അതിനെ പ്രമാണിച്ച എന്റെ നെരിനെ അറിയാതെ അന്ന്യായം നീക്കി തീൎപ്പ കല്പിച്ചതും വലുതായ സങ്കടമാകുന്നു. ൪ാമത എന്റെ അന്ന്യായം നൊക്കി അറിയുമ്പൊൾ തന്നെ തുപ്രന്റെയും മററും മെൽ ഉണ്ടെന്ന വെളിവാകുന്നതായിരിക്കുമ്പൊൾ അതില്ലെന്ന തീൎപ്പിൽ പറയുന്നതന്ന്യായമല്ലെന്ന മാത്രമല്ലാ- മുഖ്യസ്ഥന്മാരായ കുഞ്ഞിക്കൊയ മാപ്പിളമുതൽ ൨-ാളെയും വെറെ ഞാൻ വിസ്താരത്തിൽ ബൊധിപ്പിക്കുന്നവരെയും വരുത്തി വിസ്തരിച്ചാൽ മെപ്പടി തുപ്രൻ മുതൽ ൨-ാളെ കൊണ്ട പ്രതികൾ ബലമായി താലി പൊട്ടിപ്പാനും മററും സംഗതി ഇല്ലെന്ന അധികമായിട്ടും തെളിയുന്നതാകകൊണ്ട മെൽപറഞ്ഞ എല്ലാ സംഗതികളെ നൊക്കിയും പ്രതിക്കാരെ ഒക്കെയും എന്റെ സാക്ഷികളെയും മുഖ്യസ്ഥന്മാര മുതലായ്വരെയും ൟ സന്നിധാനം മുമ്പാകെ വരുത്തി വിസ്തരിച്ചും കഴിഞ്ഞ വിസ്താരം വരുത്തി നൊക്കിയും താലൂക്ക തീൎപ്പ മാററി പ്രതികൾക്ക തക്കതായ ശിക്ഷ ഉണ്ടായി സങ്കടം തീൎത്ത ര

ക്ഷിക്കെണ്ടതിന്ന വളരെ അപെക്ഷിക്കുന്നു- എന്ന ൧൦൨൯ാമ
ത മീനമാസം ൨൬നു-

൧൮൫൪ാമത എപ്രെൽ മാസം ൨൬നു- കവ്വായി താലൂക്ക കച്ചെരിയിൽനിന്ന കല്പിച്ച വിധി.

അന്ന്യായം മുയ്യിൻകുട്ടി വക്കീൽ വള്ളിക്കുട്ടി
പ്രതി കൊരൻ വക്കീൽ കമ്മാരൻ

ഉസ്സൻ കുട്ടി എളയാവിന്റെ ജന്മം താവത്തമുങ്ങമെന്ന പഞ്ച കണ്ടവും അതിൽ കൂട്ടകണ്ടവും കൂടി ൨.൧൦൮III നെല്ല വാരത്തിന്റെ നിലം ൧൦൨൮ വൃശ്ചികമാസത്തിൽ ജന്മിയൊട കൊഴുവിന്ന എഴുതി വാങ്ങി നിലത്ത പ്രവൃത്തികൾ ഒക്കെയും ചെയ്തു എതാനും സ്ഥലത്ത പഞ്ചവിള എറക്കയും ശെഷം സ്ഥലത്ത പ്രവൃത്തികൾ ചെയ്യ വരികയും ചെയ്യുമ്പൊൾ പ്രതിക്കാരൻ ആളുകളൊട കൂടി ചെന്ന നിലത്തിൽ തക്കം ചെയ്ത പ്രവൃത്തി വിരൊധിച്ച പ്രകാരം അന്ന്യായം- അന്ന്യായം പ്രതികളൊടും ഇരുഭാഗം സാക്ഷികളൊടും വിസ്തരിക്കുകയും പ്രതി വക്കീൽ കാണിച്ച പകൎത്ത ബൊധിപ്പിച്ച ശീട്ടുകളുടെ പകൎപ്പുകളും അധികാരിയുടെ റപ്പൊൎടത്തകളും വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു- ൟ കാൎയ്യത്തിന്നുണ്ടായ ദസ്താവെജുകൾ ഒക്കെയും നൊക്കുകയും അന്ന്വെഷിക്കുകയും ചെയ്തതിൽ നിലം കൊഴുവിന്ന വാങ്ങിയതിന്റെ ശെഷം കാലി പൂട്ടി വരമ്പിട്ട ഓര വെള്ളത്തിന്റെ ജപാല തട്ടാത്ത ദിക്കിൽ ഒക്കെയും പഞ്ചവിള എറക്കയും ശെഷം സ്ഥലം ഉഴുത ചാലാക്കുകയും മറ്റും പ്രവൃത്തികൾ ചെയ്തിരിക്കുന്നു എന്നും ജന്മിയുടെ സമ്മതപ്രകാരം മെപ്പടി നിലം മുമ്പെ വെറുംകൊഴുവിന്ന വാങ്ങി നടന്നിരുന്ന രയിരുവിന്റെ പാട്ടൊല കാലം തികയുകകൊണ്ട അവൻ നിലം ജന്മിക്ക ഒഴിഞ്ഞ ഒഴിമുറി കൊടുത്തതിന്റെ ശെഷമാകുന്നു താൻ വാങ്ങിയെന്നും മറ്റും അന്ന്യായക്കാരനും—രയിരുവിന്റെ പാട്ടൊല പ്രകാരം രയിരുവും താനും കൂടിയാണ നിലം നടന്ന വന്നിരിക്കുന്നത എന്നും പുഞ്ചവിള ഇടെണ്ടതിലെക്ക താനും രയിരുവും കൂടി നിലത്ത പ്രവൃത്തി ചെയ്തു താൻ സ്വകാൎയ്യമായി പഞ്ചവിള ഇട്ടിരിക്കുന്നു എന്നും അതിന്ന രയിരുവിന്നും അവകാശമുണ്ടെന്നും മറ്റും പ്രതിയും വാദിച്ചിരിക്കുന്നു- നിലത്ത ൟ കൊല്ലം വെണ്ടുന്ന സകല പ്രവൃത്തികളും ചെയ്തതും എതാനും സ്ഥലത്ത പഞ്ചവിള ഉണ്ടാക്കിയതും മറ്റും അന്ന്യായക്കാരനാകുന്നു എന്ന അന്ന്യായ സാക്ഷികളും നിലം മുമ്പെ രയിരുവിന്റെ ഒന്നായിട്ട പ്രതിക്കാരനും നടന്ന വന്നിരി

ക്കന്നു എന്നും മററും പ്രതി സാക്ഷികളും അന്ന്യായത്തിൽപറയു
ന്ന നിലം ൧൦൨൪ൽ നാല കൊല്ലത്തെക്ക താൻ ജന്മിയൊട വെ
റുംകൊഴുവിന്ന വാങ്ങി പ്രതിക്കാരനെ താൻ കുറിന്ന കുട്ടിനടന്ന
വരികയും കാലം തികയുകകൊണ്ട നിലം ജന്മിക്ക ഒഴിവ മുറി
യൊട്ട കൂടി ഒഴിഞ്ഞു കൊടുക്കുകയും ചെയ്യിരിക്കുന്നു എന്നും അ
തിന്റെ ശെഷം നിലം ആനക്കാരൻ മുയ്യിൻ കുട്ടി കൊഴുവിന്ന
വാങ്ങി അവനാകുന്നു വെണ്ടുന്ന പ്രവൃത്തികൾ ഒക്കെയും ചെയ്യു
വന്നിരിക്കുന്നത എന്നും രയിതുവും ബൊധിപ്പിച്ചിരിക്കുന്നു- ൟ
എല്ലാ അവസ്ഥകളും നൊക്കുകയും അന്ന്വെഷിക്കുകയും ചെയ്യുതി
ൽ അന്ന്യായത്തിൽ പറയുന്ന നിലം പാട്ടൊലക്കാരനും മുമ്പെ ന
ടന്ന വന്നിരുന്നവനുമായ മെൽ പറഞ്ഞ രയിതു പാട്ടൊല കാ
ലം തികയുകകൊണ്ട ജന്മിക്ക ഒഴിഞ്ഞു ഒഴിവുമുറി കൊടുത്ത പ്ര
കാരവും ൟ കൊല്ലവും വെണ്ടുന്ന പ്രവൃത്തികൾ ഒക്കെയും ചെ
യ്യു പഞ്ചവിള ഉണ്ടാക്കിരിക്കുന്നത അന്ന്യായക്കാരനാണെന്നും
ആകുന്നു കാണുന്നത. പഞ്ചവിള ഉണ്ടാക്കിയ്യുതാനാണെന്നും അ
തിലെക്ക വെണ്ടുന്ന പ്രവൃത്തികൾ ചെയ്യുത താനും രയിതുവും കൂ
ടിയാണെന്നും ആവിള തനിക്കും രയിതുവിനും ഒരു പൊലെ അ
വകാശം ഉള്ളതാണെന്നും പ്രതിക്കാരൻ വാദിക്കുന്ന മുഖ്യമായ
വാദം ആ രയിതുവിന്റെ വിസ്താരത്താൽ ദുർബ്ബലപ്പെട്ടു പൊയി
രിക്കുന്നത കൂടാതെ ജന്മിയൊട മൎയ്യാദപ്രകാരം എററ വാങ്ങി ന
ടന്നുവരുമ്പൊൾ യാതൊരു ലക്ഷ്യവും കൂടാതെ പ്രതിയെയും കൂ
ടി കൂറായി കുട്ടി നടത്തിച്ചു വന്നിരുന്നു എന്ന ആ രയിതു പറ
ഞ്ഞിട്ടുണ്ടെങ്കിലും പാട്ടൊല കാലം തികഞ്ഞു നിലം ജന്മിക്ക സ
മ്മതിച്ചു രയിതു ഒഴിഞ്ഞു കൊടുത്തു പൊയിരിക്കുന്ന അവസ്ഥക്കും
പ്രതിക്കാൎക്ക വെറെ ന്യായമായ യാതൊരു അവകാശമില്ലാത്തതി
നാലും അവരുടെ വാദംപ്രമാണിക്കെണ്ടതല്ലെന്നും അധികമായും
കണ്ടിരിക്കുന്നു- അന്ന്യായക്കാരൻ ഉണ്ടെന്ന പറഞ്ഞ കൊഴുവൊ
ല കാണിച്ചിട്ടില്ലെങ്കിലും അന്ന്യായത്തിൽ പറയുന്ന നിലം അ
ന്ന്യായക്കാരന കൊഴുവിന്ന കൊടുത്തിരിക്കുന്നു എന്നും അതിന്മെ
ൽ വെറെ ആരും തൎക്കം തകരാറ ചെയ്യാതെ ഇരിപ്പാൻ കല്പന ഉ
ണ്ടാകെണമെന്നും ജന്മിയായ ഉസ്സൻ കുട്ടി എളയാവ ൟ അ
ന്ന്യായത്തിന്ന മുമ്പെ തന്നെ ഹരജി ബൊധിപ്പിക്കുകയും അതി
ന്ന അധികാരിക്ക കല്പന കൊടുക്കുകയും ചെയ്യിരിക്കുന്നു- ൟ
നിലത്തിൽ കൂട്ട ൩൦൦ നെല്ല വാരത്തിന്റെ നിലം തന്റെ കയ്യും
വെറെ കുടിയാന്മാര നടക്കുന്നു എന്ന പ്രതിക്കാരൻ ബൊധി
പ്പിക്കയും ആ വകകുടിയാന്മാരൊട വാങ്ങിയ്യായ കച്ചീട്ടുകൾ പ
കൎത്ത ഹാജരാക്കുകയും ചെയ്യിരിക്കുന്നു അങ്ങിനെ കുടിയാന്മാ
രെ എല്പിപ്പാനും ഒരു കച്ചീട്ട വാങ്ങാനും ജന്മി കൊടുത്ത കൊഴ

വൊലയാൽ സ്വാതന്ത്ര്യമുണ്ടായിരുന്ന മുൻ നടപ്പുകാരനായിരുന്ന രയിരു ചെയ്യെണ്ടതല്ലാതെ അവൻ കൂലിക്ക പൊലെ കുട്ടിരിക്കുന്ന കുറകാരൻ എന്ന പറയുന്ന പ്രതിക്കാരൻ അങ്ങിനെ തന്റെ സ്വന്തം പെരിൽ എഴുതി വാങ്ങാനും സംഗതിയും ന്യായവും ഇല്ലാത്തതും- മുൻ നടപ്പുകാരൻ ന്യായമായി ഒഴിഞ്ഞു കൊടുത്തതിന്റെ ശെഷം അവകാശമില്ലാത്ത പ്രതി ൟ കാൎയ്യം വ്യവഹാരം ഉണ്ടാക്കി തീൎപ്പാൻ പുറപ്പെടുകയും അതിലെക്ക ഇങ്ങിനെ ഒരു കച്ചീട്ടും ഉണ്ടാക്കി തീൎത്തതെന്നല്ലാതെ ആയ്യു വിശ്വസിപ്പാൻ അശെഷം അഭിപ്രായമില്ലാ മുൻ നടപ്പുകാരൻ ഒഴിഞ്ഞ നിലം ജന്മി അന്യായക്കാരന കൊടുത്തതിന്റെ ശെഷം പ്രവൃത്തി ചെയ്യു പ്രത്യെകം ഉഴുന്ന വിള ഇട്ടതും അന്യായക്കാരനാകുന്നു എന്ന മെൽ പറഞ്ഞ സംഗതികളാൽ ബൊദ്ധ്യം വന്നിരിക്കുന്നു- ൟ കാൎയ്യത്തിന്ന ചെറുകുന്ദ അംശം അധികാരിബൊധിപ്പിച്ച റപ്പൊടത്ത നെരിന്ന വിരൊധമെന്ന കാണുകയാൽ ആയ്യു പ്രമാണിച്ചിട്ടും ഇല്ലാ- ൟ സംഗതികളാൽ അന്യായക്കാരൻ നടന്നുവരുന്നതായി കാണുന്ന നിലത്തിന്മെൽ പ്രതികൾ യാതൊരു തൎക്കവും തകരാറും ചെയ്യു പൊകരുതെന്നും മദ്ധ്യസ്ഥം വെച്ചിട്ടുള്ള പഞ്ചവിള അഫീൽ അവധി കഴിഞ്ഞതിന്റെ ശെഷം അന്യായക്കാരന വിട്ടുകൊടുക്കെണ്ടത എന്നും കല്പിച്ചു.

ഹെഡ അസിഷ്ടാണ്ട മജിസ്ത്രെട്ട്ക്കു.

കവ്വായി താലൂക്ക ചെറുകുന്ദ അംശം ദെശത്ത കൊരൻ ബൊധിപ്പിക്കുന്ന അഫീൽ ഹരജി- ഉസ്സൻകുട്ടി എളയാവ വക മങ്ങംമുതൽ ൫- നിലത്തിൽ ഞാൻ തൎക്കംചെയ്യു പ്രവൃത്തി വിരൊധിച്ച പ്രകാരം മുയ്യിൻ കുട്ടി എന്റെയും രയിരുമുതൽ ൨൦-ാളെ മെലും ചെയ്യു പൊലീസ്സ അന്യായം കവ്വായി താലൂക്ക തഹശ്ശീൽദാര വിസ്തരിച്ച ൧൫൨- എപ്രെൽ ൨൫- കല്പിച്ച തീൎപ്പ ഇനിക്ക സമ്മതമല്ലായ്കകൊണ്ട ആ തീൎപ്പ മാററി തരുവാനുള്ള സംഗതികൾ ഇതിന്ന താഴെ ബൊധിപ്പിക്കുന്നു- ൧ാമത ൟ നിലങ്ങളിന്മെൽ ഞാൻ അവകാശപ്പെട്ട നടപ്പ തുടങ്ങിയു- ൫൧ സത്തെമ്പ്ര ൧൫൨- ചിണ്ടനും രയിരുവും താലൂക്കിൽ ബൊധിപ്പിച്ച രാജി പ്രകാരമാകുന്നു- ആ രാജിനാമം റിക്കാട്ടിൽ ഉള്ളതും ആ രാജി പ്രകാരം ഇതവരെയും ഞാൻ നടന്നവരുന്ന മുഖ്യമായ വിവരം അധികാരി ൟ കാൎയ്യത്തിൽ ബൊധിപ്പിച്ച റപ്പൊട്ടും തഹശ്ശീൽദാര നൊക്കിരുന്നു എങ്കിൽ രാജിനാമം മുതൽ നാല കൊല്ലത്തെക്ക എനിക്കുള്ള കൊഴനടപ്പ സ്ഥിരമാക്കാനും അതിന്ന വിരൊധമായി ൟ കൊല്ലം വൃശ്ചികമാസത്തിൽ അന്യായക്കാരന ഉ

ണ്ടായിട്ടുണ്ടെന്ന പറയുന്ന പാട്ടൊലയും ആ രാജിനാമത്തിന്ന
വിരൊധമായി രയിരു പറയുന്ന വാക്കും തള്ളികളവാനും എളു
പ്പമായിരുന്നു- ആ മാൎഗ്ഗമായ വഴി തഹശ്ശീൽദാര ഠരം കാൎയ്യത്തി
ൽ നൊക്കിട്ടില്ലാ. ൨-ാമത മെപ്പടി രാജിക്ക മുമ്പെ ജന്മിയായ ഉ
സ്സൻകുട്ടി എളയാവൊട ഒതെനൻ അവന്റെ ജിവപൎയ്യന്ത
ത്തൊളം ഠരം നിലങ്ങൾ കൊഴ നടപ്പാൻ ൧൦൧൭ ധനു ൨൧നു-
പാട്ടൊല എഴുതിച്ചു വാങ്ങി അതിൽ പാതി കൂറ ഒതെനൻ എനി
ക്ക തരികയും എന്റെ കൂററിൽ പകുതി ഞാൻ മെപ്പടി രയിരുവി
ന കൂറുകൊടുക്കുകയുംചെയ്തു നടന്നവരുമ്പൊൾ ഒതെനനെയും
എന്നെയും ചതിവചെയ്തു നിലം പ്രത്യെകം കൈവശമാക്കാൻ
വെണ്ടി ൨൪ൽ എഴുതിച്ച പ്രകാരം എളയാവൊട ൨൩ൽ നാല
കൊല്ലത്തെക്ക രയിരു ഒര പാട്ടൊല എഴുതിച്ചു പൊലീസ്സു വ്യവ
ഹാരം നടന്നവരുമ്പൊൾ ൧൦൨൩ കക്കിടകത്തിൽ ഒതെനൻ മരി
ച്ചുപൊകയാൽ ഒതെനന്റെ ജെഷ്ഠൻ ചിണ്ടനും രയിരുവും ത
മ്മിൽ ഒത്ത അന്ന മുതൽ നാല കൊല്ലം രയിരുവിന്റെ പാട്ടൊല
പ്രകാരം രണ്ടാളും കൂറായി നടപ്പാൻ നിശ്ചയിച്ചതിൽ ചിണ്ട
ന്റെ നടപ്പു ചിണ്ടൻ എനിക്ക സമ്മതിച്ചു അപ്രകാരം ചിണ്ട
നും രയിരുവും ഇതിൽ ൧ാം വകുപ്പിൽ പറഞ്ഞപ്രകാരം രാജി
കൊടുത്തതാകകൊണ്ട ഠരം ൨-ാം വകുപ്പിൽ പറഞ്ഞ സകല വി
വരങ്ങളും ആ രാജിക്ക ഹെതുവായ ദസ്താവെജകൾ റിക്കാൎഡിൽ
ഉള്ളത നൊക്കിയാൽ കാണാം. ൩-ാമത മെപ്പടി രയിരു ഇതിലെ ര
ണ്ടാം വകുപ്പിൽ പറഞ്ഞപ്രകാരംമുമ്പെ ചതിവചെയ്തപ്രകാരം എ
ന്നെ ചതിവചെയ്തു നിലം പ്രത്യെകം കൈവശമാക്കാൻവെണ്ടി
മെപ്പടി രാജിനാമത്തിന്റെ ശെഷം ൨൭ തുലാമാസം മുതൽ ൩൧
തുലാമാസം വരെ ഞാനും രയിരുവും കൂടി കൃഷിനടന്ന കൊഴലാ
ഭം പപ്പാതി അനുഭവിപ്പാൻ കാലമുണ്ടായിരിക്കുമ്പൊൾ ആൎയ്യ മ
റച്ചുവെച്ചു ൨൪ മുതൽ ൨൬- വരെ കാലംതികഞ്ഞപൊയിരിക്കുന്നു
എന്നും ഒഴിമുറി കൊടുത്തിരിക്കുന്നു എന്നും രയിരുവും എളയാവും
അന്ന്യായം മയ്തീൻകുട്ടിയും- തമ്മിൽ യൊജിച്ചു ൨൩ൽ മരിച്ച മെ
പ്പടി ഒതെനനും ഠരം രയിരുവും ഠരം ൨൬ വൃശ്ചികമാസത്തിൽ എള
യാവിന്ന ഒഴിമുറി കൊടുത്തപ്രകാരവും എളയാവ അന്ന്യായക്കാര
ന പാട്ടൊല എഴുതി കൊടുത്ത പ്രകാരവും വ്യാപ്തിയായി ആധാരമു
ണ്ടാക്കി എളയാവും രയിരുവും കൂടി ഠരം അന്ന്യായക്കാരനെ കൊ
ണ്ട ധനുമാസത്തിൽ ഞാൻ പുഞ്ചവിള എറക്കിയതിന്റെ ശെഷം
മകരമാസത്തിൽ ഠരം അന്ന്യായം ചെയ്യിച്ചതാകുന്നു. ൨൩ൽ താലൂ
ക്കിൽ പൊലീസ്സു അന്ന്യായം നടന്നവരുമ്പൊൾ ഒതെനൻ മരിക്ക
യുംജെഷ്ഠൻ ചിണ്ടൻ ആ വ്യവഹാരത്തിൽ ഉൾപ്പെട്ടു വ്യവഹാരം
നടത്തി രാജികൊടുക്കയും ആ രാജിനാമത്താൽ ചിണ്ടന്റെ അ

വകാശം ചിണ്ടനും രയിരുവും കൂടി തഹസ്സീൽദാര മുഖാന്തരം എ
നിക്ക സമ്മതിച്ച രാജിയിൽ വിവരം കാണിച്ചിരിക്കുമ്പൊൾ
അന്ന മുതൽ അവകാശിയായി നടന്നവരുന്ന എന്നൊട ഒഴിമു
റി വാങ്ങാതെ അവകാശം തീൎന്നു രണ്ട കൊല്ലം മുമ്പെ മരിച്ച
പൊയ ഒതെനനൊട ഇപ്പൊൾ ഒഴിമുറി വാങ്ങി എന്ന അന്ന്യാ
യക്കാരൻ പറയുന്ന വാക്കും ആ ഒഴിമുറിയും പാട്ടൊലയും വി
സ്താരത്തിൽ കാട്ടാതെ പറയുന്ന ഉസ്സൻകുട്ടി എളയാവിന്റെയും
രയിരുവിന്റെയും മുയ്യീൻ കുട്ടിയുടെയും വാക്ക മാത്രം തഹ
സ്സീൽദാര വിശ്വസിച്ച നിലം നടപ്പ മുയ്യീൻകുട്ടിക്ക നിശ്ച
യിച്ചത കെവലം വിരൊധമാണെന്ന ൦രം തീൎപ്പും വിസ്താരവും
കിഴക്കട വിസ്താരവും കാണുമ്പൊൾ ബൊധിക്കുന്നത കൂടാതെ
൨ന്നൽ മരിച്ച ഒതെനനെ പ്രതിയാക്കി ചെൎത്തത വിചാരിച്ചാൽ
തന്നെ ൦രം അന്ന്യായം കളവായി ചെയ്യുതാകുന്നു എന്നും ആ ഒ
തെനനെയും മെപ്പടി രയിരുവിനെയും അന്ന്യായക്കാരന്റെ ഹ
രജ്ജിയിൽ പ്രതിയാക്കിചെൎത്ത വ്യവഹാരം നടത്തി വന്നിരിക്കു
മ്പൊൾ അതിന്നുണ്ടായ ൦രം തീൎപ്പിൽ അവര ൨-ാളെയും പ്രതിയി
ൽ ചെൎക്കാതെ വിട്ടും കാണുന്നതിനാൽ തീൎപ്പ മാൎഗ്ഗമായി ഉണ്ടാ
യ്യില്ലെന്നും അധികമായീട്ടും ബൊധിപ്പാൻ സങ്ങതി ഉണ്ട. ൧൭ാ
മത- ൨വ്യൽ കാലം തികഞ്ഞു എന്ന പറയുന്ന ൨൭ലെ പാട്ടൊല
യിൽ ൦രം വ്യവഹാരപ്പെട്ട അഞ്ച നിലം കൂടാതെ കുപ്പാടക്കത്ത
വളപ്പ എന്നും പുളിയക്കര എന്നും പറയുന്ന ൫൦൦ നെല്ല വാര
ത്തിന്റെ രണ്ട നിലം കൂടി ഉണ്ടായിരിക്കയും- ആയ്യു ഇന്നും
൨൭ലെ പാട്ടൊല പ്രമാണിച്ച നടന്നവരികയും ചെയ്യുന്നുണ്ട-
ആയവസ്ഥ വിചാരിച്ചാൽ എന്നെ ചതിവചെയ്യ ൦രം നിലങ്ങ
ൾ കൈവശമാക്കാൻ ൦രം വ്യവഹാരം ഉണ്ടാക്കിയ്യാണെന്ന അ
ധികമായീട്ടും ബൊധിക്കും- വിശെഷിച്ച ൧൬ലെ പാട്ടൊ
ല പ്രകാരം ഒതെനൻ രയിരുവിന്ന കൂറ കൊടുത്ത നടത്തിച്ച വ
രുമ്പൊൾ അതിൽ അഴിക്കൊട്ടെ വളപ്പ ൩൦൦- നെല്ലിന്ന രാമ
നും കെരണ്ടും ക്കരപ്പടി ൨൧൫ നെല്ലിന്ന ചൊയിക്കും. വള്ളുവ
ൻ കടവ ൧൩൦ നെല്ലിന്ന മരുത്തനും- ഒതെനൻ തന്നെ കൊടു
ത്ത നടത്തിച്ച വാരം വാങ്ങി രയിരുവിന്ന കൂററിൽ വകവെച്ച
കൊടുത്തതും ഒതെനന്റെ അവകാശം അവൻ മരിച്ച എനിക്ക
വന്നതിൽ പിന്നെ അപ്രകാരം ഞാൻ പ്രത്യെകമായി ആ മൂന്ന
നിലവും ഞാൻ പ്രത്യെകം അവൎക്ക തന്നെ കൊടുത്ത വാരം വാ
ങ്ങി കൂററിൽ വക വെച്ചു പൊരുന്നതും- ആയിരിക്കുമ്പൊൾ ആകു
ടിയാന്മാരെ പെരിൽ അന്ന്യായം ഇല്ലാതെ ആയ്യിന്മെലും അന്ന്യാ
യക്കാരൻ നടപ്പ ഉറപ്പിച്ചിരിക്കുന്നു. ആയ്യും സന്നിധാനത്തി
ങ്കൽ നിന്ന നൊക്കുമെല്ലൊ അതുകൊണ്ട ൧൬ മുതൽ ഇത വരെ

ഠരം കാൎയ്യത്തിൽ ഉൾപ്പെട്ട സകല രെഖകളും ദസ്താവെജുകളും വരുത്തി നൊക്കിയും ഇനിയും എനിക്കുള്ള രെഖാസാക്ഷികൾ ആവിശ്യമുണ്ടെങ്കിൽ എന്നൊട വാങ്ങി നൊക്കിയും താലൂക്ക തീൎപ്പ മാററി കീഴക്കട പ്രകാരം നിലം ഞാൻ നടന്നും നടത്തിച്ചും വരുന്നതിലെക്ക തക്കം ചെയ്യാതിരിപ്പാനും മദ്ധ്യസ്തം വെച്ച പുഞ്ചവിളു എനിക്ക തന്നെ തരിപ്പാനും കല്പന ആകെണ്ടതിന്ന അപെക്ഷിക്കുന്നു- എന്ന ൧൦൨൮ആമത എടവ മാസം ൩൧നു-

---

൧൮൫൩ാമത മെയി മാസം ൨൧നു- തലശ്ശെരി പൊലീസ്സാമീൻ കച്ചെരിയിൽനിന്ന കല്പിച്ച വിധി-

അന്ന്യായം അനന്തൻ നമ്പ്യാര.

പ്രതി കുഞ്ഞി ക്കുട്ടി മുതൽ ൨-ാൾ-

അന്ന്യായക്കാരന്റെ നടപ്പായ കൊട്ടവയൽ ൫൦൦ ഇടങ്ങഴി നെല്ല വാരത്തിന്റെ നിലത്തിൽ ൧൦൨൮ാമത മെട മാസം ൨൭നു-ക്ക ൧൮൫൩-ാമത മെയി മാസം ൮നു- പകൽ ബലമായി ആളുകളൊട കൂടി വന്ന പ്രവൃത്തി ചെയ്കയും മൂന്ന കണ്ടം ഞാററ ഉഴുത നഷ്ടം വരുത്തുകയും വിരൊധിച്ചാറെ അധിക്ഷെപമായ വാക്കുകൾ പറഞ്ഞ കലശൽക്ക ഭാവിക്കുകയും ചെയ്തു എന്ന മെയി മാസം ൯നു- അന്ന്യായം ബൊധിപ്പിച്ചു- ഠരം കാൎയ്യത്തിൽ അന്ന്യായക്കാരനൊടും- അന്ന്യായ സാക്ഷി കൃഷ്ണൻ- മൈലാം ജന്മം കൊൽക്കാരൻ രാമൻ- മൈലാം ജന്മം അംശം അധികാരി- മെനവൻ ഇവരൊടും ഒന്നാം പ്രതി ബൊധിപ്പിച്ച ഹരജിയിൽ പറയുന്ന സംഗതികൊണ്ട അവനൊടും അവന്റെ സാക്ഷിക്കാരൊടും നിലത്തിന്റെ സമീപസ്ഥൻ ബാപ്പുട്ടി മുതൽ ൩-ാളൊടും- അന്ന്യായക്കാരന്റെ ജെഷ്ഠൻ ചന്തുവിനൊടും- വിസ്തരിക്കുകയും തിരുവങ്ങാട അംശം അധികാരി ബൊധിപ്പിച്ച റപ്പൊടത്തും- ചന്തു നമ്പ്യാര ബൊധിപ്പിച്ച ൧൦൨൩ാമത കൊല്ലത്തെ വാരശീട്ട പകൎപ്പും അന്ന്യായക്കാരൻ ൨-ാമത ബൊധിപ്പിച്ച ഹരജിയും- മുൻസിഫമീൻ കൊടത്തി ഫയൽ ൫൧ൽ ൧൯൫-ാം നമ്പ്ര അന്ന്യായ ഹരജി പകൎപ്പും ഠരം വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു. അന്ന്യായക്കാരൻ പറഞ്ഞതിൽ വാദിക്കുന്ന നിലം തന്റെ തറവാട്ട ജന്മവും കുഞ്ഞിരാമൻ മെനവന കെട്ടിയടക്കം കാണവും ആകുന്നു എന്നും കുഞ്ഞിരാമൻ മെനവനൊട ഇപ്പൊൾ ൧൨-കൊല്ലമായിട്ട നിലം താൻ വാക്കാലെ സമ്മതിച്ച വാങ്ങി നടന്ന വരുന്നു എന്നും അതിലെക്ക ആധാരം ഒന്നും ഇല്ലെന്നും പ്രതിക്കാൎക്ക നടപ്പില്ലന്നും മററും പ്രതി കുഞ്ഞിക്കുട്ടി പറഞ്ഞതിൽ

നിലം കുഞ്ഞിരാമൻ മെനവന്റെ ജന്മമാണെ- ൬- കൊല്ലം മുമ്പെ വരെയും നിലം തന്റെ അച്ശൻ ചന്തു നമ്പ്യാരും- അന്ന്യായക്കാരനും കൂടിയും- ൬- കൊല്ലമായിട്ട ചന്തു നമ്പ്യാര പ്രത്ത്യെകവും നടന്ന വരികയും കഴിഞ്ഞ മകര മാസത്തിൽ ചന്തു നമ്പ്യാര നിലം സമ്മതിച്ച കൊടുക്കയാൽ അന്ന മുതൽ കുഞ്ഞിരാമ മെനവന്റെ അന്മയിടെ സമ്മത പ്രകാരവും ൧൦൨൭ മെടം ൧൭൬- കുഞ്ഞിരാമൻ മെനവനൊട കൊഴക്ക എഴുതി വാങ്ങിയും താൻ നിലം നടന്ന വരുന്നു എന്നും അന്ന്യായക്കാരന നടപ്പില്ലന്നും മറ്റും- ൧ നാം പ്രതി കുഞ്ഞിക്കുട്ടിയുടെ ൧ാം സാക്ഷി പറഞ്ഞതിൽ നിലം പ്രതി കുഞ്ഞിക്കുട്ടിക്ക നടപ്പില്ലാ മൂന്ന നാല കൊല്ലമായിട്ട നിലം അന്ന്യായക്കാരന്റെ ജെഷ്ഠൻ ചന്തു നമ്പ്യാര പ്രത്ത്യെകവും അതിന്ന മുമ്പെ അധികം കൊല്ലമായിട്ട അന്ന്യായക്കാരനും ചന്തു നമ്പ്യാരും കൂടിയൊജിച്ചും നടന്ന വന്നിരിക്കുന്നു എന്നും മറ്റും- ൨-ാം സാക്ഷി പറഞ്ഞതിൽ ഇപ്പൊൾ ൨൦ കൊല്ലം മുമ്പെ തുടങ്ങി ൦രം കഴിഞ്ഞ മകരംവരെ അന്ന്യായക്കാരന്റെ ജെഷ്ഠൻ ചന്തു നമ്പ്യാര നിലം നടന്ന വരുന്നു അതിന്റെ ശെഷമായി അതിൽ പ്രതി കുഞ്ഞിക്കുട്ടി പ്രവൃത്തി ചെയ്തു മെടം ൨൭൬- അവൻ നിലത്തിൽ മുഴുവനും വിത്തിട്ടിരിക്കുന്ന പ്രകാരം കെട്ടു എന്നും മറ്റും ൩-ാം സാക്ഷി പറഞ്ഞതിൽ നാല കൊല്ലം മുമ്പെ തുടങ്ങി ൦രം കഴിഞ്ഞ മകരംവരെ നിലം ചന്തു നമ്പ്യാര നടന്ന വരുന്നതും മകരം മുതൽ ഇതവരെ- പ്രതി കുഞ്ഞിക്കുട്ടി നിലത്തിൽ പ്രവൃത്തി ചെയ്തു അവൻ വിത്തിടുന്നതും കണ്ടിരിക്കുന്നു എന്നും മുമ്പെ അന്ന്യായക്കാരനും ചന്തു നമ്പ്യാരും യൊജിച്ച നിലം നടന്ന വന്നിരിക്കുന്നു എന്നും കഴിഞ്ഞ കുംഭമാസത്തിൽ ആകുന്നു കുഞ്ഞിക്കുട്ടി കുഞ്ഞിരാമ മെനവനൊട കൊഴുവിന്ന എഴുതി വാങ്ങിയതെന്നും മറ്റും അന്ന്യായം വക സാക്ഷികൾ പറഞ്ഞതിൽ വാദിക്കുന്ന നിലം അധികം കൊല്ലമായി അന്ന്യാക്കാരൻ നടന്ന വരുന്നു എന്നും ൦രം കൊല്ലത്തിൽ സകല പ്രവൃത്തികളും ചെയ്തു വിത്ത എറക്കിയതും അന്ന്യായക്കാരനും അവന്റെ അനന്തിരവൻ പയ്യലും ആകുന്നു എന്നും ൧ാം പ്രതിക്ക നിലത്തിന്മെൽ നടപ്പില്ലന്നും മറ്റും സമീപസ്ഥൻ ബൊപ്പട്ടി മുതൽ ൨-ാം പഞ്ഞതിൽ ൨൦- കൊല്ലം മുമ്പെ തുടങ്ങി ൦രം കഴിഞ്ഞ കൊല്ലംവരെ നിലം നടന്ന വന്നത അന്ന്യായക്കാരനെന്നും ൦രം മെടം ൨൨൬-യൊ- ൨൩൬-യൊ- ആണ അന്ന്യായക്കാരനും അവന്റെ അനന്തിരവൻ പയ്യലും വിത്ത എറക്കിരിക്കുന്നു എന്നും കുഞ്ഞിക്കുട്ടിക്ക നടപ്പില്ലന്നും മറ്റും ചന്തുനമ്പ്യാര പറഞ്ഞതിൽ ൧൦൨൭ാമത വരെക്കും നടന്നവന്നത താനാണെന്നും അതിന്റെ ശെഷം നിലത്തിൽ ൧ാം പ്രതി കുഞ്ഞിക്കുട്ടി വിത്തിട്ടിരിക്കുന്നു എന്നും അന്ന്യായക്കാ

രൻ നടപ്പില്ലെന്നും മററും- കുഞ്ഞിരാമ ന്മെനവൻ പറഞ്ഞതിൽ നിലം കഴിഞ്ഞ മകരംവരെ ചന്തു നമ്പ്യാര നടന്ന പിന്നെ ഒഴിഞ്ഞ തരികയാൽ പ്രതിക്കാരന കൊഴക്ക കൊടുത്ത അവൻ പ്രവൃത്തി ചെയ്യു വിത്തിട്ടിരിക്കുന്നു എന്നും ൨൬-വരെ അന്ന്യായക്കാരൻ കൂടി നടന്ന വന്നിരിക്കുന്നു-എന്നും അതിന്റെ ശെഷം ചന്തു നമ്പ്യാര മാത്രമെ നടന്ന വന്നിട്ടുള്ളു എന്നും മററും ൦രം കാൎയ്യത്തിന്റെ വിസ്താരങ്ങൾ നൊക്കിയെടത്ത അന്ന്യായക്കാരന്റെ വാദ പ്രകാരം അന്ന്യായക്കാരനും പ്രതിക്കാരന്റെ വാദ പ്രകാരം പ്രതിക്കാരനും സാക്ഷികളാൽ തെളിവ കൊടുത്തിരിക്കുന്നത കൂടാതെ കുഞ്ഞിരാമ ന്മെനവനും ഒന്നാം പ്രതിയുടെ അച്ഛനും അന്ന്യായക്കാരന്റെ ജെഷ്ഠനും ആയ ചന്തു നമ്പ്യാരും തിരുവങ്ങാട അംശം അധികാരിയും പ്രതിക്കാരന്റെ വാദത്തിലെക്ക അനുസരിച്ചും- മൈലാം ജന്മം അധികാരിയും മെനവനും നിലത്തിന്റെ അയൽ കൃഷിക്കാരായ മുഖ്യസ്ഥന്മാരും അന്ന്യായക്കാരന്റെ വാദത്തെ അനുസരിച്ചും ബൊധിപ്പിച്ച കാണുന്നു- അക്കിംഗ പൊലീസ്സാമീൻ ആ സ്ഥലത്ത ചെന്നും- പുറമെയും ചെയ്യു അന്വെഷണത്തിൽ പ്രതി ഭാഗത്തെ തെളിവിനെ വിശ്വസിപ്പാൻതക്ക സംഗതികൾ താഴെ കാണിക്കുന്ന ഹെതുക്കളാൽ പാടില്ലാതെ വന്നിരിക്കുന്നു എന്തകൊണ്ടെന്നാൽ വാദിക്കുന്ന നിലം അധികം കൊല്ലമായിട്ട അന്ന്യായക്കാരനും ജെഷ്ഠനായ ചന്തു നമ്പ്യാരും കൊഴ അവകാശമായി നടന്ന വന്നതിലെക്ക യാതൊരു വാദവും ഇല്ലെന്നും പ്രതി ഭാഗമുള്ള തെളിവിനെക്കാളും അന്ന്യായക്കാരന്റെ ഭാഗത്തെ തെളിവിലെക്ക അധികം പ്രാബല്ല്യത ഉണ്ടെന്നും ദൃഷ്ടാന്തപ്പെടുന്നു- പ്രതിക്കാരൻ ജന്മി എന്ന വാദിക്കുന്ന കുഞ്ഞിരാമന്മെനവന്റെ കല്പിതത്തകൊണ്ട ൧൦൨൬വരെ അന്ന്യായക്കാരൻ നടന്ന വന്നതിലെക്ക സംശയം കാണുന്നില്ലെന്ന തന്നെയല്ലാ ൨൬ലും- ൨൭ലും- ചന്തു നമ്പ്യാര പ്രത്യെകം നിലം നടന്ന തനിക്ക ഒഴിഞ്ഞ തന്നു എന്നും കാണുന്നു. അങ്ങിനെ ആകുന്നു എങ്കിൽ നിലം ഒഴിപ്പിപ്പാനായി മുഖ്യ അവകാശി എന്ന പറയുന്ന ചന്തു നമ്പ്യാരെ ഒഴിച്ച അന്ന്യായക്കാരന്റെ മെൽ അന്ന്യായപ്പെട്ട കാണുന്നതകൊണ്ട തന്നെ കുഞ്ഞിരാമൻ മെനവന്റെ വാക്ക വിശ്വാസ യൊഗ്യമല്ലെന്നും തന്റെ ഭാഗം ജയത്തിലെക്ക വെണ്ടി ചന്തു നമ്പ്യാരുടെ വാദം അനുസരിച്ചതാണെന്നും വിചാരിക്കാവുന്നതാകുന്നു. അന്ന്യായക്കാരൻ നടന്നിട്ടെ ഇല്ലെന്ന ചന്തു നമ്പ്യാര വാദിക്കുന്നത ഒട്ടും ശെരി അല്ലെന്നും അന്ന്യായക്കാരനും ചന്തു നമ്പ്യാരും തമ്മിൽ ചെച്ച് ഇല്ലാതെ വന്നതിനാൽ മകന്റെ കൈവശമായി വരെണ്ടതിലെക്ക വെണ്ടി താൻ ഒഴിഞ്ഞ പ്രകാരവും മററും ഓരൊരൊ തക്കങ്ങൾ

പറയുന്നത എന്നും തന്റെ ഭാഗിയായ കുഞ്ഞിരാമ മെനവന്റെ
കയ്യിത്താൽ തന്നെ ദൃഷ്ടാന്തപ്പെടുന്നു- ൦രം വക സങ്ങതികളാലും
൨ാം പ്രതിയുടെ വാദംകൊണ്ടും, തന്നെ നിലം നടപ്പ അവനു
ണ്ടെന്ന വിചാരിപ്പാൻ പാടില്ലാത്തതകൊണ്ടും താൻ കുഞ്ഞിരാമ
മെനവന ഒഴിഞ്ഞ കൊടുത്ത തന്റെ കൈവിട്ടപൊയിരിക്കുന്നു
എന്ന- ചന്തു നമ്പ്യാര വാദിക്കുന്നതകൊണ്ടും ആ ഭാഗം അധി
കമായ വിചാരണക്ക ആവശ്യമില്ലെന്ന തൊന്നിരിക്കുന്നു. അ
ന്ന്യായക്കാരന്റെ നടപ്പിലെക്ക അക്കിങ്ക പൊലീസ്സാമീന്റെ അ
ഭിഃപ്രായത്താലും നടന്നൊടത്തൊളമുള്ള ദസ്താവെജകളാലും
ചെയ്യൊടത്തൊളമുള്ള അന്ന്വെഷണത്താലും യാതൊരു ന്യൂനത
യും ഭവിച്ചീട്ടില്ലെന്നും ഇപ്പൊഴും വാദം കൂടാതെ അന്ന്യായക്കാ
രൻ നടന്ന വരുന്നത എന്നും നിശ്ചയമായി അറികപ്പെട്ടിരിക്കു
ന്നു എങ്കിലും ജെഷ്ടാനുജന്മാരായി ഉള്ള തക്കത്തിന്മെൽ ഉണ്ടായ
കാൎയ്യമാകയാൽ ഒരു സമയം തന്മെൽ സമാധാനമായി തീരുന്ന
ത വളരെ നല്ലതാകുന്നു എന്ന അഭിഃപ്രായം തൊന്നി അത പ്ര
കാരം പല വിധെനയും പ്രയത്നം ചെയ്യതിൽ അങ്ങിനെ തീരു
ന്ന മാൎഗ്ഗം കാണുന്നതുമില്ലാ എന്ന തന്നെ അല്ലാ സത്ത്യത്തിന്മെ
ൽ നിന്നും ഒന്നാം പ്രതി ഒഴിഞ്ഞിരിക്കുന്നു- അതുകൊണ്ട ൦രം എ
ല്ലാ അവസ്ഥകളാലും അല്പ ദിവസം മുമ്പായി കൊഴക്ക വാങ്ങി
എന്ന പറയുന്ന ൨ാം പ്രതിയുടെ വാദം പ്രമാണിപ്പാൻ ന്യായം
പൊരാ- പൊലീസ്സായി ഒന്നും ഉണ്ടായീട്ടില്ലായ്കകൊണ്ട ആ ഭാ
ഗം നീക്കിയും നിലം കീഴക്കട പ്രകാരം അന്ന്യായക്കാരൻ നട
ന്ന വരുവാനും അതിന്മെൽ പ്രതിക്കാര ഒരു തകരാറും കലശ
ലും ചെയ്യ പൊകരുതെന്നും പ്രതിക്കാരന കിട്ടിരിക്കുന്ന അവ
കാശം സീവിൽ വ്യവഹാരത്താൽ നിവൃത്തി വരുത്തികൊള്ളെ
ണ്ടത എന്നും വിധിച്ചു. വിശെഷിച്ച അന്ന്യായക്കാരനൊട കൂടി
ചന്തു നമ്പ്യാര നടന്ന വന്ന അവകാശത്തിന്മെൽ ഇരുപക്ഷയും
കൂടി നടക്കെണ്ടതാകുന്നു എന്ന തീൎപ്പ ചെയ്യാൻ ആമീന അഭിഃ
പ്രായമുണ്ടായിരുന്നു- തന്റെ കൈ വിട്ട പൊയിരിക്കുന്നു തനി
ക്ക യാതൊരു അവകാശമില്ലെന്ന ചന്തു നമ്പ്യാര സമ്മതിക്കുന്ന
തിനാലും ഒരു സമയം ചന്തു നമ്പ്യാരും കൂടി നടക്കെണമെന്ന
കല്പിച്ചാൽ ആ സ്വാതന്ത്ര്യത്തിന്മെൽ മകനായ ൨ാം പ്രതിയെ
കൊണ്ട നിലം നടപ്പിലെക്ക പ്രവെശിപ്പിപ്പാനും അതിനാൽ
തകരാറും പൊലീസ്സുകളും ഉണ്ടാവാനും കാരണം ഉണ്ടാകുന്നതി
നാൽ അതിനെ പററി മെൽ പ്രകാരം അധികം തെളിവുള്ള അ
ന്ന്യായ ഭാഗം പ്രത്ത്യെകമായി തീൎപ്പ ചെയ്യാൻസംഗതി വന്ന
താകുന്നു.

ഹെഡ അസിഷ്ടാണ്ട മജിസ്ത്രെട്ടിങ്കൽ.

കൊട്ടയം താലൂക്ക മെലാം ജന്മം അംശത്തിൽ കുഞ്ഞിക്കുട്ടി ബൊധിപ്പിക്കുന്ന അഫീൽ ഹരജി കൊട്ടവയൽ എന്ന ൨൦൦ നെല്ല വാരത്തിന്റെ നിലത്തിൽ കഴിഞ്ഞ മെടം ൨൭൬– ഞാനും മററ ഒരുത്തനും ബലാൽ പ്രവൃത്തി ചെയ്യു എന്നും മററും അനന്തൻ നമ്പ്യാര എന്നവര ബൊധിപ്പിച്ച അന്ന്യായം തലശ്ശെരി അക്ടിംഗ പൊലീസ്സാമിൻ വിസ്തരിച്ച നിലം അന്ന്യായക്കാരൻ നടന്നവരെണ്ണമെന്ന കഴിഞ്ഞ മെയി ൨൧൬– കല്പിച്ച തീൎപ്പ ദുൎബ്ബലമാക്കി നിലം ഞാൻ നടന്നവരാനായി കല്പിക്കെണ്ടതിന്ന ഈ അഫീൽ ബൊധിപ്പിക്കുന്നു ൧- ഈ കാൎയ്യത്തിൽ വാദിക്കുന്ന ഭൂമിയുടെ നടപ്പ അന്ന്യായ ഭാഗത്ത കൊടുത്തിട്ടുള്ളതിലെക്ക യാതൊരു ആധാരവും ആ ഭാഗം ഇല്ലാ സാക്ഷികളാൽ ഇരുഭാഗത്തെ വാദവും തെളിഞ്ഞിരിക്കുന്നു എന്ന പൊലീസ്സാമിൻ കല്പിച്ചത ശെരിയല്ലാ- ഈ നിലത്തിന്റെ ജന്മിയായ കുഞ്ഞിരാമ മെനവനാലും ഫയലാക്കീട്ടുള്ള പുക്കശീട്ടിനാലും ഭൂമി ഇരിക്കുന്ന അംശം അധികാരിയുടെ റിപ്പൊൎട്ടാലും അധികമായും എന്റെ ഭാഗം തെളിഞ്ഞിരിക്കുന്നു ആയ്ത പൊലീസ്സാമിൻ നൊക്കാതെ ഇപ്രകാരം തീൎപ്പ കല്പിച്ചത വ്യസനമാകുന്നു. ൨- സാധാരണമായുള്ള ഒരു കൊഴപൊല കൂടാതെ ൧൨- കൊല്ലമായി കുഞ്ഞിരാമൻ മെനവന്റെ വാക്കപ്രകാരം ഈ നിലം താൻ നടക്കുന്നു എന്നുള്ള അന്ന്യായക്കാരന്റെ വാദം അല്പം പൊലും നെരല്ലാത്തത കൂടാതെ ആയ്ത കാണം ജന്മ മൎയ്യാദക്കും ഈ നാട്ടിൽ ഉള്ള സാധാരണ നടപ്പിന്നാകട്ടെ ശെരിയായീട്ടുള്ളതല്ലെന്നും ആയ്ത കളവാകുന്നു എന്നും പ്രത്യക്ഷപ്പെടുന്നു. ൩- വാദിക്കുന്ന ഭൂമി ജന്മമായീട്ടാകട്ടെ കാണമായീട്ടാകട്ടെ കുഞ്ഞിരാമ മെനവന്റെ കൈവശമായി നടക്കുന്നതാണെന്ന ഇരുകക്ഷിക്കാരും സമ്മതിക്കുന്നു- അങ്ങിനെ ഇരിക്കുമ്പൊൾ ഈ കാൎയ്യത്തിൽ ആ കുഞ്ഞിരാമ മെനവന്റെ വാക്കാകുന്നു എത്രെയും മുഖ്യമായി വിചാരിക്കെണ്ടുന്നത ജന്മിയായ കുഞ്ഞിരാമ മെനവന്റെ സമ്മതവും രെഖയും എന്റെ വാദം സ്ഥിരപ്പെടുത്തുവാൻ തക്കതായിരിക്കെ അത നൊക്കാതെ വ്യപരീതമായി ആമിൻ കല്പിച്ചത ശെരി അല്ലെന്ന ആ വക ദസ്താവെജുകൾ സന്നിധാനത്തിങ്കൽ കാണുമ്പൊൾ ബൊദ്ധ്യം വരും. ൪- നിലത്തിന്റെ കിഴക്കട നടപ്പകാരൻ ചന്തു നമ്പ്യാരാണെന്നും സാക്ഷികളാലും ആധാരങ്ങളാലും തെളികയും ആ നടപ്പ അവര ഒഴിഞ്ഞ തന്ന പിന്നെ എനിക്ക കിട്ടിയയ്തും ആ ചന്തു നമ്പ്യാരും ജന്മിയായ കുഞ്ഞിരാമമെനവനും പൂൎണ്ണമായി സമ്മതിക്കയും അതിലെക്ക ആധാരങ്ങൾ ഉണ്ടായിരിക്കയും ആയ്ത പ്രമാണിക്കാതെ വാക്കാൽ സമ്മതിച്ച വാങ്ങി നടക്കുന്നതാണെന്നുള്ള അന്ന്യായ

ക്കാരന്റെ വാദം സ്ഥിരപ്പെടുത്തി കല്പിച്ചത ശരി തന്നെയൊ എന്ന സന്നിധാനത്തിങ്കൽ നിന്ന പ്രത്യെകം വിചാരിക്കെണ്ടതാകുന്നു. ൩- ജന്മമായിട്ടാകട്ടെ കാണമായിട്ടാകട്ടെ ൰൨- കൊല്ലമായിട്ട കുഞ്ഞിരാമമെനവന്റെ കൈ വശമാകുന്നു എന്ന അന്ന്യായക്കാരൻ തന്നെ സമ്മതിച്ചിരിക്കുന്നു അങ്ങിനെ ഒരാളുടെ നിലം നടന്ന വാരം കൊടുക്കുമ്പൊൾ- ൰൨ കൊല്ലമായിട്ടും ശീട്ട കൂടാതെ യാതൊരാളും നെല്ല കൊടുക്കുന്നതും വാങ്ങുന്നതും അല്ലായ്കകൊണ്ട കീഴക്കട വാരം കൊടുത്തതിന്ന എങ്കിലും അന്ന്യായക്കാരൻ വാങ്ങിയ ഒര ശീട്ട എങ്കിലും താൻ കാണിച്ചിരിക്കുന്നു എങ്കിൽ ആമീൻ കല്പിച്ചത ശെരിയെന്ന വിചാരിക്കായിരുന്നു- ആയ്തു ഒന്നും കൂടാതെ ൟ നിലത്തിന്ന എത്രെയും ദൂരത്തിരിക്കുന്ന ദരിദ്ര്യന്മാരായ സാക്ഷികളുടെ വാക്ക പ്രമാണിച്ച കല്പിച്ചത ശെരിയല്ലെന്ന അധികമായും ബൊധിക്കും. ൪- അന്ന്യായക്കാരന്റെ തറവാട്ടിൽ ഇന്ന കാരണവൻ ചന്തു നമ്പ്യാരാകുന്നു എന്ന ആമീന്റെ തീൎപ്പിനാൽ തന്നെ കാണുന്നു- അന്ന്യായക്കാരന സ്വന്തമായിട്ട യാതൊരു കൃഷിയും ഇല്ലാ- അങ്ങിനെ ഇരിക്കുമ്പൊൾ കാരണവനായും തറവാട്ട കാൎയ്യം നൊക്കി സൎക്കാര നികുതിയും കൊടുത്ത രക്ഷിച്ച കാൎയ്യാദികൾ സകലവും നൊക്കി വരുന്ന മെപ്പടി ചന്തുനമ്പ്യാര കുഞ്ഞിരാമ മെനവനൊട നിലം ഏററ വാങ്ങി നടന്ന വരുന്നതിനിടയിൽ രണ്ട മൂന്ന കൊല്ലത്തൊളം വാരം കൊടുക്കാതെ നിലവായ്പിനാൽ ൟ നിലം ഇനിയും നടക്കാൻ കഴിയാത്ത പക്ഷത്തിൽ നിലം മെപ്പടി കുഞ്ഞിരാമ മെനവന തന്നെ ആ ചന്തു നമ്പ്യാര ഒഴിഞ്ഞിരിക്കുന്നു എന്ന സമ്മതിച്ചത പൊരയൊ ആ കാരണവനൊട കൂടി അവരുടെ രക്ഷയിൽ ഇരുന്ന അവര പറയുന്ന പ്രവൃത്തി എടുത്ത നടന്നവരുന്ന അന്ന്യായക്കാരന്റെ സമ്മതം എന്തിനാകുന്നു തറവാട്ടിൽ കാരണവൻ നടന്നവന്ന ഒരു കൊഴ നിലം ഉടമക്കാരന ഒഴിഞ്ഞ കൊടുക്കുന്നതിന്ന അനന്തരവന്മാര എല്ലാവരുടെയും സമ്മതം വെണമെന്ന ഒരു നടപ്പുണ്ടാക്കിയാൽ അത അക്രമവും ജന്മികൾക്ക വലുതായ സങ്കടവും അല്ലയൊ. ൫- ഒരു കാരണവൻ നിലം നടക്കുമ്പൊൾ അതിൽ വെണ്ടുന്ന പ്രവൃത്തികൾ ആ തറവാട്ടിൽ ഉള്ള പുരുഷന്മാരും സ്ത്രീകളും എല്ലാവരും കൂടി ചെയ്യുന്നത ൟ മലയാളത്തിൽ സാധാരണ നടപ്പാകുന്നു- അപ്രകാരം അന്ന്യായക്കാരനും ഒരു സമയം പ്രവൃത്തി വല്ലതും ചെയ്തു പൊയിട്ടുണ്ടെങ്കിൽ അത പ്രമാണിച്ച കീഴക്കട നടപ്പുകാരൻ അന്ന്യായക്കാരനാകുന്നു എന്ന ആമീൻ കല്പിച്ചത ആശ്ചൎയ്യമല്ലെ- അങ്ങിനെ വിചാരിക്കാമെങ്കിൽ ആമീന്റെ തീൎപ്പിൽ തന്നെ അന്ന്യായക്കാരന്റെ അനന്തിരവൻ പൈയ്യൂൽ എന്നവനും പ്രവൃത്തി ചെയ്തിരിക്കുന്നു എ

ന്ന പറയുന്നു- ഇപ്പൊൾ ൟ തീൎപ്പ സ്ഥിരമാക്കി എങ്കിൽ ആയ്യാ
ല്യം കിഴക്കട നടപ്പുകാരൻ ആയീലെ- എന്നാൽ ജന്മിക്ക നിലം
ഒഴിവാനുള്ള കാലവും നിലത്ത പ്രവൃത്തി എടുത്ത എല്ലാവരുടെ
സമ്മതം കിട്ടുന്നതും എപ്പൊഴാകുന്നു- കാരണവനൊട കൂടി ശെ
ഷക്കാര നിലം നടക്കാറുണ്ടെന്ന ഞാൻ പറഞ്ഞതിന്ന ആമീ
ന്റെ ൟ വാക്ക തന്നെ സാക്ഷിയാകുന്നു. ൨- വിസ്തരിച്ചത കൂ
ടാതെ തലശ്ശെരി സീവിൽ കൊടതി ഹെഡ ഗുമസ്തൻ കൃഷ്ണ
മെനവൻ വക്കീൽ കൃഷ്ണൻ നായര ഇവര ഞാൻ ക്രമപ്രകാരം
ൟ നിലത്തിൽ വിത്തിടുന്നത കണ്ടിട്ടുണ്ടായിരുന്നു- അതുകൊ
ണ്ട അവരുടെയും അയൽ കൃഷിക്കാരായും സമീപസ്ഥന്മാരായും
എന്റെ വാദം അറിയുന്നവരായും ഉള്ള ൩൦- ആളുകളുടെയും പെ
രും വിവരമായി ഞാൻ ബൊധിപ്പിച്ച ഹരജി പൊലീസ്സാമീൻ
വാങ്ങാതെ ഉപെക്ഷിച്ചിരിക്കുന്നു അവരൊട വിസ്തരിച്ചാൽ എ
ന്റെ വാദം സ്ഥിരമാകയും ഇനിയും തെളിയുന്നതും ആകുന്നു.
൪. എന്റെ വാദപ്രകാരം സത്യം ഞാൻ ചെയ്യാമെന്നും സമ്മ
തിച്ചിരിക്കുന്നു- അന്ന്യായ ഭാഗത്തനിന്ന വിത്ത ഇട്ടിട്ടില്ലെന്ന കൂ
ടി സത്യം ചെയ്യാൻ കഴികയില്ലെന്ന ഞാൻ ബൊധിപ്പിച്ചിട്ടു
ണ്ടെങ്കിലും ആയ്യ എന്തുകൊണ്ടെന്നാൽ അവര ഒരു സമയം സ
ത്യം ചെയ്യാൻ വെണ്ടി ഞാൻ കാണാതെ- രാത്രിയിലൊ മറ്റൊ
അല്പം വിത്ത വല്ലസമയത്തും ൟ നിലത്തിൽ ഇട്ടിട്ടുണ്ടെങ്കിൽ
അപ്രകാരം ഞാൻ സത്യം ചെയ്യു എങ്കിൽ വൃഥാൽ ഒരു ദൊഷം
ഇനിക്ക അകപ്പെടുന്നത വിചാരിച്ചിട്ടാകുന്നു. ൫൦- അത്രയുമല്ല
ൟ നിലം ചന്തു നമ്പ്യാരെയും- അന്ന്യായക്കാരന്റെയും കാരണ
വരായ മരിച്ചുപൊയ കുഞ്ഞിക്കുട്ടി നമ്പ്യാരും അവകാശികളായ
മെപ്പടിയാന്മാരൊട കൂടി കുഞ്ഞിരാമ മെനവന ജന്മം കൊടുത്ത
അവരെ കൈവശമായി കുടിയാന്മാൎക്ക കൊടുത്ത നടന്നുവരുന്ന
അവസ്ഥയെ കെവലം മൂടി വെച്ച അന്ന്യായക്കാരന്റെ ദുൎന്ന്യാ
യത്താൽ ൟ നിലം കുഞ്ഞിരാമൻ മെനവന കെട്ടിയടക്കം കാ
ണമാണെന്ന ആമീൻ തീൎപ്പിൽ ൩-ാം വകുപ്പിൽ കല്പിച്ച ന്ന്യാ
യം എത്രെയും ആശ്ചൎയ്യമെന്നല്ലാതെ ആ കാൎയ്യത്തെ കുറിച്ച ഇ
തിനാൽ ഞാൻ അധികം അക്ഷെപിക്കുന്നില്ലാ വിശെഷിച്ച അ
ന്ന്യായക്കാരന ഗുണമായിട്ടുള്ള മെൽ പറഞ്ഞ തീൎപ്പ പ്രകാരം നി
ലത്ത അന്ന്യായക്കാരൻ യാതൊരു പ്രവൃത്തികളും ൟ അഫീൽ തീ
രുന്നതിനിടയിൽ ചെയ്യാതിരിപ്പാൻ വെണ്ടുന്ന കല്പന ഉണ്ടാവാ
തെ പൊയാൽ പൊരിച്ച നടാൻ ആവിശ്യമില്ലാത്ത വാളലായ കൃ
ഷി ഇപ്പൊൾ അന്ന്യായക്കാരൻ പൊരിച്ച നഷ്ടം ചെയ്യുപൊയാ
ൽ ഇനിക്ക വലുതായ സങ്കടവും മുതൽ നഷ്ടവും വരുന്നതാകയാ
ൽ അതിന്ന ഉടനെ തക്കതായ കല്പന ഉണ്ടാവാനും അപെക്ഷിക്ക

൹. ൧൧ അതുകൊണ്ട മെൽ പറഞ്ഞ സംഗതികൾ നൊക്കിയും എന്റെ വാദപ്രകാരം ഇനിയും മുഖ്യമായി തെളിയുന്ന മെൽ പറഞ്ഞ സാക്ഷികൾ വിസ്തരിച്ചും സത്യത്താലൊ ആദ്യം തീൎപ്പ മാററി നിലം ഞാൻ നടന്നവരുവാൻ കല്പന ഉണ്ടാകെണ്ടതിന്ന അപെക്ഷിക്കുന്നു- എന്ന ൧൦൨൮ എടവം ൩൧൹

കൊല്ലം- ൧൮൫൪ാമത ജനവരിമാസം ൧൩൹-- വള്ളുവനാട താലൂക്ക ഹെഡ പൊലീസാപ്സര കല്പിച്ച യാദാസ്ഥ.

അന്ന്യായം പഞ്ചുമെനൊൻ.

പ്രതി ൟരംസ്സപ്പ മുതൽ ൪-ാൾ.

കുറുവ അംശം കാച്ചിനിക്കാട ദെശത്ത അന്ന്യായക്കാരൻ കെട്ടിച്ചീട്ടുള്ള മുക്കൊണത്തെ ചിറയും പാറക്കൽ ചിറയും- കൊല്ലം ൧൦൨൯ ധനു മാസം-൨൨൹-ക്ക ൧൮൫൪ാമത ജനവരി ൪൹- ബുധനാഴ്ച രാത്രി പ്രതിക്കാര ബലമായി മുറിച്ച വെള്ളം കൊണ്ട പൊകയും അതിനാൽ ൩ ഉറപ്പിക ൯ ണ ൨- പയി നഷ്ടം വരികയും ചെയ്യുത- ൟ കാൎയ്യത്തിൽ അന്ന്യായക്കാരൻ ജനവരി ൩൹- അസിഷ്ടാണ്ട മജിസ്ത്രെട്ടിൽ ബൊധിപ്പിച്ച ഹരജി അയച്ച ൯൹- എത്തുകയും അന്ന്യായം പ്രതി സാക്ഷികളെ ഹാജരാക്കാൻ കൊൽക്കാരനെ അയച്ചതിന്റെ ശെഷം പ്രതിക്കാരെയും സാക്ഷിക്കാരെയും ഹാജരാക്കയും അന്ന്യായക്കാരന്റെ വക്കീൽ നാമത്തൊട്ട കൂടി വക്കീൽ ഹാജരാകയും എല്ലാവരൊടും വിസ്തരിക്കയും ചെയ്യു- പ്രതിക്കാര ചിറ വെട്ടി പൊളിക്കുന്നത ൧ാം സാക്ഷി അറിഞ്ഞ വിരൊധം പറഞ്ഞപ്പൊൾ ൧ാം പ്രതി അയാളുടെ വായിൽ പിടിച്ച അമൎത്ത ശെഷം പ്രതിക്കാര ചെറ പൊളിച്ച പ്രകാരവും മററും അന്ന്യായ വക്കീലും- തങ്ങൾ അന്ന്യായത്തിൽ പറയുന്ന പ്രകാരം ഒന്നും ചെയ്യീട്ടില്ലെന്ന പ്രതിക്കാരും- താൻ ചിറക്കൽ കാവൽ കിടക്കുമ്പൊൾ ൟ പ്രതിക്കാരും വെറെ പെര അറിയാത്ത ചിലരും വരുന്നത കണ്ട ചെറ പൊളിക്കാൻ വരുന്നവരാണെന്ന വിചാരിച്ച ഒന്ന രണ്ട കൂക്കി എന്നും അപ്പൊൾ പ്രതിക്കാര അട്ടുത്ത എത്തി മിണ്ടരുതെന്നു എന്ന പറഞ്ഞ ൧ാം പ്രതി തന്റെ വായ പൊത്തുകയും ൨-ം ൩-ം ൪-ം പ്രതിക്കാര ചിറ വെട്ടി പൊളിക്കയും- കുറെ കഴിഞ്ഞപ്പൊൾ ഒന്നാം പ്രതിയും- ചിറ മുറിക്കാൻ കൂട്ടുകയും ചെയ്യുപ്രകാരവും ൧ാം സാക്ഷിയും- മണ്ടിവരിൻ എന്ന പറഞ്ഞ കൂക്കുന്നത കെട്ട താൻ ചെന്നപ്പൊൾ പ്രതിക്കാര നാലാളും കൂടി മുക്കൊണത്ത ചിറ പൊളിക്കുന്നതും ൧ാം സാക്ഷി ചിറവക്കത്ത ഒന്നും മിണ്ടാതെ നിൽക്കുന്നതും കണ്ടു എന്നും

പിന്നെ പാറക്കൽ ചിറയും പൊളിച്ചു എന്നും രണ്ട ചിറയും പൊളിച്ചത എന്തിനാണെന്ന ചൊതിച്ചപ്പൊൾ കറാം പിന്നവനെ ഇങ്ങൊട്ട വന്നാൽ കൈക്കൊട്ടുംതായകൊണ്ട തലതച്ച പൊളിക്കും എന്ന ൧ാം പ്രതി പറഞ്ഞ പ്രതിക്കാര എല്ലാവരും കൂടി അവിടെ നിന്നപ്പൊൾ ഭയപ്പെട്ട പൊന്നു എന്നും ൨-ാം സാക്ഷിയും കൂക്ക കെട്ട താൻ ചെന്നപ്പൊൾ പ്രതിക്കാര ചിറ മുറിക്കുന്നതും- ൧-ം ൨-ം സാക്ഷികൾ ചെറയുടെ അടുത്ത നിൽക്കുന്നതും കണ്ടു എന്നും രണ്ട ചിറയും മുഴുവൻ മുറിച്ചു എന്നും കലശൽ ഒന്നും ഉണ്ടായീട്ടില്ലെന്നും കയിക്കൊട്ടുംതായകൊണ്ട തല്ലുമെന്ന പ്രതിക്കാര പറഞ്ഞു എന്നും മറ്റും ൩-ാം സാക്ഷിയും ബൊധിപ്പിച്ചിരിക്കുന്നു ൟ കാൎയ്യത്തിന്റെ വിസ്താരത്തിൽ പ്രതിക്കാര കുറ്റം സമ്മതിച്ചീട്ടില്ലാ ഒന്നാം സാക്ഷി നിൽക്കുമ്പൊൾ ൧ാം പ്രതി രണ്ട കയ്യും പരത്തി മുഖത്ത പൊത്തീട്ടെ ഉള്ളു എന്നും അതിനാൽ തല പിന്നാക്കം എടുക്കാൻ കുഴക്കുണ്ടായിരിന്നില്ലെന്ന ൧ാം സാക്ഷി പറഞ്ഞീട്ടുള്ളതല്ലാതെ കലശൽ ഉണ്ടായപ്രകാരം പറയുന്നില്ലാ ആ സാക്ഷിക്കാരൻ പറയുന്നതിൽ അധികമായി കലശൽ ചെയ്തീട്ടുണ്ടെന്ന പറഞ്ഞു എന്ന ൨-ം ൩-ം സാക്ഷിക്കാരും മുക്കൊണെത്ത ചിറ പാതിക്ക വടക്കൊട്ടും പാറക്കൽ ചിറ മുഴുവനും പൊളിച്ചു കളഞ്ഞിരിക്കുന്നു എന്ന ൧-ം ൨-ം സാക്ഷിയും- രണ്ട ചിറയും അടിയറ്റം പൊളിച്ചുകളഞ്ഞു എന്ന ൩-ാം സാക്ഷിയും ഇങ്ങിനെ സാരമായ കാൎയ്യത്തിൽ പരസ്പര വിരൊധമായി പറഞ്ഞിരിക്കുന്നു. ൨-ം ൩-ം സാക്ഷിക്കാര കലശൽ കണ്ടതായീട്ടും പറയുന്നില്ലാ സാക്ഷി പറവാൻ വെണ്ടി ഞാൻ ചെന്നതാണെന്ന ൩-ാം സാക്ഷി അധികമായിം വിസ്താരത്തിൽ പറഞ്ഞിരിക്കുന്നു- ഇതൊക്കെയും നൊക്കുമ്പൊഴും ആന്വെഷിക്കുമ്പൊഴും അന്ന്യായ ഹരജിയിൽ പറയുംപ്രകാരം കൊമുക്കുട്ടി മുതലായ്വര ചെറ മുറിച്ച കാൎയ്യത്തിലെക്ക ൟ ഹരജി ബൊധിപ്പിക്കുമ്പൊൾ തീൎച്ചയായീട്ടില്ലാത്തതിനാൽ അതിലെക്ക ഒരു ബലം പിടിക്കാൻ വെണ്ടിയും മാപ്പിളമാരാൽ തനിക്ക ഇങ്ങിനെ ഉപദ്രവം ഉണ്ടെന്ന തൊന്നിപ്പാൻ വെണ്ടിയും- ൟ അന്ന്യായവും ബൊധിപ്പിച്ച ഇങ്ങിനെ സാക്ഷിയും ഉണ്ടാക്കി പറയിച്ചു എന്നല്ലാതെ ൟ സാക്ഷി വാക്ക ഒട്ടും വിശ്വാസ യൊഗ്യമായീട്ടുള്ളത എന്ന തൊന്നീട്ടില്ലായ്കകൊണ്ട അന്ന്യായം നീക്കി പ്രതികളെ വിട്ട അയപ്പാൻ കല്പിച്ചു.

അസിഷ്ടാണ്ട മജിസ്ത്രെട്ടില്ക്ക.

ഏറനാട താലൂക്ക മെൽ മുറി അംശത്തിൽ പഞ്ചു മെനൊൻ ബൊധിപ്പിക്കുന്ന അഫീൽ അരജി- വള്ളുവനാട താലൂക്ക കുറുവ

അംശത്തിൽ കാച്ചിനിക്കാട ദെശത്ത എന്റെ കൃഷി വക ഉഭയ
ങ്ങളിലെക്ക ഞാൻ കെട്ടിച്ചിരുന്ന മുക്കൊണ്ണെത്ത ചിറ കഴിഞ്ഞ
ധനു മാസം ൨൨നു— രാത്രി ഏകദെശം ൧൦ നാഴിക രാവ ചെന്ന
സമയത്ത മെപ്പടി അംശത്തിൽ കട്ടങ്ങുത്ത ദെശത്തിരിക്കും ൧൦ം
നമ്പ്ര മുതൽ നാലാളും മററ പെര അറിയാതെ ചിലരും കൂടി വ
ന്ന എന്റെ കൃഷിക്കാരൻ കെലുനായരെ പിടിച്ച നിൎത്തി ചിറ
വിട്ടുകയും അപ്പൊൾ കെലുനായര കൂക്കി വിളിച്ചപ്പൊൾ അയാ
ളെ വായ പൊത്തുകയും വാക്കെററങ്ങൾ പറകയും ചെയ്തു സങ്ങ
തിക്ക മെപ്പടി ധനു മാസം ൨൪നു— സന്നിധാനത്തിങ്കൽ ബൊ
ധിപ്പിച്ച അന്ന്യായ ഹരജി ആ കാൎയ്യം വിസ്തരിപ്പാനായി വള്ളു
വനാട താലൂക്ക കച്ചെരിക്കയച്ചതിന്റെ ശെഷം എന്റെ ഹര
ജിയിൽ പറയുന്ന സാക്ഷിക്കാരെയും പ്രതിക്കാരെയും വരുത്തി
വിസ്തരിച്ച അന്ന്യായം നീക്കിയപ്രകാരം ൧൦ം കഴിഞ്ഞ മകരമാ
സം ൧൫നു— എന്റെ വക്കീലായ അനന്തിരവൻ ഗൊവിന്ദ മെ
നവനൊട താലൂക്കിൽനിന്ന കല്പിച്ചു- അപ്പൊൾ ഞാൻ കൊഴി
ക്കൊട്ട ശെഖിന്റെ പള്ളിക്കൽ ഒര സത്ത്യം കെൾക്കെണ്ടതിന്നാ
യി പൊയിരുന്നു മടങ്ങി എത്തിയതിന്റെ ശെഷം താലൂക്കിൽനി
ന്ന കല്പിച്ച തീൎപ്പിന്റെ പകൎപ്പ കിട്ടുവാൻ മെപ്പടി ഗൊവിന്ദ മെ
നൊനെ അയച്ചാറെ പെകൎത്ത കിട്ടിട്ടില്ലാ അതുകൊണ്ട മെപ്പടി
തീൎപ്പൊട കൂട വിസ്താരം താലൂക്കിൽനിന്ന വരുത്തി നൊക്കി ആ
തീൎപ്പ മാററി പ്രതിക്കാരെ താലൂക്കിൽനിന്ന വിട്ടവക്ക ശിക്ഷ ക
ല്പിക്കെണ്ടതിനുള്ള സംഗതികൾ താഴെ എഴുതുന്നു- ൧-ാമത ഞാൻ
ബൊധിപ്പിച്ച അന്ന്യായപ്രകാരം ചിറ വിട്ടിരിക്കുന്ന അവസ്ഥ
സാക്ഷികളാൽ തെളിഞ്ഞിരിക്കുന്നത വിസ്താരം നൊക്കുമ്പൊൾ
ബൊധിക്കും. ൨-ാമത പ്രതിക്കാരൊട വിസ്തരിച്ചതിൽ ചിറ വി
ട്ട ദിവസം രാത്രി അവര എല്ലാവരും അതാത ദിക്കിലായിരുന്നു
എന്ന പറഞ്ഞിരിക്കുന്നു അങ്ങിനെ എല്ലാവരും അതാത ദിക്കിൽ
പൊകെണ്ടതിന്ന സംഗതി ഇല്ലാത്ത ഒര അവസ്ഥകൊണ്ട ത
ന്നെ പ്രതിക്കാര പറഞ്ഞത നെരല്ലെന്നും ചിറ വിട്ടത പ്രതിക്കാ
ര തന്നെ എന്നും വിചാരിപ്പാൻ സംഗതി ഉള്ളതാണെന്ന സ
ന്നിധാനത്തിങ്കൽ അറിയാമെല്ലൊ. ൩-ാമത മെൽ പറഞ്ഞ ചിറ
കഴിഞ്ഞ വൃശ്ചിക മാസം ൨൯നു— കൊമുക്കുട്ടി മുതലായ്വര വിട്ട
കാൎയ്യത്തിന്ന ഞാൻ മെപ്പടി ധനു ൩൩നു— സന്നിധാനത്തിങ്കൽ
ബൊധിപ്പിച്ച ഹരജി താലൂക്കിലെക്കയക്കയും ചിറ ആരും വിടാ
തെ ഇരിപ്പാൻ ബന്തൊവസ്ഥ ചെയ്യെണ്ടതിന്ന അധികാരിക്ക
കല്പനയയക്കയും ചെയ്യാറെ തഹജീൽദാരും അധികാരിയും ആ
റക്കൽ വന്ന നൊക്കി ഇനി ആരും ചിറ വിട്ടപൊകരുതെന്ന ക
ല്പിച്ച പൊയതിന്റെ ശെഷമായി കല്പന ലംഘിച്ച ൧൦ം നമ്പ്ര മുതലാ

യ്യര വന്ന മെൽപ്രകാരം ചിറ വിട്ടതാകുന്നു. ൪ാമത മെപ്പടി ചി
റ വിട്ട ഉടനെ അപ്പൊൾ അതിന്റെ താഴത്തെ ചിറ രാമൻ.നാ
യര കെട്ടിനിൎത്തിയ്യും മെൽ പറഞ്ഞവര വിട്ടിരിക്കുന്നു- അങ്ങി
നെ ചിറ രണ്ടും വിട്ടത ദൃഷ്ടാന്തമായ്യും ആയ്യ മെൽ പറഞ്ഞ പ്ര
തിക്കാരാണെന്ന എന്റെ സാക്ഷികളാൽ തെളിവായ്യും വന്നിരി
ക്കുമ്പൊൾ പ്രതിക്കാൎക്ക ശിക്ഷ കല്പിക്കാതെ അന്ന്യായം നീക്കെ
ണ്ടതിന്ന സംഗതി ഇല്ലെന്ന സന്നിധാനത്തിങ്കൽ അറിയാമെ
ല്ലൊ. ൩ാമത മെൽ പറഞ്ഞവരിൽ ൧൨ംസ്സപ്പ ഒര കുല കാൎയ്യത്തി
ൽ സക്കീട്ട വിധിപ്രകാരം ശിക്ഷ അനുഭവിച്ചവനാകുന്നു അ
ങ്ങിനെ ഉള്ളവൻ പ്രമാണിയായി ശെഷം ഉള്ളവരെ കൂട്ടി മെൽ
പ്രകാരം ചിറവിട്ടതിന്ന ശിക്ഷ ഉണ്ടാകാഞ്ഞാൽ മെലാലും ൧൨ം
വക അതിക്രമം അധികമായി ചെയ്യുന്നവനാകുന്നു അതുകൊ
ണ്ട താലൂക്കിൽ ഉണ്ടായ വിസ്താരവും തീൎപ്പും വരുത്തി നൊക്കി
യ്യും ഇനിയ്യും വെണ്ടുന്ന അന്ന്വെഷണങ്ങൾ ചെയ്യും പ്രതിക്കാ
ൎക്ക ശിക്ഷ കൊടുപ്പാൻ അപെക്ഷിക്കുന്നു എന്ന ൲൦൨൯ാമത കും
ഭമാസം ൭൹–

കണ്ണൂര പൊലീസ്സാമീൻ കച്ചെരിയിൽനിന്ന ൲൮൫൩൹- എ
പ്രെൽ ൰൦൹– കല്പിച്ച വിധി.

അന്ന്യായം മത്തി മുതൽ ൰-ാൾ.

പ്രതി കുഞ്ഞിക്കുട്ടിയാലി മുതൽ ൧൭-ാൾ.

എന്നാൽ ചിറക്കൽ കൊവിലകം വക ചൊവ്വദെവസ്സം ജ
ന്മം മിത്തലെ വയല നിലം മുതൽ ൰- നമ്പ്ര നിലങ്ങൾ മൂസ്സ
അനന്തിരവൻ പൊക്കര ഇവരൊട പാട്ടത്തിന്നു വാങ്ങി മിത്ത
ലെ വയല നിലത്തിൽ വിത്ത എറക്കിയ്യതിന്റെ ശെഷം ൲൦൨വ്വ
മെടം ൧൨൹–ക്ക ൲൮൫൩ എപ്രെൽ മാസം ൨൭൹– പകൽ പ്രതി
കൾ വന്ന ഉഴുത നഷ്ടം വരുത്തുകയ്യും വാക്കെററം പറകയ്യും ചെ
യ്യു എന്ന എപ്രെൽ ൨൫൹– അന്ന്യായപ്പെട്ടു. അന്ന തന്നെ ൧൦-
൨-ം അന്ന്യായക്കാരൊട വിസ്തരിച്ചു- ൧൨ം കഴിഞ്ഞ മകരമാസത്തി
ൽ മാത്രം നിലം തങ്ങളുടെ കൈവശം വന്നതായി അവര സമ്മ
തിച്ചിരിക്കുന്നു ഇതിൽ പിടിച്ച ൨- ൰- വൃ- ൧൨ം പ്രതികളൊട വി
സ്തരിച്ചു അവര പൊലീസ്സ കുററം സമ്മതിച്ചിട്ടില്ല. അന്ന്യായ
പ്പെട്ട നിലങ്ങൾ ൲൦൦൯ാമത മുതൽക്ക കുഞ്ഞമ്മിയൊട വെറുമ്പാ
ട്ടത്തിന്ന വാക്കാൽ സമ്മതിച്ച വാങ്ങി ഇതുവരെയ്യും നടന്നുവ
രുന്നു എന്നും ൧൨ം കൊല്ലം ൰- നിലങ്ങളിലും തങ്ങൾ വിത്ത എറ
ക്കിരിക്കുന്നു എന്നും കുഞ്ഞമ്മി മരിച്ചതിന്റെ ശെഷം മരുമകൾ
ആയിഞ്ഞ എന്ന സ്ത്രീയുടെ കൈവശമായിട്ടാകുന്നു നടന്നുവരു

ന്നത എന്നും മററും വാദിച്ചിരിക്കുന്നു- പ്രതിക്കാരവക്കൽ അവ രുടെ വാദം തെളിയിപ്പാനായിട്ട യാതൊരു ആധാരവും ഇല്ലാ മെടം ൧൮ നു- അന്ന്യായക്കാര അന്ന്യായപ്പെട്ട നിലത്തിൽവന്ന ത കരാറ ചെയ്ത പ്രകാരം എപ്രെൽ ൨൫ നു- എളയാപ്പൂര അംശം അ ധികാരിയുടെ റിപ്പൊൎട്ടൊട്ട കൂടി ഹാജരായി വിസ്തരിച്ച പ്രതിക ൾ ഹരജി ബൊധിപ്പിച്ചു- ആ റിപ്പൊൎട്ടും ഹരജിയും ൦രം വിസ്താ രത്തിൽ ചെൎത്ത വെപ്പാൻ കല്പിച്ചു- അധികാരിയുടെ റിപ്പൊൎട്ടി ൽ പ്രതികളുടെ വാദം മുഴുവനും സമ്മതിച്ച എഴുതിരിക്കുന്നു- അ ന്ന്യായ സാക്ഷികൾ അന്ന്യായത്തിന്ന അനുസരിച്ച പറയുന്നു ണ്ടെങ്കിലും ൧ാം സാക്ഷി ഒന്നാം നമ്പ്ര നിലത്തിന്റെ നടപ്പ മാത്രം അറിയുന്നവനും ൨-ാം സാക്ഷിയും ൩-ാം സാക്ഷിയും ആ ൧ാം സാക്ഷിയുടെ വാക്കിനെ സ്ഥിരപ്പെടുത്തിയും ബൊധിപ്പി ച്ചിരിക്കുന്നു- പ്രതിസാക്ഷികളാലും സമീപസ്ഥന്മാരാലും പ്രതി കളുടെ വാദം പൂൎണ്ണമായി തെളിഞ്ഞിരിക്കുന്നു അന്ന്യായക്കാൎക്ക നിലം പാട്ടത്തിന്ന കൊടുത്തതായി അവര സമ്മതിക്കുന്ന മൂസ്സ അന്ന്യായക്കാരുടെ വാദം അശെഷവും സമ്മതിച്ചിട്ടില്ലാ ആ മൂ സ്സയുടെ വാക്കിന്ന എത്രെയും വിരൊധമായും അന്ന്യായക്കാരു ടെ വാദം സമ്മതിച്ചും അനന്തിരവൻ പൊക്കരും ബൊധിപ്പി ച്ചിരിക്കുന്നു- പള്ളി അടിയാന്റെ കയ്പീത്ത പ്രതികൾക്ക അനുകൂ ലവും ആകുന്നു. ൧൦൨൨ ധനു ൧൭ നു- മൂസ്സയും- അനന്തരവൻ പൊക്കരും കൂടി എഴുതി കൊടുത്തതായ പാട്ടാധാരം അന്ന്യായ ക്കാരും ൧൦൨൨ മകരം ൧൭ നു- ൨-ം ൩-ം നമ്പ്ര നിലങ്ങൾക്ക ചിറ ക്ക കൊവിലകത്ത നിന്ന കിട്ടിയ തരകും കുംഭമാസം ൨൭ നു- ൧ാം നമ്പ്ര നിലത്തിന്ന മെപ്പടി കൊവിലകത്ത നിന്ന കിട്ടിയ തരകും പൊക്കരും ഏഴാമാണ്ട കന്നിമാസം ൨൫ നു- കുഞ്ഞമ്പിക്ക കാലസം ബ്ന്ധവെക്കാതെ ൨-ം ൩-ം നമ്പ്ര നിലങ്ങൾക്ക കൊടുത്ത തരകും ആക്കുഞ്ഞമ്മിയും അനുജൻ മൂസ്സയും കൂടി ൧൦൨൨ കന്നി ൫ നു- പള്ളിഅടിയാന്റെ പെററ ഉമ്മയായ ആയിജക്കും അനുജത്തി പള്ളി ഉമ്മക്കും മുറിയൊലയിൽ എഴുതി കൊടുത്ത കരാറാധാരവും ഒന്നാം നമ്പ്ര നിലത്തിന്റെ തരക തൽക്കാലം കാണാത്തതിനാ ൽ കുഞ്ഞമ്മി കൈവശം കൊവിലകം വക ൩- നിലം ഉണ്ടായി രുന്നു എന്നുള്ള തെളിവിലെക്ക ൩- നിലങ്ങളുടെ വക ശീലകാശ പത്ത ഉരുപ്പിക ബൊധിച്ച പ്രകാരം ൧൩ാമാണ്ട എടവം ൧൭ നു- പാറപ്പുറത്ത കണ്ണൻ എഴുതി കൊടുത്ത പുക്കവൊറും പള്ളി അടി യാനും- കാണിക്കകൊണ്ട അതകളുടെ പകൎപ്പുകൾ വാങ്ങി വി സ്താരത്തിൽ ചെൎത്തു- ൦രം കാൎയ്യത്തിന്റെ വിസ്താര കടലാസ്സുക ൾ നൊക്കി വിചാരിച്ചെടത്ത താഴെ കാണിക്കുന്ന സംഗതിക ളാൽ അന്ന്യായക്കാരുടെ വാദം വിശ്വസിച്ച അവൎക്ക ഗുണമാ യ ഒരു വിധി കൊടുപ്പാൻ പൊലീസ്സാമീന അഭിപ്രായമില്ല-

൧- അന്ന്യായ ഭാഗം വിസ്സരിച്ച സാക്ഷികളാൽ ഒന്നാം നമ്പ്ര നിലത്തിൽ വിത്ത എറക്കുന്നതകണ്ട പ്രകാരമല്ലാതെ ശെഷം രണ്ട നിലങ്ങളുടെ നടപ്പിനെ കുറിച്ച അന്ന്യായക്കാൎക്ക ഗുണമായി യാതൊരു വാക്കും ആ സാക്ഷികളാൽ പറവാൻ കഴിഞ്ഞീട്ടില്ലാ- അത മാത്രമല്ലാ അധികം കൊല്ലങ്ങളായി ൟ ൩- നിലങ്ങളിലും പ്രതികൾ പ്രവൃത്തി നടത്തുന്നത അവര കണ്ട പ്രകാരവും സമ്മതിക്കുന്നു. ൨- അന്ന്യായപ്പെട്ട നിലം അന്ന്യായക്കാരുടെ കൈവശം വരാൻ കാരണമായ പാട്ടാധാരത്തിലെ ഒന്നാം ഒപ്പകാരനായ മൂസ്സ ആ ആധാരം അശെഷം സമ്മതിക്കാതെയും അപ്രകാരം ഒരാധാരം കാണിക്കുന്നുണ്ടെങ്കിൽ അത കള്ളാധാരമാണെന്ന തൎക്കിക്കുന്നതിന്ന പുറമെ കുഞ്ഞമ്മി മരിക്കുന്ന കാലംവരെ പ്രതികൾക്ക നിലത്തിന്മെൽ നടപ്പ അവകാശമുണ്ടെന്ന വെടിപ്പായി സമ്മതിച്ചിരിക്കുന്ന ൟ സങ്ങതികളാൽ തന്നെ അന്ന്യായക്കാരുടെ തൎക്കം യാതൊരു സംശയം കൂടാതെ ഉപെക്ഷിച്ചുകളയെണ്ടതാകുന്നു. ൩- അന്ന്യായപ്പെട്ട നിലങ്ങൾക്ക തരക അവകാശം പൊക്കൎക്ക കിട്ടുന്നതിന്ന ഒരു മാസം മുമ്പായ ധനു മാസം ൧൫നു- യാകുന്നു അന്ന്യായക്കാൎക്ക പാട്ടത്തിന്ന എഴുതി കൊടുത്തീട്ടുള്ളത- ആദ്യം ഒരു വഴിക്ക നിലത്തിന്മെൽ അവകാശം വരാത്തവന ഏത പ്രകാരമാകുന്നു മെൽ പ്രകാരം എഴുതി കൊടുപ്പാൻ അധികാരം വരുന്നത എന്ന അറിയുന്നില്ലാ കാരണവനായ കുഞ്ഞമ്മിക്കുണ്ടായിരുന്ന അവകാശം അവൻ മരിച്ചതിന്റെ ശെഷം തങ്ങൾക്ക താനെ തന്നെ സിദ്ധിപ്പാൻ ന്യായമുള്ള പ്രകാരം ലഭിച്ചിരിക്കുന്നു എന്നുള്ള വിചാരത്തിന്മെൽ പ്രവൃത്തിച്ചതാണെന്ന പൊക്കര പറയുന്നുണ്ടെങ്കിൽ കാല സംഖ്യവെക്കാത്ത മെൽ കാണിച്ച തരക തന്നെ അവന്റെ വിചാരത്തിന്ന ബലം കൊടുക്കുന്നതാകുന്നു എന്നും. അത്ര ബലമുള്ള ആധാരത്തെ ഉപെക്ഷിച്ച ചുരുങ്ങിയ കാല സംഖ്യ വെച്ച തരക വാങ്ങിയ്യുകണ്ടാൽ മരിച്ച കുഞ്ഞമ്മിയും മൂസ്സയും കൂടി സ്ത്രീകൾക്ക കൊടുത്തിരിക്കുന്ന മെൽ കാണിച്ച കരാറിന്റെ ബലംകൊണ്ട പൊക്കരുടെ വിചാരത്തിന്ന പറവന്ന ക്ഷീണതയുടെ നിവൃത്തിക്കായി മെൽ പ്രകാരം ഒരു ഉപായം പ്രവൃത്തിച്ചതാണെന്ന ഇവിടെ പറവാൻ കഴിയുന്നതും ആകുന്നു മെപ്പടി കരാറ മൂസ്സ സമ്മതിച്ചീട്ടും ഉണ്ട. ൪- ഒന്നാം നമ്പ്ര നിലം കുഞ്ഞമ്മിയുടെ കൈവശം ഉണ്ടായിരുന്നു എന്ന ആധാരത്താൽ പ്രതി ഭാഗം തെളിയിപ്പാൻ കഴിഞ്ഞീട്ടില്ലാത്തതിന്മെൽ ആ നിലം കുഞ്ഞമ്മിയുടെ കൈവശം ഉണ്ടായിരുന്നുവൊ- എന്ന സംശയിക്കാനുള്ള വഴി ഇരു ഭാഗമുള്ള വിസ്സാരങ്ങളാലും പള്ളി അടിയാൻ കാണിച്ച പുക്കവാര ശീട്ടിനാലും മുടക്കം വന്നത കൂടാതെ പൊലീസ്സാമീൻ ചെയ്യുടത്തൊളമുള്ള അന്വെഷണത്തിൽ കൊവിലകം വക വെറുമ്പാട്ടമായ വെറെ നി

ലങ്ങൾ കുഞ്ഞന്മി കൈവശം ഇല്ലെന്ന അറിഞ്ഞതകൊണ്ടും മ തിയായിരിക്കുന്നു. ൬ ൰ം കാൎയ്യം, സത്യത്തിന്മെൽ തീൎപ്പാനായി ചെയ്യുപ്രയത്നം കക്ഷിക്കാരുടെ തൎക്കം ഹെതുവാൽ സാധിപ്പാൻ കൂടിട്ടില്ലാ. ൭- ആദ്യം കുഞ്ഞന്മിക്ക കൊടുത്ത തരക ജീവനൊടു കൂ ടി ഇരിക്കുമ്പൊൾ ആയ്തു തിരിയെ വാങ്ങി ദുൎബ്ബലപ്പെടുത്തി പൊക്കക്ക തരക കൊടുക്കെണ്ടുന്ന മൎയ്യാദയായിരിക്കുമ്പൊൾ ആ നടപ്പിനെ കെവലം ഉപെക്ഷിച്ച പൊക്കക്ക പുതുതായി തരക കൊടുത്തത എത്രയും അക്രമമാകുന്നു- ആദ്യം തരക വാങ്ങിയ കു ഞ്ഞന്മി മരിച്ചതിന്റെ ശെഷം പൊളിച്ച എഴുതെണ്ടുന്ന ന്യായം ഇതിൽ നടത്തിയല്ലായെന്നു കൊവിലകത്ത നിന്ന വിചാരിക്കു ന്നുണ്ടെങ്കിൽ ആ കുഞ്ഞന്മിയുടെ നെരെ അനുജനായ മൂസ്സയുടെ പെരിൽ ഒന്നാമത്തെ തരക തിരിയെ വാങ്ങി എഴുതി കൊടുക്കെ ണ്ടതാകുന്നു- ആ നെരായ മാൎഗ്ഗം വിട്ട മെൽ പ്രകാരം അക്രമം പ്രവൃത്തിച്ചത കണ്ടാൽ ദ്രവ്യകാംക്ഷയിന്മെൽ മാത്രം പ്രവൃത്തി ച്ചത എന്നും അതിനാൽ ഇങ്ങിനെ ഉള്ള ദുൎവ്യവഹാരം വൎദ്ധിച്ച വരുന്നതാണെന്നും പ്രസ്ഥാപിക്കെണ്ടത ആവശ്യമാകുന്നു മെ ൽ കാണിച്ച സങ്ഗതികളാൽ അന്ന്യായം നീക്കി അന്ന്യായപ്പെട്ട മൂന്ന നമ്പ്ര നിലങ്ങളും ൨-ം ൩-ം ൯-ം ൮-ം പ്രതികൾ കീഴക്കട പ്രകാരം നടന്ന വരുന്നതിൽ അന്ന്യായക്കാര യാതൊരു തെച്ച്യം ചെയ്തു പൊകരുതെന്നും പൊയാൽ തക്കതായ ശിക്ഷക്കുൾപ്പെടുത്തുമെന്നും- ൰ം വിധിയാൽ സങ്കടം വിചാരിക്കുന്നവര ക്രമമായ അപ്പീലിനാൽ നിവൃത്തി വരുത്തികൊള്ളെണമെന്നും ശെഷം പ്രതികളെ പിടിപ്പാനാവശ്യമില്ലെന്നും പിടിച്ച പ്രതികളെ വിട്ട അയപ്പാനും കല്പിച്ചു.

ഹെഡ അസിഷ്ടാണ്ട മജിസ്ത്രെട്ടില്ക്ക.

ചിറക്ക താലൂക്ക എളയാപൂര അംശത്തിൽ മത്തിയും- ൨- ചന്തു വും കൂടി ബൊധിപ്പിക്കുന്ന അപ്പീൽ ഹരജി- ചിറക്ക കൊവില കം വക ചൊവ്വ ദെവസ്സം ജന്മം മീത്തലെ വയല നിലം മുതൽ ൩- നമ്പ്ര നിലങ്ങൾ മൂസ്സ അനന്തിരവൻ പൊക്കര ൰ം രണ്ട മാപ്പിളമാര ഞങ്ങൾക്ക ൧൦൨൮ ധനു ൧൭നു- കൊഴവിന്ന എഴുതി തന്നതിൽ മീത്തലെ വയല നിലത്തിൽ ൨൮ മെടം ൧൨നു- ഞ ങ്ങൾ ഇട്ടിരിക്കുന്ന വിള കുഞ്ഞുക്കുട്ടിയാലി എന്ന മാപ്പിള മുതൽ ൧൭ാൾ കൂടി ഉഴുത നഷ്ടം വരുത്തുകയും വാക്കെററം പറകയും ചെ യ്തു കാൎയ്യം കണ്ണൂര ആമീൻ കച്ചെരി മുഖാന്തരം വിസ്തരിച്ചതിൽ നിൎബ്ബാധനയായി കല്പിച്ച തീൎപ്പ ഞങ്ങൾക്ക സങ്കടമാകകൊ ണ്ടഇതിന താഴെ ബൊധിപ്പിക്കുന്ന ന്യായങ്ങൾ കാണിച്ച ഞ ങ്ങൾ അപ്പീൽ ചെയ്യുന്നു- ൧-ാ ൨-ം അന്ന്യായക്കാരായ ഞങ്ങളൊ

ട വിസ്തരിച്ചതിൽ ൦രം കഴിഞ്ഞ മകരമാസത്തിൽ മാത്രം ആ നിലം ഞങ്ങളെ കൈവശം വന്നിരിക്കുന്നു എന്ന ഞങ്ങൾ സമ്മതിച്ചപ്രകാരം തീപ്പിൽ എഴുതി കാണുന്നത ശരിയാകുന്നു ൦രം നിലത്തിന്റെ ജന്മി ചിറക്കൽ കോവിലകമായിരിക്കുമ്പോൾ ആ ജന്മിയൊട കിഴക്കട നടപ്പുകാരനായിരുന്ന കുഞ്ഞന്മി മാപ്പിളയുടെ അവകാശികൾ ഇടവിടാതെ ഇരുന്ന സംഗതിക്ക ജന്മി ക്രമമായി നടന്നവരുന്ന കുടിയാന തന്റെ ഉഭയം നടപ്പിന്ന കൊടുക്കുന്നതും നടക്കുന്നതും സാധാരണ നടപ്പാകുന്നു- അങ്ങിനെ കൊടുത്തിട്ടില്ലെങ്കിലും- മരിച്ചു കുഞ്ഞന്മി മാപ്പിളയുടെ അവകാശി പൊക്കര മാപ്പിള ജന്മിയൊട യൊജിച്ച നടപ്പിന്ന എഴുതി കൊടുത്തതല്ലാതെ കുഞ്ഞന്മി മാപ്പിള മരിക്കുന്നവരെ അയാളും മരിച്ചതിന്റെ ശെഷം ഞങ്ങൾക്കും നടപ്പിന്ന കിട്ടുന്നവരെയും ആരും തന്നെ പ്രതികൾക്ക കൊടുക്കുകയും നടക്കുകയും ചെയ്യീട്ടില്ലാ കുഞ്ഞന്മി മാപ്പിളയുടെയും മറ്റും കൂലിക്ക പ്രതികൾ നിലത്തിൽ പ്രവൃത്തിച്ച കൂലി വാങ്ങീട്ടുണ്ടെങ്കിൽ ആ കൂലിക്കാരാകുന്നു നടപ്പുകാര എന്ന ഒരു കാലത്തും വിചാരിച്ചുകൂട- അതിന്റെ സൂക്ഷ്മം ആമീന്റെ ആലൊചനകൊണ്ട വിചാരിക്കെണ്ടതായിരുന്നു- ൧൦൦൯ മുതൽ ൦രം നിലങ്ങൾ കുഞ്ഞന്മി മാപ്പിളയൊട ൨-ം ൩-ം ൪-ം പ്രതികൾ വെറുമ്പാട്ടത്തിന്ന വാക്കാൽ സമ്മതിച്ച വാങ്ങി നടന്നവരുന്നു എന്നും ൦രം കൊല്ലം ൩- നിലങ്ങളിലും വിത്ത എറക്കിരിക്കുന്നു എന്നും കുഞ്ഞന്മി മരിച്ചതിന്റെ ശെഷം മരുമകൾ ആയിജ്ജ എന്ന സ്ത്രീയുടെ കൈവശമായി നിലം നടന്നവരുന്നു എന്നും പ്രതിഭാഗത്തെ വാദം ആമീന്റെ തീപ്പിൽ കാണുന്നു മരിച്ച കുഞ്ഞന്മി മാപ്പിളയൊട എങ്കിലും ഇപ്പൊൾ കൈവശമായി നടന്നവരുന്നു എന്ന പറയുന്ന മെൽ പറഞ്ഞ സ്ത്രീയൊട എങ്കിലും പ്രതികളുടെ നടപ്പിന്ന രെഖ വാങ്ങുവാനും സൎക്കാരിൽ ബൊദ്ധ്യം വരുത്താനും റിഗ്ഗുലെഷനാലും കാണെ ജന്മമൎയ്യാദയാലും നാട്ട നടപ്പാലും സാഫല്യം വരുന്നതല്ലാതെ പ്രതികൾക്ക അവജയം വരുന്നതല്ലായ്കകൊണ്ട മെൽപ്രകാരം രെഖ വാങ്ങുവാൻ ഇത്രപ്രയാസം പ്രതികൾക്ക വന്നത എന്തെന്ന ഞങ്ങൾ അറിയുന്നില്ലാ പ്രതി വാദം തെളിയിപ്പാൻ ആധാരമൊന്നുമില്ലെന്ന ആമീന്റെ തീപ്പിൽ പ്രത്യെകമായ സമ്മതവും കാണുന്നു അതിനാൽ ൦രം നിലത്തിന്റെ നടപ്പുകാര പ്രതികൾ അല്ലെന്നും ൦രം കൊല്ലം വിത്ത ഇട്ടു എന്ന പ്രതികൾ പറയുന്നത സത്യമല്ലെന്നും മെൽ എഴുതിയപ്രകാരമുള്ള കൂലി പണി എടുത്തവന്നവരാകുന്നു എന്നും സ്പഷ്ടമായി ബൊധിപ്പാൻ ന്യായം കാണാം പ്രതികൾക്ക അനുകൂലമായി എളയാപൂര അംശം അധികാരി ചെയ്യു റപ്പൊട്ടും ഞങ്ങളെ പാട്ടൊലയിൽ ഒന്നാം ഒപ്പകാരനായ മൂസ്സ മാപ്പിളയുടെ വാക്കും യൊജിച്ച കാണുന്നപ്ര

കാരം ആമീന്റെ തീൎപ്പിൽ എഴുതിയ്ത അധികാരിക്ക ഞങ്ങളൊടു
ള്ള സിദ്ധാന്തവും മറ്റും അഫീൽ വ്യവഹാരത്തിൽ തെളിവാനും
അപ്പൊൾ അവരുടെ വാക്ക ദുൎബ്ബലമാവാനും സങ്ങതിവരും- ൟ
നിലങ്ങളുടെ ജന്മിയായ ചിറക്കൽ കൊവിലകത്തനിന്ന മരിച്ച കു
ഞ്ഞമ്മി മാപ്പിളക്ക ൟ നിലങ്ങൾ പാട്ടത്തിന കൊടുത്തീട്ടുള്ളത
തന്റെ ജന്മം പൊലെ അവകാശികളായ സ്ത്രീകൾക്ക മുറൊല
യിൽ ആധാരം എഴുതി കൊടുത്ത പ്രകാരം ആമീന്റെ തീ
ൎപ്പിൽ കാണുന്നത ജന്മിയായ കൊവിലകത്തനിന്ന അനുസരി
ക്കുന്നതും ആയ്ത ഒരുനാളും സാധുവാകുന്നതും അല്ലാ കുഞ്ഞമ്മി
മാപ്പിളയുടെ അടുത്ത അനന്തരവനായ പൊക്കരമാപ്പിള ജന്മി
യൊട യൊജിച്ച തന്റെ പെരിൽ തരക വാങ്ങിരിക്കുമ്പൊൾ കീ
ഴുക്കട തരകും നടപ്പാവകാശവും ആ ജന്മിയുടെ മനഃപൂൎവ്വമായി
ദുൎബ്ബലപ്പെടുത്തീട്ടുണ്ടൊ ഇല്ലയൊ എന്നായിരുന്നു ആമീൻ വി
ചാരിക്കെണ്ടുന്നത ആയ്ത വിചാരിച്ചീട്ടില്ലെങ്കിലും പൊക്കര മാപ്പി
ളക്ക തരക കിട്ടുന്നതിന്ന മുൻമ്പെ ൟ നിലങ്ങൾ ഞങ്ങൾക്ക പാ
ട്ടത്തിന്ന കിട്ടിയ്യാകുന്നു എന്ന ആമീന്റെ തീൎപ്പിൽ പറയുന്നത
ജന്മിയൊട യൊജിച്ച പൊക്കര മാപ്പിള ഞങ്ങളെ നടപ്പിന്മെൽ
വാദി അല്ലായ്കകൊണ്ടു പൊക്കര മാപ്പിളയുടെ തരകും ഞങ്ങളെ
പാട്ടൊലയും ദുൎബ്ബലമെന്ന വിചാരിക്കുന്നത നിഷ്ഫലമെത്രെ- കു
ഞ്ഞമ്മി മാപ്പിളയുടെ വഹകൾ അവകാശികളായവൎക്ക ആധാരം
കൊടുത്തല്ലാതെ തങ്ങടെ കാരണവരുടെ മുതലിന്ന അവകാശ
മായി വരുന്നതല്ലന്നാണെങ്കിൽ കുഞ്ഞമ്മി മാപ്പിളക്ക നടപ്പവ
കാശമായിരുന്ന മെൽ പറഞ്ഞ നിലങ്ങൾ സ്ത്രീകൾക്ക എഴുതി
കൊടുത്തത വിചാരിച്ചാൽ ആയ്ത ജന്മിയിനെ തൊല്പിപ്പാൻ ചെ
യ്ത കൌശലമെന്നും ആ വക ആളുകൾ നല്ല നടപ്പുകാരരല്ലെ
ന്നും കൂടിവിചാരിക്കെണ്ടുന്നത ആമീൻ ചെയ്തീട്ടില്ലാ മെൽപ്ര
കാരം യൊജിക്കാത്ത കുഞ്ഞമ്മി മാപ്പിളയുടെ താൎക്കികന്മാരായ
അവകാശികൾ ആ തരക ജന്മിക്ക തിരിയെ കൊടുക്കുന്നതും- അ
നുകൂലപ്പെടുന്നതും അല്ലാ- ജന്മിയൊട യൊജിച്ചവരുന്ന കുടിയാ
ൻ ഏതാകുന്നു എന്ന ആമീൻ വിചാരിക്കെണ്ടതായിരുന്നു ആ
യ്ത ചെയ്യാതെ കൊവിലകത്തെക്ക ഹീനത്വമായ ഒരു പ്രസ്ഥാ
പം ആമീന്റെ തീൎപ്പിൽ കാണുന്നുണ്ടു കൊവിലകത്തെക്ക അ
നെകം വസ്തുക്കൾ ഉണ്ടാകകൊണ്ടു അല്പമായ ൟ കാൎയ്യത്തിന്മെ
ൽ ന്യായം വിട്ടു ദ്രവ്യാകാംക്ഷവെച്ച അക്രമം പ്രവൃത്തിക്കുന്നതും
ദുൎവ്വിവഹാരം വൎദ്ധിപ്പിക്കുന്നതും ആ സ്ഥലമല്ലെന്നും പ്രതിഭാഗം
നടപ്പു സ്ഥിരപ്പെടുത്തെണ്ടതിന്ന വെണ്ടി ദൃഷ്ട്യം പറയുന്നതും
അതിനാൽ ൟ അഫീൽ വ്യവഹാരംകൂടി സംഭവിപ്പാൻ ഇടവ
ന്നതും ആകുന്നു എന്ന സൂക്ഷ്മമായി വിചാരിച്ചാൽ ഞങ്ങളുടെ
അപെക്ഷയുടെ സത്യം അറിയാം- അതുകൊണ്ടു സന്നിധാന

ത്തിങ്കലെ കൃപാകടാക്ഷം ഉണ്ടായിട്ട ആമീൻ ചെയ്ത തീൎപ്പും വിസ്താരങ്ങളും വരുത്തി നൊക്കിയും- മെൽ പറഞ്ഞ മൂസ്സമുതലായി ആവിശ്യപ്പെടുന്ന ആളുകളൊടും മറ്റും എനിയും വെണ്ടുന്ന വിസ്താരംചെയ്യും ചിറക്കൽ കൊവിലകത്തെക്ക കത്തയച്ച മറുപടി വരുത്തി സത്ത്യം അറിഞ്ഞു ആമീന്റെ തീൎപ്പ ദുൎബ്ബലമാക്കി സത്ത്യം അറിഞ്ഞ തന്നിരിക്കുന്ന തരകപ്രകാരം ഞങ്ങൾക്ക കിട്ടിയ പാട്ടൊലയിലെ താല്പൎയ്യപ്രകാരം നിലം നടന്നവരാൻ കല്പന ഉണ്ടാകെണ്ടതിന്ന അപെക്ഷിക്കുന്നു- എന്ന ൧൦൨൮ എടവം ൧൮ന്നു-

---

കൊട്ടയം താലൂക്ക ഹെഡ പൊലീസ്സാപ്പര ൧൮൫൩ ആമത ആഗസ്ത മാസം ൩൧ന്നു- കല്പിച്ച തീൎപ്പ.

അന്ന്യായം മുസലിയാര അവ്വുള്ള.

പ്രതി കുഞ്ഞമ്പി ഉമ്മ മുതൽ ൪-ാൾ.

അന്ന്യായക്കാരന്റെ കാരണവൻ മരിച്ചുപൊയ മുസലിയാര കുഞ്ഞമ്മത സമ്പാദിച്ചതായും അവന്റെ മക്കളും അനന്തിരവന്മാരായ തങ്ങളും കൂടി ഭാഗം ചെയ്തതിൽ തറവാട്ട ഓഹരിക്ക തിരിച്ചു വെച്ച കരാറ എഴുതീട്ടുള്ളതിൽപ്പെട്ടതായും ഉള്ള പുളിയ നമ്പ്രം ദെശത്ത പറയന്റെ കുനിപറമ്പിലെ കുടിയിൽ തന്റെ ജെഷ്ഠനും ൧ാം പ്രതിയെ കെട്ടിയവനുമായ കുഞ്ഞിതറുവയി എന്നവനും ൧ാം പ്രതിയും മറ്റും കൂടി പാൎത്ത വന്നിരുന്ന പ്രകാരവും ആ പുരയിൽ ഉണ്ടായിരുന്ന ൨൬ ഉറുപ്പിക വിലക്കുള്ള സാമാനങ്ങൾ എടുത്ത കൊണ്ടുപൊകയും പുരയിൽ ൪ാം പ്രതി തിയ്യരെ പാൎപ്പിക്കുകയും പറമ്പിൽ തെച്ചുക്ക ചെല്ലുകയും ചെയ്തിരിക്കുന്നു എന്ന അന്ന്യായം- അന്ന്യായക്കാരനൊടും- ൨-ം ൪-ം പ്രതികളൊടും മെൽ പറഞ്ഞ സാക്ഷികളൊടും വിസ്തരിച്ചു- അന്ന്യായക്കാരനും ൪-ാം പ്രതിയും കാണിച്ച ആധാരങ്ങൾക്ക പകൎപ്പ വാങ്ങി ആസ്സും ൦രം കാൎയ്യം തമ്മിൽ തീൎപ്പിപ്പാൻ എല്പിച്ച തുമ്പ്രങ്ങൊട്ടുര അംശം അധികാരി ബൊധിപ്പിച്ച റപ്പൊടത്ത ഇന്ന എത്തിയ്യും ഇതിൽ ചെൎക്കുകയും ചെയ്തു- ദസ്താപെജകൾ ഒക്കെയും നൊക്കിയ്യിൽ മുതൽ എടുരത്ത കൊണ്ടുപൊയ പ്രകാരവും പൊലീസ്സായിയാതൊന്നും ഉണ്ടായ പ്രകാരവും തെളിവ കണ്ടീട്ടില്ല അന്ന്യായത്തിൽ പറയുന്ന പറമ്പ മുമ്പെ അന്ന്യായക്കാരന്റെ കാരണവൻ മരിച്ചുപൊയ മുസലീയാര കുഞ്ഞമ്മത ജന്മി കരിയാട്ട നമ്പ്യാരൊട വാങ്ങീട്ടുള്ളതും അന്ന്യായക്കാരൻ കാണിച്ച ഒന്നാം നമ്പ്ര കരാറിൽപ്പെട്ടതും ആകുന്നു എന്ന കാണുന്നുണ്ട എങ്കിലും ആ പറമ്പ അന്ന്യായക്കാരന്റെ ജെഷ്ഠൻ ൨-ാം പ്രതിയുടെ മകളായ ൧-ാം

പ്രതിയെ കെട്ടിയവനും ആയ കുഞ്ഞി തറുവയി ജന്മിയുമായി നെരിട്ട എഴുതിച്ച വാങ്ങി അവന്റെ അവകാശം ൧൦൨൪ ൨-ാം പ്രതിക്ക ആധാരത്തൊട കൂടി കൊടുത്ത ൨-ാം പ്രതിയും ജന്മിയുമായി ആ ഉടനെ തന്നെ നെരിട്ട എഴുതി വാങ്ങി ൨-ാം പ്രതി നടന്ന നികുതിയും കൊടുത്ത പുരയിൽ പാൎത്ത അനുഭവിച്ച വരുമ്പൊൾ ൨-ാം പ്രതിയുടെ അവകാശം ൪ാം പ്രതിയുടെ ജെഷ്ഠൻ കുഞ്ഞുസ്സു വാങ്ങി അവനും ജന്മിയൊട പൊളിച്ച എഴുത്തിച്ചിരിക്കുന്നു എന്നും ഇപ്പൊൾ ൨-ാം പ്രതി മുതലായവര പുരയും പറമ്പും സമ്മതിച്ച കൊടുത്ത ൪ാം പ്രതിയുടെ ആൾക്കാരെ പുരയിൽ പാൎപ്പിച്ചിരിക്കുന്നു എന്നും അതിനാൽ ൟ അന്ന്യായം ഉണ്ടായ്വായിട്ടും ആധാരസാക്ഷികളാൽ തെളിവ കാണുന്നത കൂടാതെ ഞാൻ ഇയ്യിടെ ആപ്രദെശത്ത പൊയിരുന്നപ്പൊൾ ൟ സംഗതിയെ കുറിച്ച അന്വെഷിച്ചതിലും ആപ്രദെശത്തെ അംശം അധികാരിയുടെ റിപ്പൊൎട്ട കൊണ്ടും അറിഞ്ഞിരിക്കുന്നു- അന്ന്യായക്കാരൻ പറമ്പ നടക്കുന്നു എന്നും നികുതി അവൻ കൊടുത്ത വരുന്നു എന്നും ബൊധിപ്പിക്കുന്നത നെരല്ലാ ൟ കാൎയ്യം സത്യത്തിന്മെൽ തീരെണ്ടുന്ന സംഗതികൊണ്ട അന്ന്യായക്കാരനൊടും ൨-ാം പ്രതിയൊടും ചെയ്യു വിസ്താരത്തിൽ തന്റെ ജെഷ്ഠൻ ൧൦൨൪ ധനുമാസം ൧൦൩– കൊടുത്തതായി ൪ാം പ്രതി കാണിച്ച ഉണ്ടറുതി ആധാര പ്രകാരമാകുന്നു ൨-ാം പ്രതി നടന്ന വരുന്നത എന്ന സത്ത്യം ചെയ്യെണമെന്നും മറ്റും അന്ന്യായക്കാരനും- താൻ വാദിക്കുന്നെടത്തൊളം അവകാശത്തിന്നും നടപ്പിന്നും സത്ത്യം ചെയ്യാമെന്നും എന്നാൽ അന്ന്യായക്കാരന്റെ എല്ലാ വാദവും വിടെണമെന്നും ൨-ാം പ്രതിയും ബൊധിപ്പിച്ചിരിക്കുന്നു- അന്ന്യായക്കാരൻ കാണിച്ച ൧ാം നമ്പ്ര കരാറ മുച്ചൊല ആധാരത്തിൽപ്പെട്ട ൟ പറമ്പിന്ന തന്നെ അല്ലാ ആ ആധാരത്തിൽ പറയുന്ന വെറെയും നിലം പറമ്പുകൾ നിമിത്തമായി ൟ അന്ന്യായക്കാരനും ജന്മിയായ നമ്പ്യാരും പ്രതിക്കാരിൽ ചിലരും തമ്മിൽ പൊലീസ്സായും- സീവിൽ ആയും- വ്യവഹാരം നടന്നതിൽ ൟ നാലാം പ്രതി വക്കീൽ ആയീട്ടും മറ്റും ൟ പറമ്പും- മുമ്പെ തന്നെ തൎക്ക സ്ഥിതിയിൽ നിൽക്കുന്നത ൪ാം പ്രതി നല്ലവണ്ണം അറിഞ്ഞും കൊണ്ട അന്ന്യായക്കാരനെ തൊല്പിപ്പാൻ ജന്മിയായ നമ്പ്യാരുമായി നെരിടീച്ച ഉണ്ടറുതി ആധാരത്തിന്മെൽ ൨-ാം പ്രതി നടക്കുന്നത എന്നും മറ്റും ഇങ്ങിനെ വ്യവഹാരത്തിന്ന ഇട വരുത്തി ൧-ം ൨-ം പ്രതികളെ സ്വാധീനമാക്കി ൪ാം പ്രതി കൈവശം വരുത്തുവാൻ നൊക്കുന്ന ൟ കാൎയ്യം സീവിൽ വ്യവഹാരത്താൽ തന്നെ നിവൃത്തി വരുത്തെണ്ടുന്നത എന്നും അതുവരെ മുമ്പെത്തെ പ്രകാരം ൧ാം പ്രതിയും അവരുടെ ശെഷക്കാരും കൂടി ഇരുന്ന നടന്നുവരെണ്ടുന്നത എന്നും കല്പിച്ച ൟ അന്ന്യായം നീക്കി.

ഹെഡപൊലിസിപ്പാണ്ടമജിസ്ത്രെട്ടിന്ന.

കൊട്ടയം താലൂക്ക കയ്യാട അംശത്തിൽ മുസലിയാര അവ്വള്ള ബൊധിപ്പിക്കുന്ന അർഫീൽ ഹരജി. എന്റെ കാരണവര സമ്പാദിച്ച ഏറിയ കാലമായി ഞങ്ങളെ കൈവശം നടന്ന വരുന്ന പറയന്റെ കുന്നിപറമ്പിൽ പ്രതി കുഞ്ഞമ്പി എന്ന സ്ത്രീ മുതലായവര ബലമായി തക്കം ചെയ്കയും മററും ചെയ്ത സങ്ങതിയാൽ ഞാൻ ബൊധിപ്പിച്ച അന്ന്യായം കൊട്ടയം താലൂക്ക ഹെഡ പൊലിസാപ്പര വിസ്തരിച്ച ൧൩ ആഗസ്ത ൨൭നു കല്പിച്ച അക്കുമ്പ്ര ൨൭നു ഞാൻ അറിഞ്ഞ പകപ്പ വാങ്ങിയ്യായ തീൎപ്പ എനിക്ക സങ്കടമാകകൊണ്ട അത മാററുവാനുള്ള ന്ന്യായത്തൊടു കൂടി ൟ അർഫീൽ ബൊധിപ്പിക്കുന്നു- ൧ മെപ്പടി പറമ്പ കയ്യാട്ട വാലൊളി എടം വക ജന്മവും- അതിന്മെൽ എന്റെ കാരണവര മരിച്ചപൊയ മുസലിയാര കുഞ്ഞഹമ്മത എന്നവൎക്ക കാണം കുഴിക്കാണ അവകാശവും ആകുന്നു. ൨- മെപ്പടി പറമ്പ മുസലിയാര കുഞ്ഞഹമ്മത എന്നവരുടെ മക്കളായ കുഞ്ഞിതറുവയി മുതലായ്വരും അനന്തിരവന്മാരായ ഞാൻ മുതലായ്വരും തമ്മിൽ ഭാഗം ചെയ്യതിൽ തറവാട്ട ഓഹരിക്ക തിരിച്ച വെച്ച കരാറ എഴുതിയ്യിൽപ്പെട്ടതും എന്റെ കൈവശം നികുതി കൊടുത്ത അനുഭവിച്ച വരുന്നതും ആകുന്നു എന്ന എന്റെ ഭാഗം ആദ്ധ്യം ഉണ്ടായെടത്തൊളം ഉള്ള വിസ്താരത്താലും ദസ്താവെജകളാലും തെളിവായ പ്രകാരം ഹെഡ പൊലീസാപ്പൎക്ക ബൊദ്ധ്യം വന്നിരിക്കുന്നു എന്ന തീൎപ്പകൊണ്ട കാണുന്നു- നടപ്പ സംഗതി സിവിൽ വ്യവഹാരത്താൽ വസ്തുകൈവശമുണ്ടായിരുന്ന ഞാൻ നിവൃത്തി വരുത്തണമെന്ന കല്പിച്ചത സങ്കടമായി വന്നിരിക്കുന്നു. ൩- ആദ്ധ്യം അന്ന്യായത്തിലെ പ്രതികൾ പറമ്പിൽ തക്കം ചെയ്യാനുള്ള ഹെതു കയ്യാട അംശം അധികാരിയായിരുന്ന കുഞ്ഞുണ്ണി എന്ന പെരായ വലിയ നമ്പ്യാൎക്ക എന്റെ മെൽ മത്സരം ഉണ്ടായിരുന്നതിനാലും ൟ പറമ്പ നമ്പ്യാര കൈവശമാക്കാൻ വെണ്ടിയും എന്റെ ജ്യെഷ്ഠൻ മരിച്ച കുഞ്ഞിതറുവയി ൨-ാം പ്രതിക്ക ഉണ്ടരുതി കൊടുത്ത പ്രകാരവും- ആ പ്രതിയും മെപ്പടി നമ്പ്യാരുമായി ആ ഉണ്ടരുതി ആധാരത്താൽ നെരിട്ട പ്രകാരവും മുൻ ൩- വെച്ചകൃത്രിമാധാരം ഉണ്ടാക്കി ൟ തക്കത്തിന്ന എട വരുത്തിയ്യാകുന്നു. ൪- മരിച്ച ജ്യെഷ്ഠൻ കുഞ്ഞിതറുവയിക്ക ൟ പറമ്പിൽ അവകാശം ഇല്ലെന്ന ആദ്ധ്യത്തിൽ ഞാൻ ഫയലാക്കി പകപ്പ കൊടുത്ത കരാറകൊണ്ട തെളിയുന്നത കൂടാതെ ൟ പറമ്പ കുഞ്ഞിതറുവയിയുടെ കൈവശം നടപ്പില്ലയായിരുന്നു എന്നും എന്റെ കൈവശമായിരുന്നു നടപ്പ എന്നും ജായണ്ട മജിസ്ത്രെട്ട സായ്പവർകളുടെ മുമ്പാകെ മെപ്പടി കുഞ്ഞുണ്ണി എന്ന പെരായ വലിയ നമ്പ്യാര ൟ പറമ്പിലും വെറെ എന്റെ കൈവശമുള്ള പറമ്പുകളി

ലും നിന്ന ബെലമായി ചരക്കുകൾ പറിച്ച സംഗതിക്ക ഉണ്ടായ പൊലീസ്സു വിസ്താരത്തിൽ കല്പിച്ച തീൎപ്പുകൊണ്ടും തെളിയും. ൧- മെൽ പ്രകാരം തീൎപ്പുണ്ടായതിന്റെ ശെഷം മെപ്പടി നമ്പ്യാരുടെ മത്സരത്താൽ മെപ്പടി കരാറിൽ ഉൾപ്പെട്ടതായ നെല്ലാച്ചെരിതാഴ ബ൪൧ നെല്ലു വാരത്തിന്റെ നിലത്തിന്മെൽ ൨ാം പ്രതി പെരിൽ ക്രിത്രിമമായി ഒരു ഉണ്ടേറുതി ആധാരം ഉണ്ടാക്കി പൊലീസ്സായി അന്ന്യായപ്പെടിച്ചതിൽ ആ ഉണ്ടേറതി ആധാരം നമ്പ്യാരുടെ സഹായത്താൽ ക്രിത്രിമമായി ഉണ്ടാക്കിയതാണെന്നും ആ നിലം ഞാൻ നടപ്പാനായിയും കൊട്ടയം താലൂക്ക കച്ചെരിയിൽനിന്ന തീൎപ്പുണ്ടായി ഇന്നും ഞാൻ നടന്നവരുന്നു. ൩- ൟ പറമ്പിന്റെയും മെപ്പടി നിലത്തിന്റെയും നികുതി എടം വക പെരിൽ ഞാൻ അടച്ചുവരുന്നതിൽനിന്ന എന്റെ യാതൊരു സമ്മതം കൂടാതെ അധികാരിയായ നമ്പ്യാര ൪-ൽ ചിൽവാനം ഉറുപ്പിക ൨ാം പ്രതിയൊട നികുതി പറ്റുകയും ആയവസ്ഥ ഞാൻ അറിഞ്ഞ ആ ഉടനെ തന്നെ ൟ ചതിപ്രവൃത്തികൾക്ക കൊട്ടയം താലൂക്ക കച്ചെരിയിൽ വിവരമായി ഹരജി ബൊധിപ്പിച്ചിരിക്കുന്നു. ൟ പറമ്പിന്ന ൨ൽ ചിൽവാനം ഉറുപ്പിക മാത്രമെ നികുതി ഉള്ളു നാലിൽ ചിൽവാനം ഉറുപ്പിക ൨൫ മുതൽക്ക ൨ാം പ്രതിയൊട അധികാരി നമ്പ്യാര വാങ്ങിവരുന്നു. അങ്ങിനെ അധികം നികുതി വാങ്ങിവരുന്ന അവസ്ഥകൊണ്ട ൟ നികുതി പറമ്പിന്റെതാണെന്ന എങ്ങിനെ നിശ്ചയപ്പെടുത്താം ൟ അവസ്ഥ കൊണ്ട കൌശലമായി നികുതി പറ്റിയതാണെന്ന പ്രത്യക്ഷപ്പെടും. ൭- താലൂക്ക തീൎപ്പിൽ പറയും പ്രകാരം ജെഷ്ഠൻ കുഞ്ഞി തറുവയി കൊടുത്ത ഉണ്ടേറതി പ്രകാരം പറമ്പ കൈവശം വന്നതാണെന്ന അവര സത്യം ചെയ്യാതെ കൌശലമായി നടപ്പിന്മെൽ സത്യം ചെയ്യാമെന്ന പറഞ്ഞതുകൊണ്ട തന്നെ ആ ഉണ്ടേറതി ആധാരം മുതലായ്തു ക്രിത്രിമമാണെന്നും അത പ്രകാരം സത്യം ചെയ്യാതെ ഇരുന്നാൽ എന്റെ സങ്കടം തീരുന്നതല്ലെന്നും ബൊധിക്കും വഞ്ചനയായും ചതിയായും ആധാരങ്ങൾ ഉണ്ടാക്കുന്നതിന്ന അമച്ച് വരുത്തെണ്ടുന്ന ഹെഡപൊലീസാപ്പുക്ക അപ്രകാരം ഉണ്ടായതാകുന്നു ൨ാം പ്രതി വക ആധാരങ്ങളും ൟ കാൎയ്യത്തിന്റെ തക്കവും എന്ന വെണ്ടുംവണ്ണമായി ബൊധിച്ചപ്രകാരം തീൎപ്പിൽ സ്ഥാപിച്ചിരിക്കുമ്പൊൾ മെൽപ്രകാരമുള്ള പ്രവൃത്തികൾ വൎദ്ധനവരാതെ ഇരിപ്പാനായി ഒരു അമച്ച് കൊടുക്കാതെ അല്പമായ ൟ ഒരു പറമ്പിന്ന വെണ്ടി ഞാൻ ഒരു അദാലത്ത അന്ന്യായം ചെയ്തു അദ്ധ്വാനിച്ച നിവൃത്തി വരുത്തെണമെന്ന കല്പിച്ചത സങ്കടമാകുന്നു. അതകൊണ്ട ആദ്യ വിസ്താരങ്ങളും മെപ്പടി പറമ്പിനെ കുറിച്ചും മറ്റും നടന്നിട്ടുള്ളതായി ൟ ഹരജിയിൽ പറയും പ്രകാരമുള്ള എല്ലാ റിക്കാട്ടുകളും

വരുത്തി നൊക്കി ഹെഡപൊലീസാപ്പരുടെ തീൎപ്പിൽ പറമ്പും കുടിയും ൨-ാം പ്രതിയുടെ കൈവശം നടപ്പാനും ഞാൻ സീവിൽ വ്യവഹാരം ചെയ്തുകൊള്ളെണമെന്നും കല്പിച്ചിട്ടുള്ള ഭാഗം ദുൎബ്ബലമാക്കി കീഴക്കട പ്രകാരം മെപ്പടി പറമ്പും കുടിയും എന്റെ കൈവശം നടപ്പാൻ കല്പന ഉണ്ടാകെണ്ടതിന്ന അപെക്ഷിക്കുന്നു- ദിവസെനാൽ താലൂക്കിൽ ഹാജരുള്ള എന്നെ തീൎപ്പിന്റെ വിവരം അറിയിക്കാതെ ൧൦ം ആക്ട്രമ്പ്രമാസം ൧൭ന്നു- മാത്രം എനിക്ക തീൎപ്പിന്റെ പകൎപ്പ കിട്ടിയുന്നാൽ അവധിക്ക അകത്തിൽ ബൊധിപ്പിക്കാൻ സങ്ങതി വരാത്തതാകുന്നു- എന്ന ൧൦൨൯ തുലാം ൯ന്നു-

---

൧൦൨൮ാമത മെയിമാസം ൨൨ന്നു- ചെറനാട താലൂക്ക ഹെഡ പൊലീസാപ്പര കല്പിച്ച തീൎപ്പ.

അന്ന്യായം അബ്ദുള്ള കുട്ടി

പ്രതി മയ്യീൻമുതൽ ൩-ാൾ

൧൦൨൯ാമത മീനമാസം ൯ന്നുക്ക ൯൪ മാൎച്ചി ൨൭ന്നു- പകൽ പാളക്കളം അംശം ദെശത്ത അന്ന്യായക്കാരൻ ൧ാം പ്രതിയുടെ പെങ്ങളായ കതിയുമ്മക്ക ഉണ്ടായിരുന്ന ജന്മവകാശം- ൯൦ പണം കൊടുത്ത ൧൦൨൯ ധനു ൩൦ന്നു- തീരമുറി വാങ്ങി അടക്കി അനുഭവിച്ചുവരുന്ന പത്തൂര പറമ്പിൽ കിഴക്കെ ഓഹരി നെർ പകുതിയിൽ പടിഞ്ഞാറെ മെലെക്കുറ പറമ്പിൽ പ്രതിക്കാര ബലമായി കയറി ചക്ക ഇട്ടുകൊണ്ട പൊകയും ആ വിവരം അറിഞ്ഞ ചെന്ന വിരൊധിച്ചാറെ വാക്കെററം പറഞ്ഞ കലശൽക്ക ഭാവിക്കയും ചെയ്തപ്രകാരം ൯൪ യെപ്രെൽ ൩ന്നു- അന്ന്യായം- ൧൦ം കാൎയ്യത്തിൽ അന്ന്യായക്കാരനൊട ചൊദ്യം ചെയ്കയും- ൧ാം പ്രതിയൊടും അന്ന്യായം വക ൧ മുതൽ ൪ വരെയും ൧ാം പ്രതിവക ൧-൦ ൨-൦ സാക്ഷികളൊടും വിസ്തരിക്കുകയും തറവാട്ട വകയിൽ അന്ന്യായപ്പെട്ട പറമ്പും മററുംകൂടി കതിയുമ്മയുടെ ഓഹരിക്കായി തിരിച്ച കൊടുത്തപ്രകാരം ൧൦൧൭ മീനം ൨൦ന്നു- ൧ാം പ്രതിയും മററും കൂടി എഴുതി കൊടുത്തതായ ആധാരവും അതിൽ പറയുന്ന വഹകൾ തനിക്കുള്ളവകാശം ജന്മവില ൯൦ പണം വാങ്ങി തീരത്തന്നിരിക്കുന്നപ്രകാരം ൧൦൨൯ ധനുമാസം ൩൦ന്നു- മെപ്പടി കതിയുമ്മ അന്ന്യായക്കാരന എഴുതികൊടുത്ത ഒഴിമുറിയും-൧൦൨൩- ൧൦൨൯ ൧൦ം രണ്ട കൊല്ലത്തെ നികുതിശീട്ടും- അന്ന്യായക്കാരനും വൃമ്പണത്തിന്റെ പണയാധാരം ൧ാം പ്രതിയും ഹാജരാക്കി കാണിച്ചതുകൾ പകൎത്ത വാങ്ങി ആയ്തും അന്ന്യായപ്പെട്ട പറമ്പിന്മെൽ തനിക്ക പണയ അവകാശം ഉള്ളപ്രകാരവും മററും ൧ാം പ്ര

തി എപ്രെൽ ൨൨ന്നു ഇവിടെയ്യും മെടം ൧൫ന്നു സന്നിധാനത്തി ങ്കലും അന്ന്യായപ്പെട്ട പറമ്പ അന്ന്യായക്കാരന വിലതീൎത്ത കൊ ടുത്ത വിവരം കാണിച്ച കതിയുമ്മ വക്കിൽ മുഖാന്തരം എപ്രെ ൽ ൧൪ന്നും ബൊധിപ്പിച്ച ഹരജികളും ൫൪ൽ ഫയൽ ൨൨-ാം നമ്പ്രായി കലശൽക്ക ഭാവിക്കയും മറ്റും ചെയ്കപ്രകാരം ൦രം ന മ്പ്രിൽ ൨ാം സാക്ഷി മുയ്യൂട്ടിഹാജി ൧ാം പ്രതി മുസ്ലിൻ മുതൽ ൩-ാ ളുടെമെൽ ബൊധിപ്പിച്ച കാൎയ്യം അന്ന്വെഷിപ്പാൻ സബൊൎഡ്ക്ക കൊടുത്ത കല്പനപ്രകാരം അന്ന്വെഷണം ചെയ്ത ബൊധിപ്പി ച്ച റിപ്പൊൎട്ടിൽ അന്ന്യായപ്പെട്ട പറമ്പ നടപ്പാവസ്ഥയെ കുറിച്ചും പറഞ്ഞിട്ടുണ്ടാകയാൽ ആ റിപ്പൊൎട്ടും ൦രം വിസ്താരത്തിൽ ചെൎക്കു കയും ചെയ്തു- പത്തൂര എന്ന പറമ്പ നാല ഓഹരിയാണെന്നും അതിൽ തന്റെ പെങ്ങളായ കതിയുമ്മക്ക തറവാട്ട അവകാശം വ കക്ക പിരിഞ്ഞ കിട്ടിയ്യായ അന്ന്യായപ്പെട്ട ഒരൊഹരി പറമ്പ ആ ഉമ്മയൊട ൧൦൨൦ൽ ൨൨ന്നു- പണം കൊടുത്ത താൻ പണയം എ ഴുതി വാങ്ങി അതമുതൽക്ക ആ ഒരൊഹരി പറമ്പ അടക്കി സൎക്കാ ര നികുതി കൊടുത്ത വരുന്നത താൻ ആകുന്നു എന്നും അതിന്മെ ൽ അന്ന്യായക്കാരന ഒരു അവകാശവും അവൻ അടക്കി വന്നി ട്ടും ഇല്ലെന്നും ശെഷം മൂന്നൊഹരി പറമ്പ അതിന്റെ അവകാ ശികളൊട അന്ന്യായക്കാരൻ വിലതീൎത്ത വാങ്ങി അവൻ അട ക്കിവരുന്നു എന്നും പണയാധാരം ഉണ്ടെന്നും മറ്റും ൧ാം പ്രതി യും പത്തൂരപറമ്പ നാലൊഹരിയാകുന്നതിൽ ൩ ഒഹരിയും അതി ന്റെ അവകാശികളൊട മുമ്പെ തന്നെ അന്ന്യായക്കാരൻ വില തീൎത്ത വാങ്ങി അടക്കി വരുന്നത കൂടാതെ അന്ന്യായപ്പെട്ട ഒരൊ ഹരി സ്ഥലം കതിയുമ്മയൊട ൧൦൨൯ മത ധനുമാസം ൩൦ന്നു-ആ ഉമ്മക്ക ഉണ്ടായിരുന്ന ജന്മവകാശം ൫൦ പണംകൊടുത്ത അന്ന്യാ യക്കാരൻ തീൎത്ത വാങ്ങി അത മുതൽക്ക ആ സ്ഥലവും അന്ന്യാ യക്കാരൻ ആകുന്നു അടക്കി വരുന്നത എന്നും ആ ഉമ്മക്ക തറ വാട്ടവകാശം പിരിഞ്ഞ കിട്ടിയ്യായിരുന്നു എന്നും ആ ഒരൊഹരി സ്ഥലം അന്ന്യായക്കാരൻ വാങ്ങുന്നവരെ കതിയുമ്മ ആയിരു ന്നു അടക്കി വന്നിരുന്നത എന്നും ൧ാം പ്രതിക്ക ആ പറമ്പിന്മെ ൽ ഒരു അവകാശവും ഒരിക്കലും അടക്കി വന്നിട്ടും ഇല്ലെന്നും മ റ്റും അന്ന്യായം വക ൧ മുതൽ ൪ വരെ സാക്ഷികളും അതിലെ ക്ക ഏകദെശം അനുകൂലമായി തന്നെ ൧ാം പ്രതി വക ൧ാം സാ ക്ഷിയും താൻ പറമ്പും പറമ്പ നടപ്പവസ്ഥയും ഒന്നും തന്നെ അ റിക ഇല്ലെന്ന ൬ാം സാക്ഷിയും ബൊധിപ്പിച്ചിരിക്കുന്നു. സബൊ ൎഡ്ഡര ബൊധിപ്പിച്ചതിൽ പത്തൂര എന്ന പറമ്പ കൊണ്ടും അതി ന്റെ അവകാശികളായ കതിയുമ്മ മുതൽ നാലാൾക്ക കൂടി നാല ഒഹരിയായി പകുതി ചെയ്തു അവര നടന്നവരുമ്പൊൾ മെൽപ റഞ്ഞ നാല അവകാശികളും. അവരുടെ ദ്രവ്യം അന്ന്യായക്കാര

നൊട വാങ്ങി പറമ്പ മുഴുവനും അന്ന്യായക്കാരന തീൎത്ത കൊടു
ത്ത അന്ന്യായക്കാരൻ നടന്ന വരുമ്പൊൾ ൧ാം നമ്പ്ര അവകാ
ശി കതിയുമ്മയുടെ ഒാഹരി പറമ്പ ആങ്ങളയായ തനിക്ക വെ
ണമെന്ന ൧ാം പ്രതി പറഞ്ഞവന്ന പ്രകാരവും അവര തമ്മിൽ
ചില സംഗതി വശാൽ രസമില്ലാതെ വന്നതകൊണ്ട കതിയു
മ്മ പറമ്പ ൧ാം പ്രതിക്ക കൊടുത്തീട്ടില്ലെന്നും മറ്റും ബൊധിപ്പി
ച്ചും കണ്ടിരിക്കുന്നു- ൟ കാൎയ്യത്തിന്റെ സകല ദസ്താവെജുക
ളും നൊക്കുകയും അന്ന്യെഷിക്കുകയും ചെയ്യതിൽ അന്ന്യായ
പ്പെട്ട പറമ്പ ൧൦൧൯ മീനത്തിൽ ൧ാം പ്രതിയുടെ പെങ്ങളായ മെ
ൽ പറഞ്ഞ കതിയുമ്മ എന്ന സ്ത്രീക്ക തറവാട്ട അവകാശത്തിന്ന
൧ാം പ്രതിയും മറ്റും കൂടി ആധാര രൂപെണ തിരിച്ച കൊടുത്ത
ആ ഉമ്മ അടക്കി അനുഭവിച്ച വന്നിരുന്ന പ്രകാരവും ൧൦൨൯
ധനുമാസത്തിൽ ആ ഉമ്മയുടെ അവകാശം അന്ന്യായക്കാരനൊ
ട വാങ്ങി പറമ്പ അന്ന്യായക്കാരന തീൎത്ത കൊടുത്ത പ്രകാരവും
അത മുതൽക്ക അന്ന്യായക്കാരൻ ആകുന്നു പറമ്പ അടക്കി വരു
ന്നത എന്നും ആ ഭാഗം വിസ്തരിച്ച സാക്ഷികളാലും സബൊസ്സ
രുടെ റപ്പൊടത്തിനാലും മെപ്പടി കതിയുമ്മ വക്കീൽ മുഖാന്തരം
ബൊധിപ്പിച്ച ഹരജിയിലെ സമ്മതം കൊണ്ടും തെളിവായി കാ
ണുന്നത കൂടാതെ അന്ന്യായപ്പെട്ട ഒരൊഹരി പറമ്പ മെപ്പടി ക
തിയുമ്മക്ക തറവാട്ട അവകാശത്തിന്ന തിരിച്ച കൊടുത്തതാകുന്നു
എന്ന ൧ാം പ്രതി തന്നെ സമ്മതിച്ചും പ്രതിഭാഗം വിസ്തരിച്ച
൧ാം സാക്ഷിയുടെ വാക്കും അന്ന്യായഭാഗത്തെ തെളിവിലെക്ക ഉ
പയൊഗമായിട്ടും അന്ന്യായക്കാരന്റെ വാദത്തിലെക്ക ശെരിയാ
യ ആധാരങ്ങൾ കാണിച്ചും കണ്ടിരിക്കുന്നു- ൧ാം പ്രതിഭാഗം
വിസ്തരിച്ച സാക്ഷികളുടെ വാക്ക കൊണ്ട അവന്റെ വാദത്തി
ലെക്ക ഒര ഗുണസിദ്ധിയും ഉള്ളതായി കാണുന്നില്ലെന്ന മാത്രമല്ല
൧൦൨൦ൽ മെപ്പടി കതിയുമ്മ എഴുതി കൊടുത്തതായി ൧ാം പ്രതികാ
ണിക്കുന്ന പണയാധാരത്തിലെ ദ്രവ്യം ആ ഉമ്മയുടെ കെട്ടിയവ
നായിരുന്ന മമ്മു എന്നവൻ മരിച്ച ചാവ പുല അടിയന്തിരത്തി
ന്നും മറ്റുംവെണ്ടി വാങ്ങിയ്യായി ആധാരത്തിൻ വിവരം കാണി
ച്ച എഴുതിയും ആ മമ്മു എന്നവൻമരിച്ചിട്ട ഇപ്പൊഴക്ക ൨൫ൽ പു
റം കൊല്ലമായിരിക്കുന്നു- എന്നും ആധാരത്തിലെ ൧ാം സാക്ഷി
യുംആധാരം ഉണ്ടായ ൧൦൨൦മത കൊല്ലത്തിന്ന മുമ്പെ മരിച്ച പൊ
യിട്ടുള്ള പ്രകാരവും കാണുന്നത കൂടാതെ ആധാരം മെപ്പടി കതി
യുമ്മ സമ്മതിക്കുന്നതും ഇല്ലാ- മെൽ കാണിച്ച എല്ലാ സംഗതി
കളാലും അന്ന്യെഷണം കൊണ്ടും അന്ന്യായപ്പെട്ട പറമ്പ നട
പ്പ കാൎയ്യത്തിൽ തെളിവ അന്ന്യായ ഭാഗമായും ൧ാം പ്രതിഭാഗം
യാതൊരു തെളിവും ഇല്ലാതെയും അവൻ കാണിക്കുന്ന ആധാരം
വിശ്വസിപ്പാൻ പൊരാ എന്നും പൊലീസ്സായി പ്രതികളെ ശി

ക്ഷയിൽ ഉൾപ്പെട്ടത്താൻ തക്ക സംഗതികൾ ഒന്നും ഉണ്ടായിട്ടില്ലെന്നും കണ്ടിരിക്കകൊണ്ട പിടിച്ച ൧ാം പ്രതിയെ വിട്ടയപ്പാനും ശെഷം പ്രതികളെ പിടിപ്പാൻ ആവശ്യമില്ലെന്നും പറമ്പ തെളിവ പ്രകാരം അന്ന്യായക്കാരൻ നടക്കുന്നതിന്മെൽ പ്രതികൾ ചെന്ന യാതൊരു തകരാറും തെച്ച്യും ചെയ്യു പൊകരുതെന്നും ൧ാം പ്രതി വിചാരിക്കുന്നവകാശം സിവിൽ വ്യവഹാരത്താൽ നിവൃത്തി വരുത്തി കൊള്ളെണ്ടതല്ലാതെ പൊലീസ്സിൽനിന്ന ആ ഭാഗം ഗുണമായി ഒരു കല്പന കൊടുപ്പാൻ സംഗതികണ്ടിട്ടില്ലെന്നും കല്പിച്ച അന്ന്യായം നീക്കി,

---

അസിഷ്ടാണ്ട മജിസ്ത്രെട്ടിങ്കൽ.

ചെറനാട താലൂക്ക വാളക്കുളം അംശത്തിൽ മുയ്യിൻ ബൊധിപ്പിക്കുന്ന അഫീൽ സംകടം ഹരജി. പടിഞ്ഞാറെ മെലെ കുറപറമ്പിന്റെ കാൎയ്യത്തിൽ ചെറനാട ഹെഡപൊലീസാമ്സര മെയി ൨൨നു കല്പിച്ച തീൎപ്പ മാററി കിട്ടെണ്ടതിന്ന താഴെ കാണിക്കുന്ന സംഗതികളാൽ ദൃഷ്ടാന്തമാകും വാദിക്കുന്ന പറമ്പ ൧൦൨൯ ധനുമാസം ൩൦നു അഫീൽ പ്രതി അബ്ദുള്ള കുട്ടി എന്റെ പെങ്ങളൊട തീര വാങ്ങുകയും മീനം ൯നു ഞാൻ മുതലായ്വര കയ്യെററം ചെയ്കയും ചെയ്യു പ്രകാരം അന്ന്യായവും ഹെഡപൊലീസാമ്സരുടെ വിസ്താരങ്ങൾ നടപ്പിനെ കുറിച്ചും ആ ഭാഗം അബ്ദുള്ള കുട്ടിക്ക തീൎപ്പ കല്പിച്ചും കാണുന്നു-അന്ന്യന്റെ മുതൽ എളുപ്പത്തിൽ കൈവശം വരുത്തുവാനായി വൃഥാവിൽ പൊലീസ്സ കാണിച്ച ഹരജി കൊടുക്കയും പരപ്പായ വിസ്താരങ്ങൾ ചെയ്യു മനപൂൎവ്വമായി പക്ഷമായ തീൎപ്പുകൾ കല്പിക്കയും ചെയ്യുന്ന നടപ്പം ദിക്കിൽ അധികമുള്ളതും നെരിനെ വിട്ട അതുപൊലെ ഇതും കല്പിച്ചതല്ലാതെ ഒട്ടും നെരല്ലുന്ന താഴെ പറയുന്ന സംഗതികളാൽ ദൃഷ്ടാന്തമാകും- ൦രം വാദിക്കുന്ന പറമ്പിന്റെ നികുതി ൧൦൨൦ മുതൽ ൨൭ വരെ ഞാൻ കൊടുത്ത രെശീതി വാങ്ങുകയും ഞാൻ നടക്കുകയും ചെയ്യു വരുന്നത ഒക്കാതെ അധികാരിയെ കൈവശമാക്കി ൦രം കൊല്ലത്തെ നികുതി അബ്ദുള്ള കുട്ടി കൊടുത്തതല്ലാതെ ൦രം വാദിക്കുന്ന പറമ്പ അവന്റെ കൈവശവും നടപ്പും അല്ലാ ൦രം കാൎയ്യത്തിൽ ൨ാം സാക്ഷിയായ മുയ്യിൻ കുട്ടി ഹാജി എന്റെയും മററും മെൽ അന്ന്യായം ബൊധിപ്പിക്കയും അത അന്ന്വെഷണത്തിന്ന സബൊാമ്സര വരികയും ആ അന്ന്വെഷണത്തിലും അബ്ദുള്ള കുട്ടി നടപ്പാണെന്ന കണ്ടിരിക്കുന്ന പ്രകാരം തീൎപ്പിൽ കാണുന്നു- രണ്ടാം സാക്ഷിയായ മുയ്യിൻ കുട്ടി ഹാജി അബ്ദുള്ള കുട്ടിക്ക ഗുണം വരുവാൻ ഒരിമ്പെടുകയും അവൻ സാക്ഷിയും നെരകെടായി എന്റെ മെൽ അന്ന്യായ

പ്പെട്ടകയും ചെയ്യുത തന്നെ ൟ പറമ്പ അബ്ദുള്ള കുട്ടിയുടെ നടപ്പ എന്ന ആക്കാനാകുന്നു എന്ന എല്ലാ സങ്ങതികളാലും സന്നിധാനത്തിങ്കൽ അറിയാവുന്നതും ൟ സാക്ഷിക്കാര തന്നെ കക്ഷിയായി ഭവിച്ചിരിക്കുന്ന ഭാഗം വിചാരിക്കുമ്പൊൾ എന്റെ നെരെയുള്ള ശത്രുവിന്റെ ഫലനം അറിയാവുന്നതുമാകുന്നു- എന്റെ പെങ്ങൾ ഇനിക്ക എഴുതി തന്ന ആധാരം ശെരിയല്ലാത്ത പ്രകാരം ആക്കി കാണുന്നു ചാവ അടിയന്തരത്തിലെക്ക വെണ്ടി ശിലവഴിച്ച മുതൽ കുറെ കാലം കഴിഞ്ഞാൽ കണക്ക പറഞ്ഞ കൂടാമെന്നുണ്ടൊ എന്റെ അളിയൻ മമ്മു മരിച്ചിട്ട ൨൫ൽ പുറം കൊല്ലമായീട്ടുണ്ടെങ്കിലും ൲൨൰ൽ എന്റെ പെങ്ങളുമായി കൈകാര്യം പറഞ്ഞും ഏതാനും ദ്രവ്യം ആ സമയം കൊടുത്തും ആധാരം എഴുതി വാങ്ങിയ്യും നെര പൊലെ ആധാരത്തിൽ കാണിപ്പാൻ സംഗതി വന്നതുമാകുന്നു. ൟ എല്ലാവസ്ഥകളും വിചാരിച്ചും വിസ്താരം വരുത്തിയും താലൂക്ക തീർപ്പിൽ പറഞ്ഞിട്ടുള്ളത ഒക്കെയും അബ്ദുള്ള കുട്ടി ഭാഗമായീട്ട കാണുന്നത മനപൂർവ്വമായി ചെയ്യു പക്ഷമാകുന്നു എന്ന എന്റെ ആധാരംകൊണ്ടും നികുതി ശീട്ടുകളാലും ഹെഡപൊലീസാപ്സരുടെ പരപ്പായ തീർപ്പാലും ദൃഷ്ടാന്തം വരുന്നതുമാകുന്നു- അതുകൊണ്ട ൟ കാര്യത്തിൽ സത്യം ചെയ്യാനും കെൾപ്പാനും ഇനിക്ക മനസ്സാകകൊണ്ട ആ ഭാഗം ഓർത്തും നെരറിഞ്ഞും താലൂക്ക തീർപ്പ മാററി തരുവാനപെക്ഷിക്കുന്നു- ൟ അഫീൽ അവധി കഴിഞ്ഞ ഒരു ദിവസം അധികമായ്യു തുക്കിടി കച്ചെരി മലപ്പുറത്ത ഇല്ലാത്തത കൊണ്ടും വയസ്സനായ ഞാൻ നടന്ന അദ്ധ്വാനിപ്പാൻ ശെഷിപൊരായ്കകൊണ്ടുമാകുന്നു- എന്ന ൲൨൰ാമത മിഥുനമാസം ൰൩–

വള്ളുവനാട താലൂക്ക ഹെഡപൊലീസാപ്സര കൊല്ലം ൲൮൱൪൰൫ എപ്രെൽ മാസം ൲൮൱൨൰ കല്പിച്ച യാദാസ്ത-

അന്ന്യായം മൊയ്യിൻ

പ്രതി ഉണ്ണിയൻ

കൊട്ടര അംശം ദെശത്ത മരിച്ചപൊയ കൊങ്കയത്ത കുഞ്ഞുണ്ണിയനൊട ചമയ പാട്ടത്തിന്ന വാങ്ങി ചമയങ്ങൾ വെച്ചുണ്ടാക്കി നടന്നവരുന്ന കൊഴിഞ്ഞി പറമ്പ പ്രതിക്കാരനുള്ളതാണെന്നും ചമയങ്ങൾ തീർത്തിരിക്കുന്നു എന്നും പറമ്പത്ത നിന്നു ഒഴിഞ്ഞപൊകെണമെന്നും പറഞ്ഞ തെച്ചുക്ക ചെല്ലുന്നതിനാൽ സങ്കടമെന്ന അന്ന്യായം ൟ കാര്യത്തിന്ന അന്ന്യായക്കാരൻ വിപ്രവരി ൲൮൱൨൰ അസിഷ്ടാണ്ട മജിസ്ത്രെട്ടിൽ ബൊധിപ്പിച്ച ഹരജിയും ആ സംഗതിക്ക കൊട്ടര അംശം അധികാരിക്ക കല്പ

നയച്ചതിന്ന ബൊധിപ്പിച്ച റിപ്പൊൎട്ടും വിസ്തരിച്ച ക്രമപ്രകാരം നടപ്പാനായി മാൎച്ചി നൂറ-ത്തെ ൧൭-ാം നമ്പ്ര കല്പനയൊടു കൂടി അയച്ച എത്തുകയും അന്ന്യായം പ്രതികളെയും രണ്ടു ഭാഗം സാക്ഷികളെയും ഹാജരാക്കി വിസ്തരിക്കയും പ്രതിക്കാരന്റെ മകൾ തായ്യമ്മക്ക മരിച്ചുപൊയ കുഞ്ഞുണ്ണിയന്റെ മുതൽ ഭാഗം ചെയ്യുമ്പൊൾ അവകാശം വഹക്ക പിരിഞ്ഞ കിട്ടീട്ടുള്ളതാണെന്ന പറഞ്ഞ കാണിച്ചവരിയുടെയും ജന്മിയൊട കാണം ചാൎത്തി വാങ്ങിട്ടുള്ള ആധാരത്തിന്റെയും പകൎപ്പുകളും പ്രതിക്കാരൻ അസിഷ്ടാണ്ട മജിസ്ത്രേട്ടിൽ ബൊധിപ്പിച്ചുവന്നഹരജിയും ൟ വിസ്താരത്തിൽ ചെയ്കയും ൟ വാദിക്കുന്ന പറമ്പത്ത ഞാൻ തന്നെ പൊയി അന്വെഷണങ്ങൾ ചെയ്കയും ചെയ്തിരിക്കുന്നു. വാദിക്കുന്ന പറമ്പ ഊഴപറമ്പായി കിടക്കുമ്പൊൾ മരിച്ചുപൊയ കുഞ്ഞുണ്ണിയനൊട ചമയ പാട്ടത്തിന്ന എഴുതിവാങ്ങി ആ പറമ്പിൽ ചെറുതായി ഒരു പുരയും കയററി കിണറും കുഴിപ്പിച്ച തെങ്ങ കവുങ്ങ പുലാവ ഈമ്പന ബ്ലന്ന കൊടി വാഴ ൟവക ചമയങ്ങൾ ഉണ്ടാക്കി താൻ നടന്നുവരുന്നതാണെന്നും കുഞ്ഞുണ്ണിയന്റെ മുതൽ ഓഹരി ചെയ്യുമ്പൊൾ പ്രതിക്കാരന്റെകടത്തിന്ന ൟ പറമ്പു വെച്ച പ്രകാരം കെട്ടിരിക്കുന്നുഎന്നും തന്റെ ചമയങ്ങൾ തീൎത്ത തന്നിട്ടില്ലെന്നും ൟ വിസ്താരത്തിന്നായി താലൂക്കിൽ വന്ന സമയം കുഞ്ഞന്മത മുതലാസ്സര കുടിയിൽ കടന്ന കുഞ്ഞുണ്ണിയൻ എഴുതികൊടുത്ത ചമയ പാട്ടാധാരം എടുത്ത കൊണ്ടുപൊയിരിക്കുന്നു എന്നും അന്ന്യായക്കാരനും തന്റെ മകളെ കെട്ടിയിരുന്ന മരിച്ചുപൊയ കുഞ്ഞുണ്ണിയന്റെ മുതൽ അവകാശം പിരിക്കുമ്പൊൾ മക്കൾക്കുള്ള കാമ്പലവകാശംവഹക്കും മററും തിരിച്ച വെച്ച വഹകളിൽ ൟ പറമ്പ ചമയത്തൊടു കൂടി ൧൦൦ പണത്തിന്ന വില കെട്ടിതന്ന ൧൦൨൨ മുതൽക്ക തന്റെ കൈവശം നടന്ന അനുഭവങ്ങൾ എടുത്ത വരുന്നതാണെന്നും അന്ന്യായക്കാരനെ പറമ്പു നൊക്കാൻ വെണ്ടി ആ പറമ്പിലെ പുരയിൽ പാൎപ്പിച്ചിട്ടുള്ളതല്ലാതെ അവന്ന യാതൊരു അവകാശവും അവൻ ചമയങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുള്ളതല്ലെന്നും പ്രതിക്കാരനും അന്ന്യായത്തിൽ പറയുന്ന പറമ്പ മരിച്ചുപൊയ കുഞ്ഞുണ്ണിയൻ അന്ന്യായക്കാരന ചമയപ്പാട്ടത്തിന്ന കൊടുത്ത അന്ന്യായക്കാരൻ അതിൽ ഒരു പുര കയററുകയും കിണറ കുഴിപ്പിക്കുകയും ചെയ്തു ചമയങ്ങളും ഉണ്ടാക്കി നടന്നുവരുന്നതാണെന്നും കുഞ്ഞുണ്ണിയന്റെ മുതൽ അവകാശം പിരിച്ചപ്പൊൾ പ്രതിക്കാരന്റെ കടത്തിന്ന വെച്ച സമയം അന്ന്യായക്കാരന്റെ ചമയം പ്രതിക്കാരൻ കൊടുപ്പാൻ വെച്ച പ്രകാരം ചമയം കൊടുത്തിട്ടില്ലെന്നും മററും ൨ാം സാക്ഷിയും അന്ന്യായക്കാരൻ ചമയപ്പാട്ടത്തിന്ന എഴുതി വാങ്ങി ചമയങ്ങൾ ഉണ്ടാക്കി നടന്നുവരുന്നതാണെന്നും കുഞ്ഞുണ്ണിയ

ൻെറ മുതൽ അവകാശം പിരിക്കുമ്പൊൾ പ്രതിക്കാരൻെറ മക
ൾക്ക അവകാശം വഹക്ക തിരിച്ച വെച്ചതാണെന്ന പറഞ്ഞിട്ടു
ണ്ടെന്നും മറ്റും ൪-ം ൩-ം സാക്ഷികളും പറമ്പ അന്ന്യായക്കാര
ൻ ചമയപ്പാട്ടത്തിന്ന വാങ്ങി നടന്നവരുന്നതാണെന്ന അന്ന്യാ
യക്കാരൻ പറകയും ൨ കൊല്ലം മുമ്പെ ഒരു കുറി രണ്ടനാല തെ
ങ്ങുംതയ്യ അന്ന്യായക്കാരൻ വെക്കുന്നത കാണുകയും ചെയ്തിട്ടു
ണ്ടെന്നും പ്രതിക്കാരൻെറ മകൾക്ക അവകാശത്തിന്ന കൊടുത്ത
താണെന്ന കെൾക്കയും ചെയ്തപ്രകാരം ൪-ാം സാക്ഷിയും അ
ന്ന്യായക്കാരൻ പറമ്പിൽ പാൎത്ത തയ്യുകൾ ഉണ്ടാക്കി നടന്നവ
രുന്നതാണെന്നും ൩ കൊല്ലം മുമ്പെ ഒരു കുറി അന്ന്യായക്കാരൻ
രണ്ട തെങ്ങുംതയ്യ വെക്കുന്നത കണ്ടിട്ടുണ്ടെന്നും പ്രതിക്കാരൻെറ
മകൾക്ക അവകാശം വകക്കരം പറമ്പ വെച്ചതാണെന്നും കു
ഞ്ഞുണ്ണിയൻ മരിച്ചാറെ ചമയപാട്ടത്തിന്ന ആധാരം എഴുതി
കൊടുത്തിട്ടുണ്ടെന്ന ബഹു വാക്കായി കെട്ടിട്ടുണ്ടെന്നും ൫-ാം സാ
ക്ഷിയും അന്ന്യായത്തിൽ പറയുന്ന പറമ്പിൽ തയ്യ വെക്കെണ്ട
തിന്നായി മരിച്ചുപൊയ കുഞ്ഞുണ്ണിയൻ കല്ലു കൊണ്ട അഴകു
ത്തിച്ച അതിൽ ഒരു പുരയും കയറി കിണറും കുഴിപ്പിച്ച തയ്യു
കൾ വെപ്പിക്കുകയും തയ്യ രക്ഷക്കുവെണ്ടി തന്നെ എല്പിച്ച ര
ണ്ട കൊല്ലത്തൊളം താൻ നൊക്കിയതിൻെറശെഷം തൻെറ നൊ
ക്ക കുറവിനാൽ അന്ന്യായക്കാരനെ നൊക്കാനാക്കി അവൻ പു
രയിൽ പാൎത്ത വരുന്നതാണെന്നും അന്ന്യായക്കാരൻെറ സ്വന്തമാ
യി എതാനും വെററിലകൊടി ഉള്ളതല്ലാതെ വെറെ ചമയങ്ങൾ
ഒന്നും അവൻ ഉണ്ടാക്കിയുട്ടില്ലെന്നും കുഞ്ഞുണ്ണിയൻ മരിക്കുന്ന
വരെ അവനും മരിച്ചതിൻെറ ശെഷം പ്രതിക്കാരൻെറ മകൾക്ക
അവകാശം വഹക്കായി പിരിഞ്ഞ കിട്ടി അതിൻെറ ശെഷം
പ്രതിക്കാരനും നടന്നവരുന്നതാണെന്നും മററും പ്രതിവക ൬-ാം
സാക്ഷിയും അതിന്ന അനുസരിച്ച ൭-ം ൨-ം സാക്ഷികളും അ
ന്ന്യായത്തിൽ പറയുന്ന പറമ്പിൽ ചമയങ്ങൾ ഉണ്ടാക്കിയതു മ
രിച്ച പൊയ കുഞ്ഞുണ്ണിയനാണെന്നും കുഞ്ഞുണ്ണിയൻ മരിച്ച
പൊയതിൻെറ ശെഷം പ്രതിക്കാരൻെറ മകൾക്ക അവകാശം വ
ഹക്ക ചമയത്തൊടുകൂടി ൫൦൦ പണത്തിന്ന തിരിച്ചുവെച്ച പ്രതി
കൈവശമായി നടന്നവരുന്നതാണെന്നും അവകാശം പിരി
ക്കുമ്പൊൾ തങ്ങളും ഉണ്ടായിരുന്നു എന്നും അന്ന്യായക്കാരൻ ച
മയം ഉണ്ടാക്കിയ പ്രകാരവും അവന ൧രം പറമ്പിന്മെൽ ഒരു അ
വകാശവും ഉള്ള പ്രകാരവും അറിഞ്ഞിട്ടില്ലെന്നും കുഞ്ഞുണ്ണിയ
ൻെറ മുതൽ അവകാശം പിരിക്കുമ്പൊൾ സകല മുതലുകളുടെയും
കടങ്ങളുടെയും കണക്ക ഉണ്ടാക്കിയിരിക്കകൊണ്ട അന്ന്യായക്കാ
രന ചമയം അവകാശം ഉണ്ടെങ്കിൽ വരികണെക്കിൽ ചെക്കു
ന്ന മൎയ്യാദയാണെന്നും ചമയം പ്രതിക്കാരൻ അന്ന്യായക്കാരന

കൊട്ടക്കാമെന്ന പറഞ്ഞവെക്കുക ഉണ്ടായിട്ടില്ലെന്നും മററും ൯-ാം ൧൦-ാം സാക്ഷികളും ബൊധിപ്പിച്ചിരിക്കുന്നു. ഈ കാൎയ്യത്തിന്റെ വിസ്താരത്തിൽ അന്ന്യായക്കാരൻ ചമയ പാട്ടത്തിന്ന വാങ്ങി നടന്നവരുന്നതാണെന്ന അവൻ വാദിച്ചും അതിന്ന ഏകദെശം അനുകൂലിച്ച അന്ന്യായ ഭാഗം സാക്ഷികൾ പറഞ്ഞും കാണുന്നുണ്ടെങ്കിലും അന്ന്യായ സാക്ഷികൾ പറമ്പിന്റെ സമീപസ്ഥന്മാരല്ലാതെ ദൂരസ്ഥന്മാരാണെന്ന കാണുന്നത കൂടാതെ വാദിക്കുന്ന പറമ്പ പ്രതിക്കാരന്റെ കടത്തിന്ന വെച്ചതാണെന്നും അന്ന്യായക്കാരനും ൧ാം സാക്ഷിയും അവകാശത്തിന്ന വെച്ചതാണെന്ന ശെഷം സാക്ഷികളും വിത്ത്യാസമായി പറഞ്ഞിരിക്കുന്നു. അത്രയും കൂടാതെ ഈ പറമ്പ വാങ്ങിയ കൊല്ലം ൪൦ തെങ്ങുംതയ്യും ൨൦ പുലാവുംതയ്യും ൫൦ കവുങ്ങുംതയ്യും ൫൦ ബ്രുന്നംതയ്യും അതിന്റെ പിറെറ കൊല്ലം ൫൦ തെങ്ങുംതയ്യും ൫൦ ബ്രുന്നംതയ്യും ൨൦ കവുങ്ങുംതയ്യും ൫ പുലാവും ൧൦ പനയും ഇങ്ങിനെ കൊല്ലത്തിൽ കുറെശ്ശയായി വെച്ചുണ്ടാക്കിയ്യാണെന്ന അന്ന്യായക്കാരനും അന്ന്യായക്കാരൻ തയ്യവെക്കുന്നത കണ്ടു എന്ന മുഖ്യമായി പറഞ്ഞീട്ടുള്ള ൧ാം സാക്ഷി വാക്കാൽ ൧൧൦ തെങ്ങുംതയ്യ ൧ാമത്തെ കൊല്ലം തന്നെ വെച്ച കണ്ടിരിക്കുന്നു എന്നും പറഞ്ഞ കാണുന്നതിനാൽ അന്ന്യായക്കാരൻ തയ്യ വെച്ചു എന്നും ൧ാം സാക്ഷി പറഞ്ഞ പ്രകാരം ഉണ്ടായ്യാകുന്നു എന്നും പ്രമാണിപ്പാൻ പാടില്ലാത്തത കൂടാതെ അവരും അന്ന്യായ ഭാഗ ശെഷം സാക്ഷികളും വിസ്താരത്തിൽ പരസ്പരവിരൊധമായി പറഞ്ഞീട്ടുള്ളതിനാൽ വിശ്വാസ യൊഗ്യമായി കാണുന്നില്ലാ. ഈ പറമ്പിന്റെ ഉടമസ്ഥനായിരുന്ന കുഞ്ഞുണ്ണിയൻ ആ പറമ്പിന്ന കല്ല കൊണ്ട അഴ കുത്തിച്ച അതിൽ ഒരു പുര കയററി കിണറും കുത്തിച്ച തയ്യുകൾ വെപ്പിച്ച അവൻ മരിക്കുന്നവരെ അവന്റെ കൈവശവും മരിച്ചതിന്റെ ശെഷം പ്രതിക്കാരന്റെ മകൾക്ക അവകാശം വഹക്ക കിട്ടി അതിന്റെ ശെഷം പ്രതി കൈവശവും ആകുന്നു എന്ന പ്രതിസാക്ഷികളാൽ തെളിഞ്ഞ കാണുന്നത കൂടാതെ പ്രതിക്കാരൻ കാണിച്ച ലക്ഷ്യത്താലും കണ്ടിരിക്കുന്നു. ഞാൻ ആ സ്ഥലത്ത ചെന്ന അതിലെ വൃക്ഷങ്ങളും അഴ കുത്തിച്ചതും നൊക്കുകയും സമീപസ്ഥന്മാരിൽ സ്ത്രീപുരുഷന്മാരായി അതാത കുടികളിൽ ഹാജരുണ്ടായിരുന്ന പലരൊടും അന്ന്വെഷിക്കുകയും ചെയ്യുതിൽ അഴ കുത്തിച്ചതും തെങ്ങ കവുങ്ങ പുലാവ മുതലായ വൃക്ഷങ്ങൾ വെപ്പിച്ചതും മരിച്ചുപൊയ കുഞ്ഞുണ്ണിയനാണെന്നും അല്ലാതെ അന്ന്യായക്കാരൻ ചമയ പാട്ടത്തിന്ന വാങ്ങി ആവക ഉണ്ടാക്കിയ്യാണെന്ന ആരും പറഞ്ഞിട്ടില്ലാ ആ പറമ്പ ആറ പൂട്ടുള്ള കൊൽക്ക കിഴക്ക പടിഞ്ഞാറ ൯൨ കൊലും തെക്കുവടക്ക ൨൨ കൊലും ഉള്ള ഒരു വലിയ പറമ്പായും അതി

ന്റെ വടക്കും പടിഞ്ഞാറും ഭാഗം ഓരൊ ആൾ പുറം എകച്ച്യാ
യി ഉറുളുംകല്ലുകൊണ്ട അഴ കുത്തിയും അതിൽ ഒട്ടക്ക ൧൦൭ തെ
ങ്ങും ൧൦൪ കവുങ്ങും- ൩൩ പ്ലാവും- ൧൫ ഠരംപ്പനയും ൩൪൭ ബ്യ
ന്നംതയ്യും ഉണ്ടായ്യും തെങ്ങ മൂന്ന തരമായി കാണുന്നതിൽ ഒരു
തരം കൊലക്ക അട്ടത്തതായ്യും ഏതാനും മരം വെച്ചതായ്യും ഏതാ
നും ആനടിയ്യും കിളിയൊലതരമായീട്ടും അതിൽ വലിയതരം തെ
ങ്ങ ആദ്യത്തിൽ വെപ്പിച്ചപ്പൊൾ പൊയ്യു കഴിച്ച നിന്നിരുന്ന
തും അതിൽപിന്നെ മരം വെച്ച വക കുറെ ഏറെ തെങ്ങുംതയ്യു
കാണുന്നത ൨-ാമത മഴവനും തീൎത്ത വെപ്പിച്ചതാണെന്നും ൨-ാ
മത്തെ വെപ്പിൽ പൊയ്യിന്ന പകരം വെച്ച നികത്തിവന്നതി
ൽ ഉള്ളതാണ കിളിയൊല ആനാടി തയ്യുകൾ എന്നും അതദുൎല്ലഭ
മായീട്ടും ആണ കണ്ടിരിക്കുന്നത. പറമ്പിലെ ചമയങ്ങൾക്ക ഇ
പ്പൊൾ കാണുന്നവസ്ഥക്ക ഏകദെശം ൧൨൫-ഉറുപ്പിക ചമയ
വിലക്കും ൨൫ ഉറുപ്പിക ജന്മവിലക്കും ഉണ്ട ആ പറമ്പത്ത ഹ
രജിക്കാരൻ പാൎക്കുന്നതായ ആശാരി കൊൽക്കൻ കൊൽ നീള
ത്തിൽ ൫ കൊൽ വീതിയിൽ ഒരു പടിഞ്ഞാററ പുരയുള്ളത ചുമര
മഴവനും വെച്ച മുട്ടാതെ മെലെ ഒരു വെപ്പ ചുമര എകരം ഓ
ലകൊണ്ട മറച്ചും ചെത്തിതെപ്പ കൂടി കഴിയാതെയും ആഭാസമാ
യും വെറെ ഒരു മുതൽ ഇല്ലാതെയും താൻ ഇരിക്കുന്ന പുര ത
ന്നെ നന്നാക്കിപ്പാൻ ശക്തി ഇല്ലാത്തെയും ആയ അന്ന്യായക്കാ
രനാൽ മെൽപ്രകാരം ഉള്ള ഠരം പറമ്പിൽ ൧൨൫ ഉറുപ്പികയൊ
ളം കുഴിക്കാണ ചമയം ഉണ്ടാക്കാനും അഴ കുത്തിപ്പാനും പറമ്പി
ന്ന രക്ഷകൾ ചെയ്യുവരാനും കഴിയുമെന്ന ഒട്ടും വിശ്വാസമാ
യി പറവാൻ പാടില്ലാ- നന്നെ ചെറുതായ ചില തയ്യുകൾ കാ
ണുന്നതിൽ ഒന്നും അന്ന്യായക്കാരൻ വെച്ചിട്ടില്ലെന്ന പറവാൻ
വയ്യ ഏതാനും കുഴിക്കാണം ഉള്ള പറമ്പിൽ പിന്നെയും കുഴിക്കൂറ
വെക്കെണമെങ്കിൽ അപ്പൊൾ ഹാജരുള്ള കുഴിക്കൂറിന്റെ നിശ്ച
യം വരുത്തി ഉടമസ്ഥനൊട കരാറ വാങ്ങണ്ടതാണ- അന്ന്യായ
ക്കാരന്റെ ആദ്യത്തെ ഹരജിയിൽ തന്നെ കരാറ ഉണ്ടെന്നും ഇ
ല്ലെന്നും പറഞ്ഞിട്ടില്ലായ്കകൊണ്ട കരാറ ഇല്ലാത്തതിനാൽ പറ
യാത്തതാണെന്ന വിചാരിക്കാം അതിൽ പിന്നെ വിസ്താരത്തി
ന്ന ആരംഭിച്ചപ്പൊൾ ഠരം കരാറിന്റെ കാൎയ്യം കൊണ്ട മുകതാ
വിൽ ചൊതിച്ചാറെ ആ സമയം ഒന്നും ഖണ്ഡിതമായി പറ
യാതെ അതിൽ പിന്നെ ൩ാം ദിവസം അന്ന്യായക്കാരൻ പറ
ഞ്ഞ പ്രകാരം ആധാരം കൊണ്ടുപൊയിരിക്കുന്നു എന്ന അന്ന്യാ
യപ്പെട്ട ആ സമയം തന്നെ ഇങ്ങിനെ ഒരു ആധാരം ഉണ്ടെ
ന്ന വരുത്താൻ വെണ്ടി ബൊധിപ്പിച്ചതാണെന്നും സംശയം
തൊന്നി ആ കാൎയ്യം വെറെ നമ്പ്രായി അന്ന്വെഷണവിസ്താരം
ചെയ്യുതിൽ ആധാരം ഉണ്ടെന്ന വരുത്താൻ വെണ്ടി വ്യാപ്തിയാ

യി ചെയ്തു അന്ന്യായമെന്ന തെളിവാകയും ചെയ്തിരിക്കുന്നു- അതിനാൽ കുഴിക്കാണത്തിലെക്ക അന്ന്യായക്കാരന ഏതെങ്കിലും അവകാശം ഉണ്ടെന്ന പറവാനും വഴി കാണുന്നില്ലാ. അന്ന്യെഷണത്തിൽ കുഞ്ഞുണ്ണിയൻ മരിക്കുന്നവരെ തയ്യരക്ഷക്കുള്ള കൂലി മുഴുവനും അന്ന്യായക്കാരന കൊടുത്ത തീൎന്നിരിക്കുന്നു എന്നും പിന്നെ പ്രതി കൈവശം വന്നതിന്റെ ശെഷമായി തയ്യ നന മാറിരുന്നതിനാൽ അതിൽ അവൻ ഉണ്ടാക്കീട്ടുള്ള വെററിലകൊടിയുടെ അനുഭവങ്ങൾ എടുത്ത പററിപൊരുന്നതല്ലാതെ കൂലിക്കായി ഒന്നും പ്രതിക്കാരൻ കൊടുത്തവരാൻ ഇല്ലെന്നും അങ്ങിനെ ചെയ്യുന്നവസ്ഥക്ക കുഴിക്കാണത്തിന്മെൽ തൎക്കിപ്പാൻ വിചാരം ഉള്ള ഠരം അന്ന്യായക്കാരന പിന്നിൽ ചില പ്രബലന്മാര കൂടി തൎക്കത്തിന്നും ഏതാനും ചില അവസ്ഥകൾ പ്രവൃത്തിച്ചു അന്ന്യായക്കാരനെ മുൻ നടത്തി ഠരം വ്യവഹാരം നടത്തിക്കുന്നതാണെന്നും പ്രബലന്മാരായ ഏറിയ ആളുകൾ പറമ്പകളിലും തയ്യ വെപ്പിച്ചു തയ്യ രക്ഷക്കും നനക്കും വെണ്ടി കുടികെട്ടിച്ചു അന്ന്യ ആളുകളെ പാൎപ്പിച്ചു അതിന്റെ ജീവിതം കൊടുത്ത തയ്യ രക്ഷിച്ചുവരുന്ന നടപ്പ പല ദിക്കിലും ഉള്ളതിലെക്ക ഇപ്പോൾ നൂതനമായി ഒരു തൎക്കം കൊടുക്കുന്നത പ്രമാണിപ്പാൻ സംഗതി കാണുന്നില്ലാ. നന ഇല്ലാത്തതകൊണ്ട ആ കാലത്തിൽ പ്രതിക്കാരൻ ഒന്നും അനുഭവം കൊടുക്കാത്തതാണെങ്കിലും ആ പറമ്പിലെ വൃക്ഷങ്ങൾ അന്ന്യായക്കാരന്റെ ദൃഷ്ടിയിൽ ഇരുന്നതിന്ന അവന വല്ലതും കൊടുത്ത തമ്മിൽ ഒപ്പിച്ചു തീൎപ്പാൻ കഴിയുമൊ എന്ന നൊക്കിയ്യിൽ ശരിയായിട്ടുള്ള കുറിക്കാണം കിട്ടാതെ തീൎക്കാൻ മനസ്സില്ലെന്ന അന്ന്യായക്കാരൻ തീൎച്ചയായി പറഞ്ഞതിനാൽ ഒപ്പിച്ചു തീൎപ്പാനും കഴിഞ്ഞിട്ടില്ലാ. അതുകൊണ്ട പറമ്പും വൃക്ഷങ്ങളുടെ അനുഭവങ്ങളും പ്രതി കൈവശം നടക്കുന്നതിന്ന അന്ന്യായക്കാരനും അന്ന്യായക്കാരന്റെ ജീവിതംകൊടുത്തൊ സിവിൽ വ്യവഹാരം ചെയ്യൊ ഒഴിപ്പിക്കുന്നതിന്ന മുമ്പായി അന്ന്യായക്കാരൻ പുരയിൽ പാൎക്കുന്നതിന്നും അവൻ ഉണ്ടാക്കിയ വെററിലകൊടി അനുഭവം എടുക്കുന്നതിന്നും പ്രതിക്കാരനും യാതൊരു വിരൊധവും ചെയ്യപൊകരുതെന്നും ഇതിന്ന സങ്കടം വിചാരിക്കുന്നവര സിവിൽ നിവൃത്തി വരുത്തികൊള്ളെണ്ടതാണെന്നും കല്പിച്ചു.

ആസിഷ്ടാണ്ട മജിസ്ത്രെട്ടിലെക്ക.

വള്ളുവനാട താലൂക്ക കൊടൂര അംശത്തിൽ മുയ്യിൻ ബൊധിപ്പിക്കുന്ന ആഫീൽ സങ്കടം ഹരജി- എന്തന്നാൽ ഞാനും ഉണ്ണി

മുസ്സിയനുമായി കൊഴിഞ്ഞി പറമ്പ ചമയത്തിന്റെ കാൎയ്യത്തിന്നും
മററും ൟ സന്നിധാനത്തിങ്കൽ ബൊധിപ്പിച്ച വള്ളുവനാട താ
ലൂക്കിൽ വിസ്താരിച്ച ൧൦൨൪ എപ്രെൽ ൧൯നു- ഉണ്ടായ തീൎപ്പ ക്രമ
ത്തിന്നും നാട്ട നടപ്പിന്നും വിരൊധമെന്നും എത്രെയും നെരകെ
ട എന്നും താഴെ എഴുതുന്ന സംഗതികളാൽ ദൃഷ്ടാന്തമായി ബൊ
ധിക്കുവാൻ സംഗതി ഉണ്ടായിരുന്നു. ൧ാമത വാദിക്കുന്ന പറമ്പ
മരിച്ച പൊയ കുഞ്ഞുണ്ണി മുസ്സിൻ മരിക്കുന്നവരെ അവന്റെ
കൈവശമെന്നും മരിച്ചതിൽ പിന്നെ പ്രതിക്കാരന്റെ കൈ
വശമെന്നും തീൎപ്പിൽ പറഞ്ഞിരിക്കുന്നത നെരല്ലാ ൟ പറമ്പി
ന്റെ ചമയത്തിന്റെയും അതിരിന്റെയും കാൎയ്യത്തിന്ന മെപ്പ
ടി കുഞ്ഞുണ്ണിയൻ മരിച്ചതിന്റെ ശെഷം പ്രതി ൩ാം സാ
ക്ഷിയും ഞാനുമായി പൊലീസ്സുണ്ടായി ആ കാൎയ്യത്തിന്ന വി
സ്താരിച്ച എന്നെ ജെലിൽ പാൎപ്പിച്ച സമയം ജെലിൽനിന്ന വാ
ദിക്കുന്ന പറമ്പിലെ ചമയം നഷ്ടം വരുത്താതെ ഇരിപ്പാൻ വെ
ണ്ടിയും മററും വിവരം കാണിച്ച തടവിൽനിന്ന തന്നെ ഞാൻ
ബൊധിപ്പിക്കുകയും ചെയ്തിരിക്കുന്നു- പ്രതിക്കാര വാദിക്കുന്നപ
റമ്പ കൈവശം വന്നിരിക്കുന്നു എങ്കിൽ ആ കാൎയ്യത്തിന്ന ഞാ
നുമായി തകരാറ ഉണ്ടാവാനും ഞാൻ ജെലിൽ കിടപ്പാനും സം
ഗതി വരുമൊ എന്ന തന്നെയും അല്ലാ ആ വക വിസ്താരം മു
തലായ്തു വരുത്തി നൊക്കി കാണുമ്പൊഴും പ്രതി കൈവശം വ
ന്നിട്ടില്ലെന്നും ൟ തീൎപ്പ നെരകെട എന്നും അറിയുവാൻ സംഗ
തി ഉണ്ടായിരുന്നു. ൨ാമത- മെപ്പടി കുഞ്ഞുണ്ണി മുസ്സിൻ തന്റെ ര
ക്ഷക്ക എന്നെ പാൎപ്പിച്ച മരിക്കുന്നവരെ തന്റെ രക്ഷക്കുള്ള കൂ
ലി മുഴുവനും തന്ന തീൎന്നിരിക്കുന്നു എന്നും ആ ൨൨ കൊല്ല
ത്തിൽ തന്നെ മെപ്പടി പറമ്പ പ്രതി ഉണ്ണൃൻ വശം കിട്ടി
യ്തിന്റെ ശെഷം എതാനും വൃക്ഷങ്ങൾ ഞാൻ ഉണ്ടാക്കിയ്തിന്ന ഒ
ന്നും തന്നിട്ടില്ലെന്നും ചമയത്തിന്റെ വില എതാനും വാങ്ങി ത
മ്മിൽ തീൎക്കുവാൻ താലൂക്കിൽനിന്ന പറഞ്ഞിട്ട മുഴുവനും ചമയ
ങ്ങൾക്ക വിലകിട്ടാതെ ഞാൻ സമ്മതിച്ചിട്ടില്ലെന്നും തീൎപ്പിൽ പ
റഞ്ഞിരിക്കുന്നു- അങ്ങിനെ ഉള്ള അറിവ താലൂക്കിൽ ഉണ്ടായി
രിക്കുമ്പൊൾ മെൽ പ്രകാരം തീൎപ്പിന്ന ഇത്ര ഉറുപ്പിക ഇനിക്ക
തരുവാൻ പറഞ്ഞു എന്ന ൨൨ കൊല്ലത്തെ ഇപ്രം ഉള്ള ചമയ
ത്തിന്ന ഇത്ര ഉറുപ്പിക കൊടുക്കെണ്ടതാണെന്നും തീൎപ്പിൽ എഴു
തി കാണാത്തത നൊക്കുമ്പൊൾ ഇങ്ങിനെ തീൎപ്പ വരുവാൻസം
ഗതി എന്തകൊണ്ടാണെന്ന ഞാൻ വിചാരിക്കുന്നു. ൩ാമത വാ
ദിക്കുന്ന പറമ്പിൽ ചമയം നൊക്കുവാനായി മെപ്പടി കുഞ്ഞു
ണ്ണി മുസ്സിയനും പ്രതിക്കാരനും പാൎപ്പിച്ചതാകുന്നു എങ്കിൽ ആപ
റമ്പിൽ ഉള്ള പുര നികുതി ജമ എന്റെ പെരിൽ കെട്ടുവാനും മെ
പ്പടി പറമ്പിൽ ഉണ്ടാക്കീട്ടുള്ള നെല്ല എള്ള ൟ വക എന്റെപെ

രിൽ നൊക്കി ചാൎത്തി എന്നൊട നികുതി വാങ്ങി എന്റെ പെ
രിൽ രെശീതി എറിയ കൊല്ലം തരുവാനും സംഗതി വരുമൊ എ
ന്ന തന്നെ അല്ലാ തെങ്ങ മൂന്ന തരമായി കാണുന്നതിൽ ഒരു ത
രം കൊലക്ക അട്ടത്ത തയ്യും ഏതാനും മരം വെച്ച തയ്യും ഏതാ
നും അടി കിളിയൊല തയ്യുമായിട്ടും അതിൽ പലെതരം തെ
ങ്ങ അന്ന്യായത്തിൽ ചെൎപ്പിച്ചപ്പൊൾ പൊയ്യു കഴിച്ച നിൎത്തിരു
ന്നതും അതിൽ പിന്നെ മരം വെച്ച വഹ കുറെ എറെ തെങ്ങും
തയ്യ കാണുന്നത ൨-ാമത്തെ ചെൎപ്പിൽ നിൎത്തി ചെൎപ്പിച്ചതാണെ
ന്നും ൨-ാമത്തെ ചെൎപ്പിൽ പൊയ്യിന പകരം വെച്ച നികത്തി
യ്യിനാൽ ഉള്ളതാണ കിളിയൊല തയ്യ എന്നും മറ്റും തീൎപ്പിൽ
വിവരം എഴുതുകയും മെപ്പടി കാൎയ്യത്തിന്ന ഞാൻ താലൂക്കിൽ
ഹാജരായി നില്ക്കുമ്പൊൾ പ്രതിക്കാരന്റെ ആവശ്യമായി കു
ഞ്ഞുറമത മുതലായ്യര എന്റെ കുടിയിൽ ചെന്ന പെണ്ണുങ്ങ
ളെ പരുക്കുകൾ ചെയ്യു മെപ്പടി കുഞ്ഞുണ്ണി മുയ്യിൻ മെപ്പടി
ചമയത്തിന്ന എഴുതി തന്ന കരാറ അകത്ത കടന്ന എടുത്ത കൊ
ണ്ടപൊയ്യു കൂടാതെ മെപ്പടി പറമ്പിന്ന നികുതി അടച്ച സൎക്കാ
രിൽനിന്ന തന്നെ രെശീതികൾ താലൂക്കിൽ കാണിച്ചതിൽ ഒരു
നികുതിശീട്ട എങ്കിലും ഠരം മെൽപറഞ്ഞ തീൎപ്പിൽ എഴുതി കാണു
ന്നതല്ലാത്തത തന്നെ എന്തകൊണ്ടാണെ എന്നറിയുവാൻ സംഗ
തി ഉണ്ടായിരുന്നു. ൪ാമത മെപ്പടി പറമ്പ നൊക്കാനായി തഹ
ശ്ശീൽദാരവൎകൾ വന്നതും അന്ന്വെഷണം ചെയ്യുതും നെരാകു
ന്നു- ചമയങ്ങൾ നൊക്കിയ്യിൽ എണ്ണത്തിന്ന വിത്യാസമായീട്ടും
തീൎപ്പിൽ കാണുന്നത കൂടാതെ തഹശ്ശീൽദാരവൎകൾ ഇന്നപ്പൊ
ൾ വരുമെന്ന പ്രതിക്കാരൻ അറിഞ്ഞ ആ വിവരം മെപ്പടി അം
ശം അധികാരിയെ അറിയിച്ച അധികാരി തലെ ദിവസം രാ
ത്രി മെപ്പടി പറമ്പിന്റെ സമീപം ഉള്ള കുടികളിൽ ചെന്ന പ്ര
തിക്കാരന്റെ ആവിശ്യം പ്രകാരം പറയെണമെന്നും ആയ്യു കഴി
യാത്തവരെ ആ സമയത്തക്ക കാണെണ്ടാ എന്നും പറഞ്ഞ ആ
സംഗതിയാൽ ചിലര പറഞ്ഞ അവര മുമ്പെ തന്നെ എന്റെ
വിരൊധികളും ആകുന്നു. ൫ാമത മെൽപറഞ്ഞ ചമയത്തിന്റെ
കാൎയ്യത്തിന്ന പ്രതിക്കാരൻ ഇനിക്ക ബൊധിച്ച സ്ഥലത്ത സ
ത്യംചെയ്യാൽ ചമയം മുഴുവനും ഞാൻ ഉപെക്ഷിക്കാമെന്നും ആ
യ്യുഅല്ലെങ്കിൽ ഇതിൽ കാണുന്ന വൃക്ഷങ്ങൾ മുഴുവനും ഞാൻ വെ
ച്ചുണ്ടാക്കിയ്യാണെ എന്നും പ്രതിക്കാരൻ ഒര അനുഭവം വെച്ചുണ്ടാ
ക്കിയ്യല്ലെന്നും ഞാൻ സത്യം ചെയ്യുകൊടുക്കാമെന്ന വിസ്താര
ത്തിൽ ഞാൻ ബൊധിപ്പിച്ചതും ഠരം തീൎപ്പിൽ കാണുന്നില്ലാ അ
തകൂടാതെ മെപ്പടിപ്രതിക്ക പക്ഷമായ മുഖ്യസ്ഥന്മാൎക്കും അധികാ
രി കയ്യായി കള്ളുലികൊടുത്ത പറയിപ്പിച്ചതാകുന്നു- ൬-ാമത
മെപ്പടി പറമ്പിൽ ൫൦൦ പണത്തിന്റെ ചമയം മാത്രമെ ഉള്ളു

എന്ന തീൎപ്പിൽ എഴുതി മുഴുവനും തഹശ്ശീൽദാര ഖണ്ഡിതമായി നൊക്കാതെ തീൎപ്പിൽ എഴുതിയ്യാകുന്നു എന്ന തന്നെ അല്ലാ വാദിക്കുന്ന പറമ്പിൽ ഏറിയ കൊല്ലം മുമ്പെ ഞാൻ നടന്ന പള്ളി കിടന്ന ഏറിയ കുഴിക്കൂറ ചമയങ്ങൾ വെച്ചുണ്ടാക്കി ഇതുവരെയും സൎക്കാര നികുതിയും കൊടുത്ത വരുന്നാ ആഭാസ്സനായ ഞാൻ സീവിൽ വ്യവഹാരം ചെയ്യെണമെന്നും ഒര ചീരവഴുതിനയും കൂടി വെച്ചുണ്ടാക്കാത്തെയും ഒര കരിക്ക മുതൽ ആയ അനുഭവം എടുത്തവരാതെ ഉള്ള പ്രതിക്കാരൻ വസ്തു നടപ്പാനുമായി താലൂക്കിൽനിന്ന തീൎപ്പു ഉണ്ടായ്യു ഇനിക്കും എന്റെ കുഞ്ഞികുട്ടികൾക്കും വലുതായ ദുഃഖവും വളരെ വളരെ സങ്കടവും ഉള്ളതാകകൊണ്ട സന്നിധാനത്തിങ്കല്ക്ക പ്രജകൾ എല്ലാം ഒരുപൊലെ ആകകൊണ്ടും ഠരം സന്നിധാനത്തിങ്കലെ ദയ ഉണ്ടായിട്ട ഇത നിമിത്തമായി താലൂക്ക വിസ്താരം മുതലായ്യു ഒക്കെയും വരുത്തിയും എന്റെ പക്കൽ ഉള്ള നികുതി അടച്ച രെശീതികളും മെപ്പടി തീൎപ്പും വാങ്ങി നൊക്കിയും വാദിക്കുന്ന പറമ്പ ഠരം സന്നിധാനത്തിങ്കലെക്ക എത്രെയും സമീപമാകകൊണ്ടും വന്ന നൊക്കിയും വിസ്തരിച്ചും സത്യം ചെയ്യിപ്പിച്ചും എന്റെ നെര അറിഞ്ഞ നെരകെടായി താലൂക്കിൽനിന്ന മൊഹിച്ചുണ്ടായ തീൎപ്പ മാററി എന്റെ കുഴിക്കൂറ ചമയങ്ങൾ മുഴുവനും വാങ്ങി തന്നൊ മുഴുവനുംകിട്ടുന്നവരെ മെപ്പടി പറമ്പിന്മെൽ നിൎത്തിതന്നൊ സങ്കടംതീൎത്ത രക്ഷിക്കെണ്ടതിന്ന അപെക്ഷിക്കുന്നു-എന്ന ൧൦൨൯ മെടമാസം ൩൦നു- മെപ്പടി പ്രതിക്കാരൻ വല്ലവരെകൊണ്ടൊ മറെറാ എന്തെങ്കിലും തകരാറകൾ കാണിച്ച പൊലീസ്സന്ന്യായം ചെയ്തു എന്നെയും എന്റെ പെണ്ണുംപിള്ള കുഞ്ഞുകുട്ടികളെയും വലപ്പിക്കുവാൻ ശ്രമിച്ചപ്രകാരംപലരും പറഞ്ഞ കെട്ടിരിക്കുന്നു അതിനാൽ ഇനിക്ക വളരെ ഭയമായിരിക്കുന്നു തിയ്യതിമെൽ.

വെട്ടത്തനാട താലൂക്ക ഹെഡ പൊലീസാപ്പീസര കല്പിച്ച തീൎപ്പിന്ന വിവരം യാദാസ്ത.

അന്ന്യായം ഭവൻ നമ്പൂതിരി മുതൽ ൨ാൾ. പ്രതി ഗൊവിന്ദ മെനവൻ മുതൽ ൩ാൾ.	വെട്ടത്തനാട തുക്കിടി മുൻസീപ്പ കൊടതിയിൽനിന്ന ൹ൽ ൩൦൩ാം നമ്പ്രായി ഉണ്ടായവിധി പ്രകാരം ഒന്നാം അന്ന്യാ

യക്കാരന നടത്തി കിട്ടിയ കരുവാമ്പടി നിലത്ത ൧൦൨൭ലെക്ക ഉള്ള കന്നിവിള ൧ാം അന്ന്യായക്കാരന വെണ്ടി അദ്ദെഹത്തിന്റെ ആൾക്കാരനായ രണ്ടാം അന്ന്യായക്കാരൻ മുതലാശ്ശര എറക്കിയതിന്റെ ശെഷം ൧൦൨൯ മീനം ൨൭നു-ക്ക ൧൮൫൪ എപ്രെൽ

൫൪— പകൽ കന്നപ്പൂട്ടി വിത്തമാറുന്ന സമയം പ്രതിക്കാര ൧൦൦ൽ ചിൽവാനം ആളുകളൊടു കൂടി ചെന്ന വിരൊധിച്ച കന്നിന്റെ അവി വള്ളി വെട്ടി അറക്കുകയും ൧ാം പ്രതി ൨ാം അന്ന്യായക്കാരനെ അടികലശൽ ചെയ്കയും ചെയ്ക പ്രകാരം ൧ാം അന്ന്യായക്കാരൻ ൩൦ എപ്രെൽ ൨൯൪— ബൊധിപ്പിച്ച അന്ന്യായത്തിന്ന അദ്ദെഹത്തൊടും ൨ാം അന്ന്യായക്കാരനൊടും ൨ാം പ്രതിയൊടും അന്ന്യായം വക ൧-ാം ൨-ാം ൩-ാം ൪-ാം സാക്ഷികളെയും ൨ാം പ്രതി ബൊധിപ്പിച്ച ൧൨ മുതൽ ൧൮ വരെ സാക്ഷികളെയുംഹാജരാക്കി അവരൊടും മുമ്പെത്തെ താസീൽദാരവൎകൾ മുമ്പാകെ വിസ്തരിച്ചതിന്റെ ശെഷം ൟ കാൎയ്യം ——— അംശം അധികാരി ഗൊവിന്ദമെനവൻ ന നമ്പൂതിരിപ്പാട ൟ രണ്ട മദ്ധ്യസ്ഥന്മാര മുഖാന്തിരം തീൎക്കുന്നത സമ്മതമെന്ന ഇരിപക്ഷവും കച്ചീത്തിൽ സമ്മതിച്ച ബൊധിപ്പിക്കയാൽ അപ്രകാരം കല്പന കൊടുത്ത ആ സംഗതി എഴുതി അന്ന്യായം ഫയലിൽനിന്ന നീക്കുകയും-

മെൽ പറഞ്ഞ മദ്ധ്യസ്ഥന്മാര മുഖാന്തരം പറഞ്ഞതിൽ ൟകാൎയ്യം തീരായ്കകൊണ്ട ആ വിവരത്തിന്ന അവര ബൊധിപ്പിച്ച റപ്പൊൎട്ട ൩൦ ജൂലായി ൪— എത്തിയ്തിന്റെ ശെഷം ആ കാൎയ്യത്തിൽ ഒരു തീൎപ്പ കല്പിക്കാതെ കാൎയ്യം നിലവിൽ കിടക്കുകയുംചെയ്യുന്നതായിട്ട കണ്ടിരിക്കുന്നു.

ൟ കാൎയ്യം മെൽ പ്രകാരം ഫയലിൽ നിന്ന നീക്കിപൊയിരിക്കുന്നെയും കുററം നടന്നിട്ട ഇപ്പൊൾ ഒരു കൊല്ലത്തിൽ പുറമായിരിക്കുന്നെയും അവസ്ഥക്ക ൨ാം അന്ന്യായക്കാരനെ അടിച്ച എന്നും മററും പൊലീസ്സായി അന്ന്യായത്തിൽ പറയുന്ന സംഗതിയെ കുറിച്ച ഇനി ഒന്നും കല്പിപ്പാനാവിശ്യമില്ലന്നും നിലം മെലാൽ ഇന്നവര വശം ഇരിക്കണമെന്ന മാത്രം ഒരു കല്പന കൊടുക്കെണ്ടതായും എത്രെ തൊന്നിരിക്കുന്നത.

ദസ്ത്ഥെവെജകൾ ഒക്കെയും നൊക്കിയ്തിൽ അന്ന്യായത്തിൽ പറയുന്ന നിലം കൊടതിയിൽ നിന്ന വിധി നടത്തി കൊടുത്താറെ അന്ന്യായക്കാരൻ വിളഎറക്കിച്ചിരിക്കുന്നു എന്നും അങ്ങിനെ വിളഎറക്കിയ്തിന്റെ ശെഷം വിത്ത മാറുമ്പൊഴാകുന്നു പ്രതിക്കാര ചെന്ന വിരൊധിച്ചത എന്നും അന്ന്യായഭാഗം വിസ്തരിച്ച നാല സാക്ഷികളാൽ തെളിയിച്ചിരിക്കുന്നു.

നിലം ൧ാം അന്ന്യായക്കാരന ഒഴിഞ്ഞ കൊടുപ്പാനായി അദാലത്ത വിധി ഉണ്ടായിരിക്കുന്നു എങ്കിലും അതിന്റെ ശെഷം ആയ്ത ൧ാം അന്ന്യായക്കാരൻ തനിക്ക ൧൨൫ പഴയ പണത്തിന്ന കാണം ചാൎത്തി തന്നിരിക്കുന്നു എന്നും വിധി നടത്തി വാങ്ങി കൈവശമാക്കി തന്നെക്കാമെന്ന ഒരു മുറികൊടുത്തിട്ടുണ്ടെന്നും നിലത്ത വിള എറക്കിയ്ത താനാകുന്നു എന്നും ൨ാം പ്രതി ബൊധിപ്പിക്കയും മെൽ പറഞ്ഞ കാണാധാരവും മുറിയും കാണിക്കുകയും ചെ

യ്യിരിക്കുന്നു. അതിന്ന അനുകൂലമായി ൨ാം പ്രതി വക ൩ സാക്ഷികളും പറയുന്നുണ്ടു.

പ്രതിക്കാരന്റെ വാദവും ആയാൾ കാണിക്കുന്ന ആധാരങ്ങളും അന്ന്യായക്കാരൻ സംബന്ധിക്കുന്നില്ലന്നതന്നെ അല്ലാ ൧ാം നിലം മുതലായ്യ ഏറിയ വ്യവഹാരം ചെയ്യാറെ മാത്രം വിധിയായി ൨ാം പ്രതി മുതലായവൎക്കൽനിന്ന ഒഴിഞ്ഞു കിട്ടിയ്യാന്നെന്നും ബൊധിപ്പിച്ചിരിക്കുന്നു.

൧ാം നിലം ൨ാം പ്രതി മുതലായവര അന്ന്യായക്കാരന ഒഴിഞ്ഞു കൊടുക്കെണമെന്ന അദാലത്ത വിധി ഉണ്ടായിരിക്കുമ്പൊൾ ൨ാം പ്രതി ചാൎത്തി വാങ്ങിയ്യായി പറയുന്ന അവസ്ഥക്ക ആ വിവരം പ്രകാരം അന്ന തന്നെ കൊടത്തിയിൽ ഒരു ഹരജി ബൊധിപ്പിക്കെണ്ടുന്നത ചെയ്യിരുന്നു എങ്കിൽ ചാൎത്തിവാങ്ങിയ്യിന വളരെ ഉറപ്പും ൧ാം നിലം അന്ന്യായക്കാരന വിധിനടത്തി കൊടുക്കാതെ ഇരിക്കുന്നതും ആയിരുന്നു.

ആയ്യ ൨ാം പ്രതി ചെയ്യാതെയും- നിലം അന്ന്യായക്കാരന നടത്തികൊടുക്കുമ്പൊൾ എങ്കിലും ഒന്നും ആക്ഷെപിക്കാതെയും ഇരുന്നിട്ടുള്ളതകൊണ്ടും- ൨ാം പ്രതി കാണിക്കുന്ന ആധാരങ്ങൾ അന്ന്യായക്കാരൻ സമ്മതിക്കാത്തതിനാലും ൧൦൨൪ ചിങ്ങമാസത്തിൽ കാണം ചാൎത്തികൊടുത്തതിന്റെ ശെഷം പിന്നെ ഒരു മാസത്തൊളം കഴിഞ്ഞതിന്റെ ശെഷമായിട്ടു ൨൬ കന്നി ൭൩- കൊടത്തിയിൽനിന്ന ൧ാം വാദിക്കുന്ന നിലം ൧ാം അന്ന്യായക്കാരന വിധിനടത്തി കൊടുത്തിരിക്കകൊണ്ടും- കാണാധാരവും കിഴക്കട നടപ്പും പ്രമാണിച്ച നിലം ൨ാം പ്രതി നടക്കെണ്ടതിന്ന പൊലീസ്സിൽനിന്ന കല്പിപ്പാൻ പാടില്ലാതെ വന്നിരിക്കുന്നു.

൨൬ ലെക്കുള്ള വിള എറക്കിയ്യ താനാകുന്നു എന്ന അന്ന്യായക്കാരൻ തൎക്കിക്കുകയും സാക്ഷികളെകൊണ്ടു തെളിയിക്കുകയും ചെയ്യിട്ടുണ്ടെങ്കിലും ആയ്യ വിശ്വസിക്കെണ്ടുന്നതല്ലന്ന തൊന്നിരിക്കുന്നു.

എന്തകൊണ്ടെന്നാൽ മെൽപറഞ്ഞ നിലത്ത വിള എറക്കിയ്യ ൨ാം പ്രതിയാകുന്നു എന്ന ആയാൾ ബൊധിപ്പിച്ച ൩ സാക്ഷികളാൽ തെളിവുള്ളതകൊണ്ടും ൧ാം നിലത്ത വിള എറക്കിയ കാൎയ്യത്തിൽ വാദം തുടങ്ങിയ ഉടനെ ൨ാം പ്രതി ഒരു ഹരജി ബൊധിപ്പിച്ചതിന്ന അയച്ച കല്പന പ്രകാരം —— ആമീൻ പണിയ്യുള്ള —— അംശം അധികാരി അന്വെഷിച്ച ബൊധിപ്പിച്ച റപ്പൊടത്ത പ്രതിഭാഗം തെളിവിലെക്ക യൊജിപ്പായി കാണുന്നതിനാലും ആകുന്നു.

അത കൂടാതെ- ൧ാം കഴിഞ്ഞ ജനവരി- ഫെബ്രുവരി മാസങ്ങളിൽ ഏതാൻ ദിവസം ഞാൻ ആദിക്കൽ കച്ചെരിയാക്കി താമസിച്ചിരുന്ന സമയത്തും- ൧ാം കാൎയ്യംകൊണ്ടു അന്വെഷിച്ചതിൽ

നിലത്തെ വിള എറക്കിയ്യു ൨ാം പ്രതി തന്നെ എന്നും അത തന്മിൽ യൊജിച്ച അന്ന്യായക്കാരന്റെ സമ്മത പ്രകാരം വിള എറക്കിയ്യുായും- പിന്നെ ഉടനെ തന്മിൽ തെററി ഇപ്രകാരം അന്ന്യായം ബൊധിപ്പിച്ചത എന്നും കണ്ടിരിക്കുന്നു.

ഠരം സംഗതികളാൽ അന്ന്യായത്തിൽ പറയുന്ന നിലം അദാലത്തെ വിധി നടത്തികൊടുത്ത പ്രകാരം അന്ന്യായക്കാരൻ തന്നെ നടന്നവരെണ്ടതായും ആ നിലത്ത മെൽപ്രകാരം വാദമായി ഉണ്ടായിരുന്ന വിള ൨ാം പ്രതിക്ക വിട്ടുകൊടുക്കെണ്ടതായും ആ വിവരത്തിന്ന അധികാരിക്ക കല്പന അയ്പാനും കല്പിച്ചു.

മജിസ്ത്രെട്ടിലെക്ക.

വെട്ടത്തനാട താലൂക്കിൽ—— അംശത്തിൽ ഭവൻ നമ്പൂതിരി ബൊധിപ്പിക്കുന്ന അപ്പീൽ ഹരജി- വെട്ടത്തനാട തുക്കിടി മുൻസീപ്പ കൊടതിയിൽനിന്നുണ്ടായ അദാലത്ത വിധിപ്രകാരം ഇനിക്ക കൊടതിയിൽനിന്ന നടത്തികിട്ടിയ കരുവാൻപടി നിലത്ത ഠരം ൲൦൨൩ ലെക്കുള്ള കന്നിവിളുക്ക ൲൦൨൪ മീനം ൨൭ന്നു- എന്റെ ആള നാറാണൻ മെപ്പടി നിലത്ത വിത്ത വിതക്കുന്ന സമയത്ത പ്രതി ൲ ഗൊവിന്ദമെനവൻ മുതൽ ന്യാളും മററും കൂടി വന്ന വിരൊധിച്ച കന്നിന്റെ അവിവള്ളി വെട്ടി അറുത്ത എന്റെ ആൾ മെപ്പടി നാറാണനെ അടികലശൽ ചെയ്യു സംഗതിക്ക മെപ്പടി മുൻസീപ്പിൽ ബൊധിപ്പിച്ച കിട്ടിയ മറുപടിയൊടു കൂടി ൫ാം എപ്രെൽ ൨൯നു- വെട്ടത്തനാട താലൂക്കിൽ അന്ന്യായം ബൊധിപ്പിച്ചു.

അദാലത്ത വിധി ഉണ്ടായ്യതിന്റെ ശെഷം ൲൦൨൪ ചിങ്ങത്തിൽ ൲൨൱ പണത്തിന്ന ഇതിലെ ൨ാം പ്രതിക്ക കാണം ചാൎത്തി കൊടുത്തു എന്നും- വിധി നടത്തി തന്നെക്കാമെന്ന മുറി കൊടുത്തിരിക്കുന്നു എന്നും പിന്നെ വിധി നടത്തിയ്യതിന്റെ ശെഷം തന്റെ കൈവശമാക്കി തന്ന താനാണെ വിള എറക്കിയ്യു എന്നും ൨ാം പ്രതിയും ബൊധിപ്പിച്ചു.

ഠരം കാൎയ്യം വിസ്തരിച്ച നിലം ഞാൻ നടക്കാനും- വിള ൨ാം പ്രതി എടുക്കാനും- താലൂക്കിൽനിന്ന തീൎപ്പ കല്പിച്ചിരിക്കുന്നു ആ തീൎപ്പിൽ വിളയുടെ കാൎയ്യം കൊണ്ട കല്പിച്ചത സമ്മതമല്ലായ്കകൊണ്ട ആപ്പീൽ ചെയ്യുന്ന വിവരം താഴെ എഴുതുന്നു.

മെൽ നമ്പ്ര അദാലത്ത വിധി പ്രകാരം കൊടതിയിൽനിന്ന നടത്തിച്ച തന്ന പ്രകാരം നിലം ഞാൻ തന്നെ നടക്കാനായി തീൎപ്പ കല്പിച്ചത ഒഴികെ സക്കാര മുഖാന്തരം കൊയ്യു വെച്ച സൂക്ഷിച്ചിരിക്കുന്ന നെല്ല ഠരം ൨ാം പ്രതിക്ക കൊടുക്കെണമെന്ന കല്പിച്ചിരിക്കുന്നതും- അതിന പറഞ്ഞിരിക്കുന്ന സമാധാന

വും നെരിന്നും ന്യായത്തിന്നും വിരൊധമാണെന്നും കാൎയ്യത്തിന്റെ സത്യം അറിയാതെ കല്പിച്ചതാകകൊണ്ട സംശയം കൂടാതെ മാററെണ്ടതാണെന്നും താഴെ പറയുന്ന സംഗതികളെ കൊണ്ട ബൊധിക്കും.

൧൦ാം നിലം വിധിയായതിന്റെശെഷം ൧൦൨൬ ചിങ്ങത്തിൽ ൨ാം പ്രതിക്ക കാണചാൎത്തും വിധി നടത്തിതന്നെക്കാമെന്ന ഒരു മുറിയും എഴുതികൊടുത്തിരിക്കുന്നു എന്നും പിന്നെ ഒരു മാസത്തൊളം കഴിഞ്ഞ വിധി നടത്താൻ ബൊധിപ്പിച്ച ൧൦൨൭ കന്നിമാസം ൨൩- വിധിനടത്തി തരികയും അതിന്റെ ശെഷം ൭ മാസത്തൊളം കഴിഞ്ഞ കുംഭമാസത്തിൽ നിലം ഞാൻ രണ്ടാം പ്രതിക്ക കൈവശമാക്കി കൊടുത്തു എന്നും ആണ ൨ാം പ്രതി വാദിക്കുന്നത.

൧൦ാം നിലം ഒഴിപ്പിപ്പാൻ അദാലത്ത അന്യായപ്പെട്ടപ്പൊൾ തന്നെ അധികം ദ്രവ്യവകാശം ഉള്ള പ്രകാരം കള്ളാധാരമുണ്ടാക്കി വ്യവഹരിച്ചത സഫലമാവാതെ നെര പ്രകാരം ഒഴിവാൻ വിധി ഉണ്ടായിരിക്കുമ്പൊൾ ആ പ്രതിക്ക പിന്നെ ചാൎത്തി കൊടുക്കുന്നതും അല്ല എല്ലൊ.

അത തന്നെയുമല്ലാ രണ്ടാം പ്രതി കൈവശം ഇരിക്കുന്ന നിലം ഇനിക്ക ഒഴിഞ്ഞ തരുവാൻ വിധി ഉണ്ടായിരിക്കുമ്പൊൾ ആ ൨ാം പ്രതിക്ക തന്നെ പിന്നെ ചാൎത്തികൊടുത്താൽ ആ വിവരം അപ്പൊൾ തന്നെ കൊടത്തിയിൽ ബൊധിപ്പിക്ക അല്ലാതെ അവന്റെ കൈവശമിരിക്കുന്ന നിലം എന്റെ കൈവശമാക്കി പിന്നെ അവന്ന തന്നെ കൊടുക്കാമെന്ന മുറികൊടുപ്പാൻ സംഗതി വരുന്നതും അല്ല എല്ലൊ. അതിനാൽ തന്നെ ൨ാം പ്രതിവക്കൽ ഉണ്ടന്ന പറയുന്ന കാണാധാരവും മുറിയും നെരല്ലന്ന ബൊധിപ്പാൻ മുഖ്യമായ സംഗതിയും ഉണ്ട.

അതല്ലാതെ കാണചാൎത്തും മുറിയും നെരായിട്ടുള്ളതാണെങ്കിൽ വിധി നടത്തിയ ഉടനെ കൈവശമാക്കി കൊടുപ്പാനും- അത ചെയ്യീട്ടില്ലെങ്കിൽ ൨ാം പ്രതിക്ക ആ വിവരം കൊടത്തിയിൽ എങ്കിലും ബൊധിപ്പിപ്പാനും ഉടനെ സംഗതി ഉള്ളതും ചെയ്യീട്ടില്ലന്ന തന്നെ അല്ലാ- വിധിനടത്തിയതിന്റെ ൭ മാസം കഴിഞ്ഞ കുംഭമാസത്തിൽ കൈവശമാക്കി കൊടുത്തു എന്ന വിസ്താരത്തിൽ പറയുന്നതും ഒട്ടും വിശ്വസിച്ചു കൂടുന്നതും അല്ല എല്ലൊ കുംഭമാസത്തിൽ ആണ നിലം തന്റെ കൈവശം വന്നത എന്ന ൨ാം പ്രതി പറഞ്ഞതകൊണ്ട തന്നെ ൭ മാസത്തൊളമുള്ള പണി ഞാൻ കഴിപ്പിച്ചതാണെന്ന പ്രതിയാൽ തന്നെ സമ്മതം വന്നിട്ടും ഉണ്ട അതും അല്ലാതെ ൧൦ാം നിലത്ത വിള എറക്കിയതു ഞാനാകുന്നു എന്ന തെളിയിച്ചത യഥാൎത്ഥമല്ലന്ന തൊന്നിരിക്കുന്നു എന്ന താസീൽദാരുടെ തീൎപ്പിൽ പറയുന്നത അലക്ഷ്യമായ ഒരു

വാക്കാകകൊണ്ട ആയ്യ ഒട്ടും പ്രമാണിക്കെണ്ടതും അല്ലാ——അംശം അധികാരി ബൊധിപ്പിച്ച റപ്പൊട്ടിൽ പ്രതിഭാഗം തെളിവിലെക്ക ഉപയൊഗിക്കുന്നത കൊണ്ടും- ജനവരി- പിപ്രവരി മാസങ്ങളിൽ ഈ ദിക്കിൽ കച്ചെരിയാക്കി താസീൽദാര താമസിച്ച സമയങ്ങളിൽ അന്വെഷിച്ചാറെ എന്റെ സമ്മതത്താൽ ൨ാം പ്രതിയാണ വിള എറക്കിയ്യ എന്നും ഉടനെ തമ്മിൽ തെററി ഈ അന്ന്യായം ചെയ്യ്വാൻ സംഗതി വന്നത എന്നും ആയ്യ കൊണ്ട ൨ാം പ്രതിക്ക വിള കൊടുക്കെണ്ടത എന്നും താസീൽദാരുടെ തിപ്പ്വിൽ പറയുന്നുണ്ട- ആ പറയുന്ന വാക്ക ൨ാം പ്രതിക്ക വിള കൊടുപ്പാൻ വെണ്ടി ഒന്ന പറഞ്ഞിരിക്കുന്നു എന്നല്ലാതെ വിസ്താരത്തിലും മററും വിശ്വസിക്കതക്ക ഒറപ്പായ ലക്ഷ്യങ്ങൾ ഒന്നും ഉണ്ടായീട്ട പറയുന്നതും അല്ലാ- എന്ന തന്നെ അല്ലാ- ഒന്നാം പ്രതി ഗൊവിന്ദമെനവൻ——താലൂക്ക ൫ാം ഗുമാസ്തനും- ആയാളുടെ കാരണവൻ- ഈ താലൂക്കിൽ പെഷ്ക്കാരും അനന്തരവന്മാര രണ്ടാള രണ്ട അംശം അധികാരികളും ആകകൊണ്ടും വളരെ ദ്രവ്യസ്ഥന്മാരും പ്രബലന്മാരും ആകകൊണ്ടും ആകുന്നു ആമീന്റെ റപ്പൊടത്ത നെര മറച്ച പ്രതിപക്ഷമായി എഴുതുവാൻ സംഗതിവന്നത- ആ വിവരങ്ങൾ മുമ്പെ തന്നെ ഞാൻ ഹരജികളാൽ ബൊധിപ്പിച്ചീട്ടും ഉണ്ട എന്ന മാത്രമല്ലാ ഈ ആമീൻ താന്നിയ്യരക്കാരൻ അസ്സനാലി എന്നവൻ എറക്കിരിക്കുന്ന വിള അവനും ഒന്നാം പ്രതിയ്യമായീട്ടുണ്ടായിരുന്ന സിദ്ധാന്തത്തിനാൽ ൩ാം പ്രതി എറക്കിയ്യാകുന്നു എന്ന മെപ്പടി അധികാരി ബൊധിപ്പിച്ച റപ്പൊടത്ത പ്രമാണിച്ച വിള ൩ാം പ്രതിക്ക വിട്ടകൊടുപ്പാൻ കല്പിച്ച നടത്തിയ തിപ്പ്വിന്ന അസ്സനാലി സിവിൽ വ്യവഹാരപ്പെട്ട ൩ാം പ്രതി എടുത്ത വിള അസ്സനാലിക്ക തിരിച്ച കൊടുപ്പാൻ അദാലത്ത കൊടത്തിയിൽനിന്ന വിധി ഉണ്ടായിരിക്കുന്നു. അതുകൊണ്ടും മെപ്പടി ആമീന്റെ റപ്പൊട്ട പ്രതിപക്ഷമായി ചെയ്യുതാകകൊണ്ട ആയ്യ ഈ കാര്യത്തിലെക്ക ഒട്ടും വിശ്വസിക്കെണ്ടതും അല്ലാ- ജനവരി- പിപ്രവരി ഈ മാസങ്ങളിൽ താസീൽദാര ചിലസമയം കച്ചെരിയാക്കി താമസിച്ചിരുന്നത ൨ാം പ്രതിയുടെ വീട്ടിലാകകൊണ്ട വിള ൨ാം പ്രതി എറക്കിയ്യാകുന്നു എന്ന ൨ാം പ്രതിക്ക വെണ്ടി ലക്ഷ്യമില്ലാത്ത ഒരു വാക്ക പറഞ്ഞു എന്നല്ലാതെ ആവാക്ക ഒട്ടും വിശ്വസിക്കെണ്ടതും അല്ലാ-

അദാലത്ത അന്ന്യായത്തിൽ തന്നെ നിലം ഒഴിയാതെ കഴിവാൻ ഏറിയ ദുർവ്യവഹാരങ്ങൾ ചെയ്യു പ്രതിക്കാരന ആരായാലും പിന്നെ ചാർത്തി കൊടുക്കുന്നതും അല്ലാ.

നിലം വിധി നടത്തി കിട്ടിയ്യിന്റെ ശെഷം ഞാൻ തന്നെ ആകുന്നു കന്നപൂട്ടിച്ച വിത്തിടുഞ്ഞൊല ഒഴവാക്കി വിതപ്പിച്ചത എ

ന്ന വിസ്തരിച്ചെടത്തൊളമുള്ള സാക്ഷികളാൽ തെളിയിച്ചിരിക്കുന്നത കൂടാതെ ഇനിയും സാക്ഷികളാൽ തെളിയിക്കാം വിധിക്കു വിരൊധം ചെയ്തു ശിക്ഷയിൽ പ്രതികൾ ഉൾപ്പെടാതിരിപ്പാൻ വെണ്ടി വിള ൨ാം പ്രതി എറക്കിയ്യാണെന്ന സ്ഥിരമായി അലക്ഷ്യമായ വാക്കുകൾ പറഞ്ഞിരിക്കുന്നത എതൊരു അവസ്ഥവിചാരിച്ചാലും ൧൦ാം കാൎയ്യത്തിൽ പ്രമാണിക്കെണ്ടതില്ലായ്കകൊണ്ടും എറിയ വിത്തവല്ലി ചിലവിട്ടു ഞാൻ വിള എറക്കിച്ചതാകകൊണ്ടും- ൧൦ാം കാൎയ്യത്തിന്റെ ആദ്യ വിസ്താരവും തീൎപ്പിന്റെ പകൎപ്പു ഇതൊടൊന്നിച്ചു ബൊധിപ്പിക്കുന്നതും നൊക്കി നിലം ഞാൻ നടക്കാനായി കല്പിച്ചത സ്ഥിരം ചെയ്യും- വിള ൨ാം പ്രതി എടുപ്പാൻകല്പിച്ചത ദുൎബ്ബലമാക്കിയും ജപ്തിയിൽ ഇരിക്കുന്ന നെല്ലു ൨ാം പ്രതിക്കു വിട്ടുകൊടുക്കാതെ ഇരിപ്പാനും കല്പന ഉണ്ടാവാൻ അപെക്ഷിക്കുന്നു.

കുററനാട താലൂക്ക ഹെഡ പൊലീസാമ്പര കല്പിച്ച തീൎപ്പു.

അന്ന്യായം ചെന്നൻ മുതൽ ൨ാൾ }
പ്രതി
രാമൻ മുതൽ ൪ാൾ }

൧ാം അന്ന്യായക്കാരൻ ൨ാം അന്ന്യായക്കാരനൊട ൨ാം അന്ന്യായക്കാരന്റെ വക മൈമലം എന്ന നിലം പാട്ടത്തിന്ന വാങ്ങി നടന്നുവരുന്നതിൽ എതാനും നിലങ്ങളിൽ വിള എറക്കുകയും എതാനും സ്ഥലം കിളയ്യും പൂട്ടും കഴിച്ചു ഒഴവാക്കുകയും ചെയ്തിരിക്കുമ്പൊൾ ൧൦൨൪ മിഥുനം ൧൭നു-ക്കു ൧൮൪൯ ജൂൻമാസം ൨൮നു- പകൽ പ്രതികാര ബലമായി കന്നപൂട്ടുകയും- കലശലിന്ന ചെല്ലുകയും ചെയ്യിരിക്കുന്നു എന്നും മററും ൧ാം അന്ന്യായക്കാരനും- അതിന്ന അനുസരണമായിട്ടു തന്നെ ൨ാം അന്ന്യായക്കാരനും ജൂലായി ൨നു- ഹരജികൾ ബൊധിപ്പിച്ചു. ൧ാം പ്രതി ആഗസ്തു൧നനു- ഹാജരായി അവനും ഹരജി ബൊധിപ്പിച്ചു- ൧- ൪- ൫ സാക്ഷികളൊട വിസ്തരിച്ചു.

൨ാം അന്ന്യായക്കാരൻ ലെലത്തിൽ കൊണ്ട ലെലം നടത്തി കൊടുത്ത നടന്ന വരുന്ന അന്ന്യായത്തിൽ പറയുന്ന വഹകളിന്മെൽ താൻ പൊയിട്ടില്ലെന്നും ——— ജന്മം മൈമലം പറമ്പിൽ എതാനും സ്ഥലം താൻ വെട്ടി കിളച്ചുവരുന്നതിൽ ചുരുക്കമായി എതാനും സ്ഥലം ൧൦൨൩ലെക്കു നടത്തിരിക്കുന്നു ആയതു ൨ാം അന്ന്യായക്കാരന്റെ ഹരജിയിൽ പറയുന്ന നിലത്തിൽ പററിയ്യാണെന്നും- ഒഴിഞ്ഞു കൊടുക്കെണമെന്നും വെച്ചു ശാഠ്യമായും മററും ൨ാം അന്ന്യായക്കാരൻ മുട്ടിക്കുന്നു എന്നും താൻ നടപ്പാക്കി വരുന്ന

സ്ഥലം ൩ാം അന്ന്യായക്കാരൻ ലെലത്തിൽ കൊണ്ടതിൽ പററിയ്യു ല്ലെന്നും ൩ാം അന്ന്യായക്കാരന്റെ വക്കൽ ഉള്ള സന്നത നൊക്കി യാൽ തന്നെ അറിയാമെന്നും മററും പ്രതിക്കാരനും- ൩ാം അന്ന്യായ ക്കാരൻ ലെലത്തിൽ കൊണ്ട നടന്നുവരുന്ന മൈമലം നിലം ൧ാം അന്ന്യായക്കാരന വെറുമ്പാട്ടത്തിന്ന കൊടുത്ത അവൻ കന്നപൂട്ടു മ്പൊൾ ഒന്നാം പ്രതി മുതലായ്യര ചെന്ന കണ്ടതച്ച വിടീക്കയ്യും മ ററും ചെയ്യ്യിരിക്കുന്നു എന്ന ൧- ൪- ൫ സാക്ഷികളും വിസ്താരത്തി ൽ ബൊധിപ്പിച്ചിരിക്കുന്നു- ശെഷം സാക്ഷികളെ കിട്ടീട്ടില്ലായ്കകൊണ്ട അവരൊടും ൨ മുതൽ ൪ വരെ പ്രതിക്കാരെ വരുത്താൻ ആവിശ്യം ഇല്ലായ്കകൊണ്ട അവരൊടും വിസ്തരിച്ചിട്ടില്ലാ- ൩ാം അന്ന്യായക്കാരൻ ഈ സംഗതിയെ കുറിച്ച ൩ാമത സത്തെപ്ര ഫവ്യന്നു- ഇവിടെ ഒരു ഹരജി ബൊധിപ്പിച്ചു- ആയ്തും ൧ാം പ്രതി ഈ സംഗതിയെ കുറിച്ച പലവക ൧൨൪൯ാം നമ്പ്രായി മജിസ്ത്രെട്ടിൽ ബൊധിപ്പിച്ച ഹരജി അവിടെനിന്ന അയച്ച സത്തെപ്ര വനനു- എത്തി ആയ്തും ഈ കാൎയ്യത്തിന്ന ആദ്യം എടപ്പാള അംശം അകടീക്ക അധികാരിക്ക കല്പന അയച്ച മറുപടി വരുത്തുകയ്യും ഇ പ്പൊഴത്തെ അധികാരിക്കും കല്പന അയച്ച ൩ാം അന്ന്യായക്കാര ന്റെ സന്നതിൽ ഇപ്പൊൾ ൧ാം പ്രതിയ്യുടെ ഹരജിയിൽ പറയ്യു ന്ന വാദിക്കുന്ന സ്ഥലം ചെൎന്നിട്ടുണ്ടൊ എന്ന ആയാൾ അളന്നും അന്വെഷിച്ചും മറുപടി ബൊധിപ്പിക്കുകയ്യും ആയ്തും ഈ വിസ്താ രത്തിൽ ചെൎക്കുകയ്യും ചെയ്തു- ഈ കാൎയ്യത്തിന്റെ സകല ദസ്ത്യെ വെജുകളും നൊക്കിയ്യതിൽ പൊലീസ്സായി ഒന്നും ഉണ്ടായ പ്രകാരം കാണുന്നില്ലാ- ൩ാം അന്ന്യായക്കാരന്റെ ഹരജിയിൽ പറയ്യുന്ന മൈമലം നിലത്തിൽ പററിഎതാനും സ്ഥലം ൧ാം പ്രതി ഇപ്പൊൾ ബലമായി നടപ്പാൻ വരുന്നു എന്നും അത തന്റെ സന്നതിൽ പ്പെട്ടതും തനിക്കുള്ളതും- താൻ വിള എററക്കിച്ചതും ആകുന്നു എന്ന ൩ാം അന്ന്യായക്കാരനും- ഈ വാദിക്കുന്ന സ്ഥലം ൩ാം അന്ന്യായ ക്കാരന്റെ സന്നതിൽപ്പെടാത്ത സ്ഥലം താൻ പുതുതായി വെട്ടികി ളച്ച ഉണ്ടാക്കി വിള എററക്കിരിക്കുന്നത താനാകുന്നു എന്ന ൧ാം പ്രതിയ്യും തമ്മിൽ വാദമായിട്ടാകുന്നു കാണുന്നത- ആ വാദം തീ രെണ്ടതിലെക്ക ൩ാം അന്ന്യായക്കാരന്റെ വക്കൽ ഉള്ള സന്നതി ലെ അളവ —— അംശം അധികാരിയെ മെപ്പടി സ്ഥലത്ത അയച്ച അളപ്പിച്ച നൊക്കുകയ്യും അന്വെഷിക്കുകയ്യും ചെയ്യു തിൽ മൈമലം എന്ന നിലം രണ്ടിന്റെയ്യും കിഴക്ക പടിഞ്ഞാ റ തെക്ക വടക്ക അളവും കണ്ടങ്ങളും സന്നത പ്രകാരം ശരിയാ യിട്ടും ഈ വാദിക്കുന്ന സ്ഥലം മൈമലം കിഴക്കെ തല ഫവ്യ ക ണ്ടത്തിന്റെ വടക്ക ഭാഗവും ആ നിലത്തിന്റെ തെക്ക വടക്ക സന്നതിൽ കാണുന്ന അളവ ൧൨ കൊലിന്ന പുറമെ ആയിട്ടു ഈ വാദിക്കുന്ന സ്ഥലവും അത അളവിൽ ഉൾപ്പെടാതെയ്യും വ

ടക്ക പുഴയൊട ചെൎന്നതായിട്ടും ആയ്യ ൩ പൂട്ടുള്ള കൊൽക്ക ൩൨൨ പെരുക്കത്തിനുള്ള സ്ഥലവും അത പുത്തുതായി വെട്ടി കിളച്ച നന്നാക്കി വിള എറക്കിയ്യായിട്ടും ആയ്യ ൨ാം പ്രതി ചെയ്യത എന്നും അങ്ങിനെ ഒന്നാം പ്രതി ചെയ്യത ജന്മിയുടെ ചൊൽപ്പടിക്ക എന്നും വന്നലെക്ക അതിൽ വിള എറക്കിയ്യൂം ൨ാം പ്രതിയാകുന്നു എന്നും അധികാരി മുഖ്യസ്ഥന്മാരുടെ റപ്പൊൎട്ടത്തിനാലും മററും കാണുന്നതാകകൊണ്ട ഇങ്ങിനെ ഇരിക്കുന്ന ൟ ൩൨൨ പെരുക്കത്തിന്റെ സ്ഥലം ൧ാം അന്ന്യായക്കാരന്റെ സന്നതിൽപ്പെട്ടതും തനിക്ക കിട്ടെണമെന്നും വിചാരിക്കുന്നതിന്ന ആയ്യ സീവിൽ വ്യവഹാരം കൊണ്ടല്ലാതെ പൊലിസ്സിൽനിന്ന ഒന്നും കല്പിപ്പാൻ പാടില്ലായ്കകൊണ്ട ൟ കാൎയ്യം നീക്കുകയും ചെയ്യു.

മജിസ്ത്രെട്ടിലെക്ക

കുററനാട്ട താലൂക്ക——അംശത്തിൽ ഗൊവിന്ദൻ നായര ബൊധിപ്പിക്കുന്ന ഹരജി- ൯൫ൽ അപ്പീൽ ൯൩ാം നമ്പ്രിൽ അന്ന്യായം മരിച്ചുപൊയ ശങ്കര ജെഷ്ഠന പ്രതി ലക്ഷ്മി നെത്ര്യാര മുതലായ്യര കൊട്ടുക്കെണ്ടും ഉറപ്പികക്ക പ്രതിവക മുതൽ ലെലത്തിൽ വിററ കൊണ്ടീട്ടുള്ള സന്നതിൽ പറയുന്ന കിഴക്കെ മൈമലം എന്ന നിലം ൨൦വന്നലെക്ക വെറുമ്പാട്ടം നടപ്പാൻ ൟഴവൻ ചെന്നന കൊട്ടത്തതിൽ ൻ കണ്ടും അവൻ രാമന കൊട്ടത്തിരിക്കുന്നു എന്നവെച്ചു രാമൻ മുതലായ്യര ബലമായി കന്ന പൂട്ടിയ സംഗതിക്കും മററും ഞാനും പാട്ടക്കാരൻ ചെന്നനും താലൂക്കിൽ ഹരജികൾ ബൊധിപ്പിച്ച കാൎയ്യം അന്വെഷണം ചെയ്യു ബൊധിപ്പിപ്പാൻ അകടീക്ക അധികാരിക്ക കല്പന അയച്ചതിന്ന രാമൻ കയ്യെറിയ കണ്ടങ്ങൾ സന്നതിൽ ഉൾപ്പെട്ടതാണെന്നും രാമന അതിന്മെൽ ഒരു അവകാശം ഇല്ലന്നും അധികാരി മുഖ്യസ്ഥന്മാര സത്ത്യമായി മറുപടി ബൊധിപ്പിച്ചതിന്റെ ശെഷം ആ കാൎയ്യം രണ്ടാമതും അന്വെഷിപ്പാൻ അധികാരിക്ക കല്പന ഉണ്ടായ്യി ന്ന രാമൻ നടന്നിരിക്കുന്ന സ്ഥലം സന്നതിലെ അതൃക്ക അകത്തുള്ളതാണെന്നും അളവ ശെരി എന്നും- വിള എറക്കിയ്യ രാമനാകുന്നു എന്നും എന്റെ ശത്രുക്കാരുടെ വാക്ക കെട്ട അധികാരി ബൊധിപ്പിച്ച റപ്പൊൎട്ടത്ത താസീൽദാര സ്വീകരിച്ച വിള രാമൻ എടുപ്പാനും ഞാൻ സീവിൽ വ്യവഹാരം ചെയ്യാനും കല്പിച്ച തീൎപ്പ സമ്മത മല്ലായ്കയാൽ ആ കാൎയ്യത്തിന്ന അപ്പീൽ ആയി സന്നിധാനത്തിങ്കലെക്ക കഴിഞ്ഞ കന്നി വന്നു- തഹശീൽ വഴിയായി ബൊധിപ്പിച്ച ഹരജിക്ക ഇതവരെയും ഒരു കല്പന ഉണ്ടായിട്ടില്ലാത്തതിനാൽ വളരെ സങ്കടവും മുതൽ നഷ്ടവും ആയി വന്നിരിക്കുന്നു എന്റെ സന്നതിൽപ്പെട്ട അതൃക്കക

ത്തുള്ള കണ്ടങ്ങളിൽ ഏതാനും കണ്ടം ഓപ്പുളിയാൽ നടന്നാൽ നെല്ലുണ്ടാവാതെ ചെള്ളി മുളച്ചു കിടന്നിരുന്നത ഞാൻ പാട്ടകുടിയാന്മാരെകൊണ്ട കിളപ്പിച്ചു നന്നാക്കി ചെറിയ കണ്ടമാക്കി അതിരിട്ട നടത്തിക്കുന്നതും സന്നതിൽ എഴുതിയ കൊലളവ വരമ്പ വിട്ട കണ്ടങ്ങൾ അളന്ന ജപ്തി ചെയ്യുതിനാൽ കൊലിൽ വ്യത്യാസമുണ്ടെന്നാക്കിത്തിൎത്ത കൊള്ളാമെന്ന ദുൎയ്യുക്തി വിചാരിച്ചു എന്റെ ശത്രുക്കളും എന്റെ ശങ്കരജെഷ്ഠനെ കുലചെയ്യാൻ സഹായം ചെയ്യുവരും ചെയ്യിച്ചവരും ഉള്ളതിൽ കൃഷ്ണനായര- ഗൊവിന്ദമെനവൻ- മുതലായ്യരുടെ വാക്കിനെ പ്രമാണിച്ചു ഞാൻ കൊടുത്ത പാട്ടകുറിയാൽ നടന്നവരുന്ന. എന്റെ സന്നതിൽ പറയുന്ന മെപ്പടി നിലത്ത ൻ കള്ളി കണ്ടത്തിൽ- രാമൻ ബലമായി ൧൦൨൭ മിഥുനം ൧൭ന്ന- കന്നപൂട്ടിയ സംഗതിക്ക ഞാനും എന്റെ പാട്ട കുടിയാനും ഹരജികൾ ബൊധിപ്പിച്ചതിന ഒന്നാമത അന്വെഷണം ചെയ്യു ബൊധിപ്പിച്ച അകടീങ്ങ അധികാരിയുടെയും മുഖ്യസ്ഥന്മാരുടെയും റെപ്പൊട്ടത്ത പ്രമാണിക്കാതെ മെൽപറഞ്ഞ എന്റെ ശത്രുക്കൾക്ക സഹായമായി തീൎപ്പു കല്പിപ്പാൻ വെണ്ടി മെപ്പടി ഗൊവിന്ദമെനവന്റെ കാരണവരും ഇപ്പൊഴത്തെ അധികാരിയും ആയ താശ്ശമെനവന രണ്ടാമത കല്പന അയച്ചു ആയാൾ നൊക്കി ഒന്നാമത ബൊധിപ്പിച്ചു റെപ്പൊൎട്ട സിദ്ധാന്തമായി ബൊധിപ്പിച്ചതിനാൽ അതും പ്രമാണിയാതെ പിന്നെയും കല്പന അയച്ചു ആവിശ്യംപൊലെ റെപ്പൊൎട്ട വരുത്തി കാലതാമസം ചെയ്യും എന്റെ പാട്ട കുടിയാൻ നടന്നവിളെ മെപ്പടി രാമൻ നടന്ന പ്രകാരവും ആ ൻ കണ്ടത്തിലെ വിളെ ആ രാമൻ എടുപ്പാനും ഞാൻ സിവിൽ വ്യവഹാരം ചെയ്യാനും താസീൽദാര തീൎപ്പു കല്പിപ്പാൻ സംഗതി ഇല്ലാത്തതാണന്നും എന്റെ സന്നതിൽപ്പെട്ട അതൃക്കകത്ത ഉൾപ്പെട്ട നിലവും സൎക്കാരിൽനിന്ന സന്നത പ്രകാരം നടത്തി തന്നതും ആകയാൽ അതിന്റെ നികിതി ഞാൻ കൊടുത്തവരികയും എന്റെ പാട്ട കുടിയാൻ നടന്ന വരികയും ചെയ്യുമ്പൊൾ- അതിൽ തൎക്കം ചെയ്യെണമെന്നും അവകാശം ഉണ്ടെന്നും വിചാരിക്കുന്നവര സിവിൽ വ്യവഹാരം ചെയ്യാനെല്ലൊ സംഗതിയും വിളെ ഇട്ടും മുമ്പെ അന്ന്യായം ബൊധിപ്പിച്ചിരിക്കുമ്പൊൾ പിന്നെ മെപ്പടി രാമന വിളെ എടുപ്പാൻ ന്യായവും ഇല്ല എന്ന സന്നിധാനത്തിങ്കൽ അറിയാമെല്ലൊ- അതുകൊണ്ട അപ്പീൽ ഹരജിയും ൦രം ഹരജിയും നൊക്കി താസീൽദാരുടെ തീൎപ്പു മാററി മെപ്പടി രാമന്റെ നിലത്തിന്മെൽ അക്രമത്തിന്ന വരാതെ നിൎത്തിതരുവാൻ വളരെ അപെക്ഷിക്കുന്നു.

കുറനാട്ടു താലൂക്ക താസീൽദാര കല്പിച്ച തീൎപ്പ.

അന്ന്യായം സൈയ്യ
പ്രതി
മന്മി മുതൽ നാൾ,

അന്ന്യായക്കാരൻ നടന്നവരുന്ന —— അംശം —— ദെശത്ത ൩൩൩൹ നെല്ല പാട്ടത്തിന്റെ ഏച്ചിലാടം നിലത്ത ൧൦൨൩മത കൊല്ലത്തെക്ക വിള എറക്കാനായി ൧൦൨൫ മെടം ൫൯-ക്ക ൫൦ ഏപ്രിൽ ൧൯- പകൽ അന്ന്യായക്കാരൻ കന്ന പൂട്ടമ്പൊൾ പ്രതിക്കാര ചെന്നവിരൊധിച്ച പൂട്ടെര വെട്ടിഅറുത്ത വാക്കെറംപറഞ്ഞ കലശൽക്ക ഭാവിച്ചപ്രകാരം ൫൦ ഏപ്രെൽ ൧൮൯- അന്ന്യായക്കാരൻ ഹരജി ബൊധിപ്പിച്ചു.

ംരം കാൎയ്യത്തിന്ന അന്ന്യായക്കാരനൊട ചൊദ്യം ചെയ്കയും- ൧-ം ൨-ം പ്രതികളെയും സമീപസ്ഥന്മാരെയും സാക്ഷിക്കാരെയും ഹാജരാക്കി വിസ്തരിക്കയും- അന്ന്യായത്തിൽ പറയുന്ന നിലം താൻ നടന്നവരുന്നതാണെന്നും മറ്റും ൧ാം പ്രതി മെയി ൨൯- ബൊധിപ്പിച്ച ഹരജിയും- അന്ന്യായക്കാരൻ കാണിച്ച അട്ടിപ്പെറാധാരം- മറുപാട്ടം- പാട്ടശീട്ട ഇതകളുടെയും——ദെശത്ത മുഖ്യസ്ഥന്മാര——അംശം കച്ചെരിക്ക എഴുതിയ റപ്പൊടത്തിന്റെയും ൧ാം പ്രതി കാണിച്ച പാട്ടശീട്ടിന്റെയും പകൎപ്പുകൾ വാങ്ങി ആയ്യും- ംരം നമ്പ്രിൽ ചെൎക്കുകയും ചെയ്തു- വിസ്താരത്തിൽ ഏച്ചിലാടം നിലം തനിക്ക സ്വന്തവും ജന്മവും ആയീട്ടുള്ളതാണെ- അത താനും- തന്റെ കാരണവനായ ൧ാം പ്രതിയും കൂടി- കുഞ്ഞുസ്സന കാണത്തിന്ന വെച്ചുകൊടുത്ത ചാത്തുനായര കയ്യായി താൻ കൊഴവിന വാങ്ങി ൧൦൧൨ മുതൽക്ക നിലം തന്റെ കൈവശമായി നടന്നവരുന്നു- നികിതി ജമ പ്രതി മന്മി പെരിൽ ആണെ- നികിതി താൻ കൊടുത്ത ശീട്ട വാങ്ങിവരുന്നു- പ്രതിക്കാര ബലമായി തകരാറ ചെയ്യുതാണെന്ന അന്ന്യായക്കാരനും-

കലശൽ ഒന്നും ചെയ്തീട്ടില്ലാ- അന്ന്യായക്കാരൻ തന്റെ മരുമകനാണെ തങ്ങൾ രണ്ടാളും ചാത്തങ്ങാടി പാൎത്തവരുന്നു തന്റെ ബൊപ്പ കുഞ്ഞൂത്തയുടെയും- അന്ന്യായക്കാരന്റെ ബൊപ്പയായ കുഞ്ഞൂത്തയുടെ അനന്തിരവൻ വാവയുടെയും മുതൽ പഴുതി ചെയ്യപ്പൊൾ ംരം നിലം തന്റെയും അന്ന്യായക്കാരന്റെയും അവകാശത്തിന്ന കിട്ടിയതാണെ- അതിന്മെൽ കെളപ്പനായൎക്കുണ്ടായിരുന്ന ൪൪൪ വെള്ളിപണം കാണം ൧൦൦ൻലൊ ൧൦൧൦ലൊ എന്ന അറിഞ്ഞീല താൻ കൊടുത്തു ൧൦൧൨ വരെക്കും നിലം ഓരൊരുത്തരെകൊണ്ട താൻ നടത്തിച്ചു- അതിന്റെശെഷം ഇതവരെ താൻ നടന്ന നികിതി കൊടുത്ത വരുന്നു- ജമയും തന്റെ പെരിൽ ആണെ- അന്ന്യായക്കാരൻ ംരം നിലം നടന്നീട്ടി

ല്ലാ ഇതിന്റെ ആധാരങ്ങളും നികിതിശീട്ട മുതലായ്തും താൻ ചാ ത്തങ്ങാടി വെച്ചിരുന്നത അന്ന്യായക്കാരൻ എടുത്ത ഇങ്ങിനെ കൌശലമായി അന്ന്യായം ചെയ്തു വലപ്പിക്കുന്നതാണെ എന്ന ൨ാം പ്രതിയും നിലം ൨ാം പ്രതി നടക്കുന്നു എന്ന ൩ാം പ്രതിയും.

സാക്ഷികളാൽ കലശൽ ചെയ്യുന്നത കണ്ടപ്രകാരം തെളി വില്ലാ- നിലം അന്ന്യായക്കാരൻ നടപ്പ എന്ന ൨ മുതൽ ൩ വരെ യും ൨ാം പ്രതി നടപ്പ എന്ന ൭- വ്യ-ൻ സാക്ഷികളും പറഞ്ഞി രിക്കുന്നു.

ഈ കാൎയ്യത്തിന്റെ വിസ്താരം മുതലായ്തു ഒക്കെയും നൊക്കിയാ റെ നിലം അന്ന്യായക്കാരൻ നടപ്പ എന്നും ഒന്നാം പ്രതി നട പ്പ എന്നും തമ്മിൽ വാദിച്ച ഇരുപക്ഷയും സാക്ഷിസംഗതികളാ ൽ തെളിവ കൊടുത്തിരിക്കുന്നു എങ്കിലും ഈ കാൎയ്യംകൊണ്ട അ ന്വെഷിക്കുകയും നികിതി കൊടുക്കുന്നതിന്റെ വിവരം അറി വാൻ കണക്ക നൊക്കിക്കുകയും ചെയ്തതിൽ ഈ നിലം ജെഷ്ഠ ന്റെയും അനുജന്റെയും മക്കളായ ഈ അന്ന്യായക്കാരനും ഒ ന്നാം പ്രതിക്കും പകുതിയിൽ കിട്ടി ഒന്നാം പ്രതി പ്രത്യെകമാ യി ചിലവചെയ്തു നടത്തി അന്ന്യായക്കാരൻ മുതലായ്തുക്ക ചില വ കൊടുത്ത രക്ഷിച്ച വിളൂ- ഇരുപക്ഷയും പാൎത്തിരുന്ന ചാത്ത ങ്ങാടി കുടിയിൽ കൊയ്തിട്ടവരുന്നത എന്നും ഇയ്യിടയിൽ മുതൽ സംഗതിയാലും മററും തമ്മിൽ കുറെ എടച്ചിൽ ആയാറെ പ്ര തിക്കാരൻ അനന്തിരവനായ അന്ന്യായക്കാരന്റെ പെരിൽ മെ ല്പടി നിലത്തിന്നും മററും എഴുതിച്ച വാങ്ങി ചാത്തങ്ങാടി വെച്ചി രുന്ന ആധാരങ്ങൾ നികിതിശീട്ട മുതലായ്തു ഒക്കെയും അന്ന്യായ ക്കാരൻ കരസ്ഥമാക്കി ആ വക ആധാരങ്ങൾ തന്റെ പെരിൽ എന്നുള്ള താല്പൎയ്യത്തിനാൽ പ്രതിക്കാരനെ തൊല്പിക്കാമെന്ന മ നഃപൂൎവ്വമായി ചതിവിചാരിച്ച ചില സാക്ഷികളെയും ഉറപ്പിച്ച നിലം താൻ പ്രത്യെകം നടപ്പ എന്നും- അതിന്മെൽ പ്രതിക്കാര ൻ കയ്യെററം ചെയ്തു എന്നും കൌശലമായി ഇങ്ങിനെ അന്ന്യാ യം ചെയ്തു സാക്ഷികളാലും- മെൽപ്രകാരമുള്ളതായ ചില ആധാ രങ്ങളാലും അന്ന്യായക്കാരൻ കൊടുത്ത തെളിവ വിശ്വസിക്കത ക്കതല്ലന്നും- നിലം ഇതവരെ നടന്ന നികിതികൊടുത്തവരുന്ന തും- ഇപ്പൊൾ നിലത്ത പ്രവൃത്തികൾ ചെയ്യുന്നതും ൨ാം പ്രതി എ ന്ന പറയുന്നതാകുന്നു ഈ കാൎയ്യത്തിന്റെ നെര എന്നും അറി ഞ്ഞിരിക്കുന്നതിനാൽ അതപ്രകാരം പ്രതിക്കാരൻ നടന്ന വരെ ണ്ടതാകുന്നന്നും അന്ന്യായക്കാരൻ വിചാരിക്കുന്ന അവകാശത്തി ന്ന ക്രമപ്രകാരം സീവിൽ വ്യവഹാരം ചെയ്തു നിവൃത്തിവരു ത്തെണ്ടതാണെന്നും ശിക്ഷിപ്പാൻ സംഗതി പൊരാ എന്നും ക ല്പിച്ച ഈ കാൎയ്യം നീക്കി വിവരം അന്ന്യായം പ്രതികളെ അറി യിക്കുകയും ചെയ്തു.

മജിസ്ത്രേട്ടിലെക്ക.

കുറുമ്പ്രനാട താലൂക്ക ——— അംശത്തിൽ സൈയ്യു ബൊധിപ്പിക്കുന്ന അപ്പീൽ ഹരജി. ൧൦൨൬ാമത കൊല്ലത്തെ മകരവിളുക്ക ൨൩ കഴിഞ്ഞ മെടമാസം ൯നു— പകൽ ഇനിക്കുള്ളതും ഞാൻ നടന്നുവരുന്നതും ആയ ഏച്ചിലാടം നിലത്ത കന്നപൂട്ടുമ്പൊൾ പ്രതിക്കാര വന്ന പൂട്ടെര വെട്ടി അറുത്ത വാക്കെററം പറകയും കലശൽക്ക ഭാവിക്കയും ചെയ്തുകൊണ്ട അതിന്ന ഞാൻ അന്ന്യായപ്പെട്ട കാൎയ്യം ——— തഹശിൽദാര വിസ്തരിച്ച നിലം പ്രതിക്കാരൻ നടപ്പാനായി ചെയ്ത തീൎപ്പ ഇനിക്ക വളരെ സങ്കടമാകകൊണ്ട താസീൽദാരുടെ തീൎപ്പ മാററി തരുവാൻ എന്റെ ആപ്പീൽ വിവരം താഴെ എഴുതുന്നു- ൧ാമത മുഖ്യമായും- സംശയത്തിന്ന അല്പവും ആസ്പദമില്ലാത്തതും ഉള്ളതായി ഞാൻ കാണിച്ചെടത്തൊളം രെഖകളും- ബൊധിപ്പിച്ചെടത്തൊളം സാക്ഷികളാൽ കിട്ടിയെടത്തൊളം തെളിവുകളും എന്റെ അവകാശവും നടപ്പും താസീൽദാര മറച്ചു വെച്ച ഒരു അവകാശവുമില്ലാത്ത അന്ന്യ ഒരുവൻ നിലം നടക്കെണ്ടത എന്ന തീൎപ്പ ചെയ്തത വിഹിതമല്ല മാററെണ്ടതാകുന്നു എന്ന വിസ്താരം നൊക്കുമ്പൊൾ തന്നെ ബൊധിക്കും- ൨ അന്ന്യായത്തിൽ പറയുന്ന ൨൩ നിലം ൯൭ാമതിൽ ഒററിയായും ൯൯ാമതിൽ ജന്മമായും എന്റെ ബാപ്പ വാങ്ങി ബാപ്പ തന്നെ നടന്നും നടത്തിച്ചും വന്നു- ബാപ്പ മരിച്ചാറെ ൧൦൧൨ മുതൽക്ക എന്റെ കൈവശമായിട്ടാകുന്നു ൨൩ നിലം നടന്നുവരുന്നത.

൩ താനും അന്ന്യായക്കാരനും ഒന്നിച്ച ചാത്തങ്ങൊടി ആകുന്നു പാൎത്ത വരുന്നത എന്നും- അന്ന്യായക്കാരന്റെയും തന്റെയും ബാപ്പ മരിക്കയാൽ ഞങ്ങൾ ൨ാളുടെയും അവകാശത്തിന്ന കിട്ടിയ്യാകുന്നു ൨൩ നിലമെന്നും- ഇതിന്റെ ആധാരങ്ങളും പക്കവാരമുറികളും നികിതിശീട്ട മുതലായ്തും മററും താൻ ചാത്തങ്ങാടി കുടിയിൽ സൂക്ഷിച്ചിരുന്നെടത്ത നിന്ന അന്ന്യായക്കാരൻ കൈവശമാക്കി ഇങ്ങിനെ വാദിക്കുന്നതാകുന്നു എന്നും ൧ാം പ്രതി പറഞ്ഞതായി തീൎപ്പിൽ കാണുന്നു- ഞങ്ങളുടെ മാൎഗ്ഗം മക്കത്തായ മൎയ്യാദയാകുന്നു എന്ന പ്രസിദ്ധമുണ്ട എന്നാൽ എന്റെ ബാപ്പയുടെ മുതലിന്ന ൧ാം പ്രതിക്ക ഒരിക്കലും അവകാശമില്ലുന്ന നിശ്ചയം തന്നെ ഭാഗത്തിൽ കിട്ടിയ്യാകുന്നു എങ്കിൽ അതിന്നുള്ള ലക്ഷ്യങ്ങൾ പ്രതി കാണിക്കെണ്ടത ചെയ്തീട്ടില്ലാ ആധാരങ്ങൾ കളവ ചെയ്തതാണെങ്കിൽ അതിന്ന അപ്പൊൾ തന്നെ ഒന്നാം പ്രതി എന്റെമെൽ ക്രമമായ വ്യവഹാരം നടത്തെണ്ടതും തൽസമയം അറിഞ്ഞീട്ടില്ലെങ്കിൽ ആ വിവരം സൎക്കാര സ്ഥലങ്ങളിൽ ബൊധിപ്പിക്കെണ്ടതും ചെയ്തീട്ടില്ലാ- ആ വക ആധാരങ്ങൾ എന്റെ ബാപ്പയുടെ പെരിലായിരിക്കയും ചെയ്യുന്നു- ആധാരങ്ങ

ൾ വിസ്താരസമയം ൧ാം പ്രതിയെ കാണിച്ചു- അതിന്ന ഒരു വാ
ദവും ൧ാം പ്രതി പറഞ്ഞിട്ടില്ലാ- ൧ാം പ്രതിയും ഞാനും ഒരാത്തി
യിൽ അല്ല പാൎക്കുന്നത- രണ്ട ദിക്കിൽ ആകുന്നു ആധാരങ്ങൾ
സകലവും അന്ന്യായക്കാരൻ കൈവശമാക്കി എന്ന ൧ാം പ്രതി വി
സ്താരത്തിൽ സമ്മതിച്ചിരിക്കുന്നു പിന്നെ രണ്ട ശീട്ട മാത്രം വി
സ്താരത്തിൽ കാണിപ്പാൻ എങ്ങിനെ ഉണ്ടായി എന്നാകുന്നു വി
ചാരിക്കെണ്ടത- ൪- ൨൦ം നിലത്തിന്മെൽ കുടിക്കടം ഉണ്ടായിരുന്ന
ത താൻ കൊടുത്തു എന്ന ൧ാം പ്രതി പറയുന്നത വ്യാപ്തി തന്നെ
൧൦൧൨ൽ കാണത്തിന്ന വെച്ചു- അപ്പൊൾ തന്നെ ൩ാം കയ്യായി
നിലം ഞാൻ വാങ്ങി- മറുപാട്ടവും എഴുതി കൊടുത്തു- അത മുതൽ
ഇത വരെയും നിലം ഞാൻ തന്നെ നടന്ന പാട്ടത്തിൽ പലിശ
ക്കുള്ള നെല്ല കൊടുത്ത എന്റെ പെരിൽ വാങ്ങി വരുന്ന പൃക്കു
വാറകളും- മെൽ പറഞ്ഞ മറുപാട്ടവും ഞാൻ വിസ്താരത്തിൽ കാ
ണിച്ചിട്ടുണ്ട. എന്റെ ബാപ്പ മരിക്കുമ്പൊൾ ഞാൻ കുട്ടിയാകു
ന്നു- ശെഷീകുറയും അതുകൊണ്ടും ൧ാം പ്രതി എന്റെ കാരണ
വനും ആകകൊണ്ട അന്ന ൨൦ം നിലം ൧ാം പ്രതി പാട്ടത്തിന്ന
ആക്കി നടത്തി വന്നതിൽ മരിച്ചുപൊയ ഒരുവന്റെ അനുജനു
മായി യൊജിച്ചു കളവായി രണ്ട ശീട്ട ഉണ്ടാക്കി കാണിച്ചതാകു
ന്നു ശീട്ടിൽ കാണുന്ന കൊല്ലങ്ങൾക്കു അധികം മുമ്പെ ആകുന്നു
അവൻ മരിച്ചത- ൭ അന്ന്യായപ്പെട്ട നിലത്തിന്മെൽ അന്ന്യായ
ക്കാരനും ൧ാം പ്രതിയും പ്രത്യെകമായി ചിലവ ചെയ്തു വിള എ
റക്കി ഇരുപക്ഷവും പാൎക്കുന്ന കുടിയിൽ കൊയ്തിട്ട വരുന്ന പ്രകാ
രവും- ൧ാം പ്രതിക്കു കൂടി അവകാശമുള്ള ൨൦ം നിലം വക ആധാ
രങ്ങൾ അന്ന്യായക്കാരന്റെ പെരിലായി ഒന്നാം പ്രതി എഴുതി
ച്ചു വെച്ചതായും താസീൽദാരുടെ അഭിഃപ്രായമായി തീൎപ്പിൽകാ
ണുന്നു ഇത നെരായിരുന്നാൽ നിലം അന്ന്യായക്കാരൻ പ്രത്യെ
കം നടപ്പാനായി തീൎപ്പ ചെയ്തത എങ്ങിനെ ൨൦ം നിലത്തിന്മെൽ
ഒന്നാം പ്രതിക്കു അവകാശമുണ്ടായാൽ അത സംബന്ധമായി
ഉണ്ടാവുന്ന ആധാരങ്ങൾ എന്റെ പെരിൽ പ്രതി പ്രത്യെകമാ
യി എഴുതിക്കുമൊ രണ്ടാൾക്കും കൂടി സമാവകാശമായാലും രണ്ടാ
ളെ പെരിൽ കൂടി എഴുതിക്കുന്നതിലെക്കു എന്തായിരുന്നു ദുൎബ്ബലത
ഉണ്ടായിരുന്നത ബാപ്പ മരിക്കയും അപ്പൊൾ ഞാൻ കുട്ടിയുംആ
യ സമയം ജമ ൧ാം പ്രതി തന്റെ പെരിൽ തിരിച്ചതാണ ആ
ജമക്കു തന്നെ ആകുന്നു നികിതിയും കൊടുത്തു വരുന്നത.

൬ ൨൦ം കഴിഞ്ഞ ൧൦൨൪ കന്നി വിള നികിതിയുടെ ഉറപ്പിന്നാ
യി അധികാരി വിരൊധിച്ചപ്പൊൾ എന്റെ അനുജൻ അംശം
കച്ചെരിയിൽ കച്ചീട്ട കൊടുത്തിട്ടുണ്ട അതുകൊണ്ടും എന്റെ ന
ടപ്പ തെളിയുന്നതാകുന്നു ൧൦൧൨ മുതൽക്കു ഞാനല്ലാതെ ൧ാം പ്രതി
൨൦ം നിലം നടന്നിട്ടില്ലെന്ന വെച്ചു ഇനിക്കു സത്യം ചെയ്യാം ൨൦ം

വിവരം താലൂക്കിലും ഞാൻ ബൊധിപ്പിച്ചപ്പൊൾ സത്യം ചെയ്യാനും കെൾപ്പാനും മനസ്സില്ലന്നാകുന്നു ഒന്നാം പ്രതി ബൊധിപ്പിച്ചിരിക്കുന്നത തീൎപ്പിൽ പറയുന്നതായ മുഖ്യസ്ഥന്മാരുടെ റപ്പൊടത്തിലും നിലം ൧ാം പ്രതി നടക്കുന്നു എന്നില്ലാ- മെൽ പറഞ്ഞ എല്ലാമാധാരങ്ങളാലും സമീപസ്ഥന്മാരായി ൩ാളെ ഹാജരാക്കി അവരുടെ വാമ്മൊഴികളാലും നിലം ഞാൻ നടന്നു വരുന്നു എന്ന ഉറപ്പായും തെളിഞ്ഞിരിക്കുന്നു. നിലം ആരും നടന്നുപൊകരുതെന്ന മുഖ്യസ്ഥന്മാര വിരൊധിച്ചിരിക്കുന്നു. നിലം കിടപ്പായാൽ കാണപലിശക്കും നികിതിക്കും ജന്മഭൊഗത്തിന്നും എന്നാൽ ഉത്തരവാദിയായി വരുവാൻ കഴിയുന്നതല്ലാ- മറെറാരാൾ നിലം നടക്കുന്നത ഇനിക്ക സമ്മതവും അല്ലാ- അതുകൊണ്ട മെൽ പറഞ്ഞ ആധാരങ്ങളും ഇനി വെണ്ടുന്ന തെളിവുകളും എന്നൊട വാങ്ങി ആയ്യും വിസ്താരങ്ങളും മുൻപറഞ്ഞ കച്ചീട്ടും നൊക്കിയും ഈരം കാൎയ്യത്തിന്റെ സത്യം അറിഞ്ഞും എന്നെകൊണ്ട സത്യം ചെയ്യിച്ചും നിലം കിഴക്കട പ്രകാരം ഞാൻ നടപ്പാനായി തീൎപ്പ ചെയ്തു തരുവാൻ അപെക്ഷിക്കുന്നു.

കുറെറനാടതാലൂക്ക താസീൽദാര കല്പിച്ച തീൎപ്പ.

അന്യായം തെയ്യൻ
പ്രതി
പറങ്ങൊടൻനായര മുതൽ ൫ാൾ

മൂക്കുതലെ ഭഗവതി ദെവസ്സത്തിൽനിന്ന ൨ാം പ്രതി ൲൲൫ പണം കാണമായി ൫൯!പറ നെല്ല പാട്ടത്തിന്റെ നിലംപറമ്പുകൾ ചാൎത്തി വാങ്ങീട്ടുള്ളതിൽ ചെറ ചെലക്കലൊടി നിലവും അരികത്തെ കണ്ടവും ഒററ കണ്ടവും തറമൽ കണ്ടം ൭—ം പിച്ചിരിക്കാട്ടെ പറമ്പും മറത്തിൽപറമ്പിന്റെ മെലെ മുറിയും കിണററിന്റെ പടിഞ്ഞാറ ചൊവ്വ വടക്കൊട്ടുള്ള പറമ്പിന്ന പടിഞ്ഞാട്ടുള്ള പറമ്പും ൨ാം പ്രതി കയ്യായി അന്യായക്കാരൻ നടന്ന വരുമ്പൊൾ വ്യ൲ പണം കാണവും കുഴിക്കൂറ ചമയത്തിന്ന ന്നൂര പണവും കൂടി വകരണ്ടിൽ ൭൲൫ പണം കൊടുത്ത കീഴാധാരങ്ങളൊടുകൂടി ൨-ം ൩-ം പ്രതികളൊട ൲൦൨൫ വൃശ്ചികം ൲൩൩— ചാൎത്തിവാങ്ങി നടന്നവരുമ്പൊൾ ചെലക്കലൊടിമുതലായ നിലത്ത അന്യായക്കാരൻ എറക്കീട്ടുള്ള മകരവിള ൲൦൨൩ ധനുമാസം ൨൨൩—ക്ക ൫൲ ജനവരി ൲൦൩— പകൽ പ്രതിക്കാര കൊയ്തു കൊണ്ടുപൊകുന്നത കണ്ട വിരൊധിച്ചാറെ അടികലശൽ ചെയ്തിരിക്കുന്ന പ്രകാരം അന്യായക്കാരൻ ജനവരി ൲൲൩— ഹരജിബൊധിപ്പിച്ചു- അന്യായക്കാരനൊട ചൊദ്യം ചെയ്കയും ൲-ം ൨-ം പ്രതികളെ ജനവരി ൨൭൩— പിടിച്ച അവരൊടും സാക്ഷികളൊടും വിസ്ത

രിച്ച- ൩ മുതൽ ൯ വരെ പ്രതിക്കാരെ തൽക്കാലം കിട്ടായ്കകൊണ്ട
വിസ്തരിച്ചീട്ടില്ലാ- ൫ാം പ്രതി അന്ന്യായക്കാരന്റെ പുറത്ത കൈ
കൊണ്ട ൩-൪ അടിച്ചതല്ലാതെ മറ്റൊരും ഒന്നും ചെയ്കീട്ടില്ലന്നും താ
ൻ എറക്കിയ വിള ൫ാം പ്രതിയുടെ വീട്ടിലെക്കാണ കൊണ്ടുപൊയ്ത
എന്നും- താൻ ൰ം നിലം പറമ്പുകൾ വാങ്ങിയ്കിന്റെശെഷം ത
ന്റെ പണം കൊഴിക്കൊട്ടുള്ള അപ്പാഴിയത്ത ചാപ്പു മെനവനൊ
ട വാങ്ങി വഹകൾ ഒഴിഞ്ഞുകൊടുത്ത പിന്നെ അവരൊട വെറു
മ്പാട്ടത്തിന്ന വാങ്ങീട്ടാണ ഇപ്പൊൾ നടക്കുന്നത എന്നും- ൫ാം
പ്രതി തന്നെ അടിച്ചപ്പൊൾ സാക്ഷിക്കാര ആ സ്ഥലത്ത ഇല്ലാ
യ്കകൊണ്ട അവര കണ്ടീട്ടില്ലന്നും മറ്റും അന്ന്യായക്കാരനും- അ
ന്ന്യായത്തിൽ പറയുന്ന വഹകൾ ൫൦൫ പണം കാണവും പറ
മ്പിലുള്ള അനുഭവങ്ങൾക്ക ൨൦൦ൽ ചില്ലുവാനം പണം കുഴിക്കാ
ണവും കൂടി താൻ മുക്കുതലെ ദെവസ്സത്തിലെക്ക ൨൯ാമത കുംഭ
മാസത്തിൽ കൊടുത്ത ചാൎത്തി വാങ്ങി പറമ്പിലെ അനുഭവങ്ങ
ൾ അക്കൊല്ലം മുതൽക്കും നിലങ്ങൾ ഒരു പുകിൽ ആകയാൽ
൨൭ലെ മുണ്ടക വിള എറക്കി എടുക്കുകയും ൨൭ലെ നികിതിയും
കൊടുത്തവരുന്നു എന്നും ൰ം വഹകൾ ൨ാം പ്രതി കൈവശം
ആയിരുന്നു എന്നും അവനൊട ദെവസ്സത്തിലെക്ക വെപ്പിച്ച
വാങ്ങീട്ടാണ തനിക്ക ചാൎത്തി കൊടുത്തത എന്നും ഇതിൽ അരു
കിലെ കണ്ടം ൨ാം പ്രതിയൊട അന്ന്യായക്കാരൻ ൩൦ പണം പ
ണയമായി വാങ്ങി ൩- ൪ കൊല്ലമായിട്ട അവൻ നടക്കുന്നു എ
ന്നും ആ നിലം തന്റെ കൈവശം വന്നീട്ടില്ലന്നും താൻ എറ
ക്കിയ വിള അധികാരി നികിതിക്ക വെണ്ടി വിരൊധിച്ചീട്ട ജാ
മ്യൻ കൊടുത്തീട്ടാണ കൊയ്കിരിക്കുന്നത എന്നും മറ്റും ഒന്നാം
പ്രതിയും അതിന്ന അനുകൂലിച്ച തന്നെ ൨ാം പ്രതിയും അന്ന്യാ
യക്കാരന്ന കാണവകാശമുള്ള ചെലക്കൽ ഒടിനിലത്ത അന്ന്യായ
ക്കാരൻ എറക്കിയ മുണ്ടകവിള പ്രതിക്കാരും ചില ചെറുമക്കളും
കൂടി ധനുമാസം ൨൭നു- കൊയ്ത കൊണ്ടപൊകുന്നതും ഒന്നാം
പ്രതി അന്ന്യായക്കാരന്റെ പുറത്തും മറ്റും കൂടി നാലഞ്ച അ
ടിക്കുന്നതും കണ്ടു എന്നും മറ്റും ൫ാം സാക്ഷിയും മകരം
൭നു- താൻ അന്ന്യായക്കാരനെ തിരഞ്ഞ അവന്റെ കുടിയിൽ
ചെന്നപ്പൊൾ അന്ന്യായക്കാരൻ ചെലക്കലൊടി നിലത്ത എ
റക്കിരിക്കുന്ന മുണ്ടക വിള പ്രതിക്കാര കൊയ്തുകൊണ്ട പൊകു
ന്നപ്രകാരം കെട്ട അവിടെ പൊയിരിക്കുന്നു എന്ന കുടിയിലു
ള്ളവര പറകയാൽ താൻ ആ സ്ഥലത്തക്ക ചെന്നപ്പൊൾ ഒ
ന്നാം പ്രതിയും ൨-൩ ചെറുമക്കളും ൨-ം ൪-ം പ്രതികളും ചക്കപ്പ
നെന്ന ഒരുത്തനും കൂടി വിള കൊയ്ത ചിലര കററകെട്ടി വടക്കൊ
ട്ട കൊണ്ടുപൊകുന്നതും- അന്ന്യായക്കാരൻ വിരൊധിച്ചാറെ ഒ
ന്നാം പ്രതി അവനെ കൈകൊണ്ട പുറത്തും ചെകിട്ടത്തുമായി

ഒന്നരണ്ട അടിക്കുന്നതും കണ്ടു എന്നും ൨ാം സാക്ഷിയും ധനു ൨൭നു- താൻ അന്ന്യായക്കാരന്റെ പുരക്കൽ ചെല്ലുമ്പൊൾ അന്ന്യായക്കാരൻ അവിടെ ഉണ്ടായിരുന്നു എന്നും- ചെലക്കൽ ഒടി നിലത്ത അന്ന്യായക്കാരൻ എറക്കിയ മുണ്ടകവിള ൧ാം പ്രതി മുതലായ്വര കൊയ്യുന്നപ്രകാരം ഒരു കുട്ടി അന്ന്യായക്കാരനൊട പറകയാൽ അന്ന്യായക്കാരൻ ആ സ്ഥലത്തെക്ക മുമ്പെ പൊയീ എന്നും വഴിയെ താനും ചെന്നു എന്നും അപ്പൊൾ ൧ മുതൽ ൪ വരെ പ്രതിക്കാരും ചക്കപ്പനെന്നവനും ൭-വ ചെറുമക്കളും കൂടി വിള കൊയ്യുന്നതും- അന്ന്യായക്കാരൻ വിരൊധിച്ചാറെ അവനെ ൧ാം പ്രതി കൈകൊണ്ട മുഖത്തും പുറത്തും ആയി രണ്ട അടിക്കുന്നതും കണ്ടു എന്നും മറ്റും ൩ാം സാക്ഷിയും അന്ന്യായത്തിൽ പറയുന്ന നിലം പറമ്പുകളിൽ അരികത്തെ കണ്ടം അന്ന്യായക്കാരനും ഒററ കണ്ടവും തറമൽ കണ്ടം ൭-ം ൯ാം സാക്ഷിയും ശെഷം ൨ാം പ്രതിയും ആണ നടന്ന വന്നിരുന്നത എന്നും അതിൽ അരികത്തെ കണ്ടം ഒഴികെ ശെഷം ഒക്കയും കഴിഞ്ഞ കൊല്ലത്തിന്നിപ്പുറം ൧ാം പ്രതിയാണ നടന്നവരുന്നത എന്നും മറ്റും ൪-ം ൫-ം ൬-ം ൭-ം സാക്ഷികളും- അന്ന്യായത്തിൽ പറയുന്ന വഹകൾ മൂക്കുതലെ ദെവസ്സം ജന്മവും ആയ്യു ൧൦൧൨ ആമത കൊല്ലത്തിൽ ൧൧൫ പണം കാണത്തിന്ന ദെവസ്സത്തിൽ നിന്ന ൨ാം പ്രതിക്ക ചാൎത്തികൊടുത്ത അവൻ നടന്നവരുമ്പൊൾ കാണശിഷ്ടും വകയും മിച്ചാരവും വാഴക്കുല പണം മുതലായ്തും- ൨ാം പ്രതിവക്കൽ നിലവ വരികയും ൨൧ൽ ൨ാം പ്രതിക്ക എതാനും പണത്തിന്ന മുട്ടുണ്ടെന്നും പറകയാലും ൭൫ പണം കൂടി കൊടുത്ത കണക്കുകൾതീൎത്ത കഴിച്ചുള്ള കാണം കുഴിക്കാണം ചമയം കൂടി ആ കൊല്ലം തന്നെ പണയമായി ൨ാം പ്രതിയൊട എഴുതിച്ച വാങ്ങി അവധിപ്രകാരം പണവും മിച്ചാരങ്ങളും തീക്കായ്കയാൽ ൧൦൨൪ാമത ചിങ്ങമാസത്തിൽ വഹകൾ ഒക്കെയും ദെവസ്സ്വത്തിലെക്ക ഒഴിഞ്ഞ കൊടുത്തു എന്നും ആസമയം അരികത്തെ കണ്ടം- ൩൦ പണം വാങ്ങി കാണാധാരത്തൊടുകൂടി അന്ന്യായക്കാരനും- തറമൽ കണ്ടം ൭-ം ഒററ കണ്ടവും ചെക്കുവിനും പണയം കൊടുത്ത അവനൊട എടക്കരി പിടിച്ച ൨൦ പണം പണയമായി ൯-ാം സാക്ഷിക്കും കൊടുത്ത അത അവര നടന്നവരുന്നു എന്നും ൦രം വഹകൾ ഒക്കെയും ൧൦൨൫ കുംഭമാസത്തിൽ ൧൦൧ പണം കാണവും കുഴിക്കാണവകാശവും ആയി ദെവസ്സത്തിൽനിന്ന ഒന്നാം പ്രതിക്ക ചാൎത്തികൊടുത്തു എന്നും അതിൽ ൯ാം സാക്ഷി നടക്കുന്ന നിലം അവൻ ഒഴിഞ്ഞകൊടുത്തു എന്നും അന്ന്യായക്കാരൻ നടക്കുന്നത ഒഴിഞ്ഞ കൊടുത്തീട്ടില്ലന്നും മറ്റും ൮ാം സാക്ഷിയും തറമൽ കണ്ടം ൭-ം ഒററ കണ്ടവും താൻ എടക്കരി പിടിച്ച നടന്നിരുന്നത പണം വാ

ങ്ങി ദെവസ്സത്തിലെക്ക ഒഴിഞ്ഞ കൊടുത്ത ദെവസ്സത്തിൽ നിന്ന ഒന്നാം പ്രതി വാങ്ങി നടക്കുന്നു എന്നും മററും ൯ാം സാക്ഷിയും വിസ്താരത്തിൽ ബൊധിപ്പിച്ചിരിക്കുന്നു അന്ന്യായത്തിൽ പറയുന്ന വഹകൾ ൧൦൧൨ാമത കന്നിഞായററിൽ ൧൧൫ പണത്തിന്ന ൩ാം പ്രതി ചാൎത്തി വാങ്ങിയ വെള്ളൊലയിൽ എഴുതിയ ഒരു കാണാധാരവും മെപ്പടി കാണവും കുഴിക്കൂറ ചമയവും കൂടി ൭൧൫ പണം കൊടുത്ത അന്ന്യായക്കാരൻ രണ്ടാം പ്രതിയൊട ൧൦൨൫ വൃശ്ചിക മാസത്തിൽ ചാൎത്തി വാങ്ങിയ ഒരു മുദ്രൊല ആധാരവും ആയ്തിന്ന ദെവസ്സത്തിലെക്ക വെള്ളൊലയിൽ ആ കൊല്ലം വൃശ്ചിക മാസം ൧൩൩ എഴുതിയ ഒരു എണക്കം അതിൽപ്പെട്ട വഹകളിൽ മറത്തിലെ പറമ്പിൽ ൨-ം ൩-ം പ്രതികൾക്കുള്ള പുര അവര പൊളിച്ചു കൊണ്ടുപൊയി കൊള്ളാമെന്ന മെപ്പടി കൊല്ലത്തിൽ അവര അന്ന്യായക്കാരന എഴുതി കൊടുത്ത ഒരാധാരവും- തറമൽകണ്ടം ൩൰ ഒററ കണ്ടവും ചെക്കുവിന ൨൦ പണത്തിന്ന ൩ാം പ്രതി ചാൎത്തി കൊടുത്ത ഒരാധാരവും അന്ന്യായത്തിൽ പറയുന്നതിൽ ചെലക്കൽ ഒടി എന്ന ഉഭയത്തിൽ ഒരു കണ്ടം നീക്കി ശെഷം ഉള്ളത ൧൩ പണം ൩ll വീശത്തിന്ന പണയമായി കൊണ്ട ൧൦൧൮ കുംഭത്തിൽ ൩ാം പ്രതി എഴുതി കൊടുത്ത ഒരാധാരവും ൨൫ൽ ൩ാം പ്രതി നികിതികൊടുത്ത ഒരു ശീട്ടും ദെവസ്സത്തിലെക്ക പത്തിന്ന രണ്ട മുതലായ്തു ൩ാം പ്രതി കൊടുത്ത പുക്കിച്ച ൭ മുറികളും അന്ന്യായക്കാരനും അന്ന്യായത്തിൽ പറയുന്ന വഹകൾ ൨-ാം പ്രതി ദെവസ്സത്തിലെക്ക ൧൦൨൧ാമത കൊല്ലത്തിൽ പണയമായി എഴുതികൊടുത്ത ഒരാധാരവും- മെപ്പടി വഹകൾ ൩ാം പ്രതി ദെവസ്സത്തിലെക്ക ഒഴിഞ്ഞുകൊടുത്ത അവസ്ഥകൊണ്ട ൧൦൨൪ ചിങ്ങമാസത്തിൽ എഴുതിയ ഒരാധാരവും അരിയത്തെ കണ്ടവും കാണാധാരവും കൊടുക്കെണ്ടതിന്ന അന്ന്യായക്കാരന ൩ാം പ്രതി എഴുതിയ ഒരു എണക്കം അന്ന്യായത്തിൽ പറയുന്ന വഹകളിന്മെലെ നികിതി ൨൬ മുതൽക്ക ദെവസ്സത്തിൽനിന്ന വാങ്ങെണ്ടതിന്ന ൩ാംപ്രതി അംശം കച്ചെരിക്ക എഴുതിയ ഒരു എഴുത്തും ൮ാം സാക്ഷിയും- മെപ്പടി വഹകൾ ൧ാം പ്രതി ൧൦൨൫ കുംഭമാസത്തിൽ ദെവസ്സത്തിൽനിന്ന ചാൎത്തി വാങ്ങിയ ഒരാധാരവും പത്തിന്നരണ്ട വാഴക്കുല മുതലായ്തു കൊടുത്ത പുക്കിച്ച ഒരു മുറിയും ൨൬ലെ നികിതി കൊടുത്ത ഒരു ശീട്ടും ൧ാം പ്രതിയും കാണിച്ചതിന്റെ പകൎപ്പുകൾ വാങ്ങി വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു. ൩ാം പ്രതിയൊട മുദ്രൊലയിൽ വാങ്ങിയ തീരും നടപ്പു കുടിയാന്മാരുടെ ആധാരങ്ങളും അന്ന്യായക്കാരൻ വക്കൽ ഉണ്ടായ്തും- ൩ാം പ്രതി ദെവസ്സത്തിലെക്ക ഒഴിഞ്ഞപ്രകാരവും കീഴാധാരങ്ങൾ കൂടാതെ അതിന വെണ്ടുന്ന ആധാരങ്ങൾ ദെവസ്സക്കാര വക്കലും ഇങ്ങിനെ ഇ

രുകക്ഷിക്കാര വക്കലും ആധാരങ്ങൾ ഉണ്ടായും അതിൽ അരി
കത്തെ കണ്ടം ഒഴികെ ശെഷം വഹകൾ ൧ാം പ്രതിയാണ നട
പ്പ എന്നും അധികാരിയുടെ റപ്പൊൎട്ടാലും കാണുകകൊണ്ടും നട
പ്പ അവസ്ഥയുടെ സൂക്ഷ്മസ്ഥിതി അറിവാൻ ഞാൻ തന്നെ അ
ന്ന്യായത്തിൽ പറയുന്ന ഉഭയം പറമ്പുള്ള സ്ഥലത്ത പൊയി
സമീപസ്ഥന്മാരെയും അയൽകൃഷിക്കാരെയും വരുത്തി ചൊതിച്ച
തിൽ ഒരു ൟഴവത്തി- അന്ന്യായക്കാരനാണ ൟ വഹകൾ നട
ക്കുന്നത എന്ന പറഞ്ഞതത ഒഴികെ ശെഷം അപ്പൊൾ ഉണ്ടായി
രുന്ന എല്ലാവരും അരിയത്തെ കണ്ടം ഒന്ന മാത്രം അന്ന്യായക്കാ
രൻ നടക്കുന്നപ്രകാരവും ശെഷം വഹകളും പറമ്പുകളും ൟ വി
സ്താരത്തിൽ തെളിവുള്ളപ്രകാരം ഒരു കൊല്ലമായിട്ട ഒന്നാം പ്ര
തി നടക്കുന്നപ്രകാരവും അതിന മുമ്പെ ഒററ കണ്ടവും തറമൽ
കണ്ടം ൭-ം ൨-ാം പ്രതി കൊടുത്തിട്ട ൯-ാം സാക്ഷിയും— ശെഷം
നിലവും പറമ്പുകളും ൨-ാം പ്രതിയും നടന്ന വന്നതായിട്ടും പറ
ഞ്ഞിരിക്കുന്നു. ഒരു ൟഴവത്തി അന്ന്യായക്കാരനാണ നടക്കുന്ന
ത എന്ന പറഞ്ഞതത അവൾ എത്തുന്നതിന്ന മുമ്പെ എത്തിയ്യരെ
കൊണ്ടെ ൟ ഉഭയത്തിൽ ൟ കൊല്ലത്തിലും കഴിഞ്ഞകൊല്ലത്തിലും
ഓരൊരുത്തര വിള എറക്കിയ്യിന്റെ അതിരുകൾ കാട്ടാൻ പറഞ്ഞ
അവരെ കൊണ്ട അതിരുന്മെൽ കൂടി നടത്തിരുന്നതിന്മെൽ എ
ന്റെ ദൃഷ്ടിയായിരുന്നതിനാൽ ആ സമയത്ത കൊൽക്കാര കൊ
ണ്ടുവന്ന ഈ ൟഴവത്തി അന്ന്യായക്കാരനും ൟഴവനാകയാൽ അ
വന്റെ സമീപം വന്ന നില്ക്കയും ആ സമയം ഞാൻ തിരിഞ്ഞ
നൊക്കുമ്പൊൾ അവര രണ്ടാളുമായി സംസാരിക്കുന്നതും കാണു
കയും പിന്നെ അവളൊട ചൊതിച്ചാറെ ഉഭയങ്ങൾ മുഴവനും അ
ന്ന്യായക്കാരനാണ നടപ്പ എന്ന അവൾ പറകയും- ആ വാക്ക
അന്ന്യായക്കാരന്റെ ദുൎബ്ബൊധനയാൽ ഉണ്ടായ്യ എന്നും അതി
നാൽ അന്ന്യായക്കാരന്റെ നടപ്പില്ലന്നും അധികമായും തൊന്നു
വാൻ ഇടയായിരിക്കുന്നു.

അന്നൊപഷണെരത്തിൽ അന്ന്യായക്കാരന കുറെ കച്ചൊടവും
കൊള്ളകൊടുക്കലും ഉണ്ടാകയാൽ ൟ കീഴാധാരങ്ങൾ ഒക്കെയും
പണയമായി അന്ന്യായക്കാരന്റെ കൈവശം വരുവാൻ ഇടയാ
യ്യ എന്നും- ചിലരുടെ ദുൎബ്ബൊധനയാൽ ആ കാൎയ്യം എല്ലാം തി
ൎത്ത വാങ്ങിയ പ്രകാരമുള്ള ആധാരങ്ങൾ ഉണ്ടായ്യ എന്നും ബ
ഹു വാക്കായി കെൾക്കുന്നു—അത ഒക്കെയും അവകാശ കാൎയ്യവും
സീവിൽ തീരെണ്ടതും ആകയാൽ ആ കാൎയ്യത്തെ കുറിച്ച ഒന്നും
ആക്ഷെപിക്കുന്നില്ലാ- ൟ കാൎയ്യം സത്യം മുഖെന തീരുന്നത സ
മ്മതമൊ എന്ന അന്ന്യായക്കാരനൊടും ൧ാം പ്രതിയൊടും ചൊ
തിച്ചതിൽ അവരവര സത്യം ചെയ്യാമെന്ന പറഞ്ഞതല്ലാതെ ഒ

രുത്തൻ സത്യം ചെയ്യാനും അത മററവൻ കെൾപ്പാനും ഇരു കക്ഷിക്കാരും സമ്മതിച്ചിട്ടില്ലായ്കയാൽ അപ്രകാരം തീൎപ്പാനും സംഗതി വന്നീട്ടില്ലാ- നിലം നടപ്പ അവസ്ഥയും കലശലിന്റെ കാൎയ്യവും മാത്രം വിചാരിക്കെണ്ടതാകയാലും അടികലശൽ കാൎയ്യം ഉണ്ടായ സമയം സാക്ഷിക്കാര ആ സ്ഥലത്തുണ്ടായിരുന്നില്ലന്നും അവര കണ്ടീട്ടില്ലന്നും അന്ന്യായക്കാരനും—ഉണ്ടായിരുന്നു എന്നും കണ്ടിരിക്കുന്നു എന്നും സാക്ഷികളും മററും പരസ്പര വിരൊധങ്ങളായും പറഞ്ഞിരിക്കുന്നതിനാൽ ആ സാക്ഷി വാക്ക വിശ്വാസയൊഗ്യമല്ലന്നും കഴിഞ്ഞ കൊല്ലത്തെ നടപ്പുകാരനായ ൬ാം സാക്ഷിയുടെ ആധാരം അന്ന്യായക്കാരൻ കാണിച്ചിട്ടുള്ളത എത പ്രകാരം അവൻ വക്കൽ വന്നു എന്നും ഒരു ലക്ഷ്യവും കാട്ടീട്ടില്ലായ്കകൊണ്ടും അന്വെഷണ വിസ്താരങ്ങളാൽ അരികത്തെ കണ്ടം ഒഴികെ ശെഷം വഹകൾ അന്ന്യായക്കാരൻ നടപ്പായി കാണുന്നില്ലായ്കകൊണ്ടും നികിതിക്ക വെണ്ടി വിളുക്ക ഒന്നാം പ്രതിയൊട ജാന്മ്യൻ വാങ്ങി വിട്ടുകൊടുത്ത പ്രകാരവും ൧൦൨൯ മിഥുനത്തിൽ ൟ വഹകളുടെ കാൎയ്യത്തിൽ അന്ന്യായക്കാരൻ ഒരു ഹരജി ബൊധിപ്പിച്ചതിന്ന അധികാരിക്ക അയച്ച കല്പനക്ക കൎക്കിടകം ൨൩- ബൊധിപ്പിച്ച റിപ്പൊൎട്ടുകൊണ്ടും വഹകൾ ൧ാം പ്രതിയാണ നടപ്പ എന്ന കാണുകകൊണ്ടും അന്ന്യായം നെരല്ലന്നും- ൟ കാൎയ്യത്തിൽ പൊലീസ്സിൽനിന്ന ഒന്നും കല്പിപ്പാൻ സംഗതി ഇല്ലന്നും- സങ്കടമുള്ളവര സിവിൽ വ്യവഹാരത്താൽ നിവൃത്തി വരുത്തി കൊള്ളെണ്ടത എന്നും കല്പിച്ച അന്ന്യായംനീക്കി പ്രതികളെ വിട്ടു.

മജിസ്ത്രെട്ടിലെക്ക.

കുറനാട താലൂക്കിൽ—— അംശത്തിൽ തെയ്യൻ ബൊധിപ്പിക്കുന്ന അപ്പീൽ സങ്കടം ഹരജി— മെപ്പടി ദെശത്ത ചെലക്കൽ ഒടി മുതൽ ൪ നിലവും പീച്ചിരിങ്ങാട്ട പറമ്പ മുതൽ രണ്ട പറമ്പും പറങ്ങൊട കന്മളു മുതൽ ൭-ാളു ബലമായി കയ്യെറിയ സംഗതിക്ക ൧൦൨൭ ധനു ൨൩- മെപ്പടി താലൂക്കിൽ ബൊധിപ്പിച്ച അന്ന്യായം വിസ്തരിച്ച കീഴക്കട നടപ്പുകാരനായ എന്റെ നടപ്പിനെ പ്രമാണിക്കാതെയും ൧൭ലെ ൧൧-ാം റിഗ്ഗുലെഷൻ ൭൧ാം വകുപ്പിലെ താല്പൎയ്യപ്രകാരം അല്ലാതെ ഭൂമി സംബന്ധമായ കാൎയ്യങ്ങളിൽ പൊലീസ്സിൽ ഇന്നവൻ നടക്കെണമെന്ന വിധി കൊടുത്ത പൊകരുതെന്ന ബഹുമാനപ്പെട്ട ഫൌജദാരി കൊടത്തിൽനിന്നും സെഷൻ കൊടത്തിൽനിന്നും അത സംഗതിയായി ൟ സന്നിധാനത്തിങ്കൽനിന്നും ഉണ്ടായ കല്പനകൾക്ക വിരൊധ

മായും ഒരു സിവിൽ കൊട്ടിൽനിന്ന വിധിക്കുന്നതപൊലെ അ
വകാശത്തിന്മെൽ വിചാരിച്ച നിലം പറമ്പുകൾ ൨ാം പ്രതി
നടക്കെണമെന്ന മെപ്പടി താലൂക്ക താസീൽദാര വിപ്രവരി
൬ന്നു- കല്പിച്ച കല്പന ഇനിക്ക ഏററവും സങ്കടമാകകൊണ്ട ആ
യ്യു മാററി തരുവാൻ ഞാൻ അപ്പീൽ ബൊധിപ്പിക്കുന്നു ൨ാമത-
തീപ്പിൽ പറയുന്ന പ്രകാരമല്ലാ ൟ കാൎയ്യത്തിന്റെ നെര എ
ന്നും- ൨ാം പ്രതിയുടെ മെൽ ഉണ്ടായ പ്രീതികൊണ്ട നിലം പ
റമ്പുകൾ ൨ാം പ്രതി നടക്കെണമെന്ന കല്പിച്ചത എന്നും ആയ്യു
മാറെറണ്ടത എന്നും സന്നിധാനത്തിങ്കൽ ബൊധിപ്പിപ്പാനുള്ള
സംഗതി വിവരം താഴെ എഴുതുന്നു. ൧ാമത ൨ാം പ്രതിയുടെ കാ
ണാധാരവും നടപ്പ കുടിയാന്മാരുടെ ആധാരങ്ങളും അന്ന്യായക്കാ
രനായ എന്റെ വക്കൽ ഉണ്ടെന്നും കീഴാധാരങ്ങൾ കൂടാതെ ൨ാം
പ്രതി ദെവസ്സത്തിലെക്ക ഒഴിഞ്ഞ പ്രകാരം ഒരാധാരം ദെവസ്സ
ക്കാര വക്കൽ കണ്ടിരിക്കുന്നു എന്നും ഇതിൽ അറിയത്തെ കണ്ടം
ഒഴികെ ശെഷം വഹകൾ ൨ാം പ്രതിയാണ നടപ്പ എന്ന അ
ധികാരി ബൊധിപ്പിച്ചിരിക്കുന്നു എന്നും ആകുന്ന പ്രതികളുടെ
ഭാഗത്തെക്ക മുഖ്യമായി മുഴുവനും തീപ്പിൽ പറയുന്നത- ആയ്യു ശ
രിയല്ലാ താസീൽദാര സമ്മതിക്കുന്നതിലും അധികമായി ൟ കാ
ൎയ്യത്തിലെക്ക എന്റെ വാദപ്രകാരം തെളിവിന ശരിയായ ആ
ധാരം തികച്ചും എന്റെ വക്കൽ ഉണ്ട പ്രതി ഭാഗത്തെക്ക മുഖ്യ
മായ കാണാധാരം വെണ്ടത അതിന്ന സഹായികളായ ദെവ
സ്സക്കാര വക്കലും കൂടി ഇല്ലന്നും ഇപ്പൊൾ കാണിക്കുന്ന ഒഴിമു
റി തമ്മിൽ യൊജിച്ച വ്യവഹാരം നടക്കുന്ന പ്രതികളും ദെവസ്സ
ക്കാരും വിചാരിക്കുമ്പൊൾ ഒക്കെയും ഉണ്ടാക്കി കാണിപ്പാൻ ക
ഴിയുമെന്നും ദൃഷ്ടാന്തമായി അറിയാം അങ്ങിനെ ഇരിക്കുന്ന കാ
ൎയ്യത്തിൽ തിര കൊടുത്തു എന്ന പറയുന്ന മുദ്രപ്പത്രം സമാധികാ
രത്തിലിരിക്കുന്ന സമയം താഴെ കാൎയ്യസ്ഥനായ ശിരസ്ഥദാര ത
മ്പുരാന്റെ ഒപ്പ അടയാളത്തൊട കൂടിയും അതിന്ന അനുകൂലമാ
യി ശെഷം ആധാരങ്ങൾ സകലവും ഉണ്ടെന്നും- അതിലും വി
ശെഷിച്ച ആ വസ്തു രാജഭൊഗമായ സൎക്കാര നികിതി കൊടു
ത്ത ശീട്ടും എന്റെ വക്കൽ ഉണ്ടായിരിക്കുമ്പൊൾ ആ വക ലക്ഷ്യ
ങ്ങളുടെ അവസ്ഥയും പ്രതിഭാഗമുള്ള വെള്ളൊല ആധാരങ്ങളു
ടെ അവസ്ഥയും ഒരുപൊലെ വിശ്വാസമാക്കി വസ്തു വഹകൾ
ഒന്നാം പ്രതി നടപ്പാൻ കല്പിച്ച അഭിഃപ്രായം നെരായിട്ടുള്ളത
ല്ലന്നും ആയ്യു സമ്മതിച്ചു കൂടുന്നതല്ലന്നും സന്നിധാനത്തിങ്കൽ
ബൊധിക്കും- അതകൂടാതെ ൟ സംഗതിക്ക അംശക്കാരുടെ സ
ഹായം കൊണ്ടാണ ൟ അക്രമത്തിന്ന എട വന്നത എന്നും ആ
യ്യു അംശം മുഖാന്തരം അന്ന്യെഷണം ചെയ്യാൽ തെളിക ഇല്ല

ന്നും- ഒന്നാമത ൟ കാൎയ്യത്തിന്ന ബൊധിപ്പിച്ച അന്ന്യായത്തിലും അപ്രകാരം തന്നെ ൟ സന്നിധാനത്തിങ്കലും ഹരജി ബൊധിപ്പിച്ചതിന്ന സങ്കടം തീരാത്തപ്രകാരമുള്ള വിസ്താരം താലൂക്കിൽ നടത്തി വരികയാൽ ആ സംഗതിക്ക മകരം ൧൭ന്നു– എജമാനൻ അവൎകൾ ചാണെയിൽ ബെങ്കളാവിൽ വന്നപ്പൊൾ മുഖതാവിൽ ഹരജി ബൊധിപ്പിച്ചതിൽ കാണിച്ചിട്ടുള്ള വിവരം ഒന്നും പറയാതെ ആദ്യമെ പ്രതി കക്ഷിയിൽ ഉൾപ്പെട്ട അധികാരിയുടെ റപ്പൊൎട്ടുകൊണ്ട ൧ാം പ്രതിയാണ നടക്കുന്നത എന്ന തെളിവുണ്ടെന്നും അതുകൊണ്ട ൧ാം പ്രതി നടക്കെണമെന്ന കല്പിച്ചിട്ടുള്ളത ശരിയായ കല്പനയൊ എന്ന സന്നിധാനത്തിങ്കൽ വിചാരിച്ചാൽ അറിയാം. ൩ാമത അന്ന്യായ ഭാഗത്തുള്ള തെളിവിൽ വിശെഷിച്ച താലൂക്കിലെ അന്വെഷണ വിസ്താരം കൊണ്ടാണ കാൎയ്യത്തിന്റെ സൂക്ഷ്മസ്ഥിതി അറിഞ്ഞത എന്നും അതിനാൽ ൧ാം പ്രതി നടക്കെണ്ടത എന്നും ആകുന്നു തീൎപ്പിൽ മുഖ്യമായി പറയുന്ന അവസ്ഥ- ആയ്ത ഒരിക്കലും പ്രമാണിക്കെണ്ടതല്ലാ അത എന്തെന്നാൽ- അന്വെഷണ സാക്ഷിക്കാരായ ൪ മുതൽ ൯ വരെ സാക്ഷികളിൽ ൫-ം ൬-ം സാക്ഷി അന്ന്യായത്തിൽ പറയുന്ന പിച്ചിരിങ്ങാട്ട എന്ന പറമ്പിൽ ഞാൻ പാൎപ്പിച്ച കരിയനെന്ന ചെറുമന്റെ പുര പൊളിച്ചതിന്ന അവൻ മകരം ൩ന്നു– ബൊധിപ്പിച്ച അന്ന്യായത്തിലെ പ്രതിക്കാരും ൪-ം ൭-ം സാക്ഷി അന്വെഷണ വിസ്താര സമയം അവിടെ ഹാജരില്ലാത്തവരായും പിന്നെ പറഞ്ഞ ഒറപ്പിച്ച സഹായികൾ ഹാജരാക്കി വിസ്തരിച്ചവരും ൮ാം സാക്ഷി ൟ കാൎയ്യത്തിലെക്ക ചതിയായി ഒരു കള്ളാധാരം ഉണ്ടാക്കിയ്യിന്ന മകരം ൧൪ന്നു– ൟ സന്നിധാനത്തിങ്കൽ ബൊധിപ്പിച്ച ഹരജിയിലെ ൪ാം പ്രതിക്കാരനും ൯ാം സാക്ഷി പ്രതിക്കാരനെ പൊലെ ഒരു പ്രതി കക്ഷിക്കാരനും ആകയാൽ ആ സാക്ഷി വായ്മൊഴി മാത്രം പ്രമാണിച്ച സങ്കടപ്പെട്ട എന്റെ കൈവശം നിൽക്കുന്ന പറമ്പുകൾ കൂടി സങ്കടപ്പെടുന്ന ഒന്നാം പ്രതി കൈവശം നിൽക്കെണമെന്ന കല്പിച്ചത അതിശയമായ ഒരു അവസ്ഥയും ഇനിക്ക അതിസങ്കടവും ആയിരിക്കുന്നു എന്നും ഇത കൂടാതെ പ്രതിഭാഗത്ത യാതൊരു ലക്ഷ്യവും സാക്ഷികളും ഇല്ലന്നും ൟ തെളിവുകൊണ്ട അന്ന്യായഭാഗത്തുള്ള തെളിവുകളെ നിഷെധിച്ച പ്രതിഭാഗത്തെക്ക ഗുണമായ കല്പനകൊടുപ്പാൻ ന്യായമില്ലന്നും ആ കല്പന മാറെറണ്ടത എന്നും സന്നിധാനത്തിങ്കൽ അറിയാം.

൪ാമത അന്ന്യായക്കാരനായ ഞാൻ നടക്കുന്നു എന്ന ഒരു ൟഴവത്തി മാത്രം പറഞ്ഞു എന്നും- ആയ്ത എന്റെ ദുൎബ്ബൊധനകൊ

ണ്ടാകുന്നു എന്ന ദൃഷ്ടാന്തമായിരിക്കുന്നു എന്നും തീൎപ്പിൽ പറയുന്നു- അങ്ങിനെ പറയുന്നത നെരല്ലാ- ഈ ൦രം൦ഴവത്തിയെ വരുത്തിയ്യു താസീൽദാര തമ്പുരാന്റെ മുമ്പാകെ ആകുന്നു- അവളെകൊണ്ടു വരുന്ന സമയം തന്നെ ഞാൻ നിൽക്കുന്നതിന്ന ഏറ്റവും ദൂരെ നിൎത്തി ൦രം നിലം പറമ്പുകൾ ആരാണ നടക്കുന്നത എന്ന ചൊതിച്ചാറെ ഞാൻ നടക്കുന്നു എന്ന പറകയും ആ വാക്ക എന്റെ ദുൎബ്ബൊധനകൊണ്ടു പറഞ്ഞതാണെന്ന ആ സമയം പ്രതിഭാഗത്തെക്ക വെണ്ടി ദുൎബ്ബൊധനക്ക വന്ന ഹാജരായി നിൽക്കുന്ന ആളുകൾ താസീൽദാര തമ്പുരാന ദുൎബ്ബൊധന ഉണ്ടാക്കിയ്യിനാൽ ആകുന്നു അങ്ങിനെ കല്പിച്ചത എന്നും ആ ദൃഷ്ടി ആ വിസ്താരത്തിൽ ആദ്യവസാനം നടന്നിട്ടില്ലന്നും സന്നിധാനത്തിങ്കൽ ബൊധിക്കും. ൨ാമത അന്ന്യായക്കാരനായ ഇനിക്ക കുറെ കൊള്ളകൊടുക്ക ഉണ്ടെന്നും അതിനാൽ ആധാരങ്ങൾ കൈവശം വന്നത എന്നും ചിലരുടെ ദുൎബ്ബൊധനയാൽ ആ കാൎയ്യം തീര വാങ്ങിയപ്രകാരം ആധാരം ഉണ്ടായ്യു എന്നും തീൎപ്പിൽ കല്പിച്ചിരിക്കുന്നു- അപ്രകാരം കല്പിച്ചതും ശരിയല്ലാ- അതഎന്തകൊണ്ടെന്നാൽ ൦രം കാൎയ്യം അന്വെഷണത്തിന്നായി താസീൽദാര തമ്പുരാൻ പുറപ്പെട്ട പ്രതിഭാഗം നിന്ന സഹായിക്കുന്ന—— അംശം അധികാരിയുടെ വീട്ടിൽ പാൎക്കുകയും അവിടെനിന്ന എന്നൊട മത്സരം വിചാരിച്ച ൦രം കാൎയ്യത്തിൽ പുറപ്പെട്ട പെൻസൻ തഹശിൽദാർ കൃഷ്ണമെനൊൻ തമ്പുരാന്റെ ദുൎബ്ബൊധന അന്ന മുഴവനും കെട്ട പിറ്റെ ദിവസം അവിടെനിന്ന പുറപ്പെട്ട പുല്ലാതെ എന്ന വീട്ടിൽ പൊയി അവിടെ ഉണ്ടായിരുന്ന കൃഷ്ണമെനവൻ മുതൽ നാല തമ്പുരാക്കന്മാരൊട്ട കൂടി വ്യവഹാരത്തിൽ പറയുന്ന വക സ്ഥലത്ത ചെന്ന അന്വെഷണം ചെയ്കയും അപ്പൊൾ ആ സ്ഥലത്ത അവര ഹാജരാക്കിരുന്ന ൪ മുതൽ ൭ വരെ സാക്ഷിക്കാരെ കണ്ടു ചൊതിക്കയും അതുകൊണ്ടു ഞാനാകുന്നു ദുൎബ്ബൊധന കെട്ടത എന്ന കല്പിക്കയും ചെയ്തതകൊണ്ടു ഇനിക്ക തൊന്നുന്നത അപ്രകാരം കല്പിച്ച കല്പനയാകുന്നു ദുൎബ്ബൊധനകൊണ്ടു ഉണ്ടായ്യു എന്നും- നെര അറിഞ്ഞിട്ടില്ലന്നും അതല്ലെങ്കിൽ മിഥുനം ൨൩നു— ഞാൻ ൦രം വസ്തു വഹകളെ കുറിച്ചുണ്ടാക്കിയ പ്രസ്ഥാപത്തിൽ പ്രതിക്കാരാകട്ടെ അംശക്കാരാകട്ടെ ആരും പ്രസ്ഥാപിക്കാതെ മൂടിവെച്ച എന്നൊട രാജി വാങ്ങി ഉപായമായി റപ്പൊടത്തചെയ്കയും- ആ സംഗതി ഇപ്പൊഴും ഞാൻ പ്രസ്ഥാപിച്ചതിന്ന ആ വഴിക്ക യാതൊരു അന്വെഷണ വിസ്താരവും ചെയ്യാതെ ഇരുന്ന അവസ്ഥയും വിചാരിച്ചാൽ ഇനിക്ക തൊന്നുന്ന പ്രകാരം തന്നെ ആണ ൦രം കാൎയ്യത്തിന്റെ നെര എന്ന സന്നിധാനത്തിങ്കൽ തൊന്നാനും സംഗതി ഉണ്ടു എന്ന ഞാൻ വിചാരിച്ചിരിക്കുന്നു.

ന്യാമത ൧൦ം കാൎയ്യത്തിൽ ഇരു കക്ഷിക്കാരും സത്യത്തിന്ന സമ്മതിക്കുന്നതല്ലാതെ കെൾപ്പാനാളില്ലുന്ന കല്പിച്ചിരിക്കുന്നു അന്ന്യായക്കാരനായ ഞാൻ സത്യം ചെയ്യാമെന്നും സത്ത്യം കെട്ടാൽ മുതൽ നഷ്ടവും അതിസങ്കടവും വരുമെന്നും ഞാൻ കല്പിത്ത കൊടുത്തതിന്റെ ശെഷം തന്റെ വക്കലും നെരുണ്ടെന്നുള്ള സ്വഭാവം വരുത്തുവാൻ വെണ്ടി താനും സത്ത്യം ചെയ്യാമെന്ന ൧ാം പ്രതി ഒരു കല്പിത്ത കൊടുത്തത ശരി തന്നെയൊ ബൊദ്ധ്യപ്പെട്ടവന്റെ മെൽ ബാധ നിവൃത്തിക്കായി ഞാൻ സങ്കടപ്പെട്ടതിന്ന ബൊദ്ധ്യപ്പെട്ടവനെകൊണ്ട സത്ത്യം ചെയ്യിച്ച എന്റെ സങ്കടനിവൃത്തി അല്ലെ വരുത്തെണ്ടത ഞാൻ സത്ത്യം ചെയ്താൽ ഇത വരെ അദ്ധ്വാനിച്ച ഫലം കൂടി പൊയി എന്നല്ലാതെ അതിനാൽ ഇനിക്ക എന്താകുന്നു ഒരു ഗുണം ഉള്ളത എന്നും സന്നിധാനത്തിങ്കൽ നിന്ന വിചാരിക്കുമ്പൊൾ അറിയാവുന്നതാകുന്നു.

൭ാമത ൭ാം പ്രതി അടികലശൽ ചെയ്യുമ്പൊൾ സാക്ഷിക്കാരആരും ആസ്ഥലത്ത ഹാജരുണ്ടായിരുന്നില്ലുന്ന അന്ന്യായക്കാരനായ ഞാനും ഉണ്ടായിരുന്നു എന്ന സാക്ഷിക്കാരും പറഞ്ഞതിനാൽ ആ സാക്ഷി വാക്ക വിശ്വാസമല്ലുന്ന കല്പിച്ചിരിക്കുന്നു സാക്ഷിക്കാര പൊയ്യിന്റെ ശെഷം ഞാൻ പിരിഞ്ഞപൊയി എന്നല്ലാതെ കണ്ടിട്ടില്ലുന്ന ഞാൻ പറഞ്ഞിട്ടില്ലാ.

൮ാമത ൯ാം സാക്ഷിയുടെ ആധാരം എന്റെ വക്കൽ വന്നത എങ്ങിനെ എന്ന ഒരു ലക്ഷ്യവും കാട്ടീട്ടില്ലുന്ന പറയുന്നു- ൯ാം സാക്ഷി ഇനിക്ക ആധാരം തീര തന്ന മുറിയും ആ വസ്തു ഞാൻ നടന്ന ആ കൊല്ലം നികിതി കൊടുത്ത ശീട്ടും എന്റെ വക്കൽ ഉണ്ടായിരുന്നതിന്റെ പകൎപ്പ വിസ്താരത്തിൽ കൊടുത്തിട്ടുണ്ട അസ്സൽ ആധാരങ്ങൾ എന്റെ വക്കലും ഉണ്ട. ൯ാമത മിഥുന മാസത്തിൽ ൧൦ം വഹകളുടെ കാൎയ്യത്തിൽ അധികാരി ബൊധിപ്പിച്ച റപ്പൊൎട്ടത്തകൊണ്ട ൧ാം പ്രതിയാണ വഹകൾ നടക്കുന്നത എന്ന തെളിവുണ്ടെന്ന കല്പിച്ചിരിക്കുന്നു- അംശക്കാരാണ പ്രതിയൊഗികൾ എന്ന ഇതവരെ ഞാൻ ബൊധിപ്പിച്ചിരിക്കുമ്പൊൾ പ്രതികളുടെ വാക്കുകൾകൊണ്ട തെളിവുണ്ടെന്ന കല്പിച്ചാലും ഞാൻ എന്തു ചെയ്യണ്ടു- സൎക്കാര കാൎയ്യസ്ഥന്മാരും ശരിയല്ലാതെ നടക്കുന്നതിനാൽ അല്ലെ മെലധികാരത്തിൽ ബൊധിപ്പിക്കുന്നതും അവിടെ നിന്ന അന്വെഷിച്ച ചിലത മാററുന്നതും- അപ്രകാരം ഇതും വിചാരിക്കായിരുന്നു. ൧൦-ാമത എന്റെ കുടിയിൽ സ്ഥലമില്ലായ്കകൊണ്ട ഞാൻ ഒരു പത്തായപ്പുര മാളിക കയററിയ സംഗതിയാൽ കൊന്തിമെനൊൻ തമ്പുരാനും അനന്ത

രവന്മാരും ൦രംഷ്ട്യത വെച്ച എന്റെ കുടി പൊളിപ്പിക്കെണമെ
ന്ന പറഞ്ഞ ൧൦൦ ഉറപ്പിക ചൊതിക്കയും ആയ്യ ഞാൻ കൊടുക്കാ
ഞ്ഞതിനാൽ എന്നൊട മനഃപൂൎവ്വമായി സിദ്ധാന്തം വിചാരിച്ച
ഞാൻ വാങ്ങുന്ന വസ്തു വഹകൾ ഒക്കെയും തകരാറാക്കാനായി
ഉത്സാഹിച്ച പാൎത്ഥന്മയൊടും മകൾ തിത്ഥിഉന്മയൊടും കൂടി ൧൫൨
പണം കൊടുത്ത ഞാൻ വാങ്ങി നടന്നും നടത്തിച്ചും രണ്ട
കൊല്ലം സൎക്കാര നികിതി കൊടുത്ത ശീട്ട വാങ്ങി അനുഭവിച്ച
വരുന്നത മെൽ കാണം ചാൎത്തിച്ച ൧ാം പ്രതിയെകൊണ്ട ക
യ്യെറിച്ച വസ്തു കൈവശമാക്കുകയും പൊട്ടക്കളുങ്ങരെ പറമ്പ
൨൨൫ പണം അവകാശമായി ഞാൻ നടക്കുന്നത താഴ്ശ്ശമെന
വൻ തമ്പുരാൻ കയ്യെറി കൈവശമാക്കുകയും ൧൦൦ൽ ചില്ലുവാ
നം പണം അവകാശമുള്ള ആനത്തൊട്ടിന്റെ വടക്കമുണ്ടക നി
ലം മെപ്പടി താഴ്ശ്ശമെനൊൻ തമ്പുരാന്റെ സംബന്ധിയായ പ
ങ്ങശ്ശമെനവൻ തമ്പുരാൻ മെൽ കാണം ചാൎത്തി വാങ്ങുകയും
ചെയ്യുതകൊണ്ട ഒന്നും ഞാൻ പ്രസ്ഥാപിക്കാതെ ഭയപ്പെട്ട ഇ
രുന്നതിനാൽ ഇപ്പൊഴും മെൽ പ്രകാരം ചെയ്യിച്ചതും ഇങ്ങിനെ
൧൨൦൦ പണത്തിന്റെ വസ്തു വഹകൾ ബലമായി തകരാറാക്കി
യ സങ്കടത്തിന്ന താലൂക്കിൽ അന്ന്യായം ബൊധിപ്പിച്ചാൽ തൊ
ൽമയായ കല്പന കിട്ടുകയും ചെയ്യുന്നതിനാൽ സന്നിധാനത്തി
ങ്കൽ നിന്ന ദൃഷ്ടി വെച്ച വെണ്ടുന്ന വിസ്താരങ്ങൾ ചെയ്യ സ
ങ്കട നിവൃത്തി വരുത്തി തരാതെ ഇരുന്നാൽ ഞാൻ രാജ്യം വിട്ട
പൊകുന്നതാകുന്നു- അതുകൊണ്ട മെൽ എഴുതിയ സംഗതികളും
ആദ്യ വിസ്താരങ്ങളും നൊക്കി അന്ന്യായ ഭാഗത്ത തെളിവ
പൊരാ എങ്കിൽ മിഥുനം ൨൩൲- ബൊധിപ്പിച്ച ഹരജിയിലെ
പ്രതിക്കാരൊടും ആദ്യവിസ്താരത്തിൽ ഹാജരാക്കി വിസ്തരിക്കാ
ത്ത ൩ മുതൽ ൫ വരെ പ്രതിക്കാരായ പറങ്ങൊടൻ മുതൽ ൩ാൾ
ആ വസ്തു വഹകളുടെ സമീപം ഇരിക്കുന്ന മററും പലരെയും
അധികാരി മെനൊന്മാരെയും മുദ്രൊല വിററ താലൂക്ക ശിരസ്ത
ദാര തമ്പുരാനെയും ജന്മിയായ സമുദായം അക്കിത്തിരി തമ്പുരാ
നെയും വരുത്തി വെണ്ടുന്ന വിസ്താരങ്ങൾ ചെയ്യ ൫൧ാം വകു
പ്പിനെ സംബന്ധിച്ച ഇയ്യിടെ സെഷൻ കൊട്ടിൽനിന്നും ൦രം
സന്നിധാനത്തിങ്കൽനിന്നും ഉണ്ടായിട്ടുള്ള കല്പന നൊക്കി ആ
ലൊചിച്ചും സീവിൽ അധികാരത്തിൽ പ്രവെശിച്ച കല്പിച്ചത
പൊലെ ഉള്ള താലൂക്ക തീൎപ്പ മാററി വസ്തു വഹകൾ ഞാൻ കിഴ
ക്കടപ്രകാരം നടപ്പാനായി വെണ്ടുന്ന കല്പന തന്ന സങ്കടം തീ
ൎത്ത രക്ഷിക്കെണ്ടതിന്ന അപെക്ഷിക്കുന്നു.

വെട്ടത്തനാട താലൂക്ക അക്ടീങ്ങ ഹെഡപൊലീസാപ്സര കല്പിച്ച തീൎപ്പ

അന്ന്യായം പാൎവ്വതി പൊതുവാടിശ്ശ്യാര മുതൽ ൩ാൾ
പ്രതി
കുട്ടി രാമൻ നായര മുതൽ ൩ാൾ

ആതിരശ്ശെരി ദെവസ്സം ജന്മമായ മെലെചെലെരി ആകുന്ന ഉഭയം ൧൦ കണ്ടവും കൊടക്കാട്ട പടിപള്ളിമഞ്ഞായലും കൂടി ആ ദെവസ്സത്തിൽനിന്ന അന്ന്യായക്കാരുടെ അമ്മാമൻ മരിച്ചപൊയ ശങ്കര പൊതുവാള കാണം കടമാൎപ്പയായി ചാൎത്തി വാങ്ങി നടന്ന അനുഭവിച്ച വരുന്നതിൽ ൧൦൨൪ാമത കന്നി ൨൭൹ക്ക ൧൮൪൮ അക്ടൊബ്ര ൧൧൹ പകൽ കന്നപൂട്ടി വിതച്ചിരുന്നത പ്രതിക്കാര ചെന്ന വിരൊധിച്ച കന്നിന്റെ അവി വള്ളി വെട്ടി അറുത്ത കന്നിനെ ആട്ടി കളകയും മറ്റും ചെയ്യിരിക്കുന്നു എന്ന ൪൮ അക്ടൊബ്ര ൨൨൹ വക്കീൽ മുഖാന്തരം അന്ന്യായം ബൊധിപ്പിച്ചു- ൟ കാൎയ്യത്തിന്ന ൩-ാം പ്രതിയൊടും അന്ന്യായം വക ൧-ം൨-ം സാക്ഷികളൊടും അയൽ കൃഷിക്കാരായ ൪ മുതൽ ൭ വരെ നമ്പ്ര ആളുകളൊടും- ൩ാം പ്രതിക്കാരൻ ബൊധിപ്പിച്ച ൯-ം ൧൦-ം സാക്ഷികളെ ഹാജരാക്കി അവരൊടും ൮-ാം സാക്ഷിയൊടും വിസ്തരിക്കയും ൟ കാൎയ്യത്തിൽ ൨ാമതായി അന്ന്യായം പ്രതികൾ സത്ത്യത്തിന്റെ കാൎയ്യം കൊണ്ട ബൊധിപ്പിച്ച ഹരജിയും- അവര ബൊധിപ്പിച്ച ആധാരങ്ങളുടെ പകൎപ്പ വാങ്ങിആൎയ്യും— അംശം അധികാരിയും മുഖ്യസ്ഥന്മാരും ബൊധിപ്പിച്ച റപ്പൊടത്തുകളും വിസ്താരത്തിൽ ചെൎക്കുകയും ൟ നിലത്തിൽ ചെന്ന കൊടക്കാട്ടെ പടിപള്ളിമഞ്ഞായലിന്റെയും മറ്റും സംഗതിക്ക അന്ന്യായക്കാരുടെ അമ്മാമൻ മരിച്ച പൊയ ശങ്കരപൊതുവാള ൪൩ ആഗസ്ത ൨൩൹-ം ൟ പ്രതിക്കാരന്റെയും മറ്റും മെൽ ബൊധിപ്പിച്ച അന്ന്യായത്തിന്ന ൪൩ നവെമ്പ്ര ൧൭൹ അന്നെത്തെ താസീൽദാര കല്പിച്ച തീൎപ്പ വിസ്താരം മുതലായ്തും നൊക്കി ആ തീൎപ്പിന്റെ ഒരു പകൎപ്പ എടുത്ത ചെൎക്കുകയും ചെയ്തു.

൧-ം ൨-ം പ്രതികളെ അന്വെഷിച്ചാറെ ഇത വരെയും കണ്ടീട്ടില്ലാ എങ്കിലും അവരെ പിടി കിട്ടി വിസ്തരിച്ച ൟ കാൎയ്യം തീൎപ്പ ചെയ്യെണ്ടതിന്നായി ൟ കാൎയ്യം നിലവിൽ വെപ്പാൻ സംഗതി പൊരാ എന്ന കണ്ട വിസ്താരം സമാപ്തി ആക്കുകയും ചെയ്തു- അന്ന്യായപ്പെട്ട നിലത്തിൽ ൮ കണ്ടം അന്ന്യായക്കാരുടെ തറവാട്ടിലെക്കും ൨ കണ്ടം പ്രതിക്കാരന്റെ തറവാട്ടിലെക്കും നടന്ന വരുന്നതിന്മെലെക്ക തൎക്കം ഇല്ലന്നും ൮ കണ്ടത്തിൽ ഒരു കണ്ടം പ്രതി ഭാഗം പറയുംപ്രകാരം അന്ന്യായക്കാരുടെ കാരണവര വിട്ട

കൊടുക്കുകയും-ആധാരം എഴുതി കൊടുക്കുകയും ഉണ്ടായിട്ടില്ലന്നും അവകാശവിവരവും മറ്റും അന്ന്യായ വക്കീലും- അന്ന്യായക്കാരുടെ കാരണവരായ മരിച്ച ശങ്കരപൊതുവാളും ൩-ാം പ്രതിക്കാരന്റെ കാരണവനുമായി കൈ കണക്ക കാൎയ്യങ്ങൾ ൧൦൨൦ ആമത വൃശ്ചിക മാസത്തിൽകൊഴിക്കൊട്ട വെച്ച പറഞ്ഞ തീൎത്ത ൪൮ം പണം ശങ്കര പൊതുവാൾക്ക കൊടുപ്പാനുണ്ടായിരുന്നതിന്ന അന്ന്യായത്തിൽ പറയുന്ന നിലത്തിൽ ൭ കണ്ടവും കൊടക്കാട്ടെ പടി പള്ളിമഞ്ഞായലിൽ ൫ കണ്ടവും കൂടി കൊഴവെറക്കം പണയമായിട്ട മുദ്രൊലയിൽ താൻ ആധാരം ചെയ്തു കൊടുത്തിട്ടുണ്ടെന്നും ആ പണത്തിന്റെ പലിശയും ൧൦ം പത്ത കണ്ടത്തിന്റെയും നികിതി ജമ ശങ്കര പൊതുവാളുടെ പെരിലാകകൊണ്ട നികിതിയും കഴിച്ച കാലത്താൽ നാല്പത്ത മൂന്നിത പറ നെല്ല ഇങ്ങൊട്ട കൊടുപ്പാനായിട്ടും മുമ്പെ നടന്ന വരുന്ന രണ്ട കണ്ടത്തിന്ന പുറമെ മെൽ പറഞ്ഞ ൮ കണ്ടത്തിൽ ഒരു കണ്ടം കൂടി തനിക്ക ശങ്കര പൊതുവാൾ വിട്ട കൊടുത്തതായിട്ടും അതിന്ന ശങ്കര പൊതുവാൾ ഒരാധാരം ഇങ്ങൊട്ടും എഴുതി കൊടുത്തിരിക്കുന്നു എന്നും അന്ന മുതൽക്ക ൩ കണ്ടം പ്രതിക്കാരന്റെ തറവാട്ടിലെക്ക നടന്ന വരുന്നു എന്നും ൩ാം പ്രതിക്കാരനും- മെപ്പടി നിലത്ത ൮ കണ്ടം അന്ന്യായക്കാരുടെ തറവാട്ടിലെക്കും ൨ കണ്ടം പ്രതിക്കാരുടെ തറവാട്ടിലെക്കും നടന്ന വരുന്നു എന്ന അന്ന്യായം വക ൨ സാക്ഷികളും- ൧൦ം നിലത്ത ൩ കണ്ടം ൧൦൨൦-ാമത മുതൽക്ക പ്രതിക്കാരന്റെ തറവാട്ടിലെക്കും ശെഷം ൭ കണ്ടം അന്ന്യായക്കാരുടെ തറവാട്ടിലെക്കും നടന്ന വരുന്നു എന്ന അയൽ കൃഷിക്കാരനായ ൪ാം സാക്ഷിയും- രണ്ട കണ്ടം പ്രതിക്കാരുടെ തറവാട്ടിലെക്കും ൭ കണ്ടം അന്ന്യായക്കാരുടെ തറവാട്ടിലെക്കും നടന്ന വരുന്നു എന്ന ൬ാം സാക്ഷിയായ മുഖ്യസ്ഥനും- ൭ കണ്ടം അന്ന്യായക്കാരുടെ തറവാട്ടിലെക്കും രണ്ട കണ്ടം പ്രതിക്കാരനും നടന്ന വരുന്നു എന്ന ൯-൧൭-ം സാക്ഷികളും- ൧൦ം നിലത്ത ൭ കണ്ടം അന്ന്യായക്കാരുടെയും ൩ കണ്ടം പ്രതിക്കാരുടെയും തറവാട്ടിലെക്ക നടന്ന വരുന്നതാകുന്നു എന്ന പ്രതിഭാഗം വക ൻ-൧൦-ം സാക്ഷികളും- പ്രതിക്കാരൻ പറയുന്ന ആധാരത്തിലെക്ക അനുകൂലമായി ആ രണ്ട ആധാരവും എഴുതീട്ടുള്ള പ്രകാരം ആധാരത്തിലെ കയ്യെഴുത്തകാരനായ ൮ാം സാക്ഷിയും ബൊധിപ്പിച്ചിരിക്കുന്നു.

൧൦ം കാൎയ്യത്തിന്റെ സകല ദസ്ഥാവെജുകളും മുമ്പെത്തെ തീൎപ്പ മുതലായ്തുകളും നൊക്കുകയും ചെയ്യുതിൽ മെപ്പടി നിലത്ത ൮ കണ്ടം അന്ന്യായക്കാരുടെ തറവാട്ടിലെക്കും രണ്ട കണ്ടം പ്രതിക്കാരന്റെ തറവാട്ടിലെക്കും നടന്ന വരുന്നത നിജമാകുന്നു

എന്നും ൧൦൨൦ ആമത വൃശ്ചിക മാസത്തിൽ മരിച്ചു പൊയ ശങ്കരപൊതുവാളു പ്രതിക്കാരന കൊടുപ്പാനുണ്ടായിരുന്ന മുതലിന്ന മെപ്പടി നിലത്തിൽ വ്വ കണ്ടത്തിൽ ഒരു കണ്ടം കൂടി പണയവകാശമായി എഴുതി കൊടുത്ത ആ കൊല്ലം മുതൽക്ക ൩ കണ്ടം പ്രതിക്കാരൻെറ തറവാട്ടിലെക്ക നടന്ന വരുന്നു എന്ന പ്രതിക്കാരനും- അതിലെക്ക അനുകൂലമായിട്ടു ൪-ം ൯-ാ ൧൦-ം സാക്ഷിക്കാരും പറയുന്നത നെരകെടാകുന്നു എന്നും മെപ്പടി ആധാരം ശങ്കരപൊതുവാളുടെ ശെഷക്കാരായ അന്ന്യായക്കാര സമ്മതിക്കുന്നില്ലാത്തതിനാൽ അങ്ങിനെ ഒരാധാരം ഉണ്ടെന്ന പ്രതിക്കാരൻ ഈ വിസ്താരത്തിൽ തക്കിക്കുന്നത ഒട്ടും വിശ്വസിക്കെണ്ടതല്ലന്നും ൧൦൨൩ മലെ തീൎപ്പു വിസ്താരത്തിനാൽ ആ നിലം താൻ തീരായും പിന്നെ ജന്മിയുമായി നെരിട്ടു പൊളിച്ചു എഴുതിച്ചു എന്നും മററും വെളിവായിരിക്കുമ്പൊൾ അതിന കെവലം വിരൊധമായി അത പണയമെന്നും മററും ഒരാധാരം എഴുതികൊടുപ്പാൻ ന്യായം വരുന്നതല്ലെന്നും ആ തീൎപ്പിന്ന പിന്നെ ഒര അപ്പീലും ഉണ്ടായിട്ടില്ലന്നും ൭ാം സാക്ഷിക്കാരൻ ഈ വക കൃത്ത്രിമമായ ആധാരങ്ങൾ എഴുതി ഉണ്ടാക്കാൻ എത്രയും സമൎത്ഥൻ എന്നും കാണുന്നതിനാൽ ആയാധാരം തൻെറയും അറിവൊടു കൂടി പ്രതിക്കാരുമായി യൊജിച്ചു ഉണ്ടാക്കി അതിലെക്ക അനുകൂലമായി ഒരു സാക്ഷിയും ബൊധിപ്പിച്ചതാകുന്നു എന്നും കാണുന്നു- എങ്കിലും ആയാധാരത്തെ കുറിച്ചു ഈ അല്പമായ വ്യവഹാരത്തിൽ അധികമായ വിസ്താരം ചെയ്യാൻ മതിയായ സംഗതി പൊരാ എന്നും തൊന്നുന്നതിനാൽ അതിനെ കുറിച്ചു ഇപ്പൊൾ ഒരു ആക്ഷെപവും ചെയ്തിട്ടില്ല- ൧൦൨൩ ആമത നവെമ്പ്ര മാസം ൧൧നു-ഈ താലൂക്കിൽ നിന്ന കല്പിച്ച തീൎപ്പിന്മെൽ ഒരു അപ്പീലുംകൂടാതെ ൬ കൊല്ലത്തിൽപുറമായിട്ടും ആ തീൎപ്പിനെ സമ്മതിച്ചു പ്രതിക്കാരൻ ഇരുന്ന വന്നിട്ടുള്ളത തന്നെ ഈ കാൎയ്യത്തിലെക്ക ദൃഷ്ടാന്തമായ ഒരു അവസ്ഥയും ആകുന്നു- അന്ന്യായപ്പെട്ട നിലം മുമ്പെ പ്രതിഭാഗത്തന്നിന്ന പണയമായി അന്ന്യായക്കാരുടെ അമ്മാമനായ ശങ്കരപൊതുവാൾക്ക എഴുതികൊടുത്ത നടന്ന വരുമ്പൊൾ പ്രതിഭാഗത്തെ എണ്ണക്ക കൂടാതെ ജന്മി ദെവസ്സ്വക്കാരെ സ്വാധീനമാക്കി പ്രതിഭാഗം തൊല്പിച്ചു കാണവകാശമായി എഴുതിച്ചു വാങ്ങിയ്യാണെന്നും അപ്രകാരം ചെയ്തത കാണ ജന്മമൎയ്യാദക്കും ക്രമത്തിന്നും വിരൊധമായീട്ടുള്ളത എന്നും അതിൻെറശെഷം പ്രതികൾ മുമ്പെത്തെ തീൎപ്പിന്മെൽ അപ്പീലും സീവിലും ബൊധിപ്പിക്കാതെ മെൽപ്രകാരം പ്രതിക്കാരൻ ആധാരം ഉണ്ടാക്കാൻ സംഗതി വന്നത എന്നും ആയാധാരം——അംശം മെനവനായ ൭ാം സാക്ഷിയുടെ കയ്യക്ഷരമായി എഴുതീട്ടുള്ളത എന്നും ആ സാക്ഷിക്കാരനും അത കൂ

ടാതെയും ചില പ്രമാണികളും പ്രതിഭാഗക്കാൎക്കും അപ്രകാരം തന്നെ അന്ന്യായഭാഗക്കാൎക്കും ചില പ്രമാണികളും സഹായം ഉള്ളതിനാൽ ഇരുഭാഗക്കാരും ഉണ്ടാക്കിരിക്കുന്ന ആധാരം വ്യാപ്തിയായിട്ടുള്ളത എന്ന ഇതവരെ വെളിവായി വരാഞ്ഞത എന്നും അന്ന്യായം പ്രതികൾ സത്ത്യത്തിന്ന അപെക്ഷിച്ച പ്രകാരം തീരെണ്ടതിലെക്ക പല പ്രകാരത്തിലും ഒരു മാസത്തിൽ അധികമായി എട കൊടുത്തും പല മദ്ധ്യസ്ഥന്മാര മുഖാന്തരം തീൎപ്പാക്കാൻ അന്ന്യായം പ്രതികളുടെ സമ്മതപ്രകാരം അനുസരിച്ചും തമ്മിൽ ഉള്ള സിദ്ധാന്തം കൊണ്ടും ഇരുപക്ഷത്തിലും ഉള്ള വ്യാപ്തികളെകൊണ്ടും ആയ്ശ്വര നെരിനെ സമ്മതിക്കാതെയും ഇരിക്കുന്നതാകുന്നു-ഒരം കാൎയ്യത്തിൽ എന്റെ അഭിഃപ്രായം ശരി എന്ന വിചാരിപ്പാൻ അന്ന്യായം പ്രതികൾ തമ്മിൽ സത്ത്യത്തിന്ന സമ്മതിച്ച ബൊധിപ്പിച്ച ഹരജികളിൽ അങ്ങൊട്ടും ഇങ്ങൊട്ടും ഉണ്ടായിരിക്കുന്ന ആധാരങ്ങളെ കുറിച്ച മാത്രം സത്ത്യം ചെയ്യെണമെന്ന ബൊധിപ്പിച്ചിരിക്കുന്നതല്ലാതെ വെറെ നിലം നടപ്പിനെ കുറിച്ച എങ്കിലും മറെറാരു കാൎയ്യത്തെ കുറിച്ച എങ്കിലും അതിൽ പറയുന്നില്ലാത്തതകൊണ്ട തന്നെ പ്രത്ത്യക്ഷമാകയും ചെയ്യുിരിക്കുന്നു- പൊലീസ്സായി ഒന്നും ഉണ്ടായപ്രകാരം കാണുന്നില്ലായ്കകൊണ്ട അന്ന്യായം നീക്കുകയും വിസ്സാരം കൊണ്ടും അന്വെഷണം കൊണ്ടും ഇനിക്ക അറിവുണ്ടായിട്ടുള്ളെയും സത്ത്യപ്രകാരവും കിഴക്കട നടന്ന വന്നപ്രകാരം രണ്ട കണ്ടം മാത്രം പ്രതിക്കാരനും ശെഷം വൃ കണ്ടം അന്ന്യായക്കാരും നടപ്പാനും അതിന സങ്കടം ഉള്ളവര സീവിൽ വ്യവഹാരം കൊണ്ട നിവൃത്തി വരുത്തി കൊൾവാനും തീൎപ്പ ചെയ്യു ഒരം വിവരം കക്ഷിക്കാരൊട താക്കീത ചെയ്കയും ചെയ്യു.

മജിസ്ത്രെട്ടിലെക്ക

വെട്ടത്തനാട താലൂക്ക——അംശത്തിൽ കൃഷ്ണമെനൊൻ ബൊധിപ്പിക്കുന്ന ആപ്പീൽ ഹരജി- മെപ്പടി ദെശത്ത ആദിരശ്ശെരി ദെവസ്സം ജന്മം ഞങ്ങടെ തറവാട്ടിലെക്ക പുരാതനമെ കാണവകാശമായ മെലെചെലെരി എന്ന ഉഭയം ൧൦ കണ്ടവും മൂസ്സ ജന്മം ഞങ്ങൾക്ക കാണവകാശമായ കൊടക്കാട്ടെ പടിഞ്ഞാററ പള്ളിമഞ്ഞായല ൧൦ കണ്ടവും കൂടി ഉള്ളതിൽ മെപ്പടി മെലെചെലെരിനിലത്ത വൃ കണ്ടവും മെപ്പടി പള്ളിമഞ്ഞായലിൽ ൫ കണ്ടവും കൂടിശങ്കരപൊതുവാൾക്ക എന്റെ കാരണവന്മാര പണയവകാശമായി കൊടുത്ത ആയാൾ നടന്ന വരുമ്പൊൾ കഴിഞ്ഞ ൧൦൨൦ വൃശ്ചിക മാസം ൨൨നു- ഞാനും മെപ്പടി ശങ്കരപൊതുവാളും തമ്മിൽ ഉള്ള കണക്കുകൾ ഒക്കെയും കൊഴിക്കൊട്ട വെച്ച പറഞ്ഞ തീ

ത്ത മെൽ പറഞ്ഞ മെലെചെലെരി എന്ന നിലത്ത ൭ കണ്ടവും
പള്ളിമഞ്ഞായലിൽ ൫ കണ്ടവും കൂടി ൪വ്യം പണത്തിന്ന ഞാൻ
കൊഴവെറക്കം പണയമായി മാററി എഴതികൊടുത്ത അന്ന മുത
ൽക്ക മെപ്പടി വഹകൾ ശങ്കരപൊതുവാളും ആയാൾ മരിച്ചതി
ന്റെ ശെഷം അവകാശികളായ പാൎവ്വതി പൊതുവാടിശ്ശ്യാര മു
തൽ ൨-ാളും നടന്ന വരുമ്പൊൾ ൟ കഴിഞ്ഞ കന്നിമാസത്തിൽ
എന്റെ വിരൊധികളായ ചിലരുടെ ദുൎബ്ബൊധനയാൽ മെപ്പടി
പാൎവ്വതി പൊതുവാടിശ്ശ്യാര മുതൽ ൨-ാളു വക്കീൽ രാമുണ്ണി നായ
ര മുഖാന്തരം മെൽ പറഞ്ഞ ഉഭയം പത്ത കണ്ടവും പള്ളിമഞ്ഞായ
ലും തങ്ങൾ നടന്ന വരുന്നതാണെന്നും അതിന്മെൽ കന്ന പൂട്ടു
മ്പൊൾ എന്റെ ജെഷ്ഠൻ കുട്ടിരാമൻ നായര മുതലായ്വര വിരൊ
ധിച്ച കലശൽ ചെയ്തിരിക്കുന്നു എന്നും മററും വെട്ടത്തനാട താ
ലൂക്കിൽ അന്ന്യായം ബൊധിപ്പിക്കയും ആ കാൎയ്യം വിസ്സരിച്ച
മെൽ പറഞ്ഞ ഉഭയത്തിൽ ൨ കണ്ടം അന്ന്യായക്കാരും രണ്ട ക
ണ്ടം പ്രതിക്കാരായ ഞങ്ങളും നടക്കെണമെന്ന താലൂക്കിൽനിന്ന
കല്പിച്ച തീൎപ്പ നെരിന്നും ന്ന്യായത്തിന്നും സത്യത്തിന്നും വിരൊധ
മാകകൊണ്ട അതിനാൽ ഞങ്ങൾക്ക വളരെ സങ്കടവും മുതൽ ന
ഷ്ടവും ഉള്ളതാകകൊണ്ട ആ തീൎപ്പ മാററി തരുവാനുള്ള സങ്ങതി
കൾ താഴെ എഴുതുന്നു- ൩ാമത നിലം നടപ്പിന്റെ കാൎയ്യത്തിൽ ആ
നിലത്തിന്റെ അയൽ കൃഷിക്കാരൊടുള്ള അന്വെഷണം- അ
ധികാരി മുഖ്യസ്ഥന്മാരുടെ റപ്പൊൎട്ടത- അന്ന്യായം പ്രതികളുടെ
സാക്ഷി ൟ വഹകൾ എല്ലൊ മുഖ്യമായി വിചാരിക്കെണ്ടത- ആ
വക തെളിവുകൾ ഒക്കെയും ഞാൻ നടക്കുന്നതിലെക്ക ആകുന്നു
ഉള്ളത- അത എന്തകൊണ്ടെന്നാൽ- ൟ മെൽ പറഞ്ഞ നിലത്ത ൭
കണ്ടം അന്ന്യായക്കാരും മൂന്ന കണ്ടം പ്രതിക്കാരും നടന്ന വരു
ന്നു എന്ന ദെശത്ത മുഖ്യസ്ഥന്മാരും- അതിനെ അനുസരിച്ച——
അംശം അധികാരിയും അയൽകൃഷിക്കാരായ ൪ മുതൽ ൭ വരെ
സാക്ഷികളും- ഞാൻ ബൊധിപ്പിച്ച ൯-ം ൩൦-ം സാക്ഷിക്കാരും പൂ
ൎണ്ണമായി പറഞ്ഞിരിക്കുന്നത കൂടാതെ അന്ന്യായ വക്കീലനൊട
വിസ്സരിച്ചതിൽ അന്ന്യായത്തിന്ന വിരൊധമായി ൨ കണ്ടമെ
അന്ന്യായക്കാര നടപ്പുള്ളു എന്നും ൨ കണ്ടം പ്രതിക്കാരാകുന്നു ന
ടന്ന വരുന്നത എന്നും പറഞ്ഞിരിക്കുന്നു. ൨ാമത ഞാനും ശങ്കര
പൊതുവാളും തമ്മിൽ ഉള്ള കണക്കുകൾ മെൽപ്രകാരം പറഞ്ഞ
തീൎത്ത ൪വ്യം പണത്തിന്ന ൭ കണ്ടവും പള്ളിമഞ്ഞായല ൫ കണ്ട
വും കൂടി പണയം മാററി എഴുതികൊടുത്തപ്പൊൾ ൟ നിലത്തി
ന്റെ നികിതിയും പണത്തിന്റെ പലിശയും കഴിച്ച നാല്പത്ത മൂ
ന്നീത പറ നെല്ല കാലത്താൽ ഇനിക്ക തരുവാൻ തക്കവണ്ണവും മ
ററും ഹജ്ജൂരകച്ചെരിയിൽനിന്ന മുദ്രൊല വാങ്ങി ഇനിക്ക ഇങ്ങൊട്ടു

ഒരാധാരം എഴുതി തരികയും-അതപ്രകാരംനിലം ഞാൻ നടന്നവ
രുന്നതാണെന്ന ആയാധാരത്തിലെ കയ്യക്ഷരക്കാരനായ ൦രംആം
ശത്തിൻെറ അയൽ അംശം കണക്ക എഴുത്ത രാമന്മെനവനൊ
ട താലൂക്കിൽ വിസ്തരിച്ചപ്പൊൾ ആയാൾ ൦രം കായ്യത്തിൻെറ സ
ത്യമായ അവസ്ഥ ബൊധിപ്പിക്കയും മെൽപറഞ്ഞ മുദ്രൊല ആധാ
രവും മെപ്പടി നിലവും മററും കൂടി ൧൦൧൧ാമത കൊല്ലത്തിൽ ദെവ
സ്സത്തിൽനിന്ന പൊളിച്ചഎഴുതിവാങ്ങിയ കാണാധാരവും കാണി
ക്കയും അതിൻെറ പകപ്പ താലൂക്കിൽ ബൊധിപ്പിക്കയും ചെയ്തിരി
ക്കുമ്പൊൾ ആ വക തെളിവുകൾ ഒന്നും നൊക്കാതെ സിദ്ധാന്തമാ
യി താലൂക്കിൽനിന്ന കല്പിച്ച തീൎപ്പ ഒരുസംശയം കൂടാതെ നീക്കെ
ണ്ടതാണെന്ന മെൽ പറഞ്ഞ തെളിവുകൾ സന്നിധാനത്തിങ്കൽനി
ന്ന നൊക്കുമ്പൊൾ ബൊധിക്കയും ചെയ്യും. ൩ാമത മെൽ പറഞ്ഞ
നിലത്തന്മെ കണ്ടം പ്രതിക്കാര നടന്നവരുന്നതാണെന്നും ൧൦൨൦ആ
മത വൃശ്ചികമാസത്തിൽ ഞാനും ശങ്കരപൊതുവാളും തമ്മിൽ ഉള്ള
എടവാട പറഞ്ഞ തീൎത്ത മുദ്രൊല ആധാരം എഴുതി തന്നതും ൭ ക
ണ്ടമെ അന്ന്യായക്കാര നടപ്പുള്ളൂ എന്നും മററും സക്കാരിൽനിന്ന
കല്പിക്കുന്ന ദെയ്യസ്ഥലത്ത ഞാൻ സത്യംചെയ്തു കൊടുക്കാമെന്ന
ഹരജി ബൊധിപ്പിക്കയും- മെൽപ്രകാരം അന്ന്യായ വക്കീലുംഹ
രജി ബൊധിപ്പിക്കയും ചെയ്തതിൻെറ ശെഷം അന്ന്യായം പ്രതി
കളായ ഞങ്ങൾ പാലക്കാട താലൂക്കിൽ ചെന്ന മണപ്പുള്ളി കാ
വിൽ സത്യം ചെയ്യെണമെന്ന താലൂക്കിൽനിന്ന കല്പിച്ച മെ
പ്പടി താലൂക്കിലെക്ക കല്പനയൊടുകൂടി ഞങ്ങളെ അയച്ച പകു
തി വഴിക്ക ചെന്നതിൻെറ ശെഷം സത്യം ചെയ്വാനും കാണ്മാ
നും മനസ്സില്ലന്നും അന്ന്യായ വക്കീൽ പറഞ്ഞ മടങ്ങി താലൂ
ക്കിൽ വന്നതിൻെറ ശെഷം ആയാളൊട ആ സംഗതിക്ക ക
യ്പീത്ത വാങ്ങുകയും അതിൽ അന്ന്യായക്കാരുടെ അറിവൊടുകൂടി
താൻ സത്യത്തിന ഹരജി ബൊധിപ്പിച്ചതല്ലന്നും അപ്രകാരം
സത്യം ചെയ്യുന്നതും കാണുന്നതും അന്ന്യായക്കാൎക്ക സമ്മതമല്ല
ന്നും താൻ ബൊധിപ്പിച്ചത തെററാണെന്നും മററും കയ്പീത്തകൊ
ടുക്കുകയും ചെയ്തിരിക്കുന്നു- അങ്ങിനെ അന്ന്യായവക്കീൽ ത
ന്നെ തങ്ങടെ വാദം നെരല്ലന്ന സമ്മതിച്ചിരിക്കുമ്പൊൾ പി
ന്നെ യാതൊരു ആക്ഷെപവും കൂടാതെ അന്ന്യായം നീക്കി നി
ലം പ്രതിക്കാരായ ഞങ്ങൾ നടക്കെണമെന്ന തീൎപ്പ കല്പിക്കെ
ണ്ടത വിട്ട എത്രയും ന്ന്യായത്തിന്നും സത്യത്തിന്നും വിരൊധമാ
യി ഞങ്ങൾ നടക്കുന്ന ൩൫ കണ്ടത്തിൽ ഒരു കണ്ടം കൂടി അന്ന്യാ
യക്കാര നടക്കെണമെന്ന ഹെഡ പൊലീസാമ്പ്ര ന്ന്യായരഹിത
മായി കല്പിച്ച തീൎപ്പ ശരി അല്ല എന്ന മെപ്പടി തീൎപ്പും വിസ്താര
വും കൂടി നൊക്കുമ്പൊൾ അറിയാവുന്നതാകുന്നു. ൪ാമത ൪൩ ന

വെമ്പ്ര ൧൦൧൩— ൨൦ം നിലത്ത ചെന്ന പള്ളിമഞ്ഞായലിന്നെ കുറി
ച്ച ഉണ്ടായ പൊലീസ്സ വ്യവഹാരത്തിൽ വ്വ കണ്ടം നിലം അ
ന്ന്യായക്കാരുടെ കാരണവരും രണ്ട കണ്ടം പ്രതിക്കാരും നടക്കെ
ണമെന്ന തീൎപ്പ കല്പിച്ചതിന്റെ ശെഷം മെപ്പടി തീൎപ്പിന്ന കാ
രണമായ ആധാരം ആദിരശെരി ദെവസ്സത്തിൽനിന്ന ൧൦൧൦
തുലാമാസത്തിൽ താൻ നെരിട്ട ചാൎത്തി വാങ്ങിയിരിക്കുന്നു എന്ന
അന്ന്യായത്തിൽ കളവായി ഒരു ആധാരം മെപ്പടി ശങ്കരപൊതു
വാൾ ബൊധിപ്പിക്കയും ആയാധാരത്തിന്ന പിമ്പായി ൧൦൧൦
എടവത്തിൽ മെപ്പടി പൊതുവാൾ തന്നെ സൎക്കാരിൽ ജാമ്മ്യൻ
കൊടുത്തപ്പൊൾ ൨൦ം വഹകളിന്മെൽ തനിക്ക ൧൦൧൦ll പണ്ടെത്തി
ന്ന പ്രതിക്കാരായ ഞങ്ങടെ തറവാട്ടിൽനിന്ന പണയവകാശമെ
ന്ന കണക്ക ബൊധിപ്പിക്കയും ചെയ്തിരിക്കുന്ന സംഗതികളൊ
ടു കൂടി ഞാൻ അപ്പീൽ ചെയ്യാൻ ഭാവിച്ചാറെ കള്ളാധാരം ബൊ
ധിപ്പിച്ച ശിക്ഷക്ക താൻ ഉൾപ്പെടുവാൻ സംഗതി വരുമെന്നു
ള്ള ഭയത്താൽ ൨൦ം കാൎയ്യത്തിൽ ഞാൻ അപ്പീൽ ചെയ്യരു
ത എന്നും മദ്ധ്യസ്ഥന്മാര പറയുന്നത പൊലെ തീക്കാമെന്നും പ
റകകൊണ്ട ഞാൻ അപ്പൊൾ ആപ്പീൽ ചെയ്യാതെ ഇരിക്കയും
അതിൽപിന്നെ ൧൦൨൦ ആമത വൃശ്ചികത്തിൽ മെൽ പ്രകാരം ക
ണക്ക തീൎത്ത മുറിയൊലയിൽ ആധാരം എഴുതി വാങ്ങിയ്യും അതപ്ര
കാരം നിലം നടന്നുവരുന്നതും ആകുന്നു- അപ്രകാരം ആധാ
രം എഴുതി വാങ്ങി നടക്കുമ്പൊൾ- അതിന്ന പിമ്പായ ൪൩ലെ തീ
ൎപ്പ പ്രകാരം നിലം നടക്കെണമെന്നും ൨൦ം ആധാരം ശരിയല്ലെ
ന്നും താസീൽദാർ കല്പിച്ച തീൎപ്പ നെരല്ലന്ന ൧൦൨൦ വൃശ്ചികം
൨൧൩— മെൽ പറഞ്ഞ ആധാരം എഴുതി വാങ്ങാൻ ഹജ്ജൂരിൽനി
ന്ന ഞാനും ശങ്കരപൊതുവാളും അങ്ങുമിങ്ങും വാങ്ങിയ മുറിയൊല
വിററ കണക്ക വരുത്തിനൊക്കിയാൽ അറിയാവുന്നതും ആകു
ന്നു- അതുകൊണ്ട സന്നിധാനത്തിങ്കലെ ദയ ഉണ്ടായിട്ട ൨൦ം കാ
ൎയ്യത്തിൽ കിഴക്കട നടന്ന സകല ദസ്ത്രപെജുകളും താലൂക്കിൽനി
ന്ന വരുത്തി നൊക്കിയും താലൂക്കിൽ അപെക്ഷിച്ചത പൊലെ
സത്ത്യം ചെയ്യെണമെങ്കിൽ അപ്രകാരം ചെയ്യിച്ചും നെര അറി
ഞ്ഞ ഞാൻ നടന്ന വരുന്ന ൩൨ കണ്ടം ഇനിക്ക തന്നെ നടപ്പാൻ
കല്പന ഉണ്ടാവാനും ൨൦ം കാൎയ്യം അപ്പീൽ തീരുന്നവരെ മെൽ പ
റഞ്ഞ നിലം താലൂക്ക തീൎപ്പ പ്രകാരം നടത്തികൊടുക്കാതെ ഇരി
പ്പാനും കല്പന ഉണ്ടായി സങ്കടം തീൎത്ത രക്ഷിക്കെണ്ടതിന്ന അ
പെക്ഷിക്കുന്നു- മെൽപ്രകാരം താലൂക്കിൽനിന്ന കല്പിച്ച തീൎപ്പി
ന്റെ പകൎപ്പ ഇതൊടൊന്നിച്ച ബൊധിപ്പിച്ചിരിക്കുന്നു.

ചാവക്കാട താലൂക്ക താസീൽദാര കല്പിച്ച വിധിയുടെ വിവരം യാദാസ്ത.

അന്ന്യായം ഗൊവിന്ദ കുറുപ്പ
പ്രതി
ശ്രീധരൻ നമ്പൂതിരി മുതൽ ൪-ാൾ

പുന്നപ്പുഴ വാസുദെവൻ നമ്പൂതിരിയൊട അന്ന്യായക്കാരൻ പാട്ട പിടിപാട കൊടുത്ത നടന്ന പൊരുന്ന കാടമ്പററ ഇല്ല കുടിയിരിപ്പ പറമ്പിൽ ൧൦൨൪ാമത മിഥുനമാസം ൨൭നു പകൽ പ്രതിക്കാര ബലമായി കയ്യെറി തെങ്ങ അടക്ക മുതലായ്ത വലിപ്പിച്ചും പുന്നപ്പുഴ നമ്പൂതിരിയുടെ പെട്ടി മറുതാക്കൊലിട്ട തുറന്ന ഉറുളി മുതലായ്തു എടുത്തും കൊണ്ടുപൊകയും ഇല്ലത്ത പാപ്പിച്ചിരുന്ന കുഞ്ഞി എന്ന സ്ത്രീയെ പിടിച്ച പുറത്താക്കുകയും അന്ന്യായക്കാരനെ പിടിച്ച തള്ളുകയും ചെയ്തിരിക്കുന്നു എന്ന അന്ന്യായം.

ഠരം കാൎയ്യത്തിന്ന കണ്ട കിട്ടിയ ൧ാം പ്രതിയൊടും അന്ന്യായം വക ൧-ം ൪-ം സാക്ഷിക്കാരൊടും ൧ാ-ം പ്രതി വക ൫-ം ൩-ം സാക്ഷിക്കാരൊടും വിസ്തരിക്കയും അന്ന്യായക്കാരൻ രണ്ടാമത ജ്രൂലായി ൨൭നു-ം ആ നു-ക്ക തന്നെ ൧ാം പ്രതിയും ജന്മി പുന്നപ്പുഴ വാസുദെവൻ നമ്പൂതിരി ജ്രൂലായി ൨൪നു-ം താലൂക്കിൽ ബൊധിപ്പിച്ച ഹരജികളും ൧ാ-ം പ്രതിയും ശെഷക്കാരും പുന്നപ്പുഴ വാസുദെവൻ നമ്പൂതിരിയും ശെഷക്കാരും മജിസ്ത്രെട്ടിൽ ബൊധിപ്പിച്ച വന്ന ഹരജികളും പുന്നപ്പുഴ വാസുദെവൻ നമ്പൂതിരി കാണിച്ച ജന്മാധാരം നികിതിശീട്ട അദാലത്ത വിധി മുതലായ്തിന്റെയും അന്ന്യായക്കാരൻ കാണിച്ച പാട്ടപിടിപാട ആധാരത്തിന്റെയും ഒന്നാം പ്രതി കാണിച്ച ശീട്ടിന്റെയുംപകൎപ്പുകൾ വാങ്ങി ആയ്തും— അംശം അധികാരിയുടെ റപ്പൊൎട്ടത്തും വിസ്താരത്തിൽ ചെൎക്കുകയും ഠരം കാൎയ്യത്തിലെക്ക കൎത്താവായ്ത ൧ാം പ്രതിയാകകൊണ്ട ശെഷം പ്രതിക്കാരൊടും ഇരുഭാഗവുമുള്ള ബാക്കി സാക്ഷികളൊടും വിസ്തരിപ്പാൻ അത്ര വളരെ ഒരു ആവിശ്യവും ഇല്ലന്ന തൊന്നി വിസ്താരം നിൎത്തുകയും ചെയ്തു- ഠരം കാൎയ്യത്തിലെ സ്വഭാവവും വിസ്താരത്തിലെ അവസ്ഥകളും നൊക്കുമ്പൊൾ താനും തന്റെ ശെഷക്കാരും തെക്ക തിരുവിതാങ്കൊട്ട ചെന്ന ദിക്കിൽ പാൎത്തവരുന്നതിന്നിടയിൽ അന്ന്യായത്തിൽ പറയുന്ന കാടമ്പററെ ഇല്ലത്ത സാവിത്രി എന്ന അന്തൎജ്ജനത്തിന്ന ദീനമെന്ന കെട്ട ഠരം കഴിഞ്ഞ മെട മാസം ൧൦നു- ആ ദിക്കിൽനിന്ന വന്നപ്പൊഴക്ക അന്തൎജ്ജനം മരിച്ചപൊയ്തിനാൽ അവകാശി താനാകകൊണ്ട എടവം ൧൫നു- മുതൽക്ക താൻ ആ ഇല്ലത്ത പാപ്പാക്കി പറമ്പ തന്റെ കൈവശം നടക്കുന്നു എന്ന ൧ാംപ്രതിയുംആ വക സാക്ഷികളും പറയുന്നു- അതിൽതന്നെ എടവം ൧൫നു- മുതൽക്കു

ളള പാട്ടം നടപ്പും അല്ലാതെ കിഴക്കട ഒരിക്കലും തന്റെ കൈവശം നടപ്പും പാട്ടം ആയിട്ടില്ലന്ന ൧ാം പ്രതിയുടെ കയ്മീത്തിന്ന വ്യവസ്ഥ വന്നിരിക്കുന്നു- പുന്നപ്പുഴ അഛൻ നീലകണ്ഠൻ നമ്പൂതിരിയുടെ ഹരജിയിലും ആധാരത്തിലും അന്ന്യായ സാക്ഷിവാക്കിലും അന്ന്യായ ഭാഗത്തെ വാദത്തിലെക്ക നിജമായ തെളിവായിരിക്കുന്നു- മരിച്ച സാവിത്രി എന്ന അന്തൎജ്ജനത്തിന്റെ ഇല്ലകുടിയിരിപ്പ പറമ്പിൽ ഒന്നാംപ്രതിയുടെ അനുജൻ വാസുദെവൻ നമ്പൂതിരി മുതലായ്വര കയ്യെററം ചെയ്യപ്രകാരം ആയന്തൎജ്ജനം മരിക്കും മുമ്പെ ൧൮൪൮ ജനവരി ൨൮നു- ബൊധിപ്പിച്ച അന്ന്യായം അന്നത്തെ താസിൽദാര വിസ്തരിച്ച അന്തൎജ്ജനം നടപ്പാനായി ൪൮ പിപ്രവരി ൨൯നു- ഒരു തീൎപ്പ ചെയ്യുതായി കിഴക്കട റിക്കാൎഡിൽ കാണ്മാനുണ്ട- ആ വിസ്താരത്തിൽ ആയന്തൎജ്ജനം കൊടുത്ത കയ്മീത്തും- ഒന്നാം പ്രതിയും അന്തൎജ്ജനവും തമ്മിൽ ചിലെ വസ്തു വഹ സംബന്ധമായി മുമ്പെ കഴിഞ്ഞ വന്ന അദാലത്ത വ്യവഹാരത്തിൽ ഉണ്ടായ വിധി പകപ്പ വിസ്താരത്തിൽ ചെൎത്തതും നൊക്കുമ്പൊൾ അന്തൎജ്ജനത്തിന്റെ മുതലിന്ന ൧ാം പ്രതിക്ക പ്രമാണമായ കൎത്തൃത്വം ഉണ്ടന്ന വിചാരിപ്പാൻ സംഗതി കാണുന്നതും- ൧ാം പ്രതിയുടെ വാദം ൪൩ലെ ൧൯ാം നമ്പ്ര ആകടിലെ താല്പൎയ്യത്തിന്ന സംബന്ധിക്കുമെന്ന തൊന്നുന്നതും ഇല്ല- വാദിക്കുന്ന വസ്തു ൧ാം പ്രതി കൈവശം ഒരിക്കലും നടപ്പും ആധാരവും ഇല്ലന്ന ൧ാം പ്രതി തന്നെ സമ്മതിക്കുന്ന അവസ്ഥക്ക ആ ഭാഗത്തെ കുറിച്ച അധികമായ ആക്ഷെപത്തിന്ന ആവിശ്യം തൊന്നീട്ടും ഇല്ല- ൟ സംഗതികൾ ഒക്കെയും നൊക്കിയ്യിൽ അന്ന്യായപ്പെട്ടിരിക്കുന്ന കാടമ്പററെ ഇല്ലവും ഇല്ലകുടിയിരിപ്പ പറമ്പ മുതലായ വസ്തു വഹകൾ സകലവും ആ ഇല്ലത്തെക്ക മുഖ്യമായ അവകാശിയായിരുന്ന സാവിത്രി എന്ന അന്തൎജ്ജനത്തൊട ൧൦൨൩മത മീന മാസത്തിൽ പുന്നപ്പുഴെ അപ്പൻ നീലകണ്ഠൻ നമ്പൂതിരി ജന്മം വാങ്ങി ഇല്ലവും ഇല്ലകുടിയിരിപ്പ പറമ്പും ആ കൊല്ലം മെടമാസം മുതൽക്ക അന്ന്യായക്കാരന കൊട്ടത്ത നടത്തിച്ച വന്നിരുന്ന പ്രകാരവും അന്തൎജ്ജനം ജീവനൊടു കൂടി ഉള്ളപ്പൊൾ തന്നെ നമ്പൂതിരി കൈവശമായി നികിതി കൊടുത്ത വന്നിരുന്നപ്രകാരവും അന്ന്യായക്കാരനും നമ്പൂതിരിയും കൊടുത്ത ആധാര സാക്ഷികളാൽ വ്യക്തമായ തെളിവായിരിക്കുന്ന അവസ്ഥക്ക പ്രതിക്കാരന്റെ അവകാശത്തെ കുറിച്ച ഒന്നും വിചാരിപ്പാനില്ല- മുതൽ കൊണ്ടുപൊയ പ്രകാരം അന്ന്യായക്കാരൻ പറയുന്നത വിസ്താരത്തിൽ തെളിഞ്ഞീട്ടും പ്രതിക്കാരെ ശിക്ഷയിൽ ഉൾപ്പെടുത്താൻ മതിയായ സംഗതി കണ്ടീട്ടും ഇല്ല- ഇങ്ങിനെ ഇരിക്കുന്ന ൟ കാൎയ്യത്തിൽ കിഴക്കട നടപ്പും ആ

ധാരവും ഇല്ലാത്ത വസ്തു മുതൽ അവകാശി എന്ന ഭാവിച്ച കരസ്ഥമാക്കാമെന്ന ൨ാം പ്രതി വിചാരിക്കുന്നത അസാദ്ധ്യമാകകൊണ്ട അന്ന്യായപ്പെട്ടിരിക്കുന്ന ഇല്ലവും ഇല്ല കുടിയിരിപ്പ പറമ്പും വിസ്താരത്തിൽ കണ്ട തെളിവപ്രകാരം കിഴക്കട നടപ്പകാരനായ അന്ന്യായക്കാരൻ കൈവശം മെലാലും നടന്ന വരെണ്ടതാണെന്നും അതിന്ന സങ്കടമുണ്ടെങ്കിൽ ഒന്നാം പ്രതിയും ൨ാം പ്രതിയുടെ ഹെതുവാൽ വന്ന നഷ്ടത്തിന്ന അന്ന്യായക്കാരനും ക്രമപ്രകാരം സിവിൽ വ്യവഹാരം ചെയ്യുന്നതിന്ന ഇതിനാൽ ഒരു വിരൊധമില്ലെന്നും കണ്ട അപ്രകാരം കല്പിച്ച ൦രം കാൎയ്യം നീക്കിരിക്കുന്നു.

മജിസ്ത്രേട്ടിലെക്ക.

ചാവക്കാട താലൂക്കിൽ——അംശത്തിൽ ശ്രീ ദെവി ആത്തെന്മാര മുതൽ ൩ാൾ കൂടി ബൊധിപ്പിക്കുന്ന അപ്പീൽ ഹരജി- ഞങ്ങൾക്ക അവകാശം വഴിക്ക വന്നതായി ഞങ്ങൾ ഇപ്പൊൾ പാൎത്ത വരുന്ന കാടമ്പറെറ ഇല്ലകുടിയിരിപ്പ പറമ്പും ആ ഇല്ലവും ഞങ്ങൾ ഗൊവിന്ദ കുറുപ്പിന ഒഴിഞ്ഞുകൊടുക്കെണമെന്ന ചാവക്കാട താലൂക്ക താസീൽദാർ ൧൯ാമത ആഗസ്ത മാസം ൨൯൩–തീൎപ്പ കല്പിക്കയും പറമ്പ നടത്തികൊടുക്കുകയും ഇല്ലത്തനിന്ന പുറത്ത ഇറങ്ങാൻ മുട്ടിക്കുകയും ചെയ്യുന്നത ഞങ്ങൾക്ക വളരെ സങ്കടമാകകൊണ്ട ആ തീൎപ്പ മാററി തരുവാൻ ഞങ്ങൾ അപ്പീൽ ബൊധിപ്പിക്കുന്നു- ൨ാമത ഞങ്ങൾക്ക സ്വത്തെ ഉള്ള തണ്ണുറൂര ഇല്ലത്ത ഞങ്ങളും പത്തും പുലസംബന്ധമായ മെപ്പടി കാടമ്പറെറ ഇല്ലത്ത മരിച്ചു പൊയ സാവിത്രി ആത്തെന്മാരും പാൎത്ത വന്നിരുന്നു- ൦രം കഴിഞ്ഞ എടവമാസത്തിൽ ആത്തെന്മാൎക്ക ദീനമെന്ന കെട്ട ഞങ്ങൾ കാടമ്പറെറ ഇല്ലത്ത വന്നാറെ മെപ്പടി ആത്തെന്മാരെ നെടുങ്ങനാട താലൂക്കിൽ പുന്നപ്പുഴ നീലകണ്ഠൻ എന്ന നമ്പൂതിരി കൂട്ടികൊണ്ടു പൊയി എന്നകെട്ട ആളെ അയച്ചാറെ എടവം വൃന- മെപ്പടി നെടുങ്ങനാട താലൂക്കിൽ പാറക്കാട്ട നമ്പൂതിരിയുടെ ഇല്ലത്തനിന്ന ആത്തെന്മാര മരിച്ചു പൊയി എന്ന അറികകൊണ്ട മെപ്പടി കാടമ്പറെറ ഇല്ലത്ത തന്നെ പാൎത്ത ആത്തെന്മാരുടെ ശെഷക്രിയാദികൾ ചെയ്കയും ഞങ്ങളിൽ പരമെശ്വരൻ എന്ന നമ്പൂതിരിക്ക ദീക്ഷയായി വെലി മുതലായ്ത ചെയ്ത പാൎത്തവരികയും ചെയ്തിരുന്നു- ഇങ്ങിനെ ചെയ്ത വരുമ്പൊൾ മെപ്പടി പുന്നപ്പുഴ നമ്പൂതിരിയുടെ ആൾക്കാരനായ മെപ്പടി ഗൊവിന്ദ കുറുപ്പും ആയാൾക്ക സഹായമായി മെപ്പടി അധികാരിയും കൂടി വന്ന മെപ്പടി ഇല്ല പറമ്പ മരിച്ചു പൊയ സാവിത്രി ആത്തെന്മാരൊട മെപ്പടി പറമ്പ ൦രം നമ്പൂ

തിരി എഴുതി വാങ്ങിരിക്കുന്നു എന്നും ഒഴിഞ്ഞു കൊടുക്കെണമെന്നും പറഞ്ഞ ഞങ്ങളെ മുട്ടിച്ചാറെ ആ വിവരത്തിന്ന ൧൦൨൪ാമത മിഥുന മാസം ൩൦൹- താലൂക്ക കച്ചെരിയിൽ ഞങ്ങൾ ഹരജി ബൊധിപ്പിക്കകൊണ്ടെ അങ്ങിനെ ഞങ്ങളെ ഉപദ്രവിക്കരുതെന്നും മറ്റും വിവരംപ്രകാരം താസീൽദാര കർക്കിടകമാസം ൪൹- അധികാരിക്ക കല്പന അയക്കുകയും ചെയ്തു.

൨ാമത മെൽപ്രകാരം അധികാരിക്ക കല്പന വന്നതിന്റെ ശെഷം അധികാരിയും ഗൊവിന്ദ കുറുപ്പും പുന്നപ്പുഴ നമ്പൂതിരിയും കൂടി മെപ്പടി താലൂക്ക പൊലീസ്സ ഗുമസ്തന്റെ അടുക്കെ പൊയി വിചാരിച്ചാറെ ഞങ്ങടെ മെൽ കിഴക്കടെ തിയ്യതി വെച്ച ഇണ്ടൊട്ടു.പൊലീസ്സ അന്ന്യായം ബൊധിപ്പിക്കെണമെന്ന നിശ്ചയിക്കുകയും അതിന്നായി മെപ്പടി ഗൊവിന്ദ കുറുപ്പ ൦൮ം ഇല്ലു പറമ്പ പാട്ടത്തിന്ന വാങ്ങിയിരിക്കുന്നു എന്നും ഇല്ലം ആയാളുടെ കൈവശമാണെന്നും ആ ഇല്ലത്ത ൦൮ം മിഥുന മാസം൨൭൹- ഞങ്ങൾ കയ്യെറിയിരിക്കുന്നു എന്നും ആക്കി ഞങ്ങളിൽ ൨-ം ൩-ം അരജിക്കാരെ ൧-ം ൨-ം പ്രതിക്കാരാക്കിയും- തെക്കൻ കുറുപ്പ- വെലു- ഇവരെ ൩-ം ൪-ം പ്രതിക്കാരാക്കിയും മെപ്പടി ഗൊവിന്ദ കുറുപ്പ അന്ന്യായം ബൊധിപ്പിച്ചാറെ താസീൽദാർ പുതിയ ആളാകകൊണ്ടും മെൽ എഴുതിയ അധികാരിയും താലൂക്കിലെ മുൻഷിയും പുന്നപ്പുഴനമ്പൂതിരിയുടെ കുടിയാന്മാരും പൊലീസ ഗുമസ്തൻ പുന്നപ്പുഴനമ്പൂതിരിയുടെ സ്വാധിനത്തിൽ ഉള്ള ആളും ആകകൊണ്ടും ഇവര എല്ലാവരും കൂടി വ്യാപ്തിയായി നെരിനെ മറച്ച പുന്നപ്പുഴനമ്പൂതിരിക്ക സഹായം ചെയ്യുമെന്ന ഞങ്ങൾക്ക ബൊദ്ധ്യം വരികകൊണ്ടെ ആ വിവരത്തിന്ന കർക്കിടകമാസം ൭-൹- തഫാൽ വഴിക്ക ൦൮ം സന്നിധാനത്തിങ്കലും- ജൂലായിമാസം ൨൭-൹- താലൂക്ക കച്ചെരിയിലും ഞങ്ങൾ ഹരജി ബൊധിപ്പിക്കയും മെപ്പടി ഇല്ലമുള്ള സ്ഥലത്ത താസീൽദാർ തന്നെ വന്ന പലരൊടും അന്വെഷിച്ച സത്യം അറിയെണമെന്ന ഞങ്ങൾ ബൊധിപ്പിച്ച പ്രകാരം വരായ്കകൊണ്ടെ ഞങ്ങടെ അവകാശം തെളിവാൻ ൫- സാക്ഷി ഹാജരാക്കിയതിൽ ൨ സാക്ഷി മാത്രം വിസ്തരിച്ച അന്ന്യായക്കാരന്ന അനുകൂലമായി പൊലീസ്സ ഗുമാസ്തൻ മുതലായ്യരുടെ ആവിശ്യപ്രകാരം താസീൽദാർ തീൎപ്പ കല്പിക്കയും ചെയ്തതാകുന്നു എന്ന ദസ്ത്യപെജകൾ നൊക്കിയാൽ അറിയാം.

൩ാമത ഗൊവിന്ദ കുറുപ്പ ബൊധിപ്പിച്ച അന്ന്യായം നെരാണെങ്കിലും മിഥുനമാസം ൨൭-൹- മാത്രം ഞങ്ങൾ ആ ഇല്ലത്ത ചെന്ന കയ്യെറിയ്യാണെങ്കിലും മിഥുനമാസം ൩൦൹- ഞങ്ങൾ ഹരജി ബൊധിപ്പിക്കുകയും കർക്കിടകമാസം ൪൹- അതി

ന്ന താലൂക്കിൽനിന്ന അധികാരിക്ക കല്പന അയക്കുകയും- ചെയ്യുന്നതിലെക്ക മെൽ എഴുതിയ ഗൊവിന്ദ കുറുപ്പ അന്ന്യായം ബൊധിപ്പിപ്പാൻ സംഗതി ഉള്ളത ചെയ്യാതെ ഞങ്ങളെ ഹരജിക്ക കല്പന ഉണ്ടായതിൻെറ ശെഷം മാത്രം ആലൊചിച്ച അന്ന്യായം ഉണ്ടാക്കിയ്യു വിചാരിച്ചാൽ തന്നെ അന്ന്യായത്തിൻെറ വ്യാപ്തി ബൊധിക്കും- ൧൨൩- കൊണ്ടുള്ള തെളിവ പ്രകാശിക്കാതെ കഴിപ്പാൻ പൊലീസ്സ ഗുമാസ്തൻ ഫയൽബുക്കിലൊ മറെറാ വല്ല വ്യത്യാസം ചെയ്തിട്ടുണ്ടൊ എന്ന സന്നിധാനത്തിങ്കൽ നിന്ന സൂക്ഷിക്കെണ്ടതും ആകുന്നു.

൨ാമത ഞങ്ങടെ ബ്രാഹ്മണമര്യാദപ്രകാരം ഉള്ള അവകാശത്തിൻെറയും മരിച്ചപൊയ്യവരുടെ മുതൽ അവകാശികളുടെ കൈവശം നിൽക്കെണ്ടതാണെന്ന കല്പിച്ച നടന്നവരുന്ന സക്കാരക്രമത്തിൻെറയും വിചാരണ കൂടാതെ മെൽ എഴുതിയ കാര്യസ്ഥന്മാരുടെ ആവിശ്യത്തെ മാത്രം വിചാരിച്ചാകുന്നു താസീൽദാര തീൎപ്പ കല്പിച്ചത എന്ന ആ തീൎപ്പ മാത്രം സന്നിധാനത്തിങ്കൽ വായിച്ചാൽ തന്നെ ബൊധിക്കുന്നതാണെ- എങ്കിലും ചില സംഗതികൾ ഞാൻ പറയുന്നു എന്തെന്നാൽ മരിച്ചപൊയ സാവിത്രി ആത്തെന്മാരൊട താൻ കൊണ്ടിരിക്കുന്ന അവകാശമാകുന്നു തനിക്ക എന്ന പുന്നപ്പുഴനമ്പൂതിരിയും- അനന്തരവകാശം വഴിക്ക ശെഷക്രിയാദികൾ ചെയ്തു അനുഭവിച്ചവരുന്നതാകുന്നു എന്ന ഞങ്ങളും തൎക്കിക്കുകയും- സാവിത്രിആത്തെന്മാര മരിച്ച മുതൽക്ക ആ ഇല്ലം ഞങ്ങടെ കൈവശമായി ശെഷക്രിയാദികൾ ചെയ്തു പാൎത്ത വരികയും- ചെയ്യുന്ന ൟ കാൎയ്യത്തിൽ അവകാശികളായ ഞങ്ങളെ നീക്കം ചെയ്വാനും- മറുതാലൂക്കകാരനായി ആധാര പ്രകാരം വിലക്ക കൊണ്ടവനായ അന്ന്യായക്കാരന എല്പിച്ച നടത്തികൊടുപ്പാനും കല്പിച്ചത ക്രമമാണെന്ന വന്നാൽ- ഇനി ഭൂമി സംബന്ധമായി എഴുതി വാങ്ങുന്ന ആധാര പ്രകാരം ഒഴിപ്പിച്ച കിട്ടുവാൻ അദാലത്ത അന്ന്യായം വെണ്ട എന്ന വരുന്നത ന്ന്യായമല്ലന്ന അറിയാമല്ലൊ.

൩ാമത ൧൦൨൩ആമത മീനമാസത്തിൽ ആകുന്നു പുന്നപ്പുഴനമ്പൂതിരി ജന്മം വാങ്ങിയ്യു എന്ന തീൎപ്പിൽ പറയുന്നു- ൟ ൧൦൨൨ാമത എടവമാസം ൨൩- വരെ ആ ഇല്ലത്ത മെപ്പടി സാവിത്രി ആത്തെന്മാര തന്നെ പാൎത്ത വന്നിരുന്നു എന്നും- അന്ന്യായക്കാരൻെറ സാക്ഷികളാൽ തന്നെ പുറപ്പെട്ടിട്ടുള്ളത പൊലീസ്സ ഗുമസ്തൻ മാററീട്ടില്ലങ്കിൽ ആ കയ്ഫീത്ത നൊക്കിയാലും. മാററിരിക്കുന്നു എങ്കിൽ ആ ദിക്കിൽ പലരൊടും വിസ്തരിച്ചാലും അറിയാം. അങ്ങിനെ എടവം ൨൩-വരെ ആത്തെന്മാര തന്നെ പാൎത്ത വരുമ്പൊൾ- അതിന മുമ്പായ ൧൦൨൩ മീനത്തിലും മെടത്തിലും പ

നപ്പുഴനമ്പൂതിരിയുടെ കൈവശം വന്നു എന്ന പറയുന്നത നെ
രല്ലെന്നും ആ കാലത്ത ആയാൾ നികിതി കൊടുത്തീട്ടുണ്ടെങ്കിൽ
ആത്തെമ്മാരുടെ കാൎയ്യസ്ഥനെ പൊലെ അല്ലാതെ അവകാശി
എന്ന വരുന്നതല്ലെന്നും അറിയാമെല്ലൊ- മെപ്പടി സാവിത്രിആ
ത്തെമ്മാര എടവമാസത്തിൽ ആ ഇല്ലത്തനിന്ന പൊകുമ്പൊൾ-
ആ ഇല്ലവും പറമ്പും നൊക്കി രക്ഷിച്ച പാൎപ്പാൻ എല്പിച്ചവനാ
യും- മുമ്പെ തന്നെ ആത്തെമ്മാരുടെ കാൎയ്യസ്ഥനായും ഉണ്ടാ
യിരുന്ന ൩ാം സാക്ഷി ഇട്ടിച്ചുരപ്പണിക്കരാകുന്നു ഞങ്ങൾ ചെ
ന്നപ്പൊൾ എല്പിച്ച തന്നീട്ടുള്ളത- ആ വിവരം ആയാൾ താലൂക്കി
ൽ സാക്ഷി പറഞ്ഞിട്ടുണ്ട- ൪ാം സാക്ഷിക്കാരൻ മെൽപ്രകാരം
കാൎയ്യസ്ഥനായി ആ ഇല്ലത്ത പാൎത്തവന്നിരുന്നവനാണെന്ന മ
രിച്ച സാവിത്രിആത്തെമ്മാര തന്നെ ൨൮ ജനവരി ൨൮നു-
ബൊധിപ്പിച്ചതായി തീൎപ്പിൽ പറയുന്ന പൊലീസ്സ അന്ന്യായ
ത്തിന്റെ വക്കീൽ നാമം നൊക്കിയാൽ അറിയാം. ൩ാമത സാ
വിത്രിആത്തെമ്മാരുടെ ദായാദി അവകാശമെങ്കിലും ഞങ്ങൾക്ക
ല്ലാതെ പുന്നപ്പുഴനമ്പൂതിരിക്ക ഇല്ലന്ന അന്ന്യായഭാഗം തന്നെ
സമ്മതിക്കയും ശെഷക്രിയാദികൾ ചെയ്തു ഇപ്പൊൾ പാൎത്തവരു
ന്നത ഞങ്ങളാണെന്ന തെളിഞ്ഞിരിക്കയും ചെയ്യുമ്പൊൾ അവകാ
ശികളായ ഞങ്ങളെ സമ്മതം കൂടാതെ എകാകിയായും വൃദ്ധയാ
യി കാൎയ്യശീലമില്ലാത്തെയും ഉള്ള മെപ്പടി സാവിത്രിആത്തെമ്മാ
രൊട പുന്നപ്പുഴനമ്പൂതിരി യാതൊരു ആധാരം എഴുതി വാങ്ങിരു
ന്നാലും ആയതു സാധുവല്ലന്ന ന്ന്യായാധികാരസ്ഥലങ്ങളിൽനിന്ന
കല്പിപ്പാൻ സംഗതി വരുന്നതിന്ന ഇട വരുത്താതെ അന്ന്യാ
യക്കാരന്റെ കൈവശം എല്പിപ്പാൻ താസീൽദാർ കല്പിച്ചത വ
ളരെ സങ്കടമാകുന്നു. ൭ാമത അട്ടത്ത അവകാശികൾ ആയാൽ
കൂടി മത്സരം വരുമ്പൊൾ- അദാലത്തും പൊലീസ്സും വ്യവഹാര
ങ്ങൾ തമ്മിൽ നടത്തി വരികയും അതിൽ അവകാശപ്രബലത
പൊലെ തീൎപ്പ കല്പിക്കയും ചെയ്യുമാറുണ്ടെങ്കിലും അങ്ങിനെ മത്സരി
ച്ച വരായാലും അതിൽ ഒരാൾ മരിച്ചാൽ മറെറ ആൾക്കുള്ള അവ
കാശത്തിന്ന മുമ്പെ നടന്ന വ്യവഹാരത്താൽ ദുൎബ്ബലമില്ലാത്ത
അവസ്ഥക്ക മെപ്പടി സാവിത്രിആത്തെമ്മാര പുന്നപ്പുഴനമ്പൂതി
രിയെ പൊലെ ഉള്ള വിരൊധികളുടെ ദുൎബ്ബൊധനയിൽ ഉൾ
പ്പെട്ടു മുമ്പെ ഞങ്ങളിൽ ൧ാം പ്രതിയുമായുണ്ടായ അദാലത്ത
പൊല്ലീസ്സ വ്യവഹാരങ്ങളെകൊണ്ട തീൎപ്പിൽ പറയുന്നത ആ
യാത്തെമ്മാര ജീവനൊടെ ഇരിക്കുന്നുണ്ടെങ്കിൽ മാത്രമല്ലാതെ മ
രിച്ചതിൽ പിന്നെ ഞങ്ങൾക്ക വന്നതായ അവകാശത്തിന്റെ ദു
ൎബ്ബലതക്ക മതിയാകയില്ലെന്നും ഞങ്ങൾ അവകാശി ആണെന്നും
ആയാത്തെമ്മാരൊട അന്ന വിസ്തരിച്ച കച്ചീത്തിൽ തന്നെ പറ

ഞ്ഞീട്ടുണ്ടെന്നും ആ കടലാസ്സുകൾ നൊക്കിയാൽ അറിയാം. വ്വാമത താലൂക്ക കാൎയ്യസ്ഥന്മാര മെൽപ്രകാരം പുന്നപ്പുഴനമ്പൂതിരിക്ക സ്വന്തമുള്ള ആളുകളെ പൊലെ ആയിവരികയും ഞങ്ങൾ സ്ഥിതിയായി മറുശീമയിൽ തിരുവിതാങ്കൊട്ട പാൎത്തവരുന്നവരാകയാൽ ൟ രാജ്യത്ത സഹായികൾ ഇല്ലാതെയും ൟ അവകാശവഴക്കുള്ള മുതൽ അപഹരിച്ച ഭാഗം ചെയ്തു എടപ്പാനായി അന്ന്യായഭാഗത്തുള്ളവര തുടങ്ങുകയും ചെയ്തിട്ടുള്ളതാകകൊണ്ട എടവമാസത്തിൽ ഞങ്ങൾ വന്ന പാൎത്ത മുതൽക്ക ആ പറമ്പിൽ ഞങ്ങൾ ഉണ്ടാക്കിയ്യായ തൻസ്വാദികളും വാഴമുതലായ്തും താലൂക്ക കല്പനയാണെന്ന വെച്ച അന്ന്യായക്കാര ബലമായി കൊണ്ടുപൊയി തുടങ്ങുകയും ഇല്ലത്ത അടച്ചിരിക്കുന്ന ആത്തെന്മാരായ ഒന്നാം ഹരജിക്കാരത്തി മുതലായ്വരെയും മറവും- അവമാനിച്ച അശുദ്ധിവരുത്താനും ഇല്ലം തീണ്ടി തൊടുവാനും തുടങ്ങുകയും ചെയ്തിരിക്കകൊണ്ട ൟ രാജ്യത്ത ബന്ധുജനങ്ങൾ ഇല്ലാതെ മറു രാജ്യക്കാരായും ബ്രാഹ്മണരായും ഉള്ള ഞങ്ങളെ സങ്കടം വെണ്ടുംവണ്ണം വിചാരിച്ച മെപ്പടി താലൂക്ക വിസ്താരം വരുത്തി നൊക്കിയും തക്കതായ ഒരു കാൎയ്യസ്ഥനെ ആ സ്ഥലത്ത തന്നെ അയച്ച വിസ്തരിച്ചും നെര അറിഞ്ഞ താലൂക്ക തീൎപ്പ മാററി സങ്കടം തീൎത്തതരെണ്ടതിന്നും ഇതിന തീൎച്ചയായ കല്പന ഉണ്ടാകുന്നതിലകത്ത മെപ്പടി താലൂക്ക തീൎപ്പനടത്തിച്ച ഇല്ലത്തന്നിന്ന പുറത്താക്കാതെ ഇരിക്കെണ്ടതിന്നും കല്പന ആകെണ്ടതിന്ന വളരെ അപെക്ഷിക്കുന്നു.

കുറുമ്പ്രനാട താലൂക്ക ഹെഡ പൊലീസ്സാപ്സര കല്പിച്ച തീൎപ്പ

അന്ന്യായം ഏച്ചു നമ്പ്യാര

പ്രതി

അനന്തിരവൻ കുഞ്ഞുണ്ണി നമ്പ്യാര മുതൽ ൩ാൾ

അന്ന്യായക്കാരന്റെ അമ്മാമൻ കുഞ്ഞുണ്ണി നമ്പ്യാര ഫ൦൦വ്വാമത ചിങ്ങമാസത്തിൽ മരിച്ചതിൽ പിന്നെ ഇതവരെ തറവാട്ട കാൎയ്യാദികൾ സകലവും അന്ന്യായക്കാരൻ നൊക്കി നികിതി മിച്ചാരങ്ങൾ മുതലായ്തും കൊടുത്ത കുഞ്ഞുകുട്ടികളെ രക്ഷിച്ചും വരുമ്പൊൾ ഫ൦൨൪ാമത ധനു മാസം ൫൬-ക്ക ൪വ്വ ഡിസംബ്ര ഫ൫൬- രാത്രി അന്ന്യായക്കാരൻ ഭവനത്തിൽ ഇല്ലാത്ത സമയം കാരണവര കൊമശ്ശനമ്പ്യാരുടെ സഹായത്തൊടും കൂടി പ്രതിക്കാര അറകളും പെട്ടികളും തുറന്ന ഓലപ്പെട്ടി ആധാരങ്ങളും ൩ ഉരുപ്പിടികയും ഏതാനും വിത്തും കളവായി എടുത്തിരിക്കുന്നു എന്നും മററും അന്ന്യായക്കാരൻ ൪ൻ ജനവരിൻ൬- ഹരജി ബൊ

ധിപ്പിച്ചു- അന്ന്യായക്കാരനൊടും ൧-ം ൩-ം പ്രതികളോടും എൻെറ മുമ്പാകെയും ൧ മുതൽ ൩ വരെ സാക്ഷികളൊട അകടിക്ക താസിൽദാർ മുമ്പാകെയും ൪ മുതൽ ൭ വരെ സാക്ഷികളൊട സബൊാപ്പര മുമ്പാകെയും വിസ്തരിക്കുകയും ചെയ്തു- കാരണവരായ കൊമശ്ശ നമ്പ്യാരും താനുമായിട്ട അഞ്ചാറ കൊല്ലമായി എടച്ചിലായികഴിഞ്ഞ വരുന്നു എന്നും അത നിമിത്തമായി കൊമശ്ശനമ്പ്യാര തൻെറ അനന്തരവരായ ൧-ം ൨-ം പ്രതികളെ സ്വാധീനമാക്കി താൻ ഇല്ലാത്ത സമയം ഓലപ്പെട്ടി ആധാരങ്ങളും ഉരപ്പികയും വിത്തും എടുപ്പിച്ചു കൊണ്ടുപൊയ്യാകുന്നു എന്നും മററും അന്ന്യായക്കാരനും തങ്ങടെ തറവാട്ടകാൎയ്യങ്ങൾ സകലവും കാരണവര കുഞ്ഞുണ്ണിനമ്പ്യാര മരിച്ചമുതൽക്ക താനും അന്ന്യായക്കാരനും കൂടിയാണ അന്ന്യെഷിച്ച വന്നിരുന്നത എന്നും കുഞ്ഞുണ്ണിനമ്പ്യാര മരിക്കുന്ന സമയം ൭൦൦ൽ ചില്ലുവാനം പണം സൎക്കാര നികിതിക്കുള്ള വസ്തു മുതലുകൾ തങ്ങടെ തറവാട്ടിലെക്ക ഉണ്ടായിരുന്നു എന്നും അതിൽ ഇപ്പൊൾ ൧൦൦ൽ ചില്ലുവാനം പണം നികിതിക്കുള്ള വസ്തു മുതലുകൾ മാത്രമെ ഇപ്പൊൾ ഉള്ളു. എന്നും ശെഷം തറവാട്ട വക വസ്തു മുതലുകളും മററും അന്ന്യായക്കാരൻ വിററ നശിപ്പിച്ചു എന്നും അതിൻെറ ശെഷം ഇപ്പൊഴുള്ള വസ്തു മുതലിൻെറ ഓലപ്പെട്ടി ആധാരങ്ങൾ താൻ എടുത്ത സൂക്ഷിച്ചു വെച്ചിട്ടുള്ളത അന്ന്യായക്കാരൻ ചൊതിച്ചിട്ട കൊടുക്കാത്തതിനാൽ തമ്മിൽ വാക്കുണ്ടായി അന്ന്യായക്കാരൻ ധനുമാസം ന്നു- മുതൽക്ക തറവാട്ടിൽ നിന്ന പൊയി വെറെ ഠരംശപരമംഗലത്ത വട്ടൊളിക്കാരുടെ വീട്ടിൽ ആകുന്നു പാൎത്ത വരുന്നത എന്നും മററും ൧ാം പ്രതിയും താൻ അന്ന്യായക്കാരൻെറ വീട്ടിൽ ചെന്ന മറുതാക്കൊൽ കൊണ്ട പൂട്ട തുറന്ന ഓലപ്പെട്ടി ആധാരങ്ങളും മററും ഒന്നും എടുത്തുകൊണ്ടുപൊയീട്ടില്ലന്നും അന്ന്യായക്കാരൻ തറവാട്ട മുതൽ വിററ നശിപ്പിക്കുന്നതിനാൽ മെലാൽ അന്ന്യായക്കാരൻ തറവാട്ട കാൎയ്യാദികൾ അന്വെഷിക്കെണ്ടാ എന്നും ഒന്നാം പ്രതി കുഞ്ഞുണ്ണിനമ്പ്യാരെകൊണ്ട അന്വെഷിപ്പിക്കെണമെന്ന മദ്ധ്യസ്ഥന്മാര പറക ഉണ്ടായീട്ടുണ്ടെന്നും അതപൊലെ താനും പറഞ്ഞിട്ടുള്ള ഠരംഷ്യതയാൽ തൻെറ മെലും അന്ന്യായപ്പെട്ടതാകുന്നു എന്നും മററും ൩ാം പ്രതിയും താൻ വെളിയങ്ങൊട്ട പൊയി മടങ്ങി വരുന്ന വഴിക്ക അയനിചിറക്കൽ വെച്ച ൩ാം സാക്ഷിയെ കണ്ട തങ്ങൾ ൨ാളും കൂടി പൊരുമ്പൊൾ രാത്രി അന്ന്യായക്കാരൻെറ വീട്ടിൻെറ വടക്കെപ്പുറംപാടത്ത എത്തിയപ്പൊൾ ആ പാടത്ത വെച്ച പ്രതിക്കാര ൩ാളെയും കണ്ടു എന്നും അതിൽ ൧-൦ ൨-൦ പ്രതി വക്കൽ ഓരെ ഓലപെട്ടികളും ഉണ്ടായിരുന്നു എന്നും- ചൊതിച്ചാറെ ഓല പെട്ടിയിൽ നിന്ന വ

ട്ട എഴുത്തിൽ ഉള്ള രണ്ട ആധാരം എടുപ്പാൻ ഉണ്ട അത കൊമ
ശ്ശ അമ്മാമനെകൊണ്ട എടുപ്പിപ്പാനായി വടക്കെ എടപ്പാം വീ
ട്ടിലെക്ക കൊണ്ടുപൊകുന്നതാകുന്നു എന്ന പറഞ്ഞ അവര വട
ക്കൊട്ടും പൊയി എന്നും തറവാട്ട കാൎയ്യങ്ങൾ ൧൦൦൮ മുതൽക്ക അ
ന്ന്യായക്കാരനാണ നൊക്കി വരുന്നത എന്നും മറ്റും ൧-ം ൩-ം-
സാക്ഷികളും- തന്നൊട എടപ്പാം വീട്ടിൽ ചെല്ലുവാനായി കൊമ
ശ്ശ നമ്പ്യാര പറഞ്ഞ അയച്ച പ്രകാരം ൧ാം പ്രതി തന്റെ അടു
ക്കെ വന്ന പറകയാൽ താൻ കൊമശ്ശ നമ്പ്യാരുടെ വീട്ടിൽ ചെ
ന്നാറെ അന്ന്യായക്കാരന്റെ കുന്നഞ്ചാത്തകണ്ടി നിലത്തിന്ന ത
നിക്ക ൩൦൦ പണം പണയവകാശമുള്ളപ്രകാരം താൻ അന്ന്യായ
ക്കാരന എഴുതി കൊടുത്ത മുറിയിൽ കാണുന്നു എന്നും ആ പണം
പിടിച്ച നിലം ഒഴിഞ്ഞ കൊടുക്കെണമെന്ന കൊമശ്ശനമ്പ്യാര ത
ന്നൊടപറഞ്ഞു എന്നും ൩൦൦ പണം അല്ല ൫൦൦ പണം ഉണ്ടന്ന താ
നും പറഞ്ഞ തമ്മിൽ തെറ്റി പൊന്നിരിക്കുന്നു എന്നും ൧൦൦൮മുത
ൽക്ക തറവാട്ട കാൎയ്യങ്ങൾ നൊക്കി വരുന്നത അന്ന്യായക്കാരനാ
കുന്നു എന്നും മറ്റും ൨-ാം സാക്ഷിയും തങ്ങടെ ഭവനത്തിൽനി
ന്ന ഒരുത്തരും ഒരു മുതലും ബലമായിട്ടെങ്കിലും കളവായിട്ടെങ്കി
ലും കൊണ്ടുപൊയീട്ടില്ലന്നും ഓലപ്പെട്ടി ആധാരങ്ങളും മറ്റും ത
റവാട്ടിൽ തന്നെ ഇരിപ്പുണ്ടന്നും ഉറപ്പികയും മറ്റും ആരും ഇ
വിടെ നിന്ന കൊണ്ടുപൊയീട്ടില്ലന്നും തങ്ങടെ കുഞ്ഞുണ്ണി അ
മ്മാമൻ മരിച്ചതിൽ പിന്നെ തറവാട്ട കാൎയ്യങ്ങൾ നൊക്കി വരു
ന്നത അന്ന്യായക്കാരനാണന്നും അന്ന്യായക്കാരൻ തറവാട്ട കാ
ൎയ്യങ്ങൾ അന്വെഷിച്ചതിൽ മുതൽ നഷ്ടം ഉണ്ടാകകൊണ്ട ൧-ാം
പ്രതി കാൎയ്യങ്ങൾ നൊക്കി വരെണമെന്ന തങ്ങളുടെ സമ്മത
മെന്നും മറ്റും ൪ മുതൽ ൭ വരെ സാക്ഷികളും വിസ്താരത്തിൽ
ബൊധിപ്പിച്ചിരിക്കുന്നു- ൦രം കാൎയ്യത്തിൽ പറ്റിയ്യായി അന്ന്യാ
യക്കാരൻ പല വക ൯൯- ൨വ്യ൧- ൪൦൭- ൫൦൯-൦രം നമ്പ്രു
കളായി മജിസ്ത്രേട്ടിൽ ബൊധിപ്പിച്ച ഹരിജകൾ അവിടെനിന്ന
അയച്ച എത്തിയ്യും അന്ന്യായക്കാരൻ ബൊധിപ്പിക്കുന്നതിലെ
ക്ക അനുസരണമായി ൪-ം ൬-ം സാക്ഷികളും വെലപ്പനമ്പ്യാ
ര എന്നാളും കൂടി പലവക ൧൪൧ാം നമ്പ്രായി മജിസ്ത്രേട്ടിൽ
ബൊധിപ്പിച്ച ഹരജി അവിടെനിന്ന അയച്ച എത്തിയ്യും- ത
റവാട്ടുമുതലിന്റെ അവസ്ഥയെ കുറിച്ചും മറ്റും മാച്ചി ൨വ്യ൬—
൧ാംപ്രതി ഇവിടെ ബൊധിപ്പിച്ച ഒരു ഹരജിയും ൦രം വിസ്താ
രത്തിൽ ചെക്കുകയും ചെയ്തു- ൦രം കാൎയ്യത്തിന്റെ വിസ്താര ക
ടലാസ്സുകൾ ഒക്കെയും നൊക്കുകയും അന്വെഷിക്കുകയും ചെ
യ്തതിൽ അന്ന്യായത്തിൽ പറയുന്ന പ്രകാരം അന്ന്യായക്കാരൻ
കൈവശം ഉണ്ടായിരുന്ന ഓലപ്പെട്ടി ആധാരങ്ങളും ഉറപ്പിക-

പിത്ത- തെങ്ങായ ൟ വക സാമാനങ്ങളും പ്രതിക്കാര കളവാ
യിട്ടെങ്കിലും ബലമായിട്ടെങ്കിലും തറവാട്ടിൽനിന്ന എടുത്ത കൊ
ണ്ടുപൊകയും ക്രയവിക്രയങ്ങൾ ചെയ്കയും ചെയ്യീട്ടില്ലാത്തത
കൂടാതെ പൊലീസ്സായി ഒരു അവസ്ഥയും ഉണ്ടായ പ്രകാരവും
പ്രതിക്കാരെ ശിക്ഷയിൽ ഉൾപ്പെടുത്തുവാനും തെളിവും സംഗതി
യും കണ്ടീട്ടില്ല- അന്ന്യായക്കാരന്റെയും ൧-ം ൨-ം പ്രതികളുടെയും
കാരണവര കുഞ്ഞുണ്ണിനമ്പ്യാര ൧൦൦൮ ആമത കൊല്ലത്തിൽ മ
രിച്ചുപൊകയും- അതിൽ പിന്നെ തറവാട്ടുകാൎയ്യാദികൾ സകല
വും അന്ന്യായക്കാരൻ നൊക്കി നടന്ന ൧-ം ൨-ം പ്രതികളെയും
൪ മുതൽ ൭ സാക്ഷികളെയും വെറെ ഉള്ള കുഞ്ഞു കുട്ടികളെയും
രക്ഷിച്ചു വന്നിരുന്നു- അന്ന്യായക്കാരൻ ൟ കാൎയ്യങ്ങൾ അ
നൊപക്ഷിച്ചതിൽ പിന്നെ തറവാട്ടു മുതൽ ക്ഷയിച്ചിരിക്കുന്നു എ
ന്നും- തറവാട്ടിലെക്ക ആവിശ്യം ഇല്ലാതെയും അന്ന്യായക്കാരന
സ്വന്തമായിട്ടും ചില മുതലുകൾ വിററ നശിപ്പിക്കുന്നു എന്ന
ഒന്നാം പ്രതി മുതലായവൎക്ക തൊന്നി ൧-ം ൨-ം പ്രതികൾ അവരു
ടെയും അന്ന്യായക്കാരന്റെയും കാരണവരായി ൟ മുതലിന്ന
ഇപ്പൊൾ സംബന്ധം ഇല്ലാതെ വെറെ താവഴിൽ പാൎക്കുന്ന
കൊമശ്ശനമ്പ്യാരൊട പറഞ്ഞ കൊമശ്ശനമ്പ്യാര ൟ കാൎയ്യം കൊ
ണ്ട ഇരുകക്ഷിക്കാരെയും വരുത്തി പറഞ്ഞതിൽ തറവാട്ടുകാൎയ്യം
മെലാൽ ൧-ാം പ്രതി നൊക്കി വരെണമെന്നാകയാൽ ആയ്ത അ
ന്ന്യായക്കാരൻ സമ്മതിക്കാത്തതിനാൽ കൊമശ്ശനമ്പ്യാര ൧-ം ൨-ം
പ്രതികളുടെ ഭാഗമായിനിന്ന തറവാട്ട കാൎയ്യം നൊക്കിക്കുകയും-
ഓലപ്പെട്ടി ആധാരങ്ങൾ അവരുടെ കൈവശം വെക്കുകയും
അന്ന്യായക്കാരൻ ചൊതിച്ചീട്ട കൊടുക്കാതെയും അന്ന്യായക്കാ
രനെ ഒന്നിനും സംബന്ധിപ്പിക്കാതെയും ഇരിക്കുകയും അതി
ന ൪ മുതൽ ൭ വരെ സാക്ഷികളായ തറവാട്ടിലെ സ്ത്രീകളും
അനുകൂലിച്ചു നിൽക്കുന്നതിനാൽ അന്ന്യായക്കാരൻ ൟ അന്ന്യാ
യത്തിന്ന പുറപ്പെട്ടത എന്നും കാണെനു- അന്ന്യായക്കാരൻ
കാരണവരും ൧-ം ൨-ം പ്രതികൾ അനന്തിരവരും തറവാട്ടു മുതൽ
കൊണ്ടുള്ള അന്ന്യായമാകയാലും ഇരുകക്ഷിക്കാരും തമ്മിൽ യൊ
ജിച്ചു കാൎയ്യം തീൎക്കുന്നത ഗുണമെന്ന കണ്ട അപ്രകാരം തീൎക്കു
ന്നത സമ്മതമൊ എന്ന ഇരുകക്ഷിക്കാരെയും വരുത്തി ചൊതി
ച്ചാറെ സമ്മതമെന്ന പറകയും മെൽ പറഞ്ഞ കൊമശ്ശനമ്പ്യാര
മുഖാന്തരം കാൎയ്യങ്ങൾ തമ്മിൽ തീൎപ്പാനായി എട കൊടുത്ത അ
യച്ചതിൽ പിന്നെ തമ്മിൽ സന്ധിപ്പാനുള്ള വഴി വിചാരിക്കാ
തെ അന്ന്യായക്കാരൻ കൂടക്കൂടെ സന്നിധാനത്തിങ്കലും ഒന്നാം
പ്രതി ഇവിടെയും ഹരജി ബൊധിപ്പിക്കുക അല്ലാതെ കാൎയ്യം
തീൎത്ത ബൊധിപ്പിക്കാത്തതിനാൽ ൧-ാം പ്രതിയെയും അന്ന്യായ

ക്കാരനെയും മെൽ പറഞ്ഞ കൊമപ്പനമ്പ്യാരെയും ഇവിടെ തന്നെ വരുത്തി ൟ കാൎയ്യം തമ്മിൽ സന്ധിക്കെണ്ടുന്ന വഴി കൊണ്ട പറഞ്ഞതിൽ കാൎയ്യം സന്ധിച്ച തീരുന്ന വഴി അവൎക്ക ഒട്ടും ഉത്സാഹമില്ലാതെയും കാണുകയും അന്ന്യായക്കാരൻ ഏകദെശം ൧൭ കൊല്ലത്തൊളമായിട്ട തറവാട്ട കാൎയ്യം അന്വെഷിച്ച സൎക്കാര നികിതി കൊടുത്ത വരുന്ന ആളും വസ്തുവഹകളുടെ ആധാരങ്ങൾ ഏകദെശം മിക്കവാറും അന്ന്യായക്കാരൻ പെരിലും ആയിട്ടും കാണുന്നതിനാൽ അങ്ങിനെ ഉള്ള അന്ന്യായക്കാരനെ നീക്കം ചെയ്തു ൧ാം പ്രതി മുതലായ്വര കാൎയ്യം നൊക്കി വരെണമെന്ന അവരും തറവാട്ടിൽ സ്ത്രീകളായ ൪ മുതൽ ൭ വരെ സാക്ഷികളും പറയുന്ന വാക്കിനെ സ്വീകരിച്ച പൊല്ലീസ്സിൽനിന്ന ഒരു കല്പനയും കൊടുപ്പാൻ പാടില്ലായ്കകൊണ്ട കിഴക്കട പ്രകാരം തറവാട്ട കാൎയ്യങ്ങൾ അന്ന്യായക്കാരൻ നൊക്കി വരുന്നതിന്ന ൧-ം൨-ം പ്രതിക്കാര മുതലായ്വര യാതൊരു വിരൊധവും ചെയ്വാൻ സംഗതി ഉള്ളതല്ലായ്കയാൽ കിഴക്കട പ്രകാരം എല്ലാവരും ഏകമനസ്സായി ഏററ എടച്ചിൽ കൂടാതെ അന്ന്യായക്കാരൻ തന്നെ തറവാട്ടകാൎയ്യം നൊക്കി കുഞ്ഞകുട്ടികളെ സംരക്ഷണെ ചെയ്തു വരെണമെന്നും അന്ന്യായക്കാരൻ തറവാട്ട കാൎയ്യം നൊക്കുന്നതിനാൽ തറവാട്ടമുതൽ വിററ നശിപ്പിക്കുന്നു എന്നൊ മറെറാ വല്ല സങ്ങതികളും ഒന്നാം പ്രതി മുതലായ്വര വിചാരിക്കുന്നതിന്ന സീവിൽ വ്യവഹാരം ചെയ്തു നിവൃത്തി വരുത്തെണ്ടതല്ലാതെ ൟ കാൎയ്യം സംബന്ധമായി കലശൽ നാനാവിധം ആരും ഒന്നും ഉണ്ടാക്കി പൊകരുതെന്നും അതകൂടാതെ ആരെങ്കിലും എതെങ്കിലും ഉണ്ടാക്കിയാൽ ആയ്വര ശിക്ഷയിൽ ഉൾപ്പെടുവാൻ സംഗതി വരുമെന്നും കല്പിച്ച ൟ കാൎയ്യം നീക്കി പ്രതിക്കാരെ വിട്ട അയ്ക്കുകയും ചെയ്തു.

മജിസ്ത്രെട്ടിലെക്ക.

കുററനാട താലൂക്ക——————അംശത്തിൽ ഏച്ചു നമ്പ്യാര ബൊധിപ്പിക്കുന്ന ആപ്പീൽ സങ്കടം ഹരജി- എന്റെ കാരണവര മരിച്ച പൊയ കുഞ്ഞുണ്ണി നമ്പ്യാര എന്നവര ൧൦൦൨ാമത ചിങ്ങമാസത്തിൽ മരിച്ചതിന്റെ ശെഷം അന്ന മുതൽ ഇന്നെവരെ തറവാട്ട കാൎയ്യാദികൾ നൊക്കി സൎക്കാര നികിതിയും കൊടുത്ത കുഞ്ഞുകുട്ടികളെ രക്ഷ ചെയ്തും മുമ്പെ ഉള്ള കാണത്തിൽ അധികം ദ്രവ്യം ജന്മികൾക്ക കൊടുത്ത എന്റെ പെരിൽ ആധാരങ്ങൾ ചാൎത്തി വാങ്ങിയു കൂടാതെ ൧൦൨൨- ൧൦൨൩- ൟ രണ്ട കൊല്ലത്തിൽ സ്വന്തം പണം കൊടുത്ത കാണമായും ജന്മമായും കൊ

ണ്ടീട്ടുള്ള മുദ്രൊല വെള്ളൊലആധാരങ്ങളും മററും നിലം പറമ്പുക
ൾ ഓരൊരൊ കുടിയാന്മാൎക്ക കൊടുത്ത ആവരെ കൊണ്ട എൻെറ
പെൎക്കഎഴുതി വാങ്ങീട്ടുള്ള വെറുമ്പാടം കടമായ്യ മുതലായ ശീട്ടുകളും
അൎദ്ദാലത്ത വകയായീട്ടുള്ള ഓരൊരൊ അന്ന്യായ പകൎപ്പുകളും വി
ധികളും മുമ്പെ ഓരൊരുത്തൎക്ക കാണം ചാൎത്തികൊടുത്തും മുൻപാട്ട
മായും കൊടുത്തിരുന്നത അവരെ കൊണ്ട ഒഴിപ്പിച്ച വാങ്ങീട്ടുള്ള ഒ
ഴിമുറി മുതലായ ആധാരങ്ങളും ഞാനും കുഞ്ചിഅമ്മയുമായിട്ടുള്ള എ
ടപാടുകൾ തീൎത്തതിൽ കിട്ടിയവക ൩൭ ഉറുപ്പികയും മുണ്ടപെട്ടി
യിൽ സൂക്ഷിച്ചിരുന്നതും ൧൦൨൫ാമത കൊല്ലത്തെ കന്നിവിള എ
റക്കുവാനുള്ള ൫൦ൽ ചില്ലുവാനം പറ വിത്തും ഒരുപറ കളിഅട
ക്കയും ഒരു തുലാം കുരുമുളകും ൧൫൦ൽ ചില്ലുവാനും തെങ്ങായയും
മററും ചില സാമാനങ്ങളും ഞാൻ കിടക്കുന്ന പടിഞ്ഞാററ മാളിക
യിൽ സൂക്ഷിച്ചിരുന്നത ൟരം കഴിഞ്ഞ ധനുമാസം ൫നു- അസ്ത
മിച്ച ഞാൻ ൟരംശ്രമങ്ങലത്തെക്ക വട്ടൊളിക്കാരുടെ വീട്ടിലെ
ക്ക പൊയ സമയം കാരണവരായ കൊമശ്ശനമ്പ്യാരുടെ ദുൎവ്വി
ചാരത്താൽ എൻെറ വീട്ടിൽ ഉള്ള അനന്തിരവന്മാരിൽ കുഞ്ഞു
ണ്ണി കിട്ടുണ്ണി- ഇവര രണ്ടാളെ ദുൎബ്ബൊധം പറഞ്ഞ കൊടുത്ത
ഞാൻ സൂക്ഷിച്ചിരിക്കുന്ന മുതലുകൾ തനിക്ക അപഹരിച്ച കൊ
ള്ളാമെന്ന വിചാരിച്ച തൻെറ വക്കൽ ഉള്ള താക്കൊൽ കൂട്ടങ്ങളും
മററും കൊടുത്തയച്ച തൻെറ മകനായ ഇട്ടിരാരിപ്പമെനൊനെ
യും മെൽ പറഞ്ഞവര ഒന്നിച്ച അയച്ച ഞാൻ പൂട്ടി സൂക്ഷി
ച്ചിരിക്കുന്ന മുതലുകൾ തുറപ്പിച്ച മെൽ പറഞ്ഞ മുതലുകൾ അ
ക്രമമായും കളവായും എടുത്ത കൊണ്ടുപൊയ കാൎയ്യത്തിന്ന കഴി
ഞ്ഞ ധനുമാസത്തിൽ ഞാൻ കുററനാട താലൂക്ക കച്ചെരിയിൽ
അന്ന്യായം ബൊധിപ്പിച്ച സാക്ഷി തെളിയിച്ച കാൎയ്യത്തിന്ന
തീൎച്ചയായി ഒരു കല്പന ഉണ്ടാവാത്തതിനാൽ സന്നിധാനത്തി
ങ്കൽ തപ്പാൽ വഴിക്ക മകരം ൧൦നു- ഹരജി ബൊധിപ്പിക്കയും-
അതിനും നിവൃത്തിയായ കല്പന ഉണ്ടാവാത്തതിനാൽ കുംഭം
൨൭നു- സന്നിധാനത്തിങ്കൽ ഹാജരായി സങ്കടം ബൊധിപ്പി
ക്കയും അതുകൊണ്ടും നിവൃത്തിവരാത്തതിനാൽ ൩ാമത തപ്പാൽ
വഴിക്ക മെടം ൩നു- ബൊധിപ്പിക്കയും അതിന്നിടയിൽ മെൽ പ
റഞ്ഞ ഹരജികളിൽ പറയുന്ന പ്രതിക്കാര എന്നെ എത്രയും ക
ഠിനമായ പൊല്ലീസ്സ ചെയ്യു കാൎയ്യത്തിന്ന താലൂക്കിൽ രണ്ടാമ
തും ബൊധിപ്പിച്ചിട്ടും ഒരു കല്പന ഉണ്ടായി സങ്കടം തിരാത്തതി
നാലും ൪ാമതും സന്നിധാനത്തിങ്കൽ ഹാജരായി ബൊധിപ്പിച്ച
തിന്ന താലൂക്കിലെക്ക കല്പന ഉണ്ടായ്കിനാൽ തറവാട്ട കാൎയ്യങ്ങൾ
മുമ്പെ നടന്ന വന്നിരുന്ന പ്രകാരം ഞാൻ തന്നെ നടന്ന കു
ഞ്ഞിട്ടികുകളെ രക്ഷചെയ്യെണമെന്നും അതിന്ന ഒന്നാം പ്രതി

മുതലായ്യര ഏതെങ്കിലും സങ്കടം വിചാരിക്കുന്നു എങ്കിൽ സീവിൽ വ്യവഹാരം ചെയ്യു നിവൃത്തിവരുത്തെണ്ടതാകുന്നു- അത കൂടാതെ- ആരെങ്കിലും എന്തെങ്കിലും തകരാറ ചെയ്യാൽ അവര ശിക്ഷയിൽ ഉൾപ്പെട്ടുമെന്നും അത പ്രകാരം തീൎപ്പ കല്പിച്ചിരിക്കുന്നു എന്നും ൧൦൦൨ മുതൽ ഇത വരെ ൧൭ കൊല്ലമായി ഞാൻ തന്നെ നൊക്കി വന്നിരിക്കുന്നു എന്നും അതുകൊണ്ടു കിഴക്കെട തീൎപ്പപ്രകാരം നടത്തിച്ചു കൊടുക്കെണമെന്ന മാത്രം ൨൦ം എടവം ൧൧ന—— അംശഅധികാരിക്കുണ്ടായ കല്പന ഞാൻ അറിഞ്ഞതിന്റെ ശെഷം മെൽപ്രകാരം കല്പിച്ചിട്ടുള്ള തീൎപ്പിന്റെ പകൎപ്പ ഇനിക്ക തരെണമെന്ന ഞാൻ താസീൽദാർ അവർകളെ ബൊധിപ്പിച്ചതിന്റെ ശെഷം തീൎപ്പ തനിക്ക ആവിശ്യമില്ലന്നും പ്രതിക്കാൎക്ക കൊടുക്കെണ്ടതാണെന്നും കല്പിച്ചു തീൎപ്പ ഇനിക്ക തരാതെയും അധികാരിക്കുണ്ടായ കല്പനയിൽ എന്റെ അന്ന്യായത്തിൽ പറയുന്ന പ്രകാരം ആധാരം മുതലായ്യ പ്രതിക്കാര അക്രമമായി എടുത്ത കൊണ്ടുപൊയ്യ ഇനിക്ക മടക്കി തരിക്കാനെങ്കിലും കളവായി എന്റെ മുതൽ പ്രതിക്കാര എടുത്തുകൊണ്ടു പൊയീട്ടുള്ളതിന്ന അവൎക്ക തക്കതായി ഒരു ശിക്ഷ കല്പിക്കുക എങ്കിലും ചെയ്യീട്ടില്ലാത്തതിനാൽ തീൎപ്പ ഇനിക്ക സമ്മതമല്ലായ്കകൊണ്ടും എന്റെ സങ്കടങ്ങളെ താഴെ ബൊധിപ്പിക്കുന്നു. ൧ാമത ഞാൻ താലൂക്കിൽ ബൊധിപ്പിച്ച അന്ന്യായ ഹരജിയും- അതിനെ കുറിച്ചു തെളിയിച്ചീട്ടുള്ള സാക്ഷി കല്പിത്ത മുതലായ്യും- ൨ാമത താലൂക്കിൽ ബൊധിപ്പിച്ചീട്ടുള്ള ഹരജിയും- സന്നിധാനത്തിങ്കൽ ബൊധിപ്പിച്ച ഹരജികൾ നാലും പ്രതിക്കാരിൽ കുഞ്ഞുണ്ണി എന്നവൻ വക്കൽ കൊമശ്ശനമ്പ്യാര വളരെ വിവരത്തൊടുകൂടി കഴിഞ്ഞ ധനു൭ന— താലൂക്കിൽ ബൊധിപ്പിച്ച ഹരജിയു:- അതിന്ന ഉണ്ടായ മറുപടിയും താലൂക്കിലെ തീൎപ്പും സന്നിധാനത്തിങ്കൽ വരുത്തി നൊക്കിയാൽ മെൽ പറഞ്ഞ പ്രതിക്കാരെ കൊണ്ടു കൊമശ്ശനമ്പ്യാര എന്റെ മുതൽ നശിപ്പിച്ചു കളവാനായി മനഃപൂൎവ്വമായി വിചാരിച്ചിട്ടാകുന്നു എന്നും അതിന്ന അനുകൂലമായി താസീൽദാർ അവർകളും വിചാരിച്ചും ഉണ്ടായീട്ടുള്ള തീൎപ്പാകുന്നു എന്ന സന്നിധാനത്തിങ്കൽ ദൃഷ്ടാന്തമായി തെളിഞ്ഞ ബൊധിക്കുകയും ചെയ്യും- അതുകൊണ്ടു മെൽ എഴുതിയസംഗതികൾ സകലവും നൊക്കിയും താസീൽദാർ അവർകൾ കൊമശ്ശ നമ്പ്യാരുടെ പ്രബലത വിചാരിച്ചു പ്രതികൾക്ക പക്ഷമായികല്പിച്ചീട്ടുള്ള തീൎപ്പ മാററി എന്റെ അന്ന്യായത്തിൽപറയുന്ന പ്രകാരം കള്ളതാക്കൊലുകൾ കൊണ്ടു തുറന്ന എടുത്ത പ്രതിക്കാര കൊണ്ടുപൊയീട്ടുള്ള ആധാരങ്ങളും ഉരുപ്പിക്കമുതലായ സാമാനങ്ങളും ഇനിക്ക മടക്കി തരിയിപ്പാനും മെൽപ്രകാരം പ്രതിക്കാ

ര ചെയ്തീട്ടുള്ളതിന്ന ശിക്ഷ കൊടുപ്പാനും- മെലാൽ പ്രതിക്കാര ഒരു തകരാറ ചെയ്യാതെ ഇരിപ്പാനും കല്പന ഉണ്ടായി സങ്കടം തീൎത്ത രക്ഷിക്കെണ്ടതിന്ന വളരെ സങ്കടത്തൊടു കൂടി അപെക്ഷിക്കുന്നു. വിശെഷിച്ച അംശംഅധികാരിക്കുണ്ടായ കല്പനയുടെ പകൎപ്പ ൧൰ ഹരജിയൊടുകൂടി ബൊധിപ്പിച്ചിരിക്കുന്നു-

---

കുറുമ്പ്രനാട താലൂക്ക തഹശിൽദാര കല്പിച്ച യാദാസ്ത
അന്യായം അറബിച്ചി ഉമ്മ മുതൽ ൨-ാൾ
പ്രതി ബീവി ഉമ്മ മുതൽ ൧-ാൾ

അന്യായക്കാരത്തി അടക്കി വരുന്ന കൊപ്പുര പാണ്ടികശാല പറമ്പിൽ നിന്ന ൲൦൨൪ മെടം ൰൩-ക്ക ൪൯- ഏപ്രെൽ ൨൰൩- പകൽ ൩- തെങ്ങായ വലിപ്പിച്ചിരിക്കുന്നത ഇതിലെ ൪-ം ൧-ം പ്രതികൾ ചെന്ന എടുത്തപ്പൊൾ വിരൊധിച്ച പിടിച്ചാറെ അവര ൨-ാളും അടിച്ചിരിക്കുന്നു എന്ന അന്ന തന്നെ അന്യായക്കാരത്തിയുടെ വെള്ളാട്ടി കയ്യയും പറമ്പ പ്രതിക്കാരത്തിയുടെതാകുന്നു വലിച്ച തെങ്ങായ ൩-ം താൻ ചെന്ന എടുത്തപ്പൊൾ ഇതിലെ ൨-ാം അന്യായക്കാരന്റെ ബാപ്പ അമ്മത കുട്ടിയും- മെപ്പടി കയ്യയും മററും കൂടി തന്നെ അടിക്കുകയാകുന്നു ചെയ്തിരിക്കുന്നത എന്ന അതിന്റെ ൩-ാം ദിവസം- മെടം ൲൧൩- പ്രതിക്കാരത്തിയുടെ വെള്ളാട്ടി കയ്യയും തമ്മിൽ അങ്ങൊട്ടും ഇങ്ങൊട്ടും ഇവിടെ ബൊധിപ്പിച്ചിരുന്ന പൊലീസ്സന്യായം തെളിവില്ലാതെ നീക്കിയ്തിന്റെ ശെഷം ആ പൊലീസ്സ കാൎയ്യത്തിന്ന തന്നെ ൧൰ അന്യായക്കാരത്തി മെടം ൲൩-ം ൨൰൩-ം മജിസ്ത്രെട്ടിൽ ബൊധിപ്പിച്ച വന്ന ഹരജി നൊക്കുമ്പൊൾ അതിന ൨-ാമത പ്രത്യെകം ഒരു വിസ്താരം ചെയ്വാൻ സംഗതി കാണുന്നില്ലെന്ന ഹരജിക്കാരത്തിയെ അറിയിക്കുകയും- ആ ഹരജി ൨-ം നീക്കിയ നമ്പ്രിൽ ചെൎത്ത വെക്കുകയും- ചെയ്തതിൽ പിന്നെ ൧൰ പറമ്പിന്റെ പെര മാററി പാണ്ടികശാല വളപ്പ എന്നും- കൊവിൽ കണ്ടി എന്നും കൊയിലാണ്ടി മുക്കാടി എന്നും പറയുന്ന പറമ്പിൽനിന്ന ൧൰ പ്രതിക്കാരും മററും കൂടി മിഥുനമാസം ൲൨൩- പകൽ തെങ്ങായ കരിക്ക മുതലായി ഏകദെശം ൨൰൦ എണ്ണം വലിപ്പിച്ചകൊണ്ടു പൊകയും ഓല വെട്ടി തെങ്ങ കെട്ടിക്കയും ചെയ്തിരിക്കുന്നു എന്ന ൨-ാം അന്യായക്കാരൻ മിഥുനം ൲൩൩- ഇവിടെയും ൲൰൩- തയിക്കൂട്ടം വെലിയും വെട്ടി പൊളിച്ച എന്ന ൲-ം ൨-ം അന്യായക്കാര കൂടി മിഥുനം ൲൨൩- മജിസ്ത്രെട്ടിലും- ഹരജികൾ ബൊധിപ്പി

ച്ച വന്നതിന്ന ൨-ാം അന്ന്യായക്കാരനൊടും ൭-ാം പ്രതി ഒഴികെ
ശെഷം പ്രതിക്കാര സാക്ഷിക്കാരൊടും വിസ്തരിച്ചത കൂടാതെ
ഒടുക്കം ൧-ാം പ്രതിക്കാരത്തി കൎക്കിടകം ൧൦൪൩-ക്ക ജ്ജൂലായി
൨൮൹- ഒര ഹരജി ബൊധിപ്പിച്ചതിന്ന വക്കീൽ മകൻ ചെട
യൻ കുട്ടിയൊടും വിസ്തരിച്ച ആയരജിയും- നടപ്പ സംഗതിയെ
കുറിച്ച വാദിക്കുന്ന ൨ാം പറമ്പിന്റെ അതിരും സ്ഥിതിയും അറി
വാൻ ഞാൻ തന്നെ ആ സ്ഥലത്ത ചെന്ന ഇതിന്റെ ജന്മി
യെ കൂടി വരുത്തി നിൎത്തി അന്ന്യായം പ്രതികൾ കാണിച്ച ത
ന്ന അതിര നൊക്കി അളപ്പിച്ചതിന്റെ പ്ലാൻ വരച്ച ആയ്തും
അന്ന്യായക്കാര കാണിച്ച വിധിപകൎപ്പും ൧ാം പ്രതി വക്കീൽ കാ
ണിച്ച ൧൮൦൨മതിലെ ഒററി വെള്ളൊല അസ്സൽ ആധാര പ
കൎപ്പും ൨ാം പറമ്പിന്റെ ഓരെട പൈമാശി കണക്ക നൊക്കി പ
കൎപ്പിച്ച ആയ്തും ഇതിൽ ചെൎത്തിരിക്കുന്നു- വിസ്താരത്തിൽ ൨-ാം
അന്ന്യായക്കാരൻ വയസ്സുപ്രായം കുറഞ്ഞ കുട്ടിയാകകൊണ്ടും
൧ാം അന്ന്യായക്കാരത്തി ഹാജരാവായ്കകൊണ്ടും അവളെ കെട്ടി
യവനായും- ൨-ാം അന്ന്യായക്കാരന്റെ ബാപ്പയായും ൨ാം വ്യവ
ഹാരം നടത്തിച്ച വരുന്നവനായും കാണുന്ന അമ്മത കുട്ടിയെ
കൂടി നിൎത്തി ൨ാം അന്ന്യായക്കാരൻ പറഞ്ഞത മെപ്പടി പറമ്പി
ൽ ചെന്ന ൫ തെങ്ങിന്നും അത നിൽക്കുന്ന സ്ഥലത്തിന്നും മാ
ത്രമാകുന്നു തനിക്ക വാദമുള്ളത എന്നും ആ അഞ്ച തെങ്ങും സ്ഥ
ലവും തന്റെ കൈവശം നടപ്പുള്ള മെൽ പറഞ്ഞ പറമ്പിൽ ചെ
ന്നത എന്നും ൨ാം സ്ഥലത്തിന്ന കുറെ കൊല്ലം മുമ്പെ മരിച്ച
പൊയതന്റെ ശെഷക്കാരും പ്രതിക്കാരത്തിയുടെ മരിച്ചപൊ
യ പെററ ഉമ്മയും മററും തമ്മിൽ അതിരവാദമായി അദാലത്ത
അന്ന്യായം ചെയ്ത വിധി ഉണ്ടായിട്ടുണ്ടെന്നും അന്ന ൨ാം പറ
മ്പിന്റെ ആധാരവും നികുതി പട്ടയവും കൊടതിയിൽ കൊടുത്തി
രുന്നത തിരിച്ച വാങ്ങീട്ടില്ലെന്നും ൧൦൧൪ പൈമാശിപ്രകാരം ആ
കെ ൧൩ തെങ്ങുള്ളതിൽ ഒന്ന പീടിക പണിക്ക വെണ്ടി മുറിച്ച
ത കഴിച്ച ൭ തെങ്ങ പുരവെയിലിയുടെ പുറത്തും അഞ്ച തെങ്ങ
വെയിലിക്കകത്തും ഇപ്പൊൾ കാണുന്നതിൽ പുറത്തുള്ള ഏഴ
തെങ്ങുമെൽ നിന്നാകുന്നു തെങ്ങായ കരിക്ക മുതലായ്തു പ്രതിക്കാ
ര പലിപ്പിച്ച ഓലവെട്ടിച്ച കെട്ടിയ്തു എന്നും ആ ഏഴ തെങ്ങും
൨ാം അന്ന്യായം ഉണ്ടാകുന്നവരെ അടക്കി അനുഭവിച്ച പൊ
ന്നത താനും തന്റെ പെററ ഉമ്മയും മരിച്ചപൊയ ശെഷക്കാ
രും ആകുന്നു എന്നും അപ്രകാരം നടന്ന വന്നതാകുന്നു എന്ന
വലിയ കത്തമുകാന്മിയിൽ നിന്ന ൧ാം പ്രതിക്ക സത്യം ചെയ്തു
കൊടുക്കാമെന്നും ഇല്ലെങ്കിൽ ൧ാം പ്രതിക്കാരത്തി സത്യം ചെയ്യാ
ൽ ആയ്തു കെട്ടി ഒഴിഞ്ഞകൊടുക്കാമെന്നും തനിക്ക വെണ്ടി സ

മീപസ്ഥന്മാര ഒരുത്തരും ഇപ്പൊൾ നെരായ അവസ്ഥ പറയു
ന്നില്ലെന്നും മററും ആകുന്നു- ൧ാം പ്രതി വക്കീൽ പറഞ്ഞത ഒ
ററി ആധാരത്തിൽ പറയുന്ന അതൃക്കകത്തുള്ള സ്ഥലത്തിൽ ഏ
താനും സ്ഥലം അന്ന്യായക്കാരുടെ ശെഷക്കാര മുമ്പെ തന്നെ
കൈവശമാക്കി അടക്കി വരുന്നുണ്ട- അന്ന അതിന്ന ബൊധി
പ്പിച്ച നിവൃത്തി വരുത്താൻ തറവാട്ടിൽ പ്രാപ്തിയായ ആൾ ഉ
ണ്ടായിരുന്നില്ലാത്തതിനാൽ ഇപ്പൊൾ അദാലത്ത വ്യവഹാരം
നടത്താൻ ഭാവിച്ചിട്ടുണ്ടെന്നും- വാദിക്കുന്ന ൰ം അഞ്ചു തെങ്ങ
൧ാം പ്രതി ബീവി അടക്കുന്നതാണെ- ഒക്കക്കൂടി അല്ലാതെ അഞ്ചു
തെങ്ങിന്നായി അന്ന്യായക്കാരൊട സത്യം ചെയ്യാനും- അവരു
ടെ സത്യം കെൾപ്പാനും മനസ്സില്ലെന്നും ൫- തെങ്ങ ൧ാം പ്രതി
ക്കാരത്തിയുടെ കൈവശം നടപ്പാകുന്നു എന്ന സമീപസ്ഥന്മാ
രെ കൊണ്ട തെളിയുമെന്നും- ആകുന്നു ൨ മുതൽ ൩- വരെ പ്ര
തികൾ പറഞ്ഞത പറമ്പിന്നും വാദിക്കുന്ന ൫- തെങ്ങിന്നും ത
ങ്ങൾക്ക അവകാശം ഒന്നും ഇല്ല അത ൧ാം പ്രതിക്കാരത്തിയുടെതും
ആ സ്ത്രീ കൈവശം നടപ്പുള്ളതും എന്നാകുന്നു- ൧-മുതൽ ൫-വ
രെ സാക്ഷിക്കാര പറഞ്ഞത- പറമ്പറിയും- അത ആര നടക്കുന്നു
എന്നും- ആർക്കുള്ളതെന്നും അറിയില്ലാഎന്നാകുന്നു- ൩-മുതൽ ൪-
വരെ സമീപസ്ഥന്മാര പറഞ്ഞത വാദിക്കുന്ന ൫- തെങ്ങ ൧ാം
പ്രതിക്കാരത്തി കൈവശം നടക്കുന്നത എന്നാകുന്നു- അംശം
മെനവനായ ൧ാം സാക്ഷി പറഞ്ഞത- കൊപ്പര പാണ്ടികശാല
പറമ്പൊട ചെൎന്ന കൊയിലാണ്ടിപറമ്പ ആറെവെപ്പ ൨ാന്തരം
കുഞ്ഞവറാൻ കുട്ടി പെക്ക ൧൦൨ാമത പൈമാശിപ്രകാരം ആ
കെ തെങ്ങ ൧൫- അഫലം ൧- കുല ൧- ഫലം ൧൩ക്ക നികുതി
൧-l ൯൨- ൧൦൧൩ വരെയും വസൂലാക്കി വന്നതിന്റെ ശെഷം
൨ാമത ൧൦൧൪ൽ പൈമാശിയിൽ ആകെ ൧൩ തെങ്ങുള്ളതിൽ
അഫലം ൩ ഫലം ൧൦ക്ക ൧- ൪൦ നികുതി ഇതുവരെയും വസൂ
ലാക്കി വരുന്നു എന്നും ഇപ്പൊൾ അന്ന്യായം പ്രതികൾ വാദി
ച്ച കാണിക്കുന്ന ൰ം അഞ്ചു തെങ്ങ ൧ാം പ്രതിക്കാരത്തിയുടെ
കൊപ്പര പാണ്ടികശാല പറമ്പിൽ ചെൎത്ത പൈമാശിചെയ്യുതാകു
ന്നു എന്നും പറമ്പ പൈമാശിയിൽ അളവ വിവരം ഇല്ലെന്നും
ആകുന്നു- ൰ം കാൎയ്യത്തിന്റെ വിസ്താരം മുതലായ്യു ഒക്കെയും നൊ
ക്കിയാറെ അന്ന്യായത്തിൽ ൩ പെര പറയുന്ന മെൽ പറഞ്ഞ പ
റമ്പ നികുതി കണക്കിൽ കൊവിൽ കണ്ടിപറമ്പ എന്ന പെരായി
അന്ന്യായക്കാരുടെ കാരണവൻ മരിച്ചു പൊയ കുഞ്ഞവറാൻ
കുട്ടി പെക്ക ജമ കെട്ടിയ്യു കൊപ്പര പാണ്ടി കശാല പറമ്പൊട
ചെൎന്നതായ തെക്കെഭാഗം ഏതാനും സ്ഥലമാകുന്നു അത അള
പ്പിച്ച നൊക്കിയാറെ ആറ പൂട്ട കൊൽക്ക കിഴക്ക പടിഞ്ഞാറ

൯൯൰ കൊല നീളം ഉള്ളതും തെക്കവടക്ക ൫൰ ൫൦- വ്വ ഇങ്ങി
നെ വീതി ഉള്ളതും ആകുന്നു ഇതിൽ പടിഞ്ഞാറെ അററം അന്ന്യാ
യക്കാര കുടിയിരിക്കുന്ന പുരയും അവരുടെ പാണ്ടികശാലയും കി
ഴക്കെ അററം അന്ന്യായക്കാരുടെ ൩. മുറി വാണിഭ പീടികയും
പൈമാശിപ്രകാരം ഉള്ളതിൽപ്പെട്ട ൫൨. വലിയ തെങ്ങും അതി
ൽ പ്രായം കുറഞ്ഞ ൻ തെങ്ങും ഉള്ളത അന്ന്യായക്കാരുടെ കൈ
വശം നടപ്പാകുന്നു എന്ന അവരും പ്രതിക്കാര പാക്കുന്ന പുരയു
ടെ എറവെള്ളം- വീഴുന്ന സ്ഥലം മാത്രമെ അവക്ക അവകാശം
ഉള്ളു. എങ്കിലും കുടിയുടെ വടക്കഭാഗം കിഴക്ക പടിഞ്ഞാറ ഏ
താനും സ്ഥലം കൽമതിൽ കെട്ടിന്ന നെരെ മുക്കകിണറവരെ
യും കിഴക്ക തെക്കവെയിലിക്ക പുറത്തായി കാണുന്ന സ്ഥല
വും- വെയിലിക്കും കൽമതിലിന്നും അകത്ത കുടിയിരിപ്പുള്ള സ്ഥ
ലവും- കുറെ കൊല്ലമായി അന്ന്യായക്കാരുടെ ശെഷക്കാര ബല
മായി കൈവശമാക്കി അടക്കുന്നതാകുന്നു അതൊട ചെന്ന ഇ
പ്പൊൾ അഞ്ച തെങ്ങും കൂടി അന്ന്യായക്കാര കൈവശമാക്കാൻ
വന്നതാകുന്നു എന്ന പ്രതിക്കാരും- ഇങ്ങിനെ- തമ്മിൽ ഉള്ള അതിര
വാദവും- നടപ്പിന്റെവാദവും ഇപ്പൊൾ തുടങ്ങിയുല്ലാ ൫൨ന്നൽ
വിധിഉണ്ടാവുന്നതിന്ന മുമ്പെ തുടങ്ങിയ്യായിട്ടും ആവിധിയിൽ
പറയുന്ന പ്രകാരം ഇതിൽപ്പെട്ട ഒരു തെങ്ങിന്നും പീടികസ്ഥല
ത്തിന്നും ഉള്ള അതിരവാദം- അന്നകൊടത്തിലെ ആമീനും മുൻ
സീപ്പും നൊക്കി നിശ്ചയിച്ച ആ വിധിയിൽ കാണിച്ചന്ന്യായം
അന്ന്യായഭാഗം ഗുണമായിട്ടും പ്രതിഭാഗം ദൊഷമായിട്ടും വ
ന്നതിന്റെ ശെഷം പിന്നെ പ്രതിഭാഗക്കാര ഇതവരെ സീവി
ൽ വ്യവഹാരം നടത്താതെ ഇപ്പൊൾ ൟ പൊലീസ്സ അന്ന്യാ
യം ഉണ്ടായി- വിസ്താരം ആയ്തിൽപിന്നെ ൨ മുതൽ ൬- വരെ
പ്രതിക്കാര അവക്ക ഒര അവകാശംഇല്ലാത്തപ്രകാരം ഒഴിഞ്ഞ
തിന്ന തന്നെ ൟ കായ്യത്തിൽ പ്രതിയായി ചെക്കെണമെന്നഒട്ടു
ക്കം ൫ാം പ്രതിയെ കൊണ്ട ഒര ഹരജികൊടുപ്പിച്ചതായിട്ടും കാ
ണുന്നത കൂടാതെ അന്ന്യായ സാക്ഷികൾ ൟ നടപ്പവകാശം
ഒന്നും അറിയില്ലെന്ന ബൊധിപ്പിച്ചതിനാലും സമീപസ്ഥന്മാര
പ്രമാണികൾ ഒക്കെയും പ്രതിഭാഗം കൂടിരിക്കകൊണ്ട അന്ന്യായ
ഭാഗമുള്ള നടപ്പിനെ തെളിയിപ്പാൻ കഴിയാതെ അന്ന്യായക്കാ
ര സത്യത്തിന്നപെക്ഷിച്ചതായും അത ൫ാം പ്രതി വക്കീൽ സ
മ്മതിക്കാത്ത പ്രകാരവും കണ്ടിരിക്കുന്നു- പ്രതിക്കാരത്തിയുടെ
കൈവശം നടപ്പാകുന്നു എന്ന സമീപസ്ഥന്മാര ൯ാളും- അംശം
മെനൊനും പറയുന്നുണ്ടെങ്കിലും മെൽപറഞ്ഞ വിധിയിൽ പറ
യുന്ന തെങ്ങും അതിന നെരെ പടിഞ്ഞാട്ടുള്ള നാല തെങ്ങും നി
ൽക്കുന്ന സ്ഥലം മെൽപ്രകാരം ഉള്ള അളവില്പെട്ട കാണുകകൊ

ണ്ടും ൧൦ തെങ്ങിന്റെ നികുതി അന്ന്യായക്കാരനൊട ഇപ്പൊഴും വസൂലാക്കിവരുന്നുണ്ടാകകൊണ്ടും പൈമാശിയിൽപ്പെട്ട തെങ്ങ അന്ന്യായക്കാരന്റെ പറമ്പിൽ ഇപ്പൊൾ വെറെ ഒന്നും കാണുന്നില്ലായ്കകൊണ്ടും പറമ്പ പൈമാശിയിൽ അളവും പറമ്പ സമഭൂമിയാകയാൽ പ്രത്യെകമായി ഒര അതിരും കാണ്മാനില്ലെന്നതന്നെ അല്ലാ പ്രതിക്കാരത്തി കാണിച്ച ഒററി ആധാരത്തിൽ പറയുന്ന അതൃക്കകം കൊപ്പുരപാണ്ടികശാല പറമ്പ മൂന്നിൽ ഒര ഓഹരിയും മെൽപ്രകാരം അന്ന്യായക്കാര കൈവശം നടപ്പാകുന്നു എന്ന ൧ാം പ്രതി വക്കീൽ കാണിച്ച ആധാരംകൊണ്ടും സമീപസ്ഥന്മാരുടെയും അംശം മെനൊന്റെയും വാക്ക ഇതിൽ പ്രമാണിച്ച പ്രതിക്കാരത്തി നടക്കെണ്ടതിന്ന പ്രത്യെകം ഇവിടെനിന്ന ഒര തീൎപ്പ ചെയ്വാൻ സംഗതി കണ്ടീട്ടില്ലാ. ഈ അന്ന്യായം ഉണ്ടാകുന്ന വരെ ൭ തെങ്ങും അന്ന്യായക്കാര കൈവശം നടന്നവന്നതാകുന്നു എന്ന സാക്ഷികളാൽ തെളിവില്ലെങ്കിലും അന്ന്യെഷണത്തിൽ അറിഞ്ഞിരിക്കകൊണ്ട അന്ന്യായക്കാരുടെ സത്യം പ്രതിക്കാരത്തി കെട്ട ഈ വാദം ഒഴിഞ്ഞ കൊടുക്കുകയൊ സത്യം ചെയ്ത പ്രതിക്കാരത്തി കൈവശം നടക്കുകയൊ ചെയ്യുന്നില്ലെങ്കിൽ ൭ തെങ്ങും സ്ഥലവും അന്ന്യായക്കാര തന്നെ നടപ്പാനും ആധാരത്തിൽ പറയുന്ന പ്രകാരം ഉള്ള സ്ഥലം ഒഴിപ്പിപ്പാൻ സീവിൽ വ്യവഹാരം രണ്ട ദിവസത്തിലകത്ത ചെയ്വാൻ ഭാവിച്ചിരിക്കുന്നു എന്ന ൧ാം പ്രതി വക്കീൽ ബൊധിപ്പിച്ചിരിക്കകൊണ്ടതതൊട കൂട ഈ അഞ്ചു തെങ്ങും കൂടി ഒഴിപ്പിപ്പാൻ കഴിയുന്നത അപ്രകാരം ചെയ്വാനും കല്പിച്ചിരിക്കുന്നു. വിശെഷിച്ച ഈ പറമ്പിന്റെ അതിര നൊക്കുന്ന സമയം വരുത്തിയ ജന്മി വിക്കര പണിക്കരെ അനന്തിരവൻ രാരുനായര ഈ കാൎയ്യത്തിൽ ബൊധിപ്പിച്ച ഹരജിയും മുമ്പെ പറഞ്ഞ അതിരവാദം വ്യവഹാരത്തിൽ ൧൦൧൨ ാമത കൊല്ലത്തിൽ അന്ന്യായക്കാരുടെ കാരണവൻ കുഞ്ഞവറാൻ കുട്ടി കൊടതിയിൽ കൊടുത്തിരിക്കുന്ന ഒററി ആധാരത്തിന്റെ പകൎപ്പും കൊപ്പുരപാണ്ടികശാല പറമ്പിന്ന ൯൯൭ൽ എഴുതിയ മുറിയൊല ഒഴിമുറി ആധാര പകൎപ്പും പണിക്കരുടെ വക്കീൽ കരുണാകരൻ നായര കൊടതിയിൽ കൊടുത്ത പലവക ഹരജി കൊടതിയിൽനിന്ന പുറത്ത എഴുതികൊടുത്തതിന്റെ പകൎപ്പും നൊക്കുകയും ഹരജിക്ക താഴെ രാരുനായരൊട വിസ്തരിക്കുകയും ചെയ്തതിൽ കൊപ്പുരപാണ്ടികശാല പറമ്പ തനിക്കുള്ളതാണെ അത മുമ്പെ കുഞ്ഞിതറുവായിക്ക തയിവെപ്പാനായി എഴുതികൊടുത്തിരുന്നു- അവൻ മരിച്ചാറെ ആയവകാശം അവന്റെ ശെഷക്കാൎക്ക കൊടുത്ത ൯൯൭ൽ മുറിയൊല

യിൽ ഒഴിവമുറി വാങ്ങി പിന്നെ കലന്തൻകുട്ടിക്ക വെറുമ്പാട്ട കുഴിക്കാണത്തിന്ന കൊടുത്ത അവനും അവൻ മരിച്ചാറെ അവകാശി ബാവയും നടക്കുന്നു- ബാവ ഇപ്പൊൾ ആൎക്കെങ്കിലും കൊടുത്ത നടത്തിക്കുന്നുണ്ടൊ എന്നറിയില്ലാ എന്നും മറവും ബൊധിപ്പിച്ച കാണുന്നു. ഇത അതിര വാദത്തിന്നും നടപ്പിന്നും ഇരുപരിഷയും വാദിക്കുന്നതിലെക്ക വിരൊധമല്ലാതെ കക്ഷിക്കാൎക്ക ഒരു ഗുണവും സിദ്ധിച്ചിട്ടില്ലാ ജന്മിയുടെ ൦രം ന്യായം സീവിൽ വ്യവഹരിച്ച നിവൃത്തിവരുത്തെണ്ടതാകുന്നു എന്ന താക്കീത ചെയ്തു ആ വക ദസ്താവെജുകളും ഇതിൽ ചെൎത്ത വെച്ചിട്ടുണ്ട.

മജിസ്ത്രെട്ടിലെക്ക.

കുറുമ്പ്രനാട താലൂക്ക—നഗരത്തിൽ ബീവി ഉമ്മ ബൊധിപ്പിക്കുന്ന അഫീൽ ഹരജി- ഞാൻ നികുതിയും കൊടുത്ത നടക്കുന്ന കൊപ്പുര പാണ്ടികശാല പറമ്പിന്റെ ഒരു ഖണ്ഡത്തിന്ന അതിരവാദമായിട്ടുണ്ടായ പൊലീസ്സ അന്ന്യായത്താൽ അതും അതിലെ ൫ തെങ്ങുകളും അന്ന്യായം അറബിച്ചി ഉമ്മയും മകൻ ഉത്തൊട്ടിയും കൂടി നടപ്പാൻ ൯ൻ സെത്തെമ്പ്ര ൩൦-കുറുമ്പ്രനാട തഹശ്ശീൽദാര കല്പിച്ച തീൎപ്പ മാററാനുള്ള സംഗതികൾ എന്തെന്നാൽ-

൧ാമത കാൎയ്യഗുണദൊഷം കൊണ്ട പറയും മുമ്പെ ഇതിൽ സംഭവിച്ച ഒരു മുഖ്യമായ തെററ പറയുന്നു എന്തെന്നാൽ- ൧൮൧൬ലെ ൧൨ാം കാനൂൽ ൯ാം വകുപ്പ പ്രകാരം കൽക്കട്ടർ അധികാരത്താലൊ- ആയധികാരകീഴിൽ നിശ്ചയിക്കുന്ന പഞ്ചായക്കാരാലൊ തീൎക്കപ്പെടെണ്ടുന്ന ൟ അതിരവാദ കാൎയ്യം പൊലീസ്സ അധികാരിയായ തഹശ്ശീൽദാര തീൎത്ത ൦രം ഒരു അവസ്ഥയാൽ തന്നെ വിസ്താരങ്ങളൊട കൂടി തീൎപ്പിനെ ദുൎബ്ബലമാക്കി പുതുവിസ്താരം ചെയ്തു തീൎക്കെണ്ടതാണെന്ന ഞാൻ വിചാരിക്കുന്നു- അതല്ലെങ്കിൽ ൧൨-ാം കാനൂൽ നിശ്ചയിച്ചത ഏത വക കാൎയ്യത്തിന്ന വെണ്ടി ആണെ എന്നറിയുന്നതും ഇല്ലാ. ൨ ൦രം വഴി ഇവിടെ സമ്മതിക്കാതെ ൦രം അഫീലിനാൽ തന്നെ കാൎയ്യം ഗുണദൊഷം ചിന്തിച്ചാലും തഹശ്ശീൽദാരുടെ തീൎപ്പ മാററി എന്റെ നെരായ നടപ്പിനെ സ്ഥാപിപ്പാൻ മതിയായ ന്യായമുള്ളതിന്ന ഒരു സംശയമുള്ളതല്ലാ. ൩ എന്നാൽ വിവാദിക്കുന്ന ൫ തെങ്ങുകളുടെ അനുഭവം കീഴിൽ എടുത്തപൊന്നത ആരെന്നത്രെ പൊലീസ്സ അധികാരത്താൽ ചിന്തിപ്പാനുള്ളത. ൯ ൟ വിചാരണയാൽ കണ്ടിരിക്കുന്ന തെളിവിനെ മറച്ച തഹശ്ശീൽദാര

എനിക്ക അപജയവും അന്യായക്കാൎക്ക ജയവും വരുത്തിയ്യ ൩
സംഗതികളാലാകയാൽ അവകളുടെ ബലമാകുന്നു ഇപ്പൊൾ
നൊക്കെണ്ടത- ആ വകകളെന്തെന്നാൽ ഒന്ന അന്യായക്കാര
കൂട്ടിരിക്കുന്ന പറമ്പിന്റെ നികുതികണക്കിലുള്ള തെങ്ങുകളുടെ
എണ്ണം ഒക്കാനായീട്ട ൟ വാദിക്കുന്ന ൫ തെങ്ങുകളും അതിൽ
ഉൾപ്പെട്ടമെന്നും ൨ ൟ സ്ഥലത്തിന്ന മുമ്പുണ്ടായ അദാലത്ത
വിധിയാൽ എന്റെ നടപ്പവകാശത്തിന്ന ദൊഷവും അന്യാ
യക്കാരുടെ നടപ്പവകാശത്തിന്ന ഗുണവും സിദ്ധിച്ചിരിക്കുന്നു
എന്നും ൩ ൟ വാദം സത്യത്താൽ തീൎപ്പാൻ അന്യായക്കാര
സമ്മതിച്ചത പൊലെ ഞാൻ സമ്മതിച്ചീട്ടില്ലെന്നും കാണുന്നു.
൫ ൟ ന്യായങ്ങളൊന്നും കാൎയ്യത്തിന്റെ തീൎച്ചക്ക ഒട്ടും പൊരാ
അന്യായക്കാരനും ഞാനും കുടിയിരിക്കുന്ന പറമ്പകളിലെ നി
കുതി കണക്കിൽ ഉൾപ്പെട്ട ഫലങ്ങൾ മുഴുവനും ഇപ്പൊൾ ഇ
ല്ലാ- ചിലത നശിച്ചുപൊയിരിക്കുന്നു അത എന്റെ പറമ്പ നൊ
ക്കിച്ചാലറിയാം- അന്യായക്കാരുടെ പറമ്പിലെ ഫലങ്ങൾ എ
ന്റെ പറമ്പിൽനിന്ന എടുത്തീട്ടെങ്കിലും ഒപ്പിച്ചുകൊടുക്കണൊ
മെന്ന വിചാരിച്ച തഹശ്ശീൽദാര എന്റെ പറമ്പിലെ ഫലങ്ങ
ളും നശിച്ചുപൊയ്യിനാൽ കണക്കിൽ നൊക്കാത്തത എന്ന നി
ശ്ചയിക്കാം- അപ്പൊൾ നികുതികണക്കിലെ ഫലങ്ങളുടെ എണ്ണം
പിടിച്ച ൟ തെങ്ങുകൾ അന്യായക്കാരുടെ പറമ്പിലുള്ളതെ
ന്നാകട്ടെ എന്റെ പറമ്പിലുള്ളതെന്നാകട്ടെ ൟ സ്ഥലം മുമ്പെ
കണ്ടിട്ടില്ലാത്ത തഹശ്ശീൽദാൎക്ക നിശ്ചയിപ്പാൻ പാടില്ലാ. അതു
കൊണ്ട ൧ാമത്തെന്യായം കാൎയ്യതീൎച്ചക്ക ഒട്ടും പൊരാ. ൯- ൩൯
ലെ വിധി തഹശ്ശീൽദാര നൊക്കിരുന്നു എങ്കിൽ അത ൟ വാ
ദിക്കുന്ന സ്ഥലത്തിന്ന ഉണ്ടായ്യല്ലെന്ന കാണാമായിരുന്നു- ഇ
ത ആ വിധിനൊക്കിയാൽ ഇവിടെ ബൊധിക്കും- ആ വിധി
ൟ പറമ്പിന്റെ കിഴക്കെ സ്ഥലത്തിന്റെ കിഴക്കുള്ള ഒരു പറ
മ്പിന്ന വെണ്ടി ഉണ്ടായ്യാകുന്നു അതുകൊണ്ട ൨-ാമതായി കാ
ണിച്ചന്യായം നെരും സാരവും അല്ലാ. ൭ പൊലിസ്സ കാൎയ്യം സ
ത്യംകൊണ്ട തീൎപ്പാൻ യാതൊരു കാനൂലും നിശ്ചയിച്ചിട്ടില്ലാ സ
ത്യം ചെയ്യിച്ച വ്യവഹാരങ്ങൾ തീൎപ്പാൻ നിശ്ചയിച്ചീട്ടുള്ള
൧൮൦൨ലെ ൩-ാം കാനൂൽ ൯ാം വകുപ്പിലും സദർകൊട്ടിലെ സ
ക്കുലർ കല്പനയിലും സീവിൽ വ്യവഹാരങ്ങൾ മാത്രമെ സം
ബന്ധിച്ചീട്ടുള്ളു. ൟ വക കാൎയ്യം സത്യംകൊണ്ട തീൎക്കാമെങ്കിൽ
അങ്ങിനെ കാനൂൽ കല്പിക്കുമായിരുന്നു- അതുമല്ലാ മാനമൎയ്യാ
ദയൊടെ അകമടങ്ങിയിരിക്കുന്ന സ്ത്രീയായ ഞാൻ സ
ത്യസ്ഥലത്ത പൊകുന്നതതന്നെ വളരെ കുറവാകുന്നു- അതുകൊ
ണ്ട ൩-ാമത്തെന്യായവും കാൎയ്യതീൎച്ചക്ക ഒട്ടും പൊരാ. ൮ എ

ന്നാലിനി ഏതന്ന്യായത്തിന്മെലാകുന്നു കാൎയ്യം തീൎക്കെണ്ടുന്നത എ
ന്ന ഒരാക്ഷെപം ഉണ്ട അതിന്ന സാരവും ഫലവുമായിട്ടുള്ള
വഴി കാട്ടാൻ എനിക്ക അശെഷം സംശയമില്ലാ- അത എന്തെ
ന്നാൽ ൟ വക നടപ്പവകാശം സമീപസ്ഥന്മാരുടെയും നികുതി
വാങ്ങുന്ന കാൎയ്യസ്ഥന്മാരുടെയും സാക്ഷി വാമൊഴികളിന്മെലെ
ത്രെ ഉറപ്പിക്കെണ്ടുന്നത-എന്നാൽ തഹസ്സീൽദാൎക്കും ൟ വഴി സ
മ്മതമായിട്ട വാദിക്കുന്ന തെങ്ങുള്ള സ്ഥലത്ത തന്നെ അദ്ദെഹം
വന്ന അന്വെഷണം ചെയ്യതിൽ ഇത ഞാനാകുന്നു നടന്ന
പൊരുന്നത എന്ന സമീപസ്ഥന്മാരും അംശം കണക്കെഴുത്തുകാ
രനും ഉറപ്പായി സാക്ഷികൊടുത്തിരിക്കുന്നു- അന്ന്യായക്കാരുടെ
നടപ്പ യാതൊരു വിധത്തിലും അവര തെളിയിച്ചിട്ടുമില്ലാ- എ
ന്റെ സാക്ഷിവിസ്തരിച്ചിരുന്നു എങ്കിൽ ഇപ്പൊഴുണ്ടായതിലും അ
ധികമായ തെളിവുണ്ടാകുമായിരുന്നു- സമീപസ്ഥന്മാരും അംശം
മെനൊനും പറഞ്ഞതുകൊണ്ടും എന്റെവഹ നടപ്പ ഉറപ്പായ
പ്രകാരം തഹസ്സീൽദാരുടെ തീൎപ്പിൽ സമ്മതിക്കുന്നുണ്ട- എന്നാൽ
ആ തെളിവിനെ അപ്രമാണമാക്കി എനിക്കപജയം വരുത്തി
യ്യ അദ്ദെഹം അന്വെഷണത്താൽ വെറെ ഒരു പ്രകാരമായി
കണ്ടു എന്ന ഒരന്ന്യായം കാണിച്ചിട്ടാകുന്നു- തഹസ്സീൽദാര മുഖ്യ
മായി ചെയ്ത അന്വെഷണം സമീപസ്ഥന്മാരുടെയും അംശം
കണക്കെഴുത്തുകാരന്റെയും വിസ്താരം തന്നെ ആകുന്നു- അതി
ൽ കാണുന്നവസ്ഥകൾക്ക വിപരീതമായിട്ട അദ്ദെഹം അറിഞ്ഞു
എന്ന പറയുന്ന തെളിവ ആരുടെ വാക്കിന്മെലാണെന്ന ഞാ
നറിഞ്ഞില്ലാ- ആരെങ്കിലും അങ്ങിനെ സ്വകാൎയ്യം പറഞ്ഞിട്ടു
ണ്ടായിരുന്നു എങ്കിൽ അവരൊടും കയ്പീത്ത വാങ്ങി വിസ്താര
ത്തിൽ ചെൎക്കെണ്ടിരുന്നത ചെയ്യാതെ ആൾവിവരം തന്നെ കൂ
ടാതെ കണ്ട അശരീര വാക്ക കെട്ടതപൊലെ തഹസ്സീൽദാര പ
റയുന്ന തെളിവ ലക്ഷ്യരൂപെണ ഉള്ള സാക്ഷി വാക്കിനെ ത
ള്ളി എന്റെ നെരിനെ ഭംഗംവരുത്താൻ മതിയാക; ഇല്ലെന്ന
തന്നെ അല്ലാ- ആവഴി കാനൂൽ സമ്മതിക്ക ഇല്ലെന്നും ഞാൻ
വിചാരിക്കുന്നു. അല്ലെങ്കിൽ ൟ വക കാൎയ്യത്തിൽ സാക്ഷി
വാമൊഴി എഴുതിവാങ്ങുന്നത എന്തിന- അതുകൊണ്ട വിസ്താര
ങ്ങൾ നൊക്കിയും എന്റെ സാക്ഷി വിസ്തരിച്ചും- തഹസ്സീൽ
ദാരുടെ തീൎപ്പ മാററി വാദിക്കുന്ന തെങ്ങുകളുടെ അനുഭവം കീ
ഴിലെ പ്രകാരം മെലാലും ഞാൻ എടുക്കാറാക്കി തരെണ്ടതിന്ന
അപെക്ഷിക്കുന്നു.

കൊഴിക്കൊട താലൂക്ക തഹശ്ശീൽദാര കല്പിച്ച തീൎപ്പ
അന്ന്യായം രാമൻനായര
പ്രതി ഗൊവിന്ദമെനൊൻ മുതൽ ൪ാൾ

അന്ന്യായക്കാരന്റെ ജന്മം- നടപ്പായിട്ടുള്ള കണ്ണങ്കുളങ്ങരെ താഴം നിലത്ത ൧൦൨൫ എടവം ൨൪൹-ക്ക ൫൦ ജ്ജൂൻ ൪൹- പകൽ അന്ന്യായക്കാരന്റെ ആൾക്കാര കന്നപ്പൂട്ടി വിള എറക്കുമ്പൊൾ- ൧ാം പ്രതിയുടെ ആൾക്കാരായ ൨-ം ൩-ം ൪-ം പ്രതികളും വെറെ ചിലരും കൂടി ചെന്ന വിരൊധിക്കയും അന്ന്യായക്കാരന്റെ ഞൊറ പിറിച്ച കെട്ടികൊണ്ടു പൊകയും- ഉഭയത്തിൽ ചിന്തിനഷ്ടം വരുത്തുകയും ചെയ്തിരിക്കുന്നു എന്ന അന്ന്യായം- ൟ കാൎയ്യത്തിന്ന അന്ന്യായക്കാരനൊടും- അന്ന്യായ സാക്ഷിക്കാര ൪ാളൊടും- പ്രതി വക ൧-ം ൨-ം ൫-ം ൬-ം ൯-ം ൭-ം സാക്ഷികളൊടും വിസ്തരിക്കുകയും- അന്ന്യായക്കാരനും ൧ാം പ്രതിയു - ഹാജരാക്കിയ ആധാര പകൎപ്പുകൾ വാങ്ങി ആയ്തും———അംശം അധികാരി മെനൊന്റെ റപ്പൊടത്തകളും- അന്ന്യായക്കാരൻ മജിസ്ത്രെട്ടിൽ ബൊധിപ്പിച്ച ഹരജിപ്രത്ത വന്ന കല്പനകളും- ഇവിടെ ബൊധിപ്പിച്ച ഹരജിയും ൧ാം പ്രതി ബൊധിപ്പിച്ച ഹരജിയും- ൟ നമ്പ്രിൽ ചെൎക്കുകയും ചെയ്തു- വിസ്തരിച്ച സാക്ഷികളാൽ തന്നെ ൟ കാൎയ്യം തീൎപ്പ ചെയ്യാൻ കൂടുന്ന പ്രകാരം കാണുകകൊണ്ട പ്രതി വക ൩-ം ൪-ം സാക്ഷികളൊട വിസ്തരിച്ചിട്ടില്ലാ- വിസ്താരങ്ങളിൽ അന്ന്യായത്തിൽ കാണിച്ചിരിക്കുന്ന നിലം കൂടാതെ വെറെ അധികം നിലങ്ങൾ കൂടി ൟ നമ്പ്രിൽ ഉൾപ്പെടുത്തി പറയുന്നുണ്ടെങ്കിലും- ആയ്തു ആദ്യം അന്ന്യായത്തിൽ കാണിച്ചിട്ടില്ലാത്തതാകകൊണ്ട അതിനെ കുറിച്ച ഇതിൽ ഒന്നും തീൎപ്പ പറവാൻ ആവിശ്യം കണ്ടിട്ടും- ൟ കാൎയ്യത്തിൽ പ്രതിക്കാരെ പൊലീസ്സ ശിക്ഷക്ക ഉൾപ്പെടുത്താൻ മതിയായ സംഗതി തൊന്നീട്ടും ഇല്ല- അന്ന്യായത്തിൽ പറയുന്ന കണ്ണങ്കുളങ്ങരെ താഴം നിലവും മറ്റും ൧ാം പ്രതിക്ക തന്റെ കാരണവന്മാരായ മരിച്ച ചാത്തുനായരും- ൯ാം സാക്ഷിയും താനും കൂടി കരിപണയം കൊടുത്ത ൭-ാം സാക്ഷിയെ ൩-ാമനാക്കി ആ നിലങ്ങൾ തങ്ങൾ വാങ്ങുകയും- ൩- കൊല്ലമായിട്ട താൻ സ്വന്തമായി നടന്ന പൊകടങ്ങൾ കൊടുത്ത വരികയും ചെയ്തപ്രകാരം അന്ന്യായക്കാരനും- അതിന്ന അനുകൂലമായി ആ ഭാഗമുള്ള ൧ മുതൽ ൪വരെ സാക്ഷികളും പറകയും- മഞ്ഞക്കൊട്ടവക സകല മുതലകളും- നടന്നും നടത്തിയും- നികുതി പൊകടങ്ങളും തറവാട്ട ശിലവുകളും കഴിപ്പാനും മറ്റും നിശ്ചയിച്ച ൧൦൨൫ കന്നിമാസത്തിൽ ൯-ാം സാക്ഷി അന്ന്യായക്കാരന എഴുതി കൊടുത്ത വെള്ളൊലാധാരവും- അന്ന്യായത്തിൽ പറയുന്ന നിലത്തിന്മെൽ നി

ന്നം മററം കൊടുക്കെണ്ടുന്ന പലിശ ബൊധിച്ച പ്രകാരം ൬-ാം സാക്ഷി കൊടുത്ത ഒര വെള്ളൊല മുറിയും- ൧൦൨൩ കന്നി മുതൽ മകരംവരെ കിസ്തുകൾക്ക നികുതി അടച്ചതിന്ന അന്ന്യായക്കാരന്റെ പെര കൂടി കാണിച്ച———അംശം അധികാരി മെനൊൻ കൊടുത്ത തുണ്ടു ശീട്ടും അന്ന്യായക്കാരൻ കാണിക്കുകയും ചെയ്യുന്നു- ൧ാം പ്രതി അന്ന്യായക്കാരന്റെ നിലംനടപ്പ സമ്മതിച്ചീട്ടില്ലാ- തനിക്ക അന്ന്യായത്തിൽ പറയുന്ന നിലത്തിന്മെലും മററം കൂടി ആദ്യം കരി പണയവും പിന്നെ പുറം കടവും ൰-ാമത ഒററിയും അവകാശങ്ങളായി ആധാരങ്ങൾ ഉള്ള പ്രകാരവും കരി പണയമായപ്പൊൾ തന്നെ അന്ന്യായത്തിൽ പറയുന്ന നിലവും മററം വെപ്പിച്ച വാങ്ങി താൻ ൬-ാം സാക്ഷിക്കും ൬-ാം സാക്ഷി ൫-ാം സാക്ഷിക്കും അയാളുടെ കാരണവര മരിച്ച ചാത്തുനായൎക്കും കൂടിയും കൊടുത്ത നടന്നവരുമ്പൊൾ പാട്ടം നിലവ നിന്നതിനാൽ അത പറഞ്ഞ നിലങ്ങൾ കഴിഞ്ഞ കുംഭമാസത്തിൽ ൫-ാം സാക്ഷി ൬-ാം സാക്ഷിക്കും ൬-ാം സാക്ഷി തനിക്കും കൊഴവെച്ച ഒഴിമുറിയും കൊടുത്ത അതമുതൽക്ക നിലങ്ങളിൽ താൻ പ്രയത്നപ്പെട്ട വിള എറക്കിരിക്കുന്ന പ്രകാരവും ൧ാം പ്രതി വാദിക്കുകയും അന്ന്യായത്തിൽ പറയുന്ന നിലവും മററം ൫-ാം സാക്ഷിയുടെ കാരണവര മരിച്ച ചാത്തുനായരും ൫-ാം സാക്ഷിയും അന്ന്യായക്കാരനും കൂടി ൧൦൧൦ മിഥുനം ൨൦നു- ൫൦൦ ഉറപ്പികക്ക എഴുതികൊടുത്ത കൊഴവെറക്കം പണയമായ മുദ്രൊലയും മെപ്പടി വഹകളിന്മെൽ ൧൫൩ ഉറപ്പിക കൂടി വാങ്ങി ൧൦൨൨ മീനം ൨൬നു- ൫-ാം സാക്ഷിയും അന്ന്യായക്കാരനും കൂടി എഴുതികൊടുത്ത മുദ്രൊലാധാരവും ആ വകകൾ ൧൦൨൩ മെടമാസത്തിൽ ൫-ാം സാക്ഷി ഒററിവെച്ച കൊടുത്ത മുദ്രൊലാധാരവും അതിന്റെ അൎത്ഥം പുക്കവാറ മുദ്രൊലയും ൬-ാം സാക്ഷി ൧൦൨൩ കുംഭം ൧നു- കൊടുത്ത ഒഴിമുറി വെള്ളൊലയും ൧൦൨൩ൽ ൫-ാം സാക്ഷി —— അംശത്തിൽ നികുതി അടച്ച വാങ്ങിയ ൨-ാമതായി കൊടുത്ത തുണ്ടു ശീട്ടുകളും ൧ാം പ്രതി കാണിക്കുകയും ൧ാം പ്രതിയുടെ മെൽപറഞ്ഞ വാദം നെരായീട്ടുള്ളതാണെന്നും നിലം കൊഴവെച്ച ൧ാം പ്രതി വിള എറക്കിരിക്കുന്നു എന്നും ആ ഭാഗമുള്ള ൧-ം ൨-ം ൩-ം ൪-ം ൫-ം ൬-ം സാക്ഷികൾ പറകയും അധികാരി മെനൊൻമാരുടെ റപ്പൊടത്തിൽ അന്ന്യായത്തിൽ പറയുന്ന നിലം അവകാശത്തൊടു കൂടി ൧ാം പ്രതി നടന്നിരിക്കുന്നു എന്ന കാണിക്കുകയും ചെയ്തിരിക്കുന്നു- ഠരം കാൎയ്യത്തിന്റെ ദസ്താപെജുകൾ സകലവും നൊക്കിയെടത്ത നിലം നടപ്പ ൧ാം പ്രതി കൈവശമെന്നുള്ള വാദത്തിലെക്ക അധികം തെളിവുണ്ടു- എങ്കിലും ൧ാം പ്രതി ജനസ്വാധീ

നവും പ്രബലതയും ഉള്ള ആളും അന്ന്യായക്കാരൻ എളിയവ
നും ആകയാൽ സാക്ഷി തെളിവ പ്രതിക്കാരന ഉണ്ടാക്കാൻ കൂ
ടുന്നതല്ലെന്ന തൊന്നീട്ടും ഇല്ലാ- അതു കൂടാതെ ൧ാം പ്രതിക്ക
അന്ന്യായത്തിൽ പറയുന്ന നിലത്തിന്മെലും മററും ഉണ്ടായ
അവകാശ ആധാരങ്ങളിൽ അന്ന്യായക്കാരനെ കൂടി അവകാ
ശി എന്ന സമ്മതിച്ചു ഉൾപ്പെടുത്തിരിക്കുമ്പൊൾ നിലം നടപ്പിന്ന
അന്ന്യായക്കാരൻ സംബന്ധിച്ചീട്ടില്ലെന്ന ൧ാം പ്രതിയും ൨ാം
സാക്ഷിയും പറയുന്ന വാക്ക വളരെ അവിശ്വാസമാകുന്നു അ
തിന്റെ സ്ഥിതി അറിവാൻ ൭ാം സാക്ഷി മുതൽ ൮-ാൾ എഴുതി
കൊടുത്തു എന്ന ൨-ാം സാക്ഷി പറയുന്ന പാട്ടശീട്ട ചൊദി
ച്ചാറെ ആയ്തു കാൎയ്യം തീരുമ്പൊൾ മടക്കി കൊടുത്തപൊയി എ
ന്ന പറഞ്ഞതല്ലാതെ കാണിച്ചീട്ടില്ലാ അത്രയും അല്ലാ അന്ന്യാ
യത്തിൽ പറയുന്ന നിലം നടപ്പിന്റെ വാദം ൧ാം പ്രതി എ
ങ്കിലും ൨-ാം സാക്ഷി എങ്കിലും സത്യം ചെയ്താൽ വിടുകയും അ
ല്ലെങ്കിൽ താൻ സത്യം ചെയ്തു ബൊദ്ധ്യംവരുത്തി കൊടുക്കുക
യും ചെയ്യാമെന്ന ആഗസ്തു ൧൮ന്നു- അന്ന്യായക്കാരൻ ഹരജി
ബൊധിപ്പിച്ചിരിക്കുന്നു- ആയ്തു ൧ാം പ്രതിയും ൨ാം സാക്ഷിയും
സമ്മതിച്ചീട്ടില്ലാ ആ സമ്മതക്കെട അന്ന്യായക്കാരന്റെ വാദം
നെരാകുന്നു എന്നുള്ള തെളിവിന്ന മുഖ്യമായ സാക്ഷിത്വമാകു
ന്നു അതിലും വിശെഷിച്ചു ൦രം കാൎയ്യം ഉണ്ടായ ഉടനെ അ
ന്ന്യായക്കാരനും അയാളുടെ പണിക്കാരായ ചെറുമക്കൾ മുതലാ
യ്യരും ബെപ്പൂര ജമാവന്തി കച്ചെരിയാക്കിയിരിക്കുമ്പൊൾ അ
വിടെ ഹാജരായി മജിസ്ത്രെട്ട സന്നിധാനത്തിങ്കൽ സങ്കടം
ബൊധിപ്പിച്ചതിന്റെ ശെഷം ആ സ്ഥലത്ത പൊയി നെര
അന്ന്യെഷിക്കെണമെന്ന മുകതാവിൽ കല്പിച്ചപ്രകാരം പി
ന്നെ ഞാൻ ആ സ്ഥലത്ത ൭ാം സാക്ഷിയുടെ വീട്ടിൽ ഒര കള
വുണ്ടായ പ്രകാരം അന്ന്യായപ്പെട്ട കാൎയ്യം അന്ന്യെഷണത്തി
ന്ന ആ സ്ഥലത്ത പൊയ സമയം- ൦രം കാൎയ്യം കൊണ്ടും സമീ
പസ്ഥന്മാര മുതലായ്യരെ വരുത്തി ചൊദിക്കുകയും നിലം നൊ
ക്കുകയും അന്ന്യെഷിക്കുകയും ചെയ്യതിൽ അന്ന്യായത്തിൽ പ
റയുന്ന നിലത്ത നട്ടിരിക്കുന്നത നാട്ട മൎയ്യാദപൊലെ അല്ലാതെ
യും വിളു ഉണ്ടാകെണമെന്നുള്ള താല്പൎയ്യം ഇല്ലാത്ത ഒര പ്രവൃത്തി
പൊലെയും കാണുകയും ആയ്തു ൧-ാം പ്രതിയുടെ ആൾ ചെയ്തു
തായിട്ടും ഞാറ അന്ന്യായക്കാരൻ വെറെ നിലത്ത ഉണ്ടാക്കി
രുന്നത പറിച്ചു നട്ടതായും നിലം കൈവശമെന്ന വരുത്തുവാ
ൻ വെണ്ടി അങ്ങിനെ ചെയ്തപ്രകാരമല്ലാതെ അതിന മുമ്പെ
൧ാം പ്രതി കന്ന പൂട്ടിക്കുകയും ഞാറ ഉണ്ടാക്കുകയും ചെയ്തിട്ടി
ല്ലെന്നും ആ വക പ്രവൃത്തികൾ ഒക്കെയും അന്ന്യായക്കാരൻ

ചെയ്യുതാണെന്നും കഴിഞ്ഞ കൊല്ലത്തെ നടപ്പും അന്ന്യായക്കാരനെന്നും കൊഴ വെച്ചു എന്നുള്ള വാദം വിശ്വസിക്കത്തക്കതല്ലെന്നും- അന്ന്യായക്കാരനും ൧-ാം പ്രതിയും തമ്മിൽ വളരെ മത്സരമെന്നും അറികയും ചെയ്യിരിക്കുന്നു- പൊലീസ്സിൽ നിലം ഇതവരെ നടന്നവന്നവസ്ഥ മാത്രമെ ചിന്തിപ്പാനുള്ളു- മെൽ പറഞ്ഞ എല്ലാ സംഗതികളും നൊക്കിയെടത്ത ൧ാം പ്രതിയുടെ അവകാശവും വാദവും സീവിൽ മാൎഗ്ഗമായി നിവൃത്തിക്കെണ്ടത എന്നും അതല്ലാതെ അന്ന്യായക്കാരൻെറ കൈവശം ഉള്ള അന്ന്യായത്തിൽ പറയുന്ന നിലത്തിന്മെൽ ചെന്ന കലശൽ നാനാവിധങ്ങൾ ഉണ്ടാക്കി പൊകരുതെന്നും അന്ന്യായക്കാരൻെറ ഭാഗം തെളിവുള്ള ൦രം കാൎയ്യം കെവലം മറവായിവരുവാൻ—— അംശം അധികാരി മെനൊൻ രണ്ടപ്രകാരം നികുതിശീട്ട കൊടുക്കുകയും പ്രതിയാകുന്ന നിലം നടപ്പ എന്ന വ്യാപ്തിയായി ബൊധിപ്പിക്കുകയും ചെയ്യു കാണുന്ന സംഗതിക്ക അവരൊട വിസ്തരിച്ച ബൊധിപ്പിക്കെണ്ടത എന്നും ൧ാം പ്രതിയെ വിട്ടയപ്പാനും കല്പിച്ചു.

മജിസ്ത്രെട്ടിലെക്ക.

കൊഴിക്കൊട താലൂക്ക——അംശത്തിൽ ഗൊവിന്ദ മെനൊൻ ബൊധിപ്പിക്കുന്ന അൎജ്ജീൽ ഹരജി- അന്ന്യായം രാമൻ നായര- പ്രതി ഞാൻ മുതൽ ൩ാൾ എൻെറ കൈവശം നടപ്പുള്ള വഹകൾ ഉപായത്രപ്പെണ്ണ അപഹരിപ്പാൻ വെണ്ടി അതിൽ കണ്ണൂക്കുളങ്ങരെ താഴം നിലത്ത ൭ കണ്ടത്തിൽ മാത്രം- ഞാൻ കയ്യെറിയ പ്രകാരം കൌശലമായി കൊഴിക്കൊട താലൂക്കിൽ കെൾപ്പിച്ച അന്ന്യായം തഹസ്സീൽദാര വിസ്തരിച്ച പക്ഷമായി നിലം- അന്ന്യായം രാമൻ നായര കൈവശം ഇരിപ്പാൻ ആഗസ്ത ൧൯ന്നു- കല്പിച്ചിരിക്കുന്ന തീൎപ്പ നെരിന്നും- ന്യായത്തിന്നും തെററാകകൊണ്ട ആയ്യു മാററുവാൻ ചുരുക്കമായി സംഗതികൾ താഴെ കാണിക്കുന്നു-

൧ാമത- അന്ന്യായത്തിൽ പറയുന്ന കണ്ണൂക്കുളങ്ങരെ താഴം മുതലായ നിലം ഇനിക്ക ദ്രവ്യവകാശത്തൊടുകൂടി കൈവശം ഉള്ളത അന്ന്യായക്കാരൻെറ സമ്മതം കൊണ്ടും ഞാൻ കാണിച്ച ആധാരങ്ങളാലും- ആ നിലം ൮-ാം സാക്ഷിക്ക ഞാനും- അയാൾ ൭-ാം സാക്ഷിക്കും അയാളുടെ കാരണവര മരിച്ച ചാത്തുനായൎക്കും കൂടിയും- കൊഴ കൊടുത്തിരുന്നത വെച്ച തന്ന ഞാൻ അതകളിൽ വിള എറക്കിരിക്കുന്നവസ്ഥ ൩ാമനായ ൮ാം സാക്ഷിയുടെയും- കഴിഞ്ഞ കൊല്ലം വരെ നടപ്പുകാരനായ ൭-ാം സാക്ഷിയു

ടെയും- വിസ്താരം കൊണ്ടും എന്റെ സമ്മതം കൂടാതെ തഹശ്ശീൽദാര ഉപെക്ഷിച്ചത കഴിച്ചുള്ള ൩-ാം സാക്ഷികളുടെ വിസ്താരം കൊണ്ടും- ആധാരങ്ങൾ കൊണ്ടും അധികാരി മെനൊൻ മുഖ്യസ്ഥന്മാരുടെ റിപൊട്ടുകളാലും- ഞാൻ വിസ്താര സമയം കൊടുത്ത ൭-ാം സാക്ഷിയുടെ നടപ്പുവകാശം സെഷൻ കൊട്ട വരെ സ്ഥിരപ്പെടുത്തീട്ടുള്ള ൪൭- വിപ്രവരി മാസത്തിലും- അതിനെ അനുസരിച്ച ഇപ്പൊഴത്തെ തഹശ്ശീൽദാര ൪ൻ-ാമതിലും കല്പിച്ച തീൎപ്പുകൾകൊണ്ടും- ൟരം വ്യവഹാരത്തിന്ന മുമ്പായി കഴിഞ്ഞ മെടമാസത്തിൽ൭-ാം സാക്ഷി ൟരം വസ്തുവിന്റെ ജമ എന്റെ പെക്ക തിരിപ്പാൻ താലൂക്കിൽ ബൊധിപ്പിച്ച ഹരജി കൊണ്ടും എത്രെയും വെളിവും- ഉറപ്പും- ആയിരിക്കുന്നത കൂടാതെ ആ തെളിവും തഹശ്ശീൽദാരുടെ തീൎപ്പിൽ വെടിപ്പായി സമ്മതിച്ചിരിക്കുന്നു. ൨ാമത- മെൽ പറഞ്ഞ നിലം നടപ്പ അന്ന്യായക്കാരനാകുന്നു എന്ന അയാൾ പറയുന്നത നെരല്ലെന്നും- നിലങ്ങളുടെ അറിവ തന്നെ മുഴുവനും അന്ന്യായക്കാരന ഇല്ലെന്നും എന്റെ വിസ്താരവും- അന്ന്യായക്കാരന്റെ കൎണ്ണീത്തും ആധാരവും നൊക്കിയാൽ തന്നെ തെളിവായി ബൊധിക്കുന്നതിലും വിശെഷിച്ച അന്ന്യായക്കാരൻ നടപ്പ ഒറപ്പിപ്പാൻ വെണ്ടി ൬-ാം സാക്ഷി കൊടുത്തതായ ഒര പാട്ടം പൃക്കവാറും- തറവാട്ട കാൎയ്യങ്ങൾ നൊക്കുവാൻ ൭-ാം സാക്ഷി അന്ന്യായക്കാരന എഴുതി കൊടുത്തതായി ഒര കരാറും- അയാൾ ഫയലാക്കിയു ൨-ം വെള്ളൊലയിലായിട്ടും- അത രണ്ടും എഴുതി കൊടുത്തതായി പറയുന്ന ൭-ം ൬-ം സാക്ഷികൾ സമ്മതിച്ചിട്ടില്ലാത്തെയും സംഗതികൊണ്ട തന്നെ അന്ന്യായക്കാരന്റെ ഭാഗം ദുൎബ്ബലമായി പൊയിരിക്കുന്നു എന്ന തന്നെ അല്ലാ ആ കരാറ നെരാകുന്നു എങ്കിൽ കന്നി മുതൽക്ക മകരം വരെ ഉള്ള നികുതി അന്ന്യായക്കാരൻ കൂടി അടപ്പാനും പിന്നെ ൭-ാം സാക്ഷി പ്രത്യെകം അടച്ച ശീട്ട വാങ്ങുവാനും സംഗതി വരുന്നതല്ലെല്ലൊ മകരം കിസ്തു വരെ ഉള്ള ശീട്ടിൽ അന്ന്യായക്കാരന്റെ പെര കൂടി ചെരുവാനുള്ള ഹെതു എന്തെന്ന വെച്ചാൽ ൭-ാം സാക്ഷിക്ക വാതത്തിന്റെ ദീനം സംഗതിയാൽ നികുതിക്ക പണം അന്ന്യായക്കാരന്റെ പക്കൽ അയക്കയും ആ സമയം തന്റെ പെര കൂടി ഉൾപ്പെടുത്തെണമെന്ന വെച്ച അധികാരി മെനൊന്മാരൊട കൂടി അന്ന്യായക്കാരൻ യൊജിച്ച ശീട്ട വാങ്ങിയും ആ വിവരം ൭-ാം സാക്ഷി അറിഞ്ഞ ശീട്ട അന്ന്യായക്കാരനൊട ചൊദിച്ചപ്പൊൾ വ്യാപ്തിയായി ശീട്ട കാണ്മാനില്ലെന്ന അന്ന്യായക്കാരൻ പറകകൊണ്ട ൨-ാമതായി ൭-ാം സാക്ഷിയുടെ പെരിൽ പ്രത്യെകം ശീട്ട വാങ്ങുകയും പിന്നെത്തെ നിക്കുതി ൭-ാം സാക്ഷി പ്രത്യെകം അടച്ച ശീട്ട

വാങ്ങുകയും ചെയ്യിരിക്കുന്നു- അങ്ങിനെ ഉണ്ടാവാൻ സംഗതിവരു
ന്നതല്ലെല്ലൊ- ൟ വിവരം ൭ാം സാക്ഷിയുടെ കയ്യീത്തും എന്റെ ക
യ്യീത്തും നികുതി ശീട്ടുകളും നൊക്കിയാൽ ൟ കരാറും- അന്ന്യായക്കാര
ൻ കാണിക്കുന്ന നികുതി ശീട്ടും നെരല്ലന്നും തറവാട്ടകാൎയ്യം നൊ
ക്കുവാൻ അന്ന്യായക്കാരനെ ൭ാം സാക്ഷി ആക്കി എന്ന പറയുന്ന
തിന്ന മുമ്പെ കാരണവരായ ൭ാം സാക്ഷിയെ വിട്ട അന്ന്യായ
ക്കാരന ൮-ാം സാക്ഷി പുക്കവാറ കൊടുപ്പാൻ ഒട്ടും സംഗതി
ഇല്ലാത്തത ചെയ്യപ്രകാരം കാണിക്കുന്നതും ആ വകയായും മ
റവും കീഴക്കട ഒര പുക്കവാറും അന്ന്യായക്കാരൻ കാണിക്കാത്ത
തും- നൊക്കുമ്പൊൾ തന്നെ ആ പുക്കവാറും വ്യാപ്തി എന്നും- വി
ശ്വസിക്കതക്കതല്ലെന്നും വെണ്ടുംവണ്ണം ബൊധിക്കുന്നതാകു
ന്നു.

൬-ാമത എന്റെ തെളിവിനെ ദുൎബ്ബലപ്പെടുത്താനായും അ
ന്ന്യായക്കാരന്റെ ഭാഗം വിധി കൊടുപ്പാനായും- തഹശ്ശീൽദാര
തീൎപ്പിൽ കാണിച്ചിരിക്കുന്നത ൧- ഞാൻ പ്രബലനും ജനസ്വാ
ധീനം ഉള്ളുവനും അന്ന്യായക്കാരൻ എളിയവനും ആകയാൽ
തെളിവുണ്ടാക്കുവാൻ എന്നാൽ കഴിയുന്നതാണെന്നും. ൨ അന്ന്യാ
യക്കാരൻ മുതൽ ൩ാൾകൂടി വകകൾ ഇനിക്ക കൊഴവെറക്കം പണ
യം തന്നിട്ടുണ്ടെങ്കിലും അതിൽ അന്ന്യായക്കാരനെ വിട്ട ൩ാമ
നായി ൮-ാം സാക്ഷി എഴുതി വാങ്ങി എന്ന പറയുന്ന പാട്ട ശീ
ട്ട- കാണിക്കാത്തതിനാൽ സംശയമെന്നും. ൩- അന്ന്യായക്കാര
ന്റെ അപെക്ഷ പ്രകാരം ഉള്ള സത്ത്യം ഞാനും ൮-ാം സാക്ഷി
യും സമ്മതിച്ചീട്ടില്ലാത്തത അന്ന്യായക്കാരന്റെ ഭാഗത്തക്ക ഒറ
പ്പ എന്നും. ൪- നിലം നടപ്പ അന്ന്യായക്കാരനാണെന്ന- ആ നി
ലത്ത- പ്രവൃത്തിച്ചീട്ടുള്ള പ്രവൃത്തി നാട്ടമൎയ്യാദ പൊലെ അല്ലാത്ത
തിനാൽ നിശ്ചയിപ്പാൻ- സംഗതി വന്നീട്ടുണ്ടെന്നും- ഇങ്ങിനെ
൪- സംഗതിയാകുന്നു. ൪ാമത- മെപ്പടി നാല ആക്ഷെപത്തി
ന്നും- മതിയായ സമാധാനം എന്തെന്നാൽ- അന്ന്യായക്കാരൻ
എളിയവനാകുന്നു എന്ന- തഹശ്ശീൽദാര പറയുന്നത ശെരി അ
ല്ല- അന്ന്യായക്കാരൻ ദുൎവ്യവഹാരിയും അയാളുടെ മെൽപ്രകാ
രം ഉള്ള വ്യവഹാരം ഹെതുവാൽ ആ പ്രദെശത്തുള്ള ജനങ്ങൾ
അയാളുടെ ഹിതപ്രകാരം അനുകൂലം പറയുന്നതും ആകുന്നു-
എന്ന തന്നെ അല്ല- എത്രെയും ദ്രവ്യശക്തിയും ജനസ്വാധീന
വും- പ്രബലതയും- ഉള്ള ദുൎവ്വ്യവഹാരിയായ കൊന്തകുറുപ്പ എ
ന്നാൾ ൟ മുതൽ അപഹരിപ്പാൻ വെണ്ടി അന്ന്യായക്കാരനു
മായി ചെന്ന തഹശ്ശീൽദാരെ കൂടി സ്വാധീനമാക്കി ൟ വ്യവ
ഹാരം ആരംഭിച്ചതും- കളവായി ചില സാക്ഷികൾ പറയിച്ച
തും- എത്രെ ആകുന്നത- അത ആ കൊന്തകുറുപ്പിന്റെ മകനാ

L l

യ അന്ന്യായം വക ൩ാം സാക്ഷിയുടെ കല്പിത്ത ൰ം നമ്പ്രിൽ
നൊക്കിയാൽ തന്നെ ദൃഷ്ടാന്തമാകുന്നതാകുന്നു- അത്രം കൂടാതെ
എന്റെ തെളിവ ആധാരരൂപെണയാകയാൽ ആ തെളിവ പ്രാ
ബല്ല്യം കൊണ്ട ഉണ്ടായുല്ലെന്ന പ്രത്യക്ഷമായിരിക്കുമ്പൊൾ അ
തിന്ന മെൽപ്രകാരം ഒര ഹെതു അന്ന്യായക്കാരന ഗുണം ചെ
യ്യെണമെന്ന വെച്ച മാത്രം- തഹശ്ശീൽദാര എഴുതിയു എന്നല്ലാ
തെ അത ഒട്ടം സാരമില്ലെന്നും ബൊധിക്കും. ൬ാമത ഇനിക്ക
ആദ്യം എഴുതി തന്നീട്ടുള്ള കൊഴവെറക്കം പണയാധാരത്തിൽ
അന്ന്യായക്കാരൻ കൂടി ഉൾപ്പെട്ടീട്ടുള്ളത ശെരി തന്നെ- ആ വ
സ്തു ൨ാം സാക്ഷി എന്നൊട പാട്ടത്തിന്ന വാങ്ങിയിരിക്കുമ്പൊ
ൾ അയാളുടെ ബൊദ്ധ്യം പ്രകാരം ആക്കെങ്കിലും കൊടുക്കുക
യും നടത്തുകയും ചെയ്യുന്നതായിരിക്കെ അതിൽ അന്ന്യായ
ക്കാരൻ ഉൾപ്പെടാതെ ഇരിപ്പാൻ സംഗതി ഇല്ലെന്ന തഹശ്ശീൽ
ദാര ആലൊചിച്ചത്രം ഒര എടവാട ഉണ്ടായാൽ ആ എടവാടി
ന്റെ അവസാനത്തിൽ അതിൽ പററിട്ടുള്ള രെഖകൾ അങ്ങും
ഇങ്ങും കൊടുത്ത തീരുന്നത സാധാരണയായിരിക്കുമ്പൊഴം
കൊടുത്തപൊയ ആധാരം കാണിച്ചീട്ടില്ലന്നുള്ളത ഒര കുറവാ
യി തീപ്പിൽ പറഞ്ഞത്രം വളരെ അത്ഭുതമായീട്ടുള്ളതാകുന്നു എ
ന്നും അത നിസ്സാരമെന്നും ബൊധിക്കും. ൭ാമത അന്ന്യായ
ക്കാരന്റെ അവസ്ഥ മെൽ ൫ാം വകുപ്പിൽ കാണിച്ചീട്ടുണ്ട. ൰ം
കായ്യത്തിൽ എന്റെ വക്കൽ വെണ്ടുന്നെടത്തൊളം തെളിവുകൾ
ഉണ്ടായിരിക്കുമ്പൊഴം ഞാനും ൨ാം സാക്ഷിയും എത്രെയും മാനമ
യ്യാദയൊടു കൂടി സത്യമായി നടക്കുന്നവരായിരിക്കുമ്പൊഴം ഞങ്ങ
ളെ മാനക്ഷയം വരുത്തുവാനായി സത്യത്തിന്ന അയാൾ കാണി
ച്ചതല്ലാതെ അല്പം പൊലും നെര ഉണ്ടായിട്ട ബൊധിപ്പിച്ചത്രം അ
ല്ല - ദുർവ്യവഹാരിയായ അന്ന്യായക്കാരന്റെ അനാവിശ്യമായ
അപെക്ഷക്ക വെണ്ടി സത്യം ചെയ്യാനായി തഹശ്ശീൽദാര പറ
ഞ്ഞത തന്നെ ഞങ്ങൾക്ക വലുതായ ഒര അവമാനമാകുന്നു എ
ന്നും രെഖരൂപെണ തെളിഞ്ഞിരിക്കുന്ന ൰ം കായ്യത്തിൽ റിഗു
ലെഷ നിയമങ്ങളിൽ ഉൾപ്പെടാതെ ഉള്ള സത്യത്തിന്റെ കാ
യ്യം പ്രബലം പൊലെ തഹശ്ശീൽദാര പറഞ്ഞിരിക്കുന്നത വ്യ
ത്ഥ വാക്ക എന്നും മെൽ പറഞ്ഞ സംഗതി കൊണ്ട തന്നെ ല
ക്ഷ്യമായിരിക്കുന്നു. ൯ാമത കഴിഞ്ഞ കൊല്ലം വരെ നിലം ന
ടപ്പ അന്ന്യായക്കാരനല്ലെന്നും ൯ാം സാക്ഷി പ്രത്യെകമായീട്ടാ
ണെന്നും ഉള്ളതിന്ന സെഷൻ കൊട്ട വരെയും ൯ാം സാക്ഷി
യുടെ നടപ്പവകാശം സ്ഥിരപ്പെട്ട കല്പന ഉണ്ടായീട്ടുള്ളതായും
മെൽ ൫ാം വകുപ്പിൽ കാണിച്ചതായും ഉള്ള ൪൯- ൪ൻ- ൰ം ര
ണ്ട കൊല്ലത്തെ തീപ്പും ൫൦൨൪വരെ സക്കാര നികുതി ൯ാം

സാക്ഷി അടച്ചിട്ടുള്ളതിന്റെ ശീട്ടും അന്ന്യായക്കാരൻ ആദ്യത്തിൽ തന്നെ സമ്മതിച്ചിട്ടുള്ള ൩ാമനായ ൭ാം സാക്ഷിയുടെ വാക്കും ദെശാധികാരി മെനൊൻ മുഖ്യസ്ഥന്മാരുടെ റപ്പൊട്ടും- ദെശം തൊറും ദിനചൎയ്യമായി നടന്ന പ്രത്യക്ഷ അനുഭവം ഉള്ള അംശം കോൽക്കാരായ ൯-ാം ൬-ാം സാക്ഷികളുടെ കയ്യീത്തും പ്രത്യക്ഷ സാക്ഷീതവമായിരിക്കുമ്പൊൾ ഒരു ലക്ഷ്യവും കൂടാതെ കഴിഞ്ഞ കൊല്ലം വരെ അന്ന്യായക്കാരൻ നടപ്പ എന്നും വിളവ വെണ്ടും വണ്ണം- ഉണ്ടായീട്ടില്ലെന്നും പറഞ്ഞത ആ ഭാഗം തീൎപ്പകൊടുക്കെണമെന്ന- തഹശ്ശീൽദാർക്കുള്ള ആവിശ്യത്തിന്ന വെണ്ടി എന്നല്ലാതെ- അതൊട്ടും സാരമില്ലന്നെ മെൽപറഞ്ഞ സംഗതി കൊണ്ട തന്നെ അറിയാവുന്നതാകയാൽ ഇനി ഇതിലധികമായ സമാധാനം ഇപ്പൊൾ പറഞ്ഞീട്ടില്ലാത്തതാകുന്നു- അതുകൊണ്ട- സന്നിധാനത്തിങ്കലെ കൃപാകടാക്ഷം ഉണ്ടായിട്ട ൦൨൦ നമ്പ്രിലെ വിസ്താരങ്ങളും- ൫ാം വകുപ്പിൽ കാണിച്ച കിഴക്കട തീൎപ്പുകളും ആ വക വിസ്താരങ്ങളും ൭-ാം സാക്ഷി ജമതിരിപ്പാൻ കൊടുത്ത ഹരജിയും- ആവിശ്യം ഉണ്ടെങ്കിൽ എന്റെ സമ്മതം കൂടാതെ ഉപെക്ഷിച്ച ൨ സാക്ഷിയൊട വിസ്തരിച്ചും- നൊക്കി നെരറിഞ്ഞ എന്റെ നടപ്പിനെ- ബാധകപ്പെടുത്തുന്ന തഹശ്ശീൽദാരുടെ മെപ്പടി തീൎപ്പ ദുൎബ്ബലം ചെയ്തു കല്പന കിട്ടുവാനായീട്ട അപെക്ഷിക്കുന്നു.

കുറുമ്പ്രനാട താലൂക്ക തഹശ്ശീൽദാര കല്പിച്ച തീൎപ്പ-
അന്ന്യായം കെളു മുതൽ ൩-ാൾ-
പ്രതി രാരുനായര മുതൽ ൫൩-ാൾ-

൫൦൨൯ മകരം ൨൯ന്-ക്ക ൯ം വിപ്രവരി ൯ന്- രാത്രി ൫ാം അന്ന്യായക്കാരൻ കാരൊകുന്നുമ്മെൽ നിന്ന വെടിവെച്ച കിട്ടിയ പന്നിയെ ഊൎപ്പള്ളിസ്ഥാനമായ തൊണ്ടിയിൽ പുറത്തിലെക്ക വെട്ടെണ്ടതിനായി അന്ന്യായക്കാര ൩-ാളും കൂടി കൊണ്ടുപൊകുമ്പൊൾ ൫ാം പ്രതിയുടെ പടിക്ക താഴെ എത്തിയാറെ ൫ാം പ്രതിയും ശെഷം പ്രതിക്കാരും കൂടി ചെന്ന പന്നിയെയും- ൫-ാം അന്ന്യായക്കാരൻ വക്കലുണ്ടായിരുന്ന ൫൨ ഉറുപ്പിക വിലക്കുള്ള ഒരു മെത്തൊക്കും ൨ാം അന്ന്യായക്കാരൻ വശം ഉണ്ടായിരുന്ന ൨II ഉറുപ്പിക വിലക്കുള്ള ഒരു വെള്ളിപിടി പിശ്ശാംകത്തിയും ബലമായി പിടിച്ച പറ്റി കൊണ്ടുപൊകയും. പിടിച്ച കെട്ടി അടിച്ചും ചവട്ടിയും- പരുക്ക എല്പിക്കയും- ചെയ്തിരിക്കുന്ന പ്രകാരം ൯ം വിപ്രവരി ൫൫-ന്- അന്ന്യായക്കാര ഹരജി ബൊധിപ്പിക്കകൊണ്ട അവരൊട ചൊദ്യം ചെയ്കയും- പ്രതിക്കാര സാക്ഷിക്കാരെയും

പ്രതിക്കാര കൊണ്ടപൊയ്യായി പറയുന്ന- മുതലുകൾ ശൊധന ചെയ്തു കണ്ടകിട്ടിയാൽ ആയ്യം അയപ്പാനും- ഒരും സംഗതി അ ന്വെഷിച്ച ബൊധിപ്പിപ്പാനും- അന്ന തന്നെ—അംശം അധികാ രിക്ക കല്പനയൊടുകൂടി കൊൽക്കാരനെ അയച്ചതിൻെറ ശെഷം ൪-ം ൭-ം ൧൧-ം ഒഴികെ ശെഷം പ്രതിക്കാരെയും- സാക്ഷികളെ യും- അധികാരി റപ്പൊടത്തൊടു കൂടി അയച്ച വിപ്രവരി ൨൦൩- എത്തി- സാക്ഷിക്കാരൊട അന്നും പിടി കിട്ടിയ പ്രതിക്കാരൊട ഇന്ന വിപ്രവരി ൨൰൩- വിസ്തരിക്കയും, ഒരും കാൎയ്യംവിസ്താരം ന ടക്കുന്നതിനിടയിൽ തൻെറ ജന്മമായ കാരക്കാട്ടിൽനിന്ന വെടി വെച്ച കിട്ടിയ പന്നിയെ കീഴമൎയ്യാദ പ്രകാരം ഊപ്പ്ള്ളിസ്ഥാനവ കാശം ഉള്ള തൻെറ തറവാടായ തൊണ്ടിയിൽ പുറത്തിലെക്ക വെ ട്ടെണ്ടതിന്നായി അന്ന്യായക്കാര കൊണ്ടവരുമ്പൊൾ കീഴനടപ്പി ന്ന വിരൊധമായി ആ സ്ഥാനവകാശമില്ലാത്ത ൧ാം പ്രതിയും മററും കൂടി ആ പന്നിയെ ബലമായി പിടിച്ച കൊണ്ട പൊയി രിക്കുന്നു എന്നും- ആ കാൎയ്യം വിസ്തരിക്കെണമെന്നും. ഊപ്പ്ള്ളി സ്ഥാനവകാശിയായ ഉക്കപ്പനെന്ന പെരായ പൊനത്തുന്ന വ ല വക്കീൽ അനന്തിരവൻ കണ്ണൻകിടാവ മുഖാന്തരം വിപ്ര വരി ൨൧൩- കാരെകുന്ദ- ഞെഴകാട- ഒരും ഊപ്പ്ള്ളിക്ക താനും തൊ ണ്ടിയിൽ പുറത്തുന്നവലും സമാവകാശിയാണെന്നും- പ്രതി രാ രുനായക്കും- ശെഷം പ്രതിക്കാൎക്കും- ഊപ്പ്ള്ളിസ്ഥാനമില്ലന്നും മററും- ചാത്തപ്പൻ നായര വക്കീൽ അനന്തിരവൻ കൊമപ്പ ൻ മുഖാന്തരം- വിപ്രവരി ൨൩൩-ം ഓരെ ഹരജികൾ ബൊധി പ്പിക്കകൊണ്ട ആ രണ്ട ഹരജിയും- ഒരും നമ്പ്രിൽ ചെൎത്ത കണ്ണ ൻകിടാവിനൊട വിസ്തരിക്കയും ചെയ്തു- വിസ്താരത്തിൽ അന്ന്യാ യത്തിൽ പറയുന്ന മകരം ൨൮൩- രാത്രികാരെകുന്നമ്മെൽനിന്ന താൻ വെടി വെച്ച കിട്ടിയ പന്നിയെയും കൊണ്ട താനും ൨-ം ൩-ം അന്ന്യായക്കാരും കൂടി പന്നി വെട്ടി വരുന്ന ഊപ്പ്ള്ളിയായ തൊണ്ടിയിൽ പുറത്തിലെക്ക കൊണ്ടപൊകുമ്പൊൾ ൧-ാം പ്രതി പന്നിയെ ചൊദിച്ചത കൊടുക്കാത്തതിനാൽ ൧൧-ം ൧൩-ം പ്രതി കൾ മുണ്ട കൊണ്ട കൈ രണ്ടും പിടിച്ച കെട്ടി ൧ാം പ്രതി തൊ ക്ക പിടിച്ച പററി വടി കൊണ്ടും- ൩ാം പ്രതി കൈകൊണ്ടും- അടിച്ചിരിക്കുന്നു എന്നും- ശെഷം പ്രതിക്കാര എന്തെങ്കിലും ചെ യ്തിട്ടുണ്ടൊ- എന്ന വിവരം ഇല്ലന്നും- ൧ാം അന്ന്യായക്കാരനും- മെൽ പ്രകാരം പൊവുമ്പൊൾ- ൧- ൧൧- ൧൩- പ്രതികൾ കൈ കൊണ്ട തന്നെ അടിക്കയും- ൩-ാം പ്രതി അരയിൽ ഉണ്ടായിരു ന്ന പിശ്ശാംകത്തി ഊരി കൊണ്ടപൊകയും. ചെയ്തിരിക്കുന്നു എ ന്ന ൨ാം അന്ന്യായക്കാരനും ൩- ൧൧- ൧൩ ം പ്രതികൾ കയ്യുകൊ ണ്ട തന്നെ അടിച്ചിട്ടുണ്ട- ശെഷം പ്രതിക്കാര അടിച്ചിട്ടുണ്ടൊ

എന്ന വിവരം ഇല്ലന്ന ൩ാം അന്ന്യായക്കാരനും പറഞ്ഞിരിക്കു ന്നത കൂടാതെ പന്നിയെ വെട്ടുന്ന ഊപ്പള്ളി അവകാശം- തൊണ്ടിയിൽ പുനത്തിലെക്കുള്ളതാണ- പ്രതിക്കാൎക്ക ആയവകാശമില്ലന്നും- അന്ന്യായക്കാര ൩ാളും പറഞ്ഞിരിക്കുന്നു- തന്റെ അനന്തിരവൻ ചാത്തു വെടി വെച്ചു കിട്ടിയ പന്നിയെ മെപ്പടി വക്കീൽ കണ്ണൻകിടാവു മുഴവനും ചൊദിച്ചത കൊടുക്കാത്തതിനാൽ ഇങ്ങിനെ അന്ന്യായം ചെയ്യിച്ചിട്ടുള്ളതാണ- ഞെഴകാട്ടും- കാരെക്കാട്ടും- കുമുണ്ടനായൎക്കും തൊണ്ടിയിൽ കുറുപ്പിന്നും ഒരു പൊലെ അവകാശം ഉള്ളതാണ- നായ പിടിച്ചു കിട്ടിയാൽ തന്റെ വീട്ടിൽ വെച്ചു വെട്ടി വരുമാറുണ്ട- ഇപ്പൊൾ- ൪൦ കൊല്ലമായീട്ട പന്നിയെ കിട്ടായ്കകൊണ്ട തന്റെ വീട്ടിൽ വെച്ചു വെട്ടുമാറില്ല- എന്ന ൧ാം പ്രതി പറയുന്നതല്ലാതെ ആ ൧ാം പ്രതിയും. ശെഷം പ്രതിക്കാരും കുററം സമ്മതിച്ചിട്ടില്ല- പ്രതിക്കാര അന്ന്യായക്കാരെ അടി കലശൽ ചെയ്തു- പന്നിയെയും മുതലും പിടിച്ചു പററികൊണ്ട പൊകുന്നത കണ്ടു എന്ന അന്ന്യായത്തിലെക്ക അനുകൂലമായി സാക്ഷികൾ പറയുന്നുണ്ടെങ്കിലും തമ്മിൽ അന്ന്യൊന്ന്യ വിരൊധമുള്ളത കൂടാതെ അന്വെഷിച്ചതിലും അധികാരിയുടെ റപ്പൊടത്ത നൊക്കിയതിലും അന്ന്യായക്കാര വെടി വെച്ചു കിട്ടിയ പന്നിയെ ആദിക്കൽ ഊപ്പള്ളിസ്ഥാനമായ തൊണ്ടിയിൽ പുനത്തിലെക്ക കീഴമൎയ്യാദ പ്രകാരം വെട്ടി അവൎക്കുള്ള അവകാശം വാങ്ങെണ്ടുന്നതിന്നായി പന്നിയെ കൊണ്ടുപൊകുമ്പൊൾ തൊണ്ടിയിൽ പുനത്തിൽ നടക്കുന്നത പൊലെ ഉള്ള അവകാശം തനിക്കും നടക്കെണമെന്ന വെച്ചു ഊപ്പള്ളി അവകാശമില്ലാത്ത ൧ാം പ്രതിയും മററും കൂടി പന്നിയെ കൊണ്ടുപൊകയും- അതിനാൽ തന്റെ തറവാട്ടിലെക്കുള്ള ഊപ്പള്ളി അവകാശത്തിന്ന ഭംഗം വരുന്നത വിചാരിച്ചു അവകാശിയായ തൊണ്ടിയിൽ പുനത്തുന്നവരും തമ്മിൽ വാദിച്ചു ഇങ്ങിനെ അന്ന്യായത്തിന്ന ഇട വന്നതായും- കാണുന്നതിനാൽ സാക്ഷി വാക്കും അന്ന്യായം മുഴവനും വിശ്വാസയൊഗ്യമായി വിചാരിച്ചു പ്രതിക്കാരെ ശിക്ഷക്കുൾപ്പെടുത്തുവാൻ സംഗതി പൊരെന്ന തൊന്നി ഈ കാൎയ്യം നീക്കി പ്രതിക്കാരെ വിട്ടയപ്പാനും- പന്നി വെട്ടെണ്ടുന്ന ഊപ്പള്ളി സ്ഥാനവകാശം തൊണ്ടിയിൽ പുനത്തിൽനിന്ന നടന്ന വരുന്നത എന്ന തെളിവു കണ്ടിരിക്കുന്നത കൂടാതെ ൪൦ കൊല്ലമായീട്ട തന്റെ വീട്ടിൽ വെച്ചു പന്നിയെ വെട്ടി വരുമാറില്ലെന്ന ൧ാം പ്രതി തന്നെ വിസ്താരത്തിൽ ഒടുവിൽ സമ്മതിച്ചു പറഞ്ഞും- കാണുന്നതാകകൊണ്ട കീഴമൎയ്യാദ പ്രകാരം ആ ഊപ്പള്ളി സ്ഥാനവകാശം- തൊണ്ടിയിൽ പുനത്തിൽനിന്ന തന്നെ നടന്ന വരെണ്ടുത എന്നും അതിന്ന പ്രതിക്കാര സങ്കടം വിചാ

രിക്കുന്നുണ്ടെങ്കിൽ ക്രമപ്രകാരം സീവിൽ വ്യവഹരിച്ച നിവൃത്തിവരുത്തെണ്ടത എന്നും കല്പിച്ച വിവരം അന്ന്യായം പ്രതികളെ അറിയിച്ചു.

മജിസ്ത്രെട്ടിലെക്ക.

കുറുമ്പ്രനാട താലൂക്ക —— അംശത്തിൽ രാരു നായര ബൊധിപ്പിക്കുന്ന അഫീൽ ഹരജി- മെപ്പടി താലൂക്കിൽ —— അംശത്തിൽ ഞങ്ങളെ തറവാട്ടിലെക്ക പുരാതനമെ ഊപ്പള്ളി അവകാശമായ കാരെക്കാട ഞെഴ കാട ൦രം സ്ഥലങ്ങളിൽനിന്ന അന്ന്യായക്കാര വെടിവെച്ചു കൊണ്ടുപൊന്നിരുന്ന പന്നിയെയും അവരുടെ വക്കൽ ഉള്ള ൧൨ ഉറുപ്പിക വിലക്കുള്ള ഒരു മെത്തൊക്കും ൨ll ഉറുപ്പിക വിലക്കുള്ള ഒരു വെള്ളിപിടിപിച്ചാംകത്തിയും പിടിച്ചുപറിച്ചു അടികലശൽ ചെയ്തു എന്നും മറ്റും ഉക്കപ്പൻ കിടാവിന്റെ ആൾക്കാരായി —— അംശത്തിൽ പാക്കും തിയ്യൻ കെളു മുതൽ ൩-ാൾ ഞാൻ മുതൽ ൧൩ വരെ പ്രതികളെ മെൽ ബൊധിപ്പിച്ച അന്ന്യായം കുറുമ്പ്രനാട താലൂക്കിൽ തഹശ്ശീൽദാര വിസ്താരിച്ചു ചെയ്തു തീർപ്പു ന്യായരഹിതമാകകൊണ്ടു ആയ്തു മാററാനുള്ള ഹെതുക്കൾ താഴെ പറയുന്നു- ൧ാമത മെപ്പടി സ്ഥലങ്ങൾ എന്റെ തറവാട്ടിലെക്കും തൊണ്ടിയിൽ കുറുപ്പിന്നും സമാവകാശമാകുന്നു തൊണ്ടിയിൽ കുറുപ്പിന്ന പ്രത്യെകം അവകാശമെന്നും അന്ന്യായക്കാര വെടിവെച്ചു പന്നിയെയും മുതലകളും പിടിച്ചുപറിച്ചു കലശൽ ചെയ്തു എന്ന പറയുന്നത ഒട്ടുംതന്നെ നെരല്ലാ എന്റെ തറവാട്ടിലെക്കുള്ളവകാശം കീൾനാൾ നടന്ന വന്നിരുന്ന പ്രകാരം ഒരു പന്നിയെ ൧൦രം കഴിഞ്ഞ മകരം ൨൫നു- രാത്രിയിൽ എന്റെ അനന്തിരവൻ ചാത്തു എന്നവൻ വെടിവെച്ചു കൊണ്ടുവന്ന കീൾനാളിൽ നടന്ന വന്നിരുന്ന പ്രകാരം ൩-ാം പ്രതിയെ കൊണ്ടു വെട്ടി അഴിപ്പാൻ പുറപ്പെട്ട സമയം മെൽപറഞ്ഞ തൊണ്ടിയിൽ കുറുപ്പായ പൊനത്തിൽ ഉക്കപ്പൻ കിടാവിന്റെ അനന്തിരവൻ കണ്ണൻകിടാവ വന്ന ആ കിട്ടിയ പന്നിയെ തനിക്കാവിശ്യം ഉണ്ടെന്നും മുഴവനും കൊടുക്കെണമെന്നും ചൊതിച്ചതിനെ കൊടുക്കായ്കകൊണ്ടു ഞങ്ങളെ ഊപ്പള്ളി അവകാശത്തിന്ന ദൌവല്യം വരുത്തി മുഴവനും അപഹരിപ്പാൻ വെണ്ടി മെൽപറഞ്ഞ അന്ന്യായക്കാരെ കൊണ്ടു മെൽപ്രകാരം തങ്ങളുടെ ഇഷ്ടത്തെ സാധിപ്പാൻ വെണ്ടി നെരകെടായി ൦രം പൊലീസ്സ അന്ന്യായം ഉണ്ടാക്കിയ്താകുന്നു. ൨-ാമത ഇരുവർ കൂടി ഒരു വ്യവഹാരം ഉണ്ടായാൽ അതിൽ ഒരു അന്ന്യൻ പ്രവെശിച്ചു ഒന്നാമത അന്ന്യായം നെരല്ലെന്ന കണ്ടാലും അ

ന്ന്യായത്തിലെ ഗതികൾ അറിഞ്ഞാലും പൂൎണ്ണവിസ്താരം ചെയ്യല്ലാതെ മറ്റെവന്റെ അവകാശം സ്ഥിരംചെയ്യുന്നത എത്രെയും അയുക്തമാണ. ൩-ാമത ഇങ്ങിനെ ഉള്ള ദുൎബ്ബല പ്രബലത കൊണ്ട ഒരുവന്റെ അവകാശം പിടിപ്പാൻ ആരംഭിക്കുന്നു എങ്കിൽ തന്നെയും അതിലെക്ക വെറെ ഒരു നമ്പ്ര ചെയ്വാനും ൟ തെളിവില്ലാത്ത നമ്പ്ര നീക്കാനുമെ അധികം സംഗതി ഉള്ളു- ഉക്കപ്പെൻകിടാവും എന്റെകാരണവര ചാത്തപ്പൻ നായരും ഇവര ൨-ാളും ൟ കാൎയ്യത്തിൽ വിപ്രവരി ൨൱൩൰-ാം ൨൩൩൰-ാം ഹരജികൾ ബൊധിപ്പിച്ച പ്രകാരം തീൎപ്പിൽ കാണുന്നു അത നിജമെങ്കിൽ തൊണ്ടിയിൽ പുറത്തിന്ന അവരുടെ ഹരജിക്ക മാത്രം വിസ്താരം ചെയ്തു അയാളുടെ അവകാശം സ്ഥിരംചെയ്തിരിക്കുന്നത കൊണ്ട അന്ന്യായക്കാരുടെ ഹരജിക്കും ചാത്തപ്പൻ നായരുടെ ഹരജിക്കും യാതൊരു പ്രാബല്യം ഭവിച്ചത എന്നും അയാളുടെ അവകാശത്തിന്ന വിസ്താരത്തിൽ എതെങ്കിലും തെളിവ ഉണ്ടായാൽ തന്നെ ആ കാൎയ്യനിവൃത്തിക്കായി പ്രത്യെകം വ്യവഹാരം ചെയ്യെണ്ടതും ൟ അന്ന്യായം ക്രമപ്രകാരം നീക്കി നടക്കെണ്ടതിന്നുമെ ആവശ്യമുള്ളു- അത മാത്രമല്ലാ എന്റെ കാരണവര ചാത്തപ്പൻ നായര ബൊധിപ്പിച്ച ഹരജിയിലെ സത്യത്തെ കുറിച്ച ഒരാക്ഷെപം ചെയ്തിട്ടില്ലാത്തത കൂടാതെ ആയരജിയിൽ എനിക്കും എന്റെ തറവാട്ടിലെക്കും ഉള്ള സ്ഥാനങ്ങൾക്ക അവകാശമില്ലാത്ത പ്രകാരം ആ തീൎപ്പിൽ ഒരു വ്യാജത്തെയും എഴുതി കാണുന്നു ഒരു കാൎയ്യത്തിൽ മറ്റ ഒരുവന്റെ അവകാശം കൂടി സ്ഥിരം ചെയ്യാമെന്ന താല്പൎയ്യക്കാൎക്ക തൊന്നുന്നുണ്ടെങ്കിലും അങ്ങിനെ ചെയ്യാമെങ്കിലും ആ രണ്ട ഹരജിയുടെയും തെളിവ വിസ്തരിച്ചറിവാൻ ഒരു പ്രയാസമില്ലാത്തതും ചെയ്യാത്ത അവസ്ഥ വിചാരിക്കുമ്പൊൾ തൊണ്ടിയിൽ പുറത്തുന്നവരുടെ പ്രബലതയും- ദ്രവ്യശക്തിയും കൊണ്ട താല്പൎയ്യക്കാര ഭ്രമിച്ച സാധുവായ എന്റെ അവകാശം തള്ളി തീൎപ്പ കല്പിച്ചതെന്നും ആ വക ഹരജികൾ മുതലായ്ത സന്നിധാനത്തിങ്കൽ വരുത്തി നൊക്കുമ്പൊൾ ദൃഷ്ടാന്തപ്പെടും അത മാത്രമല്ലാ സാക്ഷികളാലുള്ള തെളിവ കൊണ്ട ഇപ്രകാരം കല്പിച്ചതെന്ന തീൎപ്പിൽ സന്നിഗ്ദ്ധമായി പറഞ്ഞിരിക്കുന്നു അങ്ങിനെ തെളിവുണ്ടെങ്കിലും ൟ കാൎയ്യത്തിൽ മുഖ്യമായി വിചാരിക്കെണ്ടുന്നത ൧൮11 ഉരുപ്പടികയൊളം സാലയുള്ളതായും പിടിച്ചുപറിയും അടികലശലും ആകുന്നു അതിലെക്കുള്ള സാക്ഷിവാക്ക അന്ന്യൊന്ന്യ വിരൊധമെന്നും തീൎപ്പിൽ തന്നെ കാണുന്നു- അങ്ങിനെ എങ്കിൽ ആയന്ന്യായം റിഗുലെഷൻ പ്രകാരം- കള്ളന്ന്യായത്തിൽ ചെൎത്ത അമച്ച വരുത്തുന്നത സാധുരക്ഷക്ക അധികം

ഗ്ഗുണവും- ഉള്ളത കൂടാതെ ഊപ്പള്ളി സ്ഥാനത്ത നടക്കുന്ന പന്നിവെട്ട കാൎയ്യം- തൊണ്ടിയിൽ പുനത്തിലെക്കെ- ഉള്ളു എന്ന- ഒറപ്പിപ്പാൻ കിട്ടിയ തെളിവ ആരാൽ എന്നും- എനിക്കറിവാൻ പാടില്ലാ. ൧- കല്പിത്തിൽ ഒടുവിൽ ഞാൻ തന്നെ സമ്മതിച്ചു എന്ന എഴുതി കാണുന്നതകൊണ്ട ഇതിൽ അധികമായി ഞാൻ പറയാത്ത ദൊഷം ചെൎത്ത എഴുതിട്ട ഇല്ലെന്ന നിശ്ചയമായിരിക്കുന്നു അങ്ങിനെ ഒരു സമയത്തും പറയാത്തതും- ഊപ്പള്ളി അവകാശം- അടിയന്തരമായി കീൾ നാൾ നടന്ന വരുന്ന പ്രകാരം കൂടകൂട നടന്ന പന്നിയെ കൊന്ന ൧൦ കൊല്ലമായി എന്റെ തറവാട്ടിൽ ഞാൻ നടന്ന വരുന്നു എന്നും അപ്രകാരം സത്യം ചെയ്യാമെന്നും വെടിപ്പായി പറഞ്ഞിരിക്കുന്നത ഇത്ര വിത്ത്യാസമായി തീൎത്തതും സങ്കടമാണ- ൟ തീൎപ്പ വിപ്രവരി ൨൩ന- കല്പിച്ചത എന്ന കാണുന്നു- അങ്ങിനെ എങ്കിൽ മെട മാസം ൨൩ന-വരെ ഞാനും- എന്റെ ശെഷക്കാരും- താലൂക്കിൽ ഹാജരായി ബൊധിപ്പിച്ചിട്ടും- തീൎപ്പ തരാതെ കാലഹരണം വരുത്തിയ്യ എന്തിനെന്നും- എനിക്കറിവാൻ പാടില്ലാ- എന്റെ ഭാഗം ഉള്ള ഒര തെളിവും- വിചാരിക്കാതെ അവരുടെ അവകാശം- ഒറപ്പിക്കുകയ്യും- എനിക്ക സങ്കടം ഉണ്ടെങ്കിൽ സീവിൽ വ്യവഹാരം ചെയ്യാനും കല്പിച്ചിരിക്കുന്നു- ദുഷ്ടമൃഗമായി നടക്കുന്ന പന്നിയെ കീൾ നാളിൽ കൊന്ന ഭക്ഷിക്കുന്ന പ്രകാരം നടക്കെണ്ടതല്ലാതെ- സീവിൽ വ്യവഹാരം ചെയ്യാൻ വെണ്ടുന്ന ലക്ഷ്യങ്ങളും പന്നിയുടെ വിലയ്യും- ഇത്ര എന്ന എനിക്കറിഞ്ഞ ബൊധിപ്പിപ്പാൻ കഴിയാത്തതെന്ന സന്നിധാനത്തിങ്കൽ അറിയാമെല്ലൊ അതുകൊണ്ട മെൽ പറഞ്ഞ സംഗതികൾ ഒക്കെയും നൊക്കി പ്രബലന്മാരുടെ ഭാഗം നിന്ന താലൂക്കകാര ചെയ്തു തീൎപ്പകൊണ്ട എന്റെ തറവാട്ടിൽ പുരാതനമെ നടക്കുന്ന ഊപ്പള്ളി സ്ഥാനത്തിന്നും നടപ്പിന്നും യാതൊരു ദൊഷം കൂടാതെയ്യും കളവായി ചെയ്തു അന്ന്യായത്തിന്ന അമച്ച്യയായ്യും ഒര കല്പന ഉണ്ടാവാൻ വളരെ അപെക്ഷിക്കുന്നു.

കൂററനാട താലൂക്ക തഹശ്ശീൽദാര കല്പിച്ച തീൎപ്പ-
അന്ന്യായം ചെക്കു-
പ്രതി കുഞ്ഞിമൊയ്തീൻ മുതൽ ൩-ാൾ-

അഴികുന്ദ ദെവസ്സത്തിൽ ൧-ാം പ്രതിക്ക കാണമുള്ള ഒററകയിത ൧൦ മിളിയം കണ്ടം ൧-ാം പ്രതി ൨-ാം പ്രതിക്ക പാട്ടത്തിന്ന കൊടുത്തിരിക്കുമ്പൊൾ ആ നിലം അന്ന്യായക്കാരൻ ൧-ാം പ്രതിയൊട തീരവാങ്ങി ൨-ാം പ്രതി എഴുതി കൊടുത്തിരിക്കുന്ന പാ

ട്ടശീട്ടും കൊണ്ട പാട്ട നെല്ല ചൊദിപ്പാനായി അന്ന്യായക്കാരൻ ൧൦൨൪- ധനു ൨൧-നു—ക്ക ൪൯- ജനവരി ൨൩- രാവിലെ ൧-ാം പ്രതിയുടെ കുടിയിൽ ചെന്നാറെ പാട്ടശീട്ട അന്ന്യായക്കാരൻ വക്കൽനിന്ന ൧- മുതൽ ൩൨ വരെ പ്രതിക്കാര കൂടി പിടിച്ച പറി കൊണ്ട പൊകയും അടികലശൽ ചെയ്കയും- അതിന്ന ശെഷം പ്രതിക്കാര സഹായം ചെയ്തിരിക്കുന്ന പ്രകാരവും അന്ന്യായം- ഇതിൽ അന്ന്യായക്കാരനൊടും ൧- ൪- പ്രതികളൊടും അന്ന്യായം വകയും പ്രതി വകയും- സാക്ഷികളൊടും വിസ്തരിച്ചു- അന്ന്യായക്കാരൻ ൦രം നിലം അഴിക്കുന്ദ ദെവസ്സത്തിൽനിന്ന ൨൦൧- പണത്തിന്ന ചാൎത്തി വാങ്ങിയ ഒരു കാണാധാരവും- ൪-ാം പ്രതി ൦രം നിലം- അന്ന്യായക്കാരന കൊടുത്ത വിവരത്തിന്ന ൧-ാം പ്രതി ൪-ാം പ്രതിക്ക എഴുതി കൊടുത്ത പാട്ടശീട്ട അന്ന്യായക്കാരന കൊടുത്തവസ്ഥയെ കുറിച്ചും- ൪-ാം പ്രതി എഴുതിയ ഒരു ആധാരവും ൦രം നിലത്തെ നികുതി ജമ അന്ന്യായക്കാരൻ പെരിൽ തിരിച്ച കെട്ടി വാങ്ങാനായി ൪ാം പ്രതി——അംശം കച്ചെരിക്ക എഴുതിയ ഒരു എഴുത്തും- അന്ന്യായക്കാരൻ കാണിച്ചതിന്റെ പകൎപ്പുകളും- ൦രം നിലം ആദ്യം- ൪ാം പ്രതി ദെവസ്സത്തിൽനിന്ന ചാൎത്തി വാങ്ങിയ ൨ കീഴാധാരവും- ആയതൊടും കൂടി ൦രം നിലം അന്ന്യായക്കാരന ൪-ാം പ്രതി ചാൎത്തി കൊടുത്ത ഒരു ആധാരവും- ദെവസ്സം ഊരാളനായ ൩-ാം സാക്ഷി കാണിക്കകൊണ്ട ആയ്തിന്റെ പകൎപ്പുകളും- വാങ്ങി വിസ്താരത്തിൽ ചെൎക്കുകയും ചെയ്തു- ശെഷം പ്രതിക്കാരെ കണ്ട കിട്ടായ്കകൊണ്ടും- കണ്ട കിട്ടിയാലും- അവരുടെ വാക്ക കൊണ്ടും- ൦രം നമ്പ്ര. തീൎപ്പിലെക്ക- ഇതവരെ നടന്ന വിസ്താരങ്ങളിൽ അധികമായ വിവരം അറിവാൻ ഇല്ലായ്കകൊണ്ടും അവരൊട വിസ്തരിച്ചിട്ടും ഇല്ലാ- വിസ്താരത്തിൽ അന്ന്യായപ്പെട്ട നിലം ൪-ാം പ്രതി ൧൦൨൩ാമത, ചിങ്ങമാസത്തിൽ അയാൾക്ക- ൦രം നിലത്തിന്മെൽ ഉള്ള അവകാശം പണം- ൭൫-൦ തന്നൊട വാങ്ങി എഴുതി കൊടുക്കയും- അതിന്റെ പുറമെ ൨൫- പണം കൂടി ൪-ാം പ്രതി തന്നൊട- അധികം വാങ്ങിയിരിക്കുന്നു എന്നും- അതിൽ പിന്നെ ൨൦൧ പണത്തിന്ന ദെവസ്സത്തിൽനിന്ന താൻ നെരിട്ട ചാൎത്തി വാങ്ങി എന്നും- താൻ ൪-ാം പ്രതിയൊട നിലം വാങ്ങുമ്പൊൾ- ൪-ാം പ്രതിയുടെ ചൊൽപ്പടിക്ക. ൧-ാം പ്രതി ൦രം നിലത്ത വിളു എറക്കീട്ടുണ്ടായിരുന്നു എന്നും ആ പാട്ടം തനിക്ക വരെണ്ടത ചൊദിച്ചാറെ വിളു എടുക്കുന്നവരെ പാട്ടം കൊടുപ്പാനായി ൧ാം പ്രതി വഴിപ്പെടുകയും- വിളു എടുത്തതിൽ പിന്നെ നിലം ഒഴിഞ്ഞു കൊടുത്ത പാട്ടം തനിക്ക കൊടുക്കാതെ കഴിവാൻ വെണ്ടി പാട്ട ശീട്ട പിടിച്ച പറി തകരാറും കലശലും ഉണ്ടാ

ക്കിയ്യു എന്നും മററും അന്ന്യായക്കാരനും- അന്ന്യായത്തിൽ പറ യ്യുന്ന പ്രകാരം താൻ അന്ന്യായക്കാരനൊട പാട്ടശീട്ട പിടിച്ച പറവുകയ്യും. അടികലശൽ ചെയ്കയ്യും- ഉണ്ടായീട്ടില്ലന്നും അ ന്ന്യായത്തിൽ പറയ്യുന്ന നിലം ൩-ാം പ്രതിയൊട ൨൪- മുതൽ ക്ക വെറുമ്പാട്ടത്തിന്ന വാങ്ങി ൨൪-ലെക്ക എറക്കിയ വിള എടുക്ക കയ്യും ൨൩-ലെ വിള എറക്കാൻ കന്ന പൂട്ടി ഇട്ടിയിരിക്കുന്നു എ ന്നും ൦ര൦ നിലം അന്ന്യായക്കാരൻ ൪-ാം പ്രതിയൊട വാങ്ങിയ പ്ര കാരം കെട്ടിട്ടുണ്ടെന്നും- പാട്ടം അന്ന്യായക്കാരന കൊടുക്കാനും- നി ലം ഒഴിഞ്ഞ കൊടുക്കെണ്ടതിനും ൪- ൩- പ്രതിക്കാര തനിക്ക എ ന്നെക്കകൊടുക്കുകയ്യും താൻ ആയ്യു കാണുകയ്യും- തന്നൊട പറകയ്യും ഉണ്ടായീട്ടില്ലെന്നും മററും ൧-ാം പ്രതിയ്യും- അന്ന്യായത്തിൽ പറയ്യു ന്ന നിലം ൭൩- പണം കാണമായി ദെവസ്സത്തിൽനിന്ന താ ൻ ചാൎത്തി വാങ്ങി നടന്ന വന്നിരുന്നു എന്നും ൨൯ ചിങ്ങമാ സത്തിൽ തനിക്ക പണത്തിന്ന മുട്ട വരികകൊണ്ട ആധാരം അന്ന്യായക്കാരൻ വക്കൽ വെച്ച നിലം അന്ന്യായക്കാരന കൊ ഴുവെറക്കം പണയമായി എഴുതി കൊടുത്തിരിക്കുന്നു എന്നും തു ലാമാസം ൧൩-൱-ലകത്ത പണവും പലിശയ്യും കൊടുത്താൽ ഉ ഭയം ഇങ്ങൊട്ട തന്നെ വിട്ടതരാനായി വെച്ചിരിക്കുന്നു എന്നും അപ്രകാരം പണം തെയ്യാറാക്കി കൊണ്ടുചെന്നീട്ട അന്ന്യായ ക്കാരൻ വാങ്ങീട്ടില്ലന്നും മററും ൨ാം പ്രതിയ്യും- അന്ന്യായക്കാരൻ ൧-ാം പ്രതിയ്യുടെ വീട്ടിൽ ചെന്ന അവന കൊടുപ്പാനുള്ള പാട്ട നെല്ല ചൊദിച്ചാറെ പാട്ടശീട്ട കാണട്ടെ എന്ന ൧-ാം പ്രതി പ റകയ്യും- നെല്ല തന്നീട്ട പാട്ടശീട്ട തരാമെന്ന അന്ന്യായക്കാരനും പറകയ്യും പിന്നെ ൧- മുതൽ ൯വരെ പ്രതിക്കാര കൂടി അന്ന്യാ യക്കാരനെ പിടിച്ച അരയിൽ ഉണ്ടായിരുന്ന പാട്ടശീട്ട ൧-ാം പ്രതി എടുക്കയ്യും അന്ന്യായക്കാരന്റെ പുറത്ത ൧-ാം പ്രതി ഒ ന്ന രണ്ടടിക്കയ്യും ചെയ്തു ൪- ൩- പ്രതിക്കാര ഇരിക്കുന്നെടത്തക്ക പാട്ടശീട്ടും കൊണ്ട ൧-ാം പ്രതി പൊകയ്യും- അന്ന്യായക്കാരൻ അധികാരി മുഖ്യസ്ഥന്മാരൊട പറവാനും പൊയി എന്നും അ ന്ന്യായത്തിൽ പറയ്യുന്ന നിലം- ൪-ാം പ്രതിയൊട അന്ന്യായ ക്കാരൻ വാങ്ങുകയ്യും- അപ്പൊൾ- ൧-ാം പ്രതി അതിൽ എറക്കി രിക്കുന്ന വിളയ്യുടെ പാട്ടം- അന്ന്യായക്കാരന കൊടുപ്പാൻ വെ ച്ചപ്രകാരം- കൊടുക്കാതെ തകരാറ ചെയ്കത എന്നും- നിലം ൧-ാം പ്രതി അന്ന്യായക്കാരന ഒഴിഞ്ഞ കൊടുക്കയ്യും അന്ന്യായക്കാരൻ കന്ന പൂട്ടിച്ച വരുന്നു എന്നും മററും ൧- മുതൽ ൯ വരെ സാ ക്ഷിക്കാരും- അന്ന്യായത്തിൽ പറയ്യുന്ന നിലത്തിന്മെൽ ൪-ാം പ്രതിക്കുള്ളവകാശം- അന്ന്യായക്കാരനൊട വാങ്ങി നിലം ഒഴി ഞ്ഞ കൊടുക്കയ്യും- ആ സമയം ൨൪ലെക്ക ൪-ാം പ്രതി കൊടു

ത്തീട്ട- ൧-ാം പ്രതി എറക്കിയിരിക്കുന്ന വിള അവൻ എടുത്ത നിലം ഒഴിഞ്ഞ കൊടുത്തതല്ലാതെ- പാട്ടം കൊടുത്തീട്ടില്ലെന്നും ൮൫ലെക്ക കൃഷി നടപ്പാൻ നിലത്ത അന്ന്യായക്കാരൻ കന്ന പൂട്ടിച്ച വരുന്ന എന്നും- മററും ൨-ം ൫-ം സാക്ഷികളും- അന്ന്യായത്തിൽ പറയുന്ന നിലം ദെവസ്സം ജന്മവും താൻ ആ ദെവസ്സം ഊരാളനും- ആണെന്നും ഠരം നിലം ൭൫- പണത്തിന്ന രണ്ടാധാരമായി കുറെ കൊല്ലം മുമ്പെ ൨-ാം പ്രതിക്ക ചാൎത്തി കൊടുത്ത നടന്ന വരുമ്പൊൾ ൨-ാം പ്രതിക്ക മുട്ട വരികകൊണ്ട ൨-ാം പ്രതിയുടെ പണം അന്ന്യായക്കാരനൊട വാങ്ങി കാണാധാരവും എണെക്കും അന്ന്യായക്കാരന കൊടുക്കയും നിലവും ഒഴിഞ്ഞ കൊടുക്കകൊണ്ട അന്ന്യായക്കാരൻ മെപ്പടി ആധാരം തന്റെ അടുക്കെ കൊണ്ടുവരികയാൽ താൻ നിലം ൮൦൧- പണത്തിന്ന അന്ന്യായക്കാരന ചാൎത്തി കൊടുത്തിരിക്കുന്നു എന്നും ൮൫ലെക്ക കൃഷി നടപ്പാൻ അന്ന്യായക്കാരനാണ നിലത്ത പ്രവൃത്തി ചെയ്യു നടന്ന വരുന്നത എന്നും- ആ വക ആധാരങ്ങൾ ഇവിടെ കൊണ്ടുവന്നീട്ടുണ്ടെന്നും മററും ൩-ാം സാക്ഷിയും- അന്ന്യായത്തിൽ പറയുന്ന ധനുമാസം ൮൧൩- ഉച്ചയാകുന്ന വരെക്കും അന്ന്യായക്കാരൻ ൧-ാം പ്രതിയുടെ കുടിയിൽ വരികയും- നെല്ല ചൊദിക്കയും- അവിടെ വെച്ച അന്ന്യായത്തിൽ പറയുന്ന പ്രകാരം ഒരു അടികലശലും ഉണ്ടായീട്ടില്ലെന്നും മററും- പ്രതി വക- സാക്ഷിക്കാരും വിസ്താരത്തിൽ ബൊധിപ്പിച്ചിരിക്കുന്നു ഠരം കാൎയ്യത്തിന്റെ വിസ്താര കടലാസ്സുകൾ ഒക്കെയും നൊക്കിയ്യിൽ അന്ന്യായക്കാരന്റെ വക്കൽ ഉണ്ടായിരുന്ന പാട്ടശീട്ട ൧- മുതൽ ൩വരെ പ്രതിക്കാര കൂടി പിടിച്ച പറക്കയും- ൧-ാം പ്രതി അന്ന്യായക്കാരനെ അടിക്കയും- ചെയ്യിരിക്കുന്ന പ്രകാരം അന്ന്യായം വക ൧- മുതൽ ൩വരെ സാക്ഷിക്കാര പറയുന്നതിൽ തെളിവ കാണുന്നുണ്ടെങ്കിലും- പ്രതി സാക്ഷികളാൽ ആ പ്രകാരം ഉണ്ടായീട്ടില്ലെന്ന തെളികയും- അന്ന്യായക്കാരന ൧-ാം പ്രതി നിശ്ചയപ്രകാരം പാട്ടം കൊടുക്കാത്ത ഹെതുവാൽ അവര തമ്മിൽ അങ്ങൊട്ടും ഇങ്ങൊട്ടും ചില വാക്കുകൾ ഉണ്ടായി എന്നല്ലാതെ- മററ ഒരു അവസ്ഥയും ഉണ്ടായ പ്രകാരം അന്ന്യെഷണത്തിൽ കാണുന്നില്ലായ്കകൊണ്ടും പ്രതികളെ ശിക്ഷയിൽ ഉൾപ്പെടുത്തുവാൻ ഒറപ്പായ തെളിവ പൊരായ്കയാൽ ഠരം കാൎയ്യം നീക്കി പിടിച്ചിരിക്കുന്ന- ൧- ൨- പ്രതികളെ വിട്ടയപ്പാനും- അന്ന്യായത്തിൽ പറയുന്ന നിലം ൨-ാം പ്രതി തന്റെ അവകാശം അന്ന്യായക്കാരനൊട വാങ്ങി ഒഴിഞ്ഞ കൊടുത്ത അന്ന്യായക്കാരൻ ൮൫ലെക്ക കൃഷി നടപ്പാൻ കന്ന പൂട്ടിച്ച വരുന്ന പ്രകാരം സാക്ഷിക്കാര പറയുന്നതിൽ വെണ്ടുംവണ്ണം തെളിയുന്നത കൂടാ

തെ തന്റെ അവകാശം- എപ്പെർപ്പട്ടതും അന്ന്യായക്കാരനൊട
വാങ്ങി നിലം ഒഴിഞ്ഞ കൊടുത്തിരിക്കുന്നു എന്ന ൧-ാം പ്രതി
സമ്മതിക്കുകയും അന്ന്യായക്കാരനും ൩-ാം സാക്ഷിയും കാണി
ക്കുന്ന മെപ്പടി ആധാരങ്ങൾ നൊക്കുമ്പൊഴും- നിലം അന്ന്യാ
യക്കാരൻ കൈവശത്തിൽ ആകുന്നു എന്ന കാണുന്നതകൊ
ണ്ടും- ൨-ാം പ്രതി ൪-ാം പ്രതിയൊടാകുന്നു പാട്ടത്തിന്ന വാങ്ങി
നടക്കുന്നത എന്നും ൧-ം ൪-ം പ്രതികളുടെ എണൊക്കുകൾ കാണാ
യ്ക്കകൊണ്ടും- അവര പറയായ്ക്കകൊണ്ടും നിലം താൻ ഒഴിഞ്ഞി
ട്ടില്ലാഎന്ന ൨-ാം പ്രതി പറയുന്നത ൟ നിലം ഇപ്പൊൾ- ൧-ാം
പ്രതിക്ക തന്നെ കിട്ടെണമെന്നും താൻ അന്ന്യായക്കാരനൊട
വാങ്ങിയ ദ്രവ്യം- അവന്ന തന്നെ തിരിയ കൊടുക്കാമെന്നും- ൧-ാം
പ്രതി അന്ന്യായക്കാരനൊട പറകയും- പറയിക്കയും ചെയ്തീട്ട
അതിന്ന അന്ന്യായക്കാരൻ വഴിപ്പെടാതെ ഇരിക്കയും അധികം
ദ്രവ്യത്തിന്ന അന്ന്യായക്കാരൻ ദെവസ്സത്തിൽനിന്ന ചാൎത്തി
വാങ്ങുകയും ചെയ്കയാൽ മുമ്പെ കളവ മുതലായ്ത ചെയ്ത ശിക്ഷ
അനുഭവിച്ച ദുൎന്നടപ്പകാരനായ ൨-ാം പ്രതിയെ ൧-ാം പ്രതി
സ്വാധീനത്തിൽ വെച്ച ഉഭയം അവൻ ഒഴിഞ്ഞ കൊടുത്തീട്ടി
ല്ലെന്ന വാദിപ്പിക്കുന്ന പ്രകാരവും- കാണുന്നതാകകൊണ്ടും
൨-ാം പ്രതിക്ക ൟ നിലത്തിന്മെൽ യാതൊരു അവകാശമില്ലാ
തെ ഇരിക്കുമ്പൊൾ അവന്റെ വാദം ൟ കാൎയ്യത്തിലെക്ക അ
നുസരിപ്പാൻ ഒട്ടും യൊഗ്യത പൊരാതെയും- ഇപ്പൊൾ ൟ നി
ലം ദ്രവ്യത്തൊടും കൂടി പൂൎണ്ണവകാശിയും നടപ്പും- അന്ന്യായക്കാ
രൻ ആകകൊണ്ടും നിലം അന്ന്യായക്കാരൻ തന്നെ നടന്ന വ
രെണ്ടതാണെന്നും അതിന്ന ൨- ൧- പ്രതികൾ ഏതെങ്കിലും സങ്കടം
വിചാരിക്കുന്നു എങ്കിൽ അവരും പാട്ടം കിട്ടെണ്ടുന്നതിന്ന അ
ന്ന്യായക്കാരനും സീവിൽ വ്യവഹരിക്കെണ്ടതാണെന്നും- കല്പിക്കു
കയും ചെയ്തു.

മജിസ്ത്രെട്ടിലെക്ക.

കുറുനാട താലൂക്ക———അംശത്തിൽ കുഞ്ഞിമുയ്തിൻ ബൊധി
പ്പിക്കുന്ന അപ്പീൽ ഹരജി- മെപ്പടി താലൂക്ക തഹശ്ശീൽദാര വി
സ്തരിച്ച ൧ൻ വിപ്രുവരി ൨൭ന- കല്പിച്ച തീൎപ്പിൽ അന്ന്യായ
ക്കാരൻ ചെക്കു ൨ാം പ്രതി എന്റെയും ശെഷം ൧- പ്രതികളു
ടെയും ഒററക്കയിത ൧൦ മിളിയംകണ്ടത്തിന്ന എഴുതി കൊടുത്ത
വെറുമ്പാട്ടശീട്ട പിടിച്ച പറിച്ചിരിക്കുന്നു എന്ന ബൊധിപ്പിച്ച
കാൎയ്യം വിസ്തരിച്ച പിടിച്ചുപറി കാൎയ്യം- തെളിവില്ലാത്തതിനാൽ
നീക്കി പ്രതിക്കാരെ വിട്ടയച്ചിരിക്കുന്നു എന്നും ഞാൻ പാട്ടം ന

ടന്ന വരുന്ന മെപ്പടി ൪ം മിളിയംകണ്ടത്തിന്ന പൂൎണ്ണവകാശി അ
ന്ന്യായക്കാരനാകകൊണ്ട നിലം അന്ന്യായക്കാരൻ നടക്കെണ്ടത
എന്നും അതിന സങ്കടം വിചാരിക്കുന്നവര സീവിൽവ്യവഹാ
രം ചെയ്യെണ്ടത എന്നും കല്പിച്ചിട്ടുള്ള തീൎപ്പ സൎക്കാര നിയമത്തി
ന്നും നെരിന്നും എത്രെയും വിരൊധമായിട്ടുള്ളതാകകൊണ്ട ആ
യ്ത മാററി ഞാൻ നടന്ന വരുന്ന മെപ്പടി നിലം എനിക്ക നട
പ്പാൻ തീൎപ്പതരെണ്ടത എന്നും താഴെ പറയുന്ന സംഗതികളാൽ
ബൊധിക്കുന്നതാകുന്നു- ൧ാമത- മെപ്പടി നിലത്തിന്ന പൂൎണ്ണഅ
വകാശിയും- നികുതി ജമയും- നികുതി പാട്ടം കൊടുത്ത അനു
ഭവിക്കുന്നെയും ഉടമക്കാരനായ മെപ്പടി അന്ന്യായത്തിലെ ൫-ാം
പ്രതിയൊട- ൧൦൨൩ മീനത്തിൽ ൧൦൨൪ാമതിലെക്ക ൨൬- പറ
നെല്ല കൊടുപ്പാൻ വെറുമ്പാട്ട ശീട്ട എഴുതി കൊടുത്ത നിലം
ഞാൻ നടക്കുകയും ഠരം- ൨൪- ധനു കൂടി മെപ്പടി നെല്ല മുഴവ
നും തീൎത്ത കൊടുക്കുകയും വിള നഷ്ടം വന്നതിനാൽ പാട്ടം മുത
ലാവായ്കകൊണ്ട രണ്ട കൊല്ലത്തിന്ന കൂടി ഇനിക്ക തന്നെ ത
രെണമെന്ന പറഞ്ഞ അതിനായി ൪ ഉറപ്പിക ൫ാം പ്രതിക്ക
ക്ക കൊടുക്കുകയും- ആയ്ത സമ്മതിച്ച ൨൪ലെ പാട്ടം ബൊധി
ച്ച പ്രകാരവും ൨൫ലെക്ക- ൨൩ൽ എഴുതി കൊടുത്ത വെറുമ്പാട്ട
ശീട്ട പ്രകാരം നടന്ന പാട്ടം തരെണമെന്നും ൫ാം പ്രതി മുറിത
രികയും ചെയ്തു വിള എടുത്ത ഉടനെ- ൨൫ലെക്കുള്ള വിള എറ
ക്കുവാൻ ഞാൻ കന്ന പൂട്ടി വിതക്കാറാക്കുകയും ചെയ്തു എന്റെ
കൈവശം- നിൽക്കുന്ന നിലത്തിന്ന അന്ന്യായക്കാരന കല്പിച്ച
കൊടുത്ത തീൎപ്പ പൂൎണ്ണവകാശിയായ ൫ാം പ്രതി വക്കൽ ഉള്ള
ആധാരങ്ങളും എന്റെ വക്കൽ ഉള്ള ആധാരവും നൊക്കുകയും
അയാളൊട വിസ്തരിക്കുകയും ചെയ്തുയെങ്കിലും അഥവാ അതി
ന സംഗതി വന്നീട്ടില്ലെങ്കിൽ ഇപ്രകാരം തന്നെയൊ നികുതി
ജമയും നടപ്പും അവകാശവും എന്ന ആയംശം അധികാരി മെ
നൊൻ ദെശത്ത മുഖ്യസ്ഥൻമാര പ്രമാണികൾ അയൽ കൃഷി
ക്കാര ഇങ്ങിനെ മുഖ്യമായി ഉള്ള ആളുകളൊട വിസ്തരിച്ച നിജം
വരുത്തെണ്ടത ചെയ്തുവെങ്കിലും- മെപ്പടി തീൎപ്പിന്ന എട വരു
ന്നതല്ലെന്നും- ആയ്ത ചെയ്യാതെയും അന്ന്യായക്കാരന- അനുകൂ
ലമായും ഇങ്ങൊട്ട വിരൊധികളായും ഉള്ള മറു ദെശക്കാരായ
ആളുകളെ സാക്ഷി വെച്ച വിസ്തരിക്കയും ചെയ്തു ഒരിക്കലും
ഠരം നിലം അന്ന്യായക്കാരന്റെ കൈവശം- വന്നിട്ടില്ലാതെ ഇ
രിക്കുമ്പൊൾ അവന്റെ കൈവശമെന്നാക്കി നിലം അന്ന്യായ
ക്കാരൻ നടക്കെണ്ടത എന്ന തഹശ്ശീൽദാര വിചാരിച്ചകല്പിച്ചി
ട്ടുള്ള ഠരം തീൎപ്പ എത്രെയും നെരകെട എന്നും- ക്രമ വിരൊധമാ
യിട്ടുള്ളതെന്നും ആ വക വിസ്താര കടലാസ്സുകളും തീൎപ്പും സ

ന്നിധാനത്തിങ്കൽ വരുത്തി നൊക്കുമ്പൊൾ ബൊധിക്കുന്നതാകുന്നു. ൨-ാമത- മെപ്പടി നിലത്തിന്റെ കാണാധാരം ൪ാം പ്രതി പെരിൽ ആകയും- ആയവകാശം അന്ന്യായക്കാരന ൪ാം പ്രതികൊടുക്കയും അത അന്ന്യായക്കാരൻ ജന്മി വക്കൽനിന്ന നെരിട്ട വാങ്ങുകയും നികുതിക്ക അംശത്തിലെക്ക- എഴുത്ത വാങ്ങുകയും ചെയ്യിരിക്കുന്നു എന്ന അന്ന്യായക്കാരനും- അത പ്രമാണിച്ച മെപ്പടി സാക്ഷികളും പറഞ്ഞിട്ടുള്ളത കൂടാതെ- ജന്മിയാണെന്ന നിശ്ചയിച്ചിരിക്കുന്ന ൩-ാം സാക്ഷിയുടെ വാക്കും ആ ആള കാണിക്കുന്ന ആധാരങ്ങളും എത്രെയും നിജമെന്നും അതകളെ പ്രമാണിച്ചും- നിലം അന്ന്യായക്കാരൻ നടപ്പാനായി തീൎപ്പിൽ എഴുതി കാണുന്നു- ആയ്യ ഒട്ടും ശെരിയായിട്ടുള്ളതും അല്ലാ അത എന്തെന്നാൽ- ൪ാം പ്രതി ഒരു മുട്ടിന്ന വെണ്ടി കൊഴവെറക്കം പണൊയം കൊടുത്ത ഏതാനും ദ്രവ്യം വാങ്ങി എന്നല്ലാതെ നിലത്തിന്ന താൻ പ്രത്ത്യെകം അവകാശി അല്ലാ എന്നും ആ മുതൽ തറവാട്ടവകയെന്നും- ആധാരം മാത്രം തന്റെ പെരിൽ എന്നും താൻ വാങ്ങിയ പണം കൊടുക്കുമ്പൊൾ അന്ന്യായക്കാരൻ ആധാരങ്ങൾ ഇങ്ങൊട്ട മടക്കി കൊടുപ്പാൻ വെച്ചിട്ടുണ്ടെന്നും വിസ്താരത്തിൽ പറഞ്ഞിരിക്കുന്നു- ആയവസ്ഥയും നികുതിക്ക ഒരു കത്തുതപവും ഇല്ലാത്ത മെപ്പടി ൪ാം പ്രതിയൊട വാങ്ങീട്ടുണ്ടെന്ന പറയുന്ന എഴുത്തിന്റെ അവസ്ഥയും- വിചാരിച്ചിരുന്നു എങ്കിൽ തന്നെ ഠരം കാൎയ്യത്തിൽ എന്തെങ്കിലും വ്യാജം ഉണ്ടെന്നും നിലം ഒരു സമയത്തും അന്ന്യായക്കാരൻ കൈവശം വന്നീട്ടില്ലെന്നും വിചാരിപ്പാൻ സംഗതി ഉള്ളത കൂടാതെ നിലം എന്റെ കൈവശമാണ നടപ്പ എന്ന ആ വക വിസ്താരങ്ങളാൽ കാണുന്നതും നൊക്കി എങ്കിൽ അന്ന്യായക്കാരന അവകാശമുണ്ടെങ്കിൽ സീവിൽ വ്യവഹാരം ചെയ്യാനും നിലം എന്റെ കൈവശത്തിൽനിന്ന വിടുത്താതെയും തീൎപ്പ കല്പിക്കുവാൻ നല്ല സംഗതി ഉണ്ടെന്നും വന്നിരിക്കുമ്പൊൾ അന്ന്യായക്കാരൻ കൈവശം നടത്തുവാൻ കല്പിച്ച തീൎപ്പ തഹശ്ശീൽദാരുടെ ആവിശ്യം പ്രകാരം കല്പിച്ചത എന്നും സന്നിധാനത്തിങ്കൽ നിന്ന നൊക്കുമ്പൊൾ വെളിവായി ബൊധിക്കയും ചെയ്യും. ൫-ാമത- ഠരം നിലത്തിന്റെ അവകാശിയായ. ൧ാം പ്രതി അറിയാതെ ൪ാം പ്രതിയും- അന്ന്യായക്കാരനും കൂടി യൊജിച്ച പിടിച്ചുപറി എന്ന ഒര ഹെതു ഉണ്ടാക്കി അന്ന്യായം ചെയ്കയും അതിന്ന തഹശ്ശീൽദാര കൂടി സഹായമായി നിൽക്കുകയും ചെയ്ക നിലം അന്ന്യായക്കാരൻ നടപ്പാൻ കല്പിച്ചതല്ലാതെ എന്റെ നടപ്പും അവകാശവും- വിചാരിച്ചീട്ടില്ലെന്ന ആ വക വിസ്താരങ്ങളാലും തീൎപ്പാലും ബൊധിക്കുന്നതാകുന്നു.

ഴാമത- അന്ന്യായഭാഗമായി ഏറിയ ന്ന്യായങ്ങൾ തീൎപ്പിൽ എ
ഴുതി കാണുന്നു ആയ്തിന്റെ സമാധാനം ഞാൻ പറവാൻ ആ
വിശ്രം ഇല്ലായ്കകൊണ്ട ആയ്ത ഞാൻ പറഞ്ഞീട്ടില്ല- എന്റെ
കൈവശം നിൽക്കുന്ന നിലം- മററ ഒരുത്തൻ കൈവശമാക്കി
കൊടുപ്പാൻ കല്പിച്ചതും ഞാൻ കൊടുത്ത പാട്ടത്തിന്ന വ്യവഹാ
രം ചെയ്യാൻ കല്പിച്ചതും ഏററവും സങ്കടമാകകൊണ്ട ആയ്ത മാ
റവാൻ ഉള്ള സംഗതികൾ മാത്രം പറയുന്നതാകകൊണ്ട ഠരം
സംഗതികൾ ഒക്കെയും നോക്കി പൂൎണ്ണമായി തെളിഞ്ഞിരിക്കുന്ന
എന്റെ നടപ്പിനെ വിട്ടും ഞാൻ കൊടുത്ത മുതലിന സീവിൽ
വ്യവഹാരം ചെയ്യേണമെന്നും നിലം അന്ന്യായക്കാരൻ കൈ
വശം നടത്തുവാൻ കല്പിച്ചതും എത്രെയും നെരകെടും ക്രമവി
രൊധവും ആകകൊണ്ട സന്നിധാനത്തിങ്കലെ ദയവുണ്ടായി
മെപ്പടി വിസ്താരങ്ങളും തീൎപ്പും വരുത്തി നൊക്കിയും താലൂക്കിൽ
വാങ്ങാത്ത എന്റെ വക്കൽ ഉള്ള മുറി ഇതൊടു കൂടി ബൊധിപ്പി
ക്കുന്നത നൊക്കിയും നെരറിഞ്ഞ ഞാൻ നടക്കുന്ന മെപ്പടി നി
ലം അന്ന്യായക്കാരൻ നടപ്പാൻ കല്പിച്ച തീൎപ്പ മാററി എന്നെ
കൊണ്ട തന്നെ നടത്തിപ്പാനും അതിന്ന കല്പന ഉണ്ടാകുന്നതി
ലിടെക്ക നിലം ഞാൻ വിതക്കാറാക്കി ഇട്ടിരിക്കുന്നതാകകൊണ്ട
താലൂക്കിലെ തീൎപ്പപ്രകാരം അന്ന്യായക്കാരന നടപ്പാൻ എട വ
രുന്നതും അതിനാൽ ഇനിക്ക നഷ്ടം അനുഭവിക്കുന്നതും ആക
കൊണ്ട തീൎച്ചയായി കല്പിക്കുന്നവരെ മെപ്പടി നിലം അന്ന്യാ
യക്കാരന നടത്തി കൊടുക്കാതെ ഇരിപ്പാൻ ഉടനെ താലൂക്കിലെ
ക്ക കല്പനയാകെണ്ടതിന്ന വളരെ അപെക്ഷിക്കുന്നു.

THE
MALAYALAM READER
PART IV.

മലയാം പ്രവിശ്യയിൽ ൧൨൩൬ആം ഫസലി ജമാവന്തി ഹുക്മനാമം-

൧൨ാം ൧൨൩൬ാം ഫസലി ജമാവന്തി അന്വെഷണം-

താഴെ എഴുതിരിക്കുന്ന വിവരപ്രകാരം ചെയ്തു കണക്കുകൾ അയക്കുകയും വെണം-

പറമ്പ വക.

൧ാമത- ഇപ്പൊൾ അതാത താലൂക്കിൽ ഉള്ള മരഫലം പറമ്പകൾ ഒക്കെയും നൊക്കി തീൎന്നിരിക്കുന്നതാകകൊണ്ട ആ വക പറമ്പകളിൽ ഇടി വെട്ടീട്ടും വെള്ളം കൊണ്ടും- കാററ കൊണ്ടും- മററും സംഗതിയാൽ വൃക്ഷങ്ങൾ പൊയിപ്പൊയിട്ടുണ്ടെന്ന ഏത കുടിയാൻ എങ്കിലും ഹരജി എഴുതി താലൂക്കിൽ ബൊധിപ്പിക്കുകയും ആ വക പറമ്പകൾ നൊക്കെണ്ടത ആവിശ്യം തന്നെ എന്ന തഹശ്ശീൽദാൎക്ക ബൊദ്ധ്യം വരികയും ആയ്തു ചുരുക്കം പറമ്പുള്ള കുടിയാന്മാരായിരിക്കുകയും ചെയ്താൽ ആ വക പറമ്പകൾ സമയം ഉള്ളപ്പൊൾ തഹശ്ശീൽദാൎകളും സമയം ഇല്ലെങ്കിൽ തഴെ ഉള്ള കാൎയ്യസ്ഥന്മാൎക്ക ഹരജിക്ക താഴെ കല്പന എഴുതി കൊടുത്ത അവരെ കൊണ്ടും കഴിഞ്ഞ കൊല്ലം വരെ അയച്ചു വന്നിരുന്ന ഹുക്മനാമങ്ങളിൽ കല്പിച്ചിരിക്കുന്ന താല്പൎയ്യം പ്രകാരം നൊക്കിയും നൊക്കിച്ചും കണക്കയക്കുകയും ആ കണക്കിൽ ആ വക കുടിയാന്മാരുടെ പറമ്പകൾ ഒടുക്കം ഇന്ന കൊല്ലത്തിൽ നൊക്കി എന്നും അന്ന ഇത്ര കൻമിജാസ്തി ഉണ്ടായിരുന്നു എന്നും അറിവാൻ തക്കവണ്ണം ഒര കള്ളി കൂടി വരച്ചു എഴുതി കൊൾകയും വെണം.

൨ാമത- അധികം പറമ്പുള്ള വൻകുടിയാന്മാൎക്ക ചില പറമ്പകളിൽ ഇടി വെട്ടിട്ടും മററും മെൽപ്രകാരം വൃക്ഷങ്ങൾ പൊയിപ്പൊയീട്ടുണ്ടെങ്കിൽ ഒടുക്കത്തെ പൈമാശിയിൽ ആ വക പറമ്പകളിലും വെറെ പറമ്പകളിലും കുലക്ക അടുത്തതായി ചെൎന്നിരിക്കുന്ന വൃക്ഷങ്ങൾ ഫലത്തിൽ ചെൎന്നിരിപ്പാനും അതിനാൽ

ആ വക നഷ്ടം തീരുവാനും സംഗതി ഉള്ളതാകകൊണ്ടും ആ വക കുടിയാന്മാരുടെ ജമക്കുള്ള ഒട്ടുപറമ്പുകളുടെ കണക്ക നൊക്കുമ്പൊൾ കുലക്കട്ടുത്തത ഇത്ര എന്ന അറിവാൻ സംഗതി ഉള്ളതാകകൊണ്ടും- ആ വക കുടിയാന്മാരുടെ പറമ്പുകൾ നൊക്കിപ്പാൻ ആവിശ്യവും ഇല്ല.

൩ാമത. മെൽപ്രകാരം പറമ്പ നൊക്കെണമെന്ന കുടിയാന്മാര ബൊധിപ്പിക്കുന്ന ഹരജികളിൽ നൊക്കാൻ സംഗതികാണാത്ത വക കുടിയാന്മാരുടെ ഹരജിപ്രത്തി അതിനുള്ള സംഗതി എഴുതി തഹശ്ശീൽദാൎക്കൾ ഒപ്പിട്ട കച്ചെരിയിൽ വെച്ച കൊൾകയും ആ വിവരപ്രകാരം ഹരജിക്കാൎക്ക മറുപടിയും കൊടുത്ത കൊൾകയും വെണം.

൪ാമത. കഴിഞ്ഞ ൲൨൫൨ാം ഫസലിയിൽ ചില കുടിയാന്മാൎക്ക പറമ്പ വകക്ക സങ്ങതി പൊലെ രമീശൻ നിൎത്തീട്ടും ഉണ്ടല്ലൊ- ആ വക രമീശൻ മുഴുവനും ൧൮ംകൊല്ലം ജമക്ക ചെരെണ്ടതാകകൊണ്ട ആയ്തു ഒക്കെയും ജമക്ക ചെൎത്ത കൊൾകയും ആ വക കുടിയാന്മാരിൽ എത കുടിയാന്റെ എങ്കിലും പറമ്പകളിൽ ഇടിവെട്ടിട്ടും മറ്റും വൃക്ഷങ്ങൾ പൊയിപ്പൊയീട്ടുള്ള പ്രകാരമെങ്കിലും മുമ്പെ ഫലമായിരുന്ന വൃക്ഷങ്ങൾ ഇപ്പൊൾ അഫലമായി പൊയീട്ടുള്ള പ്രകാരമെങ്കിലും കണ്ടാൽ ആ വക പറമ്പകളും നൊക്കി കണക്കയച്ച കൊൾകയും വെണം.

൫ാമത. ൫൨-ാം ഫസലിവരെ നൊക്കീട്ടുള്ള പറമ്പകളിൽ വൎഷക്കുറവിനാലും മറ്റും ഫലങ്ങൾ അനുഭവക്ഷയം വന്നിരിക്കുന്ന പ്രകാരം ആരെങ്കിലും ബൊധിപ്പിച്ചാൽ ആവക കുടിയാന്മാരുടെയും നഷ്ടത്തിന്റെയും അവസ്ഥപൊലെ ഒര കൊല്ലത്തെക്ക രമീശൻ നിൎത്തിയാൽ മതിയാകുന്നതാകകൊണ്ട അപ്രകാരം ഉള്ള കുടിയാന്മാരുടെ കാൎയ്യം എതപ്രകാരമെന്ന സൂക്ഷ്മംവരുത്തി സങ്ങതികാണുന്ന പ്രകാരം പ്രത്യെകമായി രമീശൻ പട്ടിക ഉണ്ടാക്കി അയച്ചുകൊൾകയും വെണം.

൬-ാമത പുതിയ്യായി ജമ നിശ്ചയിപ്പാനുള്ള പറമ്പകൾ മൎയ്യാദപ്രകാരം പൈമാശി ചെയ്യു കണക്കയക്കുകയും വെണം.

൭-ാമത കഴിഞ്ഞ ൫൨-ാം ഫസലിവരെ പൈമാശിചെയ്യു പറമ്പകളുടെ ഓരെട കണക്ക പ്രത്യെകം സൂക്ഷിക്കെണ്ടതാകയാൽ ആവക എടുകൾ ഓരൊരൊ ജമ ഒട്ടായി വഴിക്കവെഴിയെ കൊത്ത കെട്ടി അസ്സൽ കണക്ക മുദ്ര അടിച്ച താലൂക്കിൽ ബന്തൊപസ്തായി വെച്ച പകൎപ്പ അംശം മെനൊന്മാൎക്ക കൊടുത്ത അംശത്തിൽ സൂക്ഷിച്ച വെപ്പാൻ തക്കവണ്ണം ആക്കി കൊള്ളെണമെന്ന ൫൦- ൫൧- ൧൮ം രണ്ട ഫസലി ജമാപന്തി ഹുശമനാമങ്ങളിൽ കല്പിച്ചിരിക്കുന്നത കൂടാതെ അതിന്റെ ശെഷം ആ വി

വരത്തിന്ന പലെ പ്രാവിശ്യവും കല്പനകൾ അയച്ചീട്ടും ഉണ്ടെ ല്ലൊ ൟ കാൎയ്യത്തിന്ന മെൽപ്രകാരം കല്പിച്ചിട്ട ഇപ്പൊൾ രണ്ട കൊല്ലത്തിൽ അധികമായീട്ടും ചില താലൂക്കകളിൽ ആ വക കണ ക്കുകൾ മുഴുവനും വെടിപ്പാക്കി കൊത്ത കെട്ടിവെച്ചപ്രകാരം കാ ണുന്നതും ഇല്ലാ തഹശ്ശീൽദാരന്മാര കല്പനപ്രകാരം ശെരിയായി നടന്നും നടത്തിച്ചും വരുന്നു എങ്കിൽ ഇപ്രകാരം വരുവാൻ സംഗതിയില്ലായ്കകൊണ്ട ൟ കാൎയ്യത്തിൽ ഒടുക്കം ൯൩൬ സത്തെ ന്ത്ര മാസം ൫൩– അയച്ച കല്പനപ്രകാരം നടന്ന മറുപടി ബൊ ധിപ്പിക്കുകയും വെണം.

ഉഭയം വക

൧-ാമത യാതൊരു കുടിയാനെങ്കിലും തന്റെ ജമക്ക ചെൎന്ന നിലങ്ങളിൽ എതാനും നിലം തരിശായി കിടക്കുന്നു എന്നെങ്കിലും വെള്ളക്കെട്ടുകൊണ്ടും മറ്റും വിള നഷ്ടം വന്ന പൊയി എന്ന ങ്കിലും ഹരജികൾ ബൊധിപ്പിച്ചാൽ ആയ്ത സൂക്ഷ്മത്തൊളം ത ഹശ്ശീൽദാർകൾ അന്ന്വെഷണം ചെയ്കയും വിള നൊക്കിക്കുക യും ചെയ്ത ആ വക കുടിയാന്മാൎക്ക രെമീശൻ നിൎത്തെണ്ടതായി കണ്ടാൽ ൧൩൬-ാം ഫസലി ഒരു കൊല്ലത്തെക്ക അവസ്ഥ പൊലെ നിൎത്തി ഇതൊട കൂടി അയക്കുന്ന ൨൦ാം നമ്പ്രമാതിരി പ്രകാരം രെമീശൻ കണക്കുണ്ടാക്കി അയച്ച കൊൾകയും വെണം- വിള കൊയ്യുന്നതിന്ന മുമ്പെ തന്നെ നൊക്കിക്കെണ്ടത ചെയ്യാതെ ചി ല താലൂക്കിൽ വിള കൊയിതതിന്റെ ശെഷം നൊക്കിച്ചും- അന്ന്വെഷിച്ചും സുമാറായി നഷ്ടം എഴുതി വരുന്നപ്രകാരം കാ ണുന്നു- ആയ്ത ശെരിയായ നടപ്പ അല്ലായ്കകൊണ്ട മെലാൽ അ പ്രകാരം വന്ന പൊകയും അരുത.

൨ാമത- അധികം നിലം ഉള്ള കുടിയാന്മാൎക്ക എതാനും നില ത്തിൽ തരിശ മുതലായ സംഗതിയാൽ നഷ്ടം ഉണ്ടെങ്കിലും ശെ ഷം ഉള്ള നിലങ്ങളിൽ ലാഭം ഉണ്ടാകുന്നതിനാൽ നഷ്ടം തീരു ന്നതാകകൊണ്ട അപ്രകാരം ഉള്ള കുടിയാന്മാരുടെ വക നില ങ്ങളും നികുതി കുറച്ച കിട്ടുവാനുള്ള താല്പൎയ്യം കൊണ്ട എങ്കിലും ജ മക്കാര നടത്തിപ്പാൻ പ്രാപ്തി ഉണ്ടായി ആയ്വരുടെ ഉദാസീന തകൊണ്ട എങ്കിലും നടത്താതെ തരിശായി കിടക്കുന്നതായാൽ ആ വക നിലങ്ങളും മെൽപ്രകാരം നൊക്കി കണക്കയപ്പാൻ ആവിശ്യവും ഇല്ലാ- അപ്രകാരം ബൊധിപ്പിക്കുന്ന കുടിയാന്മാ രുടെ ഹരജിപ്രത്ത അവരുടെ ഒട്ട ജമയും നിൎത്താൻ സംഗതി ക ണ്ടീട്ടില്ലാത്ത വിവരങ്ങളും എഴുതി തഹശ്ശീൽദാർകൾ ഒപ്പിട്ട ആ ഹരജികൾ കച്ചെരിയിൽ സൂക്ഷിച്ച ജമാപന്തി കച്ചെരി താ

ലൂക്കിൽ എത്തിയ്ക്കിൻെറ ശെഷം ആ വക ഹരജികളും ൩-ാം വകുപ്പിൽ പറയുന്ന ആ വക ഹരജികളും ലിസ്ത്രൊട കൂടി ജമാപന്തി കച്ചെരിയിൽ കൊടുത്ത കൊൾകയും രമിശൻ നിൎത്താൻ സംഗതി കാണാത്തവക്ക ആ വിവരപ്രകാരം ഹരജിപ്രത്ത മറുപടി കൊടുത്ത കൊൾകയും വെണം.

൧൦-ാമത ൲ ൧൨൭൩-ാം ഫസലിയിൽ കുടിയാൻ മരിച്ചു പൊകയും നാട വിട്ട പൊകയും ചെയ്ത സംഗതികൊണ്ട എങ്കിലും ദരിദ്ര്യംകൊണ്ടെങ്കിലും ശെഷക്കാര ഇല്ലാതെയും ശെഷക്കാര ഉണ്ടെങ്കിൽ പ്രാപ്തി പൊരാതെയും ഉള്ള സംഗതികൊണ്ടെങ്കിലും ജമക്ക ചെന്ന ഉഭയം മുഴവനും തരിശായിട്ടുണ്ടെങ്കിൽ ആയ്തിന്ന ജമക്കാരൻെറയും ജന്മക്കാരൻെറയും പെരും ജമക്കാരനുള്ള അവകാശവും ഇന്ന സംഗതിയാൽ തരിശ എന്നും മററും യാദാസ്ത എഴുതി പ്രത്യെകമായി ഒര കണക്കയക്കുകയും ആ വക നിലങ്ങൾ താല്പൎയ്യമായി പ്രയത്നം ചെയ്യു സമയപ്രകാരം നടപ്പാക്കിച്ചു കൊൾകയും വെണം.

൧൧-ാമത. വിട്ട നിൎത്തെണ്ടുന്ന നിലങ്ങളുടെ കണക്കുകൾ കിഴക്കട ഫസലിയിൽ ചില താലൂക്ക തഹശ്ശീൽദാർകൾ അയച്ചതിൽ ജമക്കാരൻ മരിച്ചു പൊയീട്ടും നാട വിട്ട പൊയീട്ടും മററും ഉള്ള സംഗതിയാൽ ജമക്ക ചെന്ന നിലങ്ങൾ മുഴവനും തരിശായിട്ടുള്ളത മാത്രം ചെൎത്ത അയക്കെണ്ടതല്ലാതെ ഹാജരുള്ള ജമക്കാരുടെ ജമക്ക ചെന്ന നിലങ്ങളിൽ ഏതാനും കിടപ്പുള്ളത കൂടി ചെൎത്തയച്ചു കണ്ടിരിക്കുന്നു- ഒര ജമക്ക ചെന്ന നിലങ്ങൾ ഏതാനും നടപ്പും ഏതാനും കിടപ്പും ആയാൽ ആയ്തിന്ന കുടിയാൻെറ അവസ്ഥപൊലെ ഒര കൊല്ലത്തെക്ക മാത്രം രെമീശൻ നിൎത്തെണ്ടതും- അതിൻെറ ശെഷം നിലം ജമക്കാരൻ തന്നെ നടത്തെണ്ടതും ആകകൊണ്ട ആ വക എട്ടാം വകുപ്പിൽ പറയുന്ന രമീശൻ കണക്കിൽ ചെൎത്തയച്ചു കൊൾകയും വെണം.

൧൨-ാമത കഴിഞ്ഞ ൭൨-ാം ഫസലി ഒര കൊല്ലത്തിന്ന വിളനഷ്ടത്തിന്നും മററും നിൎത്തീട്ടുള്ള രെമീശൻ ൲ ൭൩-ാം ഫസലിയിൽ ജമക്ക ചെക്കെണ്ടതാകകൊണ്ട ആയ്ത മുഴവനും ജമക്ക ചെൎത്തകൊൾകയും വെണം.

൧൩-ാമത. അത കൂടാതെ ൬൩-ാം ഫസലി മുതൽ കഴിഞ്ഞ ൭൨-ാം ഫസലിവരെ തരിശ സംഗതികൊണ്ടും നികുതി അധികംകൊണ്ടും മററും സംഗതിക്ക രെമീശൻ നിൎത്തീട്ടുള്ളതിൽ കഴിഞ്ഞ ഫസലിവരെക്ക ജമക്ക ചെന്നത കഴിച്ചു ബാക്കി ഉള്ളത ഇത്ര എന്നും ആയ്ത മെലാലും നിൎത്തെണ്ടത ആവിശ്യം തന്നെയൊ എന്നും സൂക്ഷ്മം വരുത്തെണ്ടതാകകൊണ്ട ആ വകയിൽ ൨-ാമതും ജമക്ക ചെല്പാൻ പാടുള്ളത ഒക്കെയും ൲ക്കൊല്ലം ചെ

ത്തകൊാൾകയും ചെയ്യാൻ പാടില്ലാത്തതിന്ന തരിശവകയാക്കു
ന്നു എങ്കിൽ ആവക തരിശനിലങ്ങൾക്ക നിത്തിരിക്കുന്നത
അതാത നിലത്തിന്റെ ജമതന്നെ എന്ന കണ്ടാൽ ആവക ര
മീശൻ മെലാലും നിത്തികൊാൾകയും അപ്രകാരം രെമീശൻ
കൊട്ടത്തിട്ടുള്ള നിലത്തിന്റെ പെരുക്കത്തിന്റെയും മററും അ
വസ്ഥ വിചാരിക്കുമ്പൊൾ മുമ്പെ നിത്തിപ്പൊയ്യ അധികമെന്ന
കണ്ടാൽ വിഹിതപ്രകാരം ആ നിലങ്ങൾക്ക എത്ര നിത്താമൊ
ആയ്യ മാത്രം നിത്തി ശെഷം ജമ പിടിച്ചുകൊാൾകയും അപ്ര
കാരം ജമ പിടിക്കുന്നത കുടിയാന സമ്മതമല്ലെന്ന പറഞ്ഞാ
ൽ അവന്റെ ജമക്ക ചെന്ന ശെഷം നിലങ്ങൾ മുഴുവനും
പൈമാശി ചെയ്യ ഒഹരി പ്രകാരം തരിശ നിലങ്ങൾക്ക ഉണ്ടാ
കുന്നത മാത്രം നിത്തി ശെഷം ജമക്ക ചെത്ത കണക്കയച്ചു
കൊാൾകയും വെണം- തരിശ നിലങ്ങൾക്ക ഇപ്പൊൾ ഏഴ എട്ട
കൊല്ലമായി രെമീശൻ നിത്തിവരുന്ന അവസ്ഥക്ക ആ വക
നിലങ്ങളിൽ ഇതവരെ നടപ്പാക്കിയ്യ കഴിച്ചു ശെഷം ഉള്ളത
അതാത കുടിയാന്മാര ഇക്കൊല്ലം നടത്തിക്കെണ്ടതാകുന്നു- അ
വര നടത്തിക്കുന്നില്ലെങ്കിൽ ആവക നിലങ്ങൾക്ക മെലാലും
രെമീശൻ നിത്താൻ സംഗതിപൊരായ്യുകൊണ്ടും മുമ്പെ ഷഹീ
ൻ സായ്യുവർകളുടെ നാളിൽ കുടിയാന്മാര സമ്മതിച്ചു ഒഴിഞ്ഞ
കൊട്ടത്തത പൊലെ ആവക നിലങ്ങൾ ഇപ്പൊഴും സക്കാരി
ലെക്ക ഒഴിഞ്ഞ തന്നാൽ വെറെ ആളുകളെ കൊണ്ട നടത്തി
പ്പാൻ കഴിയുന്നതാകകൊണ്ട ആവക നിലങ്ങളുടെ നികുതി
മെലാൽ കൊട്ടപ്പാൻ സമ്മതിക്കാത്ത കുടിയാന്മാരൊട നിലം സ
ക്കാരിലെക്ക ഒഴിഞ്ഞപ്രകാരം കച്ചീട്ട വാങ്ങി അയക്കുകയും അത
പ്രകാരമുള്ള നിലങ്ങൾ നടപ്പാൻ ആളുണ്ടാകുമൊ എന്ന അ
ന്വെഷിച്ചു അതാത സമയം ബൊധിപ്പിച്ചുകൊാൾകയും നി
കുതി അധികം വന്നിട്ടുള്ളെയും ഉഭയത്തിൽ മരഫലം വെച്ചി
ട്ടുള്ളെയും മററും സംഗതിക്ക രെമീശൻ നിത്തീട്ടുള്ളതും സൂക്ഷ്മം
വരുത്തി മെലാലും നിത്തെണ്ടതായി കാണുന്നത മാത്രം നി
ത്തി ശെഷം ഉള്ളത ജമക്ക ചെത്ത കൊാൾകയും കിഴക്കട രെ
മീശൻ ൲ ൨൱൨-ാം ഫസലിവരെ ജമക്ക ചെരുന്നത കഴിച്ചു
നിൽക്കുന്ന ബാക്കിയിൽ മെലാൽ ജമക്ക ചെപ്പാൻ പാടില്ലാ
ത്തതും സംഗതിപൊലെ ചെരുന്നതും പ്രത്യെകമായി അറി
വാൻ തക്കവണ്ണം ഇതൊട്ടകൂടി അയക്കുന്ന ൨-ാം നമ്പ്ര മാ
തിരിപ്രകാരം കണക്കുണ്ടാക്കി അയക്കുകയും വെണം മെൽ
പ്രകാരം ഉണ്ടാക്കുന്ന കണക്ക എത്രെയും സൂക്ഷ്മമായിരിക്കെ
ണ്ടതാകകൊണ്ട മെൽ എഴുതിയ താല്പൎയ്യം പ്രകാരം വെണ്ടുന്ന
അന്വെഷണവും ശൊധനയും ചെയ്യ അതാത വക പ്രത്യെ

കമായി എഴുതി അതാത അംശം ജമാപന്തി കണക്ക ഒന്നിച്ച
അയച്ചുകൊൾകയും വെണം.

൫൮-ാമത. ഷഫീൻ സാദ്ധ്യവർകളുടെ നാളിലും അതിന്റെ ശെഷവും വിട്ടും നീക്കിയും നിൎത്തിയവക നിലങ്ങൾ ആരെങ്കിലും നടന്നവരുന്നുണ്ടൊ എന്ന അന്വെഷിച്ച നടന്നവരുന്ന പ്രകാരം കണ്ടാൽ പ്രത്യെകമായി വിവരംപ്രകാരം കണക്കുണ്ടാക്കി അയക്കുകയും ആവക നിലങ്ങളിൽ ഇനിയും നടക്കാതെ ഉള്ളത നടപ്പാക്കാൻ വെണ്ടുന്ന പ്രയത്നം ചെയ്യുവരികയും വെണം- ആവക നിലങ്ങളിൽ ചിലത ചിലര നടക്കുന്നതിന്ന മുമ്പെത്തെ ജമയുടെയും മറവും വിവരങ്ങൾ ഒന്നും കാണിക്കാതെ മൊടൻപ്രകാരവും പള്ളിമഞ്ഞായൽ പ്രകാരവും പുതിയത പൊലെ ഇപ്പൊൾ ചില താലൂക്കുകളിൽ നൊക്കി ചാൎത്തി വാരം വസൂലാക്കിവരുന്ന പ്രകാരം കാണുന്നു മെൽപ്രകാരം ചെയ്യുന്നത ഹുകുമനാമത്തിന്നും കല്പനക്കും എത്രെയും വിരൊധമാകകൊണ്ട മെലാൽ ആവക നിലങ്ങൾ നടക്കുന്നതിന്ന പ്രത്യെകമായി തന്നെ കണക്കയച്ച വരികയും വെണം.

൫൯-ാമത. ജമക്ക ചെന്നെയും ചെരാത്തെയും വക തരിശ നിലങ്ങൾ നടപ്പാക്കാൻതക്കവണ്ണം കുടിയാന്മാരെ എല്പിച്ച കച്ചീട്ടുകൾവാങ്ങി പട്ടയം കൊടുത്തവക നിലങ്ങൾ നടപ്പാവുന്നത അവധിപ്രകാരം അതാത കൊല്ലം ജമക്ക ചെരെണ്ടത ജമക്ക ചെൎത്തുകൊൾവാനായി ഇതിന്ന മുമ്പെ ജമാപന്തി ഹുകുമനാമങ്ങളിൽ കല്പിച്ചിട്ടും അതപ്രകാരം ഇപ്പൊൾ നടന്നവരുന്നതും ഉണ്ടെല്ലൊ- ജമക്ക ചെന്നെയും ചെരാത്തെയും നിലങ്ങൾ പട്ടയം കൊടുത്ത എല്പിച്ചിട്ടുള്ള വകക്ക മെലാൽ പ്രത്യെകം ഒര കണക്ക അയച്ചവരെണ്ടത ആവിശ്യമാകകൊണ്ട പട്ടയം കൊടുത്ത എല്പിച്ച വകയും മറവും തരിശനിലങ്ങൾ നടന്ന അതാത കൊല്ലം ജമക്ക ചെരാനുള്ളതിന്ന ഇന്ന കൊല്ലം മുതൽ ഇത്ര കൊല്ലത്തെ നികുതി വിട്ട എല്പിച്ചത എന്നും പട്ടയംപ്രകാരം നികുതി ഇത്ര എന്നും ജമക്ക പിടിക്കെണ്ടത ഇത്ര എന്നും മറവും വിവരപ്രകാരം നിലവിവരം കുടിവിവരമായും ജമക്ക ചെന്ന വകയും അനാതി തരിശവകയും പ്രത്യെകമായും ഒര കണക്കുണ്ടാക്കി ആ കണക്കപ്രകാരം അതാത അംശത്തിലെ ജമക്ക ചെൎത്തുകൊള്ളുന്നത കൂടാതെ ജമാപന്തി അന്വെഷണം തീൎത്തതാലൂക്ക ഒട്ടഗൊഷവാർ അയക്കുന്നതിനൊട കൂടി ആ കണക്കും കൊല്ലംതൊറും ഹജൂൎക്ക അയച്ച വരികയും അതിൽ എതെങ്കിലും നിലങ്ങൾ പട്ടയപ്രകാരം നടക്കാതെയൊ മറൊ മതിയായ സംഗതികൊണ്ട ജമക്ക ചെപ്പാൻ പാടില്ലാത്തത ഉ

ണ്ടെങ്കിൽ ആയതിന്റെ സങ്ങതി അതാത നിലത്തിന്റെ നെരെ വിവരമായി യാദാസ്ത എഴുതി കൊൾകയും വെണം- മെൽ എഴുതിയ വക പട്ടയത്തിലെ അവധിപ്രകാരം ൧൨൬൩-ാം ഫസലിവരെ ജമക്ക ചെരെണ്ടുന്നതിൽ ഏതെങ്കിലും നിലം കിഴക്കട കൊല്ലങ്ങളിൽ നടന്നിട്ടില്ലാത്ത സങ്ങതികൊണ്ടും മറ്റും ജമക്ക ചെരാതെ ആവക ൧൨൬൩-ാം ഫസലിക്ക നടപ്പായീട്ടുള്ളതും ഉണ്ടെങ്കിൽ ആയതും മെൽ എഴുതിയ കണക്കിൽ തന്നെ ചെൎത്ത പട്ടയപ്രകാരം ചെരാത്തതിന്റെ സങ്ങതി വിവരമായി യാദാസ്ത എഴുതി അയച്ചു വരികയും വെണം.

൧൩-ാമത. ഷാഫീൻ സായ്പവർകളുടെ നാളിലും മറ്റും ൧൨൫൦-ാം ഫസലിവരെ വിട്ടും നീക്കിയും നിൎത്തിയ വകയിൽനിന്നും ൧൨൫൧-ാം ഫസലി മുതൽ ൧൨൬൧-ാം ഫസലിവരെ വിട്ട നിൎത്തിയ വകയിൽനിന്നും ൧൨൬൩-ാം ഫസലിവരെ ജമക്ക ചെൎന്നത കഴിച്ചു ബാക്കിനിൽക്കുന്നതിന്ന അംശ വിവരം കൂടി വിവരം ഫസലിവിവരം സംഗതി വിവരമായി ഒര കണക്ക വെണ്ടതാകകൊണ്ട ആയത്തിന്ന കഴിഞ്ഞ ൧൨൬൦-ാം ഫസലി ജമാപന്തി ഹുശനാമത്തൊട്ട കൂടി അയച്ചിരിക്കുന്ന മാതിരി പ്രകാരം വിട്ടും നീക്കിയും നിൎത്തിയ വകക്ക മാത്രം ഒര കണക്ക ഉണ്ടാക്കി അതാത അംശം ജമാപന്തി അന്വെഷണം ചെയ്ത അയക്കുന്ന കണക്കുകളൊട കൂടി അയച്ചു കൊൾകയും. താലൂക്ക ജമാപന്തി അന്വെഷണം- കഴിഞ്ഞതിന്റെ ശെഷം ആ വകക്ക ഒര ഗൊഷവാറും അയക്കുകയും ആ കണക്ക പ്രകാരം ആ വക നിലങ്ങൾ നടപ്പൊ- കിടപ്പൊ- എന്ന ശൊധന ചെയ്ത സൂക്ഷ്മം വരുത്തി കൊൾകയും വെണം.

൧൪-ാമത. അനാതിതരിശവകയും ജമക്ക ചെൎന്ന വിട്ടും നീക്കിയും നിൎത്തിവകയും മറ്റും തരിശായി കിടക്കുന്ന നിലങ്ങൾ കുടിയാന്മാര സ്വമെധയായി നടക്കുന്ന പ്രകാരവും അപ്രകാരം നടക്കുന്നത അംശക്കാര മുഴുവനും അറിഞ്ഞ ബൊധിപ്പിക്കുന്നില്ലാത്ത പ്രകാരവും കാണുന്നു- മെൽ പ്രകാരം തരിശായി കിടക്കുന്ന ഭൂമികൾ കുടിയാൻമാൎക്ക നടപ്പാക്കാൻ മനസ്സുണ്ടെങ്കിൽ ആയതിന്റെ വിവരം പ്രകാരം നിലം നടപ്പാക്കാൻ തുടങ്ങുന്നതിന്ന മുമ്പെ തന്നെ ആയവര അതാത അംശം അധികാരികളെ ബൊധിപ്പിക്കുകയും അപ്രകാരം ബൊധിപ്പിച്ചാൽ ആ വിവരം ഉടനെ അധികാരികൾ താലൂക്കിൽ ബൊധിപ്പിക്കുകയും വെണം- എന്നാൽ താലൂക്ക തഹശ്ശീൽദാർകൾ ആ വക നിലങ്ങൾ നടപ്പാൻ കല്പന കൊടുക്കുന്നതിൽ തകരാറകം വിരൊധങ്ങളും ഇല്ലെന്ന കണ്ടാൽ ഉടനെ പ്രയത്നം തുടങ്ങെണ്ടതായി കാണുന്ന നിലങ്ങളിൽ പ്രയത്നം തുടങ്ങികൊൾവാനായി കല്പന കൊടുക്കുകയും തരിശ നിലങ്ങൾ നൊക്കി കണക്കയക്കുന്ന

മാതിരി പ്രകാരം ആ വക നിലങ്ങളും നൊക്കി കണക്ക അതാത സമയം ഇവിടെ അയക്കുകയും വെണം- മെൽ പ്രകാരം അല്ലാതെ കുടിയാൻമാര കല്പന കൂടാതെ മെൽ എഴുതിയാവക നിലങ്ങൾ നടന്നാൽ ആ വക നിലം നടപ്പാനുള്ള പ്രയത്നത്തിന്റെയും ശിലവിന്റെയും അവസ്ഥക്ക ഒന്നും വിട്ട കൊടുക്കാതെ നടന്ന കൊല്ലം തന്നെ ജമക്ക ചെൎക്കുകയും ചെയ്യും.

൧൮-ാമത. കൊല്ലം തൊറും പള്ളിമഞ്ഞായലായി നൊക്കി ചാൎത്തി വരുന്ന വകയിൽ സ്ഥിരം ജമക്ക ചെയ്പ്പാൻതക്കതായ നിലങ്ങൾ ചില താലൂക്കകളിൽ അധികം ഉള്ള പ്രകാരവും ആയ്തിന്ന സ്ഥിരം ജമ നിശ്ചയിക്കുന്നത കുടിയാന്മാരിൽ അധികം ആളുകൾക്കും സമ്മതമാകുമെങ്കിലും അധികാരി മെനൊൻമാരുടെ സഹായത്താലും സൎക്കാര കാൎയ്യത്തിൽ അവൎക്കുള്ള താല്പൎയ്യ കുറവിനാലും ആയ്ത സ്ഥിരം ജമക്ക ചെയ്പ്പിക്കാതെ കൊല്ലം തൊറും നൊക്കി ചാൎത്തിച്ച വരുന്നപ്രകാരം കാണുന്നു- ആ വക പള്ളിമഞ്ഞായലകളും സ്ഥിരം ജമ നിശ്ചയിക്കുന്നതിന്ന കുഴക്കില്ലെന്ന കാണുന്ന വെറെ നിലങ്ങളും കൊല്ലം തൊറും ചാൎത്തി നൊക്കി ചാൎത്തുന്നതിനെക്കായിലും ആ വക നിലങ്ങൾക്ക വിഹിതമായി ഒര ജമ നിശ്ചയിച്ച വസ്സൂലാക്കുന്നത കുടിയാന്മാൎക്ക ഗുണം ഉള്ളതാകകൊണ്ട ആ വക ഒക്കെയും ൦൦ം കഴിഞ്ഞ അക്ക്ടൊബ്ര ൧൮ന്‌- ൹മാം നമ്പ്രായി അയച്ചിരിക്കുന്ന സൎക്കലർ കല്പനയിലെ താല്പൎയ്യം പ്രകാരം പൈമാശി ചെയ്യ കണക്കയച്ചുകൊൾകയും വെണം.

൧൯-ാമത. ചില താലൂക്കകളിൽ ചില അംശങ്ങളിൽ തരിശനിലങ്ങൾക്ക മുമ്പെത്തെ ജമയിൽ ഏതാനും കമ്മി ചെയ്യുത എളുപ്പിച്ചിരിക്കുന്നതാകകൊണ്ട ആ വക എത്ര ഉണ്ടെന്ന പ്രത്യെകം അറിവാൻതക്കവണ്ണം ഇതൊട കൂടി അയക്കുന്ന മൂന്നാം നമ്പ്ര മാതിരിപ്രകാരം കണക്കുണ്ടാക്കി അയക്കുകയും വെണം.

മുത്രഫകത്തി ശട്ടിവക

൨൦-ാമത. പുതുതായി ജമക്ക ചെരെണ്ടുന്ന കുടി പീടിക മുതലായ്തും കത്തി ശട്ടി വകയും ഉണ്ടായാൽ ആയ്തിന്ന കണക്കുണ്ടാക്കി അയക്കുകയും വെണം.

൨൧-ാമത. മെൽപ്രകാരം പുതിയ്തായി ജമക്ക ചെയ്പ്പാനുള്ള കുടി പീടികമുതലായ്തിന്ന ചില കുടിയാന്മാരുടെയും കുടിപീടികകളുടെയും അവസ്ഥ നൊക്കുമ്പൊൾ റിവാജപ്രകാരം നികുതി നിശ്ചയിക്കുന്നത അധികമെന്ന കണ്ടാൽ ആ വകക്ക റിവാജപ്രകാരം നികുതി ഇത്ര എന്നും ഇപ്പൊൾ നിശ്ചയിക്കാവുന്നത ഇത്ര എന്നും

കണക്കിൽ എഴുതി അയക്കെണമെന്ന മുമ്പെ അയച്ചിരിക്കുന്ന ഹു
ക്മനാമങ്ങളിൽ കല്പിച്ചിട്ടുള്ള താല്പൎയ്യംപ്രകാരം തഹശ്ശീൽദാരന്മാര
മുഴുവനും ശെരിയായി നടത്തിവരാതെ ചില താലൂക്കകളിൽ ചില
അംശങ്ങളിൽ റിവാജിൽ ഭെദം വരുത്തി നിശ്ചയിക്കെണ്ടുന്ന കുടി
പീടിക- ചക്ക- തറി- കത്തി- ശെട്ടി മുതലായ വകകൾക്ക റിവാജപ്ര
കാരം തന്നെനികുതി നിശ്ചയിച്ചു വരുന്നു എന്നും അതിനാൽ ചി
ലൎക്ക സങ്കടമായിവരുന്നത കൂടാതെ റിവാജപ്രകാരം നികുതി കൊ
ടുക്കെണ്ടിവരുമെന്നുള്ള ഭയം വിചാരിച്ചു ചില ചാലിയര മുതലാ
യ്യര അധികം തറികൾ ഇട്ടു വെണ്ടുംവണ്ണം താല്പൎയ്യത്തൊട കൂടി
പ്രവൃത്തി ചെയ്തു വരുന്നില്ലാ എന്നും റിവാജിൽ ഭെദം വരുത്തെ
ണ്ടത ഭെദം വരുത്തി നിശ്ചയിച്ചാൽ തറി മുതലായതു അധികമായി
ഉണ്ടാവാൻ സംഗതി ഉണ്ടെന്നും പാലക്കാട തെന്മലപ്രം താലൂ
ക്കകളിൽ കാളകൾക്ക രണ്ട പണം മാത്രം റിവാജ ഉള്ളതി
നാൽ അത പ്രകാരം വലിയ കാളകൾക്കും ചെറിയ കാളകൾ
ക്കും ഒരുപൊലെ നികുതി നിശ്ചയിച്ചാൽ വസൂലാവാൻ പ്ര
യാസമെന്ന വിചാരിച്ചു ഓരൊരൊ കുടിയാന്റെ കാളകളെ മു
ഴുവനും നികുതിക്ക ചെൎക്കാതെ എതാനും വിട്ടു ശെഷം മാത്രം
ചെൎത്ത വരുന്ന പ്രകാരവും ചില ദിക്കുകളിലും അതിൽ വിശെ
ഷമായി- പാലക്കാട തെന്മലപ്രം താലൂക്കകളിൽ കത്തി ശെട്ടിക്ക
ഒര റിവാജ അല്ലാതെ താണ റിവാജയില്ലാത്തതിനാൽ ചിലൎക്ക
അരകത്തിയും ചിലൎക്ക അരശെട്ടിയും ചിലരുടെ കത്തികളിലും ച
ട്ടികളിലും വെറെ ചിലര കൂട്ടായും ആ വക കൂട്ടുകാരുടെ എണ്ണ
വും പെരും താലൂക്കകളിൽ എങ്കിലും അംശങ്ങളിൽ എങ്കിലും ക
ണക്കകളിൽ കാണാതെയും ഇരിക്കുന്നതാകകൊണ്ട വ്യാപ്തിക
ൾക്ക എട ഉണ്ടെന്നും കാണുന്നു- അതുകൊണ്ട മെലാൽ ഇപ്ര
കാരം വരാതെ ഇരിക്കെണ്ടതിന്ന പുതിയ്യായി ജമക്ക ചെരു
ന്നതിൽ റിവാജ പ്രകാരം ശെരിയായി നികുതി നിശ്ചയിക്കാ
കുന്നതിന്ന അത പ്രകാരം നികുതി നിശ്ചയിച്ചും ശെഷം
ഉള്ള കുടി പീടിക- ചക്ക- തറി- കത്തി- ശെട്ടി- മുതലായ്തി
ന്റെയും ആയ്തിൽ ഒരു കൊല്ലത്തിൽ കിട്ടുന്ന അനുഭവത്തിന്റെ
യും കുടിയാന്റെയും അവസ്ഥ വിചാരിക്കുമ്പൊൾ റിവാജിൽ
കുറച്ചു നിശ്ചയിക്കെണ്ടത ആവിശ്യമായി കണ്ടാൽ ആവകക്ക
റിവാജ പ്രകാരം നിശ്ചയിക്കാവുന്നത ഇത്ര എന്നും അവസ്ഥ
പ്രകാരം നിശ്ചയിക്കെണ്ടത ഇത്ര എന്നും കണക്കിൽ എഴുതി
അയക്കുന്നത കൂടാതെ അതിനുള്ള സങ്ങതിവിവരവും യാദാസ്തു
എഴുതിയും അയച്ചുകൊൾകയും വെണം- അതാത അംശത്തിലെ
റിവാജ പ്രകാരം നിശ്ചയിക്കുന്നത അധികമെന്ന കാണുന്ന
വകക്ക മാത്രം മെൽപ്രകാരം നടക്കെണ്ടതല്ലാതെ മതിയായ സം

ഗതി കൂടാതെ മുമ്പെത്തെ റിപ്പൊൎട്ടിന്ന ഭെദമായി നിശ്ചയിച്ച കൂട്ടുന്നതും അല്ലാ.

൨൨ ആമത- വള്ളുവനാട മുതലായ ചില താലൂക്കുകളിൽ ചില കൊങ്ങ ചക്കുകൾക്ക നാട്ട ചക്കിനുള്ള റിപ്പൊൎട്ട പ്രകാരം മാത്രം നികുതി നിശ്ചയിച്ച ഇപ്പൊൾ വസൂലാക്കി വരുന്നപ്രകാരവും നാട്ട ചക്കും കൊങ്ങ ചക്കുമായി നൊക്കുമ്പൊൾ അധികം അനുഭവം ഉള്ളത കൊങ്ങചക്കിനാകുന്നു എന്നും മുമ്പെത്തെ റിപ്പൊൎട്ടിന്ന ഭെദംവരുത്തിക്കൂടാ എന്നുള്ളസംശയത്തിനാൽ നാട്ട ചക്കിന്നും കൊങ്ങ ചക്കിന്നും ഒരുപൊലെ നികുതി നിശ്ചയിച്ച വരുന്നു എന്നും കാണുന്നു റിപ്പൊൎട്ടിൽ കുറച്ച നിശ്ചയിക്കെണ്ടുന്ന വഹകൾക്ക അതപ്രകാരം കണക്കയപ്പാനായി ൨൧-ാം വകുപ്പിൽ കല്പിച്ചിരിക്കുന്ന അവസ്ഥക്ക വിഹിതമായി റിപ്പൊൎട്ടിൽ കയറി നിശ്ചയിക്കെണ്ടതാവിശ്യമാകകൊണ്ട ആവക ചക്കുകൾക്കും അതുപൊലെ ഉള്ള വെറെ ജിനിസ്സുകൾക്കും റിപ്പൊൎട്ടിൽ കയറി നിശ്ചയിച്ച കണക്കയച്ചുകൊൾകയും വെണം.

൨൩ ആമത. ഉഭയം പറമ്പുകൾക്ക എങ്കിലും മുത്രഫകത്തി ശട്ടി മുതലായവകൾക്ക എങ്കിലും പുതിയ്യായി ജമനിശ്ചയിക്കുമ്പൊൾ ആവക ഉടമക്കാരെ കൂടിനിൎത്തി പൈമാശി ചെയ്യുകയും ജമനിശ്ചയിക്കയും അവരെകൊണ്ട കണക്കിൽ ഒപ്പിടിയിക്കുകയും ചെയ്യെണ്ടത അധികം താലൂക്കുകളിൽ ഇപ്പൊൾചെയ്യുന്നില്ലായ്കകൊണ്ട ജമാവന്തി കച്ചെരി താലൂക്കുകളിൽ എത്തി ശൊധന ചെയ്യുമ്പൊൾ ആവക ഉടമക്കാര സങ്കടംബൊധിപ്പിപ്പാനും അവരുടെ പെക്ക ജമ കെട്ടിട്ടുള്ള വിവരം അവര അറിഞ്ഞിട്ടതന്നെ ഇല്ലെന്ന പറവാനും സംഗതിവരുന്നത കൂടാതെ താലൂക്ക ജമാവന്തി തീൎന്ന കുറെ ദിവസം കഴിഞ്ഞതിന്റെ ശെഷം ജമാവന്തി കച്ചെരി താലൂക്കിൽ എത്തുന്ന അവസ്ഥക്ക ജമാവന്തി സമയവും ആവക എല്ലാററിന്റെയും സൂക്ഷ്മം മുഴുവനും വരുത്തുവാൻ കഴിയാതെയും അതിനാൽ വസൂൽ കാൎയ്യങ്ങൾക്ക താമസവും തകരാറും ഉണ്ടാകുന്നപ്രകാരവും കാണുന്നു- മെലാൽ അപ്രകാരം വരാതെ ഇരിപ്പാൻ വെണ്ടി മെലെഴുതിയ വകകൾക്ക പുതിയ്യായി ജമ നിശ്ചയിക്കുമ്പൊഴും ൨൨-ാം വകുപ്പിലെ താല്പൎയ്യം പ്രകാരം മുമ്പെത്തെ റിപ്പൊൎട്ടിൽ അധികമായി നിശ്ചയിക്കുമ്പൊഴും ആവക ഉടമക്കാരെ കൊണ്ട കണക്കിൽ കൂട്ടുന്നൊടത്തൊളം ഒപ്പിടിയിച്ച വരികയും വെണം- ആരെങ്കിലും നിസ്സാരമായ സംഗതികളും തകരാറുകളും പറഞ്ഞ കണക്കിൽ ഒപ്പിടാഞ്ഞാൽ ആ വിവരം കണക്കിൽ യാദാസ്ത എഴുതികൊൾകയും വെണം.

൨൪-ാമത കുടിപീടിക മുതലായ്യു വീണപൊയും മററും സംഗ

ത്തിയാൽ നഷ്ടം വരികയും കത്തിശെട്ടിക്കാര നാട വിട്ട പൊകയും മരിച്ചുപൊകയും ചെയ്യാൽ ആവകക്കും അംശവിവരം പെരവിവരം സംഗതി വിവരമായി ഒര കണക്ക ഉണ്ടാക്കി അയക്കുകയും വെണം.

൨൫-ാമത- കുടി- പീടിക- ചക്ക- തറി- കത്തി- ശെട്ടിമുതലായ്യിന്റെ നികുതി ഇപ്പൊൾ റിപൊൎജ പ്രകാരം സൎക്കാരില്ക്ക കൊടുത്തവരുന്നതിൽ ആക്കെങ്കിലും ദരിദ്ര്യം അനുഭവ കുറവ മുതലായ സംഗതിയാൽ ഇപ്പൊഴത്തെ റിപൊൎജ്ജിൽ ഭെദംവരുത്തി നിശ്ചയിക്കെണ്ടത ആവിശ്യമെന്ന കണ്ടാൽ അവകൾക്ക ഇപ്പൊഴത്തെ റിപൊൎജ ഇത്ര എന്നും മെലാൽ നിശ്ചയിക്കെണ്ടത ഇത്ര എന്നും കണക്കുണ്ടാക്കി അയക്കുകയും വെണം.

൨൬-ാമത- കത്തിശെട്ടികൾ കൎമ്മിചെയ്യുന്നതിന്ന ആവക കത്തി ശെട്ടി ഉരുളി കിണ്ണം മുതലായ്യിന്റെ മെൽ ഇട്ട കൊടുത്തിരിക്കുന്ന മുദ്ര ഇപ്പൊൾ നീക്കി വരുന്നില്ലെന്ന കാണുന്നു മെൽ എഴുതിയ ജിനിസ്സുകൾ കണക്കിൽനിന്ന നീക്കിയ്യിന്റെ ശെഷവും മുദ്ര ഉള്ള കത്തിമുതലായ്യ ആവക പ്രവൃത്തിക്കാരുടെ വക്കൽ ഉണ്ടായാൽ ആയ്യര പ്രവൃത്തിചെയ്വാൻ സംഗതി ഉണ്ടാകകൊണ്ട മെലാൽ ആവക കത്തിമുതലായ്യ കണക്കിൽനിന്ന നീക്കുമ്പൊൾ തന്നെ ആയ്യുകളിന്മെൽ ഉള്ള മുദ്ര നീക്കിച്ചുകൊൾകയും വെണം.

൨൭-ാമത ചില്ലറവക കണക്ക നൊക്കുമ്പൊൾ ചില താലൂക്കകളിൽ ചില അംശങ്ങളിൽ നികുതിക്ക ചെൎന്നിരിക്കുന്ന ജിനിസ്സുകൾക്ക ആ താലൂക്കിൽ തന്നെ വെറെ അംശങ്ങളിൽ നികുതി ഇല്ലാതെ കാണുന്നു- ഓരൊരൊ പ്രവൃത്തി ചെയ്യുവരുന്നവര എല്ലാവരും ൧൮൨൨ ആമതിൽ ഉണ്ടായ ൫ ാം റിഗുലെഷൻപ്രകാരം അവസ്ഥ പൊലെ സൎക്കാരിലെക്ക നികുതി കൊടുക്കെണ്ടതാകകൊണ്ട ഇതിന്ന താഴെ എഴുതിയിരിക്കുന്ന ജിനിസ്സുകളിൽ ഇപ്പൊൾ ജമക്ക ചെൎന്നിരിക്കുന്നത കഴിച്ച ശെഷം ഉള്ളതിന്ന ജമ കെട്ടി കണക്കയച്ചുകൊൾകയും വെണം- അപ്രകാരം ജമ നിശ്ചയിച്ച കണക്കയക്കുന്നതിൽ അതാത അംശത്തിലെ റിപൊൎജ്ജിന്ന ഭെദംവരുത്തി നിശ്ചയിക്കെണ്ടതായി കാണുന്നതിന്ന ൨൧-ം ൨൨-ം വകുപ്പിലെ താല്പൎയ്യപ്രകാരം നടന്നകൊൾകയും വെണം.

കുടിവകക്ക ജിനിസ്സ വിവരം

൧ കുടിവക	ചില താലൂക്ക കണക്കിൽ പീടിക
൨ പീടികവക	പാണ്ടികശാല വക പ്രത്യെകം എ
൩ പാണ്ടികശാലവക	ഴുതാതെ ഒക്കെയും കുടിവകയിൽചെ

ത്ത കാണുന്നു- അത ശെരിയല്ലായ്കകൊണ്ട മെൽപ്രകാരം ഇത്ര നാളും ഉള്ളത മെലാൽ വിഭജിച്ച കണക്കിൽ ചെക്കെണ്ടത കൂടാതെ മെലാൽ ജമക്ക ചെരുന്നത കുടി പീടിക പാണ്ടികശാല അതാത വകയിൽതന്നെ ചെൎക്കുകയും വെണം.

൪ നഗരവീതിയിൽ കച്ചൊടക്കാര കച്ചൊടത്തിന്നായി വാങ്ങി സൂക്ഷിക്കുന്ന തെങ്ങായ ഇടുന്ന കൂട } ഇത കടപ്പുറംവീതി താലൂക്കുകളിലും തെങ്ങാ കച്ചൊടം ഉള്ള ദിക്കുകളിലും മാത്രം വെണ്ടതാകുന്നു.

ചില്ലറ വകക്ക വിവരം.

൧ കൊങ്ങൻ ചക്ക { വ്യാപാരം വക / സ്വന്തം പ്രവൃത്തിവക
൨ നാടൻ ചക്ക { വ്യാപാരം വക / സ്വന്തം പ്രവൃത്തിവക
൩ തട്ടാൻ ചുത്തി
൪ ആശാരി മഴു
൫ കൊല്ലൻ കൂടം
൬ കൊശവൻ ചൂട്ടാല
൭ നെയിത്തതറി
൮ മൂശാരി മൂശ
൯ കടച്ചിചാണ } ഭജാരസ്ഥലങ്ങളിൽ മാത്രം
൰ ഏക്കവില്ല } നികുതികെട്ടണം
൰൧ ഇരുമ്പുത്താല
൰൨ കൊട്ടുവൻ ആല
൰൩ തൊണി ഓടം വക } കടപ്പുറം താലൂക്കുകളിൽ
൰൪ വലിയ വല } കടലിൽ പ
൰൫ ചെറുവല മുതലായ്യ } രുമാറുന്ന വകക്കാകുന്നു
൰൬ പപ്പടക്കല്ല
൰൭ വെട്ടുകൽ പണിക്കാരവക മഴു
൰൮ ഠരംച്ചവാൾ- ഒരവാളിന്ന ചെറുകുറിയ വാളുകൾ ഉണ്ടാകുന്നതിന്ന ഒക്കെക്കും ഒര ജമയായി നിശ്ചയിക്കണം
൰൯ വ്യാപാരംചെയ്യുന്ന കാളകൾ

കത്തിവക

൧ കത്തി
൨ ചട്ടി
൩ ഉറുളി }
൪ കിണ്ണം }
൫ കൊമ്പ കണ }

൨൮ ആമത- ജമാവന്തി അന്വെഷണം തുടങ്ങീട്ട ഇപ്പൊൾ പത്ത കൊല്ലത്തൊളമായീട്ടും അംശം അധികാരി മെനൊന്മാര ജമാവന്തിക്കാൎയ്യത്തിൽ വെണ്ടുംവണ്ണം താല്പൎയ്യത്തൊട കൂടി പ്രവെശിച്ച നടക്കാതെയും ജമക്ക ചെരെണ്ടുന്ന നിലം പറമ്പ കുടി പീടിക ചക്ക തറി കത്തി ചട്ടി മുതലായ്യ മുഴവനും ജമക്ക ചെൎപ്പിക്കാതെയും ഇരിക്കുന്ന പ്രകാരവും അതിനാൽ താലൂക്കിൽനിന്ന കാൎയ്യസ്ഥന്മാരെ അയച്ച എല്ലാവകയും പൈമാശി ചെയ്യിക്കെണ്ടിവരുന്നു എന്നും ആവക കാൎയ്യസ്ഥന്മാൎക്ക അംശത്തിലെ അവസ്ഥകൾ അധികാരി മെനവൻമാരെപൊലെ നിശ്ചയം ഉള്ളതല്ലായ്കകൊണ്ട ജമക്ക ചെരെണ്ടത മുഴവനും ചെരാൻ സംഗതി വരുന്നില്ലെന്നും ഹജൂരിൽനിന്ന അജിമാശിക്ക കാൎയ്യ

സ്ഥന്മാര ചെന്ന ശൊധനചെയ്യുമ്പൊൾ താലൂക്ക കണക്കിന്നെ
ക്കായിലും അധികം കണ്ട കിട്ടിയാൽ ആയ്ത അംശം അധികാ
രി മെനൊന്മാര കാണിച്ചതന്നിട്ടില്ലാ എന്ന താലൂക്ക കാൎയ്യസ്ഥ
ന്നും താലൂക്കിലെ അന്വെഷണം കഴിഞ്ഞതിന്റെശെഷം പു
തിയ്തായി ഉണ്ടായ്ത എന്നും മറ്റും മെനവന്മാരും വ്യാപ്തിയായി
ബൊധിപ്പിച്ച വരുന്നപ്രകാരവും അതിനാൽ വിത്ത്യാസം
ചെയ്യ്തത ഇന്നവര എന്ന അറിഞ്ഞ അവരെ ശിക്ഷക്ക ഉൾ
പ്പെടുത്തുവാൻ പ്രയാസമായി വരുന്ന പ്രകാരവും കാണുന്നു-
അതാത അംശത്തിലെ അവസ്ഥകളും പുതിയ്തായി ജമക്ക ചെ
പ്പ്തിക്കെണ്ടവകയും കമ്മിചെയ്യെണ്ടവകയും മറ്റും അധികാരി
മെനൊൻമാൎക്ക നിശ്ചയം ഉള്ളതപൊലെ മറ്റുള്ളവൎക്ക നിശ്ച
യം ഉണ്ടാകുന്നതും ജമക്ക ചെപ്പ്തിക്കെണ്ടുന്നെയും ജാസ്തി ക
മ്മി ചെയ്യെണ്ടുന്നെയും വകക്ക ശെരിയായ കണക്ക കൊടുക്കാ
തെ ഇരിക്കുന്നത അവരുടെ അറിവൊടു കൂടി അല്ലാതെ വരുന്ന
തും അല്ലാ- അതുകൊണ്ട ൰൦ ൭൨ ാം ഫസലി മുതൽക്ക മെലാ
ൽ ജമക്ക ചെരെണ്ടുന്ന വകയും ജമയിൽനിന്ന ജാസ്തി കമ്മി
ചെയ്യെണ്ടുന്നവകയും ആദ്യം അതാത അംശം അധികാരി മെ
നൊൻമാരെ കൊണ്ട പൈമാശി ചെയ്യിച്ച അവരുടെ ഒപ്പൊട
കൂടി ഓലയിൽ കണക്ക വാങ്ങി ആ കണക്ക താലൂക്കിൽനിന്ന
യക്കുന്ന കാൎയ്യസ്ഥന്മാര വക്കൽ കൊടുത്തയച്ച അജിമാശി ചെ
യ്യിച്ച അതിന്റെ ശെഷം താലൂക്കിൽനിന്നയക്കുന്ന കണക്കി
ൽ ചെൎത്തയച്ചുകൊൾകയും വെണം- അതാത അംശം കണക്ക
അംശക്കാര താലൂക്കിലെക്കയച്ചതിന്റെ ശെഷമെങ്കിലും താലൂ
ക്ക കാൎയ്യസ്ഥൻ അംശത്തിൽ ചെന്ന അജിമാശി ചെയ്യ്ത പൊ
യ്യിന്റെ ശെഷമെങ്കിലും ഹജ്ജൂര ജമാപന്തി കച്ചെരി താലൂ
ക്കിൽ എത്തുന്നതിലകത്ത കുടി പീടിക മുതലായ്ത ഏതെങ്കിലും
പുതിയ്തായി ഉണ്ടാകയൊ ഏതെങ്കിലും നഷ്ടം വന്നുപൊകയൊ
ചെയ്താൽ ആയ്തിന്ന അതാത സമയം അധികാരി മെനൊന്മാര
പ്രത്ത്യെകം താലൂക്കിലെക്ക കണക്കയക്കെണ്ടതാകുന്നു- മെൽപ്ര
കാരം അധികാരി മെനൊൻമാര താലൂക്കിലെക്കയക്കുന്ന കണ
ക്കിൽ അജിമാശിയിൽ വിത്ത്യാസം കണ്ടാൽ ആയ്തിന്ന അവരും
താലൂക്കിലെ കാൎയ്യസ്ഥൻ ചെയ്യുന്ന അജിമാശിയിൽ വിത്ത്യാസം
കണ്ടാൽ ആ കാൎയ്യസ്ഥനും ഉത്തരവാദികളാകകൊണ്ട വിത്ത്യാസ
മായി നടക്കുന്നവരുടെ കാൎയ്യത്തിൽ സംഗതിപൊലെ ശിക്ഷ
യായി കല്പന ഉണ്ടാകുന്നത കൂടാതെ കല്പിച്ചുകൂട്ടി വഞ്ചനയാ
യി നടക്കുന്നവരെ ൧൦൨൨ ആമതിൽ ഉണ്ടായ ൯ാം റിഗുലെ
ഷൻ പ്രകാരം ശിക്ഷക്ക ഉൾപ്പെടുത്തുകയും ചെയ്യും- കണക്കി
ന്ന പ്രത്ത്യെകം ഉത്തരവാദി മെനൊൻ ആകകൊണ്ടും ജമക്ക

ചെരെണ്ടത എന്തെല്ലാമെന്ന അന്ന്യെഷിച്ച ചെപ്പിക്കെണ്ടുന്നതും കന്മി ചെയ്യെണ്ടുന്നവക കന്മിചെയ്യിപ്പിക്കെണ്ടുന്നതും മുഖ്യമായി മെനൊൻെറ പ്രവൃത്തിയാകകൊണ്ടും മനപൂൎവ്വമായി വിത്ത്യാസംചെയ്യുന്ന മെനൊൻമാൎക്ക അധികമായ ശിക്ഷ കിട്ടാൻ സംഗതി വരുന്നതാകുന്നു.

൫൯മത- വിള നഷ്ടം ഉണ്ടെന്നും പറമ്പിൽ വൃക്ഷങ്ങൾ പൊയിപ്പൊയിട്ടുണ്ടെന്നും അനുഭവക്ഷയം ഉണ്ടെന്നും ബൊധിപ്പിക്കുന്ന കാൎയ്യം താലൂക്കിൽനിന്ന പൊകുന്ന കാൎയ്യസ്ഥന്മാര തന്നെ നൊക്കെണ്ടതാകകൊണ്ട ആയ്ത പ്രത്ത്യെകം അധികാരി മെനൊൻമാരെകൊണ്ട നൊക്കിപ്പാൻ ആവിശ്യവും ഇല്ല.

൬൦ആമത- ചില താലൂക്കകളിൽ ചില അംശങ്ങളിലെ ജമാവന്തി അന്ന്യെഷണം ചുരുങ്ങിയ മാസ്സപ്പടിക്കാരായും ശീലം ഇല്ലാത്തവരായും ഉള്ള എഴുത്തപണിക്കാരെകൊണ്ടും എള്ള മൊടൻ പൈമാശിക്കയക്കുന്ന അക്കാംഗ്രമസ്ഥൻമാരെകൊണ്ടും ചെയ്യിക്കുന്ന പ്രകാരവും അവര സൂക്ഷ്മം കൂടാതെയും ശെരിയല്ലാതെയും വളരെ വിത്ത്യാസങ്ങളായും ഓരൊന്ന നടക്കുന്ന പ്രകാരവും ആ കാൎയ്യത്തിൽ തഹശ്ശീൽദാരകൾ അജിമാശി മുതലായ ഒര അന്ന്യെഷണവും ചെയ്യാതെ ഇരിക്കുന്നപ്രകാരവും കണ്ടിരിക്ക കൊണ്ട മെലാൽ അപ്രകാരം വരാതെ അധികാരി മെനൊന്മാര പൈമാശിയും തഹശ്ശീൽദാരന്മാരുടെ താഴെ ഉള്ള കാൎയ്യസ്ഥന്മാര അജിമാശിയും ചെയ്യുന്ന സമയം സങ്ങതിപൊലെയും സമയം പ്രകാരവും തഹശ്ശീൽദാരന്മാര ചെന്ന വെണ്ടുന്ന ശൊധനകളും അജിമാശിയും ചെയ്യ ജമാവന്തി കാൎയ്യം വിത്ത്യാസം കൂടാതെയും ശെരിയായും നടത്തിവരികയും വെണം.

൬൧-ാമത- ജമാവന്തി കച്ചെരി അതാത താലൂക്കിൽ എത്തിയ്യതിൻെറ ശെഷം വെണ്ടുംവണ്ണം ശൊധന ചെയ്യുന്നത കൂടാതെ കാൎയ്യസ്ഥന്മാരെ അയച്ച നൊക്കിക്കുകയും അന്ന്യെഷിക്കുകയും ചെയ്യുന്നതാകകൊണ്ട അതാത താലൂക്കിൽനിന്നയച്ചിട്ടുള്ള കണക്കുകൾ ശെരിയല്ലെന്ന കണ്ടാൽ വിത്ത്യാസമായി നടക്കുന്നവൎക്ക ൫൫ ാം വകുപ്പിലെ താല്പൎയ്യപ്രകാരം ശിക്ഷയും ജമാവന്തി കാൎയ്യം ശെരിയായി നടത്തിക്കാത്തതിന്ന തഹശ്ശീൽദാരന്മാൎക്ക കുറവായിട്ടുള്ള കല്പനകളും ഉണ്ടാകയും ചെയ്യും.

൬൨-ആമത- തഹശ്ശീൽദാൎകൾ അയക്കുന്ന കണക്കപ്രകാരം ൩൨-ാം ഫസലി ജമക്ക ൩൬-ാം ഫസലിയിൽ അതാത അംശത്തിൽ ഓരൊരൊ വകയിൽ കന്മി ജാസ്തി ഇത്ര ഉണ്ടാകുമെന്ന അറിയെണ്ടതാകകൊണ്ട ഓരൊരൊ അംശം ജമാവന്തി അന്ന്യെഷണം തിൎത്ത കണക്കയക്കുമ്പൊൾ ൩൭-ാം ഫസലി ജമാവന്തി ഹുശ്മനാമത്തൊട കൂടി അയച്ചിരിക്കുന്ന മാതിരിപ്രകാരം

അംശം ഒട്ടായി ഒര ഗൊഷ്ടവാർ ഉണ്ടാക്കി അയക്കുകയും എല്ലാ അംശവും തീൎന്നതിന്റെ ശെഷം മെൽഎഴുതിയ മാതിരിപ്രകാരം താലൂക്ക ഒട്ടായി കണക്കയക്കുകയും വെണം.

൧൩-ാമത- ൦രം കല്പനപ്രകാരം ഉണ്ടാക്കുന്ന കണക്കുകൾ അതാത സമയം തന്നെ ഹജ്ജൂരക്ക എത്തെണ്ടതാകകൊണ്ട ഓരൊരൊ അംശം മുഴുവനും തീരുമ്പൊൾ മെൽ എഴുതിയ പ്രകാരം ഉള്ള കണക്കുകൾ അയക്കുകയും ആ വക കണക്കുകളിൽ ഇന്ന കാൎയ്യസ്ഥൻ നൊക്കി എന്ന കൂടി എഴുതി അയച്ചുകൊൾകയും മെൽ എഴുതിയ വക കണക്കുകൾ മുഴുവനും അയപ്പാൻ ആ അംശ വകക്ക ഇല്ലെങ്കിൽ വെറെ ഒരുവക കണക്കും അയപ്പാനില്ലെന്ന അയക്കുന്ന കണക്കിൽ യാദാൎത്ഥ എഴുതി അയച്ചുകൊൾകയും മെൽപ്രകാരം അയക്കുന്ന കണക്കുകൾ ഒക്കെയും ധനുമാസം ഒടുക്കത്തിലകത്ത ഹജ്ജൂരക്ക എത്തുവാൻ തക്കവണ്ണം അയക്കുകയും വെണം അതിൽ അധികം താമസം വന്നുപൊകയും അരുത.

൧൪-ാമത- ജമാവന്തി സമയം ചെയ്യു അന്വെഷണത്തിൽ ജമാവന്തി അന്വെഷണത്തിന്നായി അയക്കുന്ന ഹുശ്മനാമത്തിലെ താല്പൎയ്യം അംശം അധികാരി മെനൊൻമാര വെണ്ടും വണ്ണം അറിയുന്നില്ലാ എന്നും ഹുശ്മനാമം താലൂക്കിൽനിന്ന അംശങ്ങളിലെക്ക പകൎത്ത അയക്കുന്നില്ലാ എന്നും താലൂക്കിൽ നിന്ന പൈമാശിക്കും അജ്ജിമാശിക്കും പൊകുന്ന കാൎയ്യസ്ഥന്മാരിൽ ചിലര ഹുശ്മനാമത്തിലെ താല്പൎയ്യം മുഴുവനും അറിയുന്നില്ലാ എന്നും കണ്ടിരിക്കുന്നു-ഹുശ്മനാമം പ്രകാരം നടക്കെണ്ടതിന്ന ഹുശ്മനാമത്തിലെ താല്പൎയ്യം താലൂക്ക കാൎയ്യസ്ഥന്മാരും അധികാരി മെനൊന്മാരും കൂടി അറിയെണ്ടത ആവശ്യമാകകൊണ്ടും ൦രം ൨൩-ാം ഫസലി മുതൽക്ക താലൂക്കിലെക്ക അയക്കുന്ന ഹുശ്മനാമത്തിന്റെ ഒരെ പകൎപ്പ എടുത്ത തഹശ്ശീൽദാരന്മാര ഒപ്പിട്ട അതാത അംശം അധികാരി മെനൊന്മാൎക്ക അയച്ചുവരുന്നത കൂടാതെ ഹുശ്മനാമം താലൂക്കിലെ കാൎയ്യസ്ഥന്മാര എല്ലാവരും വായിച്ചു നൊക്കി അറിഞ്ഞപ്രകാരം അതിൽ ഒപ്പിടുകയും വെണം എന്ന കൊല്ലം ൧൦൧൧ ആമത വൃശ്ചികമാസം ൭൩-ക്ക ൧൮൩൫ ആമത നവെമ്പ്രമാസം ൨൧൩- കൊഴിക്കൊട്ടുനിന്ന എഴുതിയ്ത.

THE

MALAYALAM READER

PART V.

ചൂരക്കാട്ട നമ്പൂതിരി എഴുത്ത കുന്നമ്മെൽ തറിയക്കുട്ടി കണ്ടു കാൎയ്യമാവത- വാങ്ങദെശത്ത നമ്പികൂററിൽ ജന്മം ആയ വഹകൾ ചെറുകാവിൽ കൊമു കെട്ടിരിക്കുന്ന വിശ്വഉമ്മ ഇവിടെ എന്നൊക്ക തന്ന ഞാൻ നടത്തിച്ചപൊരുന്ന പറമ്പകളിൽ കൈതക്കൽ തൊടിക ൩ കണ്ടം ഒന്നരപറ നെല്ല പാട്ടത്തിന്നുള്ളത കൊല്ലം ൲൰൨൫ാമത മിഥുനമാസം ൲൰൬ തനിക്ക ആക്കിതന്ന കാണത്തിന്ന വാങ്ങിയ പുതിയപണം ൲൫- ൦ രം പണം പതിനഞ്ചിന്നും മെൽപറഞ്ഞ പറമ്പ താൻ നടന്ന തന്റെ പണത്തിന്ന പത്തിന്ന അര പലിശകണ്ട ഏഴര ഇടങ്ങഴി നെല്ല പലിശപിടിച്ച ഏഴര ഇടങ്ങഴി നെല്ലിന്റെ പത്തിന്ന രണ്ട നെല്ല നാരായം ഒന്നരയും ൲൰൩ാമത മുതൽക്ക തന്ന മുറി വാങ്ങികൊൾകയും വെണം- ഇതിന്ന സാക്ഷി പാലപ്രത്ത കുഞ്ഞിരായനും വലിയാട്ട കുഞ്ഞിമായനും അറികെ എഴുതിയ്തു.

കടപൊട്ടിൽ വെലുവും അനന്തിരവൻ ഒക്കാരനും കൂടി എഴുത്ത- മഠത്തിൽ ചെക്കുട്ടി അടിയൊടി കണ്ടുകാൎയ്യം- എന്നാൽ- മുമ്പെ ഞങ്ങളെ കാരണവര മരിച്ചുപൊയ കുങ്കൻനായര എന്നവര നിങ്ങളെ കാരണവര മരിച്ചുപൊയ രാമറ അടിയൊടിക്ക വെളൂര ദെശത്ത ഞങ്ങളെ കാരണവര ജന്മമായ വടക്കെമണ്ണുപറമ്പ കൊല്ലുക്കണ്ടി പറമ്പിടെ തെക്കൊട്ട ൨൲൦ പണത്തിന്ന കാണത്തിന്ന വെച്ച തന്ന നിങ്ങൾ അടക്കിവരുന്നമെൽ എഴുതിയ പറമ്പുടെ മെൽവെപ്പ കൊല്ലം ൲൰൨൲ാമത കുംഭഞായററിൽ ഒററിയും ഒററിക്കും പുറവുമായി ൨൫൦ പണത്തിന്ന ഞങ്ങൾ നിങ്ങൾക്ക എഴുതിവെച്ച തന്ന തരെണ്ടും പണം ഇരുനൂററ അമ്പതിൽ മുമ്പെ നിങ്ങൾക്ക കാണം പണം ഇരുനൂററിപത്തും ഞങ്ങൾ രണ്ടാളും കൂടി നിങ്ങൾക്ക തരെണ്ടും വക എടവാട പ്രമാണങ്ങൾ വക കണക്കതീൎത്ത തരെണ്ടും പണം ൨൰ll വക ൨ൽ പണം ൨൩൰llയും കഴിച്ച തരെണ്ടും പണം പതിനൊന്നരയും ഇപ്പൊൾ കയ്യ തന്നിരിക്കകൊണ്ടവക ൩ൽ പഴയ പണം ഇരുനൂററ അയ്മ്പത്തും കീഴാധാരങ്ങളൊട കൂടി ഞങ്ങൾക്ക

തന്ന ബൊധിക്കയും ചെയ്യൂ. എന്നാൽ ൟ കാൎയ്യത്തിന്ന ചാല പ്രത്ത തെയ്യൻ നായരും കൊടെങ്ങൽ പങ്ങുണ്ണിനായരും കൂടി അറിക്കെ ൧൦൨൧ കുംഭം ൧൮൩ — മാധവൻ കയ്യെഴുത്ത.

പട്ടികുത്ത ചെക്ക എഴുതിയാ മുറി വാഴപ്പള്ളി കുഞ്ചുനായര അറിയെണ്ടും കാൎയ്യം എന്നാൽ ഇനിക്ക കുണ്ടറ ഉഭയവും മുണ്ടു കാട്ടിൽ പറമ്പും കൂടി ൨൫ പാട്ടമായും ൮൦ പണം കാണമായും ചാൎത്തി തന്ന നടന്നവരുന്നതിൽ കുണ്ടറ ഉഭയം മുമ്പെ ൨൨ പണത്തിന്ന കാരൊളി അഹമ്മതിന എണക്കകൊടുത്തത കഴിച്ച മുണ്ടുകാട്ടിൽ പറമ്പിന്മെൽ ൧൮ പണം കാണമുള്ളത ഇന്ന കൊല്ലം ൧൦൨൮ാമത ധനുമാസം ൧൮൩ — വാച്ചത്ത എന്നിക്ക ആധാരവും തീരുകളും കൂടി പറമ്പ ഒഴിഞ്ഞകൊടുത്ത എന്റെ പണം പതിനെട്ടും ഞാൻ വാങ്ങിരിക്കകൊണ്ടു ൟ എണക്കും ആധാരവും കൊണ്ടു മെപ്പടി എന്നതി നിങ്ങടെ അടുക്കെ വന്നാൽ പണം പതിനെട്ടും കൊടുക്ക എങ്കിലും ചാൎത്തി കൊടുക്ക എങ്കിലും ചെയ്യുന്നതിന്ന ഇനിക്കും എന്റെ മുതലവകാശകാൎക്കും ഒരു തെച്ചുയും ശൊദ്യവും ഇല്ല. ഇതിന്ന മെലെതിൽ പരമതരകനും പുതിയപറമ്പത്ത ഗൊവിന്ദൻ നായരും സാക്ഷിയായി കൊല്ലം ൧൦൨൮ാമത ധനു ൧൮൩ — തളിയിൽ കെശവൻ കയ്യെഴുത്ത.

പെരുന്താററീരി ദെശത്ത കിഴക്കെപ്പാട്ട മുയ്യുണ്ണി എഴുതിയാ മുറി - പന്നിക്കൊട്ട എരെച്ചൻ നായര അറിയെണ്ടും കാൎയ്യം എന്നാൽ - നിങ്ങളെമുതൽ പെരുന്താററീരി ദെശത്ത വടക്കെകര മണ്ണിങ്കൽ പറമ്പ തെക്കെ അരിപൊക്ക പള്ളിമഞ്ഞായലിന്റെ വടക്ക അതുക്കന്ന വടക്കൊട്ട മാടററവും പടിഞ്ഞാറ മാടിന്റെ കിഴക്കെ അതുക്കന്ന കിഴക്കൊട്ട വടപ്പങ്ങൽ പറമ്പററവും കൂടി ൧൮ പറ വിത്ത വിതക്കുന്ന രണ്ടെമുക്കാൽ പണം പാട്ടമായീട്ടും ൫൧ പുതിയ പണം കാണമായീട്ടും ചാൎത്തി തന്നീട്ടുള്ളതിൽ കണക്കന്മാരെ വളപ്പ രണ്ടും കഴിച്ച ൧൨ പറ വിത്ത വിതക്കുന്ന തൊൽപറമ്പ വടക്കപുറം മാട്ടററം ഉള്ളത ൨ പണം പാട്ടത്തിന്ന കൊല്ലം ൧൦൨൭ാമത എടവമാസം ൧൦൩ — വെള്ളിലെ ദെശത്ത കാരയിൽ കുട്ടിയാലി കാക്കാക്ക ഞാൻ ൩൫ പുതിയ പണത്തിന്ന മുറിച്ച എണക്ക കൊടുത്തിരിക്കകൊണ്ടു കുട്ടിയാലി കാക്ക ൟ എണക്കുംകൊണ്ടു നിങ്ങടെ അടുക്കെ വന്നാൽ ചാൎത്തികൊടുക്കുന്നതിന്നും ദ്രവ്യം കൊടുക്കുന്നതിന്നും ഇനിക്കും

എന്റെ മുതലവകാശക്കാൎക്കും ഒര ചൊദ്യവും ഇല്ലാ ഇതിന്ന താഴത്തെത്തിൽ രായനും തുടിമണ്ണിൽ ശ്രുപ്പിയും അറികെ പാണ ക്കാട്ടിൽ അശ്രു കയ്യെഴുത്ത.

അല്ലുത്ത കുഞ്ഞിമന്മു എഴുതിയാ മുറി- പള്ളിവീട്ടിൽ കുഞ്ഞി അവുതള കണ്ടുകാഴ്ചും എന്നാൽ- എന്റെ ഉമ്മാക്കും എളയ ഉമ്മാക്കും കൂടി കൊളത്തൂര വാരിയര ജന്മം കണക്കഞ്ചെരി പടിഞ്ഞാറെ തലയും നമ്പികുററിൽ ജന്മം മാക്കഞ്ചെരി കുടിപറമ്പിൽപടിഞ്ഞാറെ തലയും കൂടി ൩ll പണം പാട്ടത്തിന്നും ൻര പണം കാണത്തിന്നും കൂടി മുറിച്ച എണക്ക വാങ്ങീട്ടുള്ള എണക്കകൾ ൨-ം കൂടി തന്റെ വക്കൽ പണയംവെച്ച കൊല്ലം ൯൱൭൭-ാമത കൎക്കിടകമാസം ൯ൻന- വയപ്പവാങ്ങിയ പുതിയപണം ൮- ൰ം പണം എട്ടിന്നും കാഴ്ചും ഇതിന്നടുത്ത ൯൱൭൮ ാമത കന്നിമാസത്തിൽ പണം ൯ന ൯൬ നാരായം വിലക്കൽ ഉണ്ടാകുന്ന നെല്ല പറ ൯൨ നാരായം ൮- ആഞെങ്ങാട്ട പറക്ക നിന്റെ പീടിയക്കൽ കടത്തി ചെറി അളവ തന്നെക്കുന്നതും ഉണ്ട. അന്ന നെല്ല കഴിയാഞ്ഞാൽ ൰ം പണയം വെച്ച ആധാരത്തിൽ പറയുന്ന കുടിയിരുപ്പിൽ നെരപകുതി ൯lll പണം പാട്ടത്തിന്നും ഉച്ചാര പിററന്നാൾ അനുഭവം എടുക്കുന്നതിന്നും ആക്കെക്കിലും കൊടുത്ത മുതൽ വാങ്ങുന്നതിന്നും ഇനിക്ക ശൊദ്യവും ഇല്ലാ- ഇതിന്ന പടിപ്പുരക്കൽ ആലിക്കാക്ക സാക്ഷിയാകെ ചുണ്ടയിൽ അച്ചുതൻ കയ്യെഴുത്ത.

കൊല്ലം ൯൱൭൯ാമത കുംഭ ഞായററിൽ എഴുതിയ ഒററിക്കുപ്പുറം ഓല കരുണമാവിത. മുത്തുകുററിൽ വനയാട ചെന്മങ്ങൊട്ട കെളപ്പൻ- രാമുട്ടി കയ്യാൽ ൨൫- പഴയ പണം- വീരരായിരവൻ കുളിക വാശി പടാതവ കടം കൊണ്ടാൻ കരിങ്ങമണ്ണ ഉക്കണ്ടൻ- ശെഖരൻ ഇന്മാക്കമെ ഇച്ചൊന്ന പണം ഇരിപത്തഞ്ചും വാങ്ങികൊണ്ട വെളൂര ദെശത്ത വടക്കെമണ്ണ ആകുന്ന പറമ്പ ഒററിക്കുപ്പുറമായി എഴുതി കൊടുത്താൻ കെളപ്പൻ- രാമുട്ടി ഇന്മാക്കമെ ൰ം ഒററിക്കുപ്പുറം ഓല കരുണം എഴുതി കൊടുത്തമെക്കും എഴുതിച്ചകൊണ്ടമെക്കും അറിവും സാക്ഷിതവവട്ട മറിക കെട്ടുകെൾപ്പിച്ചകുററുക്കൽ ഉണ്ണീരിനായരും കൊക്കമ്പലത്ത കണ്ടപ്പൻ നായരും കൂടി അറിക സാക്ഷിയായി കയ്യെഴുതിനെൻ കരിങ്ങാട്ട ശങ്കുണ്ണി തന്റെ കയ്യെഴുത്ത.

കൊല്ലം ൧൦൨൧ാമത കുംഭഞായററിൽ എഴുതിയ ഒററിയോല
കരുണമാവിത- മുതുകുററിൽ പനയാട ചെന്മങ്ങോട്ട. കെളപ്പൻ-
രാമുട്ടി കയ്യാൽ ൨൨൫ പഴയ പണം വീരരായിരവൻ കുളിക
വാശി വടാതവ കടംകൊണ്ടാൻ കരിങ്ങമണ്ണ ഉക്കണ്ടൻ- ശെ
ഖരൻകൊണ്ടാർകൊണ്ട പരിചാവിത അന്മാക്കമെ ൱ പണം
ഇരുനൂററി ഇരിപത്തഞ്ചിന്നും കാര്യം- വെളൂര ദെശത്ത തങ്ങൾ
ക്കുള്ള വടക്കെമണ്ണ ആകുന്ന പറമ്പ ഒററിയായി വെച്ച കൊട്ട
ത്താൻ ഉക്കണ്ടൻ- ശെഖരൻ അന്മാക്കമെ ൱ച്ചൊന്ന പണം-
ഇരുനൂററിഇരിപത്തഞ്ചിന്നും കാര്യം- വെളൂർ ദെശത്ത വടക്കെ
മണ്ണ ആകുന്ന പറമ്പ ഒററിയായി വെപ്പിച്ച വാങ്ങികൊണ്ടാൻ
കെളപ്പൻ- രാമുട്ടി ഇന്മാക്കമെ ൱ ഒററിയോല കരുണം എഴുതി
കൊട്ടത്തമെക്കും എഴുതിച്ച കൊണ്ടമെക്കും അറിവും സാക്ഷി ത
വപട്ടമറിക കെട്ടകെൾപ്പിച്ച കുറമക്കൽ ഉണ്ണീരിനായരും കൊ
ക്കമ്പലത്ത കണ്ടപ്പൻ നായരും കൂടി അറികെ സാക്ഷിയായി
കയ്യെഴുതിനാൻ കരിങ്ങാട്ട ശങ്കുണ്ണി തന്റെ കയ്യെഴുത്ത.

കിഴക്കെതിൽ കണാരൻ എഴുത്ത- വലിയ പറമ്പിൽ പെ
ക്കൊട്ടി കണ്ടകാര്യം എന്നാൽ- മുമ്പെ ഞാൻ പാഴൊത്തകൊര
ൻ കന്മളൊട മനകാവദെശത്ത ഞാൻ എഴുതി വാങ്ങീട്ടുള്ള മ
ന്മനാടി ആകുന്ന പറമ്പ കൊല്ലം ൧൦൨൩ മീന ഞായററിൽ ഇ
നിക്കുള്ള കുഴിക്കാണവും പറമ്പിന്റെ അനുഭവവും ൧൨- കൊ
ല്ലത്തെക്ക മര്യാദപ്രകാരം എഴുതി തന്ന ഞാൻ നിന്നൊട കാണം
വാങ്ങിയ ഉറുപ്പിക ൪- ൱ പറമ്പിൽ പുര അടക്കം പാട്ടം വെ
ച്ച വെള്ളിപ്പണം ൭ ൱ വെള്ളിപണം ഏഴും കാലംതൊറും ഇ
ങ്ങെ എട്ടത്ത തന്നെക്കുകയും വെണം നിന്റെ ഉറുപ്പിക നാ
ലിന്നും എന്റെ കുഴിക്കാണത്തിന്റെ അനുഭവംകൊണ്ട നി
ന്റെ കാണ പണത്തിന്ന പലിശ കഴിച്ചകൊൾകയും വെ
ണം- ൱ പറമ്പിൽ തന്നിൽപിടിപ്പത ഫലങ്ങൾ വെച്ചുണ്ടാ
ക്കിയാൽ ദെശമര്യാദപൊലെ അഴിവും കുഴിക്കാണവും കാണ
വും തന്ന ഒഴിപ്പിച്ചകൊൾകയും ചെയ്യാം. എന്നാൽ ൱ കാര്യ
ത്തിന്ന കുന്ദമ്പലത്ത ചാത്തര കന്മളും തൊടെങ്ങൽ കണ്ണനും
കൂടി അറികെ സാക്ഷിയായി വലിയപറമ്പത്ത മന്മു കയ്യെഴുത്ത.

ഒറൊത്ത പാർവ്വതി എഴുത്ത പുതിയകുന്ദത്ത താഴ്ശ്ശുമെനൊ
ൻ കണ്ടകാര്യമാവത എന്നാൽ ഇനിക്ക വെളൂത്തമന നമ്പൂതി
രി വക്കൽ കാണമുള്ള കടവൂര ദെശത്ത മങ്കുഴിപ്പാടത്ത മങ്കുഴി

എന്ന കരിങ്കുറ ൯൨൰ പറക്ക പാട്ടത്തിന്റെ നിലം ഞാൻ തങ്ങ ൾക്ക ൯൫൰ പറ നെല്ല വെറുമ്പാട്ടം നിശ്ചയിച്ച കൊല്ലം ൯൰൨൨ാമത മെടമാസം ൨൮൹- കൊഴവെറക്കം പണയം എഴുതിതന്ന തങ്ങളൊട വാങ്ങിയ പഴയ പണം ൨൫൰- ൦രം പണം ഇരുനൂററ അയ്മ്പതിന്നും മെൽഎഴുതിയ ഉഭയം തങ്ങൾ കൊഴവെറങ്ങി നടന്ന തന്മിൽനിന്ന ൦രം പണം ഇരുനൂററ അയ്മ്പതിന്ന നൂററിന്ന പത്തപറ നെല്ലകണ്ട പലിശപിടിച്ച കൊല്ലത്തിൽ ൯൨൫ പറ നെല്ല നികുതി മിച്ചാരത്തിന്ന ഞാൻ പാക്കുന്ന താഴത്തെ ഒററത്തു എന്ന വീട്ടിൽ കൊണ്ടുവന്ന ചെറിപതിര പൊക്കി ൬൫ പറക്ക അളവ തന്ന മുറി വാങ്ങികൊള്ളുകയ്യും ൦രംപണം ഇരുനൂററി അയ്മ്പത്തും തരുമ്പൊൾ ൦രം പണയ എഴുത്ത ആധാരം മടക്കി തന്ന നിലം ഒഴിഞ്ഞ തന്നെക്കുകയ്യും വെണം. ഇതിന്ന മെപ്പള്ളികുന്ദത്ത വഞ്ച്യമെനൊനും കണക്കഞ്ചെരി അവുതളയ്യും സാക്ഷിയാകെ കൊണ്ടാൻ മീമ്പാട്ട ചാപ്പൻകുട്ടി കയ്യെഴുത്ത.

പററല്ലൂര ദെശത്തിരിക്കും പുതിയവീട്ടിൽ കാതര മയ്യൊനും അനുജൻ ഉണ്ണ്യാലിയ്യും അവ്യൂസ്സ കുട്ടിയ്യും കൂടി എഴുതിയാ മുറി-പൂളക്കണ്ടിൽ കുഞ്ഞിമൊയ്യിൻ ഇക്കാക്ക കണ്ടുകാൎയ്യമാവത എന്നാൽ ഞങ്ങടെ വാപ്പ മരിച്ചപൊയ പുതിയവീട്ടിൽ ആലിമല്ല എന്നവക്ക രാമപുരം ദെവസ്സം മുതൽ പഴമള്ളൂര ദെശത്ത കാഞ്ഞിരക്കൊട ഉഭയം അയ്മ്പത്തഞ്ച പണം കാണവും നാല്പത്തഞ്ചപറ നെല്ല പാട്ടമായീട്ടും ചാൎത്തി തന്നീട്ടുള്ള കാണക്കരണം പണയം വെച്ച പണയമായി കൊല്ലം ൯൰൯൫ാമത കന്നി ഞായററിൽ വാങ്ങിയ പുതിയ പണം ൪൫- ൦രം പണം നാല്പത്തഞ്ചിന്നും കാൎയ്യം ആണ്ടവരെ മൎയ്യാദപ്രകാരം നെല്ല ലാഭവും കൂട്ടി ഉണ്ടാകുന്ന നെല്ല നിങ്ങളെ പീടികക്കൽ കടത്തിച്ച വടിച്ച തന്നെക്കുന്നതും ഉണ്ട- മെൽപ്രകാരം ലാഭം ഉണ്ടാകുന്ന നെല്ല തരാത്തെ നാളിൽ മെൽ എഴുതിയ ഉഭയത്തിന്മെൽ കൊഴവെറങ്ങി നിന്ന സൎക്കാര നികുതിയ്യും ജന്മി അവകാശവും കൊടുത്ത നിന്നകൊള്ളുക- പണം തരുമ്പൊൾ ഉഭയം ഒഴിഞ്ഞ തരികയ്യും ചെയ്യു- എന്നാൽ ഇതിന്ന കടക്കൊട്ടിൽ വീരാനാജിയ്യും അണ്ടെങ്ങാട്ട കണ്ണനായരും തലക്കൊട്ട തൊടികയിൽ ആലികുട്ടിയ്യും സാക്ഷിയാകെ മുക്കയിൽ കുട്ടിമന്മു കയ്യെഴുത്ത.

പാതാരി ആയിജ എഴുതിയാ മുറി കൊട്ടപ്പുറത്ത മൊയൻകുട്ടി കണ്ടുകാൎയ്യം എന്നാൽ- മൊറൂര ദെശത്ത ഇനിക്ക ജന്മമുള്ള പാറ

ക്കൽ നിലത്തിൽ കിഴക്കെ പാളിൽ ൪ കണ്ടം ൧൦ പറവിത്തിന്റെ നിലം ഞാൻ തനിക്ക കൊഴവെറക്കം പണയംതന്ന കൊല്ലം ൧൦൨൩-ാമത കുംഭമാസത്തിൽ കടംവയ്പ വാങ്ങിയ പുതിയപണം ൫൦൦ ൦രം പണം അഞ്ഞൂറിന്നും മെൽഎഴുതിയ നിലം കൊഴവെറങ്ങി നടന്ന തന്റെ പണത്തിന്റെ പലിശ പിടിച്ച കൊല്ലം ൧ന്ന വടിക്കെണ്ടും പാട്ടം നെല്ല പറ ൫൦ ൦രം നെല്ല പറ അയ്പതും ൧൦൨൪-ാമത കന്നിമകരം കൂടി വെളുത്തെടത്ത കൊണ്ടുവന്ന പതിര പൊക്കി ഒത്ത പറക്ക വടിച്ചതന്ന മുറി വാങ്ങി കൊള്ളുകയും യാതൊരു ഉച്ചാരൽക്ക എങ്കിലും തന്റെ പണം തരുമ്പൊൾ നിലം ഒഴിഞ്ഞ ആധാരവും കൊഴവും മടക്കി വാങ്ങി കൊള്ളുന്നതും ഉണ്ട ഇതിന്ന തൊട്ടുകരെ സെയ്യും എടത്തിൽ പങ്കുനായരും സാക്ഷിയാകെ പൂന്തലെ പൊക്കു കയ്യെഴുത്ത.

തൊണ്ടിയിൽ ചെറിയ ബാവ എഴുതിയാ മുറി മണ്ണിങ്കൽ കുഞ്ഞൻ നായര അറിയെണ്ടും കാൎയ്യം ഇനിക്ക പാണ്ടിക്കാട ദെശത്ത വഴിയമണ്ണു എജമാനൻ വക്കൽ വെണ്ണുത്താറ ൧൮ പാട്ടത്തിന്റെ ഉഭയത്തിന്മെലും മററും കൂടി ൫൦ പഴയ പണം കാണം ചാൎത്തി തന്നിട്ടുള്ളതിൽ ൩ കണ്ടം ൧൪I പാട്ടത്തിന്റെ ഉഭയം ചെറക്കൽ കുഞ്ഞന്മത കാക്കാക്ക ആക്കി ൱൫ പണം കാണവും ൪ പണം കടംവയ്പും കൂടി ൱൯ പണം ഉണ്ടായിരുന്നത എന്റെ മുഖാന്തരം നിങ്ങൾ കൊടുത്ത ഒഴിഞ്ഞവാങ്ങീട്ടുള്ള ൧൪I പാട്ടത്തിന്റെ പുറമെ എന്റെ കൈവശം ഉള്ള ഒരു കണ്ടം ൩III പാട്ടത്തിന്നുള്ളതും പറമ്പുകളും കൂടി ഞാൻ നിങ്ങൾക്ക ഒന്നായി എഴുതിതന്ന ൱൯ പണത്തിന്റെ പുറമെ ൮൱ പറ നെല്ലും കൂടി വാങ്ങി മെപ്പടി ൧൮ പാട്ടത്തിന്റെ ഉഭയം പറമ്പുകളും കൂടി കൃഷി നടപ്പാൻ ആക്കി തന്ന കൊല്ലം ൧൦൨൫-ാമത മീനമാസം ൩൨- ൱൯ പണത്തിന്നും ൮൱ പറ നെല്ലിന്നും കൂടി ഒന്നായി എഴുതി തന്ന മെപ്പടി നിലം മുഴുവനും പറമ്പുകളും കൂടി മെപ്പടി കുഞ്ഞന്മത്തും ഞാനുംകൂടി ഒഴിഞ്ഞ തന്നിരിക്കകൊണ്ട വെണ്ണുത്താറ ൧൮- പാട്ടത്തിന്റെ ഉഭയത്തിന്മെലും പറമ്പുകളിന്മെലും ഇനിക്ക ഒരു ശൊദ്യവും- ഇല്ലാ ഇതിന്ന കളപള്ളി ശങ്കരൻ നായരും പെട്ടമണ്ണു രാരുനായരും കൊളത്തൂര ഇട്ടീരി നായരും സാക്ഷിയാകെ ത്രാപൊട്ട കുഞ്ചുണ്ണി കയ്യെഴുത്ത.

വളപ്പകത്ത കുഞ്ഞിമന്മു എഴുത്ത എളെടത്ത പരമുണ്ണി എഴുത്തശ്ശൻ അറിയെണ്ടും കാൎയ്യം ഇനിക്ക മുതുപറ ദെവസ്സത്തിൽ

നിന്ന ആക്കളൊംപാടം മുതലായ വസ്തുവഹകളിന്മെൽ കാണം കടംവച്ചു കൂടി ൧൦൩൦ പണത്തിന്ന കാണംചാൎത്തി തന്നിട്ടുള്ള ആധാരവും ആധാരത്തിൽ പറയുന്ന നിലങ്ങളിൽ ആക്കളൊം പാടം ൮- പറക്കും ഉഴുത്ത കണ്ടം ഒരു പറക്കും കൈത രണ്ട പറക്കും- ചമ്മനാടി പള്ളിമഞ്ഞായല ൭ പറക്കും താഴത്തെ ചരപ്പററ പള്ളിമഞ്ഞായല ൭ പറക്കും മണ്ണൂരത്തറ ൮ പറക്കും കൂടി ൩൨ പറവിത്തവിത ൧൫൦ പാട്ടത്തിന്നുള്ളത എന്റെ കാണാധാരത്തൊട കൂട തങ്ങൾക്ക എറങ്ങിനടപ്പാൻ തക്കവണ്ണം ആക്കിതന്ന കൊല്ലം ൧൦൧൫ാമത എടവമാസം ൧൧ന്നു കാണത്തിന്ന വാങ്ങിയ പുതിയ പണം ൯൬൦ നും കായ്യം ൦ര൦ ആധാരത്തിൽ പറയുന്ന നിലങ്ങൾ കൃഷിനടന്ന വടിക്കെണ്ടും പാട്ടം നെല്ല പറ ൧൫൦ൽ തന്റെ അൎത്ഥത്തിന്ന അരപലിശക്ക കിഴിയും നെല്ല പറ ൪൮-ം പിടിച്ച സൎക്കാര നികുതിയും കഴിച്ച വടിക്കെണ്ടും പത്തിന്നരണ്ട ദെവസ്സത്തിൽ കൊടുത്ത മുറി വാങ്ങിയിരിക്ക എന്നാൽ ഇതിനടുത്ത ഉച്ചാരപിററന്നാൾ തങ്ങടെ കാണം കഴിക്ക എങ്കിലും എന്റെ ശെഷംകാണം കൈകണക്ക പറഞ്ഞ ഉള്ളതിനെ വാങ്ങി ദെവസ്സത്തിൽ നെർവിടുവാൻ മുറി തരിക എങ്കിലും ചെയ്യുക്കുന്നതും ഉണ്ട ഇതറിയും സാക്ഷി പുല്ലാനൂര കാളിയപ്പ തരകനും കുഞ്ചപാടത്ത കുഞ്ഞുണ്ണിനായരും അറികെ നെടുമ്പാറെ ചാത്തു കയ്യെഴുത്ത.

കൊല്ലം ൧൦൧൪ാമത കന്നിവ്യാഴം മെടഞായററിൽ എഴുതിയ ഉഭയപാട്ടൊല കരുണമാവിത ചാലിയം മുതലായതിരൂരങ്ങാടിയിൽ പുതിയവീട്ടിൽ വലിയാകതൊട്ടുകയിൽ അകത്ത സക്കെത്തത്തിൽ മരക്കാരകുട്ടി പൊക്കു കയ്യാൽ ൫൫ പുത്തുപ്പണം കടം കൊണ്ടാൻ രാമപുരത്ത തെവര തിരുനാൾ പെരാൽ ഊരാളരുള്ളിരുന്ന പാട്ടമാളിയായ പനയൂര പരമെശ്വരൻ കൊണ്ടാർ കൊണ്ട പരിചാവിത ഇക്കൊണ്ടാപണം അയ്പത്തഞ്ചിന്നും കായ്യം പഴവള്ളൂരദെശത്ത തെവർ തിരുനിലമായ കാഞ്ഞിരക്കൊട ൪ കണ്ടം കൂടി ൪൫ പറ നെല്ല പാട്ടമായി പാട്ടമാണ്ടാ പാട്ടനെല്ലിൽ ഇപ്പണത്തിന്ന നൂററിന്ന നാലമെനി പലിശകണ്ടുള്ള നെല്ല പറ ൨- എടങ്ങഴി ൨-ം അൎത്ഥപലിശ പിടിച്ച നീക്കിയുള്ള പാട്ടനെല്ല പറ ൪൨ എടങ്ങഴി ൮-ം ഏകാദശി തിരുവകാഴ്ച ൰ ൧-ം ആണ്ടവരെ കൊടുക്കവും കൊള്ളുവും കടവറ ഇപ്പടിക്ക സഭവട്ടം സാക്ഷിയായി കൊണ്ടാൻ കയ്യെഴുത്ത.

കൊല്ലം ൧൦൦൯-ാമത മകരവ്യാഴം മെടഞായററിൽ എഴുതിയ ഉഭയ പാട്ടൊല കരുണമാവിത ചാലിയം മുതലായ തിരുരങ്ങാടിയിൽ കുടിപതിയിൽ നെച്ചിലകത്ത എറമാക്കവീട്ടിൽ കരുവാപ്പള്ളി കൊയാമ സാവൻകുട്ടി കയ്യാൽ ൪൧ പുത്തപ്പണം കടം കൊണ്ടാൻ പെരുമണ്ണെ ഇട്ടീണാൻ കൊണ്ടാർകൊണ്ട പരിചാവിത ഇക്കൊണ്ടാ പണം ൪൧നും കാൎയ്യം വലമ്പൂരദെശത്ത തങ്ങൾക്കുള്ള കുണ്ടുകാട എന്ന ഉഭയം ൨൨ll പാട്ടത്തിന്നും മുണ്ടുരപറമ്പ പത്തപറ വിത്ത വിതപ്പാനുള്ളതിന്ന ൨ll പാട്ടത്തിന്നും കൂടി ൨൯- പറെക്ക പാട്ടമായി പാട്ടമാണ്ട- പാട്ടനെല്ല പറ ൨൯ൽ തന്റെ അൎത്ഥത്തിന്ന പത്തിന്ന അര പലിശകണ്ട പിടിക്കെണ്ടും നെല്ല പറ ൨-ം പിടിച്ച നീക്കിയുള്ള നെല്ല പറ ൨൩-ം ആണ്ടുവരെ പാട്ടപറയാൽ കൊടുക്കവും കൊള്ളവും കടവർ ഇപ്പടിക്ക തവട്ടം താക്കിയായി കൊണ്ടാൻ വടക്കെവീട്ടിൽ നാറാണൻ കയ്യെഴുത്ത.

കൊല്ലം ൧൦൨൩ാമത മിഥുനവ്യാഴം മെടഞായററിൽ എഴുതിയ ഉഭയപാട്ടൊല കരുണമാവിത ചാലിയം മുതലായ തിരുരങ്ങാടിയിൽ കുന്ദത്ത ഇല്ലത്ത നെച്ചിൽ അകത്ത നീലുകാവിൽ അസ്സാനാജി മുസ്സ്യിയൻ കയ്യാൽ ൭൦ പുതിയപണം കടംകൊണ്ടാൻ കാരക്കൊട്ട രാരിച്ചൽ കണാരൻ കൊണ്ടാർകൊണ്ട പരിചാവിത ഇക്കൊണ്ടാ പണം എഴുവതിന്നും കാൎയ്യം പെരുന്താററിരിദെശത്ത തങ്ങൾക്കുള്ള വടക്കെകരെ ചാലിൽ എന്ന പറമ്പ ൨൦ പറ വിത്തിന്നും അതിൽ ഉള്ള ചമയങ്ങളും മൊടകുഴി എന്ന ചൊലയും ചൊലാറ എന്ന ചൊലയും കൂടി ൩ll പണം പാട്ടമായി പണയമായി പാട്ടമാണ്ടാൻ പാട്ടപ്പണത്തിൽ ഇപ്പണത്തിന്ന പത്തിന്ന മുക്കാല പലിശക്ക പണം അഞ്ചെകാലും അൎത്ഥപലിശ പിടിച്ച നീക്കി ശെഷം ഉള്ള പാട്ടപണം ഒന്നെകാലും കച്ചീട്ട പ്രകാരം ആണ്ടുവരെ കൊടുക്കവും കൊള്ളവും കടവർ ഇപ്പടിക്ക ഇതറിയും സഭവട്ടം സാക്ഷിയായി കൊണ്ടാൻ കാരക്കൊട്ട കണാരൻ കയ്യെഴുത്ത.

കൊല്ലം ൧൦൧൨-ാമത മകരവ്യാഴം കുംഭഞായററിൽ എഴുതിയ ഉഭയപാട്ടൊല കരുണമാവിത ചാലിയംമുതലായ തിരുരങ്ങാടിയിൽ കുടിപതിയായ പതിയവീട്ടിൽ കിഴക്കെ അകത്ത കിഴിശ്ശെരി ഏനതിമൊയ്യീൻ കായ്യൽ൪൦പഴയപണം കടംകൊണ്ടാൻ പാലപ്പുഴെ ശ്രീധരൻ- ദാമൊദരൻ കൊണ്ടാർകൊണ്ട പരി

ചാവിത ഇക്കൊണ്ടാപണം ൪൦൩ം കാശ്ശും പാണ്ടിക്കാട ദെശത്ത നമുക്കുള്ള ചാന്തുള്ളി ആകുന്ന ഉഭയത്തിന്ന അതിര കിഴക്ക പള്ളിസത്രവും ചെന്നാട്ട പണിക്കരുടെയും കടന്നമണ്ണ ചെരിക്കൽ ജന്മം പുത്തരിനിലങ്ങളാൽ പടിഞ്ഞാട്ടും തെക്ക വലിയവീട്ടിൽ പണിക്കര ജന്മം പൂക്കുത്തപറമ്പിനാൽ വടക്കൊട്ടും പടിഞ്ഞാറ മലപ്പുറം ചെരിക്കൽ ജന്മം വെളുനിലത്താൽ കിഴക്കൊട്ടും വടക്ക തൊട്ടിന്ന തെക്കൊട്ടും കൂടി ൧൨൰- പറ പാട്ടത്തിന്ന പാട്ടമായി പണയമായി പാട്ടമാണ്ടാ പാട്ടനെല്ല പറ ൧൨൰ൽ ൦൪ം പണത്തിന്ന പലിശകണ്ടുള്ള നെല്ല പറ ൨-ം പടിച്ച നീക്കിയുള്ള പാട്ട നെല്ല പറ ൧൩-ം ആണ്ടുവരെ പാട്ടപറയാൽ വടിക്കുമാറൊത്ത കൊടുക്കവും കൊള്ളുവും കടവറ ഇപ്പടിക്ക ഇതിന്ന കായലൊട്ട വാരിയത്ത ശ്രീലവാണിയും- തുപ്പാക്കടെ വിഷ്ണാരത്ത ചീരാമനും സാക്ഷിയാകെ എഴുതിയ്യ.

കൊല്ലം ൧൦൨൩ാമത. എടവഞായററിൽ എഴുതിയ ഉഭയപാട്ടോലകരുണമാവത. ചാലിയം മുതലായ തിരൂരങ്ങാടിയിൽ ചെറിയപറമ്പത്ത വെള്ളനിക്കാട്ടൽ അകത്ത ചെറുവുത്തൂരദെശത്ത താഴിയ്യൂര മന്മതമുയ്യീൻ- കായ്യാൽ ൯൦൧- പുത്തൻപണം കടംകൊണ്ടാൻ ഊര അത തിരൂരങ്ങാടിയിൽ പുതിയ വീട്ടിൽ അമ്പലം വീട്ടിൽ അകത്ത മൊറയ്യൂര ദെശത്ത ആട്ടീരിമുല്ലമുയ്യൂട്ടി കൊണ്ടാർ കൊണ്ട പരിചാവിത ഇക്കൊണ്ടാ പണം അഞ്ഞൂററ ഒന്നിന്നും കാശ്ശും മൊറയ്യൂര ദെശത്ത തങ്ങൾക്കുള്ള പാറക്കമൂളി നിലം മെലെ തല ൯. കണ്ടം ൧൨- പറവിത്തിന്റെ സ്ഥലം ൭൯- പറക്ക പാട്ടമായി പണയമായി പാട്ടമാണ്ടാ പാട്ട നെല്ലിൽ അത്ഥ പലിശക്ക നെല്ല പറ ൨൯-ം പിടിച്ച നീക്കിയുള്ള നെല്ല പറ ൯൦-ം കാലം തൊറും. കുംഭമാസത്തിൽ വടിച്ചകൊള്ളുമാറും വടിപ്പിച്ച കൊള്ളുമാറും ഒത്ത എഴുതി കൊടുത്തമെക്കും എഴുതിച്ച കൊണ്ടമെക്കും ഇപ്പടിക്ക അറിവും സഭവട്ടം സാക്ഷിയാകെ ചാത്തല്ലൂര അത്തീത്ത കയ്യെഴുത്ത.

കൊല്ലം ൧൦൧൩ാമത- എടവഞായററിൽ എഴുതിയ ചമയപാട്ടോല കരുണമാവത ചാലിയം മുതലായ തിരൂരങ്ങാടിയിൽകുന്ദത്ത ഇല്ലത്ത നെച്ചിയിൽ അകത്ത പൂളക്കൽ അസ്സൽകുട്ടി കയ്യാൽ ൩൦൧ പുത്തൻപ്പണം കടം കൊണ്ടാൻ ചെന്മണിക്കരെ ഇരാമം നാമംകൊണ്ടാർകൊണ്ട പരിചാവിത- ഇക്കൊണ്ടാ പണം അറുനൂററഒന്നിന്നും കാശ്ശും നമുക്കുള്ള വെങ്ങരെ ദെശത്ത തെക്കെ

കരെ കൊലൊത്തും കുട്ടിയിരുപ്പു പറമ്പ അതിര കിഴക്ക കല്ലുഴവൊളവും- തെക്ക കല്ലുഴവൊറ്റും പടിഞ്ഞാറ കല്ലുഴവൊളവും വടക്ക തട്ട എതയൊളവും അതിന്റെ കിഴക്കെമാട പറമ്പ അതിരകിഴക്ക എട വഴിമുഖാറത്തിന്റെ തെക്കൊട്ട നെരെ ഉള്ള അതിരൊളവും. തെക്ക തന്ത്ര്യയൻ പറമ്പിന്റെ വടക്കെ അതിരൊളവും പടിഞ്ഞാറ കല്ലുഴവൊളവും- വടക്ക എതയൊളവും- ഒരം നാല അതൃക്കകത്തുള്ള നിലവും പലവും കൂടി ചമയ പാട്ടമായി കൊടുത്ത പാട്ടമാണ്ടാൻ പാട്ടപണത്താൽ ഒരം പണത്തിന്റെ അത്ഥപലിശ കഴിച്ച നീക്കി കാലം തൊറും അഞ്ചു പണം- പുറപ്പാട വാങ്ങികൊള്ളുമാറും കൊടുത്തിരിക്കുമാറും. ഒത്ത ഒപ്പിച്ച ചമയ പാട്ടൊല എഴുതി കൊടുത്തതെക്കും എഴുതിച്ചുകൊണ്ടതെക്കും ഇപ്പടിക്ക ഇതിന്ന വെങ്ങാലിൽ രാവുണ്ണിനായരും വെള്ളക്കാട്ടതുപ്രൻനായരും അറികെ കുററിപുറത്ത കുഞ്ഞുണ്ണി കയ്യെഴുത്ത.

കൊല്ലം ൯൭൯ാമത. മകരഞ്ഞാററിൽ എഴുതിയ ചമയ പാട്ടൊല കരുണമാവത- ചാലിയം മുതലായ തിരുരങ്ങാടിയിൽ മന്മത്തരായിൽ കാക്ക വീട്ടിൽ കല്ലുങ്ങൽ അകത്തകലം പറമ്പിൽ പൊക്കുട്ടി- എറന്മത കയ്യാൽ- ൭൧ പുതുപ്പണം. കടംകൊണ്ടാർ ചെന്മണിക്കരെ ഇരാമംനാമം കൊണ്ടാർകൊണ്ട പരിചാവിത ഇക്കൊണ്ടാ പണം. എഴപത്തൊന്നിന്നും കാര്യം- നമുക്കുള്ള വെങ്ങര ദെശത്ത തെക്കെ കരമ്മെൽ വടക്കെ. കലം പറമ്പിൽ പാതി വടക്കൊട്ട അതിര കിഴക്ക കല്ലുഴവൊളവും. തെക്ക നട്ട എതയൊളവും. പടിഞ്ഞാറ വയലൊളവും- വടക്ക കല്ലുഴവൊളവും- ഒരം നാല അതൃക്കകത്തുള്ള നിലവും പലവും കൂടെ ചൊലക്കണ്ടി കുടിയിരുപ്പു പറമ്പ അതിര കിഴക്ക കല്ലുഴവൊളവും. തെക്ക ചെന്ന വഴിയൊളവും- പടിഞ്ഞാറ കല്ലുഴവൊളവും വടക്ക എതയൊളവും. ഒരം നാല അതൃക്കകത്തുള്ള നിലവും പലവും കൂടി ചമയ പാട്ടമായി പാട്ടമാണ്ടാൻ പട്ട പണത്താൽകൊണ്ട ഇപ്പണത്തിന്റെ അത്ഥ പലിശ കഴിച്ച കാലം തൊറും ഓരെ പണം. പുറപ്പാട വാങ്ങികൊള്ളുമാറ ഒത്ത എഴുതി കൊടുത്താൻ ഇരാമംനാമം അന്മാക്കമെ ഇപ്പണം- എഴപത്തൊന്നും കൊടുത്ത ഇച്ചൊന്ന കുടിയിരുപ്പു രണ്ടും കൂടി ഒരം നാല അതൃക്കകത്തുള്ള നിലവും പലവും കൂടി ചമയ പാട്ടമായി പാട്ടമാണ്ടാ- പാട്ടപണത്താൽകൊണ്ട ഒരം പണത്തിന്റെ അത്ഥപലിശ പിടിച്ച ആണ്ടിന്ന പുറപ്പാട പണം ഒന്നും. കൊടുത്തിരിക്കുമാറ ഒത്ത എഴുതിച്ചുകൊണ്ടാൻ പൊക്കുട്ടി- എറന്മത. ഇന്മാക്കമെ ഒരം പടിക്ക ചമയ പാട്ടൊല എഴുതി കൊടുത്ത.തെക്കും എഴുതിച്ചുകൊണ്ടതെ

ക്കും അറിവും തവവട്ടും സാക്ഷിയാകെ കളവൂര ഇട്ടിരാരിപ്പൻ നായര കയ്യെഴുത്ത.

കൊല്ലം ൮൦൦ാമത മിഥുനവ്യാഴം മെടഞായററിൽ എഴുതിയ അട്ടിപ്പെററൊല കരുണമാവത- ചെങ്ങൊട്ട പറങ്ങൊടൻ എരൊമൻ തമ്പിമാരും കൂടി പെരിങ്ങൊട്ടവലം ദെശത്ത തങ്ങൾക്കുള്ള പിച്ചാനികുന്ദ ആകുന്ന പറമ്പ ന്ന- പറവിത്ത വിതപ്പാനുള്ളതും പുളിക്കൽകുന്ദത്ത താഴത്തെ ചൊലയും മെലെ ചൊലയും നല്ലാട്ടതൊടിക പറമ്പിൽ ഉള്ള ചൊലയും ൩ം ചൊലകളുടെ നാലപുറവും അഴകുത്തി വരുതിരിപ്പാൻ സ്ഥലവും കൂടി അന്നപെറും അൎത്ഥവും വാങ്ങി അട്ടിപ്പെർനീരുദകമായി എഴുതി കൊടുത്താൻ ചെങ്ങൊട്ട പറങ്ങൊടൻ- എരൊമൻ- തമ്പിമാരും- ഇപ്പടിക്ക ഇച്ചൊന്ന പിച്ചാനികുന്ദ ആകുന്ന പറമ്പ ആറപറ വിത്ത വിതപ്പാനുള്ളതും പുളിക്കൽകുന്ദത്ത താഴത്തെ ചൊലയും മെലെ ചൊലയും നല്ലാട്ട തൊടികപറമ്പിൽ ഉള്ള ചൊലയും ൩ം ചൊലകളുടെ നാലപുറവും അഴകുത്തി വരു തിരിപ്പാൻ ഉള്ള സ്ഥലവും കൂടി അന്നപെറും അൎത്ഥവും കൊടുത്ത അട്ടിപ്പെർനീരുദകമായി എഴുതിച്ചുകൊണ്ടാൻ ചാലിയംമുതലായ തിരുരങ്ങാടിയിൽ ചാലിൽഅകത്ത എറന്മാക്ക വീട്ടിൽ പാടത്ത വീട്ടിൽ മായൻ അവറാൻ തമ്പിമാരും ഇവൎക്കമെ ൩ം ചൊന്ന പറമ്പിന്ന അതിര കിഴക്ക വരുവെട്ടി ചാലിന്ന പടിഞ്ഞാട്ടും- വടക്ക കളിവീട്ടിൽ നായരുടെ പറമ്പിന്ന തെക്കൊട്ടും- പടിഞ്ഞാറ കരിയാരത്ത തൊടികപറമ്പിന്ന കിഴക്കൊട്ടും- തെക്ക പുളിക്കൽപറമ്പിന്ന വടക്കൊട്ടും- ൩ം നാല അതൃക്ക അകത്ത ഉൾപ്പെട്ട പറമ്പും തന്നിലുള്ള ഫലങ്ങളും വെപ്പും ചെപ്പും മുള്ളും മൂൎക്കൻപാമ്പും എപ്പെർപ്പട്ടവയും കൂടിയും ꠰ പുളിക്കൽകുന്ദത്ത താഴത്തെ ചൊലയും മെലെ ചൊലയും കൂടി നല്ലാട്ടപറമ്പിൽ ഉള്ള ചൊലയും കൂടി അട്ടിപ്പെർനീരുദകമായി എഴുതി കൊടുത്താൻ പറങ്ങൊടൻ എരൊമൻ തമ്പിമാരും- അവൎക്കമെ ഇച്ചൊന്ന നാല അതൃക്ക അകത്തുള്ള പറമ്പും ചൊല ൩-ം കൂടി അന്നപെറും അൎത്ഥവും കൂടി കൊടുത്ത അട്ടിപ്പെർനീരുദകമായി എഴുതിച്ചുകൊണ്ടാൻ മായൻ അവറാൻ തമ്പിമാരും- യിവൎക്കമെ അട്ടിപ്പെർനീരുദകമായി എഴുതികൊടുത്ത മെക്കും എഴുതിച്ചുകൊണ്ട മെക്കും അറിവും സഭവട്ടും സാക്ഷിയായി കൊണ്ടാൻ ചന്ത്രത്തിൽ കൊമപണിക്കര കയ്യെഴുത്ത.

കൊല്ലം ൯൱൩ ാമത ചിങ്ങഞ്ഞെന്നി കന്നിവ്യാഴം തുലാഞായററിൽ എഴുതിയ അട്ടിപ്പെറെറാല കരുണാമാവത- പുത്തംവീട്ടിൽ കൊമപ്പൻ ഇട്ടീണ്ണാൻ- തമ്പിമാരും- പെരിങ്ങൊട്ടവലത്ത തങ്ങൾക്കുള്ള കാവുങ്ങൽ പറമ്പിന്ന അതിര- കിഴക്ക എറിയാട്ട പൊക്കരുടെ ജന്മം ചെറുകാട്ട പറമ്പിലെ തൊട്ടിലെ ചൊലയുടെ പടിഞ്ഞാറെ അത്തുക്കന്ന കീഴപ്പെട്ട തൊടാൽ പകുതിക്കന്ന പടിഞ്ഞാട്ടും- തെക്കെ അതിര മമ്പാട്ട നായരെ പറമ്പിന്റെ അത്തുക്കന്ന മാട അററവും പടിഞ്ഞാറെ അതിര മാടത്തററവും- വടക്കെ അതിര കല്ലുഴകിന്റെയും തൊട്ടിന്റെയും തെക്കൊട്ടും- ഇരം നാല അത്തുക്കകത്തുള്ള കുണ്ടം അടമാറിയൊടുകൂടി ൨൭ തന്നിലകപ്പെട്ട നിലവും പലവും മറവും എപ്പെർപ്പട്ടതും കൂടി അന്ന നാലരകണ്ടപെറുംവില അത്ഥവുംവാങ്ങി അന്നടക്കം അനന്തരവരെയും മുൻനിൎത്തി അട്ടിപ്പെറ നീരുദകമായി എഴുതികൊടുത്താൻ പുത്തംവീട്ടിൽ കൊമപ്പൻ ഇട്ടീണ്ണാൻ- തമ്പിമാരും- അന്മാക്കമെ ഇരംച്ചൊന്ന അതിരുകൾക്കകത്ത അകപ്പെട്ട പറമ്പിൽ നിലവും പലവും മറവും എപ്പെർപട്ടതും കൂടി അന്ന നാലരകണ്ടപെറുംവില ആത്ഥവും കൊടുത്ത അയലും പതിയും അന്നടക്കം അനന്തിരവരെയും മുൻനിൎത്തി അട്ടിപ്പെർനീരുദകമായി എഴുതിച്ചു കൊണ്ടാൻ ചാലിയം മുതലായ തിരുരങ്ങാടിയിൽ ആലിമൂത്തകാക്കവീട്ടിൽ കിഴക്കെ അകത്ത പുതിശ്ശെരി മൂത്താലി- തമ്പിമാരും- ഇന്മാക്കമെ ഇരംച്ചൊന്ന പറമ്പിന്ന അന്നപെറും വില അത്ഥവും വാങ്ങി അട്ടിപ്പെർനീരുദകമായി എഴുതികൊടുത്താൻ പുത്തംവീട്ടിൽ കൊമപ്പൻ- തമ്പിമാരും- അന്മാക്കമെ ഇരംച്ചൊന്ന പറമ്പിന്ന അന്നപെറുംവില അത്ഥവും കൊടുത്ത അട്ടിപ്പെർനീരുദകമായി എഴുതിച്ചുകൊണ്ടാൻ പുതിശ്ശെരിമൂത്താലി തമ്പിമാരും ഇന്മാക്കമെ ഇരം അട്ടിപ്പെറെറാല എഴുതികൊടുത്ത മെക്കും എഴുതിച്ചുകൊണ്ട മെക്കും ഇപ്പടിക്ക മൊളുഞ്ഞൂര ശങ്കുനായരും പുതിയെടത്ത വെലുണ്ണിനായരും പാറമൽ മുസ്സിയനും പറമ്പത്ത അസ്രുസ്സും സാക്ഷിയാകെ കൊളുംപറമ്പിൽ കുഞ്ഞൊക്കര കയ്യെഴുത്ത.

കൊല്ലം ൯൱൨൭ ാമത തുലാംവ്യാഴം മകരഞായററിൽ എഴുതിയ അട്ടിപ്പെറെറാല കരുണാമാവത- ചാലിയംമുതലായ തിരുരങ്ങാടിയിൽ പുതിയവീട്ടിൽ അമ്പലംവീട്ടിൽ അകത്ത വത്തത്ത മന്മതാലി അസ്രു തമ്പിമാരും കൂടി മറയൂരദെശത്ത തങ്ങൾക്കുള്ള കരിഞ്ചാപാടി ഉഭയത്തിൽ പാതിക്ക അതിര കിഴക്ക- തൊട്ടിന്റെ പടിഞ്ഞാറൊട്ടും- തെക്ക മെലെപൊക്ക ഉഭയത്തിന്റെ വടക്കൊട്ടും- പടിഞ്ഞാറ ആണ്ടിതൊട്ടിന്റെ കിഴക്കൊട്ടും- വടക്ക ഇരംരാല

ഉഭയത്തിന്റെ തെക്കൊട്ടും ൦രം നാല അതൃക്ക അകത്തുള്ള നി
ലവും ആണിതൊട്ടിന്റെ പടിഞ്ഞാറെ ഒടിയിൽ മെലെകണ്ട
ത്തിന്ന അതിര കിഴക്ക- ആണിതൊട്ടിന്റെ പടിഞ്ഞാട്ടും- തെ
ക്ക മെലെപൊക്ക ഉഭയത്തിന്റെ വടക്കൊട്ടും പടിഞ്ഞാറ ക
ല്ലിങ്ങൽ പറമ്പിന്റെയും നട്ടത്തൊടിക പറമ്പിന്റെയും കിഴ
ക്കൊട്ടും വടക്ക കുഴിക്കിലെ കണ്ടത്തിന്റെ തെക്കൊട്ടും- ൦രം നാ
ല അതൃക്കകത്തുള്ള കണ്ടവുംകൂടി അന്നാടുവാഴും കൊവിലും അ
യലും പതിയും അറികെ അന്നടുത്ത അനന്തിരവരെയും മുൻ
നിൎത്തി അന്നപെറുംവിലക്ക ൯൦ പഴയപണം അൎത്ഥവുംവാ
ങ്ങി അട്ടിപ്പെറ നീരുദകമായി എഴുതികൊടുത്താൻ മന്മതാലി
അബ്രൂസ്സ തമ്പിമാരും അന്മാൎക്കമെ ൦രംച്ചൊന്ന വഹകൾക്ക അ
ന്നാടുവാഴും കൊവിലും അയലും പതിയും അറികെ അന്നടുത്ത
അനന്തിരവരെയും മുൻനിൎത്തി അന്നപെറുംവിലക്ക തൊ
ള്ളായിരത്തഅയ്മ്പത പഴയപണം അൎത്ഥവും കൊടുത്ത അട്ടി
പ്പെറ നീരുദകമായി എഴുതിച്ചു വാങ്ങികൊണ്ടാൻ ചാലിയംമു
തലായ തിരൂരങ്ങാടിയിൽ ചെറിയപറമ്പത്ത വെള്ളനിക്കാട്ടിൽ
അകത്ത കൊടക്കാട്ട കുഞ്ഞിമൂസ്സ-മന്മത- ഇന്മാൎക്കമെ എഴുതികൊ
ടുത്ത മെക്കും എഴുതിച്ചുകൊണ്ട മെക്കും ഇപ്പടിക്ക ഇതറിവും
സഭവട്ടത്തിൽ പള്ളിപ്രവൻ വീരാൻകുട്ടിയും വെള്ളാട്ടലവയും
സാക്ഷിയാകെ ൲൦൨൭ മകരം ൫൩ എഴുതിയ്യു.

കൊല്ലം ൲൦൨൪ാമത കുംഭഞായററിൽ എഴുതിയ അട്ടിപ്പെ
ററാല കൽണമാവത- ചാലിയംമുതലായ തിരൂരങ്ങാടിയിൽ പു
തിയവീട്ടിൽ അമ്പലംവീട്ടിൽ അകത്ത കളത്തിൽ കൊയസ്സൻ കു
ട്ടിയും മൂത്തകുട്ടിയും തമ്പിമാരും തങ്ങൾക്കുള്ള മുറയ്യൂരദെശത്ത പാ
റക്കൊളി ഉഭയത്തിൽ കിഴക്കെപൊളി നാല കണ്ടം കിഴക്കെതൊട്ടി
ന്റെ പടിഞ്ഞാറൊട്ടും- തെക്ക മെലെപൊക്ക ഉഭയത്തിന്റെ വട
ക്കൊട്ടും- പടിഞ്ഞാറ ആണ്ടിതൊടിന്റെ കിഴക്കൊട്ടും-വടക്ക൦രംരാ
ല ഉഭയത്തിന്റെ തെക്കൊട്ടും- പടിഞ്ഞാറെ പാളിയിൽ പനിക്ക
ലെ കണ്ടം കിഴക്കെ ആണ്ടിതൊടിന്റെ പടിഞ്ഞാറൊട്ടും തെ
ക്ക മെലെപൊക്ക ഉഭയത്തിന്റെ വടക്കൊട്ടും പടിഞ്ഞാറ കല്ലി
ങ്ങൽ തിണ്ണക്കൽതൊടികന്റെ കിഴക്കൊട്ടും വടക്ക വാറത്തൊ
ളി ഉഭയത്തിന്റെ തെക്കൊട്ടും ൦രം നാല അതൃക്കകത്തുള്ള നില
ങ്ങളും അതിർവരമ്പും ആണി അരുമാടി നരിയും നരിയിടയും
അന്നാട വാഴും കൊവിലും അയലും പതിയും അറികെ അന്നടു
ത്ത അനന്തിരവരെയും മുൻനിൎത്തി അന്നപെറുംവില അൎത്ഥവും
വാങ്ങി അട്ടിപ്പെറ നീരുദകമായി എഴുതികൊടുത്താൻ കൊയ

സ്സൻകുട്ടിയും മൂത്തകുട്ടിയും തമ്പിമാരും അന്മാൎക്കമെ ംരംച്ചൊന്ന പാറക്കൊളി ഉഭയത്തിൽ ൫ കണ്ടം ംരം നാല അതൃക്കകത്തുള്ള നിലങ്ങളും അതിരും വരമ്പും ആണി അറുമാടിയും നരിയും നരിയിടയും അന്നാട്ടവാഴം ഗൊവിലും അയലും പതിയും അറികെ അന്നട്ടത്തഅനന്തിരവരെയും മുൻനിൎത്തി അന്നപെറും വില അൎത്ഥവുംകൊടുത്ത അട്ടിപ്പെറ നീരുദകമായി എഴുതിച്ചുകൊണ്ടാൻ ചാലിയംമുതലായ തിരൂരങ്ങാടിയിൽ പുതിയവീട്ടിൽ അമ്പലംവീട്ടിൽ അകത്ത പുതിയമാളികക്കൽ കുഞ്ഞന്മുട്ടി-കുഞ്ഞിവക്കി- ഇന്മാൎക്കമെ ഇപ്പടിക്ക എഴുതിക്കൊടുത്ത മെക്കം എഴുതിച്ചുകൊണ്ട മെക്കം അറിവും സഭവട്ടത്തിൽ ബെങ്കാളത്ത അവറാനും തലപ്പത്തൂര കാതരും വള്ളൂര കുഞ്ഞൊക്കരും സാക്ഷിയാകെ മൂത്തെടത്ത രായൻമുല്ല കയ്യെഴുത്ത.

1,80

THE

...AM READER

...OF ORIGINAL PAPERS

...OMPILED BY

...LES COLLETT

...S CIVIL SERVICE.

...COTTAYAM:

...E CHURCH MISSION PRESS.

1856.

1293

VierFarbSelector Standard* - Euroskala Offset

Copyright 4/1999 YxyMaster GmbH www.yxymaster.com